# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2016 ഒക്ടോബർ 24, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 14

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 ഒക്ടോബർ 24, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

855/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....70

**II അടിയന്തരപ്രമേയം**

ഫോൺ ചോർത്തൽ (അവതരണാനുമതി നിഷേധിച്ചു) ....321

**III ശ്രദ്ധക്ഷണിക്കൽ**

1. വിദ്യാഭ്യാസ വായ്പ

— ശ്രീ. ജെയിംസ് മാത്യു ....340

2. വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും പ്രശ്നങ്ങൾ

— ശ്രീ. എൻ. എ. നെല്ലിക്കുന്ന് ....342

**IV സബ്മിഷൻ**

1. വനിതാ മാധ്യമ പ്രവർത്തകർക്കെതിരെയുള്ള കേസ്

—പ്രതിപക്ഷനേതാവ്(ശ്രീ. രമേശ് ചെന്നിത്തല) ....345

2. കനോലി കനാൽ

— ശ്രീ. എ. പ്രദീപ്കുമാർ ....349

3. പോലീസ് സ്റ്റേഷനിലെ അക്രമം

—ശ്രീ. അടൂർ പ്രകാശ് ....350

4. പട്ടയം നൽകൽ

—ശ്രീ. ഹൈബി ഈഡൻ ....352

5. സ്വർണ്ണ വ്യാപാര മേഖലയിലെ പ്രതിസന്ധി

—ശ്രീ. പി. ഉബൈദുള്ള ....353

*പേജ്*


6. അപ്രോച്ച് റോഡ് നിർമ്മാണം

—ശ്രീ. ബി. സത്യൻ ....355

7. ബൈപ്പാസ് നിർമ്മാണം

—ശ്രീ. ഷാഫി പറമ്പിൽ ....356

8. റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ

—ശ്രീ. പി. ടി. എ. റഹിം ....358

9. കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

—ശ്രീ. കെ. വി. വിജയദാസ് ....359

10. ജപ്തി നടപടികളിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്

— ശ്രീമതി സി. കെ. ആശ ....360

11. ചികിൽസാപ്പിഴവുമൂലം ഗർഭിണി മരിക്കാനിടയായ സംഭവം

—ശ്രീ. സി. ദിവാകരൻ

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** ....363

**VI റിപ്പോർട്ട് സമർപ്പണം**

സബ്ജക്ട് കമ്മിറ്റി IX-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

സബ്ജക്ട് കമ്മിറ്റി X-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്
സബ്ജക്ട് കമ്മിറ്റി XII-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ...364

**VII ക്രമപ്രശ്നം**

19-10-2016-ന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയിൽ നടത്തിയ പരാമർശം സംബന്ധിച്ച്

—ശ്രീ. പി. ടി. തോമസ് ....364

**VIII വ്യക്തിപരമായ വിശദീകരണം**

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

—(ശ്രീ. എ. കെ..ബാലൻ) ... 367

*പേജ്*

**IX ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ....373

**X റൂളിംഗ്**

നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചത് സംബന്ധിച്ച് ....430

**ധനകാര്യം(തുടർച്ച)**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 24, തിങ്കൾ*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

നിയമസഭ 2016 ഒക്ടോബർ മാസം 24-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *451-ഉം *453-ഉം ക്ലബ് ചെയ്യാവുന്നതാണ്.

### ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ

1(*451) ശ്രീ. ഒ. ആർ. കേളു :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. കെ. ബാബു :

ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ നിയമം നടപ്പിലാക്കാൻ മുൻ സർക്കാർ യഥാസമയം നടപടി സ്വീകരിച്ചിരുന്നോ ;

(സി) സംസ്ഥാനത്ത് നിലവിലുള്ള റേഷൻ സംവിധാനത്തെ ഈ നിയമം നടപ്പിലാക്കുന്നത് ഏത് തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ,

(എ) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-7-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013-ലെ സ.ഉ. (കൈ) നമ്പർ 53/2013/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള താഴെപ്പറയുന്ന അടിസ്ഥാന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് സമയബന്ധിതമായി പൂർത്തിയാക്കി നിയമം പ്രവൃത്തി പഥത്തിൽ കൊണ്ടുവന്നിരുന്നില്ല.

i. അർഹരായ മുൻഗണന/മുൻഗണനേതര കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households),

ii. വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery)

iii. റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation.

iv. പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism)

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം മുകളിൽ വിഭാവന ചെയ്യുന്ന പ്രകാരം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) മുൻസർക്കാരിന്റെ കാലയളവിൽ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് താലൂക്കുതല റാങ്കിംഗാണ് നടത്തിയിരുന്നത്. എന്നാൽ ആ രീതി പിന്തുടരുമ്പോൾ അർഹരായ പലരും പിന്തള്ളപ്പെടുമെന്നതിനാൽ സംസ്ഥാനതല റാങ്കിംഗ് നടത്താൻ തീരുമാനിക്കുകയും അപ്രകാരം തയ്യാറാക്കിയ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ എ.എ.വൈ. ഗുണഭോക്താക്കൾക്ക് സൗജന്യ നിരക്കിലും മുൻഗണനാ വിഭാഗക്കാർക്ക് ആളൊന്നിന് അഞ്ച് കിലോ വീതം ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന നിരക്കിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകും. മുൻഗണനേതര വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിതരണം സംബന്ധിച്ച കാര്യങ്ങൾ സർക്കാർ ആലോചിച്ചുവരുന്നു.

## റേഷൻ കാർഡുകളിൽ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം

2(*453) ശ്രീ . എസ്. ശർമ്മ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. എം. മുകേഷ് :

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ റേഷൻ കാർഡുകളിൽ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിനായി സ്വീകരിച്ച മാനദണ്ഡമെന്തെന്നും ഇത് മുൻസർക്കാർ സ്വീകരിച്ച മാനദണ്ഡത്തിൽനിന്ന് വ്യത്യസ്തമായി ഏതുവിധത്തിൽ സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് പ്രയോജനപ്രദമാണെന്നും വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിക്ക് മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ലാറ്റോ ഉള്ളവർ, നാലുചക്ര വാഹനമുള്ളവർ എന്നിവർ മുൻഗണനാക്രമത്തിൽ നിന്നും ഒഴിവാക്കപ്പെടും. എന്നാൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ക്ലാസ് 4 തസ്തിക വരെയുള്ള ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുൻസർക്കാർ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ താലൂക്കുതല റാങ്കിംഗാണ് നടത്തിയിരുന്നത്. ഇത് മാറി ഇപ്പോൾ സംസ്ഥാനതല റാങ്കിംഗ് നടത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ റാങ്കിംഗ് നടത്തുമ്പോൾ അർഹതപ്പെട്ടവർ മുഴുവൻ യോഗ്യതയുടെ മുൻഗണനാ ക്രമത്തിൽ പട്ടികയിൽ ഉൾപ്പെടുവാനാണ് ഇപ്രകാരം തീരുമാനിച്ചത്.

ശ്രീ. ഒ. ആർ. കേളു: സർ, എ.പി.എൽ./ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള അഭിപ്രായങ്ങൾ ജനങ്ങൾക്കുണ്ട്. അർഹതയില്ലാത്തവർ ലിസ്റ്റിൽ കടന്നുകൂടുകയും അർഹതയുള്ളവർ പുറന്തള്ളപ്പെടുകയും ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാരിൽ റേഷൻ കാർഡില്ലാത്തവർ ധാരാളമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. അത്തരം ആളുകൾക്ക് ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, അർഹതപ്പെട്ടവരാരും ഒഴിവാകാൻ പാടില്ലെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ക്രമീകരണങ്ങളാണ് എല്ലാ സ്ഥലത്തും നടത്തിയിരിക്കുന്നത്. മുൻഗണനാ പട്ടികയിൽ പേരില്ലാത്തവർക്ക് പരാതി സമർപ്പിക്കാൻ നവംബർ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസ്, വില്ലേജാഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലാണ് അപേക്ഷ കൊടുക്കേണ്ടത്. അങ്ങനെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിലുള്ള ഉദ്യോഗസ്ഥരടങ്ങുന്ന സംഘമാണ് തീരുമാനമെടുക്കേണ്ടത്. അർഹതപ്പെട്ടവരെല്ലാവരും പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ പൊതുജനങ്ങളും പൊതുപ്രവർത്തകരും ജനപ്രതിനിധികളും നന്നായി ഇടപെടേണ്ടതുണ്ടെന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ഒ. ആർ. കേളു : സർ, തനതായിട്ടുള്ള ആഹാരത്തിന്റെ ലഭ്യതക്കുറവ് ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നുവെന്നും അതുവഴി മരണത്തിന് കാരണമാകുന്നുവെന്നതും അട്ടപ്പാടിപോലുള്ള പ്രദേശങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യസുരക്ഷയുടെ ഭാഗമായി ആദിവാസി വിഭാഗങ്ങൾക്ക് തനതായിട്ടുള്ള ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ആദിവാസികൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ എന്നിവരെല്ലാം മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ടതാണ്. എ.എ.വൈ./ബി.പി.എൽ. കാർഡുടമകൾ 97 ലക്ഷം പേരാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഇത്തവണ 1,54,80,040 പേർ ഉൾപ്പെടാനുള്ള സാധ്യതയുണ്ട്. പാർശ്വവത്ക്കരിക്കപ്പെട്ട മുഴുവൻ ജനവിഭാഗങ്ങളും മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ടതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, 2013-ലാണ് യു.പി.എ. സർക്കാർ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കിയത്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് മൂന്നുവർഷം ലഭിച്ചിട്ടും നിശ്ചിത സമയപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിയമം പാസ്സാക്കാൻ കഴിഞ്ഞില്ല. ഇതുമൂലം കേരളത്തിൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിൽ പാവപ്പെട്ട കുടുംബങ്ങൾക്കുതന്നെ വൻതോതിൽ കുറവ് വരാൻ പോകുകയാണ്. ഭക്ഷ്യ കമ്മി സംസ്ഥാനമായ കേരളത്തിൽ അരി വിഹിതത്തിൽ വരുന്ന കുറവുമൂലം വിലക്കയറ്റമുണ്ടാകുകയും അത് സാധാരണ കുടുംബങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഇത് നേരിടാൻ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. പി. തിലോത്തമൻ: സർ, ടോട്ടൽ അലോട്ട്മെന്റിൽ കുറവുണ്ടാകും. സാധാരണയായി ഓണത്തിന് മുമ്പുള്ള മാസം വരെ ഒരു വർഷം നോർമൽ അലോട്ടുമെന്റും അഡീഷണൽ അലോട്ടുമെന്റും ഉൾപ്പെടെ 15.91 ലക്ഷം മെട്രിക് ടൺ അലോട്ട്മെന്റുണ്ടായിരുന്നു. ഇപ്പോൾ നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (എൻ.എഫ്.എസ്.എ.) പ്രകാരം കേന്ദ്ര സർക്കാർ ഉറപ്പുനൽകിയിരിക്കുന്നത് 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ മാത്രമാണ്. അത്രയും കുറവുണ്ടാകും.

ശ്രീമതി യു. പ്രതിഭ ഹരി: സർ, 2013-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഈ നിയമം കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പാക്കാതിരുന്നതിൽ ആരുടെയെങ്കിലും വ്യക്തമായ ഇടപെടലുണ്ടോ; ആരെയെങ്കിലും ഭയന്നിട്ടാണോ അവർ ഈ നിയമം നടപ്പാക്കാതിരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, 2013 ജൂണിൽ പ്രാബല്യത്തിൽ വന്ന എൻ.എഫ്.എസ്. ആക്ടിൻമേൽ ആദ്യം തീരുമാനമെടുക്കുന്നത് എൽ.ഡി.എഫ്. സർക്കാരാണെന്നാണ് ഫയലുകളിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത്. 2013 മുതൽ 2016 വരെ മുൻ സർക്കാരിന് സമയമുണ്ടായിരുന്നിട്ടും സമയബന്ധിതമായി ഈ ആക്ട് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിരുന്നില്ല. അതിന് മറ്റ് ഇടപെടലുകളുണ്ടായിരുന്നോ എന്നെനിക്കറിയില്ല. ഏതായാലും മുൻ സർക്കാരിന്റെ ഭരണകാലത്ത്, 2015-ൽ ഫോറങ്ങൾ തയ്യാറാക്കി റേഷൻ കടകൾ വഴി എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കുകയും പൂരിപ്പിച്ച് വാങ്ങിയ ഫാറത്തിന്മേൽ വീണ്ടും തിരുത്തലിനുവേണ്ടി സമയം കൊടുക്കുകയും ലഭ്യമായ ഡാറ്റകളുടെ അടിസ്ഥാനത്തിൽ താലൂക്കുതല റാങ്കിംഗ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇത് രണ്ടു സ്ഥലങ്ങളിലാണ് പ്രസിദ്ധീകരിച്ചത്. ഇതാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന പ്രവർത്തനങ്ങളായി ഞാൻ മനസ്സിലാക്കിയത്.

ശ്രീ. കെ. ബാബു: സർ, യു.പി.എ. സർക്കാർ ആരംഭിച്ച് ബി.ജെ.പി. സർക്കാർ ഇപ്പോൾ ശക്തമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനായി നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ കേരളത്തിലെ വിപുലവും കാര്യക്ഷമവുമായ പൊതുവിതരണ ശൃംഖലയെ തകർക്കുകയാണ് ചെയ്യുന്നത്. അത്തരം നടപടികൾ കണ്ട് ചിലർ പുറമെ പ്രതിഷേധിക്കുകയും അകമേ രാഷ്ട്രീയമായി സന്തോഷിക്കുകയുമാണ്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതോടെ അർഹതപ്പെട്ടവർ റേഷൻ ആനുകൂല്യങ്ങളിൽനിന്നും പുറത്തുപോകുന്ന സാഹചര്യത്തിൽ അവർക്ക് റേഷൻ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതി നടപ്പിലാക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, ഈ നിയമം നടപ്പിലാക്കുമ്പോൾ അർഹതപ്പെട്ടവരാരും പുറത്തുപോകാൻ പാടില്ലെന്നാണ് സർക്കാരിന്റെ ഉറച്ച നിലപാട്. അർഹതപ്പെട്ടവർ മുൻഗണനാ പട്ടികയിൽ വരണം. പി.ഡി.എസ്. (പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) അല്ല റ്റി.പി.ഡി.എസ്. (ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) ആണ് നിലവിലുള്ളത്. ഇതിൽ ദരിദ്രരിൽ ദരിദ്രരായവരെയാണ് തെരഞ്ഞെടുക്കുന്നത്. അങ്ങനെയാകുമ്പോൾ 1,54,80,040 പേരെ തെരഞ്ഞെടുക്കാം. ഈ ആക്ടുപ്രകാരം സർക്കാർ നിശ്ചയിച്ചിരിക്കുന്ന ആളുകളുടെ എണ്ണം ഇത്തരത്തിലാണ്. അത്രയും ആളുകളെ ടാർജറ്റ് ചെയ്ത് അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കണം. അനർഹർ ഒരു കാരണവശാലും കടന്നുകൂടാൻ പാടില്ല എന്നതും പ്രധാനമാണ്. അർഹരിൽ ഒരാൾപോലും വെളിയിലാകാൻ പാടില്ല. അത്തരം നടപടികളാണ് കരട് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം നടക്കേണ്ടത്. പഞ്ചായത്ത്/മുനിസിപ്പൽ നിലവാരത്തിലുള്ള വെരിഫിക്കേഷൻ കമ്മിറ്റി പരിശോധിച്ചാണ് തീരുമാന മെടുക്കേണ്ടത്. അപ്പീൽ കൊടുക്കാൻ ജില്ലാ അടിസ്ഥാനത്തിലുള്ള സമിതികളുണ്ട്. അങ്ങനെ അന്തിമമായ മുൻഗണനാ പട്ടികയുടെ ലിസ്റ്റ് സുതാര്യമായി തയ്യാറാക്കാൻ കഴിയണം. പട്ടിക തയ്യാറാക്കി ഗ്രാമസഭയുടെയും പ്രാദേശിക ഭരണകൂടത്തിന്റെയും അംഗീകാരംതേടി സോഷ്യൽ ഓഡിറ്റിലൂടെയാണ് മുന്നോട്ടു പോകേണ്ടത്. കേന്ദ്രം എൻ.എഫ്.എസ്.എ. പ്രകാരം അരിയും മറ്റു ധാന്യങ്ങളും തരുന്നത് സൗജന്യമായല്ല; അതിനെല്ലാം പ്രത്യേക റേറ്റുണ്ട്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന അരിയുടെയും ഭക്ഷ്യധാന്യത്തിന്റെയും അളവിൽ എത്ര കുറവാണോ വന്നിട്ടുള്ളത്, അത് പരിഹരിക്കാൻ അഡീഷണൽ അലോട്ടുമെന്റ് നൽകാൻ സന്നദ്ധമാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. എന്നാൽ ഒരു നിയമം നടപ്പാക്കി വരുമ്പോൾ അതിന്റെ കമ്മിറ്റ്മെന്റ് നിയമത്തോടായിരിക്കണം. കുറച്ച് സമയം കഴിയുമ്പോൾ അതിൽനിന്നും വ്യതിചലിക്കാൻ പാടില്ല. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം കേരളം പോരാട്ടത്തിലൂടെ നേടിയെടുത്തതാണ്. ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ പേരിൽ അർഹതപ്പെട്ട ഒരാൾക്കും ഇത് നഷ്ടമാകില്ലെന്ന് ഉറപ്പുവരുത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ കരാറിലേർപ്പെടാനുള്ള സാധ്യതയുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, കരാറിന് സാധ്യതയില്ല. രാജ്യത്താകെ ബാധകമായ ഒരു ആക്ട് 2013-ൽ പാർലമെന്റ് പാസ്സാക്കി. ആ നിയമം 365 ദിവസത്തിനുള്ളിൽ എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. അതിവിടെ നടപ്പിലാക്കാത്തതുകൊണ്ടാണ് കുറേ ശിക്ഷണ നടപടികളുണ്ടായത്. 15.91 ലക്ഷം മെട്രിക് ടൺ അരിയും ഭക്ഷ്യധാന്യങ്ങളുമാണ് അഡീഷണൽ അലോട്ടുമെന്റ് ഉൾപ്പെടെ നമുക്ക് ലഭിച്ചുകൊണ്ടിരുന്നത്. അതിൽ അഡീഷണൽ അലോട്ട്മെന്റായ 3.65 ലക്ഷം മെട്രിക് ടണ്ണാണ് ഈ ആക്ട് നടപ്പാക്കാത്തതിന്റെ പേരിൽ ഓണത്തിനുമുമ്പ് നമുക്ക് തരാതിരുന്നത്. നോർമൽ അലോട്ട്മെന്റായ 12.26 ലക്ഷം മെട്രിക് ടണ്ണാണ് നമുക്ക് ലഭിച്ചുകൊണ്ടിരുന്നത്. അഡ്ഹോക് അലോട്ട്മെന്റ് ലഭിക്കാത്തതുമൂലമുള്ള പ്രയാസമാണ് ഈ മാസം അനുഭവിക്കുന്നത്. അഡീഷണലായി നമുക്ക് മറ്റൊന്നും കിട്ടാനുള്ള സാധ്യതയില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മൾ ക്ലെയിം ചെയ്തിട്ടുണ്ട്. 15.91 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് കഴിഞ്ഞ വർഷങ്ങളിൽ നമുക്ക് കിട്ടിക്കൊണ്ടിരുന്നത്. അതിനുമുമ്പ് ഇതിനേക്കാൾ കൂടുതൽ ഭക്ഷ്യധാന്യം കിട്ടിക്കൊണ്ടിരുന്നതാണ്. അഞ്ചു വർഷത്തെ back file പരിശോധിച്ചാൽ 16 ലക്ഷം മെട്രിക് ടൺ ശരാശരി ലഭിക്കേണ്ടതാണ്. ഇപ്പോൾ 14.25 മെട്രിക് ടൺ മാത്രമാണ് ലഭിച്ചത്. അതിനാൽ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഗൗരവമായൊരു വിഷയമാണ്. മറ്റ് സംസ്ഥാനങ്ങളി ലില്ലാത്തൊരു പ്രത്യേകത എന്ന നിലയ്ക്കാണ് കേരളത്തിൽ റേഷൻ അനുവദിച്ചു കിട്ടിയത്. സംസ്ഥാനത്തിന്റെ കാർഷികോൽപ്പന്നങ്ങൾ നാണ്യവിളകളായതു കൊണ്ടും ഭക്ഷ്യധാന്യങ്ങൾ നമുക്ക് സ്വയം ഉൽപ്പാദിപ്പിക്കാൻ കഴിയില്ലെന്നുള്ളതു കൊണ്ടും കേരളമാകെ ഒറ്റക്കെട്ടായി ശ്രമിച്ചതിന്റെ ഫലമായാണ് കേന്ദ്ര സർക്കാർ റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിരുന്നത്. റേഷൻ വ്യവസ്ഥ തകർക്കുന്ന നടപടികളാണ് നേരത്തെ മുതൽ ആരംഭിച്ചുവന്നത്. ഇത് വലിയ തോതിലുള്ള പ്രത്യാഘാതം ഉണ്ടാക്കുന്നതാണ്. റേഷൻ ലഭിക്കുന്നവരെ തരംതിരിച്ചതോടുകൂടിയാണ് അതിനുള്ള തുടക്കം കുറിച്ചത്. ഈ സർക്കാർ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കാൻ ബാദ്ധ്യതപ്പെട്ടവരാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. കേരളത്തിന് അനുവദിച്ചുകിട്ടിയിരുന്ന ആനുകൂല്യങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാരിന് ഇപ്പോൾ മനസ്സിലാകുന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. കാലം കുറേ കഴിഞ്ഞപ്പോൾ കേന്ദ്ര ഭരണാധികാരികൾക്ക് കേരളത്തിന്റെ

പ്രത്യേകതകളുൾക്കൊള്ളാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. അതിന്റെ പ്രത്യാഘാതം നാം ഏറ്റുവാങ്ങേണ്ടി വരും. കേരളത്തിന്റെ പ്രത്യേകത മനസ്സിലാക്കാത്തതിന്റെ ഫലമായി വന്നുചേരുന്ന ദുരന്തം നാം കാണേണ്ടതായിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ്: സർ, ബി.പി.എൽ. കാർഡ് ഉടമകൾ എ.പി.എൽ. കാർഡിലേയ്ക്ക് മാറുന്ന സ്ഥിതിയുണ്ട്. ബി.പി.എൽ. കാർഡിലുൾപ്പെട്ട എത്ര ആളുകൾ ഇപ്പോൾ എ.പി.എൽ. കാർഡിലേയ്ക്ക് മാറി എന്ന കണക്ക് സർക്കാരിനുണ്ടോ; മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ സർവ്വേയുടെ ഭാഗമായുള്ള പ്രതിസന്ധി പരിഹരിക്കുമെന്ന് അങ്ങ് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് സംബന്ധിച്ച കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, കണക്കെടുക്കാനുള്ള സമയമായില്ല. കരട് പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും കൊടുക്കാനുള്ള നടപടികളാണ് ഇപ്പോൾ എടുത്തിരിക്കുന്നത്. അർഹതപ്പെട്ടവരാരും പട്ടികയ്ക്ക് വെളിയിൽ പോകാതിരിക്കാനും അനർഹർ കടന്നുകൂടിയിരിക്കുന്നുവെന്നുള്ള പരാതികൾ സമർപ്പിക്കാനുമുള്ള സന്ദർഭമാണിത്. അതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവരുടെ പട്ടികയാണ് സർക്കാർ തയ്യാറാക്കി നൽകേണ്ടത്. മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. കേരളത്തിന്റെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം അവസാനിച്ചു. എല്ലാ സംസ്ഥാനങ്ങളെയും പോലുള്ള അർഹത മാത്രമേ ഇനി കേരളത്തിനുമുള്ളൂ.

ശ്രീ. കാരാട്ട് റസാഖ്: സർ, അർഹതപ്പെട്ടവർ എ.പി.എൽ. ലിസ്റ്റിലും അനർഹർ, അതായത് ഉദ്യോഗസ്ഥർ, സാമ്പത്തിക ഭദ്രതയുള്ള ആളുകൾ മുതലായവർ ബി.പി.എൽ. ലിസ്റ്റിലും വരുന്നതായാണ് പൊതുവായി കാണപ്പെടുന്നത് ഇതിന് മാറ്റം വരുത്താൻ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കും; കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിലുള്ള അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി ചില വ്യവസ്ഥകൾ വച്ചാണ് ഫോറം തയ്യാറാക്കി എല്ലാ കുടുംബങ്ങളിലും എത്തിച്ചിട്ടുള്ളത്. ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, ആയിരം ചതുരശ്രയടിക്കുമേൽ വിസ്താരമുള്ള വീടുള്ളവർ, നാലുചക്ര വാഹനങ്ങളുള്ളവർ, ആദായ നികുതി

അടയ്ക്കുന്നവർ, സർക്കാർ ഉദ്യോഗസ്ഥർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ബാങ്ക് ജീവനക്കാർ എന്നിവർ ഒരു കാരണവശാലും മുൻഗണനാ പട്ടികയിൽ ഉൾപ്പെടാൻ പാടില്ലെന്നതാണ് നിർദ്ദേശം. ആ നിർദ്ദേശം നൂറ് ശതമാനവും പാലിച്ചുകൊണ്ടുള്ള ഒരു മുൻഗണനാ പട്ടിക തയ്യാറാക്കാനുള്ള പരിശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അത് കൃത്യമായി നിർവ്വഹിച്ചാൽ യാതൊരു കാരണവശാലും അനർഹർ മുൻഗണനാ പട്ടികയിൽ കടന്നുവരില്ല, അർഹരെ ഒഴിവാക്കാനും സാധിക്കില്ല. നിലവിലുണ്ടായിരുന്ന ബി.പി.എൽ. പട്ടികയിൽ ധാരാളം അനർഹരും എ.പി.എൽ. പട്ടികയിൽ ധാരാളം അർഹരും ഉണ്ടായിരുന്നുവെന്നുള്ളത് വസ്തുതയാണ്. അതെല്ലാം റെക്റ്റിഫൈ ചെയ്യാൻ കിട്ടുന്ന ഒരു സന്ദർഭമായി ഇതിനെ കാണണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. സി. എഫ്. തോമസ്: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് എല്ലാ നിയോജകമണ്ഡലങ്ങളിലും ഇപ്പോൾ അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ കൂടുതലാണ്. കേരളീയ സമൂഹത്തെ കൂടുതൽ ദോഷകരമായി ബാധിക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നിലപാട്. കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള ദ്രോഹകരമായ നിലപാട് മാറ്റാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. തിലോത്തമൻ: സർ, തീർച്ചയായും അതുസംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കും.

ശ്രീ. എ. എം. ആരിഫ്: സർ, മുൻഗണനാ പട്ടിക പരിശോധിച്ച് പരിഹാരം കാണാനുള്ള പരിശ്രമം ഇപ്പോൾ താലൂക്ക് സപ്ലൈ ഓഫീസർ മുഖേനയാണ് നിർവ്വഹിക്കുന്നത്. ഇതിനുള്ള ഉദ്യോഗസ്ഥരെയും മറ്റും നിയോഗിച്ച് ഈ പട്ടിക പരിശോധിച്ച് സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കുക എന്നത് വളരെ പ്രയാസകരമാണ്. അതിന് കുടുംബശ്രീ, ആരോഗ്യ ഇൻഷ്വറൻസ് തുടങ്ങിയ ഏതെങ്കിലും സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനാകുമോ; താലൂക്ക് ഓഫീസ് ലെവലിൽ എത്തിച്ചേർന്നതിനുശേഷമുള്ള നടപടിക്രമങ്ങൾ പരിശോധിക്കുന്നതിനായി ഒരു അപ്പീൽ അതോറിറ്റിക്കുവേണ്ടി എന്ത് സംവിധാനമാണ് ക്രമീകരിച്ചിട്ടുള്ളത്, ജി.എസ്.ടി.ബിൽ നടപ്പാക്കുന്നതോട് അനുബന്ധിച്ച് അരി, പഞ്ചസാര, വെളിച്ചെണ്ണ, കോഴിയിറച്ചി, മഞ്ഞൾ, മല്ലി, കുരുമുളക് തുടങ്ങിയ എല്ലാ ഭക്ഷ്യവസ്തുക്കൾക്കും വില വർദ്ധനവുണ്ടാകുമെന്നാണ്

കണ്ടെത്തിയിട്ടുള്ളത്. ഇക്കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് റേഷൻ കടകളിലൂടെ അവശ്യ-നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന ഒരു പദ്ധതി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയുണ്ടായി. ഇപ്പോൾ ഇത്തരമൊരു പദ്ധതി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്?

ശ്രീ. പി. തിലോത്തമൻ: സർ, മുൻഗണനാ പട്ടികയുടെ കരട് രൂപം താലൂക്ക് സപ്ലൈ ഓഫീസിൽ മാത്രമല്ല എല്ലാ പഞ്ചായത്ത്, വില്ലേജ് ഓഫീസുകളിലും റേഷൻ കടകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ പട്ടിക പ്രകാരം പഞ്ചായത്ത്, വില്ലേജ്, താലൂക്ക് സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ പരാതി സമർപ്പിക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. പഞ്ചായത്തിലുള്ള പരാതിയാണെങ്കിൽ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലുള്ളതാണെങ്കിൽ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലുള്ള പരാതി കോർപ്പറേഷനിലും സമർപ്പിച്ചുകൊണ്ടാണ് പ്രാദേശിക വെരിഫിക്കേഷൻ കമ്മിറ്റികൾ അതാത് സ്ഥലങ്ങളിൽ പരിശോധന നടത്തി തീരുമാനമെടുക്കുന്നത്. അതിലും അർഹതപ്പെട്ടവർ വീണ്ടും ഒഴിവാകുന്നുവെങ്കിൽ അവർക്ക് ജില്ലാ കളക്ടർ ചെയർമാനായ സമിതിക്ക് അപ്പീൽ കൊടുക്കാൻ 7 ദിവസത്തെ സമയമുണ്ട്, അതിൽ അന്തിമ തീരുമാനമെടുക്കാവുന്നതാണ്. ജി.എസ്.ടി. കൗൺസിലും ജി.എസ്.ടി. നിയമങ്ങളും രാജ്യത്ത് നടപ്പിലാകുമ്പോൾ ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്നുള്ള നിലയിൽ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാനുള്ള സാഹചര്യത്തെ സംബന്ധിച്ചാണ് ശ്രീ. എ. എം. ആരിഫ് രണ്ടാമതായി സൂചിപ്പിച്ചത്. തീർച്ചയായും ആ ഭീഷണി നമ്മുടെ മുന്നിലുണ്ട്. ഈ നിയമം നടപ്പിലാകുമ്പോൾ റേഷൻ കടകൾ നവീകരിക്കുകയും വൈവിദ്ധ്യവൽക്കരിക്കുകയും ചെയ്യേണ്ടതുണ്ട്. അതിന്റെ വിശദാംശങ്ങൾ ആലോചിക്കേണ്ടതായുണ്ട്. അവശ്യസാധനങ്ങൾ ഉൾപ്പെടെയുള്ളവ വിതരണം ചെയ്യുന്ന പൊതുവിതരണ സമ്പ്രദായത്തിലെ പ്രധാനപ്പെട്ട കണ്ണിയായി റേഷൻ കടകളെ മാറ്റാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നിയമത്തിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം ടൺ അരിയായിരുന്നു നേരത്തെ കേരളത്തിന് ലഭിച്ചുകൊണ്ടിരുന്നത്. കേന്ദ്രമന്ത്രി പ്രൊഫ. കെ. വി. തോമസ് സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായാണ് 10 ലക്ഷം ടൺ അരിയെന്നുള്ളത് 14.25 ലക്ഷം

ടൺ അരിയായി വർദ്ധിപ്പിച്ചത്. 3 വർഷത്തെ ഓഫ് ടേക്കിന്റെ ആവറേജ് പരിശോധിച്ചാൽ കേരളത്തിന് 16.5 ലക്ഷം ടൺ അരിക്ക് അർഹതയുണ്ട്. മറ്റൊരു സംസ്ഥാനത്തിനുമില്ലാത്ത നിലയിൽ 100 ശതമാനം ഓഫ് ടേക്കുള്ള സംസ്ഥാനം കേരളമാണ്. കേന്ദ്രസർക്കാരിന്റെ ഈ നയം ശരിയല്ല. എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള അരി കിട്ടാത്തതുകൊണ്ട് ഇപ്പോൾ അരി വിതരണം താളം തെറ്റിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭക്ഷ്യവകുപ്പുമന്ത്രിയും പ്രധാനമന്ത്രിയുമായി സംസാരിച്ച് കേരളത്തിന് കുറവുവരുന്ന അരി ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. കരട് ലിസ്റ്റ് പ്രകാരം ഇപ്പോൾ പരാതികൾ സ്വീകരിക്കേണ്ട സമയമാണ്. വ്യാപകമായ തോതിലുള്ള അനോമലികൾ ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. വളരെ സൂക്ഷ്മമായി പരിശോധിച്ചില്ലെങ്കിൽ വലിയ പരാതികൾക്ക് ഇടവരുമെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. നിയമം അനുശാസിക്കുന്നത് 14.25 ലക്ഷം മെട്രിക് ടൺ അരിയാണ്. മുൻഗണനാ പട്ടികയിലുള്ളവർക്ക് വിതരണം ചെയ്യാനായി 10.25 ലക്ഷം മെട്രിക് ടൺ അരിയാണ് വേണ്ടത്. 4 ലക്ഷം മെട്രിക് ടൺ അരിയാണ് ബാക്കിവരുന്ന 1 കോടി 78 ലക്ഷം ആളുകൾക്ക് കൊടുക്കാനുള്ളത്. നിയമം നടപ്പാക്കുന്നതോടൊപ്പവും നടപ്പാക്കിയതിനുശേഷവും കേന്ദ്രത്തിൽ നമ്മുടെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇതുസംബന്ധിച്ച് പല പ്രാവശ്യം കേന്ദ്രഗവൺമെന്റിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തെഴുതുകയും നേരിട്ട് നിവേദനം നൽകുകയും ചെയ്തിരുന്നു. കേരളത്തിൽ മാർക്കറ്റ് ഇന്റർവെൻഷൻ എത്ര ശക്തിയായി നടത്തിയാലും വലിയൊരളവുവരെ അത് പ്രതിഫലിക്കാത്തത് 40 ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികൾ ഇവിടെ താമസിക്കുന്നതുകൊണ്ടാണ്. അവർ ഇവിടത്തെ മാർക്കറ്റിനെ അഭയം പ്രാപിച്ചാണ് ജീവിക്കുന്നത്. അതിന്റെ സമ്മർദ്ദംകൂടി വരുന്നുണ്ട്. അങ്ങനെ വരുമ്പോൾ എന്തെങ്കിലും ആനുകൂല്യംകൂടി കേന്ദ്രം നമുക്ക് നൽകേണ്ടതാണ്. അക്കാര്യമൊക്കെ നമ്മൾ ചൂണ്ടി കാണിച്ചുവെങ്കിലും ഒരു നടപടിയും കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടില്ല. ആക്ട് നടപ്പാക്കിയതിനുശേഷം മറ്റ് കാര്യങ്ങൾ ആലോചിക്കാമെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. പരാതികളും ആക്ഷേപങ്ങളും ധാരാളമുണ്ടെന്നത് ശരിയാണ്. സർക്കാർ തയ്യാറാക്കിക്കൊടുത്ത ഫാറം അവരവർതന്നെ പൂരിപ്പിച്ച് നൽകണമെന്നാണ് തീരുമാനിച്ചിരുന്നത്.

സത്യസന്ധമായി ഫാറങ്ങൾ പൂരിപ്പിച്ചവരും കാര്യങ്ങൾ മറച്ചുവച്ച് പൂരിപ്പിച്ചവരുമുണ്ട്. അതെല്ലാം പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, ഐ.സി.ഡി.എസ്. ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവരുൾപ്പെട്ട പ്രാദേശിക വെരിഫിക്കേഷൻ കമ്മിറ്റി പരിശോധിച്ച് തീരുമാനമെടുക്കണം. പ്രഥമദൃഷ്ട്യാ അനർഹരാണെന്ന് കാണുന്നവരെ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കാവുന്നതാണ്. അനർഹരായ ആളുകൾ ഈ ലിസ്റ്റിൽ കടന്നു കൂടിയിട്ടുണ്ടെങ്കിൽ പൊതുപ്രവർത്തകർക്കും ജനങ്ങൾക്കും അവരെ സംബന്ധിച്ച് ആക്ഷേപം കൊടുക്കാനുള്ള സന്ദർഭമാണിത്. ആക്ഷേപം നൽകിയാൽ മാത്രമേ അർഹരായ ആളുകളുടെ പട്ടിക തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. വളരെ സൂക്ഷ്മമായി ജനപ്രതിനിധികൾ ഇക്കാര്യത്തിൽ ഇടപെടണം. ഇക്കാര്യത്തിൽ എല്ലാ വിഭാഗം ജനങ്ങളും ഇടപെടണമെന്ന നിർദ്ദേശം കൊടുക്കണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

ശ്രീ. ബി. സത്യൻ: സർ, നിലവിലുള്ള ബി.പി.എൽ., എ.പി.എൽ. ലിസ്റ്റിൽ ധാരാളം അപാകതകളുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ കുടുംബങ്ങളെപ്പോലും എ.പി.എൽ. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്പോഴത്തെ ലിസ്റ്റിലും ഇത് ആവർത്തിക്കപ്പെട്ടിരിക്കുന്നുവെന്നും അപാകതകൾ ധാരാളമുണ്ടെന്നുമാണ് ലിസ്റ്റ് പരിശോധിച്ച ജനപ്രതിനിധികളും മറ്റും പറയുന്നത്. ലിസ്റ്റിന്റെ പരിശോധനയ്ക്കായി നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ ഇക്കാര്യങ്ങളിൽ സുതാര്യത വരുത്തി അർഹരായ ആളുകളെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുമോയെന്ന കാര്യത്തിൽ സംശയമുണ്ട്. സമ്പൂർണ്ണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടപ്പോൾ എല്ലാ ആളുകളെയും പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരായി കണക്കാക്കിയതുപോലെ, ചിലരെ ഒഴിവാക്കാനും ചിലരെ ഉൾപ്പെടുത്താനും വേണ്ടിയുള്ള ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. ഒരു രൂപയ്ക്കും 8 രൂപ 90 പൈസയ്ക്കും ലഭിച്ചിരുന്ന അരി നാളെ മുതൽ നിർത്തലാക്കുകയാണെന്ന നിലയിലുള്ള വ്യാപകമായ പ്രചരണം നടത്തി അതെല്ലാം ഈ ഗവൺമെന്റിനുമേൽ കെട്ടിവയ്ക്കാനുള്ള പരിശ്രമം നടക്കുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, പ്രചരണങ്ങൾ പലവിധത്തിൽ നടക്കുന്നുണ്ട്, അതൊന്നും വസ്തുതാപരമായ കാര്യങ്ങളല്ല. കാര്യങ്ങൾ നിർവ്വഹിക്കുമ്പോൾ

അതെല്ലാവർക്കും മനസ്സിലാകുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. അർഹരായ എല്ലാ ആളുകളും മുൻഗണനാ പട്ടികയിൽ വരണം. അതിന് വെരിഫിക്കേഷൻ കമ്മിറ്റിയിലും അപ്പീൽ കമ്മിറ്റിയിലും പ്രവർത്തിക്കുന്നവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു കാരണവശാലും അനർഹർ ലിസ്റ്റിൽ ഉൾപ്പെടരുതെന്ന കാര്യത്തിൽ നിർബന്ധമുണ്ടാകണം. ഈ കമ്മിറ്റികൾ തീർപ്പുകൽപ്പിക്കുന്ന അന്തിമ പട്ടിക സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം. എല്ലാ ഗ്രാമസഭകളിലും പഞ്ചായത്ത്, മുനിസിപ്പൽ സമിതികളിലും വച്ച് അംഗീകാരം വാങ്ങിയാണ് ഇതിന്റെ ഇംപ്ലിമെന്റേഷനിലേയ്ക്ക് കടക്കുന്നത്. സോഷ്യൽ ഓഡിറ്റുകൂടി കഴിയുമ്പോൾ അനർഹരായ ഒരാൾപോലും കടന്നുകൂടാത്ത മുൻഗണനാ പട്ടിക തയ്യാറാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ റേഷൻ കടക്കാരും അവരുടേതായ സമരവുമായി മുന്നോട്ടുപോകുന്നു. അതുപോലെ ഉപഭോക്താക്കളും വലിയ ആശങ്കയിലാണ്. എ.പി.എൽ.- വിഭാഗക്കാർക്കും ബി.പി.എൽ.- വിഭാഗക്കാർക്കും അരി ലഭിക്കുന്നില്ല, അരി കുറഞ്ഞിരിക്കുന്നു, കൂടുതൽ പൈസ കൊടുക്കേണ്ടിവരുന്നു തുടങ്ങിയ കാര്യങ്ങളിലെല്ലാം ജനങ്ങൾ ആശങ്കയിലാണ്. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി എത്രയുംവേഗം ഇതിനൊരു പരിഹാരം കാണണം. നിയമം വരുന്നതിന് മുമ്പ് ജനങ്ങളുടെ ആശങ്ക മാറ്റി പാവപ്പെട്ടവർക്ക് അരി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, റേഷൻ വിതരണവുമായി ബന്ധപ്പെട്ട ആശങ്കകൾ ഉള്ളതുകൊണ്ടുകൂടിയാണ് കഴിഞ്ഞ സർക്കാർ ഈ ആക്ട് നടപ്പാക്കുന്നതിൽ കാലതാമസമുണ്ടാക്കിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ സർക്കാർ ആ ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും നമ്മുടെ ആശങ്കകൾ കത്തിലൂടെയും നേരിട്ടും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആശങ്കകളെല്ലാം നമ്മുടെ മനസ്സിലുണ്ടെങ്കിലും രാജ്യത്തിനാകെ ബാധകമായ ഒരു നിയമം നിലവിൽ വന്നുകഴിഞ്ഞിരിക്കുകയാണ്. 2013 ജൂലൈയിൽ പാർലമെന്റിൽ ഈ നിയമം കൊണ്ടുവരുന്ന സന്ദർഭത്തിലാണ് നമ്മുടെ ആശങ്കകൾ ശക്തിയായി നമ്മൾ പ്രകടിപ്പിക്കേണ്ടിയിരുന്നത്. ഈ സഭയിലെ അംഗവും മന്ത്രിയുമായിരുന്ന പ്രൊഫ. കെ. വി. തോമസ് കേന്ദ്രമന്ത്രിയായിരുന്നപ്പോഴാണ് ഈ നിയമം പാർലമെന്റിൽ പാസ്സാക്കിയത്. നമ്മുടെ വികാരവിചാരങ്ങളും സംസ്ഥാനത്തെ

സ്ഥിതിയും അറിയാവുന്ന ഒരാൾ തന്നെയാണ് പാർലമെന്റിൽ ഈ നിയമം കൊണ്ടുവന്നത്. നിയമം പാസ്സായിക്കഴിഞ്ഞു. ഇനി ആ നിയമം നടപ്പാക്കുകയല്ലാതെ നമ്മുടെ മുന്നിൽ മറ്റ് വഴികളൊന്നുമില്ല. നിയമം നടപ്പാക്കിക്കൊണ്ട് സംസ്ഥാനത്തിന്റെ ആശങ്കകൾ ഒറ്റക്കെട്ടായി കേന്ദ്രത്തെ അറിയിച്ച് നമുക്ക് അർഹതപ്പെട്ടത് വാങ്ങിയെടുക്കുക എന്നതാണ് കരണീയമായിട്ടുള്ളത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഭക്ഷ്യസുരക്ഷാ നിയമം തയ്യാറാക്കുന്ന അവസരത്തിൽ പ്രൊഫ. കെ. വി. തോമസ് എല്ലാ ജനപ്രതിനിധികൾക്കും കത്തെഴുതിയിരുന്നു. രാജ്യത്തിന് അഭിമാനകരമായ നിയമമാണ്, പ്രത്യേകിച്ച് കേരളത്തിന് ഏറ്റവും കൂടുതൽ നേട്ടമുണ്ടാകുന്ന ഒരു നിയമനിർമ്മാണമാണ് നടത്താൻ പോകുന്നത്, അതിന് എല്ലാവിധ പിന്തുണയും നൽകണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭ്യർത്ഥന. കഴിഞ്ഞ മൂന്ന് വർഷമായി യു.ഡി.എഫ്. സർക്കാർ ഈ നിയമം നടപ്പിലാക്കാൻ വിമുഖത കാണിക്കുകയും അത് മാറ്റിവയ്ക്കുകയും ചെയ്തത് ജനങ്ങൾ പ്രതിഷേധിക്കുമെന്ന് മുൻകൂട്ടി മനസ്സിലാക്കിയതു കൊണ്ടായിരിക്കാം. എന്റെ ചോദ്യം, തീരദേശത്ത് പട്ടിണി കിടക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളെ മുൻഗണനാ ലിസ്റ്റിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, തീരദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുൾപ്പെടെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ ജനങ്ങൾക്കും മുൻഗണനാ പട്ടികയിൽ സ്ഥാനമുണ്ടാകണം. 1,54,80,000 പേരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താം. മുമ്പ് എ.എ.വൈ. വിഭാഗത്തിലും ബി.പി.എൽ. വിഭാഗത്തിലുമായി 97 ലക്ഷം ആളുകളെ ഉൾപ്പെടുത്തിയിരുന്ന സ്ഥാനത്താണ് 1,54,80,000 പേർ കടന്നുവരാനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടത്. ഈ വിഭാഗത്തിലുള്ള എല്ലാ ആളുകൾക്കും ഈ ലിസ്റ്റിൽ വരാം. നമ്മൾ സൂക്ഷ്മമായി ഇക്കാര്യത്തിൽ ഇടപെടണം. ആക്ഷേപങ്ങൾ കൊടുക്കാനും പരാതികൾ സമർപ്പിക്കാനുമുള്ള അവസരവും അത് വെരിഫൈ ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുമുണ്ട്. അവിടെ ശക്തമായി ഇടപെടാൻ പൊതുസമൂഹം തയ്യാറാകണം. അന്തിമ ലിസ്റ്റ് സോഷ്യൽ ഓഡിറ്റിന് വിധേയമാകുമ്പോൾ അനർഹർ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവിടെവച്ച് നമുക്ക് തിരുത്താവുന്നതാണ്. പൊതുസമൂഹം ഈ അവസരങ്ങളെല്ലാം പ്രയോജനപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: അടുത്ത ചോദ്യവും ഈ വിഷയവുമായി ബന്ധപ്പെട്ടതാണ്.

## ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം

3 (*452) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്നൊഴിവായിപ്പോകുന്ന റേഷൻ കാർഡുടമകൾക്ക് എന്തെങ്കിലും റേഷൻ വിഹിതം സംസ്ഥാന പദ്ധതിയായി ലഭ്യമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ ആശുപത്രികൾ, ജയിലുകൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുമ്പോഴും തുടരുമോയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങൾ സൗജന്യ നിരക്കിൽ നൽകുന്നത് ഭക്ഷ്യ ഭദ്രതാ നിയമത്തിലും തുടരുമോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് 14.25 ലക്ഷം മെട്രിക് ടൺ ആകുന്നു. കേരളത്തിൽ മുൻഗണനാ വിഭാഗങ്ങൾക്ക് മാത്രമായി 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമായി വരും. ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരാത്ത 187 ലക്ഷത്തോളം അർഹരായ ജനവിഭാഗങ്ങൾക്ക് ബാക്കിയുള്ള 4 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയും. ആയതിന്റെ വിതരണക്രമം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് വെൽഫെയർ പെർമിറ്റുകൾ പ്രകാരം സാമൂഹ്യക്ഷേമ സ്ഥാപനങ്ങളായ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയവയ്ക്കും എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റുകൾപ്രകാരം ജയിലുകൾ, പോലീസ് ക്യാമ്പുകൾ, ആശുപത്രികൾ തുടങ്ങിയവയ്ക്കും

ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിനായി മുൻഗണനാ വിഭാഗങ്ങൾക്ക് വേണ്ടിവരുന്ന 10.25 മെട്രിക് ടൺ ഭക്ഷ്യധാന്യം, ആകെയുള്ള 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യത്തിൽനിന്നും കുറവ് ചെയ്യുമ്പോൾ ലഭിക്കുന്ന 4 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിൽനിന്നും കണ്ടെത്തേണ്ടതുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുമ്പോഴും എ.എ.വൈ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽത്തന്നെ അരി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. മുൻഗണനാ വിഭാഗക്കാർക്ക് NFSA നിരക്കിൽ നൽകണമോ, സൗജന്യമായി നൽകണമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പരാതി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട വെരിഫിക്കേഷൻ കമ്മിറ്റിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും പറയുകയുണ്ടായി. എന്നാൽ അപ്പീൽ കൊടുക്കേണ്ട, നിലവിലെ ഗാർഹിക പരിഹാര സംവിധാനമായ കാൾ സെന്ററിനെക്കുറിച്ചും ജില്ലാതല പരിഹാര സെന്ററിനെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അപ്പീൽ അതോറിറ്റി കുറച്ചുകൂടി താഴെത്തട്ടിലേയ്ക്ക് കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമോ; എ.പി.എൽ. വിഭാഗത്തിൽപ്പെട്ട അനർഹരായ ഒരാൾ ലിസ്റ്റിൽ കടന്നുകൂടുന്നതിനെക്കാൾ കഷ്ടമാണ് അർഹരായ ഒരാളെങ്കിലും ഈ ലിസ്റ്റിൽ നിന്നും പുറത്തുപോകുന്നത്. അല്ലെങ്കിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലേയ്ക്ക് വരുമ്പോൾ വലിയ പ്രശ്നങ്ങളുണ്ടാകും; പഞ്ചായത്ത് മെമ്പർമാർക്ക് ഗ്രാമസഭകൾ വിളിച്ചുകൂട്ടാൻ കഴിയാത്ത സമ്മർദ്ദങ്ങളും പ്രശ്നങ്ങളുമുണ്ടാകും. നാലുപേരടങ്ങുന്ന അപ്പീൽ അതോറിറ്റിയായ വെരിഫിക്കേഷൻ കമ്മിറ്റിയെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. അപ്പീൽ അതോറിറ്റി പുനഃക്രമീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണെങ്കിൽ എ.പി.എൽ./ബി.പി.എൽ. വിഭാഗത്തിൽ വരുന്ന തർക്കങ്ങൾ ഒഴിവാക്കാൻ കഴിയും. ഇത്തരം കാര്യങ്ങൾ കുറച്ചുകൂടി സുതാര്യമായി മുന്നോട്ടുകൊണ്ടുപോകുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, വെരിഫിക്കേഷൻ കമ്മിറ്റി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലാണ് രൂപീകരിച്ചിട്ടുള്ളത്. പഞ്ചായത്ത് സെക്രട്ടറി ചെയർമാനായും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറായും വില്ലേജ്

ഓഫീസറും ഐ.സി.ഡി.എസ്. ഓഫീസറും ചേർന്നതാണ് പഞ്ചായത്ത് തലത്തിലുള്ള വെരിഫിക്കേഷൻ കമ്മിറ്റി. ഇതിന് സമാനമായ കമ്മിറ്റി മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലുമുണ്ട്. ഒരു പഞ്ചായത്തിലെ വില്ലേജ് ഓഫീസറും റേഷനിംഗ് ഇൻസ്പെക്ടറും ഐ.സി.ഡി.എസ്. ഓഫീസറും അവിടെയുള്ള മിക്കവാറും ആളുകളെ അറിയാവുന്നവരാണ്. അവരെ സഹായിക്കുന്ന ജോലിയാണ് ജനപ്രതിനിധികളും പൊതുപ്രവർത്തകരുമായ നമ്മൾ നിർവ്വഹിക്കേണ്ടത്. താഴെ തലത്തിലുള്ള വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരമാവധി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയും. വളരെ അപൂർവ്വമായി വരുന്ന അപ്പീലുകൾ പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ഡി.എസ്.ഒ. കൺവീനറുമായുള്ള കമ്മിറ്റിയെ നിശ്ചയിച്ചാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. ജില്ലാടിസ്ഥാനത്തിലുള്ള അപ്പീൽ സമിതിയാണ് ഇപ്പോൾ രൂപീകരിച്ചിട്ടുള്ളത്. ആ സമിതിക്കാണ് അപ്പീൽ കൊടുക്കേണ്ടത്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, അപ്പീൽ അതോറിറ്റിയെ സംബന്ധിച്ച് പുനരാലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആധാർ സീഡിംഗുമായി ബന്ധപ്പെട്ട് ഇതിൽ പറഞ്ഞിട്ടുണ്ട്. ആധാർ ലിങ്ക് ചെയ്യുന്ന നടപടി ഏതാണ്ട് 80 ശതമാനം പൂർത്തീകരിച്ചുവെന്ന് സൂചിപ്പിക്കുകയുണ്ടായി. ഫ്ലോട്ടിംഗ് പോപ്പുലേഷനാണ് നമ്മുടെ നിയോജകമണ്ഡലങ്ങൾ നേരിടുന്ന ഏറ്റവും ഗൗരവമായ പ്രശ്നം തമിഴ്നാട്ടിലും കേരളത്തിലും റേഷൻ കാർഡും വോട്ടും ഉള്ളവരുണ്ട്. ഇക്കാര്യവുമായി ബന്ധപ്പെട്ട് വളരെ ഗൗരവമായ നടപടി സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. ആധാർ ലിങ്ക് ചെയ്യുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിനകത്ത് മാത്രമല്ലാതെ ആൾ ഇന്ത്യാ ലെവലിൽ ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനും കാർഡിൽ അന്തർസംസ്ഥാന തലങ്ങളിൽ വന്നിട്ടുള്ള ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ആധാർ നമ്പർ കളക്ട് ചെയ്ത് ആധാർ സീഡിംഗ് നടത്തിയതിന്റെ ഫലമായി 83 ലക്ഷം കാർഡുകൾ ഉണ്ടായിരുന്നത് 8022353 കാർഡായി ചുരുങ്ങിയിട്ടുണ്ട്. ഡ്യൂപ്ലിക്കേഷൻ വന്നിട്ടുള്ളത് ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ആധാർ നമ്പർ കളക്ട് ചെയ്യാനും ആധാർ സീഡിംഗ് നടത്താനും നടപടിയെടുത്തത്. കാർഡുകളിൽ ഇരട്ടിപ്പുണ്ടാകുന്നതും അംഗങ്ങൾ പല കാർഡുകളിൽ സ്ഥാനം പിടിച്ചിട്ടുള്ളതും ഫ്ലോട്ടിംഗ് പോപ്പുലേഷനുള്ള സ്ഥലങ്ങളിൽ സാധാരണ സംഭവിക്കുന്ന കാര്യങ്ങളാണ്. ഇത്തരം കാര്യങ്ങൾ ഒരിക്കലും സംഭവിക്കരുതെന്നുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങളെല്ലാം നിർവ്വഹിച്ചിട്ടുള്ളത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഭക്ഷ്യസുരക്ഷാ നിയമം കഴിഞ്ഞ സർക്കാർ നടപ്പിലാക്കാതെ ഇപ്പോൾ തിടുക്കത്തിൽ നടപ്പിലാക്കേണ്ടി വന്നത് ജനങ്ങളിൽ വലിയ ആശങ്കയുണ്ടാക്കുന്നുണ്ട്. കേരളത്തിൽ 84 ലക്ഷം കാർഡുടമകൾ ഉള്ളതിൽ എ.എ.വൈ./ബി.പി.എൽ./ എ.പി.എൽ. എസ്.എസ്. എന്നീ വിഭാഗങ്ങളിലെ 62 ലക്ഷത്തോളം ആളുകൾ വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നവരാണ്. 22 ലക്ഷം കാർഡുടമകൾക്കാണ് ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കാത്തത്. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമം വരുമ്പോൾ 1.87 കോടി ജനങ്ങൾക്ക് ആനുകൂല്യം കിട്ടാത്ത അവസ്ഥയുണ്ടാകുമെന്നത് സംബന്ധിച്ച് വലിയ ആശങ്കകളാണ് ജനങ്ങൾക്കിടയിലുള്ളത്. അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അപ്പീൽ അതോറിറ്റിയെ സംബന്ധിച്ച വിഷയം ഗൗരവമായി ആലോചിക്കുന്നതും അത് കുറച്ചുകൂടി താഴെത്തട്ടിൽ പരിഗണിക്കുന്നതും നന്നായിരിക്കും. റാങ്കിംഗ് സംവിധാനവുമായി ബന്ധപ്പെട്ട് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സോഫ്റ്റ്‌വെയർ സംവിധാനമാണിപ്പോൾ ഉപയോഗിക്കുന്നത്. അതിൽ ചില അപാകതകൾ വന്നിട്ടുള്ളതായി മനസ്സിലാക്കുന്നു. റാങ്കിംഗിൽ 55 മാർക്കുള്ളവർ താഴെയും 35-40 മാർക്കുള്ളവർ മുകളിലും വരുന്ന തരത്തിലുള്ള അപാകതകളുണ്ട്. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിന് 1 മുതൽ 15 വരെയുള്ള തീയതികളിൽ ഹിയറിംഗ് നടത്താൻ ആലോചിച്ചിട്ടുണ്ട്. പരാതികൾ പരിഹരിക്കുന്നതിനുള്ള ഹിയറിംഗ് സംവിധാനം മൂന്ന് മാസം കൂടുമ്പോൾ സ്ഥിരം സംവിധാനമാക്കി മാറ്റാനും അർഹതയുള്ള ഒരാൾപോലും ഒഴിവാകില്ലെന്ന് ഉറപ്പാക്കാനായി സോഫ്റ്റ്‌വെയറിനുപുറമേ മാന്വൽ വെരിഫിക്കേഷൻ കൃത്യമായി നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ? വർഷങ്ങളായി ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുമ്പോൾ സ്വാഭാവികമായും ധാരാളം പരാതികളുണ്ടാകും.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, മാന്വൽ വെരിഫിക്കേഷൻ കൃത്യമായും ഫലപ്രദമായും നടപ്പിലാക്കണമെന്നതിന്റെ അടിസ്ഥാനത്തിലാണ് വെരിഫിക്കേഷൻ കമ്മിറ്റിയും അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിരിക്കുന്നത്. ജനങ്ങൾ ഇടപെടണമെന്നുള്ളതുകൊണ്ടാണ് അവർക്ക് അറിയിപ്പ് കൊടുത്തിട്ടുള്ളത്. അതെല്ലാം കുറച്ചുകൂടി വ്യാപകമാക്കാനുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കേരത്തിലെ മുഴുവൻ ദിനപ്പത്രങ്ങളിലും എഫ്.എം. റേഡിയോകളിലും റെയിൽവേ സ്റ്റേഷനുകളിലുമെല്ലാം ഇതുമായി ബന്ധപ്പെട്ട പരസ്യം കൊടുത്തിട്ടുണ്ട്. ജനപ്രതിനിധികൾകൂടി മുൻകയ്യെടുത്താൽ, കൃത്യതയോടുകൂടി കാര്യങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞാൽ

ശരിയായ മുൻഗണനാ പട്ടിക തയ്യാറാക്കാൻ കഴിയും. കഴിഞ്ഞ തവണത്തെ ലിസ്റ്റിലെ എ.പി.എൽ.എസ്.എസ്. വിഭാഗത്തിൽപ്പെട്ട ആളുകൾ ഇത്തവണ മുൻഗണനാപ്പട്ടികയിൽ സ്ഥാനം പിടിക്കും. 95 ലക്ഷം പേർ ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾ ആയിരുന്നുവെങ്കിൽ ഇനി 1 കോടി 54 ലക്ഷം ആളുകൾ മുൻഗണനാ പട്ടികയിൽ ഇടംപിടിക്കുകയാണ്. ബാക്കിവരുന്ന 1 കോടി 80 ലക്ഷത്തോളം ആളുകൾക്ക് നമ്മുടെ കൈവശമുള്ള 4 ലക്ഷം മെട്രിക് ടൺ അരി എങ്ങനെ വിതരണം ചെയ്യണമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ചു വരികയാണ്. അങ്ങനെ കുറച്ചുകാര്യങ്ങൾ പരിഹരിക്കാൻ സാധിക്കും.

ശ്രീ. ജി. എസ്. ജയലാൽ: സർ, സോഫ്റ്റ്‌വെയറിന്റെ അപാകതകൂടി പരിശോധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, അക്കാര്യം പരിശോധിക്കാം.

ശ്രീ. ഇ. കെ. വിജയൻ: സർ, യു.പി.എ. ഗവൺമെന്റ് തീരുമാനിച്ച് യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയ സെൻസസിന്റെ അടിസ്ഥാനത്തിലാണ് ആശങ്കയുളവാക്കുന്ന ഇത്തരം കാര്യങ്ങൾ കേരളത്തിലുണ്ടായത്. പരാതികളുണ്ടെങ്കിൽ അവ പരിഹരിക്കാൻ പാവപ്പെട്ട റേഷൻ കാർഡുടമകൾ വില്ലേജ് ആഫീസ് മുതൽ കളക്ടറേറ്റുവരെ പോകേണ്ട സാഹചര്യമാണുള്ളത്. സ്പെഷ്യൽ ഗ്രാമസഭകൾ വിളിച്ച് ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കി അപ്പീൽ പോകാനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും അഭികാമ്യം. അത്തരമൊരു നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, വെരിഫിക്കേഷൻ കമ്മിറ്റിയോ അപ്പീൽ കമ്മിറ്റിയോ തീർപ്പാക്കിയ പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്തുകൾ തോറുമുള്ള ഗ്രാമസഭകളിൽ വച്ച് അംഗീകാരം തേടിക്കൊണ്ടുവേണം അന്തിമ തീരുമാനമെടുക്കേണ്ടത്. എല്ലാ സന്ദർഭങ്ങളും ഫലപ്രദമായി വിനിയോഗിച്ചാൽ കുറ്റമറ്റ രീതിയിൽ മുൻഗണാനാപ്പട്ടിക തയ്യാറാക്കാൻ സാധിക്കും.

ശ്രീ. കെ. രാജൻ: സർ, ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായി ഇന്ത്യയിലാകെ 549.26 ലക്ഷം മെട്രിക് ടൺ അരി വിതരണം ചെയ്യാൻ തീരുമാനിക്കുമ്പോഴാണ് കേരളത്തിന് 14.25 ലക്ഷം മെട്രിക് ടൺ അരി വിഹിതമായി ലഭിക്കുന്നത്. കേരളത്തിന്റെ പ്രത്യേകതകളോ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് എന്ന അവകാശം കേരളത്തിന് എങ്ങനെ ലഭ്യമായി എന്നതുസംബന്ധിച്ചോ യാതൊരു ധാരണയുമില്ലാതെ പൊതുപൂളിലേയ്ക്ക് കേരളം പോവുകയാണ്. മൂന്ന് വർഷമായിട്ടും നിയമം നടപ്പിലാക്കാതെ അരിവിഹിതം

ലഭിക്കില്ലെന്ന് വന്നപ്പോൾ ധൃതിപിടിച്ച് ഈ നിയമം നടപ്പിലാക്കുന്നതിന്റെ പ്രശ്നങ്ങളും നമ്മെ ബാധിക്കും. അതിന്റെ ഉത്തരവാദിത്വം ഈ സർക്കാരിന്റെ തലയിൽവയ്ക്കാനുള്ള ശ്രമമാണ് നടക്കുന്നത്. 20-ാം തീയതി ലിസ്റ്റ് പ്രസിദ്ധീകരിച്ച് 30-ാം തീയതിക്കകം ആക്ഷേപങ്ങളും പരാതികളും കൊടുക്കാൻ കഴിയുമോയെന്നുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. വില്ലേജ് ഓഫീസിൽ വില്ലേജ് ഓഫീസർ ഇല്ലാതെ വരുമ്പോഴോ മാറിനിൽക്കുകയോ ചെയ്യുന്ന സാഹചര്യമുണ്ടായാൽ ഒരാൾക്ക് വേണ്ടത്ര രേഖകൾ സമർപ്പിച്ച് പരാതി കൊടുക്കാൻ കഴിയാതെവരും. അർഹതപ്പെട്ട ഒരാൾപോലും ഒഴിവായിപ്പോകരുതെന്ന ധാരണയോടെ ഇതിനെ സമീപിക്കണമെങ്കിൽ കുറച്ചുകൂടി വിശദമായി ഇക്കാര്യം സർക്കാർ കാണേണ്ടിവരും. അതുപോലെ വെരിഫിക്കേഷനോ ഹിയറിംഗോ നടക്കുന്ന സമയത്ത് രേഖകൾ ഹാജരാക്കിയാൽ മതിയെന്നും തീരുമാനിക്കേണ്ടിവരും. എല്ലാ വിഷയങ്ങളും പരിഹരിച്ച്, സോഷ്യൽ ഓഡിറ്റ് നടത്തുമ്പോഴേയ്ക്കും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടേണ്ട മുഴുവൻ ആളുകളേയും ഉൾപ്പെടുത്തുന്നതിലുള്ള പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; പരാതി കൊടുക്കുന്ന സമയംതന്നെ രേഖകൾ ഹാജരാക്കുന്നതിനുപകരം ഹിയറിംഗ് നടക്കുന്ന സമയത്ത് രേഖകൾ ഹാജരാക്കാനുള്ള അവസരം കൊടുക്കാൻ കഴിയുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ബുദ്ധിമുട്ടുകളെല്ലാം കണക്കിലെടുത്താണ് കേന്ദ്ര സർക്കാരിനോട് ആറുമാസത്തെ കാലാവധി ചോദിച്ചത്. ഏപ്രിൽ മാസത്തോടുകൂടി ഈ പ്രോസസ്സെല്ലാം നിർവ്വഹിച്ച് എൻ.എഫ്.എസ്.എ. നടപ്പാക്കുന്ന സംസ്ഥാനമായി നമുക്ക് മാറാൻ കഴിയും. പക്ഷെ കേന്ദ്രം ഒരു കാരണവശാലും അതംഗീകരിച്ചില്ല. നവംബർ 1-ന് ഇതുപ്രകാരമുള്ള അരി വിതരണം ചെയ്യണമെന്ന കർശന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. നമ്മൾ അത്തരമൊരു വൃത്തത്തിനകത്താണ് നിൽക്കുന്നത്. 2013-ൽ പാർലമെന്റ് പാസ്സാക്കിയ ഒരു നിയമം നടപ്പിലാക്കാൻ കേരളം പോലുള്ള ഒരു സംസ്ഥാനത്തിന് എന്തുകൊണ്ട് കഴിയാതിരുന്നുവെന്ന മറുചോദ്യമാണ് കേന്ദ്രം നമ്മളോട് ചോദിക്കുന്നത്. മൂന്നുവർഷം നമുക്ക് ലഭിച്ചിട്ടും ഈ നിയമം നടപ്പിലാക്കാനായില്ലെന്ന് കുറ്റപ്പെടുത്തിക്കൊണ്ട്, നവംബർ 1-ന് തയ്യാറാക്കി പ്രസിദ്ധീകരിച്ച കരട് പട്ടികപ്രകാരം അരി കൊടുത്തിരിക്കണമെന്ന കർശനമായ നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. ഈ കരട് പട്ടികവച്ച് ഭക്ഷ്യധാന്യം കൊടുക്കുന്നതിൽ പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ട്. എന്നാൽ മുൻഗണനാ പട്ടിക

കറക്ട് ചെയ്യാനുള്ള സമയം റീ-ഷെഡ്യൂൾ ചെയ്ത് കുറച്ചുകൊണ്ടുവന്നിട്ടുണ്ട്. പ്രയാസങ്ങൾ നമ്മളെല്ലാവരും അനുഭവിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. നമുക്ക് ലഭിച്ച സന്ദർഭം നമ്മൾ പാഴാക്കിക്കളഞ്ഞു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ നിയമം ആദ്യം കേന്ദ്ര സർക്കാർ മുമ്പോട്ടുവച്ചപ്പോൾ 10.25 മെട്രിക് ടണ്ണായിരുന്നു നമുക്ക് നിയമത്തിൽ അനുശാസിച്ചിരുന്ന ഭക്ഷ്യധാന്യ വിഹിതം. യു.ഡി.എഫ്. സർക്കാരിന്റെ നിരന്തരമായ സമ്മർദ്ദംമൂലം അത് 14.25 മെട്രിക് ടണ്ണായി വർദ്ധിപ്പിച്ചെടുത്തു. അപ്പോഴും നമ്മുടെ ക്ലെയിം 16.5 മെട്രിക് ടണ്ണാണ്. മൂന്നുവർഷത്തെ ഓഫ് ടേക്കിന്റെ ആവറേജ് നമുക്ക് ലഭ്യമാകണമെന്നുള്ളതാണ്. ആ ക്ലെയിം ഇപ്പോഴും നമ്മൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതിൽനിന്ന് നമ്മൾ പിന്നോട്ടുപോയിട്ടില്ല. കഴിഞ്ഞ സർക്കാർ നടത്തിയ എല്ലാ കത്തിടപാടുകളിലും 14.25 മെട്രിക് ടണ്ണിന് പകരം 16.5 മെട്രിക് ടൺ ഭക്ഷ്യധാന്യം വേണമെന്ന ശക്തമായ നിലപാടെടുത്തിരുന്നു. അതുസംബന്ധിച്ച ആശങ്ക വളരെ ശക്തമായ നിലയിൽ ഞങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ വെൽഫെയർ സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യ വിഹിതമില്ല. നമ്മുടെ ഭക്ഷ്യധാന്യ ലഭ്യത കുറയുകയാണ് ചെയ്യുന്നത്. അതുപോലെതന്നെ ധർമ്മ സ്ഥാപനങ്ങൾക്കും എസ്റ്റാബ്ലിഷ്മെന്റ്സിനുമുള്ള വിഹിതം ലഭ്യമാകണം. ഈ ആശങ്കകൾ വളരെ ശക്തമായി ഞങ്ങൾ മുമ്പോട്ടുവച്ചിട്ടുള്ളതാണ്. മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ സർക്കാരിന്റെ സമയത്ത് നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡുകളുടെ നടപടികളിലേയ്ക്ക് മാത്രമല്ല ഞങ്ങൾ കടന്നിരുന്നത്. എന്റെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞത്, കേന്ദ്ര ആക്ടിനുള്ള റൂൾസ് ഞങ്ങൾ ഫ്രെയിം ചെയ്തിരുന്നു, പരാതി പരിഹാര തസ്തികകൾ രൂപീകരിച്ചിരുന്നു എന്നാണ്. പതിനേഴോളം പരാതി പരിഹാര തസ്തികകൾ രൂപീകരിച്ചിരുന്നു. നിയമം നടപ്പിലാക്കുന്നതിന്റെ അനുബന്ധമായി നിയമനങ്ങൾ നടത്തുമ്പോൾ ഗ്രീവൻസ് റിഡ്രെസൽ മെക്കാനിസത്തിലേയ്ക്ക് കൂടുതൽ തസ്തികകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, 2013-ൽ പാർലമെന്റ് ഈ നിയമം പാസ്സാക്കിയപ്പോൾത്തന്നെ സംസ്ഥാനത്തും നടപ്പിലാക്കി, അതിന്റെ അനന്തരഫലങ്ങൾ മനസ്സിലാക്കിക്കൊണ്ട് ക്ലെയിം ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും അതിന് ബലമുണ്ടാകുമായിരുന്നു; അതുണ്ടായില്ല. ബഹുമാനപ്പെട്ട മുൻ ഭക്ഷ്യ വകുപ്പുമന്ത്രി, അദ്ദേഹത്തോടുതന്നെ ചോദിക്കേണ്ട ഒരു പ്രധാനപ്പെട്ട

ചോദ്യമുണ്ട്; എന്തുകൊണ്ട് ആ നിയമം നടപ്പാക്കിയില്ലെന്നുള്ളതാണ്. രാജ്യം മുഴുവൻ ഈ നിയമം നടപ്പാക്കിയിട്ടും, പൊതുവിതരണരംഗം കാര്യക്ഷമമായിട്ടുള്ള കേരളംപോലുള്ള ഒരു സംസ്ഥാനം മൂന്നുവർഷത്തിലേറെ സമയം കിട്ടിയിട്ടും എന്തുകൊണ്ട് നടപ്പാക്കിയില്ലെന്ന ചോദ്യത്തിനുമുമ്പിൽ നമ്മൾ നാണംകെട്ടു പോകുകയാണ്. 16.5 മെട്രിക് ടൺ അരിയോ അതിനേക്കാളേറെയോ ലഭിക്കണമെന്നുള്ള ആവശ്യകത ശക്തിയായി നമുക്കുന്നയിക്കാം. പക്ഷെ നമ്മൾ സ്വയമബന്ധിതമായി ഈ ആക്ട് നടപ്പാക്കിയില്ലെന്നുള്ളതു തന്നെയാണ് നമ്മുടെ ദൗർബല്യം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം ആദ്യമായി നടപ്പിലാക്കുന്ന പ്രദേശങ്ങളിലൊന്നാണ് കൊടുങ്ങല്ലൂർ താലൂക്ക്. അതുകൊണ്ടുതന്നെ ഇതിന്റെ ആദ്യ ദ്രോഹങ്ങൾ അനുഭവിക്കേണ്ടിവരുന്ന പ്രദേശങ്ങളിലൊന്നായി ഇത് മാറുകയാണ്. എനിക്കറിയേണ്ട കാര്യം, താലൂക്കിലാണ് ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നത്. പഞ്ചായത്തുകളിലും ബന്ധപ്പെട്ട കേന്ദ്രങ്ങളിലും പരാതി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ താഴെത്തട്ടിൽ അതിനുള്ള നടപടി ഇപ്പോൾ സ്വീകരിക്കപ്പെടുന്നില്ല. അതുകൊണ്ടുതന്നെ എല്ലാ ആളുകളും താലൂക്കാഫീസിൽ പോയി പരാതി കൊടുക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. രണ്ടാമതായി, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഒരു സ്പെഷ്യൽ ഗ്രാമസഭ ഇതിനായി വിളിച്ചാൽ ഈ പരാതികൾ പരമാവധി പരിഹരിക്കപ്പെടാനുള്ള അന്തരീക്ഷമുണ്ടാകുമെന്ന് തോന്നുന്നു. അതിനെന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, പരാതികളും ആക്ഷേപങ്ങളും കൊടുക്കേണ്ടത് താലൂക്ക് സപ്ലൈ ഓഫീസിൽ മാത്രമല്ല, അതിനുള്ള സംവിധാനങ്ങൾ പഞ്ചായത്ത് ഓഫീസിലും വില്ലേജ് ഓഫീസിലും ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാരിൽനിന്ന് വില്ലേജ് ഓഫീസർമാർക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും ഇതിനകംതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ഗ്രാമങ്ങളിലെ തൊട്ടടുത്ത അധികാര സ്ഥാപനങ്ങളായ ഈ രണ്ട് സ്ഥാപനങ്ങളിൽക്കൂടി കൊടുക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പരാതി സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. തീർച്ചയായും പരാതി അവിടെ സ്വീകരിക്കും. ആക്ഷേപങ്ങളും പരാതികളും ശേഖരിച്ചതിനുശേഷമാണ് വെരിഫിക്കേഷൻ കമ്മിറ്റിയുടെ മുമ്പിലേയ്ക്ക് പോകുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം യു.പി.എ. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന ദാരിദ്ര്യ വിമുക്ത ഭാരതമെന്ന വലിയ സങ്കൽപ്പത്തിലേയ്ക്കുള്ള കാൽവയ്പ്പാണ്. ഈ നിയമം മറ്റ് സംസ്ഥാനങ്ങൾ നടപ്പിലാക്കിയെന്ന് പറയുന്നു. മറ്റ് സംസ്ഥാനങ്ങൾ അവിടെ നിലവിലുള്ള ബി.പി.എൽ. പ്രയോറിറ്റി ലിസ്റ്റ് അംഗീകരിച്ചുകൊണ്ടാണ് നടപ്പിലാക്കിയത്. ഇവിടെ 1997-98 കാലഘട്ടത്തിലുള്ള ലിസ്റ്റാണ്. ആ ലിസ്റ്റ് വന്നതു മുതൽ അതിനെതിരായ ആക്ഷേപങ്ങളുണ്ട്. ആ ലിസ്റ്റ് അംഗീകരിക്കാൻ സാധിക്കുമോ; അങ്ങനെ വരുമ്പോൾ സ്വാഭാവികമായും സമയമെടുക്കും. ആ കാലഘട്ടത്തിലും യു.ഡി.എഫ്. സർക്കാർ ഭരിക്കുമ്പോൾ ഒരു മണി അരിപോലും കുറയ്ക്കാൻ അനുവദിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും നടപടിക്രമങ്ങൾ മുന്നോട്ടുപോകുന്നുണ്ടെന്ന് ശക്തമായ രീതിയിൽ ബോധ്യപ്പെടുത്താൻ സർക്കാരിന് കഴിഞ്ഞില്ല. അതുകൊണ്ടാണ് അരി വിഹിതം കുറയ്ക്കേണ്ട സാഹചര്യമുണ്ടായത്.

<u>മി. സ്പീക്കർ</u>: ദയവായി മറുവാദങ്ങൾ ഉന്നയിക്കരുത്. മന്ത്രിയുടെ വിശദീകരണത്തിന് മുൻ മന്ത്രിമാർ മറുവാചകങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല. ചോദ്യം ചോദിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ഞാൻ ചോദിക്കട്ടെ.. (ബഹളം).. ഇത് കേന്ദ്ര സർക്കാരിന്റെ.... (ബഹളം)...

<u>മി. സ്പീക്കർ:</u> ചോദ്യം ചോദിക്കുന്നതിൽ വിരോധമില്ല. എന്തു ചോദ്യം വേണമെങ്കിലും ചോദിക്കാം..... (ബഹളം)...

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായാണ് അരി വിഹിതം വെട്ടിക്കുറച്ചതെന്ന് നിങ്ങൾ പറയുന്നു. മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത് എന്തിന്റെ പേരിലാണ്?

<u>മി. സ്പീക്കർ:</u> അങ്ങ് വീണ്ടും ആ നിലപാട് സ്വീകരിക്കുകയാണ്............. (ബഹളം).......

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, മണ്ണെണ്ണയുടെ വിഹിതം വെട്ടിക്കുറച്ചത് എന്തിന്റെ പേരിലാണ്? ... (ബഹളം)...

<u>മി. സ്പീക്കർ</u>: ഇത് എപ്പോൾ വേണമെങ്കിലും വിശദീകരിക്കാൻ അദ്ദേഹത്തിന് അവസരമുണ്ട്. ഇത് ശരിയായ നടപടിയല്ല....(ബഹളം)..... സഭയിൽ പ്രസംഗിക്കാനുള്ള അവസരം ധാരാളമുണ്ട്. ചോദ്യോത്തരവേളയിൽ

മന്ത്രി പറയുന്നതിന് മറുവാദമുന്നയിച്ചാൽ എങ്ങനെ ശരിയാകും? അത് ശരിയല്ല, അതംഗീകരിക്കാൻ പറ്റില്ല. ചോദ്യം എന്തുവേണമെങ്കിലും ചോദിക്കാം.... (ബഹളം).... പ്ലീസ്.. അങ്ങ് ചോദ്യം ചോദിക്കുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ ചോദ്യം, അരി വിഹിതം വെട്ടിക്കുറച്ചത് ഭക്ഷ്യ ഭദ്രതാ നിയമവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ വീഴ്ചയാണെങ്കിൽ എന്തിന്റെ പേരിലാണ് മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കുന്നത്? ഇത് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് സ്വീകരിക്കുന്ന തെറ്റായ സമീപനമാണ്. അതിനാൽ മുഖ്യമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയും യഥാസമയം ഇടപെട്ട് മണ്ണെണ്ണ വിഹിതവും അരി വിഹിതവും എത്തിക്കുവാനുള്ള നടപടിയെടുക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. അല്ലാതെ മുൻ സർക്കാരിനെ കുറ്റംപറയുകയല്ല ചെയ്യേണ്ടത്. അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ : സർ, 2013 ജൂലൈ മാസം പാസ്സാക്കിയ നിയമമാണ് എൻ.എഫ്.എസ്.എ. ഈ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ മൂന്നുവർഷം പോരേ? എന്നാൽ അതിനുവേണ്ടിയുള്ള ശ്രമം തുടങ്ങിയത് 2015 മുതലാണ്. 2015 മുതലാണ് ഫാറം പൂരിപ്പിച്ചുവാങ്ങാനുള്ള ശ്രമങ്ങൾ നടത്തുന്നത്. എന്നിട്ട് അതിന്റെ വിവരങ്ങൾ ശേഖരിച്ചുവച്ചു എന്നല്ലാതെ അത് പ്രോസസ് ചെയ്യതുപോലുമില്ല. പരസ്യമായിട്ടല്ലെങ്കിലും ഈ നിയമം ഇവിടെ നടപ്പാക്കാനാവില്ലെന്ന നിലപാട് എടുത്തിരുന്നുവെന്നല്ലേ അതിൽനിന്നും വ്യക്തമാകുന്നത്? അത്രയേറെ സമയം ലഭിച്ചിട്ടും നമ്മൾ തന്നെയാണ് അത് നഷ്ടപ്പെടുത്തിയത്. അതിനുള്ള ശിക്ഷ ഈ സർക്കാർ അനുഭവിക്കണമെന്ന് പറഞ്ഞാൽ ന്യായമല്ല. ഈ സർക്കാർ അധികാരത്തിൽ വന്ന് നാലുമാസങ്ങൾക്കുള്ളിൽ ചെയ്ത കാര്യങ്ങളെല്ലാം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഞങ്ങൾക്ക് ആറുമാസത്തെ സാവകാശം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി കേന്ദ്രത്തിന് പലതവണ കത്തെഴുതുകയും നേരിൽക്കണ്ട് സംസാരിക്കുകയും ചെയ്തു. പക്ഷെ അതിന് ഇളവ് നൽകാൻ കേന്ദ്ര സർക്കാർ തയ്യാറായില്ല. നിങ്ങൾക്ക് ഇത്രയധികം സമയം കിട്ടിയിട്ടും എന്തുകൊണ്ട് നടപ്പിലാക്കിയില്ലെന്നാണ് അവർ ചോദിച്ചത്. അതുകൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്തരുത്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിന്നിരുന്ന ഒരു സംസ്ഥാനമാണ് കേരളം. 1966 മുതൽ നടപ്പിലാക്കിയ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം സംസ്ഥാനത്ത് നിലനിൽക്കുകയാണ്. അന്ന് അനുവദിച്ച അരി ഇന്ന് ലഭിക്കുന്നുണ്ടോ? പി.ഡി.എസ്. ആയിരുന്നത് ടി.പി.ഡി.എസ്. ആക്കിയതും മണ്ണെണ്ണയിൽ വെട്ടിക്കുറവ് വരുത്തിയതും കോൺഗ്രസ് കേന്ദ്രം ഭരിച്ച സന്ദർഭത്തിലാണ്. അത് മുൻകാല ഫയൽ

നോക്കിയാൽ മനസ്സിലാകും. അരിയുടെ കാര്യത്തിലും ഗോതമ്പിന്റെ കാര്യത്തിലും മറ്റെല്ലാ കാര്യങ്ങളിലും ചിറ്റമ്മ നയം സ്വീകരിച്ച അനുഭവമാണ് നമ്മുടെ സംസ്ഥാനത്തിനുണ്ടായിട്ടുള്ളത്. ഇപ്പോൾ ബി.ജെ.പി. അധികാരത്തിൽ വന്നപ്പോഴും അരിയും മണ്ണെണ്ണയും മാത്രമല്ല, നമുക്ക് അവകാശപ്പെട്ടതെല്ലാം കുറച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. 1966 മുതലുള്ള കേരളത്തിന്റെ അനുഭവം വച്ചുനോക്കിയാൽ ആര് കേന്ദ്രം ഭരിച്ചാലും നമ്മളെ ദ്രോഹിക്കുന്ന നടപടിയാണുണ്ടായിട്ടുള്ളത് എന്നതാണ് വസ്തുത.

**വിദേശപ്പണ വരുമാനത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം**

4(*454) ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ വിദേശപ്പണ വരുമാനത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം എത്രത്തോളമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിദേശപ്പണ വരുമാനത്തിൽ ഗൾഫ് മലയാളികൾ വഹിക്കുന്ന പങ്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഗൾഫ് മലയാളികളുടെ യാത്രാപ്രശ്നങ്ങളും വിമാന നിരക്കുകളിലുണ്ടാകുന്ന അപ്രതീക്ഷിത അമിത വർദ്ധനവുമുണ്ടാക്കുന്ന ആഘാതം ഒഴിവാക്കി വിദേശ മലയാളികൾക്ക് ആശ്വാസം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) വിലയിരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (SLBC) തയ്യാറാക്കിയ കണക്കുപ്രകാരം 2016 ജൂൺ മാസം വരെ സംസ്ഥാനത്തെ വിവിധ ബാങ്കുകളിലേയ്ക്ക് അയച്ച വിദേശപ്പണം 1,42,669 (ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അറുന്നൂറ്റി അറുപത്തി ഒൻപത് കോടി) രൂപയാണ്.

(ബി) ഉണ്ട്. ഐക്യരാഷ്ട്ര സഭയുടെ വികസന പദ്ധതി നടത്തിയ വിലയിരുത്തൽ പ്രകാരം 2014-ൽ ഇരുപത്തിനാല് ലക്ഷം പ്രവാസി

മലയാളികളുണ്ടെന്നും ഇവർ പ്രതിവർഷം ഏകദേശം ഒരു ലക്ഷത്തി മുപ്പതിനായിരം കോടി രൂപ ഇന്ത്യയിലേയ്ക്ക് അയയ്ക്കുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പഠന പ്രകാരം സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.ഡി.പി- ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ഷൻ) നാല്പതു ശതമാനം പ്രവാസികളുടെ സംഭാവനയാണ്. CDS- ന്റെ 2012-ലെ കേരള മൈഗ്രേഷൻ സർവ്വേയിൽ ഓരോ ജില്ലയിലും എത്തുന്ന വിദേശപ്പണത്തിന്റെ വിവരമുണ്ട്. ഇതുപ്രകാരം ഏറ്റവും കൂടുതൽ വിദേശ മലയാളികളുള്ളതും ഏറ്റവും കൂടുതൽ വിദേശപ്പണം എത്തുന്നതും മലപ്പുറം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്.

(സി) ഇക്കാര്യം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്നതാകയാൽ തിരക്കുള്ള സമയത്ത് യാത്രാക്കൂലി വർദ്ധിപ്പിച്ച് വിമാനക്കമ്പനികൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്.

വിമാന യാത്രാക്കൂലി നിശ്ചയിക്കുന്നതിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് പങ്കില്ലെന്നും 1937-ലെ എയർക്രാഫ്റ്റ് റൂൾ പ്രകാരം വിമാന സർവ്വീസ് നടത്തിപ്പ്, ചെലവ്, സർവ്വീസിന്റെ പ്രത്യേകത, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നീ കാര്യങ്ങൾ പരിഗണിച്ച് യാത്രാക്കൂലി നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. എന്നിരുന്നാലും പ്രസ്തുത വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടും ഡയറക്ടർ ഓഫ് സിവിൽ ഏവിയേഷനോടും ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്.

ശ്രീ. എം. ഉമ്മറിനുവേണ്ടി <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വിദേശമലയാളികൾ സംസ്ഥാനത്തേയ്ക്കയയ്ക്കുന്ന പണത്തിന്റെ കണക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നവരാണ് വിദേശ മലയാളികൾ. വർഷങ്ങളോളം ഗൾഫ് നാടുകളിൽ കഠിനാദ്ധ്വാനം ചെയ്ത് തിരിച്ച് നാട്ടിലെത്തുമ്പോൾ ഒരു പനി വന്നാൽ ഗുളിക വാങ്ങാൻപോലും കഷ്ടപ്പെടുന്ന ഗൾഫ് മലയാളികളെക്കുറിച്ച് നമുക്കറിയാം. അവർക്കുവേണ്ടി എന്തുചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ചാണ് നമ്മളാലോചിക്കേണ്ടത്. ഇത് പലവട്ടം നമ്മൾ ചർച്ച ചെയ്ത കാര്യമാണ്. ധാരാളം പദ്ധതികൾ സർക്കാർ

നടപ്പിലാക്കുന്നുണ്ടെങ്കിലും അവയെക്കുറിച്ച് ഗൾഫിൽനിന്ന് തിരിച്ചുവരുന്ന പലർക്കും അവബോധമില്ല. അതുകൊണ്ട് ഇത്തരം പദ്ധതികളെക്കുറിച്ച് അവർക്കൊരു അവബോധം നൽകുന്നതിനുവേണ്ടി, ഗൾഫുനാട്ടുകളിൽ നിന്ന് തിരിച്ചുവരുന്നവർ എയർപോർട്ടിലെത്തുമ്പോൾ ഇന്നയിന്ന പദ്ധതികൾ അവർക്കുവേണ്ടി സർക്കാർ നടപ്പിലാക്കുന്നുണ്ട്, അവ എങ്ങനെ അവർക്ക് പ്രയോജനപ്പെടുത്താമെന്ന വിവരം നൽകുന്നതിനായി വിമാനത്താവളങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഭൂപരിഷ്കരണം കഴിഞ്ഞാൽ നമ്മുടെ നാടിന്റെ അഭിവൃദ്ധിയിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ളവരാണ് പ്രവാസികളെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പ്രവാസികൾ നാട്ടിൽ തിരിച്ചുവരുമ്പോൾ അവർക്കാവശ്യമായ പുനരധിവാസം ലഭിക്കുന്നില്ലെന്ന വസ്തുത അത്യന്തം ഖേദകരമായിത്തന്നെ അവർ ഉന്നയിക്കുന്ന പ്രശ്നമാണ്. അവർക്കായി കുറേ പദ്ധതികളുണ്ടെങ്കിലും അവയൊന്നും പൂർണ്ണ തോതിലായിട്ടില്ല. അതിനാൽ സമഗ്രമായൊരു പുനരധിവാസ പദ്ധതി കൊണ്ടുവരാനാണ് സർക്കാർ ആലോചിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഗൾഫ് മലയാളികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം വിമാനയാത്രയ്ക്കുള്ള അമിത ടിക്കറ്റ് ചാർജ്ജാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി എയർ കേരളയെക്കുറിച്ച് ചിന്തിച്ചുകൂടേയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധികാരമേറ്റയുടൻ പത്രക്കാർ അദ്ദേഹത്തോടു ചോദിച്ചിരുന്നു. അപ്പോൾ അദ്ദേഹം നൽകിയ മറുപടി പലർക്കും ഇഷ്ടപ്പെട്ടില്ലായിരിക്കാം, പക്ഷെ അത് വ്യക്തിപരമായി എനിക്ക് ഇഷ്ടപ്പെട്ടു. അദ്ദേഹം പറഞ്ഞത്, നമുക്ക് ആദ്യം കെ.എസ്.ആർ.ടി.സി.-യെ നന്നാക്കാമെന്നാണ്. അത് ശരിയാണ്. നമ്മുടെ കയ്യിലുള്ളതിനെ നന്നാക്കാതെ പറന്നുപോകുന്നതിനെ പിടിക്കാൻ നോക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. എങ്കിലും ഇതൊരു വലിയ പ്രശ്നമാണ്. ഈ വിഷയം പരിഹരിക്കാനും ഗൾഫ് മലയാളികളെ ഈ പ്രതിസന്ധിയിൽനിന്ന് കരകയറ്റുവാനും എന്തു നടപടിയെക്കുറിച്ചാണ് ആലോചിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 1937-ലെ നിയമത്തിന്റെ പേര് പറഞ്ഞുകൊണ്ട് വിമാനയാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നതിൽ

വ്യോമയാന മന്ത്രാലയത്തിന് പങ്കില്ലെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഡയറക്ടർ ഓഫ് സിവിൽ ഏവിയേഷനാണ് ഇത്തരം കാര്യങ്ങളിൽ ഇടപെടേണ്ടതെന്ന് പറഞ്ഞ് കയ്യൊഴിയുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഒരു ന്യായവുമില്ലാതെ ജനങ്ങളെ കൊള്ളയടിക്കുന്ന സമീപനം തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരാണ് തയ്യാറാകേണ്ടത്. കേന്ദ്ര സർക്കാരിന്റെ നിലപാട് വന്നാൽ ഈ പ്രശ്നത്തിന് മാറ്റം വരും. അതിനുവേണ്ടിയാണ് ആദ്യം ശ്രമിച്ചത്. പ്രവാസികൾക്ക് ചെലവ് കുറഞ്ഞ രീതിയിൽ യാത്രാക്കൂലി നൽകി എങ്ങനെ നാട്ടിലെത്താൻ കഴിയുമെന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി

5 (*455) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം കണ്ടെത്തുന്നതിനും കാമ്പസുകളെ ലഹരി വിമുക്തമാക്കുന്നതിനും പുതുതായി എന്ത് പദ്ധതിയാണ് ആവിഷ്കരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ നാല് മാസത്തിനുള്ളിൽ ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സ്കൂൾ, കോളേജ് ക്യാമ്പസുകൾ ലഹരി വിമുക്തമാക്കുന്നതിന് വിദ്യാർത്ഥികളെ മയക്കുമരുന്ന്, മറ്റുലഹരി വസ്തുക്കൾ എന്നിവ ഉപയോഗിക്കുന്നതിൽനിന്ന് തടയുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി' ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും വളരെ ജാഗ്രതയോടെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. സാർവ്വദേശീയ ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ റാലി, ഫോട്ടോ പ്രദർശനം, മാജിക് ഷോ, 'മയക്കുമരുന്നിനെതിരെ ഒരു നല്ല വാക്യം' മത്സരം, ചിത്രരചനാ മത്സരം, പ്രതിജ്ഞ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. സ്കൂൾ - കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് കഞ്ചാവ്, പുകയില ഉൽപ്പന്നങ്ങൾ, പ്രത്യേക തരം ഗുളികകൾ, സ്പ്രേകൾ തുടങ്ങി അതിനൂതനമായ മയക്കുമരുന്ന് വ്യാപനം നിലനിന്നിരുന്ന സ്ഥാനത്ത് ഇത്തരം വസ്തുക്കളുടെ കടത്തും വില്പനയും ശക്തമായ റെയ്ഡുകളിലൂടെ തടയുകയും മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗത്തിനെതിരെ വിദ്യാർത്ഥി പ്രതിജ്ഞയും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) കഴിഞ്ഞ നാല് മാസത്തിനുള്ളിൽ സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ അവബോധം വളർത്തുന്നതിന് സെമിനാറുകളും കൗൺസിലിംഗുകളും നടത്തുകയും ലഹരിയുടെ ദൂഷ്യവശങ്ങൾക്ക് വിധേയരായ വ്യക്തികളുടെ ദുരനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവയ്ക്കുക, വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ലഹരി വിരുദ്ധ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ പോലീസ്, എക്സൈസ്, വിദ്യാഭ്യാസ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങളും സ്റ്റുഡന്റ് പോലീസിന്റെ മാതൃകാപരമായ ഇടപെടലുകളും നടത്തിയത് ബോധവൽക്കരണത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. മയക്കുമരുന്നിനും ലഹരി വസ്തുക്കൾക്കുമെതിരെ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കൽ, ലഹരി ഉപഭോഗം വഴി കുട്ടികളിലുണ്ടാകുന്ന മാനസികവും ശാരീരികവുമായ പ്രശ്നങ്ങളും അതിലൂടെ ഉണ്ടായേക്കാവുന്ന ക്രിമിനൽ വാസന എന്നിവ ഇല്ലായ്മ ചെയ്ത് മികച്ച അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ നടത്തുകയുണ്ടായി. മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉത്പാദനം,

കടത്ത്, വിതരണം, വിപണനം എന്നിവയെപ്പറ്റി അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും തുടർ അന്വേഷണത്തിന് സഹായിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി Special Investigation Team (SIT)-ന്റെ കീഴിൽ Kerala Anti Narcotic Squad രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

**ഇൻഫർമേഷൻ ടെക്നോളജി നയം**

6 (*456) ശ്രീമതി സി. കെ. ആശ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഇൻഫർമേഷൻ ടെക്നോളജി നയം വ്യക്തമാക്കുമോ;

(ബി) ടെക്നോപാർക്ക്, ഐ. ടി. മിഷൻ എന്നിവ സ്ഥാപിച്ചതോടെ ഐ. ടി. മേഖലയിൽ നല്ല തുടക്കം കിട്ടിയെങ്കിലും കർണാടകം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഐ. ടി. മേഖലയിൽ ഒരു പരിധിക്കപ്പുറം കേരളത്തിന് വളരാനാകാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാരിന്റെ പുതിയ ഐ.ടി. നയത്തിന്റെ കരട് രൂപരേഖ അന്തിമഘട്ടത്തിലാണ്. ഐ.ടി. മേഖലയിലെ വിപുലമായ വ്യവസായ സാധ്യതകൾ പരിഗണിച്ചുകൊണ്ട് ഈ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി ദേശീയ – അന്തർദ്ദേശീയ കമ്പനികളുൾപ്പെടെയുള്ള ഐ.ടി. സംരംഭകരെ ഇവിടേയ്ക്ക് ആകർഷിക്കത്തക്കവിധമാണ് ഐ.ടി. നയം രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കരട് രൂപരേഖ പ്രസിദ്ധീകരിച്ച് പൊതുജനങ്ങളിൽനിന്നും മറ്റ് സ്റ്റേക്ക്ഹോൾഡേഴ്സിൽ നിന്നുമുള്ള അഭിപ്രായങ്ങൾ കൂടി സ്വീകരിച്ചതിനുശേഷം അന്തിമ ഐ.ടി. നയം പ്രഖ്യാപിക്കുന്നതാണ്.

(ബി) ഇ-ഗവേണൻസ് മേഖലയിൽ ഇന്ത്യയിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. എൻ.ഐ.സി-യുടെ ഇ-താൾ വെബ്സൈറ്റ് പ്രകാരം ഇ-ഗവേണൻസ് ഇടപാടുകളുടെ എണ്ണം എടുത്താൽ കേരളം മൂന്നാം സ്ഥാനത്താണ്.

അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധ നേടിയ വൻകിട കമ്പനികൾക്ക് ടയർ-1 സിറ്റികളിലുള്ള പ്രാതിനിധ്യം കേരളത്തിന് ലഭ്യമാകുന്നില്ല എന്നതും സംസ്ഥാനത്തെ സ്വകാര്യ ഐ.ടി. ഡെവലപ്പേഴ്സിന്റെ അഭാവവും കേരളത്തിലെ ഐ.ടി മേഖലയുടെ വികസനത്തെ ബാധിക്കുന്നുണ്ട്. സ്ഥലദൗർലഭ്യവും, സംസ്ഥാനത്തെ മികച്ച പൊതു ഗതാഗത സംവിധാനങ്ങളുടെ അപര്യാപ്തതയും, പൊതുസ്വകാര്യ മേഖലകളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനം കൈവരിച്ചിട്ടില്ല എന്നതും വികസനത്തെ ബാധിക്കുന്നുണ്ട്.

(സി) നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ തുടന്ന കൊണ്ട് സംസ്ഥാനത്തെ ഐ.ടി. മേഖലയെ പരിപോഷിപ്പിക്കുവാനും കൂടുതൽ ഐ.ടി. സംരംഭങ്ങളെ ഇവിടേയ്ക്ക് ആകർഷിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു. പുതിയ ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുക.

**മന്ത്രിസഭാ ഉപസമിതിയുടെ പരിശോധന**

7 (*457) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :</u>
<u>ശ്രീ. എം. എം. മണി :</u>
<u>ശ്രീ. കെ. ആൻസലൻ :</u>
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ 2016 ജനുവരി 1-ന് ശേഷം എടുത്ത എല്ലാ മന്ത്രിസഭായോഗ തീരുമാനങ്ങളും സെക്രട്ടറിമാർ പരിശോധിച്ച് പുനഃപരിശോധന ആവശ്യമുള്ളത് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനക്ക് സമർപ്പിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ ഉപസമിതി ഫയൽ പരിശോധന പൂർത്തിയാക്കിയോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകളുടെ ഫയൽ പരിശോധന പൂർത്തിയാക്കിയെന്നും അതിന്റെയടിസ്ഥാനത്തിൽ മുൻ മന്ത്രിസഭയുടെ തീരുമാനം റദ്ദാക്കിയത് ഏതൊക്കെ കേസുകളിലാണെന്നും അറിയിക്കാമോ;

(സി) മുൻസർക്കാരിന്റെ അന്തിമ ഘട്ടത്തിൽ വ്യാപകമായി നടത്തിയതായി ആക്ഷേപമുള്ള പിൻവാതിൽ നിയമനം പുനഃപരിശോധിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) 1-1-2016 മുതൽ 30-4-2016 വരെയുള്ള കാലയളവിൽ കഴിഞ്ഞ സർക്കാരിന്റെ മന്ത്രിസഭായോഗ തീരുമാനങ്ങൾക്കനുസൃതമായി വിവിധ വകുപ്പുകളിൽനിന്നും പുറപ്പെടുവിച്ച ഉത്തരവുകളുടെ നിയമസാധുതയും സാങ്കേതികപരമായ വിഷയങ്ങളും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കൺവീനറായുള്ള മന്ത്രിസഭാ ഉപസമിതി പരിശോധിച്ചുവരികയാണ്. പരിശോധന അന്തിമഘട്ടത്തിലാണ്.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം**

8 (*458) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച ജെയിംസ് കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശം ലംഘിച്ച് പ്രവേശനം നടത്തിയ എത്ര കോളേജുകൾ ഉണ്ട്; ഇവ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കോളേജുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ഈ കോളേജുകൾ എന്തൊക്കെ മാർഗ്ഗനിർദ്ദേശ ലംഘനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) രണ്ട്. കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരകണ്ടി, കണ്ണൂർ, കരുണാ മെഡിക്കൽ കോളേജ്, പാലക്കാട് എന്നീ സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് ജെയിംസ് കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശം ലംഘിച്ച് പ്രവേശനം നടത്തിയവ.

(ബി&സി) ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതിലെ സുതാര്യതയില്ലായ്മയും അപേക്ഷകരുടെ ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, അലോട്ട്മെന്റ് ലിസ്റ്റ് എന്നിവ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതും അപേക്ഷാ സമർപ്പണത്തിന് വെബ്സൈറ്റ് സൗകര്യം പലപ്പോഴും ലഭ്യമാക്കാതിരുന്നതിന്റെയും മറ്റും അടിസ്ഥാനത്തിൽ കണ്ണൂർ മെഡിക്കൽ കോളേജ്, കരുണാ മെഡിക്കൽ കോളേജ് എന്നീ കോളേജുകളിലെ പ്രവേശനം അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി 2-10-2016-ലെ ഉത്തരവിലൂടെ റദ്ദാക്കുകയുണ്ടായി. ഇത്തരത്തിൽ പ്രവേശനം റദ്ദ് ചെയ്ത അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ഈ രണ്ടു മെഡിക്കൽ കോളേജുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഇതിന്മേൽ ടി കോളേജുകളിലെ അപേക്ഷകരേയും അപേക്ഷ നിരസിക്കപ്പെട്ടവരേയും പ്രവേശനം നേടിയവരേയും പ്രവേശനം സംബന്ധിച്ച് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിക്ക് പരാതി നൽകിയവരേയും പരിഗണിച്ചുകൊണ്ട് പ്രവേശനം പൂർത്തിയാക്കേണ്ട അവസാന തീയതിയായ 7-10-2016-ന് തന്നെ പ്രവേശന നടപടികളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനും മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനും പ്രവേശന പരീക്ഷാകമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് 6-10-2016-ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിരുന്നു. കൂടാതെ ഇതുസംബന്ധിച്ച റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാനും പ്രവേശന പരീക്ഷാ കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ കോടതി ഉത്തരവിൽ പരാമർശിച്ചിരുന്ന പ്രവേശനം സംബന്ധിക്കുന്ന ആധികാരികമായ രേഖകളൊന്നും തന്നെ കണ്ണൂർ മെഡിക്കൽ കോളേജധികാരികൾ ഹാജരാക്കിയിരുന്നില്ല. ഹാജരാക്കിയ ഏതാനും രേഖകൾ ആധികാരികമോ വ്യക്തതയുള്ളതോ അപേക്ഷകരുടെ റാങ്ക്, കാറ്റഗറി എന്നിവ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതോ ആയിരുന്നില്ല. കൂടാതെ കോളേജിനെ പ്രതിനിധീകരിച്ച വന്നവർ സ്പോട്ട് അഡ്മിഷൻ പ്രക്രിയയിൽ സഹകരിക്കുകയോ ഹാജർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കോളേജ്

അധികൃതരുടെ നിസ്സഹകരണവും പൂർണ്ണമായ വിവരങ്ങളുടെ അഭാവവുംമൂലം കണ്ണൂർ മെഡിക്കൽ കോളേജിലെ പ്രവേശനം സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്താനോ മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പുവരുത്താനോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സാധിച്ചിട്ടില്ല. പാലക്കാട് കരുണാ മെഡിക്കൽ കോളേജധികൃതർ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ പരാതിക്കാരെ സംബന്ധിച്ച വിവരങ്ങൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് കരുണാ മെഡിക്കൽ കോളേജധികൃതർ പ്രവേശനം നൽകിയിരുന്ന 70 വിദ്യാർത്ഥികളുൾപ്പെടെ അർഹരായ 100 വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു. നേരത്തെ പ്രവേശനം നേടിയിരുന്നവരിൽ ക്രമവിരുദ്ധമായി പ്രവേശനം നേടിയതായി കണ്ടെത്തി ഒഴിവാക്കപ്പെട്ട 30 വിദ്യാർത്ഥികളുടെ ലിസ്റ്റും തയ്യാറാക്കി.

ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ടും ലിസ്റ്റുകളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 13-10-2016-ന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം അനുസരിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ഡയാലിസിസ് യൂണിറ്റുകൾ പൂർണ്ണമായി അണുവിമുക്തമാക്കുവാൻ നടപടി

9 (*459) ശ്രീ. മുഹമ്മദ് മുഹസിൻ പി.
ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകൾ, ഹെപ്പറ്റൈറ്റിസ് അണുബാധിതരെയും മറ്റും പ്രത്യേക യന്ത്രങ്ങളിലാണോ ഡയാലിസിസ് ചെയ്യുന്നത് എന്ന് അറിയിക്കുമോ; ഡയാലിസിസിന് പുതുതായി വരുമ്പോൾ ഹെപ്പറ്റൈറ്റിസ് രോഗിയാണോ എന്ന് പരിശോധന നടത്താറുണ്ടോ;

(സി) ഹെപ്പറ്റൈറ്റിസ് അണുബാധിതരുടെ രക്തം ഡയാലിസിസ് യൂണിറ്റുകളിൽ വീഴാനിടയായാൽ അത് ഗുരുതരമായ പ്രത്യാഘാതം ഉണ്ടാക്കും എന്നത് കണക്കിലെടുത്ത് ഡയാലിസിസ് യൂണിറ്റുകൾ പൂർണ്ണമായും അണുവിമുക്തമാക്കിയാണ് ഉപയോഗിക്കുന്നത് എന്നുറപ്പ് വരുത്തുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദം എന്നിവ കൂടി വരുന്നതാണ് വൃക്കരോഗികളുടെ എണ്ണം കൂടി വരുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന്.

(ബി) സംസ്ഥാനത്ത് ഹെപ്പറ്റൈറ്റിസ് രോഗമുള്ളവരെ പ്രത്യേകം യന്ത്രത്തിലാണ് ഡയാലിസിസ് ചെയ്യുന്നത്. പുതിയതായി വരുന്ന രോഗികളിൽ ഹെപ്പറ്റൈറ്റിസ് ബി, എ, സി, എച്ച്.ഐ.വി തുടങ്ങിയ രോഗങ്ങളുടെ പരിശോധന നടത്തിയ ശേഷമാണ് ഡയാലിസിസ് നടത്താറുള്ളത്.

(സി) ഡയാലിസിസ് യൂണിറ്റുകൾ പൂർണ്ണമായും അണുവിമുക്തമാക്കിയാണ് പ്രവർത്തിപ്പിക്കുന്നത്. ഡയാലിസിസിന് വരുന്ന ഇത്തരം അണുബാധയുള്ള രോഗികൾക്കായി പ്രത്യേകം ഡയാലിസിസ് മെഷീൻ നീക്കിവയ്ക്കുന്നു. ഡയാലിസിസിന് ശേഷം ഡയാലിസിസിന് ഉപയോഗിക്കുന്ന ട്യൂബുകൾ മുതലായവ അപ്പപ്പോൾ തന്നെ പൂർണ്ണമായും അണുവിമുക്തമാക്കുന്നു. ഹെപ്പറ്റൈറ്റിസ് രോഗികളുടെ ഡയാലിസിസ് ട്യൂബുകളും മറ്റും പ്രത്യേകം സൂക്ഷിക്കുന്നു. മരുന്നുകളും മറ്റും നൽകാൻ ഡിസ്പോസബിൾ സിറിഞ്ചുകളും നീഡിലുകളും മാത്രം ഉപയോഗിക്കുന്നു.

## സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം

10 (*460) ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുന്നതിന് പോലീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ വിശദമാക്കുമോ:

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ചു;

(സി) മറ്റേതെങ്കിലും വകുപ്പിന്റെ സഹകരണം പ്രസ്തുത പദ്ധതിക്കുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ചും പോലീസിന്റെ ജനമൈത്രി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികൾ മുഖാന്തരം സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നടത്തി വരുന്നു. കൂടാതെ ജനമൈത്രി പോലീസിന്റെയും സൈബർ സെല്ലിന്റെയും സംയുക്ത സഹകരണത്തോടെ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനെ സംബന്ധിച്ചും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഇ-മെയിൽ എന്നിവ വഴി വരുന്ന വ്യാജ സന്ദേശങ്ങൾ ഉടനടി പോലീസിനെ അറിയിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണം നടത്തി വരുന്നതും വ്യാജ സന്ദേശങ്ങളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഈ വിവരം പോലീസിന്റെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജ് വഴിയും മറ്റു മാധ്യമങ്ങളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനവും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് സൈബർ ഡോമിന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പോലീസ് വകുപ്പിലെ സൈബർ സെല്ലിലെ ഉദ്യോഗസ്ഥരും പുറമെ നിന്നുള്ള വിശിഷ്ട ഫാക്കൽറ്റികളും ടി വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു.

(സി) തദ്ദേശ സ്വയംഭരണ വകുപ്പ്, എക്സൈസ്, സാമൂഹ്യക്ഷേമ വകുപ്പ്, യൂത്ത് കമ്മീഷൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണം പ്രസ്തുത പദ്ധതിക്ക് ലഭിച്ചുവരുന്നു.

## സമഗ്ര ശിശു സംരക്ഷണ പദ്ധതി

11 (*461) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. എസ്. ശർമ്മ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്നും പദ്ധതിയുടെ സംസ്ഥാന വിഹിതം എത്രയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. സർക്കാർ നടപ്പിലാക്കി വന്നിരുന്ന വിവിധ ശിശുസംരക്ഷണ പദ്ധതികളും സംവിധാനങ്ങളും ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനായി 2009-2010 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി ( Integrated Child Protection Scheme). ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളവർ, നിയമവുമായി പൊരുത്തപ്പെടാത്തവർ എന്നീ വിഭാഗത്തിൽപ്പെടുന്ന കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. കുട്ടികളുടെ അവകാശ സംരക്ഷണം, കുട്ടികളുടെ ഉത്തമ താൽപ്പര്യം സംരക്ഷിക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ അടിസ്ഥാനതത്വങ്ങൾ. കുട്ടികൾക്ക് സുരക്ഷിതമായ സാഹചര്യം സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം.

ഐ.സി.പി.എസ്. പദ്ധതി സംസ്ഥാനത്ത് 2009-2010 സാമ്പത്തിക വർഷം മുതൽ തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി സൊസൈറ്റി സമ്പ്രദായത്തിൽ

നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ നിർദ്ദേശം. അതനുസരിച്ച് ഐ.സി.പി.എസ്. പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കുവേണ്ടി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി 2011-ൽ രജിസ്റ്റർ ചെയ്തു. ഇപ്പോൾ പദ്ധതി പൂർണ്ണമായും പ്രവർത്തനസജ്ജമാണ്. ഇതിന്റെ ഘടകങ്ങൾ എല്ലാം തന്നെ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഐ.സി.പി.എസ്.-ന്റെ ഘടകങ്ങളും അവയുടെ സംസ്ഥാന വിഹിതവും താഴെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി | - | 40% |
| 2. | സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി | - | 40% |
| 3. | ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ | - | 40% |
| 4. | ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ | - | 65% |
| 5. | ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ | - | 65% |
| 6. | സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് | - | 100% |
| 7. | ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങൾ | - | 40% |

(സി) സംസ്ഥാനത്ത് വിഷമകരമായ സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിലേക്കായി Vulnerability mapping നടത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനം ബാലസൗഹൃദമാക്കുക എന്ന ഉദ്ദേശ്യത്തോടെ ബാല സുരക്ഷാ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

സ്വഭാവ വ്യതിയാനമുള്ള കുട്ടികളെ കണ്ടുപിടിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെ Our responsibility to children എന്ന പദ്ധതി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 93 സ്കൂളുകൾ മുഖാന്തരം നടപ്പിലാക്കി വരുന്നു. ഇത് പൂർണ്ണമായും സംസ്ഥാന ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്.

## പ്രവാസി ക്ഷേമത്തിനായി സാന്ത്വന പദ്ധതി

12 (*462) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കെ. വി.അബ്ദുൾ ഖാദർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങി എത്തുന്നവരുടെ ക്ഷേമത്തിനായി സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം കാര്യങ്ങൾക്കാണ് ധനസഹായം നൽകി വരുന്നത്; ഇത് ലഭിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മരണമടഞ്ഞ പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് മരണാനന്തര ധനസഹായം നൽകുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങിയെത്തുന്ന നിർദ്ധനരായ കേരളീയരെയും കുടുംബാഗംങ്ങളെയും സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെ സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ഇതുവരെ 9400 പേർക്ക് 31 കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2016-17-ാം വർഷം 425 പേർക്കായി 1,95,58,000 രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 5 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി നോർക്ക റൂട്ട്സിന് അനുവദിച്ച് ഉത്തരവ് നല്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ നിബന്ധനകൾക്കു വിധേയമായി പ്രവാസി മലയാളികളുടെ/കുടുംബാംഗങ്ങളുടെ ചികിൽസയ്ക്ക് പരമാവധി 50,000 രൂപ വരെയും, മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000 രൂപ വരെയും, പ്രവാസിയുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി 15,000 രൂപ വരെയും, പ്രവാസിക്കോ കുടുംബാംഗങ്ങൾക്കോ വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി 10,000 രൂപ വരെയും ഒറ്റത്തവണയായി ധനസഹായം നല്കിവരുന്നുണ്ട്.

സാന്ത്വന പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു:

- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 1,00,000 രൂപയിലധികമാകാൻ പാടില്ല.
- കുറഞ്ഞത് രണ്ട് വർഷം പ്രവാസിയായിരുന്നിരിക്കണം.
- പ്രവാസി തിരിച്ചെത്തിയ കാലം മുതൽ കണക്കാക്കുമ്പോൾ വിദേശത്ത് എത്ര വർഷം ജോലി ചെയ്തിരുന്നുവോ അത്രയും വർഷത്തിനകം പരമാവധി 10 വർഷം എന്ന കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.
- അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും അപേക്ഷകന് ജോലിയുണ്ടായിരിക്കുവാൻ പാടില്ല.

(സി) മരണാനന്തര ധനസഹായം ഉൾപ്പെടുത്തിയിട്ടുണ്ട്. പരമാവധി 1,00,000 രൂപ (ഒരു ലക്ഷം രൂപ)

**കാലാവസ്ഥാ നിരീക്ഷണ സംവിധാനം**

13 (*463) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നബാർഡ് ഏർപ്പെടുത്തിയിട്ടുള്ള ഗ്രീൻക്ലൈമറ്റ് ഫണ്ട് സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം നേരിടാനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കാലാവസ്ഥാ നിരീക്ഷണത്തിന് വേണ്ടി സർക്കാർ അഗ്രി ഫാമുകളിലും മറ്റ് പൊതുസ്ഥാപനങ്ങളിലും എവിടെയൊക്കെയാണ് കാലാവസ്ഥാമാപിനികൾ സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതുവഴി കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ലഭ്യമാകുന്നുണ്ടോ;

(ഡി) ഏതൊക്കെ സ്ഥലങ്ങളിലെ കാലാവസ്ഥാമാപിനികളാണ് പ്രവർത്തിക്കാത്തതെന്ന് അറിയിക്കുമോ;

(ഇ) കാലാവസ്ഥാ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) കാലാവസ്ഥാ വ്യതിയാനം നിരീക്ഷിക്കാൻ ഐ.എസ്.ആർ.ഒ.-യുടെ കാലാവസ്ഥ നിരീക്ഷണ ഉപഗ്രഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തി അതിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങൾ കാലാവസ്ഥാ വ്യതിയാനം മൂലം നിരന്തരം ദുരിതമനുഭവിക്കുന്ന കർഷകർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരെ അറിയിക്കുവാൻ എന്തെങ്കിലും സംവിധാനങ്ങൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് United Nations Framework Convention on Climate Change (UNFCCC) ഏർപ്പെടുത്തിയിട്ടുള്ള ധനകാര്യ സംവിധാനമാണ് ഗ്രീൻ ക്ലൈമറ്റ് ഫണ്ട്. നബാർഡ് ഇതിന്റെ നാഷണൽ ഇംപ്ലിമെന്റിംഗ് എൻറ്റിറ്റിയാണ്. സംസ്ഥാനത്ത് നിന്ന് ഗ്രീൻ ക്ലൈമറ്റ് ഫണ്ട് സംബന്ധിച്ച് തയ്യാറാക്കുന്ന പദ്ധതികൾ പരിശോധിക്കുന്നതിനും ശിപാർശ ചെയ്യുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പ്, പാലക്കാട് ജില്ലാ പഞ്ചായത്ത്, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്നിവ ചേർന്ന് നടപ്പാക്കുന്ന ഒരു പദ്ധതി സ്റ്റിയറിംഗ് കമ്മിറ്റി ഇതിനകം പരിഗണിക്കുകയും ഭേദഗതികളോടെ ഗ്രീൻ ക്ലൈമറ്റ് ഫണ്ടിൽനിന്നും ധനസഹായം ലഭിക്കുന്നതിനു വേണ്ടി Ministry of Environment, Forest & Climate Change-ന് സമർപ്പിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പും ആരോഗ്യ വകുപ്പും ചേർന്നുള്ള മറ്റൊരു പദ്ധതിയും തയ്യാറാക്കി വരുന്നുണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനും ആഘാതം ലഘൂകരിക്കുന്നതിനുമായി സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ കർമ്മ പദ്ധതി നടപ്പാക്കുന്നതിനായി പരിസ്ഥിതി കാലാവസ്ഥാ

വ്യതിയാന ഡയറക്ടറുടെ നേതൃത്വത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പരിപാടികൾ രൂപീകരിക്കുന്നതിന്റെ ബൗദ്ധിക ശാഖ (Intellectual Arm) എന്ന നിലയ്ക്കാണ് കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്. ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് പ്രധാന പാരിസ്ഥിതിക വിഷയങ്ങളിൽ ഊന്നൽ നൽകുന്ന ബൃഹത്തായ 'ഹരിത കേരളം' പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് വഴി ലഭിച്ച 25 കോടി രൂപയുടെ മത്സ്യവും നെല്ലും ഒരുമിച്ച് കൃഷി ചെയ്യുന്നതിനുള്ള പദ്ധതി ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കി വരികയാണ്.

(സി & ഡി) കാലാവസ്ഥാ നിരീക്ഷണത്തിനായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം 16 ഇടങ്ങളിലും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിലുമായി ചേർന്ന് 9 ഇടങ്ങളിലും കൃഷി വകുപ്പ് 131 ഇടങ്ങളിലും ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം 3 ഇടങ്ങളിലും ആധുനിക കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും തേക്കടിയിൽ കാലാവസ്ഥാ നിരീക്ഷണസംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം സ്ഥാപിച്ചിട്ടുള്ള വെതർ സ്റ്റേഷനുകളിൽ 6 എണ്ണം (കൊട്ടാരക്കര, മൂന്നാർ, വാഴത്തോപ്പ്, വെള്ളാണിക്കര, കോഴിക്കോട്, കുഡ്‌ലു) പൂർണ്ണമായും 2 എണ്ണം (തിരുവനന്തപുരം, തവനൂർ) ഭാഗികമായും പ്രവർത്തിക്കുന്നില്ല. മറ്റെല്ലാ വെതർ സ്റ്റേഷനുകളും പ്രവർത്തനക്ഷമമാണ്.

(ഇ&എഫ്) കാലാവസ്ഥാ നിരീക്ഷണവും ഇതുസംബന്ധിച്ച ശാസ്ത്രീയാപഗ്രഥനവും പ്രധാനമായും കേന്ദ്ര സർക്കാർ സ്ഥാപനമായ ഇന്ത്യാ മീറ്ററോളജിക്കൽ ഡിപ്പാർട്ട്മെന്റാണ് ചെയ്തു വരുന്നത്. ISRO-യുടെ ഉപഗ്രഹങ്ങൾ മുഖേന ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും ആവശ്യമായ മുന്നറിയിപ്പുകൾ നൽകുന്നുണ്ട്. കൂടാതെ ലാന്റ് റവന്യൂ വകുപ്പിന് കീഴിൽ എല്ലാ താലൂക്ക് ഓഫീസുകളിലും ആധുനിക കാലാവസ്ഥാ നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള 'വേഴാമ്പൽ' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

## മൈക്രോ ഫിനാൻസ് വായ്പാ തട്ടിപ്പ്

14 (*464) ശ്രീ. എം. മുകേഷ് :
ശ്രീ. എം. എം. മണി :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ ഫിനാൻസ് വായ്പയുടെ മറവിൽ വ്യാജ രേഖകൾ ചമച്ച് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്ന് കോടികൾ തട്ടിയെടുത്തതായ ആക്ഷേപം സംബന്ധിച്ച കേസ്സിൽ വിജിലൻസ് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ഒന്നാം പ്രതിയായ പ്രസ്തുത കേസിൽ മറ്റ് പ്രതികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ വകുപ്പുകൾ ചേർത്താണ് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) വിജിലൻസ് അന്വേഷണം സമയബന്ധിതമായി പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇക്കാര്യത്തിൽ VC 05/2016/SRT നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ടി കേസിലെ കുറ്റാരോപിതരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീ. വെള്ളാപ്പള്ളി നടേശൻ
2. ശ്രീ. എം. എൻ. സോമൻ, എസ്.എൻ.ഡി.പി.യോഗം കൊല്ലം ജില്ലാ പ്രസിഡന്റ്
3. ശ്രീ. കെ. കെ. മഹേശൻ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എസ്.എൻ.ഡി.പി.യോഗം, മൈക്രോഫിനാൻസ് സ്കീം.
4. ശ്രീ. എം. നജീബ്, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
5. ശ്രീ. ദിലീപ് കുമാർ, S/o ഭാർഗവൻ, ശാന്തി നഗർ, തിരുവനന്തപുരം.

(സി) 1988-ലെ അഴിമതി നിരോധന നിയമത്തിലെ 13(2) r/w 13(1) (c) (d) വകുപ്പുകൾ പ്രകാരവും 1860-ലെ ഇന്ത്യൻ പീനൽ കോഡിലെ 420, 468, 471, 120 (ബി) 34 വകുപ്പുകൾ പ്രകാരവുമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ഡി) സ്വീകരിക്കും.

**പുതിയ ആരോഗ്യ നയം**

15 (*465) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ആരോഗ്യനയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഏതെല്ലാം മേഖലകൾക്കാണ് നയത്തിൽ ഊന്നൽ നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിവരിക്കുമോ;

(സി) പുതിയ ആരോഗ്യ നയം എന്ന് നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) 22-8-2016-ലെ സ.ഉ.(സാധാ) നമ്പർ 2326/16/ആ.കു.വ. ഉത്തരവ് പ്രകാരം സമഗ്ര ആരോഗ്യ നയം രൂപവൽക്കരിക്കുന്നതിനുവേണ്ടി റിപ്പോർട്ട് തയ്യാറാക്കാൻ 17 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. കേരളം നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. പ്രാഥമികാരോഗ്യ സേവനത്തിനും കുടുംബ ഡോക്ടർ പദ്ധതിക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ആരോഗ്യ നയമാണ് തയ്യാറാക്കുന്നത്.

(സി) ആരോഗ്യ നയം തയ്യാറാക്കുന്നതിനുവേണ്ടി രൂപീകരിച്ച സമിതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളുടേയും അഭിപ്രായം ക്രോഡീകരിച്ചതിനുശേഷം നവംബറിൽ അന്തിമ റിപ്പോർട്ട് ടി സമിതി സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

**അന്ത്യോദയ അന്നയോജന പദ്ധതി**

16 (*466) ശ്രീ. എം. നൗഷാദ് :
ശ്രീ. എ. എം. ആരിഫ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ത്യോദയ അന്നയോജന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്രസർക്കാർ നടപ്പു വർഷം പ്രതിമാസം എത്ര ടൺ അരിയാണ് അനുവദിച്ചിരിക്കുന്നത്;

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ്;

(ഡി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് അനുവദനീയമായ എ.എ.വൈ. കാർഡുകളുടെ എണ്ണം 5,95, 800 ആണെങ്കിലും 5,82,365 എ.എ.വൈ. കാർഡുകൾ മാത്രമാണ് നിലവിലുള്ളത്. അർഹത പരിശോധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശിപാർശ ചെയ്യുന്നതനുസരിച്ചാണ് ഗുണഭോക്താക്കളെ എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന ലിസ്റ്റ് പ്രകാരം ഒഴിവുകൾ നികത്തി വരുന്നു. ഭക്ഷ്യ ഭദ്രതാ നിയമം വിഭാവന ചെയ്യുന്ന മുൻഗണനാ വിഭാഗത്തെ കണ്ടെത്തലിലൂടെ അനുവദനീയമായതും അർഹരായതുമായ 5,95,800 ഗുണഭോക്താക്കളെ സംസ്ഥാനത്ത് കണ്ടെത്തുവാൻ സാധിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാർ നടപ്പു വർഷം പ്രതിമാസം 20855 മെട്രിക് ടൺ അരിയാണ് അനുവദിച്ചിരിക്കുന്നത്.

(സി) സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ള ഗൃഹനാഥൻ/ഗൃഹനാഥയുള്ള കുടുംബങ്ങൾ, സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗ ബാധിതരോ അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ ഏകയായ സ്ത്രീയോ പുരുഷനോ, പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങൾ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

(ഡി) കുഷ്ഠരോഗ ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ എയ്ഡ്സ് പോലുള്ള രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കിൽ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകുന്നവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി വിപുലമാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് എ.എ.വൈ. കമ്മീഷൻ കുടിശ്ശിക ഏകദേശം 10 കോടി രൂപയാണ്. ഇതു നൽകാൻ അഡീഷണൽ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**എയർ ആംബുലൻസ് പദ്ധതി**

17 (*467) <u>ശ്രീ. എം. വിൻസെന്റ് :</u>
<u>ശ്രീ. ഐ. സി.ബാലകൃഷ്ണൻ :</u>
<u>ശ്രീ. അടൂർ പ്രകാശ് :</u>
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ സംസ്ഥാനത്ത് എയർ ആംബുലൻസ് പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അവയവങ്ങൾ കൊണ്ടുപോകാനും അതീവ ഗുരുതരാവസ്ഥയിലുള്ള രോഗികളെ വേഗം മറ്റ് ചികിത്സാ സ്ഥലങ്ങളിൽ എത്തിക്കാനും എന്തെല്ലാം സംവിധാനങ്ങളാണ് പദ്ധതി വഴി ലക്ഷ്യമിട്ടിരിക്കുന്നത്; വിവരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ധാരണാപത്രം ഒപ്പിട്ടിരുന്നോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി മുന്നോട്ട് കൊണ്ടുപോകാനും കാര്യക്ഷമമായി നടത്താനും എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കേരളത്തിലെ അത്യാസന്ന നിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേയ്ക്ക് കൊണ്ടുപോകുന്നതിനും അവയവമാറ്റ ശാസ്ത്രക്രിയയെ സഹായിക്കുന്നതിനുമായി മുൻ സാർക്കാരിന്റെ കാലത്ത് എയർ ആംബുലൻസ് പദ്ധതി വിഭാവന ചെയ്തിരുന്നു.

(ബി) എയർ ആംബുലൻസ് ഉപയോഗിച്ച് അത്യാസന്ന നിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേയ്ക്ക് കൊണ്ടുപോകുന്നതിനും അവയവമാറ്റ ശസ്ത്രക്രിയയെ സഹായിക്കുന്നതിനുമുള്ള ഒരു പദ്ധതിയായിരുന്നു അത്. പദ്ധതി അതിന്റെ പ്രാരംഭ ദിശയിലായിരുന്നതിനാൽ വിശദമായ പ്രായോഗിക സംവിധാനങ്ങളിലേയ്ക്ക് പദ്ധതി എത്തിചേർന്നിരുന്നില്ല.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ട്രാൻസ്പ്ലാന്റും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജിയും തമ്മിൽ ധാരണാപത്രം ഒപ്പു വയ്ക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ ധാരണാപത്രത്തിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്ന ധനവകുപ്പിന്റെ നിർദ്ദേശത്തെ തുടർന്ന് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലകൂടി പരിഗണിച്ച് എയർ ആംബുലൻസ് പദ്ധതി നിർത്തിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.

(ഡി) ഈ പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

## പി.എസ്.സി.-യുടെ പ്രവർത്തനങ്ങളിലെ ഗുണപരമായ മാറ്റങ്ങൾ

18 (*468) ശ്രീ. അനിൽ അക്കര:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി.- യുടെ പ്രവർത്തനങ്ങളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് വരുത്താൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും നിയമനത്തിന് അഡ്വൈസ് നൽകുന്നതിലും എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചത്; വിവരിക്കുമോ;

(സി) പി.എസ്.സി.-യുടെ പരീക്ഷാ സമ്പ്രദായങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് പ്രസ്തുത കാലയളവിൽ നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആധുനിക സാങ്കേതികവിദ്യ ഉപയുക്തമാക്കി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗതയും കൃത്യതയും വർദ്ധിപ്പിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. One Time Registration സംവിധാനം നടപ്പിൽ വരുത്തി. ആയതിന്റെ തുടർ നടപടിയായ One Time Verification സംവിധാനവും നടപ്പിൽ വരുത്തി.

മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. നടത്തിയ പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| നടത്തിയ പരീക്ഷകൾ | 2523 |
| പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ | 3408 |
| നിയമന ശിപാർശകളുടെ എണ്ണം | 1,54,383 |

പരീക്ഷാരീതി പരിഷ്കരണത്തിന്റെ ഭാഗമായി Online പരീക്ഷാ സംവിധാനം കേരള പി.എസ്.സി.-യിൽ നടപ്പിലാക്കി. ഇതിനായി പി.എസ്.സി. സ്വന്തമായി മൂന്ന് Online പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചു. കൂടാതെ വകുപ്പുതല പരീക്ഷകൾ കമ്പ്യൂട്ടർവൽക്കരിച്ചു.

## മതാചാരങ്ങളിലെ നിലപാട്

19 (*469) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത-ആരാധനാ സമ്പ്രദായങ്ങളിൽ തിരുത്തലുകൾക്കോ പരിഷ്കാരങ്ങൾക്കോ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഏത് രീതിയിലുള്ള ഇടപെടലാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മത-ആരാധന-ആചാര അനുഷ്ഠാനങ്ങളിൽ തിരുത്തലുകളോ പരിഷ്കാരങ്ങളോ നിലവിൽ ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ നിലപാട് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) മത-ആരാധന-ആചാരാനുഷ്ഠാനങ്ങളിൽ തിരുത്തലുകളോ പരിഷ്കാരങ്ങളോ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഭരണഘടനയ്ക്കും കോടതി വിധികൾക്കും അനുസൃതമായി ആവശ്യമുണ്ടെങ്കിൽ മാത്രം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ

20 (*470) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തുനിന്ന് നിർമ്മാർജ്ജനം ചെയ്ത സാംക്രമിക രോഗങ്ങളിൽ വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുളളവ ഏതെല്ലാമെന്നും ഇതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ:

(സി) സാംക്രമിക രോഗനിയന്ത്രണകാര്യത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കി. മേയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനമനുസരിച്ച് ജൂൺ 1 മുതൽ 5 വരെ ശുചീകരണവാരമായി ആചരിച്ചു. ശുചീകരണവും കൊതുകിന്റെ ഉറവിട നശീകരണവും നടത്തിയിരുന്നു. കൂടാതെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റുദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധനസാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തി. രോഗം പൊട്ടിപുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹസന്ദർശനം, മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപകർച്ച തടയുന്നതിനുള്ള കൊതുകുനശീകരണ പ്രവർത്തനങ്ങളും ജലശുദ്ധി ഉറപ്പു വരുത്തുവാനായി ക്ലോറിനേഷൻ, ബോധവത്കരണ പ്രവർത്തനങ്ങൾ വയറിളക്ക രോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്.-ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. സെപ്റ്റംബർ-1 ന് ഹെൽത്തി കേരള ക്യാമ്പയിൻ നടത്തി കേരളത്തിലുടനീളം ഭക്ഷണശാലകൾ പരിശോധിച്ച് അവിടുത്തെ ശുചിത്വം ഉറപ്പാക്കി. സെപ്റ്റംബർ 19 മുതൽ 24 വരെ വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും ശുചീകരണ ഉറവിട നശീകരണ ക്യാമ്പയിൻ നടത്തി. കൂടാതെ ഒക്ടോബർ 2 മുതൽ 5 വരെ ഉറവിട നശീകരണ ക്യാമ്പയിൻ 6,7 തീയതികളിൽ ജലശുദ്ധി ക്യാമ്പയിൻ എന്നിവ നടത്തി.

(ബി) നിർമ്മാർജ്ജനം ചെയ്തതായി പ്രഖ്യാപിച്ച സംക്രമിക രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടില്ല. 1965- ൽ കേരളത്തിൽ ആർക്കും മലമ്പനി റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യം സൃഷ്ടിക്കുവാൻ സാധിച്ചുവെങ്കിലും തുടർ വർഷങ്ങളിൽ അത് വീണ്ടും തിരിച്ചെത്തി.

(സി) സാംക്രമിക രോഗ നിയന്ത്രണത്തിന് സഹായകരമാകുന്ന രീതിയിൽ പ്രതിദിന, പ്രതിവാര, പ്രതിമാസ റിപ്പോർട്ടിംഗ്, റിവ്യൂ സംവിധാനം മുതലായവ സമയബന്ധിതമായി നടത്തുന്നുണ്ട്.

സാംക്രമിക രോഗങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ ദിവസേന പ്രസിദ്ധീകരിച്ച് വരുന്നുണ്ട്.

ഓരോ വർഷവും ആദ്യം പ്രാദേശിക പ്രത്യേകതകൾക്ക് അനുസൃതമായി പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപദ്ധതി തയ്യാറാക്കി സമയബന്ധിതമായ പ്രവർത്തനം നടത്തിവരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പും ശുചിത്വമിഷനുമായി ചേർന്ന് മഴക്കാല പൂർവ്വശുചീകരണവും കൊതുക് ഉറവിട നശീകരണവും രോഗപ്രതിരോധത്തിന് വളരെയേറെ സഹായകരമാകുന്നുണ്ട്.

ആരോഗ്യബോധവൽക്കരണത്തിന് എല്ലാ ജില്ലകളിലും നടത്തുന്ന ആരോഗ്യ സന്ദേശയാത്ര രോഗപ്രതിരോധത്തിന് പൊതുജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഉപകാരപ്രദമാണ്.

മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തുന്ന വിവിധതരം ക്യാമ്പയിനുകൾ കൊതുകുജന്യരോഗ-ജലജന്യരോഗ നിയന്ത്രണത്തിന് സഹായമാകുന്നുണ്ട്.

സേഫ് കേരള ക്യാമ്പയിൻ, ഹെൽത്തികേരള ക്യാമ്പയിൻ തുടങ്ങിയ പേരുകളിൽ പൊതുജനാരോഗ്യ നിയമപ്രകാരം വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും മറ്റും പരിശോധന നടത്തി ആവശ്യാനുസരണം നിയമനടപടികൾ ആരോഗ്യ വകുപ്പ് ഫുഡ് സേഫ്റ്റി, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുമായി ചേർന്ന് സ്വീകരിച്ച് വരുന്നു.

വിവിധ സർക്കാർ മെഡിക്കൽ കോളേജുകളെ തമ്മിൽ ബന്ധിപ്പിച്ച് റഫറൽ ലാബ് നെറ്റ് വർക്കിംഗ് സംവിധാനം ഉപയോഗിച്ച് രോഗം പൊട്ടിപ്പുറപ്പെടുന്നിടത്ത് ഇൻവെസ്റ്റിഗേഷനും സ്ഥിരീകരണവും കൂടുതൽ കാര്യക്ഷമമായി നടത്തുന്നുണ്ട്.

സംസ്ഥാനതലം മുതൽ വാർഡ് തലം വരെ വിവിധ തലങ്ങളിൽ ഇന്റർസെക്ടറൽ കോ-ഓർഡിനേഷൻ യോഗം നടത്തി വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

പകർച്ചവ്യാധികളെ സംബന്ധിക്കുന്ന ഗവേഷണ/സാങ്കേതിക പരിജ്ഞാന സ്ഥാപനങ്ങളായ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, പൂനെ, വെക്ടറൽ കൺട്രോൾ റിസർച്ച് സെന്റർ, പോണ്ടിച്ചേരി, വൈറോളജി റിസർച്ച് സെന്റർ, മണിപ്പാൽ, വി.സി.ആർ.സി., കോട്ടയം, എൻ.ഐ.വി. യൂണിറ്റ്, ആലപ്പുഴ, സി.ആർ.എം.ഇ., മധുര, ആർ.ജി.സി.ബി, തിരുവനന്തപുരം തുടങ്ങിയ ഏജൻസികളുടെ സാങ്കേതിക സഹകരണവും ഉറപ്പാക്കുന്നുണ്ട്.

**തന്റേടം-ജെൻഡർ പാർക്ക്**

21 (*471) പ്രൊഫ. കെ. യു. അരുണൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വീണാ ജോർജ്ജ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 'തന്റേടം-ജെൻഡർ പാർക്ക്' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) വിവിധ വികസന മേഖലകളിൽ സ്ത്രീകളുടെ ബുദ്ധിപരവും സൃഷ്ടിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ നേതൃസ്ഥാനത്തേക്ക് കൊണ്ടുവരുന്നതിനും ഈ പദ്ധതി എങ്ങനെയെല്ലാം സഹായിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) 'ഷീ ടാക്സി' പോലെയുള്ള തൊഴിൽദാനപരിപാടികൾ ഈ പദ്ധതിയിൻ കീഴിൽ സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക പുരോഗതി ലക്ഷ്യമിട്ടുകൊണ്ടും സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലിംഗസമത്വം നടപ്പാക്കുന്നതിനുമായി ജെൻഡർ പാർക്ക് ആരംഭിച്ചിട്ടുണ്ട്.

(ബി) വിവിധ വികസന മേഖലകളിൽ സ്ത്രീകളുടെ ബുദ്ധിപരവും സൃഷ്ടിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ നേതൃസ്ഥാനത്തേക്ക് കൊണ്ടുവരുന്നതിനും ജെൻഡർ പാർക്ക് മുഖേന വിവിധ പദ്ധതികൾ

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ തൊഴിൽദാന പരിപാടിയായ 'ഷീ ടാക്സി' തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ വനിതകൾക്കായി വിവിധ പരിശീലന പരിപാടികൾ നടത്തുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. സ്ത്രീകളുടെ ബുദ്ധിപരമായ കഴിവുകളെ വികസിപ്പിക്കുന്നതിനായി വിവിധ കോഴ്സുകൾ, ഉന്നത വിദ്യാഭ്യാസ കൂട്ടായ്മകൾ, ലിംഗ സമത്വം, സ്ത്രീശാക്തീകരണ കാര്യരേഖ, സ്ത്രീകൾ അഭിമുഖീകരിക്കുന്ന ദൈനംദിന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളുടെയും അറിവുകളുടെയും കൈമാറ്റത്തിനുവേണ്ടി ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ സെമിനാറുകൾ, സിമ്പോസിയങ്ങൾ, ഓപ്പൺ ഫോറങ്ങൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും ലിംഗഭേദവും വികസനവും സംബന്ധിച്ച ബഹുമുഖ ഗവേഷണങ്ങൾക്കുമായുള്ള ഇന്ത്യയിലെ ആദ്യ നിർദ്ദിഷ്ട അന്താരാഷ്ട്ര കേന്ദ്രമായ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ആന്റ് ഡെവലപ്മെന്റ് (IIGD) രൂപീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) ജെൻഡർ പാർക്കിന്റെ ആദ്യത്തെ തൊഴിൽദാന പരിപാടിയാണ് 'ഷീ ടാക്സി'. പുരുഷൻമാർ മാത്രം കടന്നു ചെല്ലാൻ ഇഷ്ടപ്പെട്ടിരുന്ന ഈ മേഖലയിലേയ്ക്ക് പ്രസ്തുത പദ്ധതിയിലൂടെ സ്ത്രീകൾക്കും കടന്നു ചെല്ലാൻ ഉത്തേജനം ലഭിക്കുകയുണ്ടായി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി 'ഷീ ടാക്സി' വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ വനിതകളെ സ്വയം പര്യാപ്തരാക്കുന്ന തരത്തിലുള്ള വിവിധ പദ്ധതികൾ ജെൻഡർ പാർക്ക് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

### മാനസികാരോഗ്യ പരിചരണ നിയമം

22 (*472) ശ്രീ. ബി. ഡി. ദേവസ്സി:

ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാസ്സാക്കിയ മാനസികാരോഗ്യ പരിചരണ നിയമത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് ചികിത്സയും സംരക്ഷണവും ലഭിക്കാതെ അലഞ്ഞു നടക്കുന്ന മനോരോഗികളുടെ സംരക്ഷണത്തിനും ചികിത്സയ്ക്കുമായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ അറിയിക്കാമോ;

(ബി) സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവുകൊണ്ടും ആധുനിക ചികിത്സയ്ക്ക് വേണ്ട മരുന്നുകളുടെയും ഉപകരണങ്ങളുടെയും അപര്യാപ്തത കൊണ്ടുമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകുമോ;

(സി) സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ചിലത് അശാസ്ത്രീയ ചികിത്സാ രീതികൾ പിൻതുടരുന്നവയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സ്ഥാപനങ്ങളെ നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും ഫലപ്രദമായ സംവിധാനമുണ്ടോ;

(ഡി) രോഗമുക്തി നേടിയവരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതിയുണ്ടെങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പുതിയ മാനസികാരോഗ്യ പരിചരണ നിയമം പ്രാബല്യത്തിൽ വന്നിട്ടില്ല. 1987-ലെ മെന്റൽ ഹെൽത്ത് ആക്ടിലെ സെക്ഷൻ 23 & 24 -ൽ അലഞ്ഞു തിരിയുന്ന രോഗികളെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ച് ചികിത്സിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതാത് പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ അലഞ്ഞു തിരിയുന്ന മാനസിക രോഗികളെ പോലീസ് ഏറ്റെടുത്ത് മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കുകയും മജിസ്ട്രേറ്റിന്റെ ഉത്തരവ് പ്രകാരം മാത്രം മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങളിൽ അഡ്മിറ്റ് ചെയ്യേണ്ടതുമാണ്. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന മനോരോഗികളുടെ സംരക്ഷണത്തിനും ചികിത്സയ്ക്കുമായുള്ള സൗകര്യം തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അത്തരം രോഗികൾക്ക് ശരിയായ ചികിത്സ നൽകുകയും ചെയ്യുന്നു. അസുഖം ഭേദമാകുന്ന മുറയ്ക്ക് ശരിയായ മേൽവിലാസം ലഭ്യമായ രോഗികളെ സുരക്ഷിതമായി വീട്ടിലെത്തിക്കാനുള്ള നടപടികൾ ചെയ്തു വരുന്നു. അന്യസംസ്ഥാന രോഗികളാണെങ്കിൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അനുമതിയോടെയും അവരെ ആ സംസ്ഥാനത്തെ ലീഗൽ സർവ്വീസ് അതോറിറ്റിയുമായി ബന്ധപ്പെട്ട് അവരവരുടെ വീടുകളിൽ എത്തിക്കുന്നതാണ്. വിലാസം ലഭ്യമല്ലാത്ത എന്നാൽ പുനരധിവാസം യോഗ്യരായവരെ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച പുനരധിവാസ കേന്ദ്രങ്ങളിൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അനുവാദത്തോടെ പ്രവേശിപ്പിക്കുന്നു.

(ബി) മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് താൽക്കാലികാടിസ്ഥാനത്തിൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. സർക്കാർ എസൻഷ്യൽ ഡ്യൂട്ടി ലിസ്റ്റ് പ്രകാരമുള്ള മാനസികാരോഗ്യത്തിനുള്ള 39-ഓളം മരുന്നുകൾ എല്ലാ മാനസികാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. കൂടുതൽ ആവശ്യം വരുന്ന മരുന്നുകൾ എച്ച്.എം.സി. ഫണ്ട് ഉപയോഗിച്ച് വാങ്ങി രോഗികൾക്ക് നൽകിവരുന്നുണ്ട്.

(സി) ഉണ്ട്. സ്വകാര്യ മേഖലയിലുള്ള മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 1987-ലെ മെന്റൽ ഹെൽത്ത് ആക്ടും 2012-ലെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസും പ്രകാരമുള്ള ലൈസൻസ് അവയുടെ പ്രവർത്തനത്തിന് നിർബന്ധമാക്കിയിട്ടുണ്ട്. ലൈസൻസിംഗ് പ്രക്രിയ തുടർന്നുവരുന്നു. ലൈസൻസിംഗ് അതോറിറ്റിയായ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ് ഇത്തരം സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതും നിയന്ത്രിക്കുന്നതും. നാളിതുവരെ ലൈസൻസിനായി 224 അപേക്ഷകൾ മെന്റൽ ഹെൽത്ത് അതോറിറ്റി ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 83 സ്ഥാപനങ്ങൾക്കാണ് ടി ആക്ടും റൂൾസും പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 76 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിക്കഴിഞ്ഞു. 7 സ്ഥാപനങ്ങൾക്കുകൂടി ലൈസൻസ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) രോഗവിമുക്തി നേടിയവരുടെ പകൽ സമയ പുനരധിവാസത്തിനായി സംസ്ഥാനത്തൊട്ടാകെ 2013-2014 മുതൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ 26 പകൽ വീടുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും പകൽ വീടുകളുണ്ട്. പകൽവീടുകളിൽ മാനസികരോഗം ഭേദമായവർക്ക് പകൽ സമയപരിചരണം, സൗജന്യ ഭക്ഷണം, സൗജന്യമായി മരുന്ന്, ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ചികിത്സ, തൊഴിൽ പരിശീലനം, ശാരീരിക മാനസിക ഉല്ലാസത്തിന് വേണ്ടി പത്രങ്ങൾ, മാസികകൾ, കാരംസ്, ബാഡ്മിന്റൻ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു. കോഴിക്കോട് ഇംഹാൻസിന്റെ കീഴിലുള്ള പുനരധിവാസ കേന്ദ്രം കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ ക്യാമ്പസിനുള്ളിൽ പ്രവർത്തിച്ചുവരുന്നു. ഏകദേശം 100-ഓളം രോഗികൾക്ക് തൊഴിൽ പരിശീലനവും നൽകിവരുന്നുണ്ട്.

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെയും മംഗലപുരം ഗ്രാമപഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ മംഗലപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനോടുബന്ധിച്ച് "സാന്ത്വനം" എന്ന പേരിൽ ഒരു പകൽ വീട് പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ വെഞ്ഞാറമൂടിന് സമീപം ഭവനരഹിതരും നിരാലംബരുമായ മനോരോഗികൾക്ക് വേണ്ടി ഒരു കെയർഹോം പ്രവർത്തിച്ച വരുന്നു. മനോരോഗികളായ സ്ത്രീകൾക്കുവേണ്ടി സമാനമായ രീതിയിൽ ഒരു കെയർഹോം സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് 'അഭയ' യിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

കോഴിക്കോട് ബാലുശ്ശേരിയിൽ ഇംഹാൻസിന്റെയും 'സാന്ത്വന' എന്ന സന്നദ്ധ സംഘടനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു പുനരധിവാസ കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്.

കോഴിക്കോട്, ഫറോക്ക് മുനിസിപ്പാലിറ്റിയുടെയും കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസിന്റെയും ആഭിമുഖ്യത്തിൽ 'പുതുജീവൻ' റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു.

സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആശാഭവനുകളിലും മനോവൈകല്യം ബാധിച്ചവർക്ക് തുടർചികിത്സയും പരിചരണവും നൽകിവരുന്നു.

## വിളിപ്പാടകലെ പോലീസ് പദ്ധതി

23 (*473) <u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'വിളിപ്പാടകലെ പോലീസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ആശയ വിനിമയത്തിനുള്ള നടപടികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പോലീസ് സേനയുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) സംസ്ഥാനത്ത് 'വിളിപ്പാടകലെ പോലീസ്' പദ്ധതി നടപ്പിലാക്കിയിട്ടില്ല. എങ്കിലും അടിയന്തര സേവനം ലഭ്യമാക്കുന്നതിന് ഹെൽപ്പ് ലൈൻ നമ്പറുകൾ നിലവിലുണ്ട്.

(ബി &സി) ബാധകമല്ല.

(ഡി) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിന് വിപുലമായ പുതിയ പദ്ധതികൾ ആലോചിക്കുന്നു. വകുപ്പിന്റെ ആധുനികവൽക്കരണത്തിന് അനുയോജ്യമായ സാങ്കേതികവിദ്യയുടെ പ്രയോഗം വിഭാവന ചെയ്യും. പോലീസിലേയ്ക്കുള്ള നിയമനം, പരിശീലനം എന്നിവ നടപ്പിലാക്കുന്നതിന് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതി കൊണ്ടുവരും. ഗതാഗത നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം കൊണ്ടുവരുന്നതും അതിൽ സ്റ്റേറ്റ് ലെവൽ ട്രാഫിക് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെന്റർ എന്ന സംവിധാനം കൊണ്ടുവരുന്നതുമാണ്. സൈബർ സ്പേസിന്റെ ദുരുപയോഗം കണക്കിലെടുത്ത് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനും പരിശീലനത്തിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകുന്നതാണ്. പോലീസ് സ്റ്റേഷനുകളുടെ നിലവാരമുയർത്തി സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി മാറ്റുന്നതിന് നടപടിയെടുക്കും. കുറ്റവാളികളെയും കുറ്റകൃത്യങ്ങളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകരമായ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി 'ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റം' നടപ്പിലാക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി അവരെ ശാക്തീകരിക്കുന്നതിനുവേണ്ടിയുമുള്ള പരിശീലനവും കൂടുതൽ മികവോടെ നടപ്പാക്കുന്നതിന് നടപടിയെടുക്കും.

സ്ത്രീ സുരക്ഷയെ മുൻനിർത്തി ആവിഷ്കരിച്ച പിങ്ക് പോലീസ് പട്രോൾ & കൺട്രോൾ റൂം പദ്ധതി വിപുലീകരിക്കും. തീരദേശ സുരക്ഷയ്ക്കായി ഒരു ഐ.ആർ.മറൈൻ ബറ്റാലിയനും തീവ്രവാദവും മറ്റ് ബന്ധപ്പെട്ട പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിന് ഒരു ഇന്ത്യ റിസർവ് (ഐ.ആർ.) ബറ്റാലിയനും കൂടി വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും. ഒരു 'വുമൺ സേഫ്റ്റി ആന്റ് സെക്യൂരിറ്റി സ്കീം' ആരംഭിക്കുന്നതാണ്. ഒരു സമ്പൂർണ്ണ വനിതാ ബറ്റാലിയനുള്ള സാധ്യതകൾ പരിശോധിക്കും. താഴെത്തട്ടിലുള്ള വനിതാ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമാണ്.

**ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ**

24 (*474) ശ്രീ. ഇ. കെ.വിജയൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നിബന്ധനകളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടാതെ നിർമ്മിക്കപ്പെടുന്ന ആരാധനാലയങ്ങൾ വർഗ്ഗീയ സാമുദായിക സംഘർഷങ്ങൾക്ക് ഇടയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ മതങ്ങളുടെയും സമുദായങ്ങളുടെയും പ്രത്യേക വിശ്വാസപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൂട്ടായ്മകളുടെയും ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമാനദണ്ഡം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 25-7-2005-ലെ സർക്കാർ ഉത്തരവ് (പി) 217/2005/ആഭ്യന്തരം നമ്പർ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 23-ൽ ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുവാദത്തോടെ മാത്രമേ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുതുക്കി പണിയുന്നതിനുമുള്ള അനുമതി നൽകാവൂ എന്ന്

വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ വർഗ്ഗീയ ലഹളകൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും മതസൗഹാർദ്ദം നിലനിർത്തുന്നതിനുമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും ഇപ്പോൾ നിലവിലുള്ളതുമായ മാർഗ്ഗനിർദ്ദേശങ്ങളിലെ നിബന്ധനകൾക്കനുസൃതമായും ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്ക് അനുസൃതമായും മാത്രമേ ആരാധാനലയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകാവൂ എന്നും മാർഗ്ഗനിർദ്ദേശങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണെന്നും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് സമീപം ഇതരമത വിഭാഗങ്ങളിൽപ്പെട്ടവരുടെ ആരാധനാലയങ്ങൾ സ്ഥിതിചെയ്യുന്നുണ്ടോ, പരിസരവാസികൾക്കും മറ്റ് മതവിഭാഗങ്ങളിൽപ്പട്ടവർക്കും എതിർപ്പുണ്ടോ, ശബ്ദമലിനീകരണം ഉണ്ടാക്കപ്പെടുന്നുണ്ടോ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കെട്ടിടനിർമ്മാണച്ചട്ടങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടോ എന്നിവ പരിശോധിച്ചാണ് ജില്ലാ കളക്ടർമാർ ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നത്.

(ബി) കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടാതെ നിർമ്മിക്കപ്പെടുന്ന ആരാധനാലയങ്ങൾക്കെതിരെ ജനങ്ങളും സാമുദായിക സംഘടനകളും എതിർപ്പുമായി രംഗത്തു വരുന്നതും പ്രതിഷേധം പ്രകടിപ്പിക്കുന്നതും സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സ്വകാര്യ ആശുപത്രികളിൽ വിവിധ ലാബ് പരിശോധനകൾക്ക് ഏകീകൃത ഫീസ്

25 (*475) ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ വിവിധ ലാബ് പരിശോധനകൾക്ക് ഏകീകൃത ഫീസ് അല്ല ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രക്തപരിശോധനയ്ക്കും എക്സ്റേയ്ക്കും സി.റ്റി./അൾട്രാ സൗണ്ട് സ്കാനിംഗിനും സ്വകാര്യ ആശുപത്രികളിൽ ഈടാക്കുന്ന ഫീസിൽ വലിയ അന്തരം ഉണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ എത്തുന്ന രോഗികളിൽ നിന്നും വിവിധ പരിശോധനകൾക്ക് ഒരു ഏകീകൃത ഫീസ് ഈടാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ; ഇക്കാര്യത്തിനായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ-സി) നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാക്കുന്നതോടെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയും.

**ജീവിതശൈലീ രോഗങ്ങൾ**

26 (*476) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി കൊണ്ട് രോഗബാധിതരാകുന്നവരുടെ എണ്ണം നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) ഇത്തരം രോഗങ്ങൾ കുറയ്ക്കുന്നതിനായി ബോധവത്കരണം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) രോഗബാധിതർക്ക് യഥാസമയം രോഗ നിർണ്ണയം നടത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ജീവിതശൈലീരോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത് നിയന്ത്രിക്കാൻ 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലീരോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, ഭക്ഷണം, വ്യായാമ ശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും ഉപദേശവും നൽകുക, സങ്കീർണ്ണത മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഓഫീസുകൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിൽ ജീവിതശൈലീരോഗ നിയന്ത്രണത്തിനായി 'വർക്ക് പ്ലേയ്സ് ഇന്റർവെൻഷൻ' പരിപാടി നടപ്പിലാക്കി വരുന്നു. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ജീവിതശൈലിയിൽ ആരോഗ്യപരമായ മാറ്റം കൊണ്ടുവരുന്നതിനായി LEAP (Life Style Education Awareness Programme) നടപ്പിലാക്കിയിട്ടുണ്ട്. ആഭ്യന്തര വകുപ്പുമായി ചേർന്നുകൊണ്ട് പോലീസുകാരുടെ സ്ക്രീനിംഗ് നടത്തുന്നതിനായി SHAPE (Systematic Health Assessment for Police Personals) നടപ്പിലാക്കുകയും പതിനായിരത്തോളം പോലീസുകാരെ ഇതിനോടകം പരിശോധിക്കുകയും ചെയ്തു.

(ബി) വിദ്യാലയങ്ങളിൽ ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി ഭക്ഷണരീതിയിൽ ആരോഗ്യപരമായ മാറ്റം വരുത്തുന്നതിനും വ്യായാമം, യോഗ എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനും മദ്യം, പുകയില എന്നീ ദുശ്ശീലങ്ങൾ ഒഴിവാക്കുന്നതിനും സംസ്ഥാന ആരോഗ്യവകുപ്പ് LEAP (Life Style Education Awareness Programme) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ജീവിതശൈലീരോഗ നിയന്ത്രണത്തിന്റെ ഭാഗമായി ബോധവത്കരണം നടത്തുന്നതിനുവേണ്ടി പോസ്റ്ററുകൾ പതിപ്പിക്കുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു. ജീവിതശൈലീരോഗ നിയന്ത്രണങ്ങളെ സംബന്ധിച്ച ഹ്രസ്വചിത്രം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജീവിതശൈലീരോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് സംസ്ഥാന ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി (അമൃതം ആരോഗ്യം). ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും നടപ്പിലാക്കിവരുന്നു. 6000-ഓളം വരുന്ന ഈ കേന്ദ്രങ്ങളിൽ ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം എന്നിവ നിർണ്ണയിക്കുന്നതിനുള്ള പ്രതിവാര ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. പ്രാഥമികരോഗ്യ കേന്ദ്രതലം വരെ ജീവിതശൈലീരോഗങ്ങൾക്കായുള്ള മരുന്നുകളും സൗജന്യമായി നൽകിവരുന്നുണ്ട്.

**സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം**

27 (*477) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ള പാരാ-മെഡിക്കൽ ജീവനക്കാർക്ക് മിനിമം ശമ്പളം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) സ്വകാര്യ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും സ്റ്റാഫ് നഴ്സിന്റെ ജോലി സമയം ഏകീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര മണിക്കൂർ വീതമെന്ന് വ്യക്തമാക്കുമോ;

(ഇ) രോഗി-സ്റ്റാഫ് നഴ്സ് അനുപാതം എത്രയാണ് വേണ്ടതെന്ന് വിശദമാക്കുമോ;

(എഫ്) സ്റ്റാഫ് നഴ്സുമാർ തുടർച്ചയായി രാത്രി ഡ്യൂട്ടി ചെയ്യേണ്ടത് എത്ര ദിവസം ആണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയും.

എന്നാൽ ഇതുസംബന്ധിച്ച് തൊഴിൽ വകുപ്പ് 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരവും 1948-ലെ മിനിമം വേതനം തുടങ്ങിയ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് സ്വകാര്യ ആശുപത്രികളിൽ പരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി വേതന സുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് IRC സംവിധാനം രൂപീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പ്രശ്നങ്ങളെപ്പറ്റി ബലരാമൻ കമ്മിറ്റി പഠിച്ചതിന്റെ ഫലമായി മിനിമം ശമ്പളം കൊടുക്കാൻ കമ്മിറ്റി സർക്കാരിനോട് ശിപാർശ ചെയ്യുകയും ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി ചർച്ച ചെയ്ത് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ വേതനം പരിഷ്കരിച്ചുകൊണ്ട് തൊഴിൽ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ

തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇതു നടപ്പാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1984-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. 2016-ൽ നാളിതുവരെ സ്വകാര്യ ആശുപത്രികളിൽ 717 ഇൻസ്പെക്ഷൻ നടത്തുകയും 281 കാരണം കാണിക്കൽ നോട്ടീസ്, 132 പ്രോസിക്യൂഷൻ, 58 ക്ലെയിം പെറ്റീഷൻ എന്നീ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി മേഖലയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടിയും നടന്നുവരുന്നു.

(ഡി) സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് പ്രത്യേകിച്ച് താലൂക്ക്/ജില്ലാ ആശുപത്രി മുതൽ മെഡിക്കൽ കോളേജുവരെ ജോലി ചെയ്യുന്ന നഴ്സുമാർക്ക് 3 ഷിഫ്റ്റ് സമ്പ്രദായം അനുസരിച്ച് എട്ട് മണിക്കൂറായിട്ട് ജോലി സമയം നിജപ്പെടുത്തിയിട്ടുണ്ട്. അത് യഥാക്രമം രാവിലെ 7.30 മുതൽ 1.30 വരെയും ഉച്ചയ്ക്ക് 1.30 മുതൽ വൈകിട്ട് 7.30 വരെയും രാത്രികാലങ്ങളിൽ 7.30 മുതൽ രാവിലെ 7.30 വരെയുമാണ്. പി.എച്ച്.സി, സി.എച്ച്.സി, എന്നിവിടങ്ങളിലെ നഴ്സുമാർക്ക് 8 മണിക്കൂർ അധികരിക്കാത്തതരത്തിൽ ജോലി ക്രമീകരണം നടത്തിവരുന്നു. കൂടാതെ 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരവും സ്വകാര്യ ആശുപത്രികളിലെ ജോലി സമയം ദിവസം 8 മണിക്കൂറും സ്പ്രെഡ് ഓവർ ഉൾപ്പെടെ പത്തരമണിക്കൂറുമായി തൊഴിൽ വകുപ്പ് നിജപ്പെടുത്തിയിട്ടുണ്ട്.

(ഇ) എല്ലാ സർക്കാർ ആശുപത്രികളിലും 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് 1:4 എന്ന അനുപാതത്തിലാണ് നഴ്സുമാരെ നിയോഗിക്കേണ്ടത്. അതോടൊപ്പം സ്പെഷ്യൽ വിഭാഗത്തിലും കാഷ്വാലിറ്റി, ഓപ്പറേഷൻ തീയറ്റർ, ഒ.പി. എന്നീ വിഭാഗങ്ങളിലും പ്രത്യേകമായി നഴ്സുമാരെ നിയോഗിക്കേണ്ടതാണ്. കൂടാതെ ഐ.സി.യു വിഭാഗത്തിൽ 1:1 എന്ന അനുപാതത്തിൽ നഴ്സുമാരെ നിയോഗിക്കേണ്ടതാണ്.

(എഫ്) സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് നഴ്സുമാർ തുടർച്ചയായി മൂന്നു ദിവസം നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടതും പിറ്റേദിവസം നൈറ്റ് ഓഫ് എടുക്കാവുന്നതും ആണ്. Standing order ബാധകമായിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ ആയത് പ്രകാരമുള്ള സേവന വ്യവസ്ഥകളാണ് നിലനിൽക്കുന്നത്.

**പ്ലാസ്റ്റിക് കണ്ടെയ്നറുകളിലും ബോട്ടിലുകളിലുമുള്ള ഭക്ഷണപാനീയങ്ങൾ**

28 (*478) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ബോട്ടിലുകളിലും കണ്ടെയ്നറുകളിലും ലഭ്യമാകുന്ന ഭക്ഷണ പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ആഗോള സ്റ്റാൻഡേർഡുകൾ പ്രകാരം ഒന്നു മുതൽ ആറ് വരെ നമ്പറുകളിലുള്ള പ്ലാസ്റ്റിക് കണ്ടെയ്നറുകൾ ആരോഗ്യത്തിനും പ്രകൃതിക്കും ഹാനികരമാണെന്നുള്ള ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ക്യാൻസർ രോഗത്തിന് കാരണമാകുന്ന രാസപദാർത്ഥങ്ങൾ പുറന്തള്ളുന്നതും സുരക്ഷിതമല്ലാത്തതുമായ പ്ലാസ്റ്റിക് കണ്ടെയ്നറുകളിലും ബോട്ടിലുകളിലുമുള്ള ഭക്ഷണപാനീയങ്ങളുടെ വിപണനവും ഉപഭോഗവും സംസ്ഥാനത്ത് കർശനമായി നിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ

ടീച്ചർ):

(എ) പ്ലാസ്റ്റിക് ബോട്ടിലുകളിലും കണ്ടെയ്നറുകളിലും വിപണനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് റൂൾസ് (പാക്കേജിംഗ് & ലേബലിംഗ് അധ്യായം-2- ൽ പ്രതിപാദിച്ചിട്ടുണ്ട്.) ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*

പ്ലാസ്റ്റിക് ബോട്ടിലുകളിലും കണ്ടെയ്നറുകളിലും ലഭ്യമാകുന്ന ഭക്ഷണ പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണോ എന്നത് സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഭക്ഷ്യഗുണനിലവാര നിയമം 2006-ഉം അനുബന്ധചട്ടങ്ങളും റെഗുലേഷനുകളുമാണ് ഈ വിഷയത്തെ നിയന്ത്രിക്കുന്നത്. ആയതിനാൽ ആഗോള സ്റ്റാൻഡേർഡുകൾ പ്രകാരം ഒന്നുമുതൽ ആറുവരെ നമ്പരുകളിലുള്ള പ്ലാസ്റ്റിക് കണ്ടെയ്നറുകൾ ആരോഗ്യത്തിനും പ്രകൃതിക്കും ഹാനികരമാണെന്നുള്ള ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് നിയമപരമായി നിലനിൽക്കുന്നതല്ല. ഭക്ഷ്യഗുണനിലവാര നിയമം 2006 -ൽ ഭക്ഷണപദാർത്ഥങ്ങൾ പാക്ക് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നിരുന്നാലും പൊതുജന താല്പര്യാർത്ഥം ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതാണ്. (കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ബാധകമായത് അനുബന്ധം-1 *കൊടുത്തിട്ടുണ്ട്.)

(സി) ക്യാൻസർ രോഗത്തിന് കാരണമാകുന്ന രാസപദാർത്ഥങ്ങൾ പുറന്തള്ളുന്നതായും സുരക്ഷിതമല്ലാത്തതുമായ പ്ലാസ്റ്റിക് കണ്ടെയ്നറുകളിലും ബോട്ടിലുകളിലുമുള്ള ഭക്ഷണപാനീയങ്ങൾ വിൽക്കുന്നതായുമുള്ള പരാതി ലഭിച്ചാൽ ടി ബോട്ടിലുകൾ പരിശോധിക്കുന്നതും നിശ്ചിത ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ഇത്തരം ബോട്ടിലുകളിൽ കൂടി വിൽക്കുന്ന ഭക്ഷണ പാനീയങ്ങളുടെ വിപണനം നിരോധിക്കുന്നതുമാണ്.

**മരുന്നുകളുടെ ഗുണനിലവാരം**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

29 (*479) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിൽക്കുന്ന എല്ലാ മരുന്നുകളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യണമെന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ & ബി) നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്നു പരിശോധനാ ലബോറട്ടറികളാണുള്ളത്. ഇവിടെ പ്രതിവർഷം 8000-ത്തോളം മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ നാല് ശതമാനത്തിൽ താഴെ മാത്രമാണ് വരുന്നത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇവകൂടി പ്രവർത്തനക്ഷമമാകുന്നതോടെ കേരള വിപണിയിൽ വിറ്റഴിക്കപ്പെടുന്ന ആകെ മരുന്ന് ബ്രാൻഡുകളുടെ ഏകദേശം പത്ത് ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്ത് വിൽക്കുന്ന എല്ലാ മരുന്നുകളും സംസ്ഥാനത്ത് രജിസ്റ്റർ

ചെയ്യണമെന്ന നിയമം നിലവിലില്ല. കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിനും അതിനു കീഴിലുള്ള റൂൾസിലും ഭേദഗതി വരുത്തിയാൽ മാത്രമേ ഇതിനു കഴിയുകയുള്ളൂ. അത്തരം ഭേദഗതി വരുത്തുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

**ആർദ്രം മിഷൻ കർമ്മപദ്ധതി**

30 (*480) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആർദ്രം മിഷൻ' എന്നൊരു കർമ്മപദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ അധികസേവനങ്ങളാണ് ഇതിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ ആശുപത്രികളിലും ഇതു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ ചികിത്സാ സംവിധാനങ്ങളെ കൂടുതൽ രോഗീ സൗഹൃദമാക്കാനും പ്രാഥമികരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ല/ജനറൽ ആശുപത്രികൾ വരെയുള്ള ആരോഗ്യവകുപ്പിലെ ആശുപത്രികളെ ശക്തിപ്പെടുത്താനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഉദ്ദേശിക്കുന്നുണ്ട്. താഴെപ്പറയുന്ന ഘടകങ്ങളാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്:

1. ഒ.പി. സംവിധാനം കാര്യക്ഷമമാക്കാനും ഒ.പി ട്രാൻസ്ഫർമേഷൻ, ആശുപത്രിയിലെ പ്രധാന സേവന സ്ഥലങ്ങളായ ഐ.പി. വാർഡുകൾ, ലേബർ റൂമുകൾ, ഓപ്പറേഷൻ തീയേറ്ററുകൾ, ഫാർമസി, ലബോറട്ടറി തുടങ്ങിയവയിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തലും രോഗീ സൗഹാർദ്ദമാക്കലും.

2. ആരോഗ്യ വകുപ്പിലെ ജില്ല, താലൂക്ക്, ബ്ലോക്ക് പഞ്ചായത്ത്തല

ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിതമായ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങളൊരുക്കിക്കൊണ്ട് ചികിത്സാ സംവിധാനങ്ങൾ വിപുലപ്പെടുത്തൽ. ഇതിന്റെ ഭാഗമായി ആശുപത്രികളിൽ അധികമായി അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ, പുതുതായി തസ്തികകൾ സൃഷ്ടിക്കൽ എന്നിവയും ഉദ്ദേശിക്കുന്നു.

3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റൽ: സംസ്ഥാനത്ത് രോഗാതുരതയിൽ വന്ന മാറ്റങ്ങൾ കണക്കിലെടുത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സേവന മേഖല കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് അധിക പരിശീലനം നൽകിക്കൊണ്ടും, പി.എച്ച്.സി.-കളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തിക്കൊണ്ടും ഈ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഘട്ടംഘട്ടമായി ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ടൈപ്പിസ്റ്റ് തസ്തികയുടെ പുനർനാമകരണം

1 (4094) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തികയ്ക്ക് പത്താം ശമ്പളകമ്മീഷൻ പുനർനാമകരണം ചെയ്യാൻ ശിപാർശ ചെയ്തിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ശിപാർശകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതുമൂലം സർക്കാരിന് എന്തെങ്കിലും സാമ്പത്തിക ബാധ്യത ഉണ്ടാകുമോ; പ്രസ്തുത വിഭാഗത്തിലുള്ള ജീവനക്കാർക്ക് പ്രൊമോഷൻ വഴി ഗസറ്റഡ് തസ്തിക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് തസ്തികയാണോ ;പ്രസ്തുത വിഭാഗം ജീവനക്കാർക്ക് സേവനകാലാവധിക്കുള്ളിൽ ഗസറ്റഡ് റാങ്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) നോൺകേഡർ തസ്തികയിൽ 6:1 എന്ന അനുപാതത്തിൽ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുവാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പത്താം ശമ്പള കമ്മീഷൻ കോമൺ കാറ്റഗറി ടൈപ്പിസ്റ്റ് തസ്തികയുടെ ഡെസിഗ്നേഷൻ കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കി മാറ്റാൻ ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ശിപാർശ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. തസ്തിക പുനർനാമകരണം സംബന്ധിച്ച വിഷയം ബന്ധപ്പെട്ട വകുപ്പ് മേധാവികളുമായും സർവ്വീസ് സംഘടനകളുമായും കൂടിയാലോചിച്ച് മാത്രമെ നടപ്പിലാക്കാൻ കഴിയൂ. തസ്തിക പുനർനാമകരണം വഴി സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാരുടെ നേരിട്ടുള്ള പ്രൊമോഷൻ തസ്തികകളിൽ ഗസറ്റഡ് റാങ്കിലുള്ള തസ്തികകളില്ല.

(ബി) ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് റാങ്കിലുള്ള തസ്തികയല്ല. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക സബോർഡിനേറ്റ് സർവ്വീസിലെ തസ്തികയായതിനാൽ സേവന കാലയളവിൽ ഗസറ്റഡ് റാങ്ക് ലഭിക്കില്ല.

(സി) തീരുമാനമെടുത്തിട്ടില്ല. നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

**അമിനിറ്റീസ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പി.എസ്. സി. പരീക്ഷ**

2 (4095) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറിനമ്പർ 241/2015 പ്രകാരം പി.എസ്.സി., എം.എൽ.എ. ഹോസ്റ്റലിലെ അമിനിറ്റീസ് അസിസ്റ്റന്റ് തസ്തികയിലേക്ക് 18-06-2016-ൽ നടത്തിയ ടെസ്റ്റിന്റെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; മുഴുവൻ ഒഴിവുകളിലേയ്ക്കും അടിയന്തരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പതിനൊന്ന് ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലേയ്ക്കുള്ള നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ പൂർത്തീകരിച്ചുവരുന്നു.

**ഭാഷാ ന്യൂനപക്ഷ കമ്മിറ്റി**

3 (4096) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതല ഭാഷാ ന്യൂനപക്ഷ കമ്മിറ്റിയുടെ അവസാനയോഗം ചേർന്നത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനതല ഭാഷാ ന്യൂനപക്ഷ കമ്മിറ്റിയുടെ അവസാന യോഗം ചേർന്നത് 15-7-2015-നാണ്.

(ബി) സമിതി ശിപാർശകളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് യോഗനടപടിക്കുറിപ്പ് നൽകുകയും ആയതിന്മേൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

**ധീരജവാൻ സുബിനേഷിന്റെ സഹോദരിക്ക് സർക്കാർ ജോലി**

4 (4097) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ ചേലിയ സ്വദേശി ധീര ജവാൻ സുബിനേഷിന്റെ മാതാവിന് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എത്തിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) കൊയിലാണ്ടിയിലെ ചേലിയ സ്വദേശി ധീര ജവാൻ സുബിനേഷിന്റെ സഹോദരിക്ക് സർക്കാർ ജോലി നൽകുന്ന കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; ഇവർക്ക് ജോലി നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ധീരജവാൻ സുബിനേഷിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും സാമ്പത്തിക സഹായമായി പത്ത് ലക്ഷം രൂപ G.O. (Rt)No.2941/16/GAD dated 9-5-2016 പ്രകാരം അദ്ദേഹത്തിന്റെ മാതാവ് ശ്രീമതി ശോഭനയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) ധീരജവാൻ സുബിനേഷിന്റെ സഹോദരി ശ്രീമതി സുബിഷയ്ക്ക് തൊഴിൽ സഹായമായി, കോഴിക്കോട് ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് G.O. (MS)No.66/16/GAD dated 9-5-2016 പ്രകാരം ഉത്തരവാകുകയും പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവുണ്ടന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 04-10-16-ലെ G.O. (MS)No.146/16/GAD സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി സുബിഷയ്ക്ക് പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്കായി നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**വിവിധ വകുപ്പുകളിലെ ഒഴിവുകളുടെ എണ്ണം**

5 (4098) <u>ശ്രീ. പി. ടി. തോമസ്:</u>

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ വിവിധ വകുപ്പുകളിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25-5-2016 മുതൽ 31-8-2016 വരെ 9708 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആശ്രിത നിയമന വ്യവസ്ഥ**

6(4099) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി ലഭിക്കുന്ന പദ്ധതിയിൽ ഉയർന്ന യോഗ്യതയുള്ളവർക്ക് യോഗ്യതയ്ക്കനുസരിച്ച് നിയമനം നൽകുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി പ്രഖ്യാപിച്ച കാര്യങ്ങൾ ഉത്തരവായി ഇറങ്ങാൻ വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് എപ്പോൾ ലഭ്യമാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സമാശ്വാസ തൊഴിൽദാന പദ്ധതിയിൻ കീഴിൽ അപേക്ഷിക്കുന്നവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തസ്തികകളിൽ നിയമനം ലഭിക്കത്തക്ക വിധത്തിൽ നിലവിലുള്ള പദ്ധതിയിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് നിലവിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ക്ലാസ് III ക്ലാസ് IV തസ്തികകളിലേയ്ക്ക് മാത്രം നിയമനം നൽകുവാൻ വ്യവസ്ഥയുള്ള ഇപ്പോഴത്തെ ആശ്രിത നിയമന വ്യവസ്ഥ തുടരാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

7(4100) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) അധിക തസ്തികകൾക്ക് വരുന്ന ചെലവ് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി ) വിവരം ശേഖരിച്ചുവരുന്നു.

## വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമയബന്ധിതമായി നൽകാൻ നടപടി

8 (4101) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പൊതുമേഖലാ സ്ഥാപനങ്ങളും, വകുപ്പുകളും അവയുടെ വാർഷിക റിപ്പോർട്ടുകൾ രണ്ടും മൂന്നും വർഷം കഴിഞ്ഞാണ് തയ്യാറാക്കി സമർപ്പിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കുന്നതിനും, അതുപ്രകാരം വിലയിരുത്തലുകൾ നടത്തി യുക്തമായ നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം ഡിപ്പാർട്ടുമെന്റുകൾക്കും പൊതു മേഖലാ സ്ഥാപനങ്ങൾക്കും നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 30-7-2016 -ലെ പി എ ഡി -ബി3/259/2016- പി എ ഡി നമ്പർ സർക്കുലർ പ്രകാരം അതാത് വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സാമ്പത്തിക വർഷം അവസാനിച്ച് നാലു മാസത്തിനകം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 27-2-2006 -ലെ 1334/ബി പി ഇ 2/06/Plg നമ്പർ സർക്കുലർ പ്രകാരം വാർഷിക റിപ്പോർട്ടുകൾ സമയബന്ധിതമായി നിയമസഭയിൽ സമർപ്പിക്കുന്നതിന് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചീഫ് എക്സിക്യൂട്ടീവിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുന്നോക്ക വികസന കമ്മീഷന്റെ പ്രവർത്തനം**

9(4102) <u>ശ്രീ. കെ. മുരളീധരൻ:</u>
<u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ട് പ്രകാരം രൂപീകൃതമായ മുന്നോക്ക വികസന കമ്മീഷന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി &സി) കമ്മീഷനിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

### നിരാലംബരായ വിധവകൾക്ക് നിയമനം

10 (4103) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി. എസ്. സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള നിരാലംബരായ വിധവകൾക്ക് സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ വിധവകൾക്ക് നിശ്ചിത ശതമാനം സംവരണം നൽകുന്നതിന് നയപരമായ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല. എന്നാൽ, പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ ഉയർന്ന പ്രായപരിധിയിൽ വിധവകൾക്ക് അഞ്ച് വർഷത്തെ വയസ്സിളവ് അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്ത് അതിൻപ്രകാരം ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി/കൂട്ടിച്ചേർക്കൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

### വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് സ്ഥിരനിയമനം

11(4104) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം ലഭിച്ച വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(ബി) ഏതു വർഷം വരെ താല്ക്കാലിക ജോലി ചെയ്ത വികലാംഗരായ ഉദ്യോഗാർത്ഥികൾക്കാണ് സ്ഥിര നിയമനം നൽകിയിട്ടുള്ളത്;

(സി) 2000 മുതൽ ഇത്തരത്തിൽ ജോലി ചെയ്തിട്ടുള്ള വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1-1-1993 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ താൽക്കാലിക സേവനമനുഷ്ഠിച്ച അംഗപരിമിതർക്ക് വിവിധ ഉത്തരവുകളിലൂടെ പുനർ/സ്ഥിരനിയമനം നൽകിയിട്ടുണ്ട്.

(സി) 16-8-99 മുതൽ 31-12-2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം സേവനമനുഷ്ഠിച്ചിട്ടുള്ള അംഗപരിമിതർക്ക് പുനഃനിയമനം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

**സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം**

12 (4105) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചിംഗ് സമ്പ്രദായം പ്രയോജനകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പഞ്ചിംഗ് സമ്പ്രദായം നിലനിൽക്കുമ്പോൾ തന്നെ അറ്റൻഡൻസ് രജിസ്റ്റർ മാത്രം ആധികാരിക രേഖയായി സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഡയറക്ടറേറ്റുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പഞ്ചിംഗ് സിസ്റ്റം ഇപ്പോൾ നിലവിലുള്ള ഓഫീസുകളെ സംബന്ധിക്കുന്ന വിവരം അനുബന്ധമായി *ചേർക്കുന്നു.

(ബി) അറ്റൻഡൻസ് സിസ്റ്റം കാര്യക്ഷമമാക്കുവാൻ പഞ്ചിംഗ് സമ്പ്രദായം ഉപകരിച്ചിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

(സി) ഇല്ല.

**സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം**

13 (4106) ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിൽ നടത്തിയ സ്ഥലം മാറ്റം സംബന്ധിച്ച് വകുപ്പ് തിരിച്ച് വിശദാംശം നൽകാമോ;

(സി) സ്ഥലം മാറ്റത്തിന് ഏതെല്ലാം വിഭാഗത്തിന് പ്രത്യേക പരിരക്ഷ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) മാനദണ്ഡത്തിന് വിരുദ്ധമായി ട്രാൻസ്ഫർ നടത്തിയെന്ന പരാതിയിൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) ക്രമ വിരുദ്ധമായി സ്ഥലം മാറ്റിയതുമൂലം ജീവനക്കാർ ജീവനൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം എത്ര ജീവനക്കാർ ജീവനൊടുക്കിയിട്ടുണ്ട്;

(എഫ്) സർക്കാർ അംഗീകരിച്ച മാനദണ്ഡത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥർ, അംഗവൈകല്യം സംഭവിച്ചവർ, മിശ്രവിവാഹിതർ/നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള സർക്കാർ ജീവനക്കാർ, വിമുക്ത ഭടന്മാർ, സൈനികരുടെ ആശ്രിതർ, സ്വാതന്ത്ര്യ സമരസേനാനികളുടെ ഭാര്യ/മകൻ/മകൾ, ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ, അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാനതല പ്രസിഡന്റ്/ജനറൽ സെക്രട്ടറി, മൂകരും ബധിരരുമായ കുട്ടികളുടെ രക്ഷിതാക്കൾ, വിധവകൾ/വിഭാര്യർ, മൂകരും ബധിരരുമായ ഉദ്യോഗസ്ഥർ, പ്രവാസി കേരളീയരുടെ ഭാര്യ/ഭർത്താവ്, അർദ്ധ സൈനിക വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന സൈനികരുടെ ആശ്രിതർ, അന്ധരായ ഉദ്യോഗസ്ഥർ, നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ ഉദ്യോഗസ്ഥരുടെ ആശ്രിതരായ ഏറ്റവും അടുത്ത ഒരു കുടുംബാംഗം(ഭാര്യ/മകൻ/മകൾ) എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകുന്നുണ്ട്.

(ഡി) മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് സ്ഥലംമാറ്റം നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് സ്ഥലംമാറ്റം നടത്തിവരുന്നത്.

**താൽക്കാലിക നിയമനം**

14 (4107) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും വകുപ്പിൽ, പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ഏതെങ്കിലും തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

**തസ്തികമാറ്റം വഴിയുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം**

15 (4108) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തസ്തികമാറ്റം വഴി സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ആയി നിയമനം ലഭിക്കുവാൻ ഇതര സർക്കാർ വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കുള്ള രണ്ടു ശതമാനം ക്വാട്ട ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തസ്തികമാറ്റം വഴി സെക്രട്ടേറിയറ്റ് അസിസ്റ്റന്റായി നിയമിക്കുവാൻ പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽ നിലവിലുള്ള 1500 ആളുകളിൽ പരമാവധി പേർക്ക് നിയമനം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഒഴിവുകൾക്ക് ആനുപാതികമായി നിയമനം നടത്തുന്നതാണ്.

## തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം

16 (4109) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പോലീസ് വകുപ്പിൽ നിലവിലെ ചട്ടങ്ങൾ മറികടന്ന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റ് 23-5-2016-ന് നിലവിൽ വന്നു. മുൻ റാങ്ക് ലിസ്റ്റ് 12-4-2014- ന് കാലഹരണപ്പെട്ടിരുന്നു. ടി തീയതി മുതൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി വരെ റിപ്പോർട്ട് ചെയ്ത 33 ഒഴിവുകളിൽ 32 പേർക്ക് നിയമന ശിപാർശ നൽകി. ഒരു ഒഴിവ് PH Ortho turn -ൽ ഉദ്യോഗാർത്ഥി ലഭ്യമല്ലാത്തതിനാൽ അടുത്ത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനായി മാറ്റിവച്ചിട്ടുണ്ട്. നിലവിൽ ഒരു NJD ഒഴിവ് റിപ്പോർട്ട് ചെയ്തതിന്മേൽ നിയമന ശിപാർശാ നടപടികൾ പുരോഗമിക്കുന്നു.

(ബി) പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 2017-ലെ പ്രതീക്ഷിത ഒഴിവുകൾ 2016 സെപ്റ്റംബറോടുകൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം സർക്കാർ ഉത്തരവ് നമ്പർ(എം എസ്.) 272/2010/ആഭ്യന്തരം തീയതി 17-2-2010 പ്രകാരം പി.എസ്.സി. മുഖേന ആക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും 17-11-2012 - ലെ സർക്കാർ ഉത്തരവ് നമ്പർ(എം എസ്.) 288/2012/ആഭ്യന്തരം പ്രകാരം റദ്ദ് ചെയ്തതിനാൽ ഒഴിവുവരുന്ന തസ്തികയിൽ 50% നിശ്ചിത യോഗ്യതയുള്ള ടൈപ്പിസ്റ്റുമാരിൽനിന്നും തസ്തികമാറ്റം വഴി നിയമനം നൽകിവരുന്നു.

നിലവിൽ പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല.

**യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ**

17 (4110) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ 13 സർവ്വകലാശാലകളിലായി യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അതിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യാത്തവ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) 17-8-2016 -ലെ Adv.C3/104/2016/P& ARD എന്ന ഉത്തരവ് നിലവിലുണ്ടായിട്ടും സർവ്വകലാശാലകൾ എന്തുകൊണ്ടാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കാലതാമസം വരുത്തുന്നതെന്ന് വിശദമാക്കുമോ;

(സി) മെഡിക്കൽ യൂണിവേഴ്സിറ്റി, ടെക്നിക്കൽ യൂണിവേഴ്സിറ്റി, കണ്ണൂർ സർവ്വകലാശാല എന്നിവിടങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാലകളിലെ ഡെപ്യൂട്ടേഷൻ നിയമനം റദ്ദാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) കാർഷിക സർവ്വകലാശാലയിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്നും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരള സർവ്വകലാശാലയിൽ 232 അസിസ്റ്റന്റ് തസ്തികകളുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. 20-10-2016-ലെ കണക്കനുസരിച്ച് 206 പേർ ജോലിയിൽ പ്രവേശിച്ചു. അതിനുശേഷമുണ്ടായ നാല് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 31-5-2016 വരെയുള്ള 118 ഒഴിവുകൾ 6-6-2016-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. 108 പേർ സർവ്വീസിൽ പ്രവേശിക്കുകയും നാല് പേർ സർവ്വീസിൽ പ്രവേശിക്കുന്നതിന് എക്സ്റ്റൻഷൻ വാങ്ങിയിട്ടുമുണ്ട്. 1-6-2016 ന് ശേഷം നിലവിൽ വന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കാലിക്കറ്റ് സർവ്വകലാശാലകൾ ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. 30-1-2016-ൽ പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടന്നുകൊണ്ടിരിക്കുന്നു. 2009-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന്റെ ഭാഗമായി ഒഴിവുവന്ന അസിസ്റ്റന്റ് തസ്തികയുടെ 20 NCA ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. 20 ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് പട്ടിക അസിസ്റ്റന്റ് നിയമനത്തിന് നൽകിയിട്ടുണ്ട്. ജി.ഒ. (എം. എസ്.) നമ്പർ 174/2016/ഉ.വി.വ തീയതി 6-8-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ആകുട്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽനിന്നും ഓപ്ഷൻ മുഖേന നിയമനം നടത്താൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് ഒഴിവുകളൊന്നുംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

മലയാളം സർവ്വകലാശാല - തസ്തിക സൃഷ്ടിച്ചിട്ടില്ല.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല -അസിസ്റ്റന്റിന്റെ ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുസാറ്റ് - നിലവിലുണ്ടായിരുന്ന 30 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടന്നുവരുന്നു.

കണ്ണൂർ സർവ്വകലാശാല - 71 അസിസ്റ്റന്റുമാരുടെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാല് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്.

NUALS സർവ്വകലാശാല ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. ഈ സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനത്തിന് പുതിയ സർവ്വകലാശാലാ നിയമം വരുന്നതിന് മുമ്പ് അപേക്ഷ ക്ഷണിച്ചിരുന്നതും തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശപ്രകാരം നിയമന നടപടികളുമായി സർവ്വകലാശാല മുന്നോട്ടുപോകുകയും ചെയ്യുന്നു.

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ ഒഴിവുള്ള അസിസ്റ്റന്റിന്റെ 40 തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയിൽ ഉണ്ടായിരുന്ന 90 അസിസ്റ്റന്റിന്റെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ 205 ഒഴിവുകൾ നിലവിലുണ്ട്. സർവ്വകലാശാല ജനറൽ കൗൺസിലിന്റെ തീരുമാനവും വൈസ് ചാൻസലറുടെ ഉത്തരവും അനുസരിച്ച് 50% ഒഴിവുകൾ (103 ഒഴിവുകൾ ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 17-8-2016-ലെ Adv. C3/104/2016/P&ARD ഉത്തരവ് പ്രകാരം മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിൽ 9 യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാരുടെ ഒഴിവുകളാണ് നിലവിലുണ്ടായിരുന്നത്. അതിൽ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി &ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ 205 ഒഴിവുകൾ നിലവിലുണ്ട്. സർവ്വകലാശാല ജനറൽ കൗൺസിലിന്റെ തീരുമാനവും വൈസ് ചാൻസലറുടെ ഉത്തരവും അനുസരിച്ച് 50% ഒഴിവുകൾ (103 ഒഴിവുകൾ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ വിഭജനത്തെ തുടർന്ന്, നിലവിൽ കാർഷിക സർവ്വകലാശാലയിലെ തസ്തികകളിലെ ജോലിഭാരം നിർണ്ണയിച്ച ശേഷം ഭരണസമിതി പരിശോധിച്ച ബാക്കിയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യം തീരുമാനിക്കുമെന്ന് സർവ്വകലാശാല ജനറൽ കൗൺസിൽ തീരുമാനിച്ചതിൻ പ്രകാരമാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## റിട്ടയർമെന്റ് വേക്കൻസികൾ

18 (4111) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ 30-ന് ശേഷം സർവ്വീസിൽനിന്നും എത്ര ജീവനക്കാർ പെൻഷൻ പറ്റി; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി ) ഈ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. വഴി നടത്തിയ നിയമനങ്ങളിൽ മേൽപ്പറഞ്ഞ റിട്ടയർമെന്റ് വേക്കൻസികൾ ഉൾപ്പെടുന്നുണ്ടോ;

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് നിയമനനിരോധം നിലവിലുണ്ടായിരുന്നോ; വ്യക്തമാക്കുമോ;

ഉത്തരം

(എ) 2016 ഏപ്രിൽ 30-ന ശേഷം ആകെ 8814 പേർ സംസ്ഥാന സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ട്. ഓരോ വകുപ്പിൽനിന്നും വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്ക് വിഭാഗത്തിൽനിന്നും ലഭ്യമായത് അനുബന്ധം *ആയി ചേർത്തിട്ടുണ്ട്.

(ബി&സി) ഉണ്ട്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് നിയമന നിരോധനം ഉണ്ടായിരുന്നതായി പല സംഘടനകളിൽനിന്നും പരാതിയുണ്ടായിരുന്നു.

## ജനപ്രതിനിധികൾ സമർപ്പിക്കുന്ന നിവേദനങ്ങൾ

19 (4112) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ മണ്ഡലങ്ങളിലെ വിവിധ ആവശ്യങ്ങൾക്കായി സർക്കാരിന് സമർപ്പിക്കുന്ന നിവേദനങ്ങൾ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത നിവേദനങ്ങളിൽ തീരുമാനമെടുക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലങ്ങളിലെ വിവിധ തട്ടുകൾ ഒഴിവാക്കി, നിവേദനങ്ങളിലെ ആവശ്യങ്ങളും ആധാരമായ വിഷയങ്ങളും സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ആഫീസർമാരെ നിയോഗിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ&ബി) ജനപ്രതിനിധികൾ സർക്കാരിന് നൽകുന്ന നിവേദനങ്ങൾക്കും കത്തുകൾക്കും പ്രത്യേക പരിഗണന നൽകി യഥാസമയം മറുപടി നൽകിവരുന്നുണ്ട്. എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് തുടങ്ങിയ പദ്ധതികളിൽ എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവർത്തികൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് അക്കാര്യം എം.എൽ.എ.-മാരെ യഥാസമയം ധനവകുപ്പ് അറിയിച്ചുവരുന്നുണ്ട്.

സർക്കാരിൽ ലഭിക്കുന്ന നിവേദനങ്ങളിലും/അപേക്ഷകളിലും ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി നിവേദനത്തിലെ/അപേക്ഷയിലെ വസ്തുതകൾ സംബന്ധിച്ചും സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വകുപ്പദ്ധ്യക്ഷന്മാരുടെ റിപ്പോർട്ട് ആവശ്യമായി വരും. മേൽ സാഹചര്യങ്ങളിൽ സമയബന്ധിതമായി റിപ്പോർട്ട്/മറുപടി ലഭ്യമാക്കണമെന്നറിയിച്ച് സർക്കാരിൽനിന്നും വകുപ്പദ്ധ്യക്ഷന്മാർക്ക് കത്ത് നൽകാറുണ്ട്. അപ്പീൽ അധികാരിയെന്ന നിലയിൽ സർക്കാർ തലത്തിൽ നടത്തുന്ന സമഗ്ര പരിശോധനയുടെ ഭാഗമായിട്ടാണ് ഇത്തരത്തിൽ റിപ്പോർട്ട് തേടുന്നത്. എം.എൽ.എ.-മാർ, എം.പി.-മാർ തുടങ്ങിയ ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങളിലെ ആവശ്യങ്ങളിന്മേൽ സ്വീകരിച്ച നടപടികളും മറ്റ് വിവരങ്ങളും ജനപ്രതിനിധികളെ യഥാസമയം അറിയിക്കേണ്ട ചുമതല ഭരണ വകുപ്പിൽ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്.

## നിയമവിധേയമല്ലാത്ത സ്ഥലംമാറ്റങ്ങൾ

20 (4114) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിയമവിധേയമല്ലാത്ത സ്ഥലംമാറ്റങ്ങൾമൂലം സർക്കാർ ജീവനക്കാർ അനുഭവിക്കുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ നടത്തിവരുന്നത്.

**സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവൽക്കരണം**

21 (4115) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലും കമ്പ്യൂട്ടർവത്ക്കരണം സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാൻ എന്തെങ്കിലും സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടർവത്ക്കരണം നടത്താൻ ഏത് വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്; പ്രസ്തുത വകുപ്പ് ആരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ-സി) സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ട്. ഫയൽ കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നെറ്റ്‌വർക്ക് സൗകര്യവും നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും അവ സ്ഥാപിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഐ.ടി. ഹാർഡ് വെയർ പോളിസി സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ഡി) ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യ വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. പ്രസ്തുത വകുപ്പ് മുഖ്യമന്ത്രിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ധന വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം ആ വകുപ്പിലെ ഐ.ടി. സിസ്റ്റംസിന്റെ മേൽനോട്ടത്തിലാണ് നിർവ്വഹിക്കുന്നത്.

**സെക്രട്ടേറിയറ്റിൽ ഫയലുകൾ കെട്ടിക്കിടക്കുന്നതുമൂലമുള്ള ബുദ്ധിമുട്ട്**

22 (4116) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റിൽ ഫയലുകൾ കെട്ടിക്കിടക്കുന്നതുമൂലം പല ജോലികളും നടക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ഇല്ല. ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിലേക്കായി പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും പരിശോധന കർശനമായി നടത്തേണ്ടതാണെന്നും സെക്രട്ടേറിയറ്റ് വകുപ്പുകളിൽ മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി നീക്കിവയ്ക്കുകയും സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കേണ്ടതാണെന്നും ആയതിന്റെ റിപ്പോർട്ടും ഇത്തരത്തിൽ തീർപ്പാക്കുന്ന ഫയലുകളുടെ എണ്ണം പ്രതിമാസ പ്രവർത്തന പത്രികയിൽ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണെന്നുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. നിയമപരമായ മറ്റ് തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ അപേക്ഷകളിന്മേലും പരാതികളിന്മേലും സമയപരിധിക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ (e-office സംവിധാനം) ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു.

**കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി പ്രൊപ്പോസലുകൾ സമർപ്പിക്കാൻ നടപടി**

23 (4117) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെബ്രുവരിയിൽ അവതരിപ്പിക്കുന്ന കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായിട്ടുള്ള വിവിധ വകുപ്പുകളിലെ വികസന പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ യഥാസമയം തന്നെ സമർപ്പിക്കുന്നതിനും അനുമതി വാങ്ങിച്ചെടുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രൊപ്പോസലുകൾ യഥാസമയം

സമർപ്പിക്കാൻ കഴിയാത്തതുകൊണ്ട് വിവിധ വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതം കുറഞ്ഞുപോകുന്നുവെന്ന് വാർത്തകൾ വന്നതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ മുന്നൊരുക്കങ്ങൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് അയച്ചുകൊടുക്കുന്നതിനും അത് കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രത്യേക നിർദ്ദേശം എല്ലാ ഭരണ വകുപ്പുകൾക്കും ധനവകുപ്പ് വഴി താമസംവിനാ നൽകുന്നതാണ്. മുൻ കാലങ്ങളിൽ സംസ്ഥാനത്തിന്റെ ശിപാർശകൾക്ക് വേണ്ടത്ര പരിഗണന ലഭിക്കാത്ത പശ്ചാത്തലത്തിൽ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ട് നിർദ്ദേശങ്ങളുടെ പ്രാധാന്യം ബോധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഇതിനുപുറമെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര ധനകാര്യമന്ത്രി സാധാരണ വിളിച്ച് ചേർക്കാറുള്ള സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ശക്തമായി ഉന്നയിക്കുന്നതാണ്.

**സി.ആർ.ഇസെഡ്. വ്യവസ്ഥയിൽ മാറ്റം വരാൻ കേന്ദ്രതലത്തിൽ സർക്കാർ നടത്തിയ ഇടപെടലുകൾ**

24 (4118) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസെഡ്. വ്യവസ്ഥയിൽ മാറ്റം വരുത്താൻ കേന്ദ്രതലത്തിൽ നിലവിലെ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സി.ആർ.ഇസെഡ്. ആക്ടിന്റെ പരിധിയിൽ ഭവന നിർമ്മാണ കാര്യത്തിൽ തടസ്സം നേരിടുന്നതും പെർമിറ്റ് ലഭിക്കാത്തതുമായ എത്ര കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ എണ്ണം ജില്ല തിരിച്ചും മണ്ഡലം തിരിച്ചും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) തീരദേശ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കാൻ നിരന്തരം ആവശ്യപ്പെട്ടതിന്റെ ഫലമായി കേന്ദ്ര സർക്കാർ ഡോ. ഷൈലേഷ് നായക് സമിതിയെ കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തുകയും ഡോ. ഷൈലേഷ് നായക് സമിതി കേരളത്തിൽ വരികയും ബന്ധപ്പെട്ട തലങ്ങളിൽ ചർച്ച നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടിന്മേൽ കേന്ദ്ര സർക്കാർ തീരുമാനം ഇനിയും പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഇല്ല.

**കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകൾ**

25 (4119) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ അനുമതി ലഭിക്കുന്നതിനായി എറണാകുളം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണമാണ് ഇനിയും പരിഹരിക്കപ്പെടാതെ കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എന്നുമുതലുള്ള അപേക്ഷകളാണ് ഇവയെന്ന് വ്യക്തമാക്കാമോ;

(സി) കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ അദാലത്ത് സംഘടിപ്പിച്ചുകൊണ്ട് പ്രശ്നപരിഹാരം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മുൻഗണനാക്രമം തെറ്റിച്ചുകൊണ്ട് ഏതെങ്കിലും അപേക്ഷകൾ പരിഗണിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകൾ മുൻഗണനാക്രമത്തിൽ പരിഗണിച്ച് തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി-ഇ) അപേക്ഷകൾ മുൻഗണനാക്രമം പാലിച്ചാണ് പരിഗണിക്കുന്നത്.

പുതിയ അതോറിറ്റി നിലവിൽ വന്നതിനുശേഷം 4-8-2016, 3-9-2016, 20-9-2016, 15-10-2016 എന്നീ തീയതികളിൽ അതോറിറ്റി യോഗം കൂടുകയും 400-ഓളം ഫയലുകളിൽ തീർപ്പുകൽപ്പിക്കുകയും ചെയ്തു. കാലതാമസം ഒഴിവാക്കുന്നതിനായി പരമാവധി യോഗങ്ങൾ കൂടി കേസ്സുകൾ തീർപ്പാക്കുവാൻ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു.

**പരിസ്ഥിതി സംരക്ഷണം**

26 (4120) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിസ്ഥിതി സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പരിസ്ഥിതി സംരക്ഷണത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് പ്രധാന പാരിസ്ഥിതിക വിഷയങ്ങളിൽ ഊന്നൽ നൽകുന്ന ബൃഹത്തായ 'ഹരിത കേരളം' പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഓരോ വീടിനും അനുയോജ്യമായ മാലിന്യ സംസ്കരണ രീതി നടപ്പാക്കൽ, ജനപങ്കാളിത്തത്തോടെയുള്ള ജല സ്രോതസ്സുകളുടെ പുനരുജ്ജീവനം, മാലിന്യസംസ്കരണ-കൃഷി വികസന മിഷനുകൾ വഴി ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിച്ച് ജൈവ കൃഷിക്ക് ഉപയുക്തമാക്കുക, ജൈവ കൃഷിയിലൂടെ പച്ചക്കറി, ധാന്യ വിളകളിൽ സ്വയംപര്യാപ്തത തുടങ്ങിയവ പദ്ധതി ലക്ഷ്യമിടുന്നു. മിഷൻ അടിസ്ഥാനത്തിലായിരിക്കും 'ഹരിതകേരളം' പദ്ധതി നടപ്പാക്കുക. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തലത്തിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ത്രിതല മിഷനുകൾ രൂപീകരിക്കുന്നതായിരിക്കും. ഓരോ വിഭാഗത്തിലും പ്രത്യേകം കർമ്മസേനകളും സമയബന്ധിതമായ അവലോകന-ഏകോപന പ്രവർത്തനങ്ങൾക്കും പദ്ധതി വിഭാവന ചെയ്യുന്നുണ്ട്.

സംസ്ഥാനത്തിന്റെ പാരിസ്ഥിതികാവസ്ഥ പൊതുജനങ്ങൾക്ക് കൂടി

ബോധ്യമാകുന്നതിനുവേണ്ടി ഒരു പാരിസ്ഥിതിക ധവളപത്രം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഫിസിക്കലി ഹാൻഡികാപ്പ്ഡ് വിഭാഗത്തിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

27 (4121) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. അപേക്ഷ ക്ഷണിക്കുന്നവയിൽ 'ഫിസിക്കലി ഹാൻഡികാപ്പ്ഡ് വിഭാഗത്തിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം ഫിസിക്കലി ഹാൻഡികാപ്പ്ഡ് സർട്ടിഫിക്കറ്റുകളാണ് പി.എസ്.സി. അംഗീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ലിസ്റ്റിലുൾപ്പെട്ടവരുടെ വൈകല്യം പരിശോധിക്കാൻ പി.എസ്.സി.- ക്ക് സംവിധാനങ്ങളുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പി.എസ്.സി. അപേക്ഷ ക്ഷണിക്കുന്നവയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ അപേക്ഷിക്കുവാൻ അർഹരല്ല എന്ന് വിജ്ഞാപനത്തിൽ പറയാത്ത തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനങ്ങൾക്കെല്ലാം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നാൽപ്പത് ശതമാനവും അതിൽ കൂടുതലും വൈകല്യമുള്ളവർക്കാണ് ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങളെല്ലാം നൽകുന്നത്. 1995-ലെ The Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act സെക്ഷൻ 32 പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ നിയമിക്കുന്നതിന് അനുയോജ്യമാണെന്ന് സർക്കാർ കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള തസ്തികകളിലാണ് ടി ആക്ടിന്റെ സെക്ഷൻ 33 പ്രകാരം ഭിന്നശേഷിക്കാർക്ക് 3% ഒഴിവുകളിലേയ്ക്കുള്ള സംവരണം നടപ്പിലാക്കിയിട്ടുള്ളത്.സർക്കാർ കണ്ടെത്തിയിട്ടുള്ള അത്തരം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യം നേരിടുന്ന ഉദ്യോഗാർത്ഥികൾക്ക് മാത്രമേ മേൽപ്പറഞ്ഞ 3% സംവരണ ഒഴിവുകളിലെ

നിയമനങ്ങൾക്ക് അർഹതയുള്ളൂ. ഭിന്നശേഷി വിഭാഗങ്ങൾക്ക് 3% സംവരണത്തിന് സർക്കാർ കണ്ടെത്തിയ ഒരു തസ്തിക ഏതൊക്കെ വിഭാഗം ഭിന്നശേഷിക്കാർക്ക് അനുയോജ്യമാണെന്ന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ് സംവരണം അനുവദിക്കുന്നത്. PWD Act-ലെ വ്യവസ്ഥകൾ പ്രകാരം Blindness/Low vision, Hearing Impairment, Locomotor Disability/ Cerebral Palsy എന്നീ വൈകല്യങ്ങളുള്ളവരെയാണ് നിയമനങ്ങളിൽ ഭിന്നശേഷിക്കാരായി പരിഗണിക്കുന്നത്. ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സംവരണ നിയമനങ്ങൾക്ക് അപേക്ഷിക്കുന്നവർ നിശ്ചിത മെഡിക്കൽ അധികാരിയിൽനിന്നും നിശ്ചിത മാതൃകയിലുള്ളതും മേൽപ്പറഞ്ഞ ഏതെങ്കിലും വിഭാഗത്തിലോ ഒന്നിലധികം വിഭാഗങ്ങളിലോ ഉൾപ്പെടുന്ന വൈകല്യമുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

(ബി) 30-6-2012-ലെ സ.ഉ.(പി) നമ്പർ39/2012/സാ.ക്ഷേ.വ. നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകളാണ് ഭിന്നശേഷി നിയമനങ്ങൾക്ക് പി.എസ്.സി. പരിഗണിക്കുന്നത്.

(സി&ഡി) SLP.1898/2015 -ന്മേലുള്ള ബഹു. സുപ്രീം കോടതിയുടെ 13-2-2015-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ വൈകല്യം കമ്മീഷൻ പരിശോധിക്കുന്നില്ല. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ നിയമനത്തിന് അനുയോജ്യരാണെന്ന് Pwd Act പ്രകാരം സർക്കാർ കണ്ടെത്തിക്കഴിഞ്ഞാൽ അത്തരം തസ്തികകളിലേയ്ക്ക് അപേക്ഷിക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ടി ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. വിവിധ ഏജൻസികൾ വൈകല്യം പരിശോധിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

### പി.എസ്. സി. നിയമനങ്ങളുടെ വിശദവിവരം

28 (4122) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. മുഖാന്തിരം സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നടത്തിയ നിയമനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റശേഷം 25-5-2016 മുതൽ 31-8-2016 വരെയുള്ള കാലയളവിൽ ആകെ 9370 നിയമന ശിപാർശകളാണ് പി.എസ്.സി. നൽകിയിട്ടുള്ളത്. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

**ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലെ വിജ്ഞാപനം**

29 (4123) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലേയ്ക്കുള്ള ലോവർ ഡിവിഷൻ ക്ലാർക്കിന്റെ നിയമനത്തിനുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിജ്ഞാപനം വൈകുന്നതിലൂടെ അർഹരായ പലർക്കും അപേക്ഷിക്കാൻ കഴിയാതെ പ്രായപരിധി കടന്നുപോകുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലെ വിജ്ഞാപനം അടിയന്തരമായി പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവിധ വകുപ്പുകളിന്മേലുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ റാങ്ക് പട്ടിക 31-3-2015-നാണ് നിലവിൽ വന്നത്. എൽ.ഡി.സി. തസ്തികയുടെ റാങ്ക് പട്ടികകൾ മൂന്നുവർഷ ഇടവേളകളിൽ പി.എസ്.സി. പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.

**ആലപ്പുഴ ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്**

30 (4124) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകിയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ജില്ലയിലെ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 31-3-2015 -നാണ് റാങ്ക് പട്ടിക നിലവിൽ വന്നത്.

(ബി) 3-9-2016 വരെ ആകെ 190 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതുകൂടാതെ 2017-ലെ പ്രതീക്ഷിത ഒഴിവുകൾ 2016 സെപ്റ്റംബറോടുകൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശം നൽകിയിരുന്നു.

**കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്**

31 (4125) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ എത്ര പേരാണുള്ളതെന്ന് അറിയിക്കുമോ;

(സി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ എല്ലാ ഒഴിവുകളിലും നിയമനം നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കാസർഗോഡ് ജില്ലയിൽ ഏതെല്ലാം വകുപ്പുകളിൽ പ്രസ്തുത തസ്തികയിൽ ഒഴിവുകളുണ്ടെന്നും ആ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ലിസ്റ്റിൽ പ്രായപരിധിക്കടുത്തെത്തി നിൽക്കുന്ന എത്ര

പേരുണ്ടെന്ന് വ്യക്തമാക്കുമോ; ഇനിയൊരു ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയില്ലാത്ത ഇവർക്ക് നിയമനം ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കാസർഗോഡ് പി.എസ്.സി. ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒഴിവുകളുണ്ടോ; എങ്കിൽ ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-6-2015-ന് നിലവിൽ വന്ന ലിസ്റ്റ് 1 വർഷവും 3 മാസവും കഴിഞ്ഞിട്ടുണ്ട്.

(ബി) മെയിൻ ലിസ്റ്റിൽ 978 പേർ ഉൾപ്പെടെ ആകെ 1854 പേരാണുള്ളത്.

(സി&ഡി) പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സർക്കാർ, വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 2017-ലെ പ്രതീക്ഷിത ഒഴിവുകൾ 2016 സെപ്റ്റംബറോടുകൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ 9 ഒഴിവുകളൊഴികെ മറ്റെല്ലാ ഒഴിവുകളിലേക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. 9 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശാ നടപടികൾ പി.എസ്.സി.-യിൽ പുരോഗമിക്കുന്നു.

(ഇ) ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകുന്നതാണ്.

(എഫ്) ഒഴിവുകളില്ല.

**ഗ്രാമവികസന വകുപ്പിൽ പി.എസ്.സി. വഴി നിയമനം**

32 (4126) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ സോഷ്യൽ എഡ്യൂക്കേഷൻ ലക്ചറർ ഗ്രേഡ്-II തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനത്തിന് എത്രപേർ

അപേക്ഷിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴി നിയമനത്തിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) തസ്തികമാറ്റത്തിന് 17 അപേക്ഷകൾ ലഭ്യമായതിൽ 11 പേർ പരീക്ഷ എഴുതിയിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുവേണ്ടി ചുരുക്കപ്പട്ടിക തയ്യാറാക്കാൻ പി.എസ്.സി. നടപടി കൈക്കൊണ്ടിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്/ ക്ലാർക്ക് ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

33 (4127) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് മലയാളം ലോവർ പരീക്ഷ പാസ്സായി അതിന്റെ മാർക്ക് ലിസ്റ്റ് വെരിഫിക്കേഷന് ഹാജരാക്കിയിട്ടും സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത കാരണത്താൽ തിരുവനന്തപുരം ജില്ലയിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, ക്ലാർക്ക് ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റുകളിൽനിന്നും ഉദ്യോഗാർത്ഥികൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ മാർക്ക് ലിസ്റ്റ് പരിഗണിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതിന് പി.എസ്.സി.-ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് (മലയാളം) ലോവർ പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതും മാർക്ക് ലിസ്റ്റ് മാത്രം ഹാജരാക്കിയതുമായ ഉദ്യോഗാർത്ഥികളെ ലിസ്റ്റിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകളനുസരിച്ച് വിവിധ തസ്തികകൾക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക തയ്യാറാക്കുന്നത് ഭരണഘടന പ്രകാരം പി.എസ്.സി.-യിൽ നിക്ഷിപ്തമായ അധികാരമാണ്.

## ഓവർസിയർമാരുടെ ഒഴിവുകൾ

34 (4128) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ/പൊതുമരാമത്ത് വകുപ്പുകളിൽ ഒന്നാം ഗ്രേഡ്/രണ്ടാം ഗ്രേഡ്/മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ ഒട്ടേറെ ഒഴിവുകൾ നികത്താതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി. ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(സി) ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഇത്രയും നാളായിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റ് എത്രയും പെട്ടെന്ന് പ്രസിദ്ധീകരിക്കുമോ; എങ്കിൽ എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ്

ഓവർസിയർ ഗ്രേഡ് I - 19-1-2016

ഓവർസിയർ ഗ്രേഡ് II - 25-11-2015

ഓവർസിയർ ഗ്രേഡ് III - 17-2-2016

തദ്ദേശസ്വയംഭരണ വകുപ്പ്

ഓവർസിയർ ഗ്രേഡ് I - 15-9-2015

ഓവർസിയർ ഗ്രേഡ് II & III - ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച തസ്തികകളിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**ബി.എൽ.ഒ.-മാരുടെ അമിത ജോലിഭാരം**

35 (4129) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് കമ്മീഷന്റെ ജനകീയ ഉദ്യോഗസ്ഥരായ ബി.എൽ.ഒ.- മാരെ ഡ്യൂട്ടി അവധിയും വേതനവും ഇല്ലാതെ ഭീമമായ ജോലി ഏൽപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിൽ നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബി.എൽ.ഒ.-മാർ ശേഖരിച്ച വിവരശേഖര പട്ടികയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദീകരിക്കാമോ?

ഉത്തരം

(എ) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ രാജ്യത്തുടനീളം നടത്തിവരുന്ന 2016-ലെ ദേശീയ വോട്ടർ പട്ടിക ശുദ്ധീകരണത്തിന്റെ ഭാഗമായി വോട്ടർ പട്ടികയിൽ വന്നിട്ടുള്ള തെറ്റുകൾ, ഇരട്ടിപ്പുകൾ, താമസം മാറിപ്പോയവരുടെ പേരുകൾ, മരിച്ചവരുടെ പേരുകൾ മുതലായവ കണ്ടെത്തി അത്തരം പേരുകൾ നീക്കം ചെയ്യുന്നതിനും തെറ്റുകൾ തിരുത്തുന്നതിനും കേരളത്തിലെ എല്ലാ പോളിംഗ് ബൂത്തുകളിലെയും വോട്ടർമാരുടെ വിവരങ്ങൾ വീടുകളിൽ പോയി ശേഖരിക്കുകയും ചെയ്യുന്ന ജോലിയാണ് അടുത്ത കാലത്തായി ബി.എൽ.ഒ.-മാരെ ഏൽപ്പിച്ചിട്ടുണ്ടായിരുന്നത്. വിവര ശേഖരണത്തിനായി ഒരു മാസത്തിലധികം സമയം (36 ദിവസം) അനുവദിച്ചിരുന്നതിനാലാണ് ഡ്യൂട്ടി അവധി അനുവദിക്കാതിരുന്നത്. ഇതിനുള്ള വേതനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(ബി) ഇതുസംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടതിൻപ്രകാരം ബി.എൽ.ഒ.-മാർ വഴിയുള്ള വിവര ശേഖരണത്തിനായി അനുവദിച്ചിരുന്ന സമയപരിധി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ടായിരുന്നു.

(സി) ബി.എൽ.ഒ.-മാർ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വോട്ടർ പട്ടികയിൽ നിന്നും വിവിധ കാരണങ്ങളാൽ നീക്കം ചെയ്യപ്പെടേണ്ടവരുടെ പട്ടിക തയ്യാറാക്കുകയും അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് അതിന്റെ പകർപ്പ് ഇതിനോടകം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നീക്കം ചെയ്യപ്പെടേണ്ടവരെ പട്ടികയിൽനിന്നും നീക്കം ചെയ്ത്, 2017-ലെ പ്രത്യേക സംക്ഷിപ്ത പുതുക്കലിനായുള്ള കരട് വോട്ടർ പട്ടിക 31-10-2016-ൽ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജപ്തിഭീഷണി നേരിടുന്നവർക്കായി പ്രഖ്യാപിച്ച കടാശ്വാസ പദ്ധതി**

36 (4130) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ബി. സത്യൻ:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്തി ഭീഷണി നേരിടുന്നവർക്കായി പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതെന്നും ഇത്തരത്തിൽ എത്രപേർ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നതെന്നും അറിയിക്കാമോ;

(സി) ഈ പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന തുകയെത്രയെന്ന് അറിയിക്കാമോ;

(ഡി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ചെയ്യേണ്ടതെന്തൊക്കെയാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ /പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20-8-2016- ലെ സ.ഉ.(പി) നമ്പർ 118/2016/ധന. പ്രകാരം ഒറ്റത്തവണ കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) അഞ്ചുലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിനുപുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചു കഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാത്തുക രണ്ട് വർഷംകൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുന:ക്രമീകരിച്ചും നൽകുന്നതാണ്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടികജാതി പട്ടികവർഗ്ഗ, പിന്നോക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്. പതിനായിരത്തോളം കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നാണ്

പ്രതീക്ഷിക്കുന്നത്.

പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉത്തരവ് തീയതിക്ക് ശേഷം രണ്ടുമാസത്തെ കാലയളവ് നിശ്ചയിച്ചാണ് പദ്ധതിയാനുകൂല്യം ലഭ്യമാക്കുന്നത് എന്നതിനാൽ അക്കാലയളവിന് ശേഷമാണ് ഇതുസംബന്ധിച്ച് കണക്കുകൾ ലഭ്യമായതെന്നതിനാൽ അതിന്റെയടിസ്ഥാനത്തിൽ ആവശ്യമുള്ള തുകയാണ് നീക്കിവയ്ക്കുന്നത്. എന്നിരുന്നാലും പദ്ധതി നടത്തിപ്പിനായി 40 കോടിയോളം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഡി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി പദ്ധതി മാർഗ്ഗരേഖയ്ക്ക് വിധേയമായി ഗുണഭോക്താവ് വായ്പാസ്ഥാപനത്തിൽ അപേക്ഷ മാത്രം നൽകിയാൽ മതിയാകും. വായ്പാസ്ഥാപനം മറ്റ് സർട്ടിഫിക്കറ്റുകളൊന്നും ആവശ്യപ്പെടുന്നതല്ല.

**പുതിയ വിമാനത്താവളങ്ങൾ**

37 (4131) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വിമാനത്താവളങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കാമോ;

(ബി) തിരുവമ്പാടിയിൽ പുതിയ വിമാനത്താവളം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ സാധ്യതകളെക്കുറിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ പുതിയ വിമാനത്താവളം തുടങ്ങാൻ തീരുമാനമെടുത്തിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തിരുവമ്പാടിയിൽ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തിയിട്ടില്ല.

**അന്താരാഷ്ട്ര എയർപോർട്ടുകളിൽ അക്ഷയ സെന്ററുകൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

38 (4133) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചുരുങ്ങിയ കാലത്തെ അവധിയുമായി നാട്ടിലെത്തുന്ന പ്രവാസികൾ അവരുടെ വിവിധതരം സർട്ടിഫിക്കറ്റുകൾക്കായി വിവിധ ഓഫീസുകളിൽ കയറിയിറങ്ങി അവർക്ക് ലഭിക്കുന്ന അവധിയുടെ നല്ലൊരു ഭാഗവും മാറ്റിവയ്ക്കേണ്ടി വരുന്നതിനാൽ അവരുടെ ആവശ്യത്തിനായി കേരളത്തിലെ അന്താരാഷ്ട്ര എയർപോർട്ടുകളിൽ തന്നെ അക്ഷയ സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**കൊച്ചി മെട്രോ പദ്ധതി**

39 (4134) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പദ്ധതി എന്നത്തേക്ക് പൂർത്തിയാകും എന്ന് അറിയിക്കുമോ;

(ബി) കൊച്ചി മെട്രോ തൃപ്പൂണിത്തുറയിലേയ്ക്ക് നീട്ടുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(സി) ഇല്ലെങ്കിൽ കൊച്ചി മെട്രോ തൃപ്പൂണിത്തുറ വരെ നീട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആലുവ മുതൽ പാലാരിവട്ടം വരെയുള്ള റീച്ച് വൺ മാർച്ച് 2017- ന് പൂർത്തീകരിക്കും.

(ബി&സി) പരിഗണനയിലുണ്ട്. ഇതിനായി പഠന റിപ്പോർട്ട് തയ്യാറാക്കുകയും പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെ നീട്ടുന്നതിനുള്ള അനുമതി നൽകുകയുമുണ്ടായി.

**കോഴിക്കോട് നഗരത്തിൽ മെട്രോ/ലൈറ്റ് മെട്രോ സർവ്വീസ്**

40 (4135) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ മെട്രോ/ലൈറ്റ് മെട്രോ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് കോഴിക്കോട് നഗരത്തിൽ നിന്ന് മെട്രോ സർവ്വീസ് ആരംഭിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ& ബി) ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11-9-2015-ലെ ജി.ഒ.(എം എസ്.)74/2015/ പി.ഡബ്ല്യു.ഡി. പ്രകാരം കേരള സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതിച്ചെലവിന്റെ 20% കേരള സർക്കാരും 20% കേന്ദ്രസർക്കാരും കണ്ടെത്തണമെന്നാണ് ഡി.പി.ആർ-ൽ വിഭാവന ചെയ്തിരിക്കുന്നത്. ഇതനുസരിച്ച് കേന്ദ്ര സർക്കാരിന് 12-8-2015-ന് വിശദമായ പദ്ധതിരേഖ സമർപ്പിച്ചിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ടുള്ള കരാർ 20-1-2016-ന് DMRC-യും KRTL-ഉം ഒപ്പുവച്ചു. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോയാർഡ് ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമി 1-3-2016-ലെ ജി.ഒ.(എം. എസ്.) നമ്പർ196/2016/ആർ.ഡി. പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 8-9-2016-ലെ ജി.ഒ.(എം. എസ്.) നമ്പർ67/2016/പൊ.മ.വ. പ്രകാരം കോഴിക്കോട് മെട്രോയ്ക്ക് ആവശ്യമായ 1.4474 ഹെക്ടർ സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവായിട്ടുണ്ട്. ലൈറ്റ് മെട്രോയ്ക്ക് വേണ്ടി സ്ഥലമെടുക്കുന്നതിന് ഒരു ഡെപ്യൂട്ടി കളക്ടർ/RDO-യെയും ആവശ്യമായ മറ്റ് സ്റ്റാഫിനെയും നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

(സി) പദ്ധതിയുടെ ഒന്നാംഘട്ടമായി കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെയാണ് ലൈറ്റ് മെട്രോ വിഭാവനം ചെയ്തിട്ടുള്ളത്.

**പറമ്പിക്കുളം-ആളിയാർ കരാർ**

41 (T* 4136) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഈ കരാർ പുതുക്കുന്നതിന് നിലവിലുള്ള തടസ്സമെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നീ മൂന്ന് നദികളിലെ ജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ 29-5-1970-ൽ പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ ഒപ്പുവയ്ക്കുകയുണ്ടായി. നിരവധി അണക്കെട്ടുകളും വിയറുകളും കനാലുകളും തുരങ്കങ്ങളും ഉൾപ്പെടുന്ന ഒരു ശൃംഖലയിലൂടെയാണ് ജലം സംഭരിക്കുന്നതും വിതരണം ചെയ്യുന്നതും.

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ജലവിഭജനത്തെ സംബന്ധിച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു: പി.എ.പി. കരാർ പ്രകാരം കേരളത്തിന് ഓരോ ജലവർഷവും (ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവ്) ലഭിക്കേണ്ട ജലത്തിന്റെ അളവ് നിജപ്പെടുത്തിയിട്ടുണ്ട്.

1. കേരളത്തിലെ ചിറ്റൂർപ്പുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. ജലം (ഉപയോഗിക്കാനാവാത്ത പ്രളയജലം ഒഴികെ) കേരളാതിർത്തി ക്കടുത്തുള്ള മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണ്.

2. ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പവർഹൗസിൽ അളന്നു പുറത്തുവിടേണ്ടതാണ്. ബാക്കിവരുന്ന അധിക ജലവും നീരാർ, ആനമലയാർ എന്നീ നദികളിൽനിന്ന് തിരിച്ചുവിടുന്ന ജലവും തമിഴ്നാടിന് അവകാശപ്പെട്ടതാണ്.

3. ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടിപ്രദേശത്ത് നിന്നും കിട്ടുന്ന ജലം ഒരുമിച്ച് കണക്കാക്കി 16.35 ടി.എം.സി.-യിൽ അധികമായി വരുന്ന ജലത്തിൽ 2.5 ടി.എം.സി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടിപ്പുഴയിലേക്കും വിടേണ്ടതാണ്.

4. പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേയ്ക്ക് തിരിച്ചുവിടേണ്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല. കേരള സർക്കാർ പെരിയാർ നദീതടത്തിൽ വിഭാവന ചെയ്തിട്ടുള്ള ജലസംഭരണികൾ പ്രവർത്തിച്ചുതുടങ്ങിയശേഷം നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവൻ തമിഴ്നാടിന് തിരിച്ചുവിടാവുന്നതാണ്.

5. ഇടമലയാർ പദ്ധതി പൂർത്തിയായതിനുശേഷം പെരിയാർ നദീതടത്തിലെ ആനമലയാറിൽ നിന്നും ഓരോ വർഷവും 2.5 ടി.എം.സി. ജലം പറമ്പിക്കുളം ആളിയാർ പദ്ധതിയിലേയ്ക്ക് തമിഴ്നാടിന് തിരിച്ച് വിടാവുന്നതാണ്. ഇതിനായി ഒരു അനുബന്ധ കരാർ ഉണ്ടാക്കേണ്ടതാണ്. ഈ കരാർ ഇതുവരെ ഉണ്ടാക്കിയിട്ടില്ല.

ഇതിനുപുറമെ കരാർ പ്രകാരം തമിഴ്നാട് ജൂലൈ 1 മുതൽ കേരള ഷോളയാർ റിസർവോയർ നിറയ്ക്കാൻ തുടങ്ങുകയും എത്രയും പെട്ടെന്ന് ജലനിരപ്പ് 2658 അടിയിൽ എത്തിക്കുകയും വേണം. കേരള ഷോളയാറിലെ ജലവിതാനം സെപ്റ്റംബർ 1-ന് പൂർണ്ണ ജലനിരപ്പായ (എഫ്.ആർ.എൽ) 2663 അടിയിൽ എത്തിക്കേണ്ടതാണ്. സെപ്റ്റംബർ 2 മുതൽ ജനുവരി 31 വരെ ജലവിതാനം 2658 അടിയിൽ നിലനിർത്തണം. ഫെബ്രുവരി 1- ന് ജലവിതാനം പൂർണ്ണ ജലനിരപ്പായ (ഫുൾ റിസർവോയർ ലെവൽ) (എഫ്.ആർ.എൽ) 2663 അടിയിൽ നിർത്തേണ്ടതാണ്.

കരാറിലെ വ്യവസ്ഥകളനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ

മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് (JWRB) ആണ്. കേരളത്തിലെയും തമിഴ്നാട്ടിലെയും ജലസേചന-വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്. കേരളത്തിലെയും തമിഴ്നാട്ടിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സംയുക്തമായി രേഖപ്പെടുത്തുന്ന അളവെടുപ്പ് സംവിധാനത്തിലൂടെ ജലത്തിന്റെ കണക്ക് ഓരോ ദ്വൈവാരത്തിലും തയ്യാറാക്കി അതിലെ തർക്കങ്ങൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ചർച്ച ചെയ്ത് പരിഹരിച്ചാണ് വെള്ളത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തേണ്ടത്.

ജലവിഭവത്തിന്റെ കൃത്യമായ നിർണ്ണയത്തിനും പങ്കുവയ്ക്കലിനുമായി സംയുക്ത ഗേജിംഗാണ് നിലവിലുള്ളത്. ഇതിനുവേണ്ടി പദ്ധതി പ്രദേശത്തിലാകമാനമായി 35 ഗേജിംഗ് സ്റ്റേഷനുകളും 69 ഗേജിംഗ് പോയിന്റുകളും സ്ഥാപിച്ച് ഗേജിംഗ് നടത്തിവരുന്നുണ്ട്.

പി.എ.പി. കരാറിലെ ഖണ്ഡിക 5(iv) (f) പ്രകാരം ഈ കരാറുമായി ബന്ധപ്പെട്ട് ഏതു സമയത്തും ഇരു പാർട്ടികൾക്കുമിടയിൽ ഉയരുന്ന എല്ലാ തർക്കങ്ങളും ഇരുപാർട്ടികളും സമ്മതിക്കുന്നപക്ഷം ഒരു ആർബിട്രേറ്ററുടെ മുമ്പാകെയോ ഇരുപാർട്ടികളും സമ്മതിക്കാത്തപക്ഷം ഓരോ പാർട്ടികളും ഓരോന്നുവീതം നിയമിക്കുന്ന രണ്ട് ആർബിട്രേറ്റർമാരുടെ മുമ്പാകെയോ, ഈ രണ്ട് ആർബിട്രേറ്റർമാർ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായാൽ ഈ അഭിപ്രായ വ്യത്യാസമുണ്ടായ തീയതിമുതൽ ഒരു മാസത്തിലധികം വൈകാതെ ഈ രണ്ട് ആർബിട്രേറ്റർമാർ നിയമിക്കുന്ന അമ്പയറുടെ മുമ്പാകെയോ ആർബിട്രേഷനുവേണ്ടി വിടേണ്ടതാണ്. ഇതിന്മേലുള്ള ആർബിട്രേറ്ററുടെയോ ആർബിട്രേറ്റർമാരുടെയോ അമ്പയറുടെയോ തീരുമാനം അന്തിമവും ഇരുപാർട്ടികൾക്കും ബാധകവുമായിരിക്കും.

(ബി) കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല.

ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള

നടപടികൾ കേരളം 1988-ൽത്തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 1988 -2011 വരെയുള്ള കാലഘട്ടത്തിൽ ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രി തലത്തിലും നിരവധി ചർച്ചകൾ നടന്നെങ്കിലും ഇരു സംസ്ഥാനങ്ങൾക്കും സ്വീകാര്യമായ രീതിയിൽ കരാർ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

21-1-2011-ന് തിരുവനന്തപുരത്ത് വച്ചുനടന്ന ചർച്ചയിൽ മുൻയോഗങ്ങളിൽ ഇരു സംസ്ഥാനങ്ങളും ചൂണ്ടിക്കാട്ടിയ ഏഴ് പ്രധാനപ്പെട്ട പ്രശ്നങ്ങളായ ആനമലയാർ, അപ്പർ നീരാർ, ഷോളയാർ സബ് ബേസിൻ, മണക്കടവ്, മണക്കടവിന് മുകളിലെ ബാലൻസിംഗ് റിസർവോയർ, പറമ്പിക്കുളം, നീരാർ നല്ലാർ സ്റ്റേയിറ്റ് കട്ട് എന്നിവ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. എന്നാൽ ഈ വിഷയങ്ങളിലൊന്നും തന്നെ കേരളവും തമിഴ്നാടും തമ്മിൽ ധാരണയായിട്ടില്ല. ഇരു സംസ്ഥാനങ്ങൾക്കും പ്രയോജനകരമായ രീതിയിലുള്ള ഒരു കരാർ പുനരവലോകനത്തിന് വേണ്ടിയാണ് ശ്രമിക്കുന്നത്. 28-04-2013-ന് തിരുവനന്തപുരത്ത് വച്ച് കേരളത്തിന്റെ ബഹു.ജലവിഭവ വകുപ്പുമന്ത്രിയുടെയും തമിഴ്നാടിന്റെ ബഹു.പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ഇരു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട നദീജല വിഷയങ്ങൾ (പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ, നെയ്യാർ) സംബന്ധിച്ച ചർച്ച നടക്കുകയുണ്ടായി. ഈ ചർച്ചയിലും പി.എ.പി. കരാർ പുനരവലോകന ചർച്ചകൾ തുടരാനാണ് തീരുമാനമായത്.

പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ പുനരവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർചർച്ചകൾ നടത്തി പ്രശ്നപരിഹാരത്തിനുള്ള സാദ്ധ്യതകളാണ് സംസ്ഥാനം ആരായുന്നത്. ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം -ആളിയാർ പദ്ധതി (പി.എ.പി.) കരാറിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്, പി.എ.പി.-യിലെ തമിഴ്നാടിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി അനൗപചാരിക ചർച്ച നടത്തുകയുണ്ടായി. തുടർചർച്ചകൾക്ക് തമിഴ്നാട് സർക്കാർ അനുകൂലമായി പ്രതികരിക്കുമെന്നാണ് തമിഴ്നാടിന്റെ ഉദ്യോഗസ്ഥർ അറിയിച്ചത്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തുടർ ചർച്ചകൾ നടത്തുന്നത് സംബന്ധിച്ച നടപടികൾ നടന്നുവരികയാണ്.

## പരസ്യം നിഷേധിക്കൽ

42 (4137) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെങ്കിലും പത്രപ്രസിദ്ധീകരണങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നിഷേധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) ഏതെങ്കിലും റിപ്പോർട്ട് വന്നതിന്റെ അടിസ്ഥാനത്തിലാണോ പരസ്യം നിഷേധിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ആയത് നിഷേധിക്കുന്നത് ഭരണഘടനാപരമായ തെറ്റാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തേജസ് എന്ന പത്രത്തിനാണ് സർക്കാർ പരസ്യങ്ങൾ നൽകുന്നത് നിർത്തിവച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പത്രപ്രസിദ്ധീകരണത്തിലെ വാർത്തകളും, മുഖപ്രസംഗങ്ങളും വർഗ്ഗീയത പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ളതായതിനാലും, അത് പത്രധർമ്മത്തിന് വിരുദ്ധമാണെന്നുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും രാജ്യത്ത് തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലും, മതവിദ്വേഷം വളർത്തുന്ന രീതിയിലും സാമുദായിക സൗഹാർദ്ദം തകർക്കുന്ന രീതിയിലും വാർത്തകൾ പ്രചരിപ്പിച്ചതുകൊണ്ട്.

(സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയം 18-11-2009-ൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് പരസ്യം നൽകുന്നത് നിർത്തിവച്ചിട്ടുള്ളത്. 26-7-2012 -ൽ സംസ്ഥാന അഡീഷണൽ ഡി.ജി.പി. (ഇന്റലിജൻസ്) നൽകിയ കത്തിൽ തേജസ് ദിനപത്രത്തിന് സർക്കാർ പരസ്യങ്ങൾ നൽകുന്നത് നിർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(ഡി) പത്രധർമ്മത്തിന് വിരുദ്ധമായതും, തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നതും രാജ്യത്ത് മതവിദ്വേഷം വളർത്തുന്നതും സാമുദായിക സൗഹാർദ്ദം തകർക്കുന്നതുമായ രീതിയിൽ പ്രവർത്തിക്കുന്ന പത്രത്തിന് സർക്കാർ പരസ്യം നിഷേധിക്കുന്നത് തെറ്റാണെന്ന് കരുതുന്നില്ല.

**പത്രസ്ഥാപനങ്ങളിലെ പത്രപ്രവർത്തകേതര ജീവനക്കാരുടെ പെൻഷൻ**

43 (4138) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-ന് മുമ്പ് പത്ര സ്ഥാപനങ്ങളിൽനിന്ന് വിരമിച്ച പത്ര പ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നത് വിശദമാക്കുമോ;

(സി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അപേക്ഷകരുടെ പേരും മേൽവിലാസവും വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2-3-2016-ലെ സ.ഉ.(കൈ) നമ്പർ 4/2016/ഐ&പി.ആർ. പ്രകാരം 2000-നുമുമ്പ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെയും അതോടൊപ്പമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെയും പകർപ്പ് അനുബന്ധം*I ആയി ചേർക്കുന്നു.

(സി&ഡി) 30-4-2016 വരെ 354 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകരുടെ പേരും മേൽവിലാസവും അടങ്ങിയ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു*

## ഫ്ലെക്സിബിലിറ്റി റേറ്റ് സംവിധാനം

44 (4139) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗൾഫ് രാജ്യങ്ങളിൽനിന്നും തങ്ങളുടെ കുടുംബത്തോടൊപ്പം ഓണത്തിനും ക്രിസ്തുമസ്സിനും റംസാൻ പെരുന്നാളുകൾക്കും മറ്റും നാട്ടിലെത്താൻ ആഗ്രഹിക്കുന്ന മലയാളികളെ ചൂഷണം ചെയ്യുന്ന വിമാന കമ്പനികളുടെ 'ഫ്ലെക്സിബിലിറ്റി റേറ്റ്' സംവിധാനം നിയന്ത്രിക്കാൻ കേന്ദ്രസർക്കാരിന്റെ ഇടപെടലിനായി സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാനയാത്രാ നിരക്കുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിശ്ചയിക്കുന്നത് കേന്ദ്ര വ്യോമയാന മന്ത്രാലയമല്ലെന്നും, 1937 -ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാന കമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാനയാത്രാ നിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ കേന്ദ്ര വ്യോമയാന മന്ത്രാലയവുമായും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലുമായും ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്.

**വിദേശ മലയാളികളുടെ ക്ഷേമം**

45 (4140) <u>ശ്രീ. കാരാട്ട് റസാഖ് :</u>

<u>ശ്രീ. ജോൺ ഫെർണാണ്ടസ് :</u>

<u>ശ്രീ. എ. എം. ആരിഫ് :</u>

<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ കാണാതാകുന്ന കേരളീയരെ കണ്ടെത്തുന്നതിനും അവിടെ മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും പ്രവാസി കേരളീയ കാര്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) വിദേശങ്ങളിലെ തൊഴിലുടമകളിൽ നിന്നും അർഹമായ വേതനവും നഷ്ടപരിഹാരവും നേടിയെടുക്കാൻ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(സി) ഗൾഫ് നാടുകളിലേയ്ക്കും മറ്റുമുള്ള അനധികൃത റിക്രൂട്ടിംഗ് തടയുന്നതിനും വിദേശത്ത് തൊഴിൽ തേടുന്നവരുടെ വിസയുടെ നിജസ്ഥിതി പരിശോധിച്ച് അറിയിക്കാനും ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിദേശരാജ്യങ്ങളിൽ കാണാതാകുന്ന കേരളീയരെ കണ്ടെത്തുന്നതിന് അപേക്ഷ ലഭിച്ചാലുടൻ കേന്ദ്ര വിദേശകാര്യ വകുപ്പിനോടും പ്രസ്തുത രാജ്യത്തിലെ ഇന്ത്യൻ എംബസിയോടും ബന്ധപ്പെട്ട് കാണാതായ വ്യക്തിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിന് അപേക്ഷ ലഭിച്ചാലുടൻ പ്രസ്തുത രാജ്യത്തിലെ ഇന്ത്യൻ

എംബസിയുമായി ബന്ധപ്പെട്ട് അടിയന്തരമായി മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. എംബസി മുഖേനയല്ലാതെ നാട്ടിൽ എത്തിക്കുന്ന മൃതദേഹങ്ങളുടെ കാര്യത്തിൽ, മരണമടഞ്ഞ പ്രവാസിയുടെ കുടുംബത്തിനോ, അയാളുടെ ബന്ധുക്കൾക്കോ മറ്റ് ധനാഗമ മാർഗ്ഗങ്ങളില്ലാത്ത സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി കാരുണ്യം പദ്ധതിയിലൂടെ പരമാവധി 50,000 രൂപ സഹായമായി നൽകുന്നു.

(ബി) വിദേശ രാജ്യങ്ങളിലെ തൊഴിലുടമകളിൽനിന്നും പ്രവാസി മലയാളികൾക്ക് അർഹമായ വേതനവും നഷ്ടപരിഹാരവും നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര വിദേശകാര്യ വകുപ്പ്, അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസി എന്നിവരുടെ സഹായം അഭ്യർത്ഥിക്കുകയും ആയതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

എംബസി മുഖാന്തരം തൊഴിൽ കോടതിയിലും മറ്റ് കോടതികളിലും ആ രാജ്യത്തെ നിയമങ്ങൾക്ക് അനുസൃതമായി വ്യവഹാരങ്ങൾ ഫയൽ ചെയ്ത് അവയിൽ വാദം നടത്തി തീർപ്പുണ്ടാക്കുന്നതിന് എംബസി മുഖാന്തരം നിയമ സഹായം നല്കിവരുന്നു. ഇതിനായി പദ്ധതി ഇനത്തിൽ 'പ്രവാസി ലീഗൽ എയ്ഡ് സെൽ' എന്ന ശീർഷകത്തിൽ സർക്കാർ ഈ വർഷം ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) വിദേശ രാജ്യങ്ങളിലേയ്ക്കുള്ള അനധികൃത റിക്രൂട്ടിംഗ് തടയുന്നതിന് ഗവൺമെന്റ് ഓഫ് ഇന്ത്യ 2015 ആഗസ്റ്റ് മുതൽ 18 ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്ക് നഴ്സ്, വീട്ടുജോലി എന്നിവയ്ക്കായി സ്ത്രീകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള അനുമതി സ്റ്റേറ്റ് റൺ ഏജൻസികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. നോർക്ക റൂട്ട്സ്, ODPEC എന്നിവയാണ് കേരളത്തിലെ ഏജൻസികൾ. ഈ ഏജൻസികൾ എംബസികൾ, കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ വകുപ്പ്, എമിഗ്രേഷൻ, കേന്ദ്ര അന്വേഷണ ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. വിദേശത്ത് പോകുന്നതിനുമുമ്പ് പ്രസ്തുത രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളെക്കുറിച്ചും ഗാർഹിക ജോലിക്കാർക്കുള്ള അവകാശങ്ങളെക്കുറിച്ചുമുള്ള വിശദമായ മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്.

1983-ലെ എമിഗ്രേഷൻ ആക്ട് പ്രകാരം 50 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി

സമർപ്പിക്കുന്ന റിക്രൂട്ടിംഗ് ഏജൻസിക്ക് മാത്രമാണ് രജിസ്ട്രേഷൻ നല്കുന്നത്. ഇത്തരത്തിൽ രജിസ്റ്റേർഡ് ആയിട്ടുള്ള ഏജന്റുമാർ വിദേശത്തേക്ക് റിക്രൂട്ട് ചെയ്യുന്ന വ്യക്തികളുടെ വിസയുടെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പുവരുത്താൻ ബാധ്യസ്ഥരാണ്. ഈ വ്യവസ്ഥ പാലിക്കാത്ത ഏജന്റുമാരുടെ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്യാറുണ്ട്. വിദേശ തൊഴിൽദാതാക്കൾക്കും ഇ-മൈഗ്രേറ്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതോടൊപ്പം വിദേശ തൊഴിൽ ദാതാക്കളിൽനിന്നും നേരിട്ട് വിസ സ്വീകരിക്കുന്ന ഇ.സി.ആർ. പാസ്പോർട്ടുള്ള വ്യക്തികളുടെ വിസകൾ ബന്ധപ്പെട്ട ഇന്ത്യൻ എംബസികൾ സാക്ഷ്യപ്പെടുത്താറുണ്ട്.

**ഗൾഫ് രാജ്യങ്ങളിലെ ലേബർ ക്യാമ്പിലെ ദുരിത ജീവിത സൗകര്യങ്ങൾ**

46 (4141) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിലെ മലയാളികളുടെ ദുരിതപൂർണ്ണമായ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു മന്ത്രിതല സംഘം ക്യാമ്പുകൾ നേരിട്ട് കണ്ട് ബോധ്യപ്പെട്ട്, ശക്തമായ ഇടപെടൽ നടത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിദേശ രാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിൽ കഴിയുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യാക്കാർക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നത് കേന്ദ്ര വിദേശകാര്യ വകുപ്പും എംബസിയും ചേർന്നാണ്. കേരളീയർക്ക് മാത്രമായി വിദേശ രാജ്യങ്ങളിൽ പ്രത്യേക സംവിധാനമോ സഹായമോ പ്രദാനം ചെയ്യാൻ വ്യവസ്ഥയില്ല. എന്നാൽ വിദേശകാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് വേണ്ട കാര്യങ്ങൾ കേരള സർക്കാർ ചെയ്യുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്. മന്ത്രിതല സംഘം ക്യാമ്പുകൾ സന്ദർശിക്കുന്നത് സംബന്ധിച്ച തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**പ്രവാസി കേരള കമ്മീഷൻ**

47 (4142) ശ്രീ. പാറക്കൽ അബ്ദുല്ല:

ശ്രീ. പി. കെ . കുഞ്ഞാലിക്കുട്ടി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരള കമ്മീഷന്റെ ഉദ്ദേശ്യങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) കമ്മീഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രവാസി ഭാരതീയരായ കേരളീയർക്കുവേണ്ടി, സംസ്ഥാനത്തിനുള്ളിൽ അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അവരുടെ കേരളത്തിലുള്ള എല്ലാത്തരം നിക്ഷേപങ്ങളും സംരക്ഷിക്കുവാൻ സഹായിക്കുക, കുടുംബത്തിനും ജീവനും സ്വത്തിനും സംരക്ഷണം നൽകുക, പ്രവാസി ഭാരതീയരായ കേരളീയർക്കെതിരെയുള്ള നീതിയുക്തമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും, ആയതിന്മേൽ എടുക്കേണ്ട നടപടികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോടോ ഏജൻസികളോടോ ശിപാർശ ചെയ്യുക, ഭാരത ഭരണഘടനയിലെ സമത്വാവകാശത്തെയും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള ന്യായമായ പെരുമാറ്റത്തേയും ബാധിക്കുന്ന നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തതകളും പോരായ്മകളും അത്തരം സാഹചര്യങ്ങൾ നേരിടുന്നതിനായി എടുക്കേണ്ട പരിഹാര നിയമനിർമ്മാണ നടപടികളേയും കുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക, റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവൃത്തികളെക്കുറിച്ച് അന്വേഷിക്കുകയും പ്രവാസി ഭാരതീയരായ കേരളീയരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്നത് ഉറപ്പുവരുത്തുകയും ചെയ്യുക, കേരളത്തിൽ സ്ഥിരതാമസമായിരുന്ന 1955-ലെ പൗരത്വ ആക്റ്റിലെ (1955-ലെ 57-ാം ആക്റ്റ്) 7 എ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇന്ത്യൻ കാർഡ് കൈവശമുള്ള ഓവർസീസ് പൗരന്റേയും കുടുംബാംഗങ്ങളുടേയും താല്പര്യങ്ങളും സ്വത്തുക്കളും നിക്ഷേപങ്ങളും സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുകയും കേരളത്തിലുള്ള അവരുടെ കുടുംബാംഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് സാമൂഹ്യസേവന സംഘടനകളെ സൗകര്യപ്പെടുത്തുകയും

ചെയ്യുക, പ്രവാസി ഭാരതീയ കേരളീയരുടെ പ്രശ്നങ്ങളിൽ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുക എന്നിവയാണ് ഉദ്ദേശ്യങ്ങൾ.

(ബി&സി) ജസ്റ്റിസ് പി. ഭവദാസൻ ചെയർമാനായും ഡോ. ഷംഷീർ വയലിൽ, ശ്രീ. സോമൻ ബേബി, ശ്രീ. പി.എം.എ. സലാം, ശ്രീ. കെ. ഭഗവത് സിംഗ് എന്നിവർ അംഗങ്ങളായും കമ്മീഷൻ രൂപീകരിച്ച് 2016 ഏപ്രിൽ 26-ാം തീയതി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ ഇവരിൽ രണ്ടുപേർ കമ്മീഷൻ നിശ്ചയിച്ച പ്രായപരിധി കഴിഞ്ഞതിനാൽ അവർക്ക് കമ്മീഷൻ അംഗങ്ങളായി തുടരാൻ നിർവ്വാഹമില്ല. എങ്കിലും ജസ്റ്റിസ് പി. ഭവദാസന്റെ അദ്ധ്യക്ഷതയിൽ കമ്മീഷൻ 30-4-2016-ൽ പ്രാഥമിക യോഗം ചേർന്ന് ഓഫീസ് സംവിധാനം, സ്റ്റാഫിന്റെ എണ്ണം, കമ്മീഷൻ അംഗങ്ങളുടെ സ്റ്റാറ്റസ് എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. കമ്മീഷന്റെ പ്രവർത്തനത്തിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി നോർക്ക വകുപ്പ് അഡീഷണൽ സെക്രട്ടറിക്ക് കമ്മീഷൻ സെക്രട്ടറിയുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

**പ്രവാസി ക്ഷേമനിധി പെൻഷൻ**

48 (4143) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽനിന്നും അംഗങ്ങൾക്ക് പെൻഷൻ ലഭിക്കുവാനുള്ള പ്രായപരിധി 60-ൽ നിന്ന് 65 ആക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ പെൻഷൻ ക്ഷേമനിധിയിൽ സർക്കാർ വിഹിതം എത്ര ശതമാനം; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; പെൻഷൻ നിരക്ക് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പെൻഷൻ നിരക്ക് വർദ്ധിപ്പിക്കുമ്പോൾ ബോർഡിന് ഉണ്ടാകുന്ന അധികബാധ്യത പരിഹരിക്കുന്നതിനായി ബദൽ നിർദ്ദേശങ്ങളോ പദ്ധതികളോ ഏതെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തല്ക്കാലം പരിഗണനയിലില്ല.

(ബി&സി) ഇപ്പോൾ ക്ഷേമനിധിയിൽ സർക്കാർ വിഹിതം 2% ആണ്. പെൻഷൻ തുക ഇരട്ടിയാക്കുന്നതിനുള്ള നിർദ്ദേശം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രതിമാസം 300 രൂപ നിരക്കിൽ അംശദായം അടയ്ക്കുന്ന അംഗത്തിന് കുറഞ്ഞത് പ്രതിമാസം 1,000 രൂപയും 100 രൂപ അംശദായം അടയ്ക്കുന്ന അംഗത്തിന് 500 രൂപയുമാണ് നിലവിൽ കുറഞ്ഞ പെൻഷൻ. 2016-17 കാലയളവിൽ നിലവിലുള്ള നിരക്ക് പ്രകാരം പെൻഷൻ അനുവദിക്കുന്നതിന് 4.86 കോടി രൂപ ചെലവാകും. ഇത് ഇരട്ടിപ്പിച്ചാൽ ചെലവ് 9.73 കോടി രൂപയായി വർദ്ധിക്കും. പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**ഗൾഫിൽനിന്നും തിരികെ വരുന്നവരുടെ പുനരധിവാസം**

49 (4144) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫിൽനിന്നും തിരികെ വരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപ്പ് ബഡ്ജറ്റിൽ പദ്ധതി ഉണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിനായി 2015-16-ൽ എന്തു തുക വകയിരുത്തിയിരുന്നു; എന്തു തുക വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) എത്ര പ്രവാസികൾക്ക് ഈ പദ്ധതിമൂലം ഇതുവരെ പ്രയോജനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരികെ വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നിലവിലുണ്ട്.

(ബി) NDPREM പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷം 8,75,00,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽനിന്നും 5 കോടി രൂപ 11-6-2015 തീയതിയിൽ നോർക്ക റൂട്ട്സിന് അനുവദിക്കുകയും ഇതിൽ നിന്നും 4.03 കോടി രൂപ നോർക്ക റൂട്ട്സ് സബ്സിഡി ഇനത്തിൽ ബാങ്കിന് നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി 3.75 കോടി രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റുകയും ആയത് നടപ്പുസാമ്പത്തിക വർഷത്തിൽ സബ്സിഡി തുക നല്കുന്നതിനായി 26-9-2016 തീയതിയിൽ നോർക്ക റൂട്ട്സിന്

അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നാളിതുവരെയായി 1333 പേർക്ക് ഈ പദ്ധതിയിൻ കീഴിൽ സ്വയംതൊഴിൽ വായ്പ അനുവദിച്ചിട്ടുണ്ട്.

**സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കേരളീയരുടെ ക്ഷേമം**

50 (4145) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കേരളീയരുടെ ക്ഷേമത്തിനും അവർക്ക് വേണ്ട സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനും തിരിച്ചുവരുന്നവരുടെ പുനരധിവാസത്തിനും പ്രവാസി കേരളീയരെ സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിക്കുന്നതിനും പ്രവാസി കേരളീയകാര്യ വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസികൾക്കായി നിയമസഹായ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വിദേശരാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്കായി അതത് രാജ്യങ്ങളിലെ നിയമ സാമൂഹിക വ്യവസ്ഥിതികളെക്കുറിച്ചും അതുപോലെ വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ചും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി ദൃശ്യ, ശ്രാവ്യ, പത്ര മാധ്യമങ്ങളെ പ്രയോജനപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കേരളീയരുടെ ക്ഷേമത്തിനായി എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ് നിലവിലുണ്ട്. നോർക്ക സഹായ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചറിയൽ കാർഡായി ഇത് ഉപയോഗിക്കാം. അപകട മരണം, സ്ഥിരം/പൂർണ്ണ വൈകല്യം എന്നിവയ്ക്ക് രണ്ടുലക്ഷം രൂപ വരെയും ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപ വരെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

അന്യസംസ്ഥാനങ്ങളിൽ മരണമടയുന്ന മലയാളികളുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് ആശ്വാസ സഹായമായി നിലവിൽ 15,000 രൂപ (രൂപ പതിനയ്യായിരം മാത്രം) അനുവദിച്ചുവരുന്നു. ഇതുകൂടാതെ സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്.

ഇതിനുപുറമേ ഗുരുതര രോഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 50,000 രൂപയും (രൂപ അൻപതിനായിരം മാത്രം) മറ്റ് രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായമായി 20,000 രൂപയും (രൂപ ഇരുപതിനായിരം മാത്രം) പെൺമക്കളുടെ വിവാഹ ധനസഹായമായി 15,000 രൂപയും (രൂപ പതിനയ്യായിരം മാത്രം) നൽകിവരുന്നു. പ്രവാസി ക്ഷേമ ബോർഡിൽ അംഗങ്ങളായ അന്യസംസ്ഥാന മലയാളികൾക്ക് പ്രവാസി ക്ഷേമനിധി ആക്ടിൽ വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങളും നൽകുന്നുണ്ട്. വിദേശത്തുനിന്നും തിരിച്ചെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി "നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്" എന്ന പദ്ധതിയും പ്രവാസി കേരളീയരെ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ പ്രേരിപ്പിക്കുന്നതിനായി 'നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ' (NBFC) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമസഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും പ്രവാസികൾക്ക് അവരുടെ Legal Benefits ലഭിക്കുന്നതിനും വേണ്ടി കേന്ദ്ര വിദേശകാര്യ വകുപ്പ് എംബസികൾ മുഖേന നടപ്പാക്കുന്ന പദ്ധതി നിലവിലുണ്ട്. ഇതിനുപുറമേ പ്രവാസി നിയമസഹായ സെൽ (Pravasi Legal Aid Cell) എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ എന്നിവ വഴിയോ നേരിട്ടോ അപേക്ഷ സ്വീകരിച്ച് അതാത് രാജ്യങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട നിയമവിദഗ്ദ്ധരുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

(സി) സ്വീകരിച്ചിട്ടുണ്ട്. നിലവിൽ Pre Departure Orientation Training Programme എന്ന പദ്ധതി പ്രകാരം വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്കായി അതത് രാജ്യങ്ങളിലെ നിയമ സാമൂഹിക വ്യവസ്ഥിതികളെക്കുറിച്ചുള്ള ഒരു ദിവസത്തെ ബോധവൽക്കരണ പരിപാടി നടത്തിവരുന്നുണ്ട്. കൂടാതെ Awareness Campaign on Illegal Recruitment & Visa check എന്ന പദ്ധതി മുഖാന്തരം വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, വിവിധ ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങളിലൂടെ നൽകിവരുന്നുണ്ട്.

**ആർ.സുകേശൻ, എസ്.പി.-ക്കെതിരായ കേസുകൾ**

51(4146) <u>ശ്രീ. റോഷി അഗസ്റ്റിൻ :</u>

<u>ശ്രീ. മോൻസ് ജോസഫ് :</u>

<u>ശ്രീ. സി. എഫ്. തോമസ് :</u>

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് എസ്.പി ആർ.സുകേശനെതിരെ എത്ര കേസുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത കേസുകളുടെ അന്വേഷണ ചുമതല ആർക്കെല്ലാമാണ്; അന്വേഷണങ്ങൾ ഏതു ഘട്ടം വരെയായി; അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അന്വേഷണ റിപ്പോർട്ടിന്മേൽ നടപടി ആവശ്യപ്പെട്ട് കേരള കോൺഗ്രസ്സ് എം.എൽ.എ.-മാർ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ബാർ കോഴ കേസന്വേഷണവുമായി ബന്ധപ്പെട്ട് ആർ. സുകേശൻ, എസ്.പി.-ക്കെതിരെ കേസ്സുകളൊന്നും നിലവിലില്ല. എന്നാൽ ശ്രീ. ആർ. സുകേശനെതിരെ ഉയർന്ന ആരോപണം സംബന്ധിച്ച് ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീ. സുകേശൻ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പൂർണ്ണമായും തെളിവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതല്ലെന്നാണ് ക്രൈംബ്രാഞ്ച് നൽകിയിരിക്കുന്ന റിപ്പോർട്ട്.

(സി) പ്രസ്തുത നിവേദനം സർക്കാരിൽ ലഭ്യമായിട്ടില്ല.

**ദുരൂഹ സാഹചര്യത്തിൽ സ്ത്രീകളെയും കുട്ടികളെയും കാണാതാകൽ**

52 (4147) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരൂഹ സാഹചര്യത്തിൽ സ്ത്രീകളെയും കുട്ടികളെയും കാണാതാവുന്ന സംഭവങ്ങൾ ആശങ്കാജനകമാകുംവിധം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം സെപ്റ്റംബർ 15 വരെ എത്ര സ്ത്രീകളെയും കുട്ടികളെയും കാണാതായതായി പരാതി ലഭിച്ചിട്ടുണ്ട്; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകൾ അന്വേഷിക്കുന്നതിന് സ്പെഷ്യൽ സ്ക്വാഡിനെ

നിയോഗിച്ച് അന്വേഷണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദുരൂഹ സാഹചര്യത്തിൽ സ്ത്രീകളെയും കുട്ടികളെയും കാണാതാവുന്ന സംഭവങ്ങളിൽ നേരിയ വർദ്ധനവ് വന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വർഷം സെപ്റ്റംബർ 15 വരെ 74 സ്ത്രീകളെയും 28 കുട്ടികളെയും കാണാതായതായി പരാതി ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) സ്ത്രീകളെയും കുട്ടികളെയും കാണാതാകുന്നത് സംബന്ധിച്ച കേസ്സുകൾ റിപ്പോർട്ട് ചെയ്താൽ ഇതുസംബന്ധമായി ഊർജ്ജിതമായ അന്വേഷണം നടത്തുകയും 15 ദിവസത്തിനുള്ളിൽ കുട്ടിയെ കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ ടി കേസ് ഗ്രേവ് ക്രൈമായി പരിഗണിച്ച് അന്വേഷണം സി.ഐ.-മാരെ ഏൽപ്പിക്കുകയും, തുടർന്ന് 30 ദിവസത്തിനുള്ളിലും കുട്ടിയെ കണ്ടെത്താൻ സാധിച്ചില്ലായെങ്കിൽ തുടർ അന്വേഷണത്തിനായി DMPTU (District Missing Person Tracing Unit)-ലെ പ്രത്യേക അന്വേഷണ സംഘത്തെ കേസ് അന്വേഷണത്തിനായി കൈമാറി കുട്ടികളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പോലീസ് എയ്ഡ് പോസ്റ്റ്

53 (4148) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രം, കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയം എന്നിവയ്ക്ക് അനുബന്ധമായി ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ജനമൈത്രി പോലീസിലൂടെ ആർ.സി.സി.-യിലെ രോഗികൾക്കായി പദ്ധതി

54 (4149) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജനമൈത്രി പോലീസിലൂടെ ആർ.സി.സി.-യിൽ രോഗികൾക്കും

കൂട്ടിരിപ്പുകാർക്കുമായി നടപ്പിലാക്കിയ പദ്ധതി, അതിൻെറ രണ്ടാം ഘട്ടമെന്ന നിലയിൽ സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ആർ.സി.സി.-യിൽ രോഗികൾക്കും കൂട്ടിരുപ്പുകാർക്കുമായി ജനമൈത്രി സേവന കേന്ദ്രം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഈ പദ്ധതി വ്യാപിപ്പിക്കാനുള്ള നടപടികൾ വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ജനമൈത്രി പോലീസ് സ്റ്റേഷന്റെ കീഴിൽ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് വനിതാ പോലീസ് ഉദ്യോഗസ്ഥയുടെ സേവനംകൂടി ലഭ്യമാക്കിയിട്ടുള്ള ഒരു പോലീസ് ഔട്ട് പോസ്റ്റ് പ്രവർത്തിപ്പിക്കുന്നുണ്ട്.

**ഡെന്നിയുടെ ദുരൂഹ മരണം**

55 (4150) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം നെടുങ്ങാട് പാടത്തുപറമ്പിൽ ശ്രീ. ഡെന്നിയുടെ ദുരൂഹമരണം സംബന്ധിച്ച അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) കുറ്റപത്രം എപ്പോൾ സമർപ്പിക്കാനാകുമെന്ന് വ്യക്തമാക്കുമോ; ടി ദുരൂഹമരണം സംബന്ധിച്ച് മരണപ്പെട്ടയാളുടെ സഹോദരൻ ശ്രീ. സ്ററാൻലി പോലീസ് സൂപ്രണ്ട് മുമ്പാകെ നൽകിയ പരാതിയിന്മേൽ മറുപടി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡെന്നിയുടെ മരണവുമായി ബന്ധപ്പെട്ട് ഞാറയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം 987/2016 u/s. 174 Cr.PC ആയി രജിസ്റ്റർ ചെയ്ത് കേസന്വേഷണം നടത്തി പ്രതിയെ അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചുവരുന്നതാണ്.

(ബി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിൽ 90 ദിവസത്തിനുള്ളിൽ

തന്നെ കുറ്റപത്രം സമർപ്പിക്കുന്നതാണ്. ഡെന്നിയുടെ മരണവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ സമഗ്രമായ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയായാലുടൻ പരാതിക്കാരന് മറുപടി നൽകുന്നതാണ്.

## നിഖിലിന്റെ തിരോധാനം

56 (4151) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഉദുമ സ്വദേശി നിഖിലിനെ കപ്പൽ ജോലിക്കിടെ കാണാതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോഷം ബ്രസൽസ് കപ്പലിലെ കാറ്ററിംഗ് ജീവനക്കാരനായിരുന്ന നിഖിലിനെ 2016 ആഗസ്റ്റ് 11-ന് പുലർച്ചെ കാണാതായ സംഭവം വീട്ടുകാരെ ബന്ധപ്പെട്ടവർ അറിയിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് കാണാതായ നിഖിലിന്റെ ബന്ധു ശ്രീജിത്ത് വി.വി. എന്നയാളിന്റെ പരാതി പ്രകാരം ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 487/16 u/s. 57 KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസ്സിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന Anglo Eastern Ship Management Company 3-1-2016 തീയതി STSM MV Bochem Bressels എന്ന ഷിപ്പിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ നിഖിൽ എന്നയാളെ ചീഫ് കുക്കിംഗ് അസിസ്റ്റന്റ് ട്രെയിനി എന്ന തസ്തികയിലേയ്ക്ക് റിക്രൂട്ട് ചെയ്തു കൊടുത്തിരുന്നതായും 11-8-2016 തീയതി രാവിലെ 05.50-ന് കപ്പലിലെ ഭക്ഷണശാല ക്ലീൻ ചെയ്തശേഷം റെസ്റ്റിനായി നിഖിൽ പോയതായും തിരിച്ച് ജോലിക്ക് കയറാറുള്ള നിഖിലിനെ കാണാത്തതിനെ തുടർന്ന് അന്വേഷിച്ചുപോയ ചീഫ് കുക്ക് റൂമിലും കപ്പലിലും കണ്ടെത്താൻ സാധിക്കാത്തതിനാൽ വിവരം ക്യാപ്റ്റനെയും തുടർന്ന് സാധാരണ ചെയ്യാറുള്ളതുപോലെ STSM MV Bochem Bressels-ൽനിന്ന് തൊട്ടടുത്ത് കപ്പലിലേയ്ക്ക് മെസേജ് അയച്ചതായും ശേഷം MRCC Panamanion Aero Navel

Service-നെയും പെട്ടെന്ന് വിവരം അറിയിക്കുകയും ചെയ്തിട്ടുള്ളതാണെന്ന് അറിവായിട്ടുണ്ട്. STSM MV Bochem Bressels ഹോങ്കോങ് രജിസ്ട്രേഷൻ ഷിപ്പും ആ രാജ്യത്തിലെ നിയമ വ്യവസ്ഥയ്ക്ക് അനുസരിച്ച് അന്വേഷിച്ച് വരുന്നതായും അറിവായിട്ടുള്ളതാണ്. STSM MV Bochem Bressels കപ്പലിൽ സംഭവ സമയം നിഖിലിന്റെ മേൽ ഉദ്യോഗസ്ഥരായി ഡ്യൂട്ടിയിലുണ്ടായിരുന്ന മലയാളിയായ ടി കപ്പലിന്റെ ക്യാപ്റ്റൻ ശ്രീനേഷ് കടശ്വരി, മഹാരാഷ്ട്രക്കാരാനായ ചീഫ് കുക്ക്, മറ്റ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവരെയും കണ്ട് ചോദ്യം ചെയ്യാൻ ബാക്കിയുണ്ട്. ഇപ്പോൾ കേസ് ബേക്കൽ സബ് ഇൻസ്പെക്ടർ അന്വേഷിച്ചുവരികയാണ്.

**സന്ദീപിന്റെ ദുരൂഹ മരണം**

57 (4152) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കാരമുക്ക് കോരത്ത് അജയൻ മകൻ സന്ദീപ് 26-5-2015-ന് തിരുവനന്തപുരം ജില്ലയിലെ മംഗലപുരം എന്ന സ്ഥലത്ത് രവീന്ദ്രന്റെ വീട്ടിൽ വച്ച് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ആക്ഷൻ കൗൺസിലിന്റെ ഭാരവാഹികൾ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മംഗലപുരം പോലീസ് എഫ്. ഐ. ആർ. നമ്പർ 493/15 ആയി എടുത്ത കേസ് പ്രത്യേക അന്വേഷണ ഉദ്യോഗസ്ഥരെ നിയോഗിച്ച് കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ നടപടി എടുക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത നിവേദനം അന്വേഷണത്തിനും തുടർ നടപടികൾക്കുമായി പരാതിക്കാരന്റെ ജില്ല ഉൾപ്പെടുന്ന തൃശ്ശൂർ റേഞ്ച് ഐ.ജി.-ക്ക് 19-10-2016-ൽ അയച്ചുകൊടുത്തിരിക്കുകയാണ്.

(ബി) പ്രസ്തുത കേസ്സിന്മേൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. എന്നാൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ**

58 (4153) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് സംവിധാനത്തിൽ അസിസ്റ്റന്റ് ബീറ്റ് ആഫീസറുടെ ചുമതലകൾ എന്തെല്ലാമാണ്; നിലവിൽ ഇത് നിർവ്വഹിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ ബീറ്റ് അടിസ്ഥാനത്തിൽ ആനുപാതികമായി അസിസ്റ്റന്റ് ബീറ്റ് ആഫീസർമാർ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജനമൈത്രി പോലീസ് സംവിധാനത്തിൽ ഒരു ബീറ്റ് ഓഫീസറുടെ അതേ ചുമതലകളാണ് അസിസ്റ്റന്റ് ബീറ്റ് ഓഫീസർക്കും നൽകിയിരിക്കുന്നത്. ഈ ഓഫീസർക്ക് തന്റെ ബീറ്റ് ഏരിയയിലെ എല്ലാ വീട്ടിലെയും ഒരു അംഗത്തെയെങ്കിലും വ്യക്തിപരമായി അറിയാൻ കഴിയണം. തന്റെ ബീറ്റ് ഏരിയയുടെ ഒരു റഫ് മാപ്പ് തന്റെ ബീറ്റ് ഡയറിയിൽ സൂക്ഷിച്ചിരിക്കണം. മാത്രമല്ല പ്രധാനപ്പെട്ട ഫോൺ നമ്പറുകളും അഡ്രസ്സും ഡയറിയിൽ രേഖപ്പെടുത്തണം. പോലീസും ജനങ്ങളുമായുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തി അവരുടെ വിശ്വാസം കൂടുതൽ നേടിയെടുക്കാനാണ് ഈ ഓഫീസർ ശ്രദ്ധിക്കുന്നത്. അസിസ്റ്റന്റ് ബീറ്റ് ഓഫീസറായി നിയമിക്കപ്പെടുന്നത് ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയായതിനാൽ സ്ത്രീകളുമായി കൂടുതൽ സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വേഗത്തിൽ മനസ്സിലാക്കാനും കഴിയുന്നു. ജനമൈത്രി പോലീസിന്റെ ഏറ്റവും കാതലായ പ്രവർത്തനമാണ് ബീറ്റ് ഓഫീസറുടെയും അസിസ്റ്റന്റ് ബീറ്റ് ഓഫീസറുടെയും ഭവന സന്ദർശനം ഇതുമൂലം ഏതു സാധാരണ പൗരനും, പ്രത്യേകിച്ച് സ്ത്രീകൾക്ക് നിർഭയമായും തുടർച്ചയായും പോലീസുമായി ബന്ധപ്പെടാൻ കഴിയും. ഇത് പോലീസിനോടുള്ള ജനങ്ങളുടെ വിശ്വാസം കൂടുതൽ വിപുലമാക്കാൻ കഴിയും.

(ബി) ജനമൈത്രി പോലീസ് കേരളത്തിലെ പോലീസ് സംവിധാനത്തിന്റെ തന്നെ ഭാഗമാണ്. ആയതിനാൽ പോലീസ് സേനാംഗങ്ങളുടെ പ്രത്യേകിച്ച് വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ കുറവ് അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരുടെ എണ്ണത്തേയും ബാധിച്ചിട്ടുണ്ട്.

(സി) പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്.

**വീട്ടമ്മയുടെ കൊലപാതകം**

59 (4154) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര പാലമൂട് തെക്കുംഭാഗം ഭാരതീ വീട്ടിൽ ജലജാസുരൻ എന്ന വീട്ടമ്മ 13-8-2015-ൽ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ കേസ് സി.ബി.ഐ.-യ്ക്ക് കൈമാറിയിരുന്നോ; എങ്കിൽ സി.ബി.ഐ. ഈ കേസിന്റെ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(സി) സി.ബി.ഐ. കേസിന്റെ അന്വേഷണം ഏറ്റെടുത്തിട്ടില്ലെങ്കിൽ ഈ കേസ് ഏറ്റെടുക്കാൻ സി.ബി.ഐ. യോട് വീണ്ടും ആവശ്യപ്പെടുമോ;

(ഡി) സി.ബി.ഐ. അന്വേഷണം ഏറ്റെടുത്തില്ലെങ്കിൽ ക്രൈംബ്രാഞ്ച് അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്രൈംബ്രാഞ്ച് വിഭാഗം HHW-1 ആലപ്പുഴ സബ് യൂണിറ്റ് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി) സർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 110/2016/ആഭ്യന്തരം തീയതി 22-3-2016 പ്രകാരം ടി കേസ്സിന്റെ അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ കേസ്സന്വേഷണം സി.ബി.ഐ. നാളിതുവരെ ഏറ്റെടുത്തിട്ടില്ല.

(സി) കേന്ദ്ര സർക്കാരിന് 15-10-2016 തീയതിയിൽ കേസ്സന്വേഷണം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്.

(ഡി) നിലവിൽ ക്രൈംബ്രാഞ്ചന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

**ജിഷ കൊലക്കേസ് അന്വേഷണം**

60 (4155) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ ജിഷ കൊലക്കേസ്സിൽ, ആദ്യഘട്ട അന്വേഷണത്തിൽ പങ്കെടുത്ത ഏതൊക്കെ ഉദ്യോഗസ്ഥരെ മാറ്റിയാണ് പുതിയ അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു ദളിത് പെൺകുട്ടി കൊല ചെയ്യപ്പെട്ട സംഭവത്തിൽ തെളിവുകൾ നശിപ്പിക്കുന്ന തരത്തിൽ അന്വേഷണത്തിൽ അലംഭാവം വരുത്തുകയും മൃതദേഹം വീട്ടിൽ കൊണ്ടു പോകാതെ വഴിക്കുതന്നെ ശ്മശാനത്തിൽ ദഹിപ്പിക്കാൻ അനുവദിക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥൻ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നിയമ വ്യവസ്ഥകൾ അറിയാവുന്ന ആ ഉദ്യോഗസ്ഥൻ അതിന് മുതിർന്നതിന്റെ കാരണം എന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പെരുമ്പാവൂരിലെ ജിഷ കൊലപാതക കേസ്സിലെ ആദ്യഘട്ട അന്വേഷണത്തിൽ പങ്കെടുത്ത താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ മാറ്റിയാണ് പുതിയ അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

1. ശ്രീ. യതീഷ് ചന്ദ്ര ഐ.പി.എസ്., ജില്ലാ പോലീസ് മേധാവി, എറണാകുളം റൂറൽ
2. ശ്രീ. ജിജിമോൻ, ഡിവൈ.എസ്.പി, ജില്ലാ ക്രൈംബ്രാഞ്ച്, എറണാകുളം റൂറൽ (ഐ.ഒ.)
3. ശ്രീ. പി. പി. സദാനന്ദൻ, ഡിവൈ.എസ്.പി., എസ്.എസ്.ബി. കോഴിക്കോട് റൂറൽ
4. ശ്രീ. ബിജോ അലക്സാണ്ടർ, ഡിവൈ.എസ്.പി. (ഐ.എസ്.), എറണാകുളം റേഞ്ച്
5. ശ്രീ. ക്രിസ്പിൻ സാം, ഐ.പി, ചാലക്കുടി, തൃശ്ശൂർ റൂറൽ
6. ശ്രീ. കെ. അനിൽകുമാർ, ഡിവൈ.എസ്.പി. ഐ.ഒ., പെരുമ്പാവൂർ

7. ശ്രീ. മുഹമ്മദ് റിയാസ് എസ്., ഐ.പി., പെരുമ്പാവൂർ
8. ശ്രീ. കെ. എൻ. രാജേഷ്, ഐ.പി., കുറുപ്പംപടി
9. ശ്രീ. സ്റ്റെപ്റ്റോ ജോൺ റ്റി. എൽ., എസ്.എച്ച്.ഒ., ബിനാനിപുരം പോലീസ് സ്റ്റേഷൻ
10. ശ്രീ. ഇതിഹാസ്, പ്രൊബേഷണറി എസ്.ഐ., പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ
11. ശ്രീമതി സൈനബ, വനിത എസ്.ഐ., വനിതാ സെൽ, എറണാകുളം റൂറൽ
12. ശ്രീമതി സുമിത്ര വി. ജി., വനിതാ എ.എസ്.ഐ. വനിതാ സെൽ, എറണാകുളം റൂറൽ
13. ശ്രീമതി രജനി രാജൻ, ഡബ്ല്യു.സി.പി.ഒ. 9703, വനിതാ സെൽ, എറണാകുളം റൂറൽ
14. ശ്രീമതി നിഷ കെ. എസ്., ഡബ്ല്യു.സി.പി.ഒ. 11673, വനിതാ സെൽ, എറണാകുളം റൂറൽ
15. ശ്രീ. ഡെൽഫിൻ, സി.പി.ഒ., സൈബർ സെൽ, കൊച്ചി സിറ്റി
16. ശ്രീ. പ്രിൻസ്, സി.പി.ഒ., സൈബർ സെൽ, കൊച്ചി സിറ്റി
17. ശ്രീ. സത്താർ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ
18. ശ്രീ. നന്ദകുമാർ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ
19. ശ്രീ. ശ്രീകുമാർ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ
20. ശ്രീ. ഇക്ബാൽ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ
21. ശ്രീ. രാധാകൃഷ്ണൻ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ
22. ശ്രീ. ഷമീർ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ.

(ബി&സി) ഈ സംഭവത്തിലെ തെളിവുകൾ നശിപ്പിച്ചതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടില്ലാത്തതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ വച്ച് പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് ശേഷം മതാചാര പ്രകാരം മറവ് ചെയ്യുന്നതിനായി ജിഷയുടെ മൃതദേഹം ബന്തവസ്സ് ഡ്യൂട്ടിയിലുണ്ടായിരുന്ന

ഡബ്ല്യു.സി.പി.ഒ. ശകുന്തള, ജിഷയുടെ അച്ഛന്റെ സഹോദരനായ അയ്യപ്പൻകുട്ടി എന്നയാൾക്ക്, കൈച്ചീട്ട് പ്രകാരം വിട്ടുകൊടുത്തിട്ടുള്ളതുമാണ്. പിന്നീട് മൃതദേഹം അടക്കുവാനുള്ള സ്ഥലപരിമിതിമൂലം ജിഷയുടെ അമ്മാവൻ സുരേഷ് മലമുറി ശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കുന്നതിനായി പെരുമ്പാവൂർ മുനിസിപ്പാലിറ്റിക്ക് അപേക്ഷ നൽകിയതിൽ, കൊലപാതക കേസ്സായതിനാലും അസമയമായതിനാലും ശ്മശാന അധികൃതർ പോലീസിന്റെ കത്ത് വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതും പോലീസിന്റെ കത്ത് ലഭിക്കുന്നതിനായി ജിഷയുടെ സഹോദരി ദീപ കുറുപ്പംപടി എസ്.ഐ.-ക്ക് അപേക്ഷ എഴുതി ഒപ്പിട്ടു നൽകിയതിന്റെ അടിസ്ഥാനത്തിൽ കുറുപ്പംപടി എസ്.ഐ. ശ്രീ. സോണി മത്തായി ഒരു കത്ത് നൽകിയിട്ടുണ്ടായിരുന്നു. മൃതദേഹം ദഹിപ്പിച്ചത് കൊല്ലപ്പെട്ട ജിഷയുടെ ബന്ധുക്കളുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യത്തിലായിരുന്നു. മൃതദേഹം ദഹിപ്പിക്കുന്ന സമയത്ത് പോലീസിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നില്ല.

**എഫ്.ഐ.ആർ. വെബ്സൈറ്റിൽ**

61 (4156) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന പ്രഥമവിവര റിപ്പോർട്ടുകൾ (എഫ്.ഐ.ആർ.) വെബ് സൈറ്റിൽ നൽകുന്നതിന് നിലവിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട എഫ്.ഐ.ആർ. 24 മണിക്കൂറിനകം വെബ് സൈറ്റിൽ നൽകണമെന്ന സുപ്രീം കോടതി നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റ്/ സി.സി.റ്റി.എൻ.എസ്. വഴി എഫ്.ഐ.ആർ. പ്രസിദ്ധീകരിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) രജിസ്റ്റർ ചെയ്യു എഫ്.ഐ.ആർ.-കൾ 24 മണിക്കൂറിനകം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ഉദുമ ചന്ദ്രന്റെ ദുരൂഹമരണം**

62 (4157) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 2016 മാർച്ച് 5-ന് ഉദുമ മേൽ ബാര കോളനിയിലെ ചന്ദ്രൻ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) മരണം സംബന്ധിച്ച് ബന്ധുക്കളും നാട്ടുകാരും സംശയം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിന് വിടുന്ന വിഷയം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഇതുസംബന്ധിച്ച് ബേക്കൽ പൊലീസ് സ്റ്റേഷൻ ക്രൈം നമ്പർ 129/16 u/s. 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ 5-3-2016-ന് രാത്രിയിൽ മദ്യലഹരിയിലായിരുന്ന ചന്ദ്രനും സുഹൃത്തായ ബാലചന്ദ്രനും തമ്മിൽ വാക്കേറ്റമുണ്ടാവുകയും അന്യോന്യം ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തതായും തുടർന്ന് സുഹൃത്തുക്കൾ ചന്ദ്രനെ വീട്ടിൽ കൊണ്ടുപോയി കിടത്തുകയും 6-3-2016-ന് ചന്ദ്രൻ വീട്ടിൽ മരണപ്പെട്ടതായി കണ്ടെത്തുകയുമുണ്ടായി. ചന്ദ്രന്റെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയ പരിയാരം മെഡിക്കൽ കോളേജിലെ പോലീസ് സർജ്ജന്റെ മൊഴിയിലും മരണപ്പെട്ട ചന്ദ്രന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിലും ഹൃദയസ്തംഭനമാണ് മരണ കാരണമെന്നും മരണപ്പെട്ട ചന്ദ്രന് ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ ഉണ്ടായിരുന്നതായും മാനസികമായോ ശാരീരികമായോ സമ്മർദ്ദം ഉണ്ടായാൽ ഇത്തരം ഹൃദ്രോഗം ഉള്ളവർക്ക് അറ്റാക്ക് ഉണ്ടാകാൻ സാധ്യതയുള്ളതായി

വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ്സിൽ സെക്ഷൻ 323, 304 ഐ.പി.സി. ചേർത്ത് ബാലചന്ദ്രൻ, S/o. ബാബു എന്നയാളെ പ്രതിയായി ഉൾപ്പെടുത്തി ടിയാനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. നിലവിൽ ഈ കേസ് ബേക്കൽ പൊലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു.

(സി) കേസിന്റെ അന്വേഷണത്തിൽ കുറ്റകൃത്യം നടന്നതായി തെളിവിൽ വരികയും പ്രതിയെ കണ്ടെത്തി അറസ്റ്റ് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ ടി കേസ് ക്രൈംബ്രാഞ്ചിന് കൈമാറുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സേവനാവകാശ നിയമം**

63 (4158) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സേവനാവകാശ നിയമം നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിയമം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞ സർക്കാർ ചെയ്തതും ഇപ്പോഴത്തെ സർക്കാർ ചെയ്തുവരുന്നതുമായ കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) നിശ്ചിത സമയത്തിനുള്ളിൽ സേവനം നൽകിയില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് പിഴ ഈടാക്കാനും അച്ചടക്കനടപടിക്ക് വിധേയമാക്കാനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ ഈ നിയമം നിലവിൽ വന്നതിന് ശേഷം എത്ര ഉദ്യോഗസ്ഥർ നടപടിക്ക് വിധേയമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഒരു ഉദ്യോഗസ്ഥൻ പോലും ഈ നിയമപ്രകാരം നടപടിക്ക് വിധേയമായിട്ടില്ലെങ്കിൽ അത് സേവനത്തിന്റെ മഹിമകൊണ്ടാണ് എന്ന് കരുതുന്നുണ്ടോ;

(എഫ്) സേവനാവകാശ നിയമം നടപ്പാക്കുന്നത് നിരീക്ഷിക്കാൻ എന്ത് സംവിധാനമാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ജി) സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനായി സേവനാവകാശ നിയമം ഫലപ്രദമായി നടപ്പാക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) 2012 നവംബർ മാസം ഒന്നാം തീയതി കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നിലവിൽ വന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി&ഇ) ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തതായി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(എഫ്) ഓരോ വകുപ്പും പ്രസ്തുത നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് എല്ലാ മാസവും അതാത് ഭരണ വകുപ്പിന് നൽകുന്നുണ്ട്. കൂടാതെ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/ എ.ആർ. 12(1)/2013/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

(ജി) സേവനാവകാശ നിയമം 2012 സംബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എൻ.ഐ.സി.-യുടെ സഹകരണത്തോടെ സേവനാവകാശ നിയമത്തിന്റെ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കേരള നിയമസഭയിലെ അംഗങ്ങളുടെ പേരിൽ കോടതിക്കേസ്സുകൾ**

64 (4159) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭയിലെ ഏതെല്ലാം അംഗങ്ങളുടെ പേരിൽ കേരളത്തിലെ ഏതെല്ലാം കോടതികളിൽ കേസ്സുകൾ വിചാരണയിൽ ഇരിക്കുന്നുണ്ടെന്നും ആരുടെയെല്ലാം പേരിലാണ് കേസ്സുകളെന്നും വിശദമാക്കാമോ;

(ബി) ഇതിൽ പ്രതിഷേധ സമരങ്ങളുടെ ഭാഗമായല്ലാത്ത കേസ്സുകൾ ഉണ്ടോ; എങ്കിൽ ആരുടെയെല്ലാം പേരിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ലഹരി/മയക്കുമരുന്നിന്റെ ഉപയോഗം**

65 (4160) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ലഹരി/മയക്ക മരുന്നിന്റെ ഉപയോഗം വർദ്ധിച്ച വരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ ലഹരി/മയക്കമരുന്നിന്റെ ഉപയോഗം തടയുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ;

(സി) ഈ പദ്ധതി ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂളുകളിൽ ലഹരി/മയക്കമരുന്നിന്റെ ഉപയോഗം തടയുന്നതിനായി കൊണ്ടുവന്ന ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂളുകളുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പോലീസ് എക്സൈസ് സംയുക്ത റെയ്ഡുകൾ എന്നിവമൂലം മയക്കമരുന്ന് വ്യാപാരം സ്കൂൾ പരിസരത്ത് തടയുന്നതിനും കുട്ടികളെ ഇത്തരം ദൂഷ്യങ്ങളിൽനിന്നും അകറ്റി നിർത്തുവാനും സാധിക്കുന്നു. NCC, SPC, NSS, Scout വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ മാതൃകാപരമായ പ്രവർത്തനങ്ങളും അവർ നൽകുന്ന രഹസ്യ വിവരങ്ങളും മറ്റും സിഗരറ്റ്, പാൻ പരാഗ് തുടങ്ങിയ പുകയില ഉൽപ്പന്നങ്ങൾ സ്കൂൾ പരിസരങ്ങളിൽനിന്നും കണ്ടുപിടിക്കുന്നതിന് പ്രയോജനപ്പെടുത്തിവരുന്നു.

(സി) വിദ്യാലയങ്ങളിലെ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുക, ആവശ്യമായതും പരമാവധി ഗുണം ചെയ്യുന്നതുമായ ബോധവൽക്കരണ ക്ലാസ്സുകൾ കൂടുതലായി സംഘടിപ്പിക്കുക, ലഹരിക്കടിമപ്പെട്ട് കഴിഞ്ഞിട്ടുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക, അനധികൃത ലഹരി പദാർത്ഥങ്ങളുടെ ഉൽപ്പാദനവും

വിപണനവും തടയുന്നതിനായുള്ള നടപടികൾ ശക്തമാക്കുകയും കുറ്റക്കാരെ കണ്ടെത്തി കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക, വാർത്താ മാധ്യമങ്ങൾ/സോഷ്യൽ മീഡിയകൾ വഴിയും മത പുരോഹിതന്മാർ, സാംസ്കാരിക നായകന്മാർ, പൊതുപ്രവർത്തകർ, അദ്ധ്യാപകർ തുടങ്ങിയവരുടെ നേതൃത്വത്തിലും ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിന് വിവിധ പരിപാടികൾ സംഘടിപ്പിച്ച് നടപ്പിലാക്കുക, ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് മയക്കുമരുന്ന് മുക്തമായ ഒരു വിദ്യാഭ്യാസ മേഖല സൃഷ്ടിക്കാനായി ഈ മേഖലയെ സജ്ജമാക്കുക എന്നീ നടപടികളാണ് സർക്കാർ വിഭാവന ചെയ്യുന്നത്.

**അരുണിന്റെ ദുരൂഹമരണം**

66 (4161) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ താലൂക്ക് ചെറിയപല്ലംതുരുത്ത് പടമത്തറ വീട്ടിൽ ശ്രീ. അരുൺ 2013-ൽ ദുരൂഹമായി മരണപ്പെട്ടത് സംബന്ധിച്ച അന്വേഷണം എവിടെവരെയെത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് ഏജൻസിയാണ് പ്രസ്തുത അന്വേഷണം നടത്തുന്നതെന്നും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിന്റെ കുറ്റപത്രം സമർപ്പിക്കുന്നതിലുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അന്വേഷണത്തിലെ കാലതാമസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത നോർത്ത് പറവൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 750/13 (u/s. 174 Cr.PC) പ്രകാരമുള്ള കേസ്സിൽ അന്വേഷണം അവസാന ഘട്ടത്തിലാണ്.

(ബി) എറണാകുളം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. ആണ് ടി കേസ് ഇപ്പോൾ അന്വേഷണം നടത്തിവരുന്നത്.

(സി) ടി കേസ്സിൽ ശാസ്ത്രീയ പരിശോധനാ ഫലം ഫോറൻസിക് സയൻസ് ലാബിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്.

(ഡി) ശാസ്ത്രീയ പരിശോധനാ ഫലം ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതാണ്.

**വ്യാജ സിം കാർഡുകൾ സംഘടിപ്പിക്കുന്നവർക്കെതിരെയുള്ള നടപടി**

67 (4162) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊബൈൽ കണക്ഷനുവേണ്ടി കടകളിൽ നൽകുന്ന തിരിച്ചറിയൽ കാർഡുകൾ ഉപയോഗിച്ച് ഉടമസ്ഥരറിയാതെ വ്യാജ സിം കാർഡുകൾ സംഘടിപ്പിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശികൾ ഉൾപ്പെടെയുള്ളവർ ഇത്തരം സിം കാർഡുകൾ സംഘടിപ്പിച്ച് തട്ടിപ്പുകളും വിധ്വംസക പ്രവർത്തനങ്ങളും നടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും ഈ സംഭവങ്ങളിൽ ഉൾപ്പെടുന്നവരെ കണ്ടെത്തുന്നതിനും സർക്കാർ മതിയായ നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് 12 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിലേക്കായി ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ പരിശോധനകൾ നടത്തിവരുന്നതും ഇതുസംബന്ധിച്ച് പരാതി ലഭിച്ചാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**വ്യാജ വിദേശ മദ്യം**

68 (4163) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വെള്ളലശ്ശേരിയിൽ 13/523 നമ്പർ വീട് കേന്ദ്രീകരിച്ച് വ്യാജ വിദേശ മദ്യം നിർമ്മിച്ച് വിതരണം ചെയ്യതുമായി ബന്ധപ്പെട്ട് മാവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 277/16 ആയി കേസ്സ് രജിസ്റ്റർ ചെയ്തിരുന്നുവോ;

(ബി) പ്രസ്തുത കേസ്സിൽ എത്ര പ്രതികളാണുള്ളത്; അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ്സിൽ ഇതുവരെ എത്ര പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്;

(ഡി) കേസ്സിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേസ് രജിസ്റ്റർ ചെയ്തിരുന്നു.

(ബി) പ്രസ്തുത കേസ്സിൽ രണ്ട് പ്രതികളാണുള്ളത്. സക്കീർ S/o. അബൂബക്കർ, ജിനോ സെബാസ്റ്റ്യൻ @ ഷിബു, S/o. ദേവസ്യ

(സി) പ്രസ്തുത കേസ്സിൽ സക്കീർ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

**വനിതാ പോലീസ് അംഗങ്ങളുടെ എണ്ണം**

69 (4164) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനിതാ പോലീസ് അംഗങ്ങളുടെ എണ്ണം ആകെ എത്രയുണ്ടെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ വനിതാ ഡിവൈ.എസ്.പി. മുതൽ വനിതാ സി.പി.ഒ. വരെയുള്ള തസ്തികകളിലായി 3691 പേരുടെ അംഗബലമുണ്ട്.

(ബി) ഉചിതമായ സന്ദർഭത്തിൽ പരിശോധിക്കുന്നതാണ്.

**ആഡംബര ബൈക്ക് റേസിംഗ്**

70 (4165) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡംബര ബൈക്കുകളിൽ മറ്റുള്ളവരുടെ ജീവന് ഭീഷണിയായി ചെറുപ്പക്കാർ അമിതവേഗത്തിൽ റേസിംഗ് നടത്തുന്നത് നഗരങ്ങളിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹന പരിശോധന നടത്തുന്ന എസ്.ഐ.-യെപ്പോലും ഇടിച്ചുതെറിപ്പിച്ച സംഭവങ്ങൾ സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ പൊതുജനങ്ങളുടെ സ്വൈരജീവിതത്തിനും ജീവനും ഭീഷണിയായി വർദ്ധിച്ചുവരുന്ന ബൈക്ക് റേസിംഗ് നടത്തുന്നവരെ പിടികൂടുവാനും ശിക്ഷിക്കുവാനും കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നഗരങ്ങളിൽ ചെറുപ്പക്കാർ അമിത വേഗത്തിൽ റേസിംഗ് നടത്തുന്നതായ ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് തിരുവനന്തപുരം തിരുവല്ലം പോലീസ് സ്റ്റേഷനിൽ ക്രൈം 1201/2016 (u/s. 129 r/w 177 of MV Act Sec. 188, 332, 308 & 34 IPC) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നുണ്ട്.

(സി) ഇത്തരത്തിൽ ബൈക്ക് റേസിംഗ് നടത്തുന്നവരെ കണ്ടെത്തി പിടികൂടുകയും അവർക്കെതിരെ നിലവിലുള്ള നിയമം അനുശാസിക്കുന്ന തരത്തിൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഇത്തരം റേസിംഗ് നടത്താൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ് സാന്നിദ്ധ്യവും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്.

**കായിക താരങ്ങൾക്ക് കേരള പോലീസിൽ നിയമനം**

71 (4166) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സെലക്ഷൻ ലഭിച്ച കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സൗമ്യ വധക്കേസ്സിൽ സുപ്രീം കോടതി വിധി**

72 (4167) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സൗമ്യ വധക്കേസിൽ സുപ്രീം കോടതി വിധി ജനങ്ങളിൽ ആശങ്ക ഉണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസിന്റെ അന്വേഷണത്തിലാണോ നടത്തിപ്പിലാണോ പാളിച്ച സംഭവിച്ചത്; വിശദീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗമ്യ വധക്കേസ് അന്വേഷണത്തിലോ നടത്തിപ്പിലോ പാളിച്ച പറ്റിയിട്ടില്ല. അന്വേഷണം മികച്ച രീതിയിലും കുറ്റമറ്റതായും നടത്തുന്നതിനുവേണ്ടി കുറ്റാന്വേഷണ രംഗത്തെ മികച്ച പോലീസുദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു ടീമാണ് അന്വേഷണം നടത്തിയത്. കൃത്യ സമയത്തുതന്നെ അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ബഹുമാനപ്പെട്ട വിചാരണക്കോടതി (ഫാസ്റ്റ് ട്രാക്ക് I തൃശ്ശൂർ) പ്രതി ഗോവിന്ദച്ചാമിക്ക് പരമോന്നത ശിക്ഷയായ വധശിക്ഷ നൽകിയിട്ടുള്ളതും ബഹുമാനപ്പെട്ട ഹൈക്കോടതി ഈ ശിക്ഷ ശരിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കേസ്സിന്റെ നടത്തിപ്പ് വളരെ മികച്ച രീതിയൽ നടത്തിയിട്ടുള്ളതും അതിൽ വീഴ്ചകളോ പാളിച്ചകളോ സംഭവിച്ചിട്ടില്ലാത്തതുമാണ്. സൗമ്യ വധക്കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ നൽകിയ റിവ്യൂ ഹർജി ബഹുമാനപ്പെട്ട സുപ്രീംകോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതും അതിന്മേൽ വിശദമായ വാദം കേട്ടുവരുന്നതുമാകുന്നു.

**പോലീസ് ക്വാർട്ടേഴ്സുകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിനുള്ള റിസർവേഷൻ**

73 (4168) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിന് കീഴിലുള്ള ക്വാർട്ടേഴ്സുകളിൽ സേനാംഗങ്ങൾക്ക് പുറമെ വകുപ്പിലെ തന്നെ മിനിസ്റ്റീരിയൽ വിഭാഗത്തിന് നിശ്ചിത എണ്ണം ക്വാർട്ടേഴ്സുകൾ റിസർവ് ചെയ്ത് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ സർക്കാർ ഉത്തരവിറക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) സംസ്ഥാന പോലീസ് വകുപ്പിൽ 4 മുതൽ 5 ശതമാനം വരെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ പ്രവൃത്തിയെടുത്തുവരുന്നു. അവർക്ക് അനുയോജ്യമായ സർക്കാർ ക്വാർട്ടേഴ്സുകൾ ലഭ്യമല്ലാത്തതിനാൽ ക്വാർട്ടേഴ്സുകൾ റിസർവ് ചെയ്യണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേരളാ പോലീസിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പോലീസ് വകുപ്പിന് കീഴിലുള്ള ക്വാർട്ടേഴ്സുകളിൽ 5% റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചത്.

**ചെറായി എ.കെ.ജി. വായനശാല തീവച്ച് നശിപ്പിച്ച സംഭവം**

74 (4169) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി എ.കെ.ജി. വായനശാല തീവച്ച് നശിപ്പിച്ച സംഭവത്തിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൃത്യസ്ഥലത്തുനിന്നും ശേഖരിച്ച സാമ്പിളുകൾ ശാസ്ത്രീയ പരിശോധനയ്ക്കായി തിരുവനന്തപുരം ഫോറൻസിക് ലാബിലേയ്ക്ക് എന്നാണ് അയച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പരിശോധനാഫലം ലഭിക്കുന്നതിലെ കാലതാമസ്സം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സാധാരണഗതിയിൽ ഇത്തരം പരിശോധനയ്ക്ക് എത്ര കാലയളവാണ് ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൃത്യസ്ഥലത്തുനിന്ന് ശേഖരിച്ച സാമ്പിൾ 21-4-2016-ാം തീയതി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് ശാസ്ത്രീയ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്.

(ബി) ഓരോ കേസ്സിലേയും സാമ്പിളുകൾ സ്വീകരിച്ച്, മുൻഗണനാ ക്രമമനുസരിച്ചാണ് പരിശോധനാഫലം തയ്യാറാക്കുന്നത്. ആയതിനാലാണ് കാലതാമസം സംഭവിക്കുന്നത്.

(സി) ഇത്തരം പരിശോധന നടത്തി തെളിവുകൾ കണ്ടെത്തേണ്ട കേസ്സുകളുടെ ബാഹുല്യം കാരണം പരിശോധന പൂർത്തിയാക്കുന്നതിലേക്കായി വരുന്ന കാലതാമസം ഇപ്പോൾ നിർണ്ണയിക്കുവാൻ കഴിയുകയില്ല.

**വിഷ്ണു എന്ന തടവുകാരന് പരോൾ ലഭിക്കാൻ നടപടി**

75 (4170) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിചാരണ തടവുകാരനായി രണ്ട് കൊല്ലവും ശിക്ഷിക്കപ്പെട്ട് ഏകദേശം മൂന്ന് കൊല്ലവും ഉൾപ്പെടെ ആകെ അഞ്ചുവർഷത്തോളമായി കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്ന മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ കണ്ണറമ്പിൽ വൽസൻ മകൻ വിഷ്ണു എന്ന തടവുകാരന് പരോൾ ലഭിക്കാത്ത പ്രശ്നവുമായി ബന്ധപ്പെട്ട് വിഷ്ണുവിന്റെ അമ്മ ഷീബയുടെ പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പരാതിയിൽ എടുത്ത നടപടികൾ എന്താണെന്ന്

വിശദീകരിക്കുമോ;

(സി) വിഷ്ണുവിന് (No.2587) പരോൾ ലഭിക്കുന്നതിനുള്ള അമ്മയുടെ അപേക്ഷയിൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് അധികാരികളുടെ റിപ്പോർട്ട് അനുകൂലമല്ലാത്തതിനാൽ പരോൾ അനുവദിച്ചിട്ടില്ല.

(സി) പോലീസ് റിപ്പോർട്ടും പ്രൊബേഷൻ റിപ്പോർട്ടും അനുകൂലമായാൽ മാത്രമേ പരോൾ അനുവദിക്കാൻ കഴിയുകയുള്ളൂ.

**സൈബർ പോലീസ് സേനാവിംഗ്**

76 (4171) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖല കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ പോലീസ് സേനയിൽ ഇന്നുള്ള സംവിധാനം എന്താണ് എന്ന് വിശദമാക്കുമോ;

(ബി) ആധുനിക സാങ്കേതിക സഹായത്തോടെ പരിശീലനം സിദ്ധിച്ച പ്രത്യേക സൈബർ പോലീസ് സേനാവിംഗ് രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഇതിന്റെ ആസ്ഥാനം കൊച്ചിയിൽ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി തിരുവനന്തപുരത്ത് ഒരു സൈബർ പേലീസ് സ്റ്റേഷനും പോലീസ് ആസ്ഥാനത്ത് ഒരു ഹൈടെക് ക്രൈം എൻക്വയറി സെല്ലും തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമായി കേരള പോലീസ് സൈബർ ഡോമും 19 പോലീസ് ജില്ലകളിലായി

19 ജില്ലാ സൈബർ സെല്ലുകളും പ്രവർത്തിച്ചുവരുന്നു. ഗുരുതര സ്വഭാവമുള്ള കേസ്സുകൾ തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. കൂടാതെ പൈറസി സംബന്ധമായ ഐ.റ്റി. കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്കായി തിരുവനന്തപുരം ആസ്ഥാനമായി ആന്റി പൈറസി സെല്ലും പ്രവർത്തിക്കുന്നുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പോലീസ് വകുപ്പിലെ ഇന്റർ-ഡിസ്ട്രിക്ട് ട്രാൻസ്ഫർ

77 (4172) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫറിന് ആസ്പദമായ സർക്കാർ ഉത്തരവ് ഏതാണ്; പകർപ്പ് നൽകുമോ;

(ബി) 1989-2016 കാലഘട്ടത്തിനുള്ളിലെ ഓരോ വർഷവും ആലപ്പുഴ ലോക്കൽ വിഭാഗത്തിൽ പോലീസുകാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(സി) 1989-2016 കാലഘട്ടത്തിനുള്ളിലെ ഓരോ വർഷവും ആലപ്പുഴ ജില്ലാ എ.ആർ. ലേയ്ക്ക് എത്ര പോലീസുകാർക്ക് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ നൽകിയിട്ടുണ്ട്;

(ഡി) പ്രസ്തുത കാലഘട്ടത്തിനുള്ളിലെ ഓരോ വർഷവും കൊല്ലം ലോക്കൽ വിഭാഗത്തിൽ പോലീസുകാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ഇ) ഈ കാലഘട്ടത്തിനുള്ളിലെ ഓരോ വർഷവും കൊല്ലം ജില്ലാ എ.ആർ.-ലേയ്ക്ക് എത്ര പോലീസുകാർക്ക് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ നൽകിയിട്ടുണ്ട്;

(എഫ്) ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ നീതിയുക്തമായും സുതാര്യമായും നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുമോ;

(ജി) 1989 മുതൽ 2016 മാർച്ച് വരെ കെ.എ.പി -III ബറ്റാലിയനിൽനിന്നും ആലപ്പുഴ, കൊല്ലം എ.ആർ. ക്യാമ്പുകളിലേയ്ക്ക് ഓരോ വർഷവും ട്രാൻസ്ഫർ മുഖാന്തരം എത്ര സേനാംഗങ്ങൾ എത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സർക്കാർ ഉത്തരവ് ജി.ഒ. (പി) നമ്പർ 36/91/പി.&എ.ആർ.ഡി. തീയതി 2-12-1991 പ്രകാരമാണ് പൊലീസ് വകുപ്പിൽ അന്തർ ജില്ലാ സ്ഥലം മാറ്റം

നടത്തുന്നത്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 1989 മുതൽ 1990 വരെയുള്ള കാലയളവിലെ ഒഴിവുകളുടെ വിവരം ലഭ്യമല്ല. ലഭ്യമായ രേഖകൾ പ്രകാരം 1991 മുതൽ 2016 വരെയുള്ള കാലയളവിൽ ഓരോ വർഷവും ആലപ്പുഴ ജില്ലയിൽ ലോക്കൽ വിഭാഗത്തിൽ ഉണ്ടായിട്ടുള്ള പോലീസുകാരുടെ (എച്ച്.സി./പി.സി.) ഒഴിവുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*

(സി) ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിൽ ലഭ്യമായ രേഖകൾ പ്രകാരം 1989 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ ഓരോ വർഷവും ആലപ്പുഴ ജില്ലാ എ.ആർ.-ലേയ്ക്ക് സ്ഥലം മാറ്റം ആയ പോലീസുകാരുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു*.

(ഡി) 1989 മുതൽ 2016 വരെയുള്ള കാലയളവിൽ ഓരോ വർഷവും കൊല്ലം ജില്ലയിൽ ലോക്കൽ വിഭാഗത്തിൽ ഉണ്ടായിട്ടുള്ള പോലീസുകാരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു*.

(ഇ) കൊല്ലം സിറ്റി ജില്ലാ പോലീസ് ഓഫീസിൽ ലഭ്യമായ രേഖകൾ പ്രകാരം 1989 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ ഓരോ വർഷവും കൊല്ലം ജില്ലയിലെ എ.ആർ.-ലേയ്ക്ക് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ ആയിട്ടുള്ള പോലീസുകാരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു*.

(എഫ്) നിലവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്തർ ജില്ലാ സ്ഥലമാറ്റം നീതിയുക്തമായും സുതാര്യമായും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) 1989 മുതൽ 2016 മാർച്ച് വരെയുള്ള കാലഘട്ടത്തിൽ ഓരോ വർഷവും കെ.എ.പി.-III ബറ്റാലിയനിൽനിന്നും കൊല്ലം, ആലപ്പുഴ, എ.ആർ. ക്യാമ്പുകളിലേയ്ക്ക് ട്രാൻസ്ഫർ ആയിട്ടുള്ള സേനാംഗങ്ങളുടെ വിവരം അനുബന്ധം 6 ആയി ചേർത്തിരിക്കുന്നു*.

**പോലീസ് ട്രെയിനിംഗ്**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

78 (4173) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ക്രിമിനൽവൽക്കരണവും അഴിമതിയും അവസാനിപ്പിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി പോലീസ് ട്രെയിനിംഗ് കോളേജുകളുടെ (പി.റ്റി.സി.) സിലബസ് പരിഷ്കരിച്ച് കൃത്യമായ ഇടവേളകളിൽ ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാലഘട്ടത്തിന് അനുസൃതമായി പോലീസ് സേനയെ നവീകരിച്ച് ജനസൗഹൃദ പോലീസ് സേനയാക്കി മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പോലീസ് സ്റ്റേഷനുകളെ ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കിയും ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചും സ്ത്രീകൾക്കും മുതിർന്ന പൗരജനങ്ങൾക്കും പ്രത്യേക പരിഗണനയും നിയമവാഴ്ചയും ഉറപ്പാക്കി, അനാവശ്യ ബലപ്രയോഗവും മൂന്നാംമുറയും അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവഴി പോലീസ് സേനയ്ക്ക് ജനകീയ മുഖം നൽകുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പോലീസ് സേനയുടെ അച്ചടക്കത്തിന് നിരക്കാത്ത ഏതു പ്രവൃത്തിയിലും ഏർപ്പെടുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പോലീസ് സേനയിൽ അഴിമതി അവസാനിപ്പി ക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അഴിമതിക്കെതിരെ പൊതുജനങ്ങൾക്ക് അറിവ് നൽകുന്നതിനായി പോലീസ് സ്റ്റേഷനുകളിലും ഓഫീസുകളിലും ബോർഡുകൾ സ്ഥാപിച്ചിട്ടുമുണ്ട്. കൂടാതെ പോലീസ് ഉദ്യോഗസ്ഥർക്ക് വിഭാവന ചെയ്തിട്ടുള്ള ഇൻ-സർവ്വീസ് കോഴ്സുകളിൽ പൊതുജനങ്ങളോട് നല്ല പെരുമാറ്റത്തിനുവേണ്ടിയുള്ള പരിശീലന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാലഘട്ടത്തിനനുസൃതമായി പോലീസ് സേനയെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനസൗഹൃദ പോലീസ് സൃഷ്ടിക്കുന്നതിനുവേണ്ടി ജനമൈത്രി പോലീസ് പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

**പോലീസ് വെൽഫെയർ ബ്യൂറോ**

79 (4174) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വെൽഫെയർ ബ്യൂറോയിൽ ഇപ്പോൾ ആകെ എന്തു തുക നീക്കിയിരിപ്പുണ്ട്;

(ബി) കഴിഞ്ഞ നാല് മാസത്തിനിടയിൽ വെൽഫെയർ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെൽഫെയർ ബ്യൂറോയുടെ യോഗം എത്ര പ്രാവശ്യം ചേർന്നിട്ടുണ്ട്; എന്നൊക്കെയാണ്; തീയതികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പോലീസ് വെൽഫെയർ ബ്യൂറോയിൽ നിലവിൽ 8,17,76,226 രൂപ (എട്ടുകോടി പതിനേഴ് ലക്ഷത്തി എഴുപത്താറായിരത്തി ഇരുന്നൂറ്റി ഇരുപത്താറ് രൂപ മാത്രം) നീക്കിയിരിപ്പുണ്ട്.

(ബി) കഴിഞ്ഞ നാല് മാസത്തിനുള്ളിൽ പോലീസ് വെൽഫെയർ ബ്യൂറോയിൽനിന്നും 23,85,701 രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തി അയ്യായിരത്തി എഴുന്നൂറ്റി ഒന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വെൽഫെയർ ബ്യൂറോയുടെ യോഗം ചേർന്നിട്ടില്ല.

**ചെക്ക് പോസ്റ്റുകളിൽ ക്യാമറ അധിഷ്ഠിത ആഭ്യന്തര സുരക്ഷ**

80 (4175) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തമിഴ്നാട് അതിർത്തിയിലുള്ള ചെക്ക് പോസ്റ്റുകളിൽ ക്യാമറ അധിഷ്ഠിത ആഭ്യന്തര സുരക്ഷാ നിരീക്ഷണത്തിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി വകയിരുത്തിയ തുക എത്ര ; നിലവിൽ ഏതൊക്കെ ചെക്കുപോസ്റ്റുകളിലാണ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്; അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണ്; വ്യക്തമാക്കുമോ;

(സി) നിലവിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാത്ത ചെക്ക് പോസ്റ്റുകൾ ഏതൊക്കെയാണ്; ഇവിടെ നിരീക്ഷണ ക്യാമറകൾ എപ്പോൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ വാളയാർ വാണിജ്യ നികുതി വകുപ്പ് ചെക്ക് പോസ്റ്റിലും പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിന്റെ കീഴിലുള്ള വാളയാർ, വേലന്താവളം, ഗോപാലപുരം, മീനാക്ഷിപുരം, ഗോവിന്ദപുരം എന്നീ അഞ്ച് ചെക്ക് പോസ്റ്റുകളെയും ഉൾപ്പെടുത്തി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ പദ്ധതി പ്രകാരം ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം അമരവിള ചെക്ക് പോസ്റ്റിൽ മാത്രമാണ് നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുള്ളത്. ആയത് ഇപ്പോൾ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല.

(സി) അമരവിള ചെക്ക്പോസ്റ്റ് ഒഴികെ സംസ്ഥാനത്തെ ഒരു ചെക്ക് പോസ്റ്റിലും നിലവിൽ നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടില്ല. വാണിജ്യ നികുതി വകുപ്പിന്റെ കീഴിലുള്ള വാളയാർ, മുത്തങ്ങ, മഞ്ചേശ്വരം, അമരവിള, ആര്യങ്കാവ്, കുമളി, വഴിക്കടവ് ചെക്ക് പോസ്റ്റുകളിൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി അനുവദിച്ചു നൽകിയിട്ടുള്ള വാഹനങ്ങൾ

81 (4176) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി നിലവിൽ എത്ര വാഹനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ടെന്ന വിവരം ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) നിലവിൽ എത്ര ഡ്രൈവർമാരുടെ തസ്തികകൾ വകുപ്പിലുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ശബരിമല ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസ് സേനാംഗങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന റ്റി.എ./ഡി.എ. കാലോചിതമായി പരിഷ്കരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിലവിലുള്ള സേനാംഗങ്ങൾക്ക് ലഭ്യമാക്കിവരുന്ന റ്റി.എ./ഡി.എ. കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) പോലീസ് സേനയിൽ നിലവിൽ സി.ഐ.മാരുടെ എത്ര തസ്തികകൾ നികത്താതെ ഒഴിഞ്ഞു കിടപ്പുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾക്കായി ജില്ലകളിലേയ്ക്ക് അനുവദിക്കപ്പെട്ട വാഹനങ്ങളുടെ എണ്ണം ഇനം തിരിച്ച് ഇതോടൊപ്പം അനുബന്ധമായി I ആയി ചേർക്കുന്നു*.

(ബി) നിലവിൽ പോലീസ് വകുപ്പിലുള്ള ഡ്രൈവർമാരുടെ ജില്ല തിരിച്ചുള്ള തസ്തിക വിവരം അനുബന്ധം II ആയി ചേർക്കുന്നു*.

(സി&ഡി) ശബരിമല ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസ് സേനാംഗങ്ങൾക്ക് 25 ശതമാനം അധിക ഡി.എ. നിലവിൽ അനുവദിച്ച് വരുന്നുണ്ട്.

(ഇ) പോലീസ് സേനയിൽ 7 (ഏഴ്) സി.ഐ.-മാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇന്ത്യാ റിസർവ് ബറ്റാലിയൻ തണ്ടർ ബോൾട്ട് കമാൻഡോ നിയമനം**

82 (4179) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യാ റിസർവ് ബറ്റാലിയൻ തണ്ടർ ബോൾട്ട് കമാൻഡോ റാങ്ക് പട്ടികയിൽനിന്ന് എത്ര പേരെ ഇതുവരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ; ഈ തസ്തികയിൽ ഇനിയെത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ; എങ്കിൽ ആയത് പി.എസ്.സി. യെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ റാങ്ക് ലിസ്റ്റിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കുമോ;

(ബി) 2016 ജൂലൈ 27-ന് റാങ്ക്ഹോൾഡേഴ്സ് അസ്സോസിയേഷൻ സെക്രട്ടേറിയറ്റിനു മുന്നിൽ ആത്മഹത്യാ ഭീഷണി മുഴക്കി നടത്തിയ സമരത്തിന്റെ ഭാഗമായി ഡി.ജി.പി. നൽകിയ ഉറപ്പ് പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇന്ത്യാ റിസർവ് ബറ്റാലിയൻ കമാൻഡോ റാങ്ക് ലിസ്റ്റിൽനിന്നും 353 പേരെ ഇതുവരെ നിയമിച്ചിട്ടുണ്ട്. ഈ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. നാലര വർഷത്തിൽ കൂടുതൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ കഴിയില്ലെന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ടെങ്കിലും ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ക്ലീൻ ക്യാമ്പസ് -സേഫ് ക്യാമ്പസ്**

83 (T* 4180) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ ക്യാമ്പസ്-സേഫ് ക്യാമ്പസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂളുകളിൽ ലഹരി/മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിനായി കൊണ്ടുവന്ന ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാർത്ഥികളിൽ വളർന്നുവരുന്ന പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തടയുന്നതിനും വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും ശുചിത്വത്തിനുവേണ്ടി സംസ്ഥാന സർക്കാർ, പോലീസ്, എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്.' സ്കൂളുകളും

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കോളേജുകളും കേന്ദ്രീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ മയക്കുമരുന്ന്, മദ്യം, നിരോധിത പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ വിൽക്കാൻ ശ്രമിക്കുന്നവർക്കെതിരെ COTPA, NDPS Act, Kerala Abkari Act, KP Act പ്രകാരവും മറ്റും നടപടികൾ സ്വീകരിക്കുന്നതിനും സ്കൂളും പരിസരവും ശുചിമുറികളും വൃത്തിയായി സൂക്ഷിക്കുന്നതിനും സുരക്ഷിതമാക്കുന്നതിനും സ്കൂൾ കോളേജ് പരിസരങ്ങൾ അപകടരഹിത മേഖലയാക്കുന്നതിനും സ്കൂൾ കോളേജ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തി ഒരു നല്ല വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ ലക്ഷ്യം. ഇതിനുപുറമേ മയക്കുമരുന്ന് ഉപയോഗത്തിന് വിധേയരായ വിദ്യാർത്ഥികളെ കൗൺസിലിംഗിന് വിധേയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ലഹരിക്കടിമകളായ ധാരാളം കുട്ടികളെ ബോധവൽക്കരണത്തിലൂടെയും ചികിത്സയിലൂടെയും പൂർവ്വസ്ഥിതിയിലാക്കാനും സ്കൂൾ-കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനം കുറയ്ക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനും ശുചിത്വബോധം ഉണ്ടാക്കുന്നതിനും രക്ഷിതാക്കളുടെ ഇടയിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നതിനും വിദ്യാലയങ്ങളിൽ സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്.

**പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്**

84 (4182) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ബന്ധപ്പെട്ട പൊലീസ് സ്റ്റേഷൻ പരിധിയിലെ മുതിർന്ന പൗരന്മാരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കി തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആഭ്യന്തര വകുപ്പിനുകീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് സ്ഥാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലെയും മുതിർന്ന പൗരൻമാരുടെ പട്ടിക കാലാകാലങ്ങളിൽ തയ്യാറാക്കി സൂക്ഷിച്ചുവരുന്നുണ്ട്.

(സി) മുതിർന്ന പൗരന്മാരുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് സന്നദ്ധ സംഘടനകളുമായി ചേർന്നുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നുണ്ട്. ഇതിനുപുറമേ ജനമൈത്രി പേലീസിലെ ബീറ്റ് ഓഫീസർമാർ ഇവരുടെ താമസസ്ഥലത്ത് എത്തി ഇവർക്ക് വേണ്ട സഹായങ്ങൾ നൽകിവരുന്നുണ്ട്.

**എറണാകുളം ആംഡ് പോലീസ് ക്യാമ്പ്**

85 (4183) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിൽ സ്ഥിതി ചെയ്യുന്ന ആംഡ് പോലീസ് ക്യാമ്പ് അസൗകര്യങ്ങൾ നിറഞ്ഞതായതിനാൽ ആയത് പുതുക്കി പണിയുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) എറണാകുളം നഗരത്തിലെ എ.ആർ. ക്യാമ്പ് പുതുക്കി പണിയുന്നതിന് നിർദ്ദേശം നിലവിലുണ്ട്. കമാണ്ടന്റ് ഓഫീസ്, ബാരക്കുകൾ, പരേഡ് ഗ്രൗണ്ട് എന്നിവ എ.ആർ. ക്യാമ്പിൽ നിർമ്മിക്കുന്നതിനായി 42,50,00,000 (നാൽപ്പത്തി രണ്ട് കോടി അൻപത് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് കെ.പി.എച്ച്.സി.സി. പ്രോജക്ട് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ തുടർനടപടി പരിശോധിച്ചുവരുന്നു.

## മുഹമ്മദ് അസ്ലം വധക്കേസിന്റെ അന്വേഷണം

86 (4184) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൂണേരിയിലെ മുഹമ്മദ് അസ്ലം വധക്കേസിൽ അറസ്റ്റ് ചെയ്ത ഏതെങ്കിലും പ്രതി പോലീസിനെ വെട്ടിച്ച് കടന്നുകളഞ്ഞിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) അന്വേഷണസംഘത്തിൽനിന്നും ഇതിനകം എത്ര ഉദ്യോഗസ്ഥർ പിൻമാറുകയോ, മാറ്റപ്പെടുകയോ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) രാഷ്ട്രീയ സമ്മർദ്ദം മൂലമാണ് പ്രതികളെ അറസ്റ്റ് ചെയ്യാത്തത് എന്ന ആരോപണത്തിന് അടിസ്ഥാനമുണ്ടോ; കേസ് ഊർജ്ജിതമായി അന്വേഷിച്ച് പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) അന്വേഷണ ഉദ്യോഗസ്ഥർ പിൻമാറുകയോ അവരെ മാറ്റുകയോ ചെയ്തിട്ടില്ല.

(സി) ആരോപണത്തിന് അടിസ്ഥാനമില്ല. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ജനമൈത്രി പോലീസ് പദ്ധതി

87 (4185) ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി തുടങ്ങിയതെന്നാണ്;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെ പോലീസ് വകുപ്പിൽ

നിന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ചെലവഴിച്ച തുക സംബന്ധിച്ച് ആഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ചെലവഴിച്ച തുകയുടെ ആഡിറ്റ് എത്രയും വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനമൈത്രി സുരക്ഷാ പദ്ധതി 2008 മാർച്ചിൽ ആരംഭിച്ചു.

(ബി) ജനമൈത്രി പോലീസ്/കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയിനത്തിൽ 2007-08 വർഷം മുതൽ 2015-16 വരെയുള്ള ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2007-08 | 15 ലക്ഷം |
| 2008-09 | 23 ലക്ഷം |
| 2009-10 | 43 ലക്ഷം |
| 2010-11 | 253.78 ലക്ഷം |
| 2011-12 | 75 ലക്ഷം |
| 2012-13 | 200 ലക്ഷം |
| 2013-14 | 249.09 ലക്ഷം |
| 2014-15 | 245.77 ലക്ഷം |
| 2015-16 | 302 ലക്ഷം |

(സി&ഡി) പോലീസ് ആസ്ഥാനത്തുനിന്നും കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതികൾക്കായി അനുവദിക്കുന്ന തുക വിവിധ പോലീസ് യൂണിറ്റ് മേധാവികൾ മുഖേന നടപ്പിലാക്കുകയാണ് പതിവ്. ഇവയുടെ ചെലവ് കണക്കുകൾ അതാത് യൂണിറ്റിൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗം കാലാകാലങ്ങളിൽ നടത്താറുള്ള പരിശോധനയിൽ ഉൾപ്പെടുത്തി ആഡിറ്റ് നടത്താറുണ്ട്.

**ജനമൈത്രി പോലീസ് സംവിധാനം**

88 (4186) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് സംവിധാനത്തിൽ വനിതകളുടെ

ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ വഴി സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ജനമൈത്രി പോലീസ് സംവിധാനം വഴി സ്ത്രീകളുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ് സ്ത്രീ സുരക്ഷ. സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വനിതാ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. ജനമൈത്രി പോലീസ് അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരായി വനിതാ ഉദ്യോഗസ്ഥരെയാണ് നിയമിക്കുന്നത്. ഇതിനാൽ സ്ത്രീകൾക്ക് പോലീസുമായി അവരുടെ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നു. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ നേതൃത്വത്തിൽ നടത്തിയ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നായിരുന്നു വനിതാ സ്വയം സുരക്ഷാ പരിശീലന പരിപാടി. കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പരിപാടി നടപ്പിലാക്കിക്കഴിഞ്ഞു. സ്ത്രീകളുടെ യാത്ര സുരക്ഷിതമാക്കുന്നതിനായി ജില്ലകൾ കേന്ദ്രീകരിച്ച് ഷീ ഓട്ടോ പദ്ധതി നടപ്പിലാക്കിവരുന്നു. കൗമാരക്കാരായ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അവർക്ക് നിയമ, അവകാശ, അവബോധം നൽകുന്നതിനായി സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ഇൻഫർമേഷൻ ടച്ച് സ്ക്രീൻ കിയോസ്കുകളും കൈപുസ്തകങ്ങളും പ്രയോജനപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി വനിതാ ശിശു സുരക്ഷയിൽ ജനമൈത്രി പോലീസിന്റെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി ജില്ലാ-സംസ്ഥാന തലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തേണ്ടതായിട്ടുണ്ട്.

(സി) സ്ത്രീകളുടെ സുരക്ഷിതത്വം ലക്ഷ്യമിട്ടുകൊണ്ട് സ്ത്രീകൾക്കായി സ്വയം സുരക്ഷാ പരിശീലന പരിപാടിയിൽ, പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥർ റസിഡന്റ്സ് അസോസിയേഷനുകളിലേയും കുടുംബശ്രീകളിലേയും

വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും സ്ത്രീകൾക്ക് പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. She Auto പോലുള്ള പദ്ധതികൾ കൂടുതൽ നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് നിയമാവബോധം നൽകുന്നതിനായി കൂടുതൽ കൈപുസ്തകങ്ങൾ നൽകുന്നു. ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ഡെസ്കുകൾ കൂടുതൽ വിപുലമാക്കാനും മെച്ചപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ട്രാഫിക് പോലീസ് സംവിധാനം വിപുലീകരിക്കുന്നതിന് നടപടി**

89 (4187) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ട്രാഫിക് പോലീസ് സംവിധാനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഗതാഗത നിയന്ത്രണവുമായി ബന്ധപ്പെട്ട് പോലീസ് ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ട്രാഫിക് പോലീസ് സംവിധാനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് ഇപ്പോൾ തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ട്രാഫിക് കേസ്സുകളുടെ എണ്ണം കൂടുതലുള്ള ട്രാഫിക് പോലീസ് സ്റ്റേഷനുകളെ വിഭജിച്ച് പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുകയും ട്രാഫിക് പോലീസ് സ്റ്റേഷൻ ആവശ്യമായ സ്ഥലങ്ങളിൽ പുതിയതായി ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പോലീസ് വകുപ്പ് ഹ്രസ്വകാലാടിസ്ഥാനത്തിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. അപകടകരമായ രീതിയിൽ അശ്രദ്ധമായും അമിതവേഗത്തിലും വാഹനം ഓടിക്കുന്നവർക്കെതിരെ പോലീസ് ഡിപ്പാർട്ട്മെന്റ് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി ഡിപ്പാർട്ടുമെന്റിൽ ലഭ്യമായിട്ടുള്ള ബ്രീത്ത് അനലൈസർ & ആൽക്കോമീറ്ററുകൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ തുടങ്ങിയ അത്യാധുനിക ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ച് വാഹന പരിശോധന കാര്യക്ഷമമായി നടത്തി റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് നിയമങ്ങൾ പാലിക്കാതെ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി അവരിൽനിന്നും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്.

കേരളത്തിലെ റോഡുകളിൽ വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനുമായി വിപുലമായ ബോധവൽക്കരണം ലക്ഷ്യംവച്ച് സംസ്ഥാന സർക്കാർ പോലീസ് വകുപ്പിൽ "ശുഭയാത്ര" എന്ന പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്.

**ഫറോക് പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം**

90 (4188) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഫറോക്ക് പോലീസ് സ്റ്റേഷനുവേണ്ടി നിർമ്മിച്ച പുതിയ കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ഫണ്ടുകൾ ഉപയോഗിച്ചാണ് ഈ കെട്ടിടം നിർമ്മിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്ക് പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചിട്ടില്ല. എന്നാൽ ഫറോക്ക് സ്റ്റേഷനടുത്തായി കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററിനുവേണ്ടി ഒരു പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷനിൽനിന്നും അനുദിച്ച 25,00,000 (ഇരുപത്തഞ്ച് ലക്ഷം) രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മിച്ചത്. മേൽപ്പറഞ്ഞ കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കായംകുളം ഫിഷിംഗ് ഹാർബറിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി**

91 (4189) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനവും അവിടുത്തെ സുരക്ഷാഭീഷണിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹാർബറിൽ ബോട്ട് അടുക്കുമ്പോഴും മത്സ്യ വിപണനവുമായി ബന്ധപ്പെട്ടും പലപ്പോഴും സംഘർഷങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ നേരിടാൻ വേണ്ടത്ര പോലീസ് ഉദ്യോഗസ്ഥർ ഹാർബറിൽ ഡ്യൂട്ടിയിലില്ലെന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വളരെ വേഗം വികസിച്ചുകൊണ്ടിരിക്കുന്ന കായംകുളം ഫിഷിംഗ് ഹാർബറിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) കായംകുളം ഫിഷിംഗ് ഹാർബറിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ജനമൈത്രി ട്രൈബൽ പോലീസ് സ്റ്റേഷനുകൾ**

92 (4190) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ജനമൈത്രി ട്രൈബൽ പോലീസ് സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്റ്റേഷനുകൾ വഴി ആദിവാസികളുടെ ഉന്നമനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) ഈ സ്റ്റേഷനുകൾ ആദിവാസി ജനസമൂഹത്തിൽ സൃഷ്ടിച്ച സ്വാധീനം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ നിലവിൽ 50 ട്രൈബൽ ജനമൈത്രി പോലീസ് സ്റ്റേഷനുകളുണ്ട്.

(ബി) ജനമൈത്രി പോലീസ് ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾക്ക് പരമപ്രാധാന്യം നൽകിവരുന്നു. ആദിവാസികൾ അധികം തിങ്ങിപ്പാർക്കുന്ന മേഖലകളിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ട്രൈബൽ ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. ബീറ്റ് ഓഫീസർമാരുടെ ഊരു സന്ദർശനം കൃത്യമായ ഇടവേളകളിൽ നടത്തുന്നു എന്ന് ഉറപ്പുവരുത്തുന്നു. സംസ്ഥാന, ജില്ലാതലത്തിൽ ജനമൈത്രി സുരക്ഷാപദ്ധതി

സംസ്ഥാന നോഡൽ ഓഫീസറുടെയും ജില്ലാ പോലീസ് മേധാവികളുടെയും ജില്ലാ നോഡൽ ഓഫീസറുടെയും നേതൃത്വത്തിൽ ആദിവാസി മേഖലകളിലേയ്ക്ക് സന്ദർശനം നടത്തി അവരുടെ പ്രശ്നങ്ങളും പരാതികളും നേരിട്ട് ബോദ്ധ്യപ്പെടുന്നു. തുടർന്ന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അദാലത്തുകളും നടത്തുന്നുണ്ട്. തൽഫലമായി ആദിവാസികളുടെ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കാനും പരിഹാരം കാണാനും കഴിയുന്നു.

(സി) ആദിവാസി സമൂഹത്തിൽ ജനമൈത്രി പോലീസ് അടിസ്ഥാന മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചിട്ടുണ്ട്. അവയ്ക്ക് ആ സമൂഹത്തിൽ വലിയ സ്വാധീനം സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം ആദിവാസി സമൂഹത്തിന് പോലീസിനോട് പൂർവ്വകാലത്തുണ്ടായിരുന്ന മനോഭാവത്തിൽ വലിയ മാറ്റം വരുത്താൻ ഇടയായി. അവരുടെ ജീവിതശൈലിയുമായി ബന്ധപ്പെട്ട് ഇടപെടൽ നടത്തിയും കുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കായി (ഊരു ജ്യോതി) സൗജന്യ ട്യൂഷനും പി.എസ്.സി. പരിശീലനവും നടത്തുന്നതുവഴി അവരിൽ ആത്മവിശ്വാസം വളർത്താൻ കഴിഞ്ഞിട്ടുണ്ട്. അവരുടെ ദുശ്ശീലങ്ങൾ ഒഴിവാക്കുന്നതിനായി കർശനമായ പോലീസിംഗ് നടത്തിയും ഈ സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ ജനമൈത്രി പോലീസിന് കഴിഞ്ഞിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ ആക്രമണങ്ങൾ

93 (4191) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ എത്ര രാഷ്ട്രീയ ആക്രമണങ്ങൾ നടന്നു; പ്രസ്തുത ആക്രമണങ്ങളിൽ എത്രപേർ മരണപ്പെട്ടു;

(ബി) പ്രസ്തുത അക്രമസംഭവങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള രാഷ്ട്രീയകക്ഷികൾ ആരൊക്കെയാണ്;

(സി) അക്രമസംഭവങ്ങളിലും കൊലപാതകങ്ങളിലും ഉൾപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അവയുടെ കാരണം വ്യക്തമാക്കുമോ;

(ഡി) ഭരണകക്ഷിയിലെ ഒരു രാഷ്ട്രീയകക്ഷി ഉൾപ്പെട്ട കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ പോലീസ് വിമുഖത കാണിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) 206 രാഷ്ട്രീയ ആക്രമണങ്ങൾ നടന്നിട്ടുണ്ട്. പ്രസ്തുത ആക്രമണങ്ങളിൽ 5 പേർ മരണപ്പെട്ടിട്ടുള്ളതാണ്.

(ബി) CPI(M), BJP, INC, IUML, SDPI തുടങ്ങിയ രാഷ്ട്രീയകക്ഷികൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) 574 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**താനൂരിലെ ക്രമസമാധാനനില**

94 (4192) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താനൂരിലെ ക്രമസമാധാനനില തകർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരന്തരമായി നടക്കുന്ന അക്രമവും കൊള്ളയും ആ പ്രദേശത്തെ ജനങ്ങളുടെ സ്വൈര്യജീവിതത്തെ കാര്യമായി ബാധിച്ച സാഹചര്യത്തിൽ ക്രമസമാധാനം നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) താനൂർ മേഖലയിൽ അക്രമവും കൊള്ളയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നഗരൂരിൽ പുതിയ പോലീസ് സ്റ്റേഷൻ**

95 (4193) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂരിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും സമർപ്പിച്ചിട്ടുണ്ടോ; കാലതാമസം വരുന്നതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൊപ്പോസൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ഇതുസംബന്ധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടതിൻ പ്രകാരം തുടർ നടപടികൾ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി സ്വീകരിച്ചുവരികയാണ്.

## ലോക്കപ്പ് മർദ്ദനവും കസ്റ്റഡി മരണവും

96 (4194) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കപ്പ് മർദ്ദനവും കസ്റ്റഡി മരണവും വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച പരാതികളിന്മേൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പോലീസുകാർക്കെതിരെ കേസ് എടുത്തു; എത്ര പേരെ ശിക്ഷണ നടപടികൾക്ക് വിധേയരാക്കി; വിശദാംശം നൽകുമോ;

(സി) ലോക്കപ്പ് മർദ്ദനത്തിൽ പരിക്കേറ്റവരുടെ കുടുംബങ്ങൾക്കും, പോലീസ് കസ്റ്റഡിയിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും എന്തെങ്കിലും ധനസഹായം കഴിഞ്ഞ നാല് മാസത്തിനുള്ളിൽ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച പരാതികളിന്മേൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8 പോലീസുകാർക്കെതിരെ കേസെടുത്തു; 10 പേരെ ശിക്ഷാനടപടികൾക്ക് വിധേയരാക്കി; ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. പാറശ്ശാല പോലീസ് സ്റ്റേഷൻ കസ്റ്റഡി മരണത്തിൽ പരേതനായ ശ്രീജീവിന്റെ ആശ്രിതർക്ക് 10 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## രാഷ്ട്രീയ സംഘർഷത്തിന്റെ പേരിൽ കേസുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

97 (4195) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.പി.എം.- സി.പി.ഐ. പ്രവർത്തകർ തമ്മിലുള്ള സംഘർഷത്തിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) മേൽ പറഞ്ഞ സംഘർഷത്തിൽ എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്ര പേർ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 4 എണ്ണം കൊല്ലം ജില്ലയിലും 2 എണ്ണം ആലപ്പുഴ ജില്ലയിലുമായി ആകെ 6 എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 9 പേർ പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു.

**കാസർഗോഡ് കെ.എ.പി. ബറ്റാലിയൻ**

98 (4196) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ കെ.എ.പി. നാലാം ബറ്റാലിയന്റെ സബ് ക്യാമ്പ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) കാസർഗോഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത സബ് ക്യാമ്പ് കെ.എ.പി.-യുടെ ബറ്റാലിയനായി ഉയർത്തുന്നതിനുള്ള വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിലെ പെരിയയിൽ നിലവിൽ കെ.എ.പി. 4-ാം ബറ്റാലിയന്റെ സബ് ക്യാമ്പ് പ്രവർത്തിച്ചുവരുന്നു.

(ബി&സി) കാസർഗോഡ് പെരിയയിൽ പ്രവർത്തിച്ചുവരുന്ന കെ.എ.പി.

നാലാം ബറ്റാലിയന്റെ സബ് ക്യാമ്പ് കെ.എ.പി. ബറ്റാലിയനായി ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**വിജിലൻസ് അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ പ്രധാനപ്പെട്ട ചുമതലകളിൽനിന്നും ഒഴിവാക്കാൻ നടപടി**

99 (4197) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രധാനപ്പെട്ട ചുമതല വഹിക്കുന്ന തസ്തികകളിൽ നിയമിച്ചിട്ടുണ്ട്; തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) പ്രധാനപ്പെട്ട ചുമതല വഹിക്കുന്ന തസ്തികകളിൽ നിയമിച്ചിട്ടുള്ള വിജിലൻസ് അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ തൽസ്ഥാനങ്ങളിൽനിന്നും മാറ്റി നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) വിജിലൻസ് അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർ പ്രധാനപ്പെട്ട ചുമതല വഹിക്കുന്ന തസ്തികകളിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മേൽ വിശദീകരണത്തിന്റെ വെളിച്ചത്തിൽ നടപടി ആവശ്യമില്ല.

**കാസർഗോഡ് ജില്ലയിൽ വ്യാജപാസ്പോർട്ടുമായി ബന്ധപ്പെട്ട കേസ്സുകൾ**

100 (4198) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യാജപാസ്പോർട്ടുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻപ് ഇത്തരം കേസുകളിൽ പിടിക്കപ്പെട്ടവർ തന്നെ വീണ്ടും ഇതേ പണിക്ക് ഇറങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നാളിതുവരെ വ്യാജ പാസ്പോർട്ടുമായി ബന്ധപ്പെട്ട് എത്ര പേരെ ടി

ജില്ലയിൽ പിടികൂടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വ്യാജ പാസ്പോർട്ടുമായി ബന്ധപ്പെട്ട് 18-5-2016 മുതൽ 30-9-2016 വരെ 170 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 71 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**ക്രിമിനൽ സ്വാഭാവമുള്ള കേസ്സുകൾ**

101 (4199) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ മുൻപാകെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ക്രിമിനൽ സ്വഭാവമുള്ള എത്ര കേസ്സുകളിൽ പരാതി ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പരാതികളിന്മേൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

**തിരക്കേറിയ സ്ഥലങ്ങളിൽ വാഹന പരിശോധന**

102 (4200) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പട്ടണത്തിലെ സ്കൂളുകളുടെ മുൻഭാഗത്തുള്ള തിരക്കേറിയ റോഡുകളിലും റോഡുകളുടെ വളവുകളിലും സ്ഥിരമായി പോലീസ് വാഹന പരിശോധന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം തിരക്കേറിയ സ്ഥലങ്ങളിൽ വാഹന പരിശോധന നടത്തുമ്പോൾ അപകടങ്ങൾ കൂടുതൽ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സുരക്ഷിതമായ സ്ഥലങ്ങളിൽ വാഹന പരിശോധന നടത്തുന്നതിനുവേണ്ടിയുള്ള

നിർദ്ദേശം പോലീസിന് നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വാഹന പരിശോധന നടത്തുമ്പോൾ തിരക്കേറിയ ജംഗ്ഷനുകളും മറ്റും ഒഴിവാക്കണമെന്നും ഒരേസമയം ഒന്നിൽ കൂടുതൽ വാഹനങ്ങളിൽ പരിശോധന നടത്താൻ പാടില്ലെന്നുമുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

## മംഗൽപാടി പഞ്ചായത്തിന്റെ പേരിൽ വ്യാജസർട്ടിഫിക്കറ്റ്

103 (4201) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മംഗൽപാടി പഞ്ചായത്തിന്റെ പേരിൽ വ്യാജസർട്ടിഫിക്കറ്റ് ഉണ്ടാക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; എത്ര പേരെ പിടികൂടിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) വ്യാജ സർട്ടിഫിക്കറ്റ് ഉണ്ടാക്കികൊടുത്ത അക്ഷയ കേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് 3 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 536/2016.
2. മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 537/2016.
3. മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 538/2016.

പ്രസ്തുത കേസ്സിൽ പ്രതികളായി (1) നയനാസ് ബാനു, (2) ഇക്ബാൽ, (3) മറിയ ഷൈനി, (4) ഫാത്തിമത്ത് സുഹറ, (5) ഖൈറുനിസ, (6) മുഹമ്മദ് അഷറഫ്, (7) ഇബ്രീഹിം, (8) ബീഫാത്തിമ, (9) കസീന എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ മുഹമ്മദ് അഷറഫ് എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) അക്ഷയ കേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

**ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെയുള്ള കേസ്സുകൾ**

104 (4202) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇതരസംസ്ഥാന തൊഴിലാളികൾക്കെതിരെ കേരളത്തിൽ എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവയിൽ എത്ര എണ്ണം അന്വേഷണം പൂർത്തിയായതിനുശേഷം ഫോറം 2 കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**കാണാതാകുന്ന കുട്ടികൾ**

105 (T*4203) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാണാതാകുന്ന കുട്ടികളെ സംബന്ധിച്ച കേസുകളുടെ എണ്ണം കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) കാണാതാകുന്ന കുട്ടികളെ സംബന്ധിച്ച്, ബാലാവകാശ കമ്മീഷനുകളിൽനിന്ന് സമീപകാലത്ത് ഏതെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കുട്ടികളെ കാണാതാകുന്നത് സംബന്ധിച്ച കേസ്സുകൾ റിപ്പോർട്ട് ചെയ്താൽ ഇതുസംബന്ധമായി ഊർജ്ജിതമായ അന്വേഷണം നടത്തുകയും 15 ദിവസത്തിനുള്ളിൽ കുട്ടിയെ കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ ടി കേസ് ഗ്രേവ് ക്രൈമായി പരിഗണിച്ച് അന്വേഷണം ബന്ധപ്പെട്ട ഇൻസ്പെക്ടർമാരെ ഏൽപ്പിക്കുകയും തുടർന്ന് 30 ദിവസത്തിനുള്ളിലും കുട്ടിയെ കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ തുടർ അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തി കുട്ടികളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ബാലാവകാശ കമ്മീഷന്റെ 30/03/2016-ലെ 377/2014/ KeSCPCR നമ്പർ ഉത്തരവിലെ ബന്ധപ്പെട്ട നിർദ്ദേശങ്ങളിന്മേൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നടപടിയെടുക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊക്കകോള കമ്പനിക്കെതിരെ പോലീസ് കേസ്**

106 (4204) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി ആദിവാസികൾക്ക് ലഭ്യമാകേണ്ട ജലം ചൂഷണം ചെയ്തതിനെതിരെയോ മറ്റുവിധത്തിലോ കമ്പനിക്കെതിരെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകൾ അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച തുടർ നടപടികളുടെ നിജസ്ഥിതി എന്ത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കേസിൽ എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇതുസംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പ്ലാച്ചിമട കൊക്കകോള കമ്പനിക്കെതിരെ ആദിവാസി കോളനിയിലെ ജല ചൂഷണത്തിനും ഉൽപ്പാദന വേസ്റ്റ് നിക്ഷേപത്തിനും കോളനിയിലെ കിണർ മലിനമാക്കിയതിനും ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിന് തങ്കവേലു, കന്നിമാരി എന്നിവരുടെ പരാതി പ്രകാരം മീനാക്ഷിപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 308/16 (u/s 3(i) (x) of SC/ST PoA Act) ആയി 9-6-2016-ൽ കൊക്കകോള കമ്പനിയിലെ മാനേജർ, റീജിയണൽ മാനേജർ, മാനേജിംഗ് ഡയറക്ടർ എന്നിവരെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസ് പാലക്കാട് ഡിവൈ.എസ്.പി. അന്വേഷിച്ചു വരുന്നതുമാണ്.

(സി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരികയാണ്. പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ളതും അന്യായക്കാരന് നഷ്ടപരിഹാരത്തിനായി സിവിൽപരമായി പരിഹാരം

തേടാവുന്നതാണെന്നും ടി കേസിൽ കൊക്കക്കോള കമ്പനിയുടെ ജലചൂഷണം ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനെ മാത്രമല്ല ബാധിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ടി കേസ് ഇപ്പോൾ ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നുണ്ട്.

(ഡി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ഉണ്ട്. (സി) പിരിവിന്റെ മറുപടിയിൽ വിശദാംശം ചേർത്തിട്ടുണ്ട്.

**അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്**

107 (4205) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര അസിസ്റ്റന്റ് കമ്മീഷണർക്ക് കീഴിലെ പ്രദേശങ്ങളുടെ വിസ്തൃതിയും കേസുകൾക്ക് തീരുമാനം എടുക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് ഇതിന്റെ വ്യാപകാതിർത്തി വിഭജിച്ച് പുതിയ എ.സി. ഓഫീസ് സ്ഥാപിച്ച് അസിസ്റ്റന്റ് കമ്മീഷണറെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഐ.ടി. നഗരമായ തൃക്കാക്കര മുനിസിപ്പാലിറ്റിക്ക് മാത്രമായി പ്രത്യേക അസിസ്റ്റന്റ് കമ്മീഷണറെ നിയമിക്കുന്നതിനും ഓഫീസ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**ഇരിങ്ങാലക്കുട എസ്.ഐ.-യുടെ വീട് ആക്രമിച്ച സംഭവം**

108 (4206) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട എസ്.ഐ. ആയിരുന്ന എം.ജെ. ജിജോയുടെ വെറ്റിലപ്പാറയിലുള്ള വസതി ആക്രമിക്കുകയും ജിജോയുടെ സഹോദരനും സിവിൽ പോലീസ് ഓഫീസറുമായ ലിജോയുടെ ബൈക്ക് കത്തിക്കുകയും, ജിജോയുടെ കാർ കത്തിക്കാൻ ശ്രമിക്കുകയും ചെയ്ത സംഭവത്തിൽ ഗൂഢാലോചന നടത്തിയവരടക്കമുള്ള മുഴുവൻ പ്രതികളേയും നിയമത്തിന്റെ മുൻപിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ലിജോയുടെ കത്തി നശിച്ച ബൈക്കിനുപകരം പുതിയ ബൈക്ക് വകുപ്പ് നൽകുമെന്ന് അന്നത്തെ ആഭ്യന്തരമന്ത്രി ഉറപ്പ് നൽകിയെങ്കിലും തുടർനടപടികൾ ഇനിയും സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാഹനം അനുവദിച്ചു നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സംഭവത്തിൽ ഉൾപ്പെട്ട 2 പ്രതികളെയും അറസ്റ്റ് ചെയ്യുകയും കേസിന്റെ കുറ്റപത്രം ബഹു. കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഗ്നിക്കിരയായ ബൈക്കിന് പകരം പുതിയ ബൈക്ക് അനുവദിച്ച് നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

**സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി**

109 (4207) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി തിരുവനന്തപുരം ജില്ലയിലെ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് നിലവിലുള്ളത്;

(ബി) പദ്ധതി നിലവിലില്ലാത്ത വിദ്യാലയങ്ങളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി 53 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളുടെ അപേക്ഷകളിൽ പദ്ധതിയുടെ ജില്ലാ/സംസ്ഥാനതല ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം ഉചിതമായ തീരുമാനം കൈക്കൊണ്ടുവരുന്നു.

**പൊതുസ്ഥലത്തുള്ള മദ്യപാനം**

110 (4208) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറുകൾ പൂട്ടിയതിനെ തുടർന്ന് പൊതു സ്ഥലത്തും ജനവാസം കുറഞ്ഞ പ്രദേശങ്ങളിലും വച്ചുള്ള മദ്യപാനത്തിൽ എത്രത്തോളം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുസ്ഥലത്തും നിർത്തിയിട്ട വാഹനങ്ങളിലും വച്ചുള്ള മദ്യപാനത്തിനെതിരെ പോലീസ് കർശന നടപടി സ്വീകരിക്കാറില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുജനങ്ങളിൽനിന്ന് പരാതി ലഭിച്ചാലും ഇത്തരം പ്രദേശങ്ങൾ നിരീക്ഷിക്കുന്നതിനോ ഇത്തരം സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനോ പോലീസ് തയ്യാറാകാത്ത നടപടി ഗൗരവമായി കാണുന്നുണ്ടോ;

(ഡി) ഇത്തരം പ്രദേശങ്ങൾ കണ്ടെത്തി കർശന നടപടിയെടുക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 2014 ഏപ്രിൽ മുതൽ 2015 മാർച്ചുവരെ 50934 കേസ്സുകൾ

2015 ഏപ്രിൽ മുതൽ 2016 മാർച്ചുവരെ 60183 കേസ്സുകൾ

2016 ഏപ്രിൽ മുതൽ 2016 ഒക്ടോബർ 15 വരെ 34261 കേസ്സുകൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച് പൊതുജനങ്ങളിൽനിന്ന് പരാതി ലഭിച്ചാൽ ഉടൻതന്നെ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമേ ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ പോലീസ് നിരീക്ഷണവും പട്രോളിംഗും ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ പോലീസ് നിരീക്ഷണവും പട്രോളിംഗും ശക്തിപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പോലീസുകാർക്ക് പ്ലാസ്റ്റിക് പൊതികളിൽ ഭക്ഷണ വിതരണം**

111 (4209) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഡ് ഡ്യൂട്ടി നോക്കുന്ന പോലീസുകാർക്ക് പ്ലാസ്റ്റിക് പൊതികളിലാണ് ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസുകാർക്കിടയിൽ ഇതു സൃഷ്ടിക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്ലാസ്റ്റിക് പൊതികളിലെ ഭക്ഷണ വിതരണം അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്ലാസ്റ്റിക് ഉപയോഗിച്ച് ഭക്ഷണം പൊതിയുന്നത് ഒഴിവാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(ബി) ഇക്കാരണത്താൽ മാത്രമായി ഗൗരവമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്ലാസ്റ്റിക് പൊതികളിലെ ഭക്ഷണ വിതരണം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാഹനാപകടങ്ങളിൽ മരണപ്പെട്ടവർ**

112 (T*4210) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

കഴിഞ്ഞ വർഷത്തിൽ (2015) സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| ജില്ല | 2015-ൽ വാഹനാപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം സിറ്റി | 164 |
| തിരുവനന്തപുരം റൂറൽ | 321 |
| കൊല്ലം സിറ്റി | 204 |
| കൊല്ലം റൂറൽ | 182 |
| പത്തനംതിട്ട | 119 |
| ആലപ്പുഴ | 378 |
| കോട്ടയം | 271 |
| ഇടുക്കി | 91 |
| എറണാകുളം സിറ്റി | 168 |
| എറണാകുളം റൂറൽ | 334 |
| തൃശ്ശൂർ സിറ്റി | 109 |
| തൃശ്ശൂർ റൂറൽ | 324 |
| പാലക്കാട് | 424 |
| മലപ്പുറം | 367 |
| കോഴിക്കോട് സിറ്റി | 159 |
| കോഴിക്കോട് റൂറൽ | 197 |
| വയനാട് | 62 |
| കണ്ണൂർ | 218 |
| കാസർഗോഡ് | 104 |
| ആകെ | 4,196 |

**ഗോവിന്ദച്ചാമിയുടെ സാമ്പത്തിക സ്രോതസ്സിനെക്കുറിച്ച് അന്വേഷണം**

113 (4211) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗമ്യ വധക്കേസിൽ ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ട ഗോവിന്ദച്ചാമിയുടെ സാമ്പത്തികസ്രോതസ്സിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവ് നടപ്പാക്കാനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ജയിലിൽ കഴിയുന്ന ഗോവിന്ദച്ചാമിയെ സന്ദർശിച്ചവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രതിക്ക് പിന്നിലുള്ള ഗൂഢശക്തികളെക്കുറിച്ച് മനസ്സിലാക്കുവാനും അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് ഇത്തരം ദുരന്തങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാനുമുള്ള മുൻകരുതലുകൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ജയിലിൽ കഴിയുന്ന ഗോവിന്ദച്ചാമിയെ സന്ദർശിച്ചവരുടെ പേരുവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | പേരും മേൽവിലാസവും | തീയതി | ബന്ധം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | അഡ്വ.ബി.എ.ആളൂർ, ആളൂർ അസോസിയേറ്റ്സ്, പി.ആർ. സതീഷ് | 5-4-14 | അഡ്വക്കേറ്റ് |
| 2. | സുബ്രഹ്മണ്യൻ സേലം, തമിഴ്നാട് | 24-2-15 | സഹോദരൻ |
| 3. | അനീഷ് പി.കെ. പറയാങ്കണ്ടി ഹൗസ്, നെല്ലിക്കോട്, കോഴിക്കോട്, ഐ.ഡി.നമ്പർ ഡി.എൽ-11/1149/ 2005 | 19-8-16 | സഹോദരന്റെ സുഹൃത്ത് |
| (1) | (2) | (3) | (4) |
| 4. | മുരുകേശൻ, ഐവാത്തുകുട്ടി, വിരുദായലം, തമിഴ്നാട്, ഐ.ഡി.നമ്പർ XAG0347179 | 9-9-16 | അനുജത്തിയുടെ മകൻ |
| 5. | അഡ്വ.ടോഗി കിഴക്കോടൻ, ആളൂർഅസോസിയേറ്റ്സ് (ലീഗൽ സെൽ), മൂന്നാം നില, നോർത്ത് പാർക്ക്, സെന്റ് വിൻസെന്റ് റോഡ്, എറണാകുളം | 18-10-16 | അഡ്വക്കേറ്റ് |

നോർത്ത്

(ഡി) കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികളും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്.

**കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി**

114 (4212) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി പ്രകാരം 2015-ൽ എത്ര പേർക്ക് നഷ്ടപരിഹാരം അനുവദിച്ചു; ആകെ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഫണ്ട് എപ്രകാരമാണ് കണ്ടെത്തുന്നത്എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിയന്ത്രണവും ഫണ്ട് വിനിയോഗത്തിന്റെ ചുമതലയും ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ അനുവദിക്കുന്നതിന് എന്ത് മാർഗ്ഗനിർദ്ദേശമാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) 12 ആളുകൾക്ക് 9 കേസ്സുകളിലായി 25,60,614 രൂപ അനുവദിച്ചു.

(ബി) വിക്ടിം കോമ്പൻസേഷൻ സ്കീമിന്റെ S.3(2) പ്രകാരമാണ് തുക കണ്ടെത്തുന്നത്.

(സി) പദ്ധതിയുടെ നിയന്ത്രണം S.3(5) പ്രകാരം സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരവകുപ്പിനാണ്. ഫണ്ട് വിനിയോഗത്തിന്റെ ചുമതല S.3(6) പ്രകാരം കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പദ്ധതിയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് നഷ്ടപരിഹാരത്തുക അനുവദിക്കുന്നത്.

## ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് വകുപ്പിൽ വാങ്ങിയ പുതിയ സാധനങ്ങൾ

115 (4213) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആധുനിക വൽക്കരണത്തിന്റെ ഭാഗമായി പോലീസ് വകുപ്പിൽ എന്തൊക്കെ പുതിയ സാധനങ്ങൾ വാങ്ങുകയുണ്ടായി; എത്ര കോടി രൂപ അതിനായി വിനിയോഗിച്ചു;

(ബി) സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ചാണോ സാധനങ്ങൾ വാങ്ങിയത് എന്ന് പരിശോധിക്കുമോ;

(സി) ചട്ടങ്ങൾ പാലിക്കാതെയാണ് സാധനങ്ങൾ വാങ്ങിയതെങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് വകുപ്പിൽ പുതിയതായി വാങ്ങിയ സാധനങ്ങളുടെ വിവരം അനുബന്ധമായി* വയ്ക്കുന്നു. ഇതിലേയ്ക്ക് ആകെ 4,84,08,323 രൂപ ചെലവായി.

(ബി) സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ചുതന്നെയാണ് മേൽപ്പറഞ്ഞ സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

(സി) ബാധകമല്ല.

## മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 236/2015 ആയി രജിസ്റ്റർ ചെയ്ത കേസ്

116 (4214) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 236/2015 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ എത്ര പ്രതികളുണ്ടെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സെക്ഷനുകൾ അനുസരിച്ചാണ് ഈ കേസ് രജിസ്റ്റർ ചെയ്തത്; പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്ന സെക്ഷൻ (പി.ഡി.പി.പി. ആക്ട്)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഈ കേസ്സിലെ പ്രതികൾക്കെതിരെ ചാർത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര രൂപയുടെ പൊതുമുതൽ നശിപ്പിച്ചതിനാണ് കേസ്സെടുത്തത്; കേസ്സിലെ പ്രതികൾ നശിപ്പിച്ച പൊതുമുതലിന്റെ വിശദാംശം നൽകുമോ;

(സി) പി.ഡി.പി.പി. ആക്ട് ഈ കേസ്സിൽ ഉണ്ടെങ്കിൽ എത്ര രൂപയുടെ പൊതുമുതലാണോ നശിപ്പിച്ചത് ആ തുക പ്രതികളിൽനിന്ന് ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ എവിടെ എത്തി നിൽക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസ്സിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കേസ്സിൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്നും ഏതെങ്കിലും പ്രതി ABSCONDING ആണെന്ന് പ്രസ്തുത ചാർജ്ജ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 236/2015-ന്റെ എഫ്.ഐ.ആർ. പ്രതികോളത്തിൽ ചില പ്രതിപക്ഷ നിയമസഭാംഗങ്ങൾ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി കേസിലെ എഫ്.ഐ.ആർ.-ൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 447, 427 & 34 എന്നീ വകുപ്പുകൾ പ്രകാരവും പൊതുമുതൽ നശീകരണ, തടയൽ നിയമത്തിലെ സെക്ഷൻ 3(1) പ്രകാരവുമാണ് കേസ്സെടുത്തിട്ടുള്ളത്. കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കേസ് ബഹു. കോടതിയുടെ പരിഗണനയിലാണ്.

(ഡി) പ്രതികൾ ഒളിവിൽ പോകാൻ സാദ്ധ്യത ഇല്ലെന്ന് ഉത്തമ ബോദ്ധ്യമുള്ളതിനാലും പ്രതികളുടെ സാന്നിദ്ധ്യത്തിൽ തെളിവുകൾ ശേഖരിക്കേണ്ട ആവശ്യകതയില്ലാത്തതിനാലും അറസ്റ്റ് ചെയ്തിട്ടില്ല.

(ഇ) പ്രസ്തുത കേസിൽ അന്വേഷണം പൂർത്തിയാക്കി ബഹു. തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ 23-3-2016-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ടി കുറ്റപത്രത്തിൽ പ്രതികൾ ആരെയും ABSCONDING ആയി രേഖപ്പെടുത്തിയിട്ടില്ല.

## 71595/J1/2016/Home ഫയലിന്മേൽ സ്വീകരിച്ച നടപടി

117 (4215) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര(ജെ) വകുപ്പിന്റെ 71595/J1/2016/Home ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദ്യാർത്ഥികൾക്കെതിരെ കോഴിക്കോട് സിറ്റി പോലീസ് കേസ് രജിസ്റ്റർ ചെയ്തത് സംബന്ധിച്ച് ബഹു.എം.എൽ.എ. അഡ്വക്കേറ്റ് പി.റ്റി.എ. റഹീം സമർപ്പിച്ച പരാതി 31-8-2016 -ന് ആഭ്യന്തര (ജെ) വകുപ്പിൽ ലഭ്യമായിട്ടുള്ളതും ആയത് 71595/ജെ1/2016/ആഭ്യന്തരം നമ്പരായി ഫയലിൽ സ്വീകരിക്കുകയും അന്വേഷണത്തിനും റിപ്പോർട്ടിനുമായി 5-9-2016-ന് സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചുകൊടുക്കുകയും ആ വിവരം ബഹു. എം.എൽ.എ.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് ബന്ധുക്കളെ നിയമിച്ചതു സംബന്ധിച്ച പരാതികൾ

118 (4216) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് സി.പി.എം. നേതാക്കളുടെ മക്കളെയും ബന്ധുക്കളെയും നിയമിച്ചത് സംബന്ധിച്ച് വിജിലൻസ് ഡയറക്ടർക്ക് പ്രതിപക്ഷ നേതാവിന്റേതടക്കം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) പരാതികൾ എന്നാണ് ലഭിച്ചതെന്നും പരാതിയിന്മേൽ എന്ത് നടപടി എടുത്തുവെന്നും വിശദമാക്കുമോ;

(സി) ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണ് ക്രമവിരുദ്ധമായ നിയമനം നടത്തിയതായി പരാതിപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതൊക്കെ മന്ത്രിമാരാണ് ആക്ഷേപത്തിന് വിധേയരായതെന്ന് വ്യക്തമാക്കുമോ;

(ഇ) പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മന്ത്രിമാർക്കെതിരെ അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാല് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇവയിൽ മൂന്ന് പരാതികൾ 8-10-2016-നും ഒരു പരാതി 12-10-2016-നുമാണ് ലഭിച്ചിട്ടുള്ളത്. പരാതികളിന്മേൽ പ്രാഥമികാന്വേഷണം നടന്നുവരുന്നു.

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, കഴക്കൂട്ടത്തുള്ള കിൻഫ്രാ അപ്പാരൽ പാർക്ക്, കിൻഫ്രാ പാർക്ക്, കിൻഫ്രാ ഫിലിം ആന്റ് വീഡിയോ പാർക്ക്, ക്ലേ ആന്റ് സിറാമിക്സ് ലിമിറ്റഡ്, കണ്ണൂർ എന്നിവയിലും വനിതാ വികസന കോർപ്പറേഷനിലും, വ്യവസായ വകുപ്പിൽ ഉന്നത തസ്തികകളിലും നിയമനം നടത്തിയതുമായി ബന്ധപ്പെട്ടാണ് പരാതികൾ ലഭിച്ചിട്ടുള്ളത്.

(ഡി) മുൻ മന്ത്രി ശ്രീ. ഇ. പി. ജയരാജനെതിരെയാണ് ആരോപണം.

(ഇ) പരാതികളിന്മേൽ പ്രാഥമികാന്വേഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ**

119 (T*4217) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഏതെല്ലാം ഉദ്യോഗസ്ഥർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അന്വേഷണത്തിൻെറ കാരണങ്ങളും അന്വേഷണത്തിൻെറ നിലവിലുള്ള സ്ഥിതിയും വിശദമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശബരിമല ദേവസ്വം

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ബി. ഉണ്ണികൃഷ്ണൻ, വി.ഇ.3/15/പി.ടി.എ. നമ്പർ വിജിലൻസ് അന്വേഷണം നേരിടുന്നു.

(ബി) ശബരിമല ഉത്സവങ്ങൾ നടത്തുന്നതിൽ ഗുരുതരമായ ക്രമക്കേട്, പണാപഹരണം, അനധികൃത നിയമനങ്ങൾ നടത്താൻ ഇടപെടുന്നു തുടങ്ങിയവയാണ് ആരോപണങ്ങൾ. പ്രസ്തുത വിജിലൻസ് അന്വേഷണം പുരോഗതിയിലാണ്.

**വിജിലൻസ് ഓഫീസുകളോട് അനുബന്ധിച്ച് ലോക്കപ്പ് നിർമ്മിക്കണമെന്ന നിർദ്ദേശം**

120 (4218) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ഓഫീസുകളോട് അനുബന്ധിച്ച് ലോക്കപ്പ് നിർമ്മിക്കണമെന്ന നിർദ്ദേശം വിജിലൻസ് ഡയറക്ടർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ജസ്റ്റിസ് കെ.റ്റി.തോമസ് കമ്മീഷൻ പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പ് ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ എത്ര പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്;

(സി) പോലീസ് സ്റ്റേഷനുകളിൽ നിന്നും ഒഴിവാക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ലോക്കപ്പ് സമ്പ്രദായം വിജിലൻസ് ഓഫീസുകളോട് അനുബന്ധിച്ച് കൊണ്ടുവരാൻ ശിപാർശ ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഓഫീസുകളെ പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യമായ ലോക്കപ്പ് സംവിധാനം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 23 യൂണിറ്റ് ഓഫീസുകളിലും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ബഹു. ഗവർണറുടെ "സീറോ ടോളറൻസ് ടു കറപ്ഷൻ" എന്ന നയപ്രഖ്യാപനമനുസരിച്ച് അഴിമതി നിരോധനം വളരെ ശക്തമായി നടപ്പാക്കുന്നതിന്റെ ഭാഗമായാണ് വിജിലൻസ് ഓഫീസുകളോടനുബന്ധിച്ച് ലോക്കപ്പ് സമ്പ്രദായം നടപ്പിലാക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്.

**നികുതിയിളവ് നൽകിയ നടപടിയിന്മേലുള്ള അന്വേഷണം**

121 (4219) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. ഉണ്ണി:
ശ്രീ. സി.കെ. ഹരീന്ദ്രൻ:

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)മുൻസർക്കാരിന്റെ കാലത്ത് ബ്രോയിലർ കോഴി മൊത്തക്കച്ചവടക്കാരുടെ നികുതി വെട്ടിപ്പ് എഴുതി തള്ളിയതിനെക്കുറിച്ചും ആയുർവ്വേദസൗന്ദര്യ വർദ്ധക വസ്തുക്കൾക്ക് നിയമവിരുദ്ധമായി ഇളവു നൽകിയതിനെക്കുറിച്ചും വിജിലൻസ് നടത്തിയ ത്വരിത പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കുമോ;

(ബി) പ്രഥമ വിവര റിപ്പോർട്ട് പ്രകാരം ആരൊക്കെയാണ് പ്രതികൾ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നികുതി വെട്ടിപ്പുകാർക്ക് ഒത്താശ ചെയ്യുകയും അനർഹർക്ക് നികുതിയിളവു നൽകുകയും ചെയ്ത വകയിൽ ഖജനാവിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്; അത് തിരികെ പിടിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് ബ്രോയിലർ കോഴി മൊത്ത കച്ചവടക്കാരുടെ നികുതി വെട്ടിപ്പ് എഴുതിത്തള്ളിയതും ആയുർവ്വേദസൗന്ദര്യ വർദ്ധക വസ്തുക്കൾക്ക് നിയമവിരുദ്ധമായി ഇളവു നൽകിയതും സംബന്ധിച്ച് ക്യൂ.വി1/16/സി.ആർ.ഇ/ഫിൻ നമ്പരായി ഒരു ത്വരിതാന്വേഷണം നടത്തിയതിൽ നിന്നും പൗൾട്രി ഡീലേഴ്സായ തോംസൺ ഗ്രൂപ്പിനും ആയുർവ്വേദിക് മരുന്ന് ഉല്പാദകർക്കും വേണ്ടി മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി പക്ഷപാതപരമായി പെരുമാറി സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയതായി

കണ്ടെത്തി. പരിശോധനയിൽ അഴിമതി കണ്ടെത്തിയതിനാൽ വിജിലൻസ് കേസ് നമ്പർ VC-20/16/CRE രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ബി)

1. ശ്രീ. കെ.എം. മാണി, എം.എൽ.എ, പാലാ നിയോജക മണ്ഡലം (മുൻ ധനകാര്യമന്ത്രി)
2. ശ്രീ. പി.റ്റി. ഡേവിസ്, പുന്നരി പറമ്പിൽ ഹൗസ്, തൃശ്ശൂർ
3. ശ്രീ. പി.റ്റി. ജോൺസൺ, പ്രൊപ്രൈറ്റർ, സെന്റ് തോമസ് പൗൾട്രിഫാം, തൃശ്ശൂർ
4. ശ്രീമതി ഗ്രേസി തോമസ്, പ്രൊപ്രൈറ്റർ, ഗ്രേസ് പൗൾട്രി ഫാം, തൃശ്ശൂർ
5. ശ്രീ. പി.റ്റി. ബെന്നി, പ്രൊപ്രൈറ്റർ, ബെസ്റ്റ് പൗൾട്രി ഫാം, തൃശ്ശൂർ
6. ശ്രീ. പി.റ്റി. വർഗീസ്, പ്രൊപ്രൈറ്റർ, അന്നാ പൗൾട്രി ഫാം, തൃശ്ശൂർ
7. ശ്രീ. പി.റ്റി. ജോസ്, പ്രൊപ്രൈറ്റർ, റോസ് പൗൾട്രി ഫാം, തൃശ്ശൂർ
8. ശ്രീ. ജയചന്ദ്രൻ, മുൻ ധനകാര്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി
9. കേരളത്തിലെ ആയുർവ്വേദിക് പ്രോഡക്റ്റ്സ് മാനുഫാക്ചറേഴ്സ് പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) വിജിലൻസ് കേസ് അന്വേഷണഘട്ടത്തിലാണ്.

## കുടുംബകോടതിക്ക് സ്വന്തമായി കെട്ടിടം

122 (T* 4220) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുടുംബ കോടതി നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) അനുവദിച്ചു തന്നിട്ടുള്ള സ്ഥലത്ത് കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

തയ്യാറാക്കിയിട്ടുണ്ടോ; ഈ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതി നൽകാനുള്ള കാലതാമസമെന്താണെന്ന് വിശദമാക്കുമോ;

(ഇ) തടസ്സങ്ങൾ നീക്കി, കുടുംബ കോടതിക്ക് സ്വന്തമായ കെട്ടിടം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ വാടക കെട്ടിടത്തിലാണ് കുടുംബ കോടതി ഇപ്പോൾ പ്രവർത്തിക്കുന്നത്.

(ബി) മുട്ടത്തോടി ഗ്രാമത്തിലെ വിദ്യാനഗറിലുള്ള കാസർഗോഡ് കോടതി വളപ്പിലെ 30 സെന്റ് സ്ഥലം കുടുംബ കോടതി കെട്ടിടം പണിയുന്നതിനായി ജൂഡീഷ്യൽ ഡിപ്പാർട്ട്മെന്റിന് കൈമാറ്റം ചെയ്തിട്ടുണ്ട്.

(സി-ഇ) 274 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്; ഭരണാനുമതിക്കുള്ള ശിപാർശ ഹൈക്കോടതിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടി കൈക്കൊള്ളുന്നതാണ്.

**പബ്ലിക് പ്രോസിക്യൂട്ടർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ നിയമനങ്ങൾ**

123 (T*4221) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>
<u>ശ്രീ. സി. കെ. നാണു:</u>
<u>ശ്രീ. തോമസ് ചാണ്ടി:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്തെ പബ്ലിക് പ്രോസിക്യൂട്ടർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ നിയമനങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും നടന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നടത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് നിയമിച്ച പബ്ലിക് പ്രോസിക്യൂട്ടർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരുടെ മേൽവിലാസം ലഭ്യമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ നിയമനങ്ങളിൽ സംവരണമാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) പബ്ലിക് പ്രോസിക്യൂട്ടർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ നിയമനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മുൻസർക്കാരിന്റെ കാലത്ത് നിയമിച്ച പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും മേൽവിലാസം യഥാക്രമം അനുബന്ധമായി ചേർക്കുന്നു+.

(ഡി) 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസ്സസ് ചട്ടങ്ങൾ പ്രകാരം അതാത് ജില്ലാ കളക്ടർമാർ നൽകുന്ന പാനൽ അനുസരിച്ചാണ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം നടത്തിവരുന്നത്. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത് പി.എസ്.സി. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഒഴിവുകളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ നിന്നുമാണ്.

## പാലക്കാട് ജില്ലയിലെ എസ്.സി., എസ്.ടി. കേസ്സുകൾ

124 (T*4222) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിർമ്മിച്ച മണ്ണാർക്കാട് കോടതിയിലേയ്ക്ക് പാലക്കാട് ജില്ലയിലെ എസ്.സി., എസ്.ടി. കേസ്സുകൾ മാറ്റിയത് കാരണം ചിറ്റൂർ, ആലത്തൂർ എന്നീ താലൂക്കുകളിലെ ആളുകൾക്ക് ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിന് പരിഹാരം കാണുന്നതിന് പാലക്കാട്ട് ക്യാമ്പ് സിറ്റിംഗ് നടത്തുകയോ അല്ലെങ്കിൽ പാലക്കാട്, ആലത്തൂർ, ചിറ്റൂർ എന്നീ താലൂക്കുകളിലെ എസ്.സി., എസ്.ടി. കേസുകൾ പാലക്കാട് കോടതിയിൽ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുകയോ ചെയ്യുമോ?

ഉത്തരം

(എ) മണ്ണാർക്കാട് കോടതിയുടെ "Area of Jurisdiction"-ൽ പാലക്കാട് ജില്ല മുഴുവൻ ഉൾപ്പെടുകയും സിംഹഭാഗം കേസ്സുകളും അട്ടപ്പാടി മേഖലയിൽ നിന്നായതുകൊണ്ടും കക്ഷികളുടെ സൗകര്യാർത്ഥവും ഹൈക്കോടതിയുടെ ശിപാർശ പ്രകാരവുമാണ് മണ്ണാർക്കാട് കോടതി രൂപീകരിക്കുകയും എല്ലാ എസ്.സി./ എസ്.ടി. കേസ്സുകളും പ്രസ്തുത കോടതിയിലേയ്ക്ക് മാറ്റുകയും ചെയ്തത്.

(ബി) ശിപാർശ നിലവിലില്ല.

## മൂന്നാർ ട്രൈബ്യൂണൽ

125 (4223) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ട്രൈബ്യൂണലിന്റെ പ്രവർത്തനം ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ;

(സി) ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിന് പ്രതിവർഷം എത്ര ചെലവ് വരുമെന്ന് വ്യക്തമാക്കാമോ;

(ഡി) ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിന് ചട്ടങ്ങൾ നിലവിലുണ്ടോ;

(ഇ) ട്രൈബ്യൂണലിന്റെ പ്രവർത്തനം വിലയിരുത്തി ആയത് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടില്ല.

(ബി) മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ സർക്കാർ ഭൂമി കയ്യേറിയതിനെ സംബന്ധിച്ച് അന്തിമ വിധി പുറപ്പെടുവിച്ച എല്ലാ തർക്കങ്ങളിലും സർക്കാർ ഭൂമിയിൽ നിന്ന് കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. നാളിതുവരെ 502-ഓളം കേസ്സുകൾ തീർപ്പു കൽപ്പിച്ചിട്ടുള്ളതാണ്. തീർപ്പു കൽപ്പിക്കുവാനുള്ള കേസ്സുകളിൽ ബഹു.ഹൈക്കോടതി 209 കേസ്സുകൾക്ക് സ്റ്റേ നൽകിയിട്ടുള്ളതാണ്.

(സി) ഏകദേശം 1,30,00,000 രൂപ പ്രതിവർഷം ചെലവ് വരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കുന്നതിനുംവേണ്ടി, മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ ആക്ടിന് ആവശ്യമായ ഭേദഗതി പരിഗണനയിലാണ്.

**കോടതികൾ**

126 (4224) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സായാഹ്ന കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സായാഹ്ന കോടതികളുടെ പ്രവർത്തന രീതി വിശദമാക്കുമോ;

(സി) സായാഹ്ന കോടതികളുടെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 ജില്ലകളിൽ സായാഹ്ന കോടതി രൂപീകരിച്ചിരുന്നു. പിന്നീട് ഇതിന്റെ പ്രവർത്തനം പ്രതീക്ഷിച്ച പോലെ നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ഹൈക്കോടതി 2-6-2016 തീയതി മുതൽ സായാഹ്ന കോടതികളുടെ പ്രവർത്തനം നിർത്തുകയും ചെയ്തു. ഇപ്പോൾ സംസ്ഥാനത്ത് നിലവിൽ സായാഹ്ന കോടതികൾ പ്രവർത്തിക്കുന്നില്ല.

(ബി&സി) ബാധകമല്ല.

**താമരശ്ശേരി താലൂക്കിൽ മുൻസിഫ് കോടതി**

127 (T*4225) <u>ശ്രീ. കാരാട്ട് റസാഖ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിഫ് കോടതിയില്ലാത്ത ഏക താലൂക്കാണ് താമരശ്ശേരി താലൂക്കെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവമ്പാടി, കോടഞ്ചേരി ഉൾപ്പെടെയുള്ള മലയോര

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

മേഖലയിലുള്ളവർ 75 കിലോമീറ്റർ അകലെയുള്ള കോഴിക്കോട് കോടതിയെയാണ് സിവിൽ വ്യവഹാരങ്ങൾക്കായി സമീപിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള താമരശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി നമ്പർ II -ൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി മാറ്റുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) നിലവിലുണ്ടായിരുന്ന 15 തസ്തികകൾ നിലനിർത്തിക്കൊണ്ട് അധിക തസ്തികകൾ സൃഷ്ടിക്കുകയില്ലെന്ന നിബന്ധനയോടുകൂടി താമരശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി II-നെ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി മാറ്റിയിരുന്നു. കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് 27 അധിക തസ്തികകൾ അനുവദിച്ചു നൽകണമെന്ന് പിന്നീട് ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെടുകയും 8 തസ്തികകൾ അനുവദിക്കുകയും ചെയ്തു. 19 തസ്തികകൾ കൂടി സൃഷ്ടിച്ചു നൽകണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ആവശ്യം ഇപ്പോൾ പരിശോധിച്ചുവരികയാണ്.

**ഫയർഫോഴ്സിന് ആധുനിക രക്ഷാവാഹനങ്ങൾ**

128 (4226) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഇടുങ്ങിയതും തിരക്കേറിയതുമായ പ്രദേശങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങൾ സംഭവിക്കുമ്പോൾ ആധുനികവും വലിപ്പം കുറഞ്ഞതുമായ രക്ഷാ വാഹനങ്ങളുടെ അഭാവം കാരണം ഒട്ടേറെ ബുദ്ധിമുട്ട് ഫയർഫോഴ്സിന് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ആധുനിക രക്ഷാ വാഹനങ്ങൾ ഫയർഫോഴ്സിന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇടുങ്ങിയതും തിരക്കേറിയതുമായ നഗരകേന്ദ്രങ്ങളിൽ ഫയർ & റെസ്ക്യൂ സർവ്വീസിന്റെ സേവനം അടിയന്തരമായി ലഭ്യമാക്കുന്നതിന് സ്ഥിരം

സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഗ്നിശമനരക്ഷാ സേവന വകുപ്പിന് ആവശ്യമുള്ള ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 38.56 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഇടുങ്ങിയതും തിരക്കേറിയതുമായ നഗര കേന്ദ്രങ്ങളിൽ മിനി ഫയർ സ്റ്റേഷനുകളും സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകളും സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ഫയർ & റെസ്ക്യൂ സർവ്വീസിലെ എമർജൻസി ടെണ്ടറുകൾ**

129 (4227) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വാഹന അപകടങ്ങളോ മറ്റ് അപകടങ്ങളോ സംഭവിച്ചാൽ രക്ഷാപ്രവർത്തനം നടത്തുന്നതിനാവശ്യമായ എത്ര എമർജൻസി ടെണ്ടറുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) കൂടുതൽ എമർജൻസി ടെണ്ടറുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒരു എമർജൻസി ടെണ്ടർ നിലവിലുണ്ട്.

(ബി) എമർജൻസി ടെണ്ടറുകൾ വാങ്ങുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

**ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ നവീകരണം**

130 (4228) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനെ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ;

(ബി) കൂടുതൽ ആധുനിക ഉപകരണങ്ങൾ സേനയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. (a) ദേശീയ തലത്തിൽ നാഷണൽ സിവിൽ ഡിഫൻസ് അക്കാദമിയിലും സംസ്ഥാനതലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിലും ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം ആരംഭിച്ചു.

   (b) ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം ആരംഭിച്ചു.

2. അഗ്നിരക്ഷാ പരിശീലന അക്കാദമിയിലെ വിവിധ കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്ക്കരിച്ചു.

3. അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കോഴ്സ്, ലീഡിംഗ് ഫയർമാൻകോഴ്സ്, ഡ്രൈവർ മെക്കാനിക്ക് കോഴ്സ്, ഡ്രൈവർ മെക്കാനിക്ക് എലിജിബിലിറ്റി കോഴ്സ് തുടങ്ങിയ പരിശീലന പരിപാടികൾ കൂടുതൽ ജീവനക്കാർക്ക് നൽകിവരുന്നു.

4. വെള്ളത്തിനടിയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി സ്കൂബാ ഡൈവിംഗിൽ പുതിയ ബാച്ചുകൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു.

5. അഗ്നിശമന പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും അപകടകരമായ രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും സ്റ്റാന്റേർഡ് ഓപ്പറേഷണൽ പ്രൊസിഡ്യൂവർ തയ്യാറാക്കിവരുന്നു.

6. അഗ്നിരക്ഷാ പരിശീലന അക്കാദമിയിലും തിരുവനന്തപുരം അഗ്നിരക്ഷാ വകുപ്പ് നടത്തുന്ന നീന്തൽക്കുളത്തിലുമായി നീന്തൽ പരിശീലനത്തിന് സൗകര്യം ഉണ്ടാക്കി.

7. അടിസ്ഥാന പരിശീലനം നടത്തുന്ന ജീവനക്കാർക്ക് മുങ്ങൽ പരിശീലനം നിർബന്ധമാക്കി. ആയതിന് തീവ്ര പരിശീലനം നടത്തിവരുന്നു.

8. വിയ്യൂർ ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമിയുടെ വിപുലീകരണത്തിനായി നിലവിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി & സി) ചുവടെ പറയുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയതിൻ പ്രകാരം അവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു:

1. ടെൺ ടേബിൾ ലാഡ്ഡർ
2. സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ട്
3. പോർട്ടബിൾ എയർ കംപ്രസ്സർ
4. ആട്ടോമാറ്റിക് ഹൗസ് ബൈൻഡിംഗ് മെഷീൻ
5. വയർലെസ്സ് സെറ്റ്
6. ഹൈ റെസിസ്റ്റന്റ് ഫയർ ഹെൽമെറ്റ്
7. എമർജൻസി ടെണ്ടർ
8. മിനി വാട്ടർ ടെണ്ടർ
9. ഫയർ ബോട്ടുകൾ
10. വാട്ടർ ബൗസറുകൾ
11. സ്കൂബാ വെഹിക്കിൾസ്
12. എയർ കംപ്രസ്സർ
13. റബ്ബർ ഡിങ്കി
14. ഹോസ് ബൈൻഡിംഗ് മെഷീൻ.

**ഫയർ സ്റ്റേഷൻ**

131 (4229) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ എന്ന നിലയിലുള്ള നയം രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(സി) ഫയർ സ്റ്റേഷൻ പ്രവർത്തനങ്ങളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രദേശത്തെ ജനസാന്ദ്രത, റെസ്പോൺസ് ടൈം (ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണപ്രദേശങ്ങളിൽ 5 മിനിറ്റും), പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കാൻ സാധ്യതയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം എന്നിവ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് മാനദണ്ഡമാക്കാറുണ്ട്. കൂടാതെ അനുയോജ്യമായ സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും പരിഗണിക്കാറുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഫയർ & റെസ്ക്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 2016-17 സാമ്പത്തിക വർഷം 38.56 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേഷൻ കെട്ടിടങ്ങളുടെയും ഫാമിലി ക്വാർട്ടേഴ്സുകളുടെയും നിർമ്മാണ ചെലവിലേക്കായി ഒരു കോടി രൂപ 2016-17 -ലെ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**കായംകുളം അഗ്നിശമന വിഭാഗത്തിന് ആധുനിക ഉപകരണങ്ങൾ**

132 (4230) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അഗ്നിശമന വിഭാഗത്തിന് ഒരു ഫയർ എഞ്ചിൻ ഉൾപ്പെടെ കൂടുതൽ ആധുനിക ഉപകരണങ്ങൾ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

കായംകുളം അഗ്നിരക്ഷാ നിലയത്തിൽ Mobile Training Unit-2, Water Lorry-1, Ambulance-1, Bullet-1, Jeep-1 എന്നീ വാഹനങ്ങളും Hydraulic rescue tools-1 pair, SCUBA Set-1, Chain Saw-3, Float pump-1 എന്നീ ഉപകരണങ്ങളും നിലവിലുണ്ട്. കൂടുതൽ ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങൾ എം.എൽ.എ.-യ്ക്ക് അനുവദിക്കുന്ന പ്രത്യേക ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന്

ആലപ്പുഴ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വകുപ്പുതലത്തിൽ പുതിയ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്ന മുറയ്ക്ക് കായംകുളം നിലയത്തിന് കൂടുതൽ ആധുനിക ഉപകരണങ്ങൾ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

**ഹരിപ്പാട് ഫയർ സ്റ്റേഷൻ**

133 (4231) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹരിപ്പാട് ഫയർ സ്റ്റേഷൻ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ്; ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഹരിപ്പാട് ഫയർ & റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കാർത്തികപ്പള്ളി താലൂക്കിലെ ചിങ്ങോലി വില്ലേജിൽ റീസർവ്വേ നമ്പർ 157/6-ൽപ്പെട്ട 12.04 ആർ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഫയർ & റെസ്ക്യൂ വകുപ്പിന് ഉപയോഗാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ ഫയർ സർവ്വീസ് സ്റ്റേഷനുകൾ**

134 (4232) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഴുക്കുള്ള പുഴകളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനാവശ്യമായ വലിയ വലകളോ (പുഴയ്ക്ക് കുറുകെ കെട്ടുന്നവ) രക്ഷാ പ്രവർത്തനത്തിനുള്ള ആധുനിക ഉപകരണങ്ങളോ കോഴിക്കോട് ജില്ലയിലെ ഫയർ സർവ്വീസ് സ്റ്റേഷനുകളിൽ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആധുനിക ഉപകരണങ്ങൾ വാങ്ങുന്ന മുറയ്ക്ക് ജില്ലയിലെ ഫയർ സർവ്വീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ഫയർ ഫോഴ്സ് വിഭാഗത്തിലെ ഒഴിവുകൾ**

135 (4233) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ഫയർഫോഴ്സ് സർവ്വീസിൽ ജില്ലാ ഓഫീസർ, സ്റ്റേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ, ലീഡിംഗ് ഫയർമെൻ, ഫയർമെൻ, ഫയർ ഡ്രൈവർ എന്നീ തസ്തികകളിൽ അനുവദിക്കപ്പെട്ട എണ്ണവും ഇപ്പോൾ നിലവിലുള്ള ഒഴിവുകളും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ ഉണ്ടെങ്കിൽ എത്ര കാലമായി ഈ ഒഴിവുകൾ തുടരുന്നുണ്ടെന്നും, ഇത് എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ;

(സി) കാസർകോട് ജില്ലയിൽ എത്ര ഫയർസ്റ്റേഷനുകൾ ഉണ്ട്; ഈ സ്റ്റേഷനുകളിൽ സ്റ്റാഫിന്റെ അപര്യാപ്തത അടക്കമുള്ള പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാസർകോട് ജില്ലയിൽ പുതിയതായി ഫയർസ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് പുതിയ ഫയർസ്റ്റേഷനുകൾ സ്ഥാപിക്കുക എന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ഫയർഫോഴ്സ് സർവ്വീസിൽ അനുവദിക്കപ്പെട്ട സ്റ്റാഫിന്റെ എണ്ണവും ഇപ്പോൾ നിലവിലുള്ള ഒഴിവുകളും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | അസി. ഡിവിഷണൽ ഓഫീസർ | 1 | ഇല്ല |
| 2 | സ്റ്റേഷൻ ഓഫീസർ | 5 | 2 |
| 3 | അസി. സ്റ്റേഷൻ ഓഫീസർ | 5 | ഇല്ല |
| 4 | ലീഡിംഗ് ഫയർമാൻ | 16 | 4 |
| 5 | ഡ്രൈവർ മെക്കാനിക്ക് | 5 | 1 |

| | | | |
|---|---|---|---|
| 6 | ഫയർമാൻ ഡ്രൈവർ | 31 | 9 |
| 7 | ഫയർമാൻ | 100 | 33 |

(ബി)

| ക്രമ നമ്പർ | തസ്തിക | ഒഴിവുകൾ നിലവിൽ വന്ന തീയതി |
|---|---|---|
| 1 | സ്റ്റേഷൻ ഓഫീസർ | 9-9-16 |
| 2 | ലീഡിംഗ് ഫയർമാൻ | 9-9-16 |
| 3 | ഡ്രൈവർ മെക്കാനിക്ക് | 2-9-16 |
| 4 | ഫയർമാൻ ഡ്രൈവർ | 23-9-16 |
| 5 | ഫയർമാൻ | 9-9-16 |

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാസർഗോഡ് ജില്ലയിൽ അഞ്ച് ഫയർ സ്റ്റേഷനുകൾ നിലവിലുണ്ട്. ടി നിലയങ്ങളിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ പുതുതായി ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ**

136 (4234) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ അനുവദിച്ചുകൊണ്ടുള്ള ബജറ്റ് പ്രഖ്യാപനത്തെ തുടർന്ന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിലേയ്ക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

ഭരണാനുമതിക്കായി ഡയറക്ടർ ജനറൽ ലഭ്യമാക്കിയ ശിപാർശ ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

**ജയിൽപുള്ളികൾക്ക് പരോൾ**

137 (4235) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ 7-10-2016 വരെ വിവിധ ജില്ലകളിൽ കഴിഞ്ഞിരുന്ന എത്ര ജയിൽപ്പുള്ളികൾക്ക് പരോൾ അനുവദിച്ചു; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ്, തിരുവനന്തപുരം ജില്ലകളിലുള്ളവരുടെ പേര് വിവരം ലഭ്യമാക്കുമോ; ഇവർ പ്രതിയാക്കപ്പെട്ട കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 1174 തടവുകാർക്ക് പരോൾ അനുവദിച്ചിട്ടുണ്ട്. തടവുകാരുടെ ജില്ല തിരിച്ചുള്ള കണക്ക് കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ്, തിരുവനന്തപുരം ജില്ലകളിലുള്ളവരുടെ പേര് വിവരം, കുറ്റകൃത്യങ്ങൾ സംബന്ധിച്ചുള്ള വിവരം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പെൻഷൻ ബുക്കുകളുടെ ക്ഷാമം**

138 (4236) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ ബുക്കുകൾ ആവശ്യത്തിന് ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പെൻഷൻ ബുക്കുകളുടെ ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ആവശ്യത്തിന് പെൻഷൻ ബുക്ക് അച്ചടിക്കുന്നതിന്,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അച്ചടിവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പിൽ പരിഷ്കാരങ്ങൾ**

139 (4237) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) 2014-15, 2015-16 വർഷങ്ങളിൽ ഈ വകുപ്പിൽ ഓവർടൈം അലവൻസായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) അച്ചടി വകുപ്പ് ആധുനികവൽക്കരണം, പ്രിന്റിംഗ് മ്യൂസിയം, പ്രിന്റിംഗ് പാർക്ക് എന്നിവയാണ് അച്ചടി വകുപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ. ഇക്കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 1-10-2016 തീയതിയിലെ G.O. (Rt) No. 2661/16/ഉവിവ. ഉത്തരവ് പ്രകാരം ഡോ. രാജേന്ദ്രകുമാർ അനയത്ത് അദ്ധ്യക്ഷനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

സോഫ്റ്റ്‌വെയർ വികസനം, മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ സജ്ജമാക്കൽ എന്നിവ പൂർത്തിയാക്കി, സ്റ്റേഷനറി വകുപ്പിലും പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നു.

(ബി) അച്ചടി വകുപ്പിൽ 2014-15 കാലയളവിൽ 82,47,289 രൂപയും 2015-16 കാലയളവിൽ 1,01,45,328 രൂപയും ഓവർടൈം അലവൻസ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2015 നവംബർ മാസത്തിലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് 3,64,89,687 രൂപയും ചെലവഴിച്ചിട്ടുണ്ട്. മേൽ കാലയളവിൽ സ്റ്റേഷനി വകുപ്പിൽ ഓവർടൈം അലവൻസ് തുക ചെലവഴിച്ചിട്ടില്ല.

**പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ ബിൽ**

140 (T*4238) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ.നാണു:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട ട്രൈബ്യൂണൽ വിധി പ്രകാരം നഷ്ടപരിഹാരം ഈടാക്കുന്നതിനുവേണ്ടി കേരള നിയമസഭ ഐകകണ്ഠ്യേന ബിൽ പാസ്സാക്കി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി അയച്ചിരുന്നെങ്കിലും അത്തരം ഒരു നിയമം പാസ്സാക്കാൻ സംസ്ഥാനത്തിന് അവകാശമില്ലെന്ന് പറഞ്ഞ് തിരസ്കരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേന്ദ്രസർക്കാർ നടപടി സംസ്ഥാനങ്ങളുടെ അധികാരത്തിന്മേലുള്ള കയ്യേറ്റമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ കേന്ദ്രസർക്കാർ നിലപാടിനെ മറികടക്കാനും പ്ലാച്ചിമടയിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവന ചെയ്തിട്ടുള്ള നിയമവുമായി The Plachimada Coca-Cola Victims Relief and Compensation Claims Special Tribunal Bill, 2011-ലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി വീണ്ടും അയയ്ക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയയ്ക്കുകയായിരുന്നു. സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ലിന് അനുമതി നിഷേധിക്കുന്നത് രാഷ്ട്രപതിയുടെ പ്രത്യേക അധികാരമായി ഭരണഘടന അംഗീകരിച്ചിട്ടുള്ളതിനാൽ സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള കയ്യേറ്റമായി ഇതിനെ കാണാൻ കഴിയില്ല. പ്രസ്തുത സാഹചര്യത്തിൽ പ്ലാച്ചിമടയിൽ നാശനഷ്ടങ്ങൾക്കിരയായവർക്ക് എപ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ നിയമവശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

**മർച്ചന്റ് നേവി ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി**

141 (T* 4239) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മർച്ചന്റ് നേവി ജീവനക്കാർ എത്രയുണ്ടെന്ന കണക്കെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളത്തെ മർച്ചന്റ് നേവി ക്ലബ്ബ് ഭാരവാഹികൾ മർച്ചന്റ് നേവി സീമെൻകാർക്ക് പ്രതിമാസ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത നിവേദനത്തിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഇവർക്ക് പെൻഷൻ നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മർച്ചന്റ് നേവിക്കാരുടെ കണക്കെടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ നടത്തിയ അന്വേഷണത്തിൽ ജില്ലയിൽ ഏകദേശം 1500-നുമേൽ മർച്ചന്റ് നേവി ജീവനക്കാരുണ്ട്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി&ഡി) അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അസിസ്റ്റന്റ് ലേബർ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ശബ്ദമലിനീകരണം ഉണ്ടാക്കുന്ന ഉച്ചഭാഷിണികൾക്ക് നിരോധനം**

142 (4240) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബ്ദമലിനീകരണം ഉണ്ടാക്കുന്നതിന്റെ പേരിൽ ഏതൊക്കെ ഇനം

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉച്ചഭാഷിണികൾക്കാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കാൻ നിലവിൽ ഏതൊക്കെ ഉദ്യോഗസ്ഥന്മാരിൽനിന്നും ഏതൊക്കെ അനുമതിയാണ് ആവശ്യമുള്ളത്; എന്തൊക്കെ ഉപാധികളോടെയാണ് ഇത്തരം അനുമതി നൽകാറുള്ളത്;

(സി) സ്ഥിരമായി ഉച്ചഭാഷിണി പ്രവർത്തിപ്പിക്കാൻ ആർക്കൊക്കെയാണ് അനുമതി നൽകാറുള്ളത്; ഇങ്ങനെ നൽകുന്ന അനുമതി എന്തൊക്കെ വ്യവസ്ഥകൾ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ പെരുമ്പഴുതൂർ വടകോട് എന്ന സ്ഥലത്ത് അനുമതിയില്ലാതെ സ്ഥിരമായി ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) നിരോധിച്ചിട്ടുള്ള കോളാമ്പി മൈക്കുകൾ ഇവിടെ പ്രവർത്തിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രദേശവാസികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഇത്തരം ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോളാമ്പി രൂപത്തിലുള്ള ഉച്ചഭാഷിണികൾക്ക് പോലീസ് വകുപ്പിൽനിന്നും അനുവാദം നൽകാറില്ല. ബോക്സ് ആകൃതിയിലുള്ള ഉച്ചഭാഷിണികൾക്ക് മാത്രമേ അനുവാദം നൽകാറുള്ളൂ.

(ബി) ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതിന് അനുവാദം നൽകുന്നത് ബന്ധപ്പെട്ട സബ് ഡിവിഷണൽ പോലീസ് ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവരാണ്. അനുമതി നൽകുന്നതിനുള്ള ഉപാധികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ആരാധനാലയങ്ങൾക്കാണ് സ്ഥിരമായി ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകുന്നത്. ബന്ധപ്പെട്ട നിയമങ്ങൾ/ ചട്ടങ്ങൾക്കും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്കും വിധേയമായി അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പെരുമ്പഴൂളർ വടകോട് ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിൽ മൈക്ക് ഉച്ചത്തിൽ പ്രവർത്തിപ്പിക്കുന്നതായി കാണിച്ച് പേരുവയ്ക്കാതെ സ്ഥലവാസികളിലാരോ സമർപ്പിച്ച പരാതി ലഭിച്ചിരുന്നു. അന്വേഷണത്തിൽ ഈ പരാതി വ്യാജമാണെന്ന് കണ്ടെത്തിയിട്ടുള്ളതും ടി ക്ഷേത്രത്തിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതായും നിരോധിച്ച ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമനാസൃതമുള്ള ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതായാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ നിരോധിത ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

**സമാനസ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകോപനം**

143 (4241) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സഹായത്തോടെയും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലും പ്രവർത്തിക്കുന്ന, വിവിധ മേഖലകളിൽ ഗവേഷണം നടത്തുന്ന സംഘടനകളും സ്ഥാപനങ്ങളും ഏതൊക്കെയാണ്;

(ബി) ഇവയിൽ സമാനസ്വഭാവമുള്ള സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(സി) കേരളത്തിൽ പ്രവർത്തിച്ച് വരുന്ന വിവിധ ബോർഡുകളിലും കമ്പനികളിലും സമാനസ്വാഭാവമുള്ളവയെ ഒന്നിപ്പിക്കുന്നതിനും അതുവഴി സാമ്പത്തിക അച്ചടക്കം കൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കേരളത്തിലെ പല കമ്പനികളും, ബോർഡുകളും മറ്റും സമാനസ്വഭാവമുള്ള രീതിയിൽ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പത്രവാർത്തകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അതിൽ യോജിപ്പിക്കാൻ കഴിയുന്നവയെ സംയോജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഹോട്ടൽ ഭക്ഷണംമൂലം മാരകരോഗങ്ങൾ**

144 (4242) <u>ശ്രീ. ചിറ്റയം ഗോപകുമാർ :</u>
<u>ശ്രീമതി ഗീതാ ഗോപി :</u>

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ ഭക്ഷണത്തിൽ പഴകിയ എണ്ണയും മറ്റുചേരുവകളും ഉപയോഗിക്കുന്നതുമൂലം ഉപഭോക്താക്കൾക്ക് മാരകരോഗങ്ങൾ പിടിപെടുന്നതിനാൽ, കാരണക്കാരായ ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ;

(ബി) കാലാകാലങ്ങളിൽ ഭക്ഷണനിർമ്മാണ യൂണിറ്റിലും ഹോട്ടലുകളിലും പരിശോധന നടക്കുന്നു എന്നുറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹോട്ടൽ പരിശോധനാവേളയിൽ പഴകിയ എണ്ണ, മായം കലർന്ന മറ്റ് ചേരുവകൾ എന്നിവ കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ ലൈസൻസ്/ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം സ്വീകരിക്കുന്നുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഭക്ഷണ നിർമ്മാണ യൂണിറ്റുകളിലും ഹോട്ടലുകളിലും നിരന്തരം ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നുണ്ട്. ഇതുകൂടാതെ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് ഓണം, ക്രിസ്തുമസ്, റംസാൻ പോലുള്ള ഉത്സവവേളകളിൽ പരിശോധനകൾ നടത്താറുണ്ട്.

**ആർദ്രം പദ്ധതി**

145 (4243) ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രിയിലെ ഒ.പി. പരിശോധനാ സംവിധാനം കൂടുതൽ ജന സൗഹൃദമാക്കുന്നതിനായി 'ആർദ്രം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) 'ആർദ്രം' പദ്ധതികളുടെ പൂർണ്ണമായ കംപ്യൂട്ടറൈസേഷൻ ആവശ്യമായതിനാൽ ആയത് ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഒരു രോഗി ഒരു സർക്കാർ ആശുപത്രിയിൽ ഒരിക്കൽ പ്രവേശിച്ചാൽ

അയാളുടെ 'മെഡിക്കൽ ഹിസ്റ്ററി' ഏത് സർക്കാർ ശൃംഖലയിലും ലഭ്യമാകത്തക്കതരത്തിൽ ഇന്റർനെറ്റ് മുഖേനയുള്ള ഒരു സംവിധാനം പ്രാവർത്തികമാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടന്നുവരികയാണ്.

(സി) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു രോഗിയെ സംബന്ധിച്ച മെഡിക്കൽ വിവരങ്ങൾ ഇന്റർനെറ്റ് സഹായത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലേയും ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഡോക്ടർമാർക്ക് ലഭ്യമാകും വിധമാണ് (VPN) പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

## പി.എച്ച്.സി.-കൾ വഴി മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി

146 (4244) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.എച്ച്.സി.കളിൽനിന്നും പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ലഭ്യമാക്കിയിരുന്ന ഇൻസുലിൻ പോലെയുള്ള അത്യാവശ്യ മരുന്നുകളുടെ വിതരണം ഇപ്പോൾ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മരുന്നുകളുടെ വിതരണമാണ് നിർത്തലാക്കിയതെന്നും അതിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ;

(സി) നിർദ്ധനരായ ധാരാളം രോഗികൾക്ക് ഏറെ സഹായകരമായിരുന്ന ഇൻസുലിൻ പോലുള്ള മരുന്നുകൾ സൗജന്യമായി പി.എച്ച്.സി.കൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന അമൃതം ആരോഗ്യ പദ്ധതിയിലൂടെ വിദഗ്ധ സമിതി അംഗീകരിച്ച 12 ഇനം മരുന്നുകളാണ് സൗജന്യമായി വിതരണം ചെയ്തുവരുന്നത്. പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ ഇത് നേരിട്ട് നടത്തപ്പെട്ടിട്ടുള്ളതും തുടർന്ന് ആരോഗ്യ കേന്ദ്രങ്ങളുടെ വാർഷിക ഇന്റെന്റും ഉൾപ്പെടുത്തിയാണ് വിതരണം ചെയ്തുവരുന്നത്. എങ്കിലും ഇൻസുലിൻ പോലെയുള്ള

അവശ്യ മരുന്നുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് എല്ലാ സാമ്പത്തിക വർഷവും എൻ.സി.ഡി. കൺട്രോൾ പ്രോഗ്രാമിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേരളാ മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ വഴി പ്രത്യേകം സംഭരിച്ച് വിതരണം ചെയ്തുവരുന്നു.

(സി) ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽനിന്നും തയ്യാറാക്കുന്ന ഇന്റെന്റ് പ്രകാരമുള്ള മരുന്നുകൾക്ക് പുറമേ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സാമ്പത്തിക വർഷവും ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കെ.എം എസ്.സി.എൽ. വഴി സമാഹരിച്ച് വിതരണം ചെയ്തുവരുന്നു. ഇത് തുടർന്ന് വരുന്ന ഒരു പ്രക്രിയയായതിനാൽ പുതിയ നിർദ്ദേശങ്ങളുടെ ആവശ്യകത ഇപ്പോൾ നിലവിലില്ല.

## വ്യാജ മുട്ട നിർമ്മാണം

147 (T* 4245) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാസവസ്തുക്കളുടെ മിശ്രിതം ഉപയോഗിച്ച് മുട്ട നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ നിന്ന് ഇത്തരം മുട്ടകൾ കണ്ടെത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) കടുത്ത ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന ഇത്തരം മുട്ടകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ; ഇത്തരം കേസുകൾ ഏത് വകുപ്പ് ചുമത്തിയാണ് എടുക്കാറുള്ളതെന്ന് വിശദമാക്കുമോ; ഇത്തരം മുട്ടകൾ തിരിച്ചറിയുന്നതിന് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) വ്യാജ മുട്ടകൾ ഉത്പാദിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും കടുത്ത ശിക്ഷ നൽകുന്നതിനും നിയമനിർമ്മാണം നടത്തുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സംസ്ഥാനത്തിന്റെ ഒരു പ്രദേശത്തുനിന്നും ഇത്തരം മുട്ടകൾ കണ്ടെത്തിയിട്ടില്ല.

(ബി) പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വ്യാജ കോഴി മുട്ടകളാണെന്ന് പരാതി പറഞ്ഞിട്ടുള്ളവയുടെ സാമ്പിളുകൾ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സെന്റർ ഫോർ എക്സലൻസ് ഇൻ പൗൾട്രി സയൻസ് എന്ന ഗവേഷണ സ്ഥാപനത്തിൽ പരിശോധിപ്പിച്ച് പ്രസ്തുത മുട്ടകൾ കോഴിമുട്ടകളാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. അതിനാൽ കേസ്സുകളെടുത്തിട്ടില്ല. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 സെക്ഷൻ 3(1) 22(i), 3(1) 22(iii), 3(1) 22(XI) എന്നിവ പ്രകാരം കേസ്സെടുക്കാവുന്നതാണ്. ഇത്തരം മുട്ടകൾ വിൽപ്പന നടത്താത്തതുകൊണ്ട് ഇപ്പോൾ ബോധവത്കരണത്തിന്റെ ആവശ്യകതയില്ല.

(സി) ഇതുവരെയുള്ള അന്വേഷണത്തിൽ വ്യാജമുട്ടകൾ കേരളത്തിൽ ഉത്പാദിപ്പിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നില്ല. ടി വാർത്ത അടിസ്ഥാനരഹിതമാണ്. എന്നാൽ കേരളത്തിൽ ഏതെങ്കിലും പ്രദേശങ്ങളിൽ വ്യാജ മുട്ടകൾ ഉത്പാദിപ്പിക്കുന്നവരെ കണ്ടെത്തുകയാണെങ്കിൽ നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. പ്രത്യേക നിയമനിർമ്മാണം നടത്തേണ്ട ആവശ്യകതയില്ല. ഇപ്പോൾ നിലവിലുള്ള ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. മിൽട്ടന്റെ സ്ഥലം മാറ്റം

148 (4246) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടത്തിൽ പരിക്കേറ്റ് മുട്ടിനുമുകളിൽ വച്ച് കാൽമുറിച്ചു മാറ്റേണ്ടിവന്ന ശ്രീ. മിൽട്ടൻ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, വയനാട് ജില്ല) മാതൃജില്ലയായ എറണാകുളത്തേക്ക് അനുകമ്പാർഹമായ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതിന് സർക്കാരിൽ അപേക്ഷ നൽകിയിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(സി) ദുർഘട മേഖലയിൽ അഞ്ചുവർഷക്കാലത്തിലധികം ജോലി ചെയ്തത്

പരിഗണിച്ചും സ്ഥിരമായ അംഗവൈകല്യം കണക്കിലെടുത്തും ടിയാന് മാതൃജില്ലയിൽ അനുയോജ്യമായ സ്ഥലത്ത് സ്ഥലംമാറ്റം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ ശ്രീ. മിൽട്ടന്റെ ഭാര്യ ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഉചിത മാർഗ്ഗേന, ശ്രീ. മിൽട്ടൻ അപേക്ഷ സമർപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ടിയാനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉചിതമാർഗ്ഗേനയുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം നടപടി സ്വീകരിക്കുന്നതാണ്.

**ആശ്വാസകിരണം പദ്ധതി**

149 (4247) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 ഏപ്രിൽ 30 വരെ ആശ്വാസകിരണം പദ്ധതിയനുസരിച്ച് ആനുകൂല്യം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതെന്ന് അറിയിക്കുമോ; മേൽപ്പറഞ്ഞ അപേക്ഷകൾ തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2016 ഏപ്രിൽ 30 വരെ 2012 മുതലുള്ള അപേക്ഷകളുൾപ്പെടെ മുപ്പതിനായിരത്തോളം അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ ഈ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുകയും അതിൽ 29258 അപേക്ഷകർക്ക് ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുകയും ചെയ്തു.

**പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളാക്കി ഉയർത്തുന്ന നടപടി**

150 (4248) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മാറാക്കര, വളാഞ്ചേരി, കോട്ടക്കൽ, പൊൻമള എന്നീ പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളാക്കി ഉയർത്തണമെന്ന നിവേദനത്തിൻമേൽ ബഹു.മന്ത്രി കഴിഞ്ഞനിയമസഭയിൽ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറും ആരോഗ്യവകുപ്പ് ഡയറക്ടറും നൽകിയ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പി.എച്ച്.സി.-കളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സെന്ററുകളാക്കി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോട്ടയ്ക്കൽ നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രമാണ്. വളാഞ്ചേരി 24 x 7 പി.എച്ച്.സി.-യെ സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊൻമള, മാറാക്കര എന്നിവ നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ്. പദവി ഉയർത്തുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും പരിഗണനയിലില്ല.

(സി) കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**പി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ**

151 (4249) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂർ, പൂക്കോട്ടൂർ, പുൽപ്പറ്റ, കോഡൂർ, ആനക്കയം പി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ പ്രസ്തുത പി.എച്ച്.സി.കളിൽ നിലവിലുണ്ടോ; എങ്കിൽ ആയത് അനുവദിക്കുവാൻ നടപടി

സ്വീകരിക്കുമോ;

(സി) പൂക്കോട്ടൂരിലെ മലപ്പുറം ബ്ലോക്ക് പി.എച്ച്.സി.യിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കണമെന്ന വിഷയത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) തൃപ്പനച്ചി പി.എച്ച്.സി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയാക്കി മാറ്റുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ തലങ്ങളിലുള്ള ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പൊതുവായ മാനദണ്ഡം നിർദ്ദേശിച്ചതിനുശേഷം സമാഹൃത പ്രൊപ്പോസൽ 2-2-2015-ലെ സ.ഉ.(പി) നമ്പർ58/15/ധന നമ്പർ ഉത്തരവിനോടൊപ്പമുള്ള പ്രൊഫോർമയിൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വിവിധ തലങ്ങളിലുള്ള ആശുപത്രികളുടെ പദവി മാറ്റുന്നതിന് പ്രൊപ്പോസൽ വരുന്ന മുറയ്ക്ക് പരിശോധിക്കാം.

**ജൻ ഔഷധി പദ്ധതി**

152 (4250) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഫാർമസ്യൂട്ടിക്കൽസ് ഡിപ്പാർട്ട്മെന്റിന് കീഴിൽ ആവിഷ്കരിച്ച ജൻ ഔഷധി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മിതമായ നിരക്കിൽ സാധാരണക്കാർക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് ഈ പദ്ധതി എത്രത്തോളം പ്രയോജനപ്രദമാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലുള്ള ചെറൂപ്പ

എം.സി.എച്ച്. യൂണിറ്റിൽ ജൻ ഔഷധി ഫാർമസി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ (ഔഷധ നാമത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾ) ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും ബ്രാന്റ് നാമത്തിൽ വിലകൂട്ടി മരുന്ന വിൽക്കുന്ന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും വേണ്ടി കേന്ദ്ര സർക്കാർ 2008-ൽ ആരംഭിച്ച പദ്ധതിയാണ് ജൻ ഔഷധി സ്റ്റോറുകൾ. തുടർന്ന് പ്രധാൻമന്ത്രി ജൻ ഔഷധി യോജന (PMJY) എന്ന് നാമകരണം ചെയ്യപ്പെട്ട ഈ പദ്ധതി തുടങ്ങുന്നതിനായി കേന്ദ്ര രാസവസ്തു വളം വകുപ്പിന്റെ കീഴിലുള്ള ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് (BPPI) എന്ന ഏജൻസിയെ ചുമതലപ്പെടുത്തി.

കേരളം, കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ 1500 ജൻ ഔഷധി സ്റ്റോറുകൾ സ്വകാര്യ മേഖലയിൽ തുടങ്ങുന്നതിന് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത് സേവക് സമാജിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ മിഷൻ എന്ന സ്ഥാപനവും BPPI-യുമായും ധാരണയിലെത്തിയിരുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളോടനുബന്ധിച്ചും സംസ്ഥാനത്തെ ഫാർമസി കോളേജുകളോട് അനുബന്ധിച്ചും 300 "ജൻ ഔഷധി സ്റ്റോറുകൾ" തുടങ്ങുന്നതിനുവേണ്ടി കേന്ദ്ര ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് ഓഫ് ഇന്ത്യ (BPPI)-യും സംസ്ഥാന ഫാർമസി കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള "ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ഓഫ് കേരള"-യുമായി ധാരണാപത്രം കൈമാറിയിട്ടുണ്ട്. 2016, 2017, 2018 വർഷങ്ങളിൽ 100 വീതം ജൻ ഔഷധി സ്റ്റോറുകൾ തുടങ്ങുമെന്നാണ് ധാരണയിലെത്തിയിരിക്കുന്നത്.

കേന്ദ്ര പൊതുമേഖലാ മരുന്ന് കമ്പനികളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾ മിതമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉതകുന്ന ഈ പദ്ധതി ജനങ്ങൾക്ക് ഏറെ ആശ്വാസകരമാണ്. സർക്കാർ കമ്പനികൾ തന്നെ ഇത്

ഉല്പാദിപ്പിക്കുന്ന എന്നതിനാൽ ഗുണനിലവാരമുള്ളതായിരിക്കുമെന്ന് ഉറപ്പു വരുത്താവുന്നതുമാണ്.

(സി) കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ അദ്ധ്യക്ഷതയിൽ സ്ഥലം എം.എൽ.എ.-യും പങ്കെടുത്ത മീറ്റിംഗിൽ ജൻ ഔഷധി ഫാർമസി ആരംഭിക്കണമെന്ന ചർച്ച നടത്തിയിട്ടുണ്ട്. ചെറൂപ്പ മെഡിക്കൽ ഓഫീസർ ഇൻ ചാർജിന്റെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**എൻ.എച്ച്.എം. ഫാർമസിസ്റ്റുകളുടെ പഞ്ചായത്തുതല നിയമനം**

153 (4252) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എൻ.എച്ച്.എം ന് കീഴിൽ വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികളിൽ യോഗ്യരായ ഫാർമസിസ്റ്റുകളെയാണോ നിയമിക്കുന്നത് എന്നറിയിക്കാമോ; പല ഡിസ്പെൻസറികളിലും മരുന്നുകൾ വിതരണം ചെയ്യുന്നത് യോഗ്യരായവരല്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഐ.എസ്.എം സ്ഥാപനങ്ങളിലെ താൽക്കാലിക ഫാർമസിസ്റ്റുകൾക്ക് നൽകുന്ന വേതനം എൻ.എച്ച്.എം ഫാർമസിസ്റ്റുകൾക്ക് നൽകുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ; ഇതിന് പരിഹാരമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)യോഗ്യതയില്ലാത്ത ഫാർമസിസ്റ്റുകളുടെ നിയമനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഫാർമസിസ്റ്റുമാരെ നിയമിക്കുന്നതും ശമ്പളം നൽകുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

**എൻ.എച്ച്.എം. മുഖേന നിയമനം**

154 (4253) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എച്ച്.എം.എസ്.,

ബി.എ.എം.എസ്. എന്നീ ഡിഗ്രികൾ പാസ്സായ ഡോക്ടർമാർക്ക് എൻ.എച്ച്.എം. മുഖേന ജോലിയിൽ പ്രവേശിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) എൻ.എച്ച്.എം. മുഖേന ഏതെല്ലാം തസ്തികകളിലാണ് യോഗ്യതയുള്ളവർക്ക് നിയമനം നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഓരോ തസ്തികയ്ക്കും വേണ്ട യോഗ്യതയും തെരഞ്ഞെടുക്കുന്ന രീതിയും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എം.ബി.ബി.എസ് യോഗ്യതയുള്ള ഡോക്ടർമാരെ യോഗ്യത അനുസരിച്ച് ജില്ലാ തലത്തിൽ ഇന്റർവ്യൂ നടത്തി നിയമനം നടത്തുന്നു. നിലവിൽ ബി.ഡി.എസ്. ഡിഗ്രിയുള്ള ഡോക്ടർമാരെ സംസ്ഥാന തലത്തിൽ എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ജില്ലകളിൽ നിയമനം നടത്തുന്നു.

ബി.എച്ച്.എം.എസ്. ഡിഗ്രിയോ തത്തുല്യമായ യോഗ്യതയോ അല്ലെങ്കിൽ കേരള സർക്കാർ ഹോമിയോപ്പതിയിൽ നൽകിയിട്ടുള്ള ഡിപ്ലോമയോ യോഗ്യതയുള്ള വ്യക്തികളിൽനിന്നും അപേക്ഷ ക്ഷണിച്ച് എഴുത്തുപരീക്ഷയും അഭിമുഖവും നടത്തി അവർ നൽകുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ ജില്ലാതല ക്രമപ്പട്ടിക ഉണ്ടാക്കി അതിൽനിന്നാണ് ഹോമിയോ മെഡിക്കൽ ഓഫീസറുടെ നിയമനം നടത്തുന്നത്.

ബി.എ.എം.എസ്. ഡിഗ്രിയോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കുകയും കേരള മെഡിക്കൽ കൗൺസിലിൽ എ ക്ലാസ്സ് രജിസ്ട്രേഷനും ഉള്ളവരെയാണ് ആയുർവ്വേദമെഡിക്കൽ ഓഫീസറായി നിയമിക്കുന്നത്.

(ബി) നാഷണൽ ഹെൽത്ത് മിഷൻ മുഖേന നിയമനം നടത്തുന്ന തസ്തികകളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. +

(സി) ഒഴിവുവരുന്ന തസ്തികകളുടെ നോട്ടിഫിക്കേഷൻ പത്രങ്ങളിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുകയും അപേക്ഷകൾ വരുന്ന മുറയ്ക്ക് യോഗ്യതയുള്ള അപേക്ഷകരെ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റുണ്ടാക്കി അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്നു. ഓരോ തസ്തികയ്ക്കും വേണ്ട യോഗ്യതയും

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തെരഞ്ഞെടുക്കുന്ന രീതിയും അനുബന്ധം 2 ആയി ചേർക്കുന്നു*.

## എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർ രോഗ ചികിത്സയ്ക്കാവശ്യമായ സംവിധാനങ്ങൾ

155 (4254) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്യാൻസർ രോഗികളുടെ വർദ്ധനവ് കണക്കിലെടുത്ത് എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർരോഗ ചികിത്സയ്ക്കാവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ക്യാൻസർ രോഗം വർദ്ധിച്ച് വരുന്നതായിട്ടാണ് റീജിയണൽ ക്യാൻസർ സെന്ററിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ വർദ്ധിച്ചുവരുന്ന ഈ രോഗികളുടെ ബാഹുല്യത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ അർബുദ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമാണ്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരുത്തുന്നതിനായി എല്ലാ ജില്ലയിലും ഒരു പ്രധാന ആശുപത്രിയിൽ കീമോ തെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് ആരംഭിച്ച പദ്ധതിയാണ് ക്യാൻസർ കെയർ പദ്ധതി. ആരോഗ്യ വകുപ്പിലെ ക്യാൻസർ ചികിത്സാ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം നൽകി ഈ സെന്ററുകളിൽ വിന്യസിച്ചിട്ടുണ്ട്. ഈ സെന്ററുകളിലൂടെ നാളിതുവരെ 1500-ൽ അധികം ക്യാൻസർ കേസ്സുകൾ കണ്ടെത്തുകയും 16000-ൽ അധികം കീമോ തെറാപ്പികൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ എല്ലാ ജില്ലാ ആശുപത്രികളിലും ദന്തൽ വിഭാഗത്തോടനുബന്ധിച്ച് വദനാർബുദ നിർണ്ണയ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട് (Oral cancer detection clinics). ഗ്രാമപ്രദേശങ്ങളിൽ ക്യാൻസർ നിർണ്ണയ ക്യാമ്പുകളും എല്ലാ സാമ്പത്തിക വർഷവും നടത്തിവരാറുണ്ട്. എല്ലാ ജില്ലാ ആശുപത്രിയിലും പാലിയേറ്റീവ് കെയർ തെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതിയിൻ കീഴിലുള്ള പ്രതിമാസ ധനസഹായം

156 (4255) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ പുതിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി പ്രകാരം മരുന്ന് കഴിച്ചുകൊണ്ടിരിക്കുന്ന രോഗികൾക്ക് അനുവദിക്കുന്ന പ്രതിമാസ ധനസഹായം വിതരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം മരുന്ന് കഴിച്ചുകൊണ്ടിരിക്കുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായമായി എത്ര രൂപയാണ് നൽകാൻ നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ ധനസഹായം യഥാസമയം രോഗികൾക്ക് നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) Financial Assistance to TB Patients in indigent circumstances എന്ന പദ്ധതിക്കുവേണ്ടി 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 11,50,000 രൂപ 2210-06-101-42(NP) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിയ പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി പ്രകാരം ക്ഷയരോഗം ചികിത്സിക്കുന്ന ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് വഴി പ്രതിമാസ പെൻഷൻ രോഗിക്ക് ചികിത്സാ കാലയളവിൽ നേരിട്ട് നൽകുന്നു. ഇതിനായി ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി നൽകുന്ന അപേക്ഷ ഫോറം പൂരിപ്പിച്ച് തിരിച്ചറിയൽ രേഖകളും ഡോക്ടറുടെ സർട്ടിഫിക്കറ്റും സഹിതം അപേക്ഷിച്ചാൽ തഹസിൽദാർ വഴി ധനസഹായം ലഭിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കിയ പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി പ്രകാരം, മരുന്ന് കഴിച്ചുകൊണ്ടിരിക്കുന്ന ക്ഷയരോഗികൾക്ക് പ്രതിമാസം 1000 രൂപ വീതം ചികിത്സാ കാലയളവിൽ റവന്യൂ വകുപ്പ് വഴി പെൻഷൻ നൽകുന്നുണ്ട്. പ്രസ്തുത പെൻഷന് നേരത്തെ അപേക്ഷിച്ചവർക്ക് പെൻഷൻ കൊടുത്തിട്ടുണ്ട്. പുതുതായി അപേക്ഷ കൊടുത്തിട്ടുള്ളവർക്ക് ധനസഹായം കിട്ടാനുണ്ട്.

**വ്യാജ കോഴിമുട്ടയിലെ രാസവസ്തുക്കൾ**

157 (4256) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിപണികളിൽ വ്യാജ കോഴിമുട്ടകൾ വ്യാപകമാകുന്ന

കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന രാസവസ്തുക്കൾ ഉപയോഗിച്ചാണ് ഇത്തരം വ്യാജ കോഴിമുട്ടകൾ നിർമ്മിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) വൃക്കയ്ക്കും കരളിനും വയറിനും ഗുരുതരമായ രോഗങ്ങൾ ഉണ്ടാക്കുന്നതാണ് വ്യാജ കോഴിമുട്ടയിലെ രാസവസ്തുക്കൾ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വ്യാജ കോഴിമുട്ടകളാണെന്ന് പരാതി പറഞ്ഞിട്ടുള്ളവയുടെ സാമ്പിളുകൾ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സെന്റർ ഫോർ എക്സലൻസ് ഇൻ പൗൾട്രി സയൻസ് എന്ന ഗവേഷണ സ്ഥാപനത്തിൽ പരിശോധിച്ചപ്പോൾ പ്രസ്തുത മുട്ടകൾ യഥാർത്ഥ കോഴിമുട്ടകളാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) വ്യാജ മുട്ടയാണെന്ന വാർത്ത അടിസ്ഥാനരഹിതമാണെന്നാണ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്.

(ഡി) കോഴിമുട്ടകൾ വീണ്ടും എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ച് പരിശോധനകൾ തുടർന്നുവരുന്നു.

**ശ്രുതി തരംഗം പദ്ധതി**

158 (4257) <u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>

<u>ശ്രീ. കെ.കുഞ്ഞിരാമൻ:</u>

<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ശ്രവണവൈകല്യമുള്ള കുട്ടികൾക്കായി നടപ്പിലാക്കിയ 'ശ്രുതി തരംഗം' പദ്ധതി പ്രകാരം കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിന് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ശ്രുതി തരംഗം പദ്ധതി പ്രകാരം നിലവിൽ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറികൾ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങളുള്ള താഴെപ്പറയുന്ന മൂന്ന് മെഡിക്കൽ കോളേജുകളെയാണ് പദ്ധതിയിൻ കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എംപാനൽ ചെയ്തിട്ടുള്ളത്.

1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്

2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം

3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം

ഇതുകൂടാതെ ടി സർജറികൾ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങളുള്ള താഴെപ്പറയുന്ന പ്രൈവറ്റ് ആശുപത്രികളെയും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ടി പദ്ധതിയിൻ കീഴിൽ എംപാനൽ ചെയ്തിട്ടുണ്ട്.

1. കിംസ് ആശുപത്രി, തിരുവനന്തപുരം
2. ഡോ.നൗഷാദ്സ് ഇ.എൻ.റ്റി ഇൻസ്റ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ, എറണാകുളം
3. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം
4. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ
5. അസെന്റ് ഇ.എൻ.റ്റി. ആശുപത്രി, പെരിന്തൽമണ്ണ
6. ഡോ. മാനോജ്സ് സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്
7. മിംസ് ആശുപത്രി, കോഴിക്കോട്.

## ആശ്വാസ കിരണം പെൻഷൻ വിതരണം

159 (4258) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരുടെ കൂട്ടിരുപ്പുകാർക്ക് നൽകിവന്നിരുന്ന ആശ്വാസ കിരണം പെൻഷൻ വിതരണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഈ സർക്കാർ വന്നതിനുശേഷം പെൻഷൻ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നേരത്തെ ധനസഹായം ലഭിച്ചുകൊണ്ടിരുന്നവരിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച 36710 പേർക്ക് ധനസഹായം പുനഃസ്ഥാപിച്ച് ഫെബ്രുവരി 2016 വരെയും 2012 മുതലുള്ള പെൻഡിംഗ് അപേക്ഷകളിൽ അർഹരായ 29258 പേർക്ക് ഒരു മാസത്തെ ധനസഹായവും പുതുതായി അനുവദിച്ചിട്ടുണ്ട്. (മൊത്തം 65968 പേർക്ക്).

## ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനങ്ങൾ

160 (4259) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

നിലവിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ

പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വാർഡ് തലത്തിൽ ജെ.പി.എച്ച്.എൻ./ജെ.എച്ച്.ഐ.-മാരും ഇവരെ സൂപ്പർവൈസ് ചെയ്യാൻ എൽ.എച്ച്.ഐ./എച്ച്.ഐ.-മാരും ഇവരെ ഏകോപിപ്പിക്കാൻ ബ്ലോക്ക് തലത്തിൽ എൽ.എച്ച്.എസ്./എച്ച്.എസ്സ്.-മാരും ജില്ലാ തലത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്/ഡി.പി.എച്ച്.എൻ., എം.സി.എച്ച്. ഓഫീസർമാരും സംസ്ഥാന തലത്തിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരും അഡീഷണൽ ഡയറക്ടർമാരുമാണ്. സംസ്ഥാനത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബക്ഷേമ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. അതിന്റെ ഭാഗമായി ഫീൽഡ് വിഭാഗം ജീവനക്കാരുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുതകുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മലമ്പനി, മന്ത്, കുഷ്ഠരോഗം മുതലായ പകർച്ചവ്യാധികളെ നിവാരണം ചെയ്യുവാനും ക്ഷയരോഗം, എയ്ഡ്സ്, ജലജന്യരോഗങ്ങളായ വയറിളക്കം, മഞ്ഞപിത്തം, ടൈഫോയിഡ് മുതലായവ കുറയ്ക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ വാർഡുതലം മുതൽ സംസ്ഥാനതലം വരെ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുവേണ്ട പരിശീലന പരിപാടികളും അവബോധ പ്രവർത്തനങ്ങളും എല്ലാ വിഭാഗം ആളുകളെയും ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്. എല്ലാ തലത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും നിരീക്ഷിക്കാനുമുള്ള മോണിറ്ററിംഗ് സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക ആരോഗ്യ രംഗത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

**ആരോഗ്യ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

161 (4260) <u>ശ്രീ. കെ. സി. ജോസഫ്:</u>

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. വി. ടി. ബൽറാം:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി സമന്വയിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിവരിക്കുമോ;

(സി) ഇതിനായി പ്രത്യേകം സമിതി രൂപവത്ക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) സമിതിയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നിർദ്ദേശങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. മില്ലേനിയം വികസന ലക്ഷ്യങ്ങളുടെ വികസന തുടർച്ചയായി പ്രഖ്യാപിക്കപ്പെട്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG GOAL) ഐക്യരാഷ്ട്രസഭയുടെ 2015 സെപ്റ്റംബർ 25-ന് നടന്ന സുസ്ഥിര വികസന ഉച്ചകോടിയുടെ ഭാഗമായി ലോകനേതാക്കൾ അംഗീകരിച്ചിട്ടുള്ളവയാണ്. 2030-ഓടു കൂടി ദാരിദ്ര്യത്തെ പരമാവധി കുറയ്ക്കുവാനും അനീതിയെയും അസമത്വത്തെയും നേരിടുവാനും കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കാനുമുള്ള പതിനേഴ് ലക്ഷ്യങ്ങളാണ് സുസ്ഥിര വികസന അജണ്ടയുടെ ഭാഗമായുള്ളത്. ഇതിൽ മൂന്നാമത്തെ ലക്ഷ്യമാണ് ആരോഗ്യത്തെ സംബന്ധിച്ചുള്ളത്. ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ആരോഗ്യത്തെ സംബന്ധിച്ച ലക്ഷ്യങ്ങളിൽ പലതും ആരോഗ്യ-സാമൂഹ്യ വികസന രംഗങ്ങളിൽ മുന്നിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനം ഇപ്പോൾ തന്നെ കൈവരിച്ചിട്ടുള്ളതാണ്. എന്നാൽ കേരളം ഇന്ന് നിരവധി പ്രശ്നങ്ങൾ ആരോഗ്യ മേഖലയിൽ നേരിടുന്നുണ്ട്. ഉയർന്ന രോഗാതുരതയും വർദ്ധിച്ച ചികിത്സാ ചെലവുകളും ഇവയിൽ ചിലതാണ്. കേരളത്തിന്റെ ആരോഗ്യ രംഗത്തെ വെല്ലുവിളികൾക്ക് അനുസൃതമായുള്ള പ്രത്യേക സുസ്ഥിര വികസന ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ തയ്യാറാക്കിവരുന്നത്.

(ബി) ഉണ്ട്. 2016 ജൂലൈയിൽ ആരംഭിച്ച ഈ പ്രവർത്തനത്തിന്റെ ഭാഗമായി കർമ്മസമിതികൾ അവരുടെ ആദ്യത്തെ ലക്ഷ്യങ്ങളുടെയും പദ്ധതികളുടെയും അവതരണം ആഗസ്റ്റ് അഞ്ചാം തീയതി ആരോഗ്യ കുടുംബക്ഷേമ മന്ത്രിയുടെ മുമ്പാകെ നടത്തുകയുണ്ടായി. ഈ പദ്ധതിയുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയ സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ ഈ കർമ്മ സമിതികൾക്കായി 2016 ആഗസ്റ്റ് പതിമൂന്നാം തീയതി ഒരു ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശിൽപ്പശാല ഈ ലക്ഷ്യങ്ങളെക്കുറിച്ചുള്ള വിശദമായ രണ്ടാംവട്ട ചർച്ചകൾക്ക് വഴിയൊരുക്കി.

(സി) ഉണ്ട്. ഇതിനായി അക്കാദമിക്, ക്ലിനിക്കൽ, അഡ്മിനിസ്ട്രേറ്റീവ് രംഗത്തുള്ള വിദഗ്ദ്ധരുടെ 19 കർമ്മസമിതി രൂപീകരിച്ചു കഴിഞ്ഞു. ആരോഗ്യവുമായി ബന്ധപ്പെട്ടു വരുന്ന ലക്ഷ്യങ്ങളെ കൈവരിക്കുന്നതിനുള്ള പ്രായോഗികവും സമയബന്ധിതവുമായ പ്രവർത്തന പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള

ശ്രമത്തിലാണ് ഈ കർമ്മസമിതികൾ. കേരളത്തിലെ ആരോഗ്യ രംഗത്ത് അടുത്ത അഞ്ച് വർഷത്തേക്ക് വരുത്തേണ്ട മൊത്തം പ്രവർത്തനങ്ങൾക്ക് ഒരു ദിശാബോധം നൽകുക എന്നതാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രധാന ഉദ്ദേശം. ഇതിനായി രൂപീകരിച്ച കർമ്മസമിതികളുടെ ലക്ഷ്യനിർണ്ണയത്തോടൊപ്പം തന്നെ ഈ ലക്ഷ്യങ്ങൾ കൈവരിക്കാനായുള്ള പദ്ധതികളും ആ പദ്ധതികൾ മുഖാന്തരം നടത്തേണ്ട വ്യത്യസ്ത പ്രവർത്തനങ്ങളും രൂപപ്പെടുത്തിവരികയാണ്. ഇതോടൊപ്പം തന്നെ ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്താനുള്ള സൂചികകളും തയ്യാറാക്കി വരുന്നു.

(ഡി) കർമ്മസമിതികൾ ഉണ്ടാക്കിയ നിർദ്ദേശങ്ങൾ ഓരോന്നും അതത് മേഖലയിലെ വിദഗ്ദ്ധർ അടങ്ങുന്ന മറ്റൊരു ഗ്രൂപ്പിന്റെ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും ശേഷമാണ് അന്തിമമായി തീരുമാനത്തിലെത്തുക. ഈ പ്രക്രിയ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത് പൂർത്തിയായതിന് ശേഷമേ നിർദ്ദേശങ്ങളുടെ അന്തിമരൂപം നൽകുവാൻ സാധിക്കുകയുള്ളൂ.

**കോട്ടയം ജനറൽ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണി**

162 (4261) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജനറൽ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണിയുന്നതിനായി എം.എൽ.എ. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്ന് നൽകിയ തുക ഉപയോഗിച്ച് പണിയുന്നതിന് ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതാണോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ?

ഉത്തരം

പൂർത്തീകരിച്ചിട്ടുണ്ട്. പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യാലയങ്ങൾ മാറ്റി പഴയ കെട്ടിടം പൊളിച്ചുമാറ്റിയതിനുശേഷം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

**മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള നിയമനങ്ങൾ**

163 (4262) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് 187/12 ആ.കു.വ. തീയതി 20-2-2012 പ്രകാരം മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് താൽക്കാലികമായി നിയമനം നേടിയ വിവിധ തസ്തികകളിൽപ്പെട്ട നിലവിലുള്ള 500 ജീവനക്കാരിൽ പി.എസ്.സി. യോഗ്യതാപരിധി കഴിഞ്ഞവർക്ക് സർവ്വീസിൽ തുടരുന്നതിന്

നിലവിലുള്ള സാങ്കേതിക തടസ്സം എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ബന്ധപ്പെട്ട ജീവനക്കാർക്ക് സർവ്വീസിൽ തുടരുന്നതിനുവേണ്ടിയുള്ള അനുകൂല നടപടി സ്വീകരിക്കുമോ;

(സി) കാറ്റഗറി നമ്പർ 420/2009 പ്രകാരം കെ.പി.എസ്.സി. 30-11-2009- ലെ വിജ്ഞാപനം അനുസരിച്ച് ആരോഗ്യ വകുപ്പിലേയ്ക്ക് ഓപ്പറേഷൻ തിയേറ്റർ മെക്കാനിക്ക് തസ്തികയിലേയ്ക്ക് മത്സരപരീക്ഷ നടത്തി 26-8-2013-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം സംബന്ധിച്ച് നാളിതുവരെയുള്ള വിശദാംശം വ്യക്തമാക്കാമോ;

(ഡി) നിലവിൽ പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) പി.എസ്.സി മുഖേനയാണ് ആരോഗ്യ വകുപ്പിൽ സ്ഥിര നിയമനം നടത്തുന്നത്. 20/02/2012-ലെ സ.ഉ.(എം. എസ്.) 187/12/ആ.കു.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം നടത്തിയത് മൂന്ന് മാസത്തേയ്ക്ക് ദിവസക്കൂലി നിയമനമാണ്. പിന്നീട് മൂന്നുമാസം വീതം നിയമനം നീട്ടി നൽകുകയായിരുന്നു. ഇപ്രകാരം നിയമനം ലഭിച്ചവർക്ക് സ്ഥിര നിയമനം നൽകാൻ നിലവിലെ സർവ്വീസ് നിയമങ്ങൾ അനുവദിക്കുന്നില്ല.

(സി) ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടില്ല.

(ഡി) നിലവിലുള്ള ഒരു ഒഴിവ് പി.എസ്.സി. മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആർദ്രം മിഷൻ കർമ്മ പദ്ധതി**

164 (4263) <u>ശ്രീ. എം. വിൻസെന്റ്:</u>

<u>ശ്രീ. പി. ടി. തോമസ്:</u>

<u>ശ്രീ. കെ. സി. ജോസഫ്:</u>

<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കാൻ 'ആർദ്രം മിഷൻ' കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം കർമ്മ പരിപാടികളാണ് ഇതുവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ ചെലവ് എത്രയാണ്; ഇതിനുള്ള ധനസമാഹരണം എപ്രകാരം കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്തിന്റെ അടിസ്ഥാന സമ്പത്തും മാനവശേഷിയും പ്രസ്തുത പദ്ധതി പ്രഖ്യാപിക്കുമ്പോൾ പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ ചികിത്സാ സംവിധാനങ്ങളെ കൂടുതൽ രോഗീസൗഹൃദമാക്കുക, അതിനായി ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനങ്ങളും പ്രാഥമികരോഗ്യ കേന്ദ്രങ്ങളിലെ സംവിധാനങ്ങളുടെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്.

(ബി) ഒ.പി. സംവിധാനം കാര്യക്ഷമമാക്കാനും (ഒ.പി.ട്രാൻസ്ഫർമേഷൻ) ആശുപത്രിയിലെ പ്രധാന സേവന സ്ഥലങ്ങളായ ഐ.പി. വാർഡുകൾ, ലേബർ റൂമുകൾ, ഓപ്പറേഷൻ തിയേറ്ററുകൾ, ഫാർമസി, ലബോറട്ടറി തുടങ്ങിയവയിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തലും, രോഗീ സൗഹാർദ്ദമാക്കലും.

ആരോഗ്യ വകുപ്പിലെ ജില്ല, താലൂക്ക്, ബ്ലോക്ക് പഞ്ചായത്ത് തല ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിതമായ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് ചികിത്സാ സംവിധാനങ്ങൾ വിപുലപ്പെടുത്തൽ, ഇതിന്റെ ഭാഗമായി ആശുപത്രികളിൽ അധികമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പുതുതായ തസ്തികകൾ സൃഷ്ടിക്കൽ എന്നിവയും ഉദ്ദേശിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റൽ, സംസ്ഥാനത്ത് രോഗാതുരതയിൽ വന്ന മാറ്റങ്ങൾ കണക്കിലെടുത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സേവനമേഖല കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് അധിക പരിശീലനം നടത്തിക്കൊണ്ടും

പി.എച്ച്.സി.-കളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തിക്കൊണ്ടും ഈ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി&ഡി) പദ്ധതി സംബന്ധിച്ച പ്രാഥമിക ചർച്ചകൾ നടത്തിവരികയാണ്. അന്തിമ തീരുമാനം ആയിട്ടില്ല.

**തലശ്ശേരി ജനറൽ ആശുപത്രിയിലെ ഡോക്ടർ തസ്തികയിലെ ഒഴിവ്**

165 (4264) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ജനറൽ ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് ഇൻ ഓർത്തോപീഡിക്സ് തസ്തിക എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്താൻ ഡി.എച്ച്.എസിൽ നിന്ന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് എന്നത്തേക്ക് നിയമനം നടത്താൻ സാധിക്കുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 27-5-2016 മുതലാണ് ഒഴിഞ്ഞുകിടക്കുന്നത്.

(ബി&സി) ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഡി.പി.സി.) യോഗം ചേർന്ന് കൺസൾട്ടന്റ് (ഓർത്തോ)/സീനിയർ കൺസൾട്ടന്റ് (ഓർത്തോ) സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ സീനിയർ കൺസൾട്ടന്റ് (ഓർത്തോ)-യുടെ ഒഴിവ് നികത്തുന്നതിന് സാധിക്കുകയുള്ളൂ. ഡി.പി.സി. യോഗം ചേർന്ന് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പേവിഷബാധ പ്രതിരോധ മരുന്ന്**

166 (4265) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര പേരാണ് പേവിഷബാധയേറ്റ് ചികിത്സ തേടുന്നതെന്ന് കണ്ടെത്തിയിട്ടുള്ളത്; ഇതിൽ എത്ര പേർ സർക്കാർ ആശുപത്രികളെ അശ്രയിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) തെരുവ് നായ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ഇത്രയും പേർക്ക് ചികിത്സ നൽകുന്നതിനുള്ള മരുന്നുകൾ സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാണോ; സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മരുന്നിന് ദൗർലഭ്യം നേരിടുന്നുണ്ടോ;

(സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഈ മരുന്നുകൾ വാങ്ങി സർക്കാർ ആശുപത്രികൾക്ക് ആവശ്യാനുസരണം നൽകുന്നുണ്ടോ; കോർപ്പറേഷനിൽ ഇപ്പോൾ മരുന്ന് ആവശ്യത്തിന് ലഭ്യമാണോ;

(ഡി) സർക്കാർ ആശുപത്രികളുടെ ആവശ്യത്തിനായി മാത്രം പ്രതിവർഷം എത്ര തുകയുടെ മരുന്നുകൾ വാങ്ങുന്നുണ്ടെന്നും ഏതെല്ലാം കമ്പനികളിൽ നിന്നുമാണ് വാങ്ങുന്നതെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി 182296 പേർ ആരോഗ്യ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലും, 11,000 പേർ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലും പേവിഷബാധയേറ്റ് ചികിത്സ തേടി എത്താറുണ്ട്.

(ബി) തെരുവ് നായ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ഇതിനുവേണ്ട Anti Rabies Vaccine, Equine Anti Rabies Immunobulin (Serum) എന്നീ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്.

മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മരുന്നുകളുടെ ദൗർലഭ്യം നേരിടുന്നില്ല.

(സി) ഉണ്ട്. കോർപ്പറേഷനിൽ ഇപ്പോൾ ആവശ്യത്തിന് പേവിഷബാധ പ്രതിരോധ ചികിത്സയ്ക്കുള്ള മരുന്നുകൾ ലഭ്യമാണ്.

(ഡി) 2016-17 വർഷത്തിൽ 1.75 കോടി രൂപയുടെ ഇക്യൂൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ Inj.300 IU/MI, 5 ML Vial M/s വിൻസ് ബയോപ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും 3.26 കോടി

രൂപയുടെ റാബീസ് വാക്സിൻ (For Intra Dermal Route of Administration) 2.5 IU, 1 ml M/s ഭാരത് ബയോടെക്ക് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, M/s ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് എന്നീ കമ്പനികളിൽനിന്നും വാങ്ങിയിട്ടുണ്ട്.

**മാലിന്യം കലർന്ന കുടിവെള്ളം**

167 (4266) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെപ്റ്റിക് ടാങ്കും കുടിവെള്ള കിണറും തമ്മിലുള്ള അകലം കുറഞ്ഞുവരുന്നതുമൂലം മാലിന്യം കലർന്ന കുടിവെള്ളം ഉപയോഗിക്കുന്നതിന് ജനങ്ങൾ നിർബന്ധിതരാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ളക്കിണറുകളിൽനിന്നും ലഭിക്കുന്ന ജലം മാലിന്യ മുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പരിശോധനാ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഇത്തരം പരിശോധനാ സംവിധാനങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. കുടിവെള്ള കിണറുകളിൽനിന്നും ലഭിക്കുന്ന ജലം ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട എന്ന ജില്ലകളിൽ പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധിച്ച് മാലിന്യമുക്തമാണെന്ന് ഉറപ്പുവരുത്താൻ സാധിക്കും.

**പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് നടപടി**

168 (4267) <u>ശ്രീ. ബി.സത്യൻ :</u>

<u>ശ്രീ. കെ. ജെ. മാക്സി :</u>

<u>ശ്രീ. യു. ആർ. പ്രദീപ് :</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിന് സർക്കാർ ആശുപത്രികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതിനായി സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പകർച്ച വ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ടെസ്റ്റ് കിറ്റുകൾ, ലബോറട്ടറി ഇനങ്ങൾ, ബ്ലീച്ചിംഗ് പൗഡർ, ഒ. ആർ. എസ്. ലായനി മുതലായവ സുലഭമായി ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മെയ് 27-ന് യോഗം വിളിച്ചുകൂട്ടി മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കുവാൻ തീരുമാനങ്ങളെടുത്തിരുന്നു. ഇതനുസരിച്ച് മേയ് 30-ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെയും ജില്ലാ മെഡിക്കൽ ആഫീസർമാരുടെയും വീഡിയോ കോൺഫറൻസ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജൂൺ 1 മുതൽ 5 വരെ ശുചീകരണ വാരമായി ആചരിച്ച് മഴക്കാലപൂർവ്വ ശുചീകരണം കാര്യക്ഷമമാക്കി. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാന വ്യാപകമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജില്ലാ ചാർജ് വഹിക്കുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ യോഗം കൂടി സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. മേയ് മാസത്തെ സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും ജൂണിലെ ജില്ലാ/ബ്ലോക്ക് തല മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി. ഓരോ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസുകളിലും കൺട്രോൾ റൂം തുറക്കുകയുണ്ടായി. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ജില്ലാ ദ്രുതകർമ്മസേന സന്ദർശിച്ച് രോഗം നിയന്ത്രണ വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളെയും കൂടി സഹകരിപ്പിച്ചാണ് ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

(ബി) എല്ലാ ഡോക്ടർമാർക്കും രോഗം ഫലപ്രദമായി ചികിത്സിക്കുന്നതിന് ആവശ്യമായ പരിശീലനം ജില്ലാതലത്തിൽ ജൂൺ മാസത്തിൽ നൽകിയിട്ടുണ്ട്. പ്രധാന പകർച്ചവ്യാധികളുടെ ചികിത്സാ മാർഗ്ഗരേഖ എല്ലാ ആശുപത്രികളിലും എത്തിച്ചിട്ടുണ്ട്. ആവശ്യമായ മരുന്നും മറ്റു സാധന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ രോഗനിർണ്ണയത്തിനാവശ്യമായ ടെസ്റ്റ് കിറ്റുകളും അനുബന്ധ സാധനങ്ങളും എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും നൽകിയിട്ടുണ്ട്. ആവശ്യാനുസരണം ലോക്കൽ പർച്ചേസ് ചെയ്യുവാനുള്ള അനുമതി നൽകുകയും രോഗവിവരം യഥാസമയം അറിയിക്കുവാനുള്ള നിർദ്ദേശം താഴെത്തട്ടിൽ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ഇവ ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.

**ആശുപത്രി മാലിന്യങ്ങൾ**

169 (4268) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിലെ ആശുപത്രി മാലിന്യങ്ങൾ കുട്ടികളുടെ വാർഡിന് സമീപമുള്ള തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ട് കത്തിക്കുന്നതുമൂലം രോഗികൾക്കും കൂട്ടിരുപ്പുകാർക്കും ബുദ്ധിമുട്ടുണ്ടാകുന്ന എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായംകുളം താലൂക്കാശുപത്രിയിൽ ബയോ മെഡിക്കൽ വേസ്റ്റ്, 'ഇമേജ്' എന്ന സ്ഥാപനം മുഖേനയാണ് നീക്കം ചെയ്യുന്നത്. ആഹാരാവശിഷ്ടങ്ങളും മറ്റും കായംകുളം നഗരസഭയാണ് നീക്കം ചെയ്തുവരുന്നത്. പേപ്പർ വേസ്റ്റ് തുടങ്ങിയ മാലിന്യങ്ങൾ മാത്രമാണ് ഈ സ്ഥാപനത്തിൽ കത്തിച്ചിരുന്നത്. എന്നാൽ ഇതുമൂലം രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനാൽ ഇപ്പോൾ കത്തിക്കുന്നില്ല.

ടി മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് എടുത്ത് നൽകുന്നതിന് 7-10-2016-ൽ കൂടിയ ആശുപത്രി നിർവ്വഹണ സമിതി യോഗത്തിൽ കായംകുളം നഗരസഭയെ ചുമതലപ്പെടുത്തി. കൂടാതെ ഒരു മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി നൽകുന്നതിന് കായംകുളം നഗരസഭ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി**

170 (4269) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ തോതിൽ വൃക്ക സംബന്ധമായ രോഗങ്ങൾ വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതുമായ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ നീലേശ്വരം, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ മാന്ദ്യവിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള വിവിധ തലത്തിലുള്ള 44 ആശുപത്രികളിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിൽ താലൂക്കാശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 35 ആശുപത്രികളിൽ ഡയാലിസിസ് സെന്റർ നിലവിലുണ്ട്.

(ബി) സർക്കാരിന്റെ മാന്ദ്യവിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള വിവിധ തലത്തിലുള്ള 44 ആശുപത്രികളിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ നീലേശ്വരം തൃക്കരിപ്പൂർ താലൂക്കാശുപത്രികൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഓണറേറിയം**

171 (4270) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എൻ.റ്റി.സി.പി . ( RNTCP -Revised National Tuberculosis Control Programme)യുടെ ഭാഗമായി മരുന്ന് നൽകുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള ഹോണറേറിയം എത്രയെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ 2014, 2015 വർഷങ്ങളിൽ ഈ പദ്ധതിയുടെ ഭാഗമായി എത്രപേർക്കാണ് മരുന്ന് നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇവർക്ക് ഹോണറേറിയം നൽകുന്നതിനുവേണ്ടി ലഭിച്ച അലോട്ട്മെന്റിന്റെ വിവരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ലഭിച്ച അലോട്ട്മെന്റുകൾ ഇനിയും വിതരണം ചെയ്യാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആർ.എൻ.റ്റി.സി.പി. (RNTCP- Revised National Tuberculosis Control Programme)-യുടെ ഭാഗമായി മരുന്ന് നൽകുന്നവർക്ക് 1-4-2014 മുതൽ നിശ്ചയിച്ചിട്ടുള്ള ഓണറേറിയം.

CAT I രോഗികൾക്ക് (പുതിയ ക്ഷയരോഗികൾ) - 1,000 രൂപ

CAT II രോഗികൾക്ക് (പുനർ ചികിത്സ എടുക്കുന്നവർ) - 1,500 രൂപ

M/XDR TB IP രോഗികൾക്ക് - 2,000 രൂപ

(മൾട്ടി ഡ്രഗ് റെസിസ്റ്റന്റ്/എക്സ്റ്റൻസീവിലി ഡ്രഗ് റെസിസ്റ്റന്റ് രോഗികൾ - ഇന്റൻസീവ് ഫേയ്സ്)

M/XDR TB CP രോഗികൾക്ക് -3,000 രൂപ

(മൾട്ടി ഡ്രഗ് റെസിസ്റ്റന്റ് / എക്സ്റ്റൻസീവിലി ഡ്രഗ് റെസിസ്റ്റന്റ് രോഗികൾ - കണ്ടിന്യേഷൻ ഫേയ്സ്)

(ബി) മലപ്പുറം ജില്ലയിൽ ഈ പദ്ധതിയുടെ ഭാഗമായി 2014 വർഷത്തിൽ 2177 രോഗികൾക്കും 2015 വർഷത്തിൽ 2221 രോഗികൾക്കും മരുന്ന് നൽകിയിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയ്ക്കുള്ള ആർ.എൻ.റ്റി.സി.പി. ഹോണറേറിയം 2014-ലെ ഫണ്ട് അലോട്ട്മെന്റ് 1,40,000 രൂപയും 2015-ലെ ഫണ്ട് അലോട്ട്മെന്റ് 3,50,000 രൂപയുമാണ്.

(ഡി) ഉണ്ട്. പുതുക്കിയ നിരക്കിലുള്ള ഹോണറേറിയം മാത്രമേ വിതരണം ചെയ്യാവൂ എന്ന ഓർഡർ ലഭിച്ചതിനാലും, ഡോട്ട് ദായകർക്കുള്ള പുതുക്കിയ ഓണറേറിയം ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ വിതരണം ചെയ്യാവൂ എന്ന നിർദ്ദേശമുള്ളതിനാലും അക്കൗണ്ട് നമ്പർ, IFSC തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് അവലോകനം ചെയ്യുന്ന ജോലികൾ പുരോഗമിക്കുകയാണ്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ ആശുപത്രിയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

172 (4271) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ പി. എച്ച്. സി. കളിലും സി. എച്ച്. സി. കളിലും താലൂക്ക് ആശുപത്രിയിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്താത്തതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൻ കീഴിൽ വരുന്ന ആശുപത്രികൾ താഴെപ്പറയും പ്രകാരമാണ്.

താലൂക്കാശുപത്രി - ആലത്തൂർ

പി.എച്ച്.സി. - കിഴക്കഞ്ചേരി

പി.എച്ച്.സി. - മേലാർകോട്

പി.എച്ച്.സി. - തേൻകുറിശ്ശി

പി.എച്ച്.സി. - വണ്ടാഴി

സി.എച്ച്.സി. - കുഴൽമന്ദം

ആയതിൽ താലൂക്കാശുപത്രി ആലത്തൂരിൽ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ, ജനറൽ സർജറി) ഒഴിവുള്ള സ്പെഷ്യാലിറ്റി തസ്തികകൾക്ക് പകരമായി അഡ്ഹോക്ക് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കുഴൽമന്ദം സി.എച്ച്.സി.-യിൽ ഗൈനക്കോളജി, അനസ്തീഷ്യ, ഓർത്തോ എന്നിവയിലെ

ഒഴിവുകൾ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തപ്പെടുന്നതാണ്. മറ്റെല്ലാ സ്ഥാപനങ്ങളിലും അനുവദനീയമായ ഡോക്ടർ തസ്തികയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് പി.എസ്.സി. അഡ്വൈസ് ലഭ്യമാകുന്ന മുറയ്ക്ക് നികത്തുന്നതാണ്. മറ്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. മുഖാന്തരവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നികത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

**വിവിധയിനം പകർച്ചപ്പനി/പകർച്ചവ്യാധിമൂലം മരണം**

173 (4272) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി ഒന്ന് മുതൽ വിവിധയിനം പകർച്ചപ്പനി/പകർച്ചവ്യാധി മൂലം എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; ഏതെല്ലാംതരം പകർച്ചപ്പനി/പകർച്ചവ്യാധി മൂലമാണ് മരണപ്പെട്ടതെന്നും വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം മരണപ്പെട്ടവരുടെ ജില്ല, മാസം എന്നിവ തിരിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 2016 ജനുവരി ഒന്ന് മുതൽ 19 ഒക്ടോബർ വരെ പകർച്ചപ്പനി/പകർച്ചവ്യാധിമൂലം 67 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

**കോഴിക്കോട് സർക്കാർ ഡെന്റൽ കോളേജിൽ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകൾ**

174 (4273) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ ഡെന്റൽ കോളേജിലെ ഓറൽ മെഡിസിൻ, റേഡിയോളജി വിഭാഗങ്ങളിൽ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിലുള്ള രണ്ട് ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ഒരൊഴിവ് നികത്തിയിട്ടുണ്ട്. കൂടാതെ ഒരു സൂപ്പർ ന്യൂമററി തസ്തികയിൽ ഡോ. ബിന്ദു ലക്ചററായി ജോലി ചെയ്യുന്നു.

**മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ അഴിമതി**

175 (4274) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ മരുന്ന് പർച്ചേയ്സുമായി ബന്ധപ്പെട്ട് നടന്ന അഴിമതിയുടെ വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രസ്തുത അഴിമതി വിജിലൻസിന് റഫർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2011-16 കാലയളവിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് രണ്ട് അന്വേഷണങ്ങളാണ് വിജിലൻസിന്റെ പരിധിയിൽ ഉണ്ടായിരുന്നത്.

<u>അന്വേഷണം -1:</u> 2011-12 സാമ്പത്തിക വർഷം മെഡിക്കൽ ഡിവൈസസ് വാങ്ങിയതുമായി ബന്ധപ്പെട്ട് അഴിമതി ആരോപണം ഉന്നയിച്ച് ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തുകയുണ്ടായി. തുടർന്ന് വിജിലൻസ് നടത്തിയ വിശദമായ പരിശോധനയിൽ ടെണ്ടർ നടപടികൾ സുതാര്യമായിരുന്നുവെന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ലെന്നും മെഡിക്കൽ ഡിവൈസസ് വാങ്ങിയതുമായി ബന്ധപ്പെട്ട് ക്രമക്കേടുകളൊന്നും ഉണ്ടായിട്ടില്ലെന്നും കണ്ടെത്തുകയുണ്ടായി.

<u>അന്വേഷണം -2:</u> കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച 2008 മുതൽ 2012 വരെയുള്ള കാലഘട്ടത്തിലെ മരുന്നു സംഭരണവും കണ്ടാമിനേഷനുമായി ബന്ധപ്പെട്ട പരാതി വിജിലൻസ്

അന്വേഷണത്തിനായി 2013-ൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. പ്രസ്തുത വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) ക്രമക്കേടുകളൊന്നും കണ്ടെത്താത്ത സാഹചര്യത്തിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ഉണ്ട്. മേൽ പരാമർശിച്ച രണ്ട് അഴിമതി ആരോപണങ്ങളിൽ മെഡിക്കൽ ഡിവൈസസ് വാങ്ങിയതുമായി ബന്ധപ്പെട്ട അഴിമതി ആരോപണം വിജിലൻസ് അന്വേഷണം നടത്തി ക്രമക്കേടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച 2008 മുതൽ 2012 വരെയുള്ള കാലഘട്ടത്തിലെ മരുന്ന് സംഭരണവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന മറ്റൊരു വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ**

176 (4275) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ജില്ലാ ആശുപത്രി, സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഒഴിവുള്ള തസ്തികകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)

1. ജില്ലാ ആശുപത്രി, മാവേലിക്കര

| | |
|---|---|
| 1. കൺസൾട്ടന്റ് മെഡിസിൻ | 1 |
| 2. കൺസൾട്ടന്റ് സർജൻ | 1 |
| 3. ഹെഡ് നഴ്സ് | 2 |
| 4. സ്റ്റാഫ് നഴ്സ് | 2 |
| 5. നേഴ്സിംഗ് അസിസ്റ്റന്റ് | 2 |
| 6. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -I | 2 |
| 7. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II | 8 |
| 8. കുക്ക് | 1 |

| | |
|---|---|
| 9. ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 |
| 10. ദന്തൽ ഹൈജീനിസ്റ്റ് | 1 |
| 11. പ്ലംബർ | 1 |
| 12. പാർട്ട് ടൈം സ്വീപ്പർ | 5 |
| 2. <u>ലെപ്രസി സാനിട്ടേറിയം, നൂറനാട്</u> | |
| 1. നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 2. നഴ്സിംഗ് ആഫീസർ | 1 |
| 3. നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| 4. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II | 1 |
| 3. <u>പ്രാഥമികാരോഗ്യ കേന്ദ്രം, നൂറനാട്</u> | |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| 4. <u>പ്രാഥമികാരോഗ്യ കേന്ദ്രം, ചുനക്കര</u> | |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| 5. <u>പ്രാഥമികാരോഗ്യ കേന്ദ്രം, പാലമേൽ</u> | |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| 6. <u>പ്രാഥമികാരോഗ്യ കേന്ദ്രം, താമരക്കുളം</u> | |
| 1. ലേഡീ ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 2. ഫാർമസിസ്റ്റ് | 1 |
| 7. <u>പ്രാഥമികാരോഗ്യ കേന്ദ്രം, വള്ളിക്കുന്നം</u> | |
| 1. ഹെൽത്ത് ഇൻസ്പെക്ടർ | 2 വർഷമായി അൺഓതറൈസ്ഡ് ആബ്സന്റ് |

(ബി) ജില്ലാ ആശുപത്രിയിലെ കൺസൾട്ടന്റ്, ഹെഡ് നഴ്സ്, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II, നഴ്സിംഗ് ആഫീസർ, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-I, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II എന്നീ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, പ്ലംബർ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ്-II എന്നീ ഒഴിവുകൾ പി.എസി.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ

ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. ഫാർമസിസ്റ്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലില്ല. ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താൽക്കാലിക നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലേഡീ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിവ് നികത്തുന്നതിനായി പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവിടങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കൊണ്ടോട്ടി ബ്ലോക്ക് പരിധിയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ**

177 (4276) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്കിൽ നിലവിലുണ്ടായിരുന്ന കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ബ്ലോക്ക് പരിധിയിലെ ഏതെങ്കിലും പ്രഥമികാരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കൊണ്ടോട്ടി നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രമാണ്. പുളിക്കൽ പി.എച്ച്.സി.-യെ സി.എച്ച്.സി-യാക്കി ഉയർത്തുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല. കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് വകുപ്പിന്റെ മുൻഗണനാ വിഷയം.

**കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി**

178 (4277) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർമ്മാണം പൂർത്തിയായ കൊയിലാണ്ടി ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ പുതിയ കെട്ടിടത്തിൽ ഇനി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തേണ്ടതെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

നിർമ്മാണം പൂർത്തിയായ കൊയിലാണ്ടി ഗവ.താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ പുതിയ കെട്ടിടത്തിൽ ആവശ്യമുള്ള സജ്ജീകരണങ്ങളും അതിനായി കൈക്കൊണ്ട നടപടികളും താഴെച്ചേർക്കുന്നു:

| സജ്ജീകരണങ്ങൾ | നടപടികൾ |
|---|---|
| രോഗികളുടെ സൗകര്യാർത്ഥം ലിഫ്റ്റ് നിർമ്മാണം പൂർത്തീകരിക്കൽ | പൊതുമരാമത്ത് വൈദ്യുതി വിഭാഗം ദർഘാസ് പൂർത്തീകരിച്ച് പണി ആരംഭിക്കേണ്ടതുണ്ട്. |
| വാർഡുകൾ, ഐ.സി.യു, ഓപ്പറേഷൻ തിയേറ്റർ എന്നിവടങ്ങളിലേയ്ക്ക് അത്യാവശ്യമുള്ള യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുക | ഫണ്ട് ആവശ്യമാണ്. ഈ വിഷയത്തിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, ജനപ്രതിനിധികൾ,നഗരസഭ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ ധനശേഖരണം നടത്തുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ജില്ലാ മെഡിക്കൽ ഓഫീസറോട് പ്രൊപ്പോസൽ ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പിൽ നിന്നും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് | ഇതിനാവശ്യമായ പ്രൊപ്പോസൽ ആരോഗ്യ വകുപ്പിൽ തയ്യാർ ചെയ്യുന്ന സമാഹൃത പ്രൊപ്പോസലിൽ ഉൾക്കൊള്ളിക്കുന്നതാണ്. |
| ആംബുലൻസ് സൗകര്യം | ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശിപാർശ ലഭിച്ചിട്ടില്ല. |
| ജനറേറ്റർ പവർറൂം നിർമ്മാണം | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി മുഖേന ഫണ്ട് സമാഹരണം നടത്തുന്നതും ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതുമാണ്. |

**കോട്ടയ്ക്കൽ ആയുർവ്വേദകോളേജിനെ ആയുർവ്വേദസർവ്വകലാശാലയാക്കി ഉയർത്താൻ നടപടി**

179 (4278) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ ആയുർവ്വേദകോളേജിനെ ആയുർവ്വേദ സർവ്വകലാശാലയാക്കി ഉയർത്തണമെന്ന കഴിഞ്ഞ നിയമസഭയിലെ സബ്മിഷനിൻമേൽ, ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കാമെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ സർക്കാർ എടുത്ത നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടില്ലെങ്കിൽ ഉടൻ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

**ക്യാൻസർ രോഗത്തിന് ഫലപ്രദമായ ചികിത്സാ സംവിധാനങ്ങൾ**

180 (4279) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ ക്യാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഫലപ്രദമായ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ക്യാൻസർരോഗ പരിശോധനകൾ കഴിഞ്ഞശേഷം അടിയന്തര ചികിത്സക്കുപോലും മാസങ്ങൾ കാത്തിരിക്കേണ്ടി വന്ന് രോഗം മൂർച്ഛിക്കുവാനിടയാക്കുന്ന സാഹചര്യം ഒഴിവാക്കുവാനും ഫലപ്രദമായ ആധുനിക ചികിത്സാരീതികൾ ഏർപ്പെടുത്തി രോഗികളുടേയും അവരുടെ ആശ്രിതരുടേയും ആധി ഇല്ലാതാക്കാൻ സഹായകരമാകുന്ന ഒരു ക്യാൻസർ നയം കൊണ്ടുവരാനും സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ആർ.സി.സി.-യെ ശക്തിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യവകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാരീതികൾ ആരംഭിക്കുന്നതിന് ജില്ലാ ക്യാൻസർ കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ക്യാൻസർ ചികിത്സയ്ക്കാവശ്യമായ ആധുനിക ഉപകരണമായ ലീനിയർ ആക്സിലറേറ്റർ കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ സ്ഥാപിക്കുകയും അതിന്റെ പ്രയോജനം രോഗികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ

ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത ഉപകരണം സ്ഥാപിച്ചുകഴിഞ്ഞാൽ റേഡിയേഷൻ ചികിത്സയ്ക്ക് വേണ്ട കാലതാമസം ഒഴിവാക്കാൻ സാധിക്കും.

ആർ.സി.സി.-യിലും മലബാർ ക്യാൻസർ സെന്ററിലും ചികിത്സയ്ക്കെത്തുന്ന അർബുദ രോഗികളുടെ ബാഹുല്യത്തിനനുസരിച്ച് ചികിത്സാ സൗകര്യങ്ങൾ വിപുലീകരിച്ചിട്ടുണ്ട്. ആർ.സി.സി.-യിൽ ലോകോത്തര നിലവാരത്തിലുള്ള എല്ലാ ആധുനിക ചികിത്സാ സൗകര്യങ്ങളും നിലവിലുണ്ട്. ആർ.സി.സി.-യിൽ 10 നില കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഒ.പി. വിഭാഗത്തിൽ അനുഭവിച്ചുവരുന്ന സ്ഥല പരിമിതി പരിഹരിക്കപ്പെടുന്നതാണ്. മലബാർ ക്യാൻസർ സെന്ററിൽ ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലി കോബാൾട്ട് മെഷീൻ, റേഡിയോതെറാപ്പി സിമുലേറ്റർ, ബ്രാക്കി തെറാപ്പി മെഷീൻ, 4 D CT സ്കാനർ, CT സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ. സ്കാനർ, 500 എം.എ. എക്സ്റേ മെഷീൻ, ഡിജിറ്റൽ മാമോഗ്രാഫി, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി ആന്റ് മെഡിക്കൽ ഓങ്കോളജി വിഭാഗം, കമ്പോണന്റ് സെപ്പറേഷൻ സൗകര്യമുള്ള ബ്ലഡ് ബാങ്ക്, ഡേ കീമോതെറാപ്പി വിഭാഗം, പാലിയേറ്റീവ് കെയർ വിഭാഗം, ഇ-പാലിയേറ്റീവ് സംവിധാനം എന്നിവ ലഭ്യമാണ്.

## സർക്കാർ മേഖലയിൽ ഒപ്റ്റിക്കൽ വ്യവസായം

181 (4280) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒപ്റ്റിക്കൽ വ്യവസായ രംഗത്ത് പൂർണ്ണമായും സ്വകാര്യ സ്ഥാപനങ്ങൾ മാത്രമേയുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ മേഖലയിൽ മരുന്നുകൾ വിലകുറച്ച് നൽകുന്നതിനുള്ള സംരംഭങ്ങൾ വന്നതോടെ മരുന്നുകളുടെ വിലയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും മരുന്നുകൾക്ക് വിലകുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതേ സമയം ജനങ്ങളിൽ ഏറെ പേർ ആശ്രയിക്കുന്ന ഒപ്റ്റിക്കൽ വ്യവസായ രംഗത്തുമാത്രം സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കണ്ണട ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് കണ്ണട ലഭ്യമാക്കുന്നതിനും, ഈ രംഗത്തെ ചൂഷണം ഒഴിവാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്തെ താലൂക്കാശുപത്രികൾ മുതൽ മുകളിലേയ്ക്കുള്ള മുഴുവൻ ആശുപത്രികളിലും സ്ത്രീകളുടെ നേതൃത്വത്തിൽ കുടുംബശ്രീ സംരംഭമായി ഇത്തരം ന്യായവില സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും സൗജന്യ കണ്ണ് പരിശോധന ഉൾപ്പെടെയുള്ള നടപടികൾ ആരംഭിക്കുന്നതിനും കഴിഞ്ഞാൽ സ്ത്രീകൾക്ക് ഒരു പുതിയ തൊഴിൽ മേഖല കണ്ടെത്താനും ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കാനും കഴിയുമെന്നത് പരിഗണിച്ച് ഇതിനായി എന്തൊക്കെ നടപടികൾ സ്വീരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ദേശീയ അന്ധതാ നിയന്ത്രണ പരിപാടിയുടെ ഭാഗമായി വിദ്യാലയങ്ങളിലെ കുട്ടികളിൽ കാഴ്ച വൈകല്യമുള്ളവർക്ക് സൗജന്യമായി കണ്ണട വിതരണം ചെയ്യുന്നുണ്ട്. എൻ.ജി.ഒ. ആയി ജില്ലാ അന്ധതാ നിയന്ത്രണ സമിതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് ദേശീയ അന്ധതാ നിയന്ത്രണ പരിപാടിയിൽ നിന്നുള്ള ധനസഹായമായി അനുവദിക്കുന്ന ആയിരം രൂപയിൽ നിന്ന് തിമിര ശസ്ത്രക്രിയയ്ക്ക് ശേഷം സൗജന്യമായി കണ്ണട വിതരണം ചെയ്യുന്നുണ്ട്.

(ഇ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ സർക്കാർ ആശുപത്രികളിൽ വനിതകൾക്ക് സൗജന്യനിരക്കിലും സൗജന്യമായും കണ്ണട നൽകുക എന്ന ഉദ്ദേശ്യത്തോടെ 'ഷീ ഒപ്റ്റിക്കൽസ്' എന്ന പുതിയ സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും അതിന്റെ പ്രഥമ സ്ഥാപനം ആലുവ ജില്ലാ ആശുപത്രിയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**സർക്കാർ ആംബുലൻസ് സൗകര്യം**

182 (4281) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വച്ച് മരണമടയുന്ന രോഗികളുടെ മൃതദേഹം യഥാസമയം കൊണ്ടുപോകുന്നതിന് ആംബുലൻസ് സൗകര്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ ആശുപത്രികളിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) പലപ്പോഴും സർക്കാർ ആംബുലൻസ് സൗകര്യം ലഭ്യമല്ലാത്തത് കാരണം പരേതരുടെ ബന്ധുക്കൾക്കും മറ്റും സ്വകാര്യ ആംബുലൻസ് സർവ്വീസുകളെ ആശ്രയിക്കേണ്ടി വരാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അപ്രകാരമുള്ള ചെലവ് വഹിക്കുന്നതിന് നിർദ്ധനരായവർക്ക് പലപ്പോഴും കഴിയാറില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ആശുപത്രികളിൽ വച്ച് മരണമടയുന്നവരുടെ മൃതദേഹം യഥാസമയം കൊണ്ടുപോകുന്നതിന് ആശുപത്രികളിൽ ആംബുലൻസ് സൗകര്യം ലഭ്യമല്ലാത്തപക്ഷം സ്വകാര്യ ആംബുലൻസ് സർവ്വീസുകളെ ആശ്രയിക്കേണ്ടി വരുന്ന നിർദ്ധനരായവരെ സഹായിക്കുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിലൊരു പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിക്കുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രിയിൽ വച്ച് മരണമടയുന്നവരുടെ മൃതദേഹം ബന്ധുക്കൾക്ക് കൊണ്ടുപോകാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ മൃതദേഹം യഥാസമയം കൊണ്ടുപോകുന്നതിനുള്ള ചുമതല ആശുപത്രി അധികാരികൾക്കാണ്.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിർദ്ധനരായവർക്ക് ആംബുലൻസ് സൗകര്യം ലഭ്യമാക്കിവരുന്നുണ്ട്.

**അനധികൃതമായി മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ചത്**

183 (4282) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ജനറൽ ആശുപത്രിയിലെ ഉദ്യോഗസ്ഥർക്ക് അനധികൃതമായി മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ചത് സംബന്ധിച്ച്

ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തി വകുപ്പുതല അച്ചടക്ക നടപടിക്ക് നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ; ഈ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, പെൻനമ്പർ, ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസ് എന്നിവ വ്യക്തമാക്കുമോ;

(ബി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടി ആരംഭിച്ചു;

(സി) നടപടി ആരംഭിച്ചില്ലെങ്കിൽ അച്ചടക്ക നടപടി നീട്ടിക്കൊണ്ട് പോകുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാം; വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യപ്പെട്ട 7 ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥരുടെ പേരും മറ്റ് വിശദാംശങ്ങളും അനുബന്ധമായി* നൽകിയിട്ടുണ്ട്.

**മെഡിക്കൽ ഉപകരണങ്ങൾ**

184 (4283) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുകയോ ഇറക്കുമതി ചെയ്യുകയോ വിൽക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) മെഡിക്കൽ ഉപകരണങ്ങളുടെ വില ഏകീകരിക്കാത്തതിനാൽ നിർദ്ധന രോഗികളിൽനിന്നും വിതരണക്കാർ അന്യായ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മെഡിക്കൽ ഉപകരണങ്ങളുടെ വില ഏകീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അനസ്തേഷ്യ ടെക്നീഷ്യൻ/ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ തസ്തിക**

185 (4284) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ തിയേറ്റർ മെക്കാനിക്കിന്റെ അഭാവത്തിൽ ആരാണ് ജോലികൾ ചെയ്യുന്നത്; പ്രസ്തുത തസ്തികയിലേയ്ക്ക് സമയബന്ധിതമായി റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവുകൾ നികത്തുമോ;

(ബി) നിലവിൽ അനസ്തേഷ്യ ടെക്നീഷ്യൻ/ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ അനുവദനീയമായി ഉണ്ട് എന്നറിയിക്കുമോ; അനുബന്ധ തസ്തികകളിൽ നിലവിൽ എത്ര ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത തസ്തികകളിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ അഭാവത്തിൽ ആരാണ് ആശുപത്രിയിലെ ബന്ധപ്പെട്ട ജോലികൾ ചെയ്തുവരുന്നത്;

(സി) അത്യാധുനിക ഉപകരണങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കാൻ സാങ്കേതികവൈദഗ്ദ്ധ്യം നേടിയവരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) അനസ്തേഷ്യ ടെക്നീഷ്യൻ/ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ എന്നീ തസ്തികകളിലേയ്ക്ക് പി.എസ്. സി. മുഖാന്തിരം നിയമനം നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര നാൾക്കുള്ളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ വൈദഗ്ദ്ധ്യമുള്ള നഴ്സിംഗ് അസിസ്റ്റന്റുമാരും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച അറ്റൻഡർമാരുമാണ് ഓപ്പറേഷൻ തിയേറ്റർ മെക്കാനിക്കിന്റെ അഭാവത്തിൽ ജോലികൾ ചെയ്യുന്നത്. ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ തസ്തികകൾ നിലവിലില്ല.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ നിലവിൽ 18 ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻമാരുടെ ഒഴിവുകളുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രസ്തുത തസ്തികകളിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ അഭാവത്തിൽ പരിശീലനം സിദ്ധിച്ച അറ്റൻഡർമാർ ജോലി ചെയ്തുവരുന്നു.

(സി) ആരോഗ്യ വകുപ്പിന് കീഴിൽ ബന്ധപ്പെട്ട ടെക്നീഷ്യൻ/ മെക്കാനിക്കുമാരും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ ബയോ മെഡിക്കൽ എഞ്ചിനീയർമാരുമാണ് അത്യാധുനിക ഉപകരണങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എത്രയും വേഗം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

**സർക്കാർ ആശുപത്രികളിൽ പാരാമെഡിക്കൽ സ്റ്റാഫുകളുടെ കുറവ്**

186 (4285) <u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീമതി യു. പ്രതിഭ ഹരി:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ:</u>
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ പാരാമെഡിക്കൽ സ്റ്റാഫുകളുടെ എണ്ണം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഇ.സി.ജി ടെക്നീഷ്യന്മാരുടെ തസ്തികകൾ ഇല്ലാത്തതിനെ തുടർന്ന് നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരാണ് ഇ.സി.ജി. പ്രവർത്തിപ്പിക്കുന്നതെന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാരാമെഡിക്കൽ സ്റ്റാഫുകളുടെ സ്റ്റാഫ് പാറ്റേൺ, 2-8-1961 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 3150/61/എച്ച്.ഡി., 6-11-2008 തീയതിയിലെ സ.ഉ. (എം എസ്.) നമ്പർ 568/2008/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) അത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

187 (4286) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി പ്രകാരം ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ 2015-16 സാമ്പത്തിക വർഷത്തിൽ 27 ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് പദ്ധതി ഉണ്ടായിരുന്നു. എങ്കിലും കാരുണ്യ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) സർക്കാരിന്റെ മാന്ദ്യ-വിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള വിവിധ തലത്തിലുള്ള 44 ആശുപത്രികളിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയെ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സാംക്രമികേതര രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സമഗ്ര പദ്ധതി**

188 (4287) <u>ശ്രീ. ഐ. ബി. സതീഷ്:</u>

ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രധാന സാംക്രമികേതര രോഗങ്ങളായ ക്യാൻസർ, ഡയബറ്റിസ്, കാർഡിയോ വാസ്കുലർ രോഗങ്ങൾ, സ്ട്രോക്ക് മുതലായവയുടെ നിയന്ത്രണ പരിപാടികൾക്ക് പ്രസ്തുത പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങളായ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ അമൃതം ആരോഗ്യം പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയോടൊപ്പം കേന്ദ്രാവിഷ്കൃത ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രവർത്തനക്ഷമമാണ്.

(ബി) 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും സൗജന്യ മരുന്ന് വിതരണവും നടത്തുക, ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരികളിൽ നിന്നുള്ള വിമുക്തി തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ആരോഗ്യ ബോധവൽക്കരണം നടത്തുക, ജീവിതശൈലീ രോഗനിയന്ത്രണത്തിനായി ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

(സി) സംസ്ഥാനത്തെ എല്ലാ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജില്ലാ താലൂക്ക് ആശുപത്രികളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ ആരംഭിക്കുകയും ആവശ്യമായ ഉപകരണങ്ങളും മരുന്നും പരിശീലനവും ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സ ഉറപ്പാക്കുന്ന ജില്ലാ ക്യാൻസർ കെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹൃദ്രോഗ ചികിത്സയ്ക്കായി കൊറോണറി കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുകയും 5 ജില്ലാ ആശുപത്രികളിൽ പുതിയ യൂണിറ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭിക്കുകയും ഡോക്ടർമാർക്ക് പക്ഷാഘാത ചികിത്സാ പരിശീലനം നൽകുകയും ചെയ്തു. തൊഴിലിടങ്ങളിലും സ്കൂളുകളിലും ജീവിതശൈലീ രോഗ നിയന്ത്രണത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിദൂരപ്രദേശങ്ങളിൽ പ്രവർത്തിക്കുവാനായി സഞ്ചരിക്കുന്ന ജീവിതശൈലീ ക്ലിനിക്കുകളും റെറ്റിനോപതി ക്ലിനിക്കുകളും ഡയബറ്റിക് ഫൂട് ക്ലിനിക്കുകളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയിൽ പ്രധാനമായും ശ്രദ്ധ ചെലുത്തിയിരിക്കുന്നത് പ്രമേഹം, രക്താതിസമ്മർദ്ദം, ക്യാൻസർ, പക്ഷാഘാതം, ഹൃദ്രോഗങ്ങൾ എന്നിവയ്ക്കാണ്. ഈ രോഗങ്ങളുടെ നിർണ്ണയത്തിനും നിയന്ത്രണത്തിനും ഉതകുന്ന പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദകോളേജിലെ ചട്ടവിരുദ്ധ നിയമനം

189 (4288) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവ.ആയുർവ്വേദകോളേജിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കോളേജിലെ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ഡി) ആയുർവ്വേദനഴ്സ് ഗ്രേഡ് II തസ്തികയിൽ റാങ്ക് ലിസ്റ്റിലുള്ള അർഹയായ ഉദ്യോഗാർത്ഥിക്ക് (ചിപ്പി എം. എസ്., മഞ്ഞാക്കൽ വീട്, അരുവാപാറ പി.ഒ., പെരുമ്പാവൂർ) നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഒഴിവു വന്ന തസ്തികയിലേയ്ക്ക് റാങ്ക് ലിസ്റ്റ് മറികടന്ന് സ്ഥലംമാറ്റം നൽകി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(എഫ്) പ്രസ്തുത നിയമനം ചട്ടങ്ങൾ മറികടന്നാണെങ്കിൽ അത് റദ്ദാക്കാനും

നിയമ വിരുദ്ധ നിയമനം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകുമോ;

(ജി) ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ആയുർവ്വേദകോളേജിലും അനുബന്ധ സ്ഥാപനങ്ങളിലുമായി അദ്ധ്യാപകർ, പഞ്ചകർമ്മ തെറാപ്പിസ്റ്റ്, മെക്കാനിക്, റേഡിയോഗ്രാഫർ ഗ്രേഡ്-II, സ്ക്രൈബ്, റെക്കോർഡ് അസിസ്റ്റന്റ്, ഇ.സി.ജി. ടെക്നീഷ്യൻ, ഫിസിയോ തെറാപ്പിസ്റ്റ്, ആയുർവ്വേദനഴ്സ് ഗ്രേഡ്-II, ടെക്നിക്കൽ അസിസ്റ്റന്റ് (വിഷ), ടെക്നിക്കൽ അസിസ്റ്റന്റ് (ആയുർവ്വേദ), ടെക്നിക്കൽ അസിസ്റ്റന്റ് (എക്സ്റേ), വാച്ചർ എന്നീ തസ്തികകളിൽ ഒഴിവുകൾ ഉണ്ട്.

(സി) പ്രവേശന തസ്തികയിലെ അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തുടങ്ങിയ ഉയർന്ന തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനായി ഡി.പി.സി. (ഹയർ) കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശേഷിച്ച തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി-ജി) 30-11-2015-ൽ ഉണ്ടായിട്ടുള്ള നഴ്സ് ഗ്രേഡ്-II (ആയുർവ്വേദ) ഒഴിവിലേയ്ക്ക് പ്രത്യേക കേസ്സായി പരിഗണിച്ച് ഭാരതീയ ചികിത്സാവകുപ്പിൽ നിന്നും ഒരു ജീവനക്കാരിയെ ആയുർവ്വേദമെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം മുഖേന 16-01-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.

**രജിസ്ട്രേഷൻ ഇല്ലാത്ത നാട്ടു വൈദ്യന്മാർ**

190 (4289) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഇല്ലാത്ത നാട്ടു വൈദ്യൻമാരുടെ ചികിത്സാ കേന്ദ്രങ്ങളെ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഇത്തരം കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിൽ പാലിക്കേണ്ട നിയമപരമായ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇത്തരം കേന്ദ്രങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാനുദ്ദേശമുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഇത്തരം കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിന്മേൽ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹാർട്ട് ഫൗണ്ടേഷൻ**

191 (4290) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹാർട്ട് ഫൗണ്ടേഷൻ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) ഹൃദ്രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സംവിധാനം മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലുള്ള ഒരു പ്രത്യേക വിഭാഗമാക്കുന്നതിനും ഇതിലേക്കായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) 8-11-2002.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ പുനർനാമകരണം**

192 (4291) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പുനർനാമകരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഇതുവഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ, ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്രാരംഭ നടപടികൾ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് മെച്ചപ്പെട്ട ക്ലിനിക്കൽ സേവനങ്ങൾ ലഭ്യമാക്കാൻ പരിശീലനം നൽകേണ്ട മേഖലകൾ തിട്ടപ്പെടുത്തുന്ന പ്രക്രിയ എസ്.എച്ച്.എസ്.ആർ.സി. വഴി നടന്നുവരികയാണ്. ആരോഗ്യ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന ആർദ്രം മിഷൻ പദ്ധതികളുടെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ നടപ്പിലാക്കാൻ ആലോചിക്കുന്നതാണ്.

**മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലെ തസ്തികകൾ**

193 (4292) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ അനുവദനീയമായ ഡോക്ടർമാരുടെയും, പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ

എത്രയാണ്; ജോലി ചെയ്യുന്നവർ നിലവിൽ എത്രയാണ്; ഒഴിവുകൾ എത്ര; വിശദവിവരം നൽകുമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി ഡോക്ടർമാരെയും, മറ്റ് ജീവനക്കാരെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജൂനിയർ കൺസൾട്ടന്റ്, പീഡിയാട്രിക്സ് എന്നീ തസ്തികകളിൽ സ്പെഷ്യാലിറ്റി യോഗ്യതയുള്ളവരിൽനിന്നും നിയമിക്കുന്നതിനും ഡി.എം.ഒ. നിയമനം, ഡോക്ടർമാരിൽനിന്നും ട്രാൻസ്ഫർ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതിനും ഒഴിവുള്ള മറ്റ് തസ്തികകളിൽ പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനരംഗത്തെ താത്കാലിക ജീവനക്കാർ

194 (4293) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സേവനമനുഷ്ഠിച്ചു വന്നിരുന്ന താത്ക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പിരിച്ചുവിടാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(ബി) ഇവരെ പിരിച്ചുവിട്ടതുകൊണ്ട്, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ സ്തംഭിക്കുകയും പകർച്ചവ്യാധികൾ ബാധിച്ചവരുടെ എണ്ണവും അതുമൂലം മരണപ്പെട്ടവരുടെ എണ്ണവും വർദ്ധിച്ചുവരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇവരെ പുനർനിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം പിരിച്ചുവിട്ട താത്ക്കാലിക ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ ആയത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ പകർച്ചവ്യാധികൾ വ്യാപിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ലാത്തതിനാൽ സേവന കാലാവധി തീർന്ന മുറയ്ക്ക് ഇവരെ പിരിച്ചുവിട്ടിട്ടുമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

**കുട്ടികൾക്കുവേണ്ടിയുള്ള ക്യാൻസർ സുരക്ഷാ പദ്ധതി**

195 (4294) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കുവേണ്ടിയുള്ള ക്യാൻസർ സുരക്ഷാ പദ്ധതി, ഗുരുതരരോഗം ബാധിച്ച കുട്ടികൾക്ക് സൗജന്യ ചികിത്സയ്ക്കുള്ള താലോലം പദ്ധതി എന്നിവ കൂടി ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കുട്ടികളുടെ ആരോഗ്യപരിപാലന ചികിത്സാരംഗത്ത് എന്തൊക്കെ ഗുണപരമായ മാറ്റം വരുത്താൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(ബി) ആരോഗ്യകിരണം പദ്ധതി നടത്തിപ്പിൽ മോഡേൺ ഇതര ചികിത്സാ വിഭാഗത്തിന് എന്തെങ്കിലും പങ്കാളിത്തം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കുട്ടികളുടെ ചികിത്സാ രംഗത്ത് ഡ്രഗ്സിന്റെ പ്രയോഗം പരമാവധി നിയന്ത്രിക്കാൻ തക്കവിധം ഒരു ഹോളിസ്റ്റിക് സമീപനം സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 'ക്യാൻസർ സുരക്ഷാ', 'താലോലം' എന്നീ പദ്ധതികൾ ആരോഗ്യ

കിരണം പദ്ധതിയിൽ ലയിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം നിലവിലുള്ള രീതിയിൽ തുടരുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എല്ലാ നൂതന ചികിത്സാ പദ്ധതികളും ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നതിനാൽ മോഡേൺ ഇതര ചികിത്സാ വിഭാഗത്തിന് പങ്കാളിത്തം നൽകിയിട്ടില്ല. എന്നിരുന്നാലും കുട്ടികളുടെ ചികിത്സാരംഗത്ത് ഒരു ഹോളിസ്റ്റിക് സമീപനമാണ് സ്വീകരിച്ചുവരുന്നത്.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതി**

196 (4295) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) നിലവിൽ കിടത്തി ചികിത്സാ സൗകര്യമുള്ള പി.എച്ച്.സി.-കളിൽ നിന്ന് ഈ സൗകര്യം പിൻവലിക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുന്നതാണ്. ആരോഗ്യ സംരക്ഷണത്തിനും രോഗ പ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതാണ് എന്ന് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ച് തുടർ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിടത്തി ചികിത്സയോടെ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ അത് നിർത്തൽ ചെയ്യാനുള്ള തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

**ആരോഗ്യ മേഖലയിൽ കാസർഗോഡ് ജില്ലയിലെ അടിസ്ഥാന സൗകര്യങ്ങൾ**

197 (4296) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ കാസർഗോഡ് ജില്ലയിൽ ജനസംഖ്യാനുപാതികമായി വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾപോലും ഉറപ്പാക്കാൻ സർക്കാരുകൾക്ക് ആവുന്നില്ലെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ജനങ്ങൾക്ക് ഏറ്റവും ആവശ്യമായ ഇതിന് പരിഹാരം കണ്ടെത്താനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയെന്ന നിലയിലും എൻഡോസൾഫാൻ ബാധിത ജില്ലയെന്ന നിലയിലും മാറിമാറി വരുന്ന സർക്കാരുകൾ ഇവിടേക്ക് പദ്ധതികൾ പ്രഖ്യാപിക്കുമെങ്കിലും അവ ഉദ്യോഗസ്ഥതലത്തിൽ നടപ്പാക്കി കിട്ടാൻ ഉണ്ടാകുന്ന ബുദ്ധിമുട്ട് തത്വത്തിൽ പദ്ധതി ഇല്ലാതാവുന്ന സ്ഥിതി സ്ഥിരമായി ഉണ്ടാകുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ജില്ലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ ചിലയിടങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കാസർഗോഡ് പാക്കേജിലെ പദ്ധതികൾ, ആരോഗ്യവകുപ്പിലെ പ്ലാൻ-നോൺ പ്ലാൻ ഫണ്ട്, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ ദേശീയ ആരോഗ്യമിഷൻ എന്നിവയിൽ ഉൾപ്പെടുത്തി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഡോക്ടർമാരുടെ ഒഴിവുകൾ കൂടുതൽ റിപ്പോർട്ട് ചെയ്യുന്ന ജില്ലകളിലൊന്നാണ് കാസർഗോഡ്. പി.എസ്.സി. വഴി ഡോക്ടർമാർക്കുള്ള നിയമന ഉത്തരവ് നൽകാനായി കൗൺസിലിംഗ് നടത്തുമ്പോൾ പലപ്പോഴും ഡോക്ടർമാർ ജോലിക്ക് ചേരാൻ കൂടുതൽ വിമുഖത കാണിക്കുന്ന ജില്ലയാണ് കാസർഗോഡ്. ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും കൂടുതലായി നിയമിച്ച് ഈ കുറവുകൾ പരിഹരിക്കാനായി നടപടി എടുത്തുവരികയാണ്. അതോടൊപ്പം ഒഴിവുകളിൽ അഡ്ഹോക്ക് വ്യവസ്ഥയിലും നിയമനം നടത്തുന്നുണ്ട്. ദേശീയ ആരോഗ്യ മിഷൻ വഴിയും അധിക സ്റ്റാഫിനെ താത്കാലികമായി നിയമിക്കുന്നുണ്ട്. കൂടാതെ അധിക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികളും എടുത്തുവരുന്നുണ്ട്.

**അംഗീകാരമില്ലാത്ത സ്വകാര്യ മെഡിക്കൽ ലാബുകൾ**

198 (4298) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മഹാഭൂരിപക്ഷം സ്വകാര്യ മെഡിക്കൽ ലാബുകളും അംഗീകാരമില്ലാത്തവയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം ലാബുകൾ രോഗികളിൽനിന്ന് പരിശോധനയ്ക്കായി അമിത ഫീസ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ലാബുകളിൽ ജോലി ചെയ്യുന്ന പലരും മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലാബുകൾക്ക് ഗ്രേഡിംഗ് നിശ്ചയിക്കുന്നതിനും നിരക്കുകൾ ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-ഡി) നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2016-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയും.

**ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതി**

199 (4299) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ. സി. സി. യിൽ നിലവിലുണ്ടായിരുന്ന ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതി അവസാനിപ്പിച്ചതിന് കാരണമെന്താണ്;

(ബി) പ്രസ്തുത പദ്ധതി വീണ്ടും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ മാതൃകയിൽ സർക്കാർ നിയന്ത്രണത്തിലുള്ള മെഡിക്കൽ കോളേജുകളിൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുമോ?

ഉത്തരം

(എ) ആർ.സി.സി.-യിൽ നിലവിലുണ്ടായിരുന്ന ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതിയുടെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പുതിയ പദ്ധതി തുടങ്ങാൻ വേണ്ടിയാണ് 2014 ആഗസ്റ്റിൽ പദ്ധതി താൽക്കാലികമായി അവസാനിപ്പിച്ചത്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**പകർച്ചവ്യാധികളും സാംക്രമിക രോഗങ്ങളും തടയാൻ സംവിധാനം**

200 (4300) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിൽ ഡിഫ്ത്തീരിയ പോലുള്ള സാംക്രമിക രോഗങ്ങൾ തലപൊക്കാൻ കാരണമെന്തെന്ന് ആരോഗ്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രതിരോധ കുത്തിവയ്പ്പുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പൊതുജനാരോഗ്യ പ്രവർത്തകർക്ക് കൂടുതൽ എന്തൊക്കെ സൗകര്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും, പകർച്ചവ്യാധികളും സാംക്രമിക രോഗങ്ങളും തടയാൻ എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലാണ് ഡിഫ്ത്തീരിയ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. പ്രതിരോധ കുത്തിവയ്പ് എടുക്കാൻ വിമുഖത കാണിക്കുന്നവർ കൂടുതൽ ഉള്ളതുകൊണ്ടും രോഗപ്രതിരോധ കുത്തിവയ്പിനെതിരെ നടത്തുന്ന കുപ്രചരണങ്ങൾ മൂലവുമാണ് ഈ ജില്ലകളിൽ വാക്സിനേഷൻ കുറവായി കാണപ്പെടുന്നത്.

(ബി) ഈ വർഷം സംസ്ഥാനത്ത് പൊട്ടിപ്പുറപ്പെട്ട ഡിഫ്ത്തീരിയ രോഗത്തിന്റെ പശ്ചാത്തലത്തിൽ പ്രതിരോധ കുത്തിവയ്പ്പുകളുടെ ആവശ്യകതയും നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാതലത്തിൽ പ്രത്യേകിച്ച് മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും നേതൃത്വത്തിൽ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകളെയും സർക്കാർ,

സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെയും മഞ്ചേരി, കോഴിക്കോട്, തൃശ്ശൂർ, എം.ഇ.എസ്. മെഡിക്കൽ കോളേജുകളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു സമഗ്രമായ രോഗപ്രതിരോധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

ശിശുരോഗ വിദഗ്ധരുടെ സംഘടനയായ ഐ.എ.പി., ഡോക്ടർമാരുടെ സംഘടനയായ ഐ.എം.എ., കെ.ജി.എം.ഒ.എ., ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ജനകീയമാക്കി നടപ്പിലാക്കിവരുന്നു.

പൂർണ്ണമായോ ഭാഗികമായോ വാക്സിനേഷൻ നൽകാത്ത കുട്ടികളെ കണ്ടെത്തി സമ്പൂർണ്ണ വാക്സിനേഷൻ നൽകാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദഗ്ധർ ഉൾപ്പെടുന്ന സ്റ്റേറ്റ് അഡ്വൈസറി ഗ്രൂപ്പ് ഓൺ ഇമ്മ്യൂണൈസേഷൻ അടങ്ങുന്ന ഒരു സംഘം ഭാവിയിൽ വാക്സിനേഷന് വരുത്തേണ്ട നയസമീപനങ്ങൾക്ക് സഹായകമായ നിർദ്ദേശം നൽകുന്നതിന് രൂപീകരിച്ചിട്ടുണ്ട്.

പ്രതിരോധ കുത്തിവെയ്പിനുള്ള അവബോധം വർദ്ധിപ്പിക്കാനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആരോഗ്യപ്രവർത്തകർ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

പ്രതിരോധ കുത്തിവയ്പിനെ സംബന്ധിച്ച് വിവരങ്ങൾ നൽകുന്ന പോസ്റ്ററുകൾ, ബിഗ് നോട്ടീസുകൾ, പ്രതിരോധ പട്ടിക എന്നിവ മലയാളം, കന്നട എന്നീ ഭാഷകളിൽ പ്രിന്റ് ചെയ്ത് വിതരണം ചെയ്തിട്ടുണ്ട്.

ആശാപ്രവർത്തകരിലൂടെ വാക്സിനേഷൻ ആവശ്യകതയെപ്പറ്റിയുള്ള നോട്ടീസുകൾ വീടുവീടാന്തരം വിതരണം ചെയ്യുന്നതിന് ലഭ്യമാക്കിയിട്ടുണ്ട്.

മത-സാമൂഹിക മേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ പ്രതിരോധ വാക്സിൻ നൽകുന്നതിന്റെ ആവശ്യകതയെപ്പറ്റി അവബോധക്ലാസ് നൽകുകയും ടെലിവിഷനിലൂടെ പ്രതിരോധ വാക്സിൻ സന്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവ കേന്ദ്രീകരിച്ച് പ്രതിരോധ കുത്തിവയ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും സർക്കാർ ലഭ്യമാക്കുന്ന സൗജന്യ സേവനങ്ങളെക്കുറിച്ചും ബോധവൽക്കരണം നൽകിവരുന്നു.

എല്ലാ ജില്ലകളിലും ഇമ്മ്യൂണൈസേഷൻ കാർഡും നോട്ടീസും പ്രിന്റ് ചെയ്ത് വിതരണം ചെയ്തിട്ടുണ്ട്.

**ഗുണനിലവാരമില്ലാത്ത മരുന്നുകൾ**

201 (4301) <u>ശ്രീ. ആർ. രാമചന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിപണനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2016 ഏപ്രിൽ 1-നും സെപ്റ്റംബർ 30-നും ഇടയ്ക്ക് എത്ര മരുന്നുകൾ വിപണനം ചെയ്യുന്നതിൽ നിന്നും വിലക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ ചില സ്വകാര്യ ആശുപത്രികളിൽ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വകാര്യ ആശുപത്രികളുടെ ഫാർമസികൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഗുണനിലവാരമുള്ള മരുന്നുകൾ വിപണിയിലെത്തുന്നതിനും രോഗികൾക്ക് ഫലപ്രദമായ മരുന്ന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016 ഏപ്രിൽ 1-നും സെപ്റ്റംബർ 30-നും ഇടയ്ക്ക് 54 മരുന്നുകൾ വിപണനം ചെയ്യുന്നതിൽ നിന്നും വിലക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സ്വകാര്യ മേഖലയിലുള്ള ആശുപത്രികളിലെ ഫാർമസികൾക്കെല്ലാം തന്നെ കർശനമായും ഡ്രഗ്സ് ലൈസൻസുകൾ നൽകി ഡ്രഗ്സ് & കോസ്മെറ്റിക്സ് ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കുന്ന രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ ക്ലിനിക്കുകളും ഡിസ്പെൻസറികളും വഴി രോഗികളെ ചികിത്സിച്ച് അവർക്ക് നേരിട്ട് ഡോക്ടർ തന്നെ മരുന്ന് നൽകുന്നതിന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരമുള്ള ഡ്രഗ്സ് ലൈസൻസ് ഒഴിവാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ Schedule K-യിൽ അനുശാസിക്കുന്ന രീതിയിൽ മരുന്നുകൾ കൈകാര്യം ചെയ്താൽ മതിയാകും. മേൽപ്പറയുന്ന രണ്ടുതരം സ്ഥാപനങ്ങളും മരുന്നുകൾക്ക് അവയുടെ ലേബലിൽ കാണിച്ചിരിക്കുന്ന MRP-യിൽ കൂടുതൽ ഈടാക്കുവാൻ അനുവാദമില്ല.

ഇപ്രകാരം അധിക വില ഈടാക്കുന്നുണ്ടോയെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ നിരീക്ഷിച്ചുവരുന്നുണ്ട്.

(സി) നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും കർശനമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയ ശേഷമാണ് നിർമ്മാതാക്കൾ അവ വിപണിയിലെത്തിക്കുന്നത്. കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ വ്യാപാരസ്ഥാപനങ്ങൾ, ആശുപത്രികൾ (ഗവൺമെന്റ്/പ്രൈവറ്റ്) എന്നിവിടങ്ങളിൽനിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലേയ്ക്ക് അയയ്ക്കുന്നുണ്ട്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

## ഫാർമസിസ്റ്റുകളുടെ തസ്തിക പുനർനാമകരണം

202 (4302) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിലെ ഫാർമസിസ്റ്റുകളുടെ തസ്തിക പുനർ നാമകരണം ചെയ്യുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ പുനർനാമകരണം നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രശ്നങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഒഴികെയുള്ള ജില്ലാ ആയുർവ്വേദആശുപത്രികളിൽ സ്റ്റോർ കീപ്പർ, ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കുന്നതിനും ഇത് ഗസറ്റഡ് തസ്തികയാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഫാർമസിസ്റ്റ് തസ്തികയ്ക്കായി ഇപ്പോൾ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഡിപ്ലോമ കോഴ്സായി ഉയർത്താനോ വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു ആക്കി ഉയർത്താനോ നീക്കമുണ്ടോ;

(സി) ഈ വകുപ്പിലെ ഫാർമസിസ്റ്റുകൾ ഒഴികെയുള്ളവർക്ക് ഗസറ്റഡ് തസ്തികയിലും അല്ലാതെയും 4 മുതൽ 7 വരെ പ്രൊമോഷനുകൾ ലഭിക്കുമ്പോൾ ഈ

വിഭാഗക്കാർ മാത്രം ഫാർമസിസ്റ്റ് ആയി സർവ്വീസിൽ കയറി ഫാർമസിസ്റ്റ് ആയിത്തന്നെ സർവ്വീസിൽ നിന്ന് വിരമിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സ്ഥിതിവിശേഷം മാറ്റി ഇവർക്കുകൂടി ഗസറ്റഡ് തസ്തികയുൾപ്പെടെയുള്ള പ്രൊമോഷൻ ലഭിക്കുംവിധം ഈ തസ്തിക പുനഃസംഘടിപ്പിക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഭാരതീയ നാട്ടുചികിത്സാ വകുപ്പിലെ എല്ലാ ആയുർവ്വേദഡിസ്പെൻസറികളിലും ആയുർവ്വേദഫാർമസിസ്റ്റ് തസ്തിക ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) തസ്തികകൾ സൃഷ്ടിക്കാത്തതു സംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ നിന്നും ഉത്തരവുകളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ;

(ജി) കൂടുതൽ ആയുർവ്വേദ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഫാർമസിസ്റ്റ് തസ്തിക പുനർനാമകരണം ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ശമ്പള പരിഷ്കരണ കമ്മീഷൻ മുമ്പാകെ സമർപ്പിക്കാൻ ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി പ്രൊപ്പോസൽ ശമ്പള പരിഷ്കരണ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചെങ്കിലും ആയത് പരിഗണിച്ചില്ല.

(ബി) ഇല്ല.

(സി) ഫാർമസിസ്റ്റ് ഗ്രേഡ്-II ആയി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് ഗ്രേഡ്-I ആയി പ്രൊമോഷൻ നൽകുകയും തുടർന്ന് സീനിയോറിറ്റി പരിഗണിച്ച് 'സ്റ്റോർ കീപ്പർ ഫാർമസിസ്റ്റ്' തസ്തികയിൽ പ്രൊമോഷൻ നൽകിവരുന്നുണ്ട്.

(ഡി) വകുപ്പിൽ നിലനിൽക്കുന്ന സ്പെഷ്യൽ റൂൾസിലും ശമ്പള പരിഷ്കരണ ഉത്തരവിലും ടി തസ്തിക ഗസറ്റഡ് തസ്തികയായി ക്രമീകരിച്ചിട്ടില്ല. കൂടാതെ ടി തസ്തികയിലെ ജീവനക്കാർക്ക് ഗസറ്റഡ് തസ്തിക വഹിക്കാൻ തക്കവിധമുള്ള ജോലി ഭാരമോ ഉത്തരവാദിത്വങ്ങളോ ഉണ്ടെന്നുള്ള പഠന റിപ്പോർട്ടുകളും ലഭ്യമല്ല.

(ഇ) ഉണ്ട്.

(എഫ്&ജി) ഉണ്ട്. പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകത പരിശോധിക്കുന്നതാണ്.

## അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള ഡോക്ടർമാരുടെ എണ്ണം

203 (4303) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ നിലവിലുള്ള ഡോക്ടർമാരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള ഡോക്ടർമാരുടെ അധിക യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ;

(സി) അധിക യോഗ്യതയില്ലാത്ത എത്ര ഡോക്ടർമാർ അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഡി.എച്ച്.എസ്. ആയി ജോലി ചെയ്ത് വരുന്ന ഡോക്ടർമാർക്ക് അധിക യോഗ്യതയുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് യോഗ്യത ഇളവ് നൽകി ഡി.എച്ച്.എസ്. ആയി നിയമനം നൽകിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| | |
|---|---|
| തിരുവനന്തപുരം | 50 |
| കൊല്ലം | 15 |
| പത്തനംതിട്ട | 13 |
| ആലപ്പുഴ | 19 |
| കോട്ടയം | 14 |
| ഇടുക്കി | 08 |
| എറണാകുളം | 16 |
| തൃശ്ശൂർ | 18 |
| പാലക്കാട് | 16 |
| മലപ്പുറം | 16 |
| കോഴിക്കോട് | 23 |

| | |
|---|---|
| വയനാട് | 09 |
| കണ്ണൂർ | 15 |
| കാസർഗോഡ് | 08 |

(ബി) എം.ബി.ബി.എസ്.-ന് പുറമേ കമ്മ്യൂണിറ്റി മെഡിസിൻ, പബ്ലിക് ഹെൽത്ത്, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നീ വിഷയങ്ങളിൽ ഏതിലെങ്കിലും ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, പബ്ലിക് ഹെൽത്ത് എന്നീ വിഷയങ്ങളിൽ ബിരുദം എന്നിവയാണ് അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള ഡോക്ടർമാരുടെ അധിക യോഗ്യത. എന്നാൽ സ്പെഷ്യൽ റൂൾ ജി.ഒ.(പി)നമ്പർ 69/10/ആ.കു.വ. തീയതി 17-2-2010 പ്രകാരം 2007 ജനുവരി 1-ാം തീയതിക്കുമുമ്പ് സർവ്വീസിൽ വന്ന ഡോക്ടർമാരെ അധിക യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) 2007 ജനുവരി 1-ാം തീയതിക്കുശേഷം സർവ്വീസിൽ പ്രവേശിച്ച JAMO (ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ) തസ്തികയിൽ ജോലിചെയ്യുന്ന 13 പേർക്ക് ചട്ടത്തിൽ നിഷ്കർഷിക്കുന്ന അധിക യോഗ്യതയില്ല.

(ഡി) ഇല്ല.

(ഇ) സ്പെഷ്യൽ റൂൾ ജി.ഒ.(പി) നമ്പർ69/10/ആ.കു.വ. തീയതി 17-2-2010 പ്രകാരം അഡ്മിനിസ്ട്രേറ്റീവ് കേഡർ ഓപ്റ്റ് ചെയ്ത ഡോക്ടർമാർ സർവ്വീസിൽ പ്രവേശിച്ചത് 2007 ജനുവരി 1-ാം തീയതിക്കുമുമ്പാണെങ്കിൽ ചട്ടത്തിൽ നിഷ്കർഷിക്കുന്ന അധിക യോഗ്യത ബാധകമല്ല.

**ദിവസവേതനാടിസ്ഥാനത്തിൽ നഴ്സുമാരുടെ നിയമനം**

204 (4304) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നഴ്സുമാരെ നിയമിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര ജീവനക്കാരാണ് സേവനമനുഷ്ഠിച്ചുവരുന്നത്; വിശദാംശം നൽകുമോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഇത്രയും ദിവസവേതനക്കാരെ നിയമിച്ചതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) മെഡിക്കൽ കോളേജുകളിൽ ഇത്തരം ഡ്യൂട്ടിക്ക് ദിവസവേതനക്കാരെ നിയമിക്കുമ്പോൾ ഈ ജീവനക്കാരുടെ ഉത്തരവാദിത്തം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നഴ്സുമാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എറണാകുളം മെഡിക്കൽ കോളേജിൽ മാത്രം 184 നഴ്സുമാർ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്നു.

(സി) എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ് CAPE-ന്റെ നിയന്ത്രണത്തിലായിരുന്ന സമയത്താണ് പ്രസ്തുത നഴ്സുമാരെ നിയമിച്ചത്. ഈ മെഡിക്കൽ കോളേജ് Stand alone പദ്ധതിയിലായതിനാൽ പി.എസ്.സി. നിയമനങ്ങൾ പ്രസ്തുത തസ്തികയിൽ നടന്നിട്ടില്ല.

(ഡി&ഇ) ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള നഴ്സുമാർ അവരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുണ്ട്. ഈ തസ്തികകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

### 108 ആംബുലൻസ് സർവ്വീസ്

205 (4305) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ടിനു കീഴിൽ നിലവിൽ നൽകിവരുന്ന സേവനങ്ങൾ അറിയിക്കുമോ;

(ബി) 108 ആംബുലൻസ് സർവ്വീസ് ഇപ്പോൾ നിലവിലുണ്ടോ എന്നും

ഉണ്ടെങ്കിൽ എത്ര എണ്ണം ഉപയോഗപ്രദമായവ ആണെന്നും ബാക്കി ഉള്ളവയുടെ അവസ്ഥ എന്താണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആംബുലൻസുകളുടെ പരിപാലനവും മെയിന്റനൻസ് ഉൾപ്പെടെയുള്ള മേൽനോട്ടവും ആരുടെ ചുമതലയിലാണെന്നും കഴിഞ്ഞ 5 വർഷക്കാലത്ത് ഇതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കുമോ;

(ഡി) 108 ആംബുലൻസ് സേവനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ടിനുകീഴിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ 108 ആംബുലൻസിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. വാഹനാപകടങ്ങളിൽപ്പെടുന്നവരോ മറ്റേതെങ്കിലും രീതിയിൽ അത്യാഹിതം സംഭവിക്കുന്നതോ ആയ രോഗികൾക്ക് ഉടനടി പ്രഥമ ശുശ്രൂഷ നൽകി ആശുപത്രിയിൽ എത്തിക്കുന്നു. ഈ സേവനം തികച്ചും സൗജന്യമാണ്. സംസ്ഥാനത്ത് 108 എന്ന ടോൾ ഫ്രീ നമ്പറിലാണ് ഈ ആംബുലൻസുകളുടെ സൗജന്യസേവനം തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ നൽകിവരുന്നത്.

(ബി) 108 ആംബുലൻസ് സർവ്വീസ് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ഇപ്പോൾ നിലവിലുണ്ട്. തിരുവനന്തപുരം ജില്ലയിൽ സർവ്വീസിനായുള്ള ഇരുപത്തിയഞ്ച് വാഹനങ്ങളിൽ 11 വാഹനങ്ങൾ പ്രവർത്തനക്ഷമമാണ്. മൂന്ന് വാഹനങ്ങൾ അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിലാണ്. 11 വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് പൂർത്തീകരിക്കാനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആലപ്പുഴ ജില്ലയിൽ സർവ്വീസിനായുള്ള പതിനെട്ട് വാഹനങ്ങളിൽ 16 വാഹനങ്ങൾ പ്രവർത്തനക്ഷമമാണ്. 2 വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് പൂർത്തീകരിക്കാനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) 108 ആംബുലൻസുകളുടെ പ്രവർത്തനം ആരംഭിച്ച കാലം മുതൽ 15-7-2015 വരെ പി.പി.പി. മോഡലിലാണ് പരിപാലനവും മെയിന്റനൻസും നടത്തിവന്നിരുന്നത്. ടെണ്ടർ മുഖാന്തരം തെരഞ്ഞെടുക്കുന്ന ഒരു പ്രൈവറ്റ് ഏജൻസിയെയാണ് ഈ വാഹനങ്ങളുടെ പ്രവർത്തന ചുമതല ഏൽപ്പിച്ചുവന്നിരുന്നത്. അതിനായി ഒരു നിശ്ചിത തുകയാണ് പ്രതിമാസം വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി നൽകിവന്നിരുന്നത്. 15-7-2015 മുതൽ പ്രസ്തുത പ്രോജക്ട് കേരളാ മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷന്റെയും ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെയും സഹകരണത്തോടെയാണ് നടത്തിവരുന്നത്. വാഹനങ്ങളും അതിലെ ജീവനക്കാരും അതാത് ജില്ലാ ആരോഗ്യ കുടുംബക്ഷേമ

സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ആരോഗ്യവകുപ്പിന്റെ അതാത് ജില്ലകളിലുള്ള ഫോർമാൻ മെക്കാനിക്കിന്റെയും സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസറുടെയും മേൽനോട്ടത്തിൽ ഫോഴ്സ് മോട്ടോഴ്സിന്റെ അംഗീകൃത വർക്ക്ഷോപ്പുകളിൽ ചെയ്തുവരുന്നു. 108 ആംബുലൻസിന്റെ പരിപാലനത്തിനും അറ്റകുറ്റപ്പണി കൾക്കുമായി 2012 മുതൽ 22-10-2016 വരെ കോർപ്പറേഷൻ മുഖാന്തരം 22,64,66,928 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 108 ആംബുലൻസ് സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**108 ആംബുലൻസിൽ ജോലി ചെയ്യുന്നവരുടെ വേതനം**

206 (4306) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസിൽ പ്രവർത്തിക്കുന്ന ഡ്രൈവർമാർക്കും മെയിൽ നഴ്സുമാർക്കും എത്ര രൂപയാണ് ദിവസവേതനമായി നൽകുന്നതെന്നും ഈ തുക എന്നാണ് നിശ്ചയിച്ചതെന്നും വിശദമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ദിവസവേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നടപ്പിലാക്കിയത് 108 ആംബുലൻസ് ജീവനക്കാർക്ക് അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് ദിവസവേതനം വർദ്ധിപ്പിച്ച് നൽകുന്നതിനും അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2016 സെപ്തംബർ മുതൽ 108 ആംബുലൻസിൽ പ്രവർത്തിക്കുന്ന ഡ്രൈവർമാർക്ക് 500 രൂപ ഡ്യൂട്ടിയും മെയിൽ നഴ്സുമാർക്ക് 513 രൂപ ഡ്യൂട്ടിയും നൽകിവരുന്നു.

(സി) 108 ആംബുലൻസിലെ ജീവനക്കാരുടെ ദിവസവേതനം 2016 സെപ്തംബർ മുതൽ വർദ്ധിപ്പിച്ച് നൽകിവരുന്നു. ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**ശ്രീഗോകുലം മെഡിക്കൽ കോളേജിൽ ഫീസിളവ് നൽകാത്ത നടപടി**

207 (4307) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഇ.എ.എം 2015 റാങ്ക് പട്ടികയിൽ ഉൾപ്പെട്ട് ശ്രീഗോകുലം മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ച ഫാത്തിമ അൻസില കെ. എന്ന കുട്ടിക്ക് അർഹതയുണ്ടായിട്ടും ഫീസിളവ് ലഭിച്ചില്ല എന്നതുസംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആറ് ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള ഫാത്തിമ അൻസിലക്ക് കുറഞ്ഞ ഫീസിൽ പഠിക്കാൻ അവസരം നൽകാതെ, ആറ് ലക്ഷത്തിൽ കൂടുതൽ വരുമാനമുള്ള രണ്ട് കുട്ടികൾക്ക് ആനുകൂല്യം നൽകിയ നടപടി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കോളേജുമായുള്ള കരാറിലെ ഫീസിളവ് ലഭ്യമാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന ശ്രീ. ഗോകുലം മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ച കുമാരി. ഫാത്തിമ അൻസില. കെ എന്ന കുട്ടിക്ക് ഫീസ് ആനുകൂല്യം ലഭിച്ചില്ലെന്ന ശ്രീ. നാസർ കെ. എന്നയാളുടെ 25-8-2016, 23-9-2016 എന്നീ തീയതികളിലായുള്ള പരാതികൾ (ബഹു. കേരള നിയമസഭാംഗം, അഡ്വ. പി.ടി.എ. റഹീം. എം.എൽ.എ. അവർകൾ മുഖേന) കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭിക്കുകയും, പ്രസ്തുത പരാതികൾക്ക് ബഹു. കേരള നിയമസഭാംഗം അഡ്വ. പി.ടി.എ. റഹീം എം.എൽ.എ. അവർകൾക്ക് 25-8-2016, 9-9-2016, 22-10-2016 എന്നീ തീയതികളിലായി മറുപടി നൽകിയിട്ടുള്ളതുമാകുന്നു. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2015-16 അദ്ധ്യയന വർഷം മുതൽ എസ്.ഇ.ബി.സി. സംവരണത്തിന് നോൺ-ക്രിമീലെയർ സർട്ടിഫിക്കറ്റാണ് മാനദണ്ഡം. നോൺ-ക്രിമീലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ള വിദ്യാർത്ഥികൾക്ക് എസ്.ഇ.ബിസി. സംവരണാനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ എസ്.ഇ.ബി.സി കാറ്റഗറിയിൽ നിന്ന് അഡ്മിഷൻ അനുവദിക്കപ്പെട്ട വിദ്യാർത്ഥികളിൽ മെഡിക്കൽ റാങ്കിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ആനുകൂല്യം അനുവദിച്ചുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ ഗോകുലം മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളതും, എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ടതുമായ 19 വിദ്യാർത്ഥികൾക്ക് എസ്.ഇ.ബി.സി. വിഭാഗത്തിൽ ഫീസ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിൽ റാങ്ക് 1477 മുതൽ 1942 വരെയുള്ളവർ ഉൾപ്പെടുന്നു. കുമാരി ഫാത്തിമ അൻസിലയുടെ റാങ്ക് 1964 ആണ്. ആയതിനാലാണ് ഫീസ് ആനുകൂല്യം ലഭ്യമാകാതെ പോയത്. ഫീസ് ആനുകൂല്യം ലഭിച്ചവരുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## മെഡിക്കൽ സീറ്റുകളിൽ ഫീസ് നിർണ്ണയം

208 (4308) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളിലെയും കൽപ്പിത സർവ്വകലാശാലയിലെയും സർക്കാർ ക്വാട്ടയിലെ മെഡിക്കൽ സീറ്റുകളിൽ ഫീസ് നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ നിശ്ചയിച്ച ഫീസ് എത്രയാണെന്ന വിശദാംശം നൽകുമോ;

(ബി) മുൻവർഷം സർക്കാർ ക്വാട്ടയിലെ സീറ്റുകളിൽ ഫീസ് നിരക്ക് എപ്രകാരമായിരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(സി) മുൻവർഷം സർക്കാർ ക്വാട്ടയിലെ സീറ്റുകൾക്ക് ഈടാക്കിയ ഫീസിനേക്കാൾ കൂടിയ നിരക്കിൽ ഈ വർഷം ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണം; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഈ വർഷം സർക്കാരുമായി മെഡിക്കൽ സീറ്റ് പങ്കിടാതിരുന്ന കണ്ണൂർ മെഡിക്കൽ കോളേജ്, കരുണാ മെഡിക്കൽ കോളേജ്, പാലക്കാട്, കെ.എം.സി.ടി. മെഡിക്കൽ കോളേജ്, കോഴിക്കോട് എന്നീ മൂന്ന് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളും കൽപ്പിത സർവ്വകലാശാലയുടെ കീഴിലുള്ള അമൃതാ മെഡിക്കൽ കോളേജും ഒഴികെയുള്ള സംസ്ഥാനത്തെ മറ്റ് സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ ഫീസ് നിരക്കുകൾ 01-09-2016-ലെ സ.ഉ. (സാധാ) നമ്പർ 2463/2016/ആ.കു.വ. (അനുബന്ധം-1)*, 03-09-2016-ലെ സ.ഉ. (സാധാ) നമ്പർ2475/2016/ആ.കു.വ. (അനുബന്ധം-2)* എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നിർണ്ണയിക്കുകയുണ്ടായി.

(ബി) 2015-16 അദ്ധ്യയന വർഷത്തിലെ സംസ്ഥാനത്തെ സ്വാശ്രയ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിന് 14-07-2015-ലെ സ.ഉ. (സാധാ)നമ്പർ 2192/2015/ആ.കു.വ. (അനുബന്ധം-3)* പ്രകാരമാണ് ഫീസ് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായത്.

(സി) ഉണ്ട്. 2015-16 അദ്ധ്യയന വർഷത്തിലെ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിനുള്ള ഗവൺമെന്റ് മെരിറ്റ് സീറ്റിന് നിശ്ചയിച്ച 1,85,000 രൂപയിൽനിന്നും 10 ശതമാനം വർദ്ധനവ് വരുത്തിയാണ് പുതുക്കിയ നിരക്ക് നിശ്ചയിച്ചിരുന്നത്. എന്നാൽ ഈ വർഷം മുഴുവൻ സീറ്റുകളിലും നീറ്റ് മെരിറ്റ് അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്താൻ ഇടയായ സാഹചര്യത്തിലും മുഴുവൻ സീറ്റുകളിലും അലോട്ട്മെന്റ് നടത്താൻ കോടതി മാനേജ്മെന്റുകൾക്ക് അനുവാദം നൽകിയ സാഹചര്യത്തിലും 50 ശതമാനം മെരിറ്റ് സീറ്റ് സർക്കാരിന് വിട്ടുകിട്ടാൻ മാനേജ്മെന്റുകളുമായി ചർച്ച നടത്തുന്നതിനിടയിൽ മുൻവർഷത്തേക്കാൾ ഫീസ് വർദ്ധിപ്പിക്കേണ്ടി വന്നിട്ടുണ്ട്. മുൻ വർഷം 1,85,000 രൂപ ഫീസ് ഈടാക്കിയ സീറ്റുകളിൽ സാധാരണ ഗതിയിലുള്ള 10 ശതമാനം വർദ്ധനവ് കൂടി വന്നാൽ 2,03,000 രൂപയാണ് വരിക. ഇത് 2,50,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം ഒരു കരാറിന്റെ അടിസ്ഥാനത്തിലാണ് 20 സ്വകാര്യ മെഡിക്കൽ കോളേജുകൾ സർക്കാരുമായി കരാർ ഒപ്പുവയ്ക്കുന്നതിനും 50 ശതമാനം മെരിറ്റ് സീറ്റ് വിട്ടുതരുന്നതിനും തയ്യാറായത്. ഇതിൽ 20 ശതമാനം BPL/SEBC സീറ്റുകളിൽ ഫീസ് വർദ്ധനവ് ഉണ്ടായിട്ടില്ല. 25,000 രൂപയാണ് ഈ വിഭാഗത്തിന് ഫീസ്. ശേഷിച്ച 30 ശതമാനത്തിനാണ് മേൽപ്പറഞ്ഞ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ഇത്തരമൊരു കരാർ ഉണ്ടാക്കിയതിന്റെ ഭാഗമായി മെരിറ്റ് സീറ്റുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജുകളിൽപഠിക്കുന്ന വിദ്യാർത്ഥികൾ**

209 (4309) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള എത്ര മെഡിക്കൽ കോളേജുകൾ ഉണ്ട്; അവയുടെ പേരും അതാത് മെഡിക്കൽ കോളേജുകളിലുള്ള എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണവും 2000 മുതൽ 2016 വരെയുള്ള ഓരോ വർഷത്തെ ഫീസ് നിരക്കും വ്യക്തമാക്കാമോ;

(ബി) ഓരോ കോളേജിലും മേൽപ്പറഞ്ഞ കാലയളവിൽ ഒരു എം.ബി.ബി.എസ്. വിദ്യാർത്ഥിയെ പഠിപ്പിച്ച് പുറത്തിറക്കുന്നതിന് സർക്കാരിന് ചെലവാകുന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2000 മുതൽ 2015 വരെയുള്ള കാലയളവിൽ ഓരോ മെഡിക്കൽ

കോളേജിലും എത്ര വിദ്യാർത്ഥികൾ എം.ബി.ബി.എസ്, പി.ജി. ബിരുദം കരസ്ഥമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; പി.ജി. കോഴ്സിലേയ്ക്കായി ഒരു വിദ്യാർത്ഥിയിൽനിന്ന് എത്ര രൂപയാണ് ഫീസായി ഈടാക്കുന്നത്; ഓരോ പി.ജി. വിദ്യാർത്ഥിയും പഠിച്ച് പുറത്തിറങ്ങുമ്പോൾ സർക്കാരിന് എത്ര പണം ചെലവാകുന്നുവെന്ന് വിശദീകരിക്കാമോ;

(ഡി) പ്രസ്തുത ഡോക്ടർമാരിൽ എത്ര പേർ ഇതുവരെ സർക്കാർ സർവ്വീസിൽ തുടരുന്നുണ്ട്; എത്ര പേർ എൽ.ഡബ്ള്യു.എ പ്രകാരം ലീവിൽ പ്രവേശിച്ച് സ്വകാര്യ സ്ഥാപനങ്ങളിലോ കേരളത്തിന് വെളിയിലോ ഇന്ത്യയ്ക്ക് പുറത്തോ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാന സർക്കാർ സർവ്വീസിൽ തുടർച്ചയായി ജോലി ചെയ്യാത്തവരും കേരളത്തിന് പുറത്തും വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്നവരുമായ ഡോക്ടർമാരുടെ പഠനത്തിന് സർക്കാർ ചെലവാക്കിയ തുകയും പലിശയും ഗഡുക്കളായെങ്കിലും തിരിച്ച് പിടിക്കാനുള്ള എന്തെങ്കിലും വ്യവസ്ഥയുണ്ടാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 10 എണ്ണം. കേരള ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ മെഡിക്കൽ കോളേജുകളുടെ പേരും എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണവും താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | മെഡിക്കൽ കോളേജിന്റെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 200 |
| 2. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം | -- |
| 3. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം | 150 |
| 4. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ | 150 |
| 5. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് | 250 |
| 6. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, | 150 |

| | | |
|---|---|---|
| | ആലപ്പുഴ | |
| 7. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം | 100 |
| 8. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാലക്കാട് | 100 |
| 9. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, പൈനാവ്, ഇടുക്കി | 50<br>2016-17 അദ്ധ്യയന വർഷത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പുതുക്കിയ അംഗീകാരം ലഭിക്കാത്തതിനാൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടില്ല. |
| 10. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, എറണാകുളം | 100 |

2000 മുതൽ 2016 വരെയുള്ള ഓരോ വർഷത്തെ എം.ബി.ബി.എസ്. സീറ്റുകളുടെ ഫീസ് നിരക്കുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ ആയുർവ്വേദ ആശുപത്രികൾ**

210 (4310) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ ആയുർവ്വേദആശുപത്രികളുടെയും ഹോമിയോ ആശുപത്രികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിലെ നിയമനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രികളെ പൂർണ്ണ പ്രവർത്തനസജ്ജമാക്കുന്നതിനും

മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ നിലവിലുള്ള ആയുർവ്വേദ, ഹോമിയോ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ആയുർവ്വേദസ്ഥാപനങ്ങൾ:

1. ഗവ. ആയുർവ്വേദ ആശുപത്രി, മാവേലിക്കര.
2. ഗവ. ആയുർവ്വേദ ഡിസ്പെൻസറി, ചെന്നിത്തല.
3. ഗവ. ആയുർവ്വേദ ഡിസ്പെൻസറി, തെക്കേക്കര.
4. ഗവ. ആയുർവ്വേദ ഡിസ്പെൻസറി, മാന്നാർ.
5. ഗവ. ആയുർവ്വേദ ഡിസ്പെൻസറി, ഓണാട്ടുകര.
6. ഗവ. ആയുർവ്വേദ ഡിസ്പെൻസറി, തഴക്കര.

ഹോമിയോ സ്ഥാപനങ്ങൾ :

1. ഗവ. ഹോമിയോ ഡിസ്പെൻസറി, മാവേലിക്കര, തെക്കേക്കര.
2. ഗവ. ഹോമിയോ ഡിസ്പെൻസറി, പാലമേൽ

എൻ.എച്ച്.എം. സ്ഥാപനങ്ങൾ :

1. എൻ.എച്ച്. എം. ഹോമിയോ ഡിസ്പെൻസറി, ചുനക്കര
2. എൻ.എച്ച്. എം. ഹോമിയോ ഡിസ്പെൻസറി, താമരക്കുളം
3. എൻ.എച്ച്. എം. ഹോമിയോ ഡിസ്പെൻസറി, നൂറനാട്
4. എൻ.എച്ച്. എം. ഹോമിയോ ഡിസ്പെൻസറി, തഴക്കര
5. എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി, മാവേലിക്കര മുനിസിപ്പാലിറ്റി
6. എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി, വള്ളിക്കുന്നം
7. എൻ.എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറി, പാലമേൽ

8. എൻ.എച്ച്.എം. ആയുർവ്വേദഡിസ്പെൻസറി, നൂറനാട്

(ബി) ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

1. ഗവ. ആയുർവ്വേദ ആശുപത്രി, മാവേലിക്കര - നഴ്സിംഗ് അസിസ്റ്റന്റ് - 1

2. ഗവ. ആയുർവ്വേദ ഡിസ്പെൻസറി, മാവേലിക്കര – തെക്കേക്കര -

ഫാർമസിസ്റ്റ് - 1

പാർട്ട് ടൈം സ്വീപ്പർ -

3. ഗവ. ഹോമിയോ ഡിസ്പെൻസറി, മാവേലിക്കര, തെക്കേക്കര.

ഫാർമസിസ്റ്റ് - 1

ക്ലാസ്സ് ഫോർ - 1

4. ഗവ. ഹോമിയോ ഡിസ്പെൻസറി, പാലമേൽ

ക്ലാസ്സ് ഫോർ - 1

(സി) നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവ് പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളെ പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ ഡിപ്പാർട്ട്മെന്റ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഔഷധവിതരണം നടത്തിവരുന്നു.

**കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് കമ്പനിയുടെ മരുന്നുകൾ**

211 (4311) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മരുന്ന് കമ്പനികൾ ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം ഉണ്ടോ; ഇതിനായി പരിശോധനാലാബുകൾ ആരംഭിക്കുമോ;

(ബി) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് കമ്പനിയുടെ മരുന്നുകൾ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇവ സംസ്ഥാനത്തെ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; ഇവയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകൾ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് കമ്പനി വഴി എടുക്കുന്നതിന് നടപടികൾ ആരംഭിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന 98 ശതമാനം മരുന്നുകളും അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് ഇവിടെ വിറ്റഴിക്കപ്പെടുന്നതാണ്. ഏകദേശം 90-ൽപ്പരം ചെറുകിട ഫാർമ വ്യവസായ യൂണിറ്റുകൾ മാത്രമാണ് സംസ്ഥാനത്തുള്ളത്. വളരെ സങ്കീർണ്ണമായ നിർമ്മാണ പ്രക്രിയകളിലൂടെയാണ് മരുന്നുകളുടെ ഓരോ ഫോർമുലേഷനും നിർമ്മിക്കപ്പെടുന്നത്. അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ ഫിനിഷ്ഡ് ഫോർമുലേഷൻ വിപണിയിലേയ്ക്ക് റിലീസ് ചെയ്യുന്നതുവരെയുള്ള ഓരോ ഘട്ടങ്ങളിലും നിർമ്മിക്കപ്പെടുന്ന ഓരോ ബാച്ചുകളും കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയും ജി.എം.പി.-യിൽ നിഷ്കർഷിച്ചിട്ടുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയേഴ്സ് കംപ്ലൈ ചെയ്തുകൊണ്ടാണ് ഓരോ ബാച്ചും വിതരണത്തിനായി എത്തിക്കുന്നത്. ഇത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിരീക്ഷണത്തിലുമാണ്. ആയതിനാൽ വിപണിയിലുള്ള മരുന്നുകളെല്ലാം തന്നെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ മൂന്ന് മുതൽ അഞ്ചുവർഷം വരെ ഷെൽഫ് ലൈഫ് ഉള്ള മരുന്നുകളിൽ അവയുടെ കാലാവധിയിൽ ചിലപ്പോൾ രാസപരിണാമം അനുസരിച്ച് ഘടനയിലോ ഗുണനിലവാരത്തിലോ മാറ്റം വരാറുണ്ട്. ആയതിനാൽ ഷെൽഫ് ലൈഫ് പീരിയഡിൽ ഉടനീളം ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ വ്യാപാരസ്ഥാപനങ്ങൾ, ആശുപത്രികൾ (ഗവൺമെന്റ്/പ്രൈവറ്റ്) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലേയ്ക്ക് അയയ്ക്കുന്നുണ്ട്. നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്ന് പരിശോധനാ ലബോറട്ടറികളാണുള്ളത്. ഇവിടെ 8000-ത്തോളം മരുന്ന സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ നാല് ശതമാനത്തിൽ താഴെ മാത്രമാണ്

വരുന്നത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇവ പ്രവർത്തനക്ഷമമാകുന്നതോടെ കേരള വിപണിയിൽ വിറ്റഴിക്കപ്പെടുന്ന ആകെ മരുന്നു ബ്രാൻഡുകളുടെ ഏകദേശം പത്ത് ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. കാര്യക്ഷമതാ സമയം കഴിഞ്ഞ ആംപിസിലിൻ കാപ്സ്യൂൾ 250 mg, ഒമിപ്രസോൾ 20mg, അമലോടിപിൻ 2.5mg, അമലോടിപിൻ 5.0mg എന്നീ മരുന്നുകൾ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ കെട്ടിക്കിടക്കുന്നുണ്ട്.

(സി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽനിന്നും നിലവിൽ മരുന്നുകൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എടുത്തുവരുന്നുണ്ട്.

**സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം**

212 (4312) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ബോർഡിന്റെ പ്രവർത്തനത്തെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ അംഗീകൃത തസ്തികകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ സ്ഥിരം ജീവനക്കാരും ദിവസവേതനക്കാരും ഡെപ്യൂട്ടേഷൻ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നിവ മുഖേന ജോലി നോക്കുന്നവരും എത്രയെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം ബോർഡിൽ നിക്ഷിപ്തമായ സ്റ്റാറ്റ്യൂട്ടറി ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാതെ വരുന്നുവെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 3-10-2016-ലെ സ.ഉ.(കൈ)നമ്പർ 8/2016/പരി. ഉത്തരവ് പ്രകാരം പുതുതായി 109 അധിക തസ്തികകൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ബോർഡിൽ ചെയർമാൻ, മെമ്പർ സെക്രട്ടറി ഉൾപ്പെടെ നിലവിൽ 429 തസ്തികകൾ ഉണ്ട്. ഇതിൽ 5 സൂപ്പർന്യൂമററി തസ്തികകളും 3-10-2016-ലെ സ.ഉ.(കൈ) 08/2016/പരി. ഉത്തരവ് പ്രകാരം പുതുതായി സൃഷ്ടിച്ചിട്ടുള്ള 109 തസ്തികകളും ഉൾപ്പെടുന്നു.

(ഡി) പുതിയ തസ്തികകൾ ഉൾപ്പെടെയുള്ള 429 തസ്തികകളിൽ 119 സ്ഥിരം ജീവനക്കാരും 109 ദിവസവേതനക്കാരും 60 ഡെപ്യൂട്ടേഷൻ ജീവനക്കാരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച 16 ജീവനക്കാരും സേവനം അനുഷ്ഠിക്കുന്നു. ശേഷിക്കുന്ന 125 തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പി.എസ്.സി.-യുടെ അംഗീകാരത്തോടെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഈ കാര്യത്തിലുണ്ടാകുന്നത്. നടപടിക്രമങ്ങൾ പാലിച്ച് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

## മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാത്ത വ്യവസായശാലകൾ

213 (4313) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ ഏതെങ്കിലും വ്യവസായ ശാലകൾ പ്രവർത്തിക്കുന്നുണ്ടോ;

വിശദാംശം നൽകുമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**പകൽവീട് പദ്ധതി**

214 (4314) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'പകൽ വീട് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) 2016-17 വർഷത്തെ ഗ്രാന്റിനുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടിട്ടുണ്ടോ;

(ഡി) ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 'പകൽ വീട്' എന്ന പദ്ധതിക്ക് 2013-14 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി സന്നദ്ധ സംഘടനകളുടെ സഹായത്താലാണ് ഇപ്പോൾ നടത്തുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി&ഡി) 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല.

**ആശ്വാസ കിരണം പദ്ധതി**

215 (4315) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷനായ 'ആശ്വാസകിരണം' പദ്ധതിയുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; ഏത് കാലയളവ് വരെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്;

(ബി) പെൻഷൻ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ;

(സി) ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ആശ്വാസകിരണം പദ്ധതിയുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ട്. നേരത്തേ ധനസഹായം ലഭിച്ചുകൊണ്ടിരുന്ന ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച 36710 പേർക്ക് ധനസഹായം പുനഃസ്ഥാപിച്ച് ഫെബ്രുവരി 2016 വരെയും 2012 മുതലുള്ള പെൻഡിംഗ് അപേക്ഷകളിൽ അർഹരായ 29258 പേർക്ക് ഒരു മാസത്തെ ധനസഹായവും പുതുതായി അനുവദിച്ചിട്ടുണ്ട്. (മൊത്തം 65968 പേർക്ക്)

(ബി) 2015 ഡിസംബർ മുതൽ ധനസഹായം മുടങ്ങിയ ഗുണഭോക്താക്കളിൽ നിന്നും ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പെൻഷൻ വിതരണത്തിന് കാലതാമസം നേരിട്ടു. എന്നാൽ ഇപ്പോൾ ഈ ബുദ്ധിമുട്ട് പരിഹരിച്ച് ധനസഹായവിതരണം സാധാരണ നിലയിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി)

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 9782 |
| 2 | കൊല്ലം | 4534 |
| 3 | പത്തനംതിട്ട | 1064 |

| | | |
|---|---|---|
| 4 | ആലപ്പുഴ | 4728 |
| 5 | കോട്ടയം | 3755 |
| 6 | ഇടുക്കി | 1403 |
| 7 | എറണാകുളം | 5962 |
| 8 | തൃശ്ശൂർ | 5340 |
| 9 | പാലക്കാട് | 6364 |
| 10 | മലപ്പുറം | 8348 |
| 11 | കോഴിക്കോട് | 8135 |
| 12 | വയനാട് | 815 |
| 13 | കണ്ണൂർ | 4865 |
| 14 | കാസർഗോഡ് | 1076 |

**ആശ്വാസ കിരണം പദ്ധതി**

216 (4316) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന 'ആശ്വാസകിരണം' പദ്ധതി പ്രകാരമുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങളും ആയത് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും വിശദമാക്കാമോ;

(ബി) പെൻഷൻ പദ്ധതിയുടെ ഫാറം ലഭ്യമാക്കാമോ;

(സി) പെൻഷൻ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100 ശതമാനം അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ

മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 525 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. ഇപ്പോൾ ഇത് 600 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

<u>മാനദണ്ഡങ്ങൾ</u>

1. കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375 രൂപയും പഞ്ചായത്തുകളിൽ 20,000 രൂപയും വരെ.
2. മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.
3. വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ. റേഷൻ കാർഡ്/വില്ലേജാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.
4. അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്
5. വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റുക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.

അപേക്ഷകൾ സാമൂഹ്യനീതി വകുപ്പിലെ സി.ഡി.പി.ഒ., സൂപ്പർവൈസർമാർ, അങ്കണവാടി വർക്കർമാർ, എന്നിവരിൽനിന്നും സാമൂഹ്യ സുരക്ഷാമിഷന്റെ വെബ്സൈറ്റ്/ഓഫീസിൽനിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അങ്കണവാടികളിലോ ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.

(ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) 2016 ഫെബ്രുവരി വരെയുള്ള ധനസഹായം അനുവദിച്ചുകഴിഞ്ഞു. 2016 മാർച്ച് മുതലുള്ള കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

217 (4317) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യക്ഷേമവകുപ്പിന് കീഴിൽ എത്ര ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്;ഈ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ എത്ര ഒഴിവുകൾ ഇതുവരെയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിലവിൽ എത്ര തസ്തികകൾ കാസർഗോഡ് ജില്ലയിൽ നികത്താതെ കിടക്കുന്നുണ്ട്; ഈ ഒഴിവുകൾ നികത്താൻ എന്താണ് കാലതാമസം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിൻകീഴിൽ 64 ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 3 വിഭാഗങ്ങളിലാണ് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നൽകുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു:

| ജനറൽ വിഭാഗം | റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. |
|---|---|
| SSLC-യും 10 വർഷം സേവന പരിചയവുമുള്ള വർക്കർ മാരിൽ നിന്നുള്ള നിയമനം | റാങ്ക് ലിസ്റ്റ് നിലവിലില്ല. |
| ബിരുദവും 10 വർഷ സേവന പരിചയവുമുള്ള വർക്കർമാരിൽ നിന്നുള്ള നിയമനം | റാങ്ക് ലിസ്റ്റ് നിലവിലില്ല. |

(ബി) എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നിലവിൽ 32 തസ്തികകൾ കാസർഗോഡ് ജില്ലയിൽ നികത്താതെ കിടക്കുന്നുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് ഒഴിവുകൾ പൂർണ്ണമായി നികത്താൻ കഴിയും.

### ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ നിയമനം

218 (4318) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി നിയമന ശിപാർശ ലഭിച്ചവർക്ക് നിയമനം നൽകാൻ കഴിയാത്ത സാഹചര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമന ശിപാർശ ലഭിച്ചിട്ടും ഇവർക്ക് നിയമനം നൽകാൻ കഴിയാതെ വന്ന സാഹചര്യം വിശദീകരിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) എസ്.എസ്.എൽ.സി. യോഗ്യതയും അങ്കണവാടി വർക്കറായി 10 വർഷത്തെ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽനിന്ന് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്നാവശ്യപ്പെട്ട് ശ്രീമതി സി. സുമതിയും കൂട്ടരും ബഹുമാനപ്പെട്ട കെ.എ.റ്റി. മുമ്പാകെ ഫയൽ ചെയ്തിരുന്ന ഒ.എ. നമ്പർ2431/2014-മേൽ 19-12-2014-ൽ പുറപ്പെടുവിച്ച ഇടക്കാല വിധിന്യായത്തിന്മേൽ "അന്തിമ ഉത്തരവിന് വിധേയമായി മാത്രം നിയമന ശിപാർശ നൽകിയാൽ മതി" എന്ന വ്യവസ്ഥ പ്രകാരം 58 ഒഴിവുകൾ 23-12-2014-നുള്ളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 23-12-2014-ൽ അവസാനിച്ചു. മേൽ വിവരിച്ച തരത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 58 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 3-2-2016-ലെ അന്തിമ വിധിന്യായത്തിൽ "27-12-2012-ലെ ജി.ഒ.(പി) നമ്പർ 78-12-2012-എസ്.ഡബ്ല്യൂ.ഡി. പ്രകാരമുള്ള വിശേഷാൽ ചട്ടഭേദഗതി ഉത്തരവിൽ കാറ്റഗറി 13-ന്റെ കുറിപ്പ് 6-ൽ പരാമർശിക്കുന്ന വ്യവസ്ഥ അതായത് ഏതെങ്കിലും ഒരു വർഷം, ബിരുദ യോഗ്യതയുള്ള അങ്കണവാടി വർക്കർമാരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി.-യും 10 വർഷത്തെ പ്രവൃത്തി പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽനിന്നും ഒഴിവുകൾ നികത്താം" എന്നതിന്റെ അടിസ്ഥാനത്തിൽ ഇടക്കാല ഉത്തരവ് ശരിവച്ച് അന്തിമ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

3-2-2016-ലെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നേരത്തെ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്നും 55 ഉദ്യോഗാർത്ഥികളെ 6-4-2016-ൽ കെ.പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 1-4-2014 മുതൽ

വിശേഷാൽ ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള നിയമന രീതി 58:29:11:2 എന്ന റേഷ്യോ പ്രകാരമാണ്. ഇതിൽ 29 ശതമാനം തസ്തികകൾ മാത്രമാണ് എസ്.എസ്.എൽ.സി.-യും അങ്കണവാടി വർക്കറായി 10 വർഷത്തെ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർ ക്വാട്ടയിലേയ്ക്ക് മാറ്റിവയ്ക്കേണ്ടത്. അതായത് ആകെയുള്ള 1327 തസ്തികയിൽ 385 തസ്തികകൾ മാത്രമാണ് ഈ വിഭാഗത്തിന് അർഹതയുള്ളത്. എന്നാൽ ഇടക്കാല ഉത്തരവ് തീയതിയായ 19-12-2014-ലോ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച 23-12-2014-ലോ ഈ വിഭാഗത്തിൽ ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ 55 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുവാൻ നിയമനാധികാരിയായ സാമൂഹ്യനീതി ഡയറക്ടർക്ക് കഴിഞ്ഞിട്ടില്ല. പി.എസ്.സി. മുഖേന നികത്തപ്പെടേണ്ട മറ്റ് ഫീഡർ കാറ്റഗറികളിൽപ്പെട്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് എപ്രകാരം നിയമനം നൽകാൻ കഴിയും എന്നതിനെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

**വയോജന നയം**

219 (4319) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം അവർ നേരിടുന്ന പ്രശ്നങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ വയോജന നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) ഇവരുടെ ആരോഗ്യ പരിപാലനത്തിനായി പ്രത്യേക സംവിധാനങ്ങളും, സൗജന്യമായോ പരിമിത നിരക്കിലോ ഇൻഷ്വറൻസ് ഏർപ്പെടുത്തി സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സാ സൗകര്യവും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013, 06-05-2013-ലെ സ.ഉ.(സാധാ)നമ്പർ37/2013/സാനീവ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. അത് പ്രകാരം സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വയോജനനയം നടപ്പിലാക്കുന്നതിന് ആവശ്യമായ കർമ്മപദ്ധതികൾക്ക് വകുപ്പ് രൂപം കൊടുത്തുവരുന്നു.

(സി) സാമൂഹ്യ സുരക്ഷാമിഷൻ വഴി വയോമിത്രം എന്ന പദ്ധതിയും ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് വയോ അമൃതം എന്ന പദ്ധതിയും നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ 44 മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് വയോമിത്രം പദ്ധതിയുടെ സേവനം ലഭിക്കുന്നതാണ്. വൃദ്ധജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ഇൻഷ്വറൻസ് ഏർപ്പെടുത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മാതൃകാ അങ്കണവാടി പദ്ധതി**

220 (4320) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന മാതൃക അങ്കണവാടി പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) എത്ര മാതൃക അങ്കണവാടികൾ സാമൂഹ്യനീതി വകുപ്പിന് ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം കൂടുതൽ ലഭ്യമാകുന്ന നിലയിൽ എല്ലാ പഞ്ചായത്തുകളിലും മാതൃക അങ്കണവാടികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒരു നിയോജക മണ്ഡലത്തിൽ ഒരു അങ്കണവാടിയെങ്കിലും മാതൃകാ

അങ്കണവാടിയായി ഉയർത്തി അവ മുതിർന്ന സ്ത്രീകൾക്കുള്ള പരിപാലന കേന്ദ്രം കൂടി ആയി വിഭാവന ചെയ്യുന്ന പദ്ധതിയാണ് മാതൃകാ അങ്കണവാടി പദ്ധതി. 910 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, അടുക്കള, സ്റ്റോർ റൂം, ശിശുസൗഹൃദ ടോയ്‌ലെറ്റ്, സ്ത്രീ സൗഹൃദ ടോയ്‌ലെറ്റ്, വാഷ് ഏരിയ, കുടിവെള്ളം എന്നീ സൗകര്യങ്ങൾ മാതൃകാ അങ്കണവാടിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. നിലവിൽ സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലും ഒരു അങ്കണവാടിയെ വീതം മാതൃക അങ്കണവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. മാതൃകാ അങ്കണവാടി നിർമ്മാണത്തിനായി 10 സെന്റ് സ്ഥലവും ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയും ലഭ്യമാക്കേണ്ടതുണ്ട്.

(ബി) നിലവിൽ 118 അങ്കണവാടികൾ മാതൃക അങ്കണവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ 140 മാതൃക അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് മാത്രമേ അനുമതി നൽകുകയുള്ളൂ.

## അവശരും രോഗികളും ദുർബലരുമായ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

221 (4321) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം അവശരും രോഗികളും ദുർബലരുമായ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് നൽകുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ആനുകൂല്യങ്ങൾ ലഭ്യമാകാൻ അർഹതപ്പെട്ട ആളുകൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രവാസിമലയാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാണോ; എങ്കിൽ

അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം*-1 ആയി ചേർക്കുന്നു.

കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം*-2 ആയി ചേർക്കുന്നു.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം-3* ആയും NISH നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം*-4 ആയും ചേർക്കുന്നു.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സ്വയം തൊഴിൽ വായ്പാ പദ്ധതി
2. റീച്ച്-റിസോഴ്സ് എൻഹാൻസ്മെന്റ് ഫോർ കരിയർ ഹൈറ്റ്സ് (ഫിനിഷിംഗ് സ്കൂൾ)
3. സംരംഭകത്വ വികസന പരിശീലനം
4. ഷീ ടോയ്‌ലെറ്റ്
5. വനിതാ ഹോസ്റ്റലുകൾ.

സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യക്ഷേമ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ:

കേരള സർക്കാരിന്റെ ജെൻഡർ അവയർനെസ്സ് പദ്ധതിയുടെ ഭാഗമായി ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005-ന്റെ ഫലപ്രദമായ നടത്തിപ്പിനായി ബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലും ഷെൽട്ടർ ഹോമുകളിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും നിയമ ബിരുദധാരികളായ ലീഗൽ കൗൺസിലർമാരുടെയും സൗജന്യ സേവനം ലഭ്യമാക്കുന്ന പദ്ധതിയും അനുബന്ധ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിപാടികളും നടത്തിവരുന്നു. കേരളത്തിൽ വിവിധ ജില്ലകളിലായി 101 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

ജെൻഡർ അവയർനെസ്സ് പ്രോഗ്രാം (ഷെൽട്ടർ ഹോമുകൾ):

ജെൻഡർ അവയർനെസ്സ് പദ്ധതിയുടെ കീഴിൽ ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്ക് ആവശ്യമായ കൗൺസിലിംഗും ആഹാരവും വസ്ത്രവും താൽക്കാലിക താമസവും നിയമസഹായവും ചിലപ്പോൾ പ്രത്യേക വൈദ്യ സഹായവും തൊഴിൽ പരിശീലനവും നൽകേണ്ടത് അത്യാവശ്യമായതിനാൽ ഗാർഹിക പീഡനത്തിന് ഇരയായവർക്ക് മാത്രമായി ഓരോ ജില്ലയിലും തെരഞ്ഞെടുത്ത സന്നദ്ധ സംഘടനകൾക്ക് ഒരു പ്രത്യേക ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് സാമൂഹ്യക്ഷേമ ബോർഡ് 2014-15 വർഷം മുതൽ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ ഗ്രാന്റ് അനുവദിക്കുന്നു. സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലോ പ്രൊട്ടക്ഷൻ ഓഫീസറുടെ അടുത്തോ എത്തുന്ന ഗാർഹിക പീഡനത്തിന് ഇരയായ വനിതകളെയാണ് ഷെൽട്ടർ ഹോമുകളിൽ പാർപ്പിക്കുന്നത്. കേരളത്തിൽ വിവിധ ജില്ലകളിലായി 16 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ദുരിതാശ്വാസ നിധി, വികലാംഗരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, TG സ്കോളർഷിപ്പ്, വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്, വികലാംഗർക്ക് വിവാഹ ധനസഹായം, മിശ്ര വിവാഹ ധനസഹായം, വിധവാ പുനർവിവാഹം തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യത്തിന് അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസിലും ബി.പി.എൽ.-കാരായ തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായത്തിന് ജയിൽ സൂപ്രണ്ടിന്റെ ശിപാർശയോടെ സാമൂഹ്യനീതി ഡയറക്ടറേറ്റിലും ഗാർഹിക പീഡനത്തിനിരയായവർക്കുള്ള ധനസഹായത്തിന് അതാത് വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും വിക്ടിം റീഹാബിലിറ്റേഷൻ പദ്ധതിക്ക് അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർക്കും ബന്ധപ്പെട്ട അപേക്ഷ രേഖകൾ സഹിതം നൽകേണ്ടതാണ്. വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നൽകി വരുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി കോർപ്പറേഷന്റെ അപേക്ഷാ ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാ ഫോറം നേരിട്ടോ തപാൽ വഴിയോ www.hpwc.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയോ ലഭിക്കുന്നതാണ്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ**

222 (4322) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ ഘടന, ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടി ആയിട്ടില്ല.

**നിർഭയ പദ്ധതി**

223 (4323) ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിർഭയ പദ്ധതി പ്രകാരം നിർഭയ ഷെൽട്ടർ ഹോമുകളിലെ അന്തേവാസികൾക്ക് സ്വയംതൊഴിൽ ഉൾപ്പെടെയുള്ള തൊഴിൽ പരിശീലനം, കൗൺസലിംഗ് സംവിധാനം, വിദ്യാഭ്യാസ ധനസഹായം എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിർഭയ ഷെൽട്ടർ ഹോമുകളിൽ ചെറുകിട വ്യവസായ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന്

വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ലൈംഗികാതിക്രമങ്ങളുടെ ഇരകൾക്ക് ഉണ്ടാകുന്ന മാനസിക സമ്മർദ്ദം ഒഴിവാക്കുന്നതിന് നിർഭയ ഷെൽട്ടർ ഹോമുകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരുടെ സഹായത്തോടെ സൈക്കോളജിക്കൽ കൗൺസലിംഗ്, ട്രോമാ തെറാപ്പി എന്നിവ നൽകിവരുന്നു. പുനരധിവാസത്തിന്റെ ഭാഗമായി ഓരോ താമസക്കാരിയുടെയും സാമൂഹ്യ വിദ്യാഭ്യാസ പശ്ചാത്തലം അനുസരിച്ച് ഇൻഡിവിഡുവൽ കെയർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയതനുസരിച്ച് ഓരോ താമസക്കാരിക്കും വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ഒക്കുപേഷണൽ/വൊക്കേഷണൽ ട്രെയിനിംഗ് എന്നിവ ലഭ്യമാക്കുന്നു.

(സി) നിർഭയ ഷെൽട്ടർ ഹോമുകളിൽ ചെറുകിട വ്യവസായ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ 18 വയസ്സിനു മുകളിൽ പ്രായമുള്ള തെരഞ്ഞെടുത്ത താമസക്കാർക്ക്, പുനരധിവാസ പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനത്തിലൂടെ സ്വയം പര്യാപ്തരാക്കാൻ ഒരു കേന്ദ്രീകൃത ആഫ്റ്റർ കെയർ സെന്റർ പ്രവർത്തിപ്പിക്കുന്നതിനുദ്ദേശിക്കുന്നു.

**ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർമാരുടെ നിയമനം**

224 (4324) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർമാരുടെ നിയമനത്തിൽ 4:1 എന്ന അനുപാതം പാലിക്കാതെ 208 പേരെ പി.എസ്.സി. ലിസ്റ്റ് നിലനിൽക്കെ പ്രൊമോഷൻ വഴി നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റാങ്ക് ഹോൾഡേഴ്സിന്റെ ഇടപെടലിനെ തുടർന്ന് പിന്നീടുവന്ന 34 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽനിന്നും അപ്പോയ്ന്റ്മെന്റ് ഓർഡർ അയച്ചെങ്കിലും എൻ.ജെ.ഡി. വന്ന 4 എണ്ണം പി.എസ്.സി. ലിസ്റ്റിൽ നിന്നെടുക്കാതെ വീണ്ടും പ്രൊമോഷനിലൂടെ നികത്തപ്പെട്ടത് പരിശോധിക്കുമോ;

(സി) പുതുതായി നിയമനം ലഭിച്ച സി.ഡി.പി.ഒ.-മാർക്ക് തൊഴിൽ പരിശീലനം പൂർത്തിയാകും മുമ്പ് തൊട്ടടുത്ത സി.ഡി.പി.ഒ.-മാരുടെ അധിക ചുമതല നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത് വകുപ്പിന്റെ പ്രവർത്തനത്തെ

ദോഷകരമായി ബാധിക്കില്ലേ; വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള ഏതെല്ലാം ജില്ലകളിലെ സി.ഡി.പി.ഒ. മാരാണ് ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളതെന്നും അവർ എത്ര നാളായി ഡെപ്യൂട്ടേഷനിലാണെന്നും അവരുടെ യഥാർത്ഥ ചുമതല ആരെയെല്ലാമാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഇ) സി.ഡി.പി.ഒ.-മാരുടെ പി.എസ്.സി.ലിസ്റ്റ് വന്നതിനുശേഷം നടന്ന നിയമനം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(എഫ്) 4:1 എന്ന അനുപാതത്തിൽ ഒഴിവുള്ളതനുസരിച്ച് നിയമനം നടത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) പുതുതായി നിയമനം ലഭിച്ച ശിശുവികസന പദ്ധതി ഓഫീസർമാർക്ക് തൊഴിൽ പരിശീലനം പൂർത്തിയാകുംമുമ്പ് അത്യാവശ്യഘട്ടങ്ങളിൽ തൊട്ടടുത്ത ശിശുവികസന പദ്ധതി ഓഫീസർമാരുടെ അധിക ചുമതല നൽകാറുണ്ട്. പദ്ധതി പ്രവർത്തനം തടസ്സപ്പെടാതിരിക്കാനുള്ള ക്രമീകരണങ്ങൾ ആയതിനാൽ വകുപ്പിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാറില്ല.

(ഡി) കാസർഗോഡ് ജില്ലയിലെ കാറഡുക്ക അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർ 26-7-2015 മുതൽ ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിച്ചുവരുന്നു. പ്രസ്തുത ഒഴിവിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തിയിട്ടുണ്ട്.

(ഇ) ശിശുവികസന പദ്ധതി ഓഫീസർമാരുടെ പി.എസ്.സി. ലിസ്റ്റ് വന്നതിനുശേഷം നടന്ന നിയമനം സംബന്ധിച്ച പരാതികൾ ലഭിക്കുന്ന വേളയിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ 4:1 എന്ന അനുപാതത്തിൽ നിയമനം നടത്തിവരുന്നു.

**സ്കൂൾ കൗൺസലർമാർ**

225 (4325) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ ജോലിചെയ്യുന്ന സ്കൂൾ കൗൺസലർമാർക്ക് നിലവിൽ നൽകിവരുന്ന പ്രതിമാസ വേതനം എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ; ഇത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലീവ് ആനുകൂല്യങ്ങളാണ് ഇവർക്ക് നല്കിവരുന്നതെന്നറിയിക്കുമോ; ഇവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്ന സ്കൂൾ കൗൺസലർമാർക്ക് നിലവിൽ 12,500 രൂപ പ്രതിമാസ ഓണറേറിയം ആയി നൽകിവരുന്നു. ഇത് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) വർഷത്തിൽ 15 ദിവസത്തെ ആകസ്മിക അവധി അനുവദനീയമാണ്. കൂടാതെ 179 ദിവസത്തെ ശമ്പളമില്ലാത്ത പ്രസവാവധി അനുവദനീയമാണ്. ഇവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ**

226 (4326) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലേയും ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരമുള്ള ജുവനൈൽ ജസ്റ്റീസ് ബോർഡുകൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ എന്നിവയുടെ കാലാവധി കഴിഞ്ഞതിനാൽ പ്രസ്തുത കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുവാൻ നടപടി എടുക്കുമോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കാലാവധി കഴിഞ്ഞ ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ എന്നിവ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചാലക്കുടി ഐ.സി.ഡി.എസ്.-നുകീഴിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം

227 (4327) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി മേഖലകളിലടക്കം 115 അങ്കണവാടികളും 250-ഓളം അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരുമുള്ള ചാലക്കുടി ഐ.സി. ഡി. എസ്. ഓഫീസിനുകീഴിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ ചാലക്കുടി, ചാലക്കുടി അഡീഷണൽ എന്നീ ഐ.സി.ഡി.എസ് പ്രോജക്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ രണ്ടിലുമുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## ഗൃഹനാഥരായ വനിതകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം

228 (4328) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. എം. ഉമ്മർ :

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹനാഥരായ വനിതകളുടെ മക്കൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസ ധനസഹായം അനർഹർ തട്ടിയെടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ധനസഹായത്തിന് അപേക്ഷിക്കുന്നതിനും പ്രോസസ് ചെയ്യുന്നതിനും നിലവിലുള്ള നടപടിക്രമത്തിൽ എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് പരാതികൾ ലഭിക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് നടപ്പ് സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച കണ്ടെത്തുന്നപക്ഷം ടി ഉദ്യോഗസ്ഥരുടെമേൽ വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്.

**ഫൗണ്ടിലിംഗ് ഹോമുകളുടെ പ്രവർത്തനങ്ങൾ**

229 (4329) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫൗണ്ടിലിംഗ് ഹോമുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ വനിതാ ശിശു വികസന മന്ത്രാലയം 17-7-2015-ലെ SO 1945 (E) നമ്പർ വിജ്ഞാപനത്തിലൂടെ 2015-ലെ ദത്തെടുക്കൽ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഗൈഡ്‌ലൈനിലെ ഖണ്ഡിക 24 പ്രകാരം ദത്തെടുക്കൽ കേന്ദ്രങ്ങൾക്ക് (Specialized Adoption Agency) ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്:-

1. സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയായി അംഗീകാരത്തിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന ചൈൽഡ് കെയർ സ്ഥാപനങ്ങൾ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, ഇൻഡ്യൻ ട്രസ്റ്റ് ആക്ട് 1882, ഇതുസംബന്ധിച്ച് നിലവിലുള്ള മറ്റ് നിയമം എന്നിവയിൽ ഏതെങ്കിലും പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം.

2. ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2015 പ്രകാരം ചൈൽഡ് കെയർ സ്ഥാപനമായി രജിസ്റ്റർ ചെയ്തിരിക്കണം.

3. ഭൂരിപക്ഷം അംഗങ്ങളും ഭാരതീയരായ മാനേജിംഗ് കമ്മിറ്റിയോ എക്സിക്യൂട്ടീവ് കമ്മിറ്റിയോ നിലവിലുണ്ടായിരിക്കണം.

4. അനാഥരും ഉപേക്ഷിക്കപ്പെട്ടവരും പരിത്യജിക്കപ്പെട്ടവരുമായ കുട്ടികളെ സ്വീകരിക്കുകയും ദത്ത് നൽകാൻ തയ്യാറുള്ളവരുമായിരിക്കണം.

5. CARINGS എന്ന ദത്തെടുക്കൽ സംബന്ധിച്ച വെബ്സൈറ്റിൽ വിവരങ്ങൾ അപലോഡ് ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിരിക്കുകയും പ്രസ്തുത വെബ്സൈറ്റിൽ ക്രമമായി ഡാറ്റാ അപ്-ലോഡ് ചെയ്യാൻ തയ്യാറായിരിക്കുകയും വേണം.

6. പ്രൊഫഷണൽ ആയ ചൈൽഡ് കെയർ സ്റ്റാഫ് സ്ഥാപനത്തിൽ ഉണ്ടായിരിക്കണം.

**മുതിർന്ന പൗരൻമാരുടെ പരാതികൾ**

230 (4330) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരൻമാർ സമർപ്പിക്കുന്ന ഹർജികളിന്മേൽ അടിയന്തര പ്രാധാന്യത്തോടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകളും ഉദ്യോഗസ്ഥരും അനാവശ്യമായ കാലതാമസം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വകുപ്പുകൾക്കും ജീവനക്കാർക്കും അതുസംബന്ധിച്ച് ആവശ്യമായ കർശന നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) മുതിർന്ന പൗരൻമാരുടെ പരാതികൾ സംബന്ധിച്ചുള്ള മേൽ നടപടികൾ മോണിറ്ററിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മുതിർന്ന പൗരന്മാർ വകുപ്പുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന ഹർജികളിന്മേൽ അടിയന്തര പ്രാധാന്യത്തോടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ പരാതികൾക്ക് ജീവനക്കാർ മുൻഗണന കൊടുക്കാറുണ്ട്.

(സി) മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം**

231 (4331) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ അവർക്ക് നൽകുന്ന ഓണറേറിയം എത്രയെന്നും, പെൻഷൻ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം വർദ്ധിപ്പിച്ചിട്ടില്ല. 25-2-2016-ൽ ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിരുന്നെങ്കിലും തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽനിന്നും നൽകണമെന്ന ഉത്തരവായതിനാൽ വർദ്ധനവ് ഫലപ്രദമായി നടപ്പിലാക്കാനായില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് അങ്കണവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിന് ആകെ ആവശ്യമായ തുകയുടെ 50% 1,44,81,92,400 രൂപ (നൂറ്റിനാല്പത്തി നാല് കോടി എൺപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) സാമൂഹ്യനീതി വകുപ്പ് വിഹിതമായി 30.08.2016 ലെ സ.ഉ (സാധാ) നമ്പർ 409/2016/സാനീവ പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ അങ്കണവാടി വർക്കറുടെ ഓണറേറിയം 10,000 രൂപയും (പതിനായിരം രൂപ മാത്രം) ഹെൽപ്പറുടെ ഓണറേറിയം 7,000 രൂപയുമാണ്

(ഏഴായിരം രൂപ മാത്രം) നൽകി വരുന്നത്.

അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ അനുവദിക്കുന്നതിന്റെ മാനദണ്ഡം ചുവടെ ചേർക്കുന്നു:

1. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർക്ക് മാത്രമേ പെൻഷന് അർഹതയുള്ളൂ.
2. പ്രസ്തുത അംഗം ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ മുടക്കം വരുത്താൻ പാടില്ലാത്തതാകുന്നു.
3. അങ്കണവാടി വർക്കർ/ഹെൽപ്പർ ആയി കുറഞ്ഞത് 10 വർഷക്കാലം സേവനം ചെയ്തിട്ടുള്ളവർക്കാണ് നിലവിൽ പെൻഷൻ നൽകിവരുന്നത്. ഇപ്രകാരമുള്ള സേവനത്തിൽ ബാലവാടികളിലെ സേവനവും കണക്കിലെടുക്കുന്നതാണ്.
4. അങ്കണവാടി ജീവനക്കാരിക്ക് പെൻഷൻ അനുവദിക്കുന്നതിനായി ടിയാൾക്ക് 62 വയസ്സാകുന്ന ദിവസം ടിയാൾ സർവ്വീസിൽ ഉണ്ടായിരിക്കേണ്ടതാണ്.

**ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് സഹായ പദ്ധതി**

232 (4332) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ഏതെല്ലാം തരത്തിലുള്ള സഹായ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ ശുശ്രൂഷിക്കുന്നതിനും പരിപാലിക്കുന്നതിനും വളരെയേറെ ചെലവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് ലഭ്യമാക്കുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ളവർക്ക് വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക്

സ്കോളർഷിപ്പും നൽകിവരുന്നു. ഇത്തരത്തിലുള്ള കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ പരിശീലനം നൽകി പുനരധിവസിപ്പിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ Home for Mentally Deficient Children എന്ന സ്ഥാപനവും ഇത്തരത്തിലുള്ള പുരുഷന്മാരെ പുനരധിവസിപ്പിക്കുന്നതിനായി മലപ്പുറം ജില്ലയിൽ പ്രതീക്ഷാഭവൻ എന്ന സ്ഥാപനവും സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ പ്രത്യാശ ഭവൻ എന്ന സ്ഥാപനവും പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ പരിശീലനം നൽകുന്നതിനായി SPACE എന്ന NGO മുഖേന INSIGHT എന്ന പ്രോജക്ട് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പെഷ്യൽ സ്കൂളുകളിൽ നിന്നും പഠനം പൂർത്തിയാക്കിയ 16 വയസ്സ് കഴിഞ്ഞിട്ടുള്ള കുട്ടികൾക്ക് തിരുവനന്തപുരം ജില്ലയിൽ പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (SIMC) എന്ന സ്ഥാപനത്തിൽ വച്ച് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 525 രൂപ നിരക്കിൽ ധനസഹായം നൽകുന്ന ആശ്വാസ കിരണം എന്ന പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഇപ്പോൾ ഇത് 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ആരോഗ്യ വകുപ്പിൽനിന്നും ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകി വരുന്നു. National Health Mission (NHM) വഴി ചികിത്സ നൽകുന്നതിന് District Early Intervention Centres-ൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് 26-9-2016-ൽ ചുവടെ പറയുന്ന രീതിയിൽ വർദ്ധിപ്പിച്ചിട്ടുണ്ട്:

| ക്രമ നമ്പർ | ശ്രേണി | നിലവിലുണ്ടായിരുന്ന നിരക്ക് | | പുതുക്കിയ നിരക്ക് | |
|---|---|---|---|---|---|
| | | ദിവസ വിദ്യാർത്ഥി കൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥി കൾക്ക് | ദിവസ വിദ്യാർത്ഥി കൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥി കൾക്ക് |

| | | | | | |
|---|---|---|---|---|---|
| 1 | 1 മുതൽ 4 വരെ | 100 | - | 300 | - |
| 2 | 5 മുതൽ 10 വരെ | 125 | - | 500 | - |
| 3 | +1, +2, IT തത്തുല്യ കോഴ്സുകൾ | 150 | 200 | 750 | 1000 |
| 4 | ഡിഗ്രി, പോളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ (ഇംപ്ലാന്റ് ട്രെയിനിംഗ്) | 175 | 230 | 1000 | 1500 |
| 5 | പ്രൊഫഷണൽ കോഴ്സുകൾ, പി.ജി. കോഴ്സുകൾ | 250 | 300 | " | " |

**ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

233 (4333 )ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എത്ര സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിന് കീഴിലുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനുള്ളിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും വിലയിരുത്താനും സർക്കാരിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | ലഭിച്ച ഗ്രാന്റ് തുക (രൂപ) | | |
|---|---|---|---|---|---|
| | | | 2013-14 | 2014-15 | 2015-16 |
| (1) | (2) | (3) | (4) | (5) | (6) |
| 1 | ബാലജന ക്രിസ്റ്റി സ്നേഹാലയം, കൊട്ടറ, മീയ്യണ്ണൂർ | ഓർഫനേജ് (സാമൂഹ്യനീതി വകുപ്പ്) | 260400 | 339500 | - |
| 2 | പി.എസ്. ബാലികാ സദനം, കൊട്ടിയം | ഓർഫനേജ് (സാമൂഹ്യനീതി വകുപ്പ്) | 264600 | 453600 | 464600 |
| 3 | ജവഹർ ഓർഫനേജ്, പാരിപ്പള്ളി | ഓർഫനേജ് (സാമൂഹ്യനീതി വകുപ്പ്) | 69750 | 210000 | - |
| (1) | (2) | (3) | (4) | (5) | (6) |
| 4 | അസ്സീസി വിനയാലയ ഹോം ഫോർ ഏജ്ഡ്, കൊട്ടിയം | ഓർഫനേജ് (സാമൂഹ്യനീതി വകുപ്പ്) | 195300 | 255500 | 282600 |
| 5 | ശ്രീനികേതൻ സെന്റർ ഫോർ സോഷ്യൽ ഡെവലപ്മെന്റ്, ചാത്തന്നൂർ പി.ഒ, കൊല്ലം | ഫാമിലി കൗൺസിലിംഗ് സെന്റർ (സാമൂഹ്യ ക്ഷേമ ബോർഡ്) | 105500 | 141000 | 203190 |

(സി) സംസ്ഥാനത്തെ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, മറ്റ് ധർമ്മസ്ഥാപനങ്ങൾക്കും അംഗീകാരം നൽകുന്നതും നിയന്ത്രിക്കുന്നതും ഓർഫനേജ് കൺട്രോൾ ബോർഡാണ്. നാല് വർഷത്തേക്കാണ് അംഗീകാരം നൽകുന്നത്.

അംഗീകാരം ലഭിക്കുന്നതിനും, കാലാവധിക്ക് ശേഷം അംഗീകാരം പുതുക്കുന്നതിനുമായി ലഭിക്കുന്ന അപേക്ഷകളിന്മേൽ ബന്ധപ്പെട്ട ബോർഡ് മെമ്പർമാർ സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തിയതിന് ശേഷമാണ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതും പുതുക്കി നൽകുന്നതും. അംഗീകാരമുള്ള സ്ഥാപനങ്ങളിൽ ജില്ലാ സാമൂഹികനീതി ഓഫീസർമാർ സമയബന്ധിതമായി പരിശോധന നടത്താറുണ്ട്. കൂടാതെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ട്. ഇവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാൻ ആയിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റിയുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് ഓണറേറിയം വ്യവസ്ഥയിൽ 40 കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. ഇവരും സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്താറുണ്ട്.

## സ്നേഹസ്പർശം പദ്ധതി

234 (4334) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്നേഹസ്പർശം പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങൾ ആർക്കെല്ലാം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി സംസ്ഥാന ഗവൺമെന്റിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ നടക്കുന്ന പദ്ധതിയാണോ; ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് ഏത് ഓഫീസിലാണെന്നും ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ഏത് ഓഫീസുമായി ബന്ധപ്പെട്ടവരാണെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) ചൂഷണത്തിന് വിധേയയായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ വനിതകൾക്ക് 1000 രൂപ വീതം പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസ്പർശം. ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. ചൂഷണത്തിന് വിധേയയായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ വനിതകളായിരിക്കണം.
2. ഗുണഭോക്താവ് 65 വയസ്സിനു താഴെ പ്രായമുള്ളവരായിരിക്കണം.
3. ഗുണഭോക്താവ് വിവാഹിതയായിരിക്കാൻ പാടില്ല.

4. ഗുണഭോക്താവ് സർക്കാരിന്റെ മറ്റ് പെൻഷൻ കൈപ്പറ്റുന്നവരായിരിക്കരുത്.

5. ടി ഗുണഭോക്താവിന് ആനുകൂല്യം ലഭിക്കുവാൻ അർഹതയുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ സാമൂഹികനീതി ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

നിലവിൽ ടി പദ്ധതി പ്രകാരം 1943 പേർക്കാണ് പ്രതിമാസ ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതി സംസ്ഥാന ഗവൺമെന്റാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായമൊന്നും ലഭിക്കുന്നില്ല.

(ബി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി പ്രസ്തുത അപേക്ഷ ഐ.സി.ഡി.എസ്. സൂപ്പർവൈസർ/ സി.ഡി.പി.ഒ. എന്നിവർ ശിപാർശ ചെയ്ത് ബന്ധപ്പെട്ട ജില്ലാ സാമൂഹികനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ സാമൂഹികനീതി ഓഫീസർ ആയത് പരിശോധിച്ച ശേഷം ശിപാർശ ചെയ്ത് കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നത് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ്.

## അംഗപരിമിതർക്ക് സ്ഥിരനിയമനം

235 (4335) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരായവരുടെ താൽക്കാലിക നിയമനം സ്ഥിരപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) അംഗപരിമിതരായ എത്രപേർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ടെന്നും എത്രപേർക്ക് കഴിഞ്ഞ പത്തുവർഷ കാലയളവിനുള്ളിൽ സ്ഥിരനിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) താൽക്കാലികമായി വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്ന അംഗപരിമിതരുടെ എണ്ണം ഈ വകുപ്പിൽ ലഭ്യമല്ല. 1993 മുതൽ 2003 വരെ വിവിധ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്തിരുന്ന അംഗപരിമിതരെ വിവിധ ഉത്തരവുകൾ മുഖേന സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

## ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾ

236 (4336) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഭിന്നലിംഗ വിഭാഗത്തെ സംബന്ധിച്ച നയം വിശദമാക്കുമോ;

(ബി) ഭിന്നലിംഗക്കാർക്ക് സമൂഹത്തിൽനിന്ന് നേരിടുന്ന അവഗണന പരിഹരിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷാ ഫാറങ്ങളിൽ ഭിന്നലിംഗത്തിൽ ഉൾപ്പെടുന്നു എന്ന് രേഖപ്പെടുത്താൻ കഴിയുന്ന തരത്തിൽ അപേക്ഷാഫാറങ്ങൾ പരിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 22-9-2015-ലെ സ.ഉ.(എം. എസ്.) നമ്പർ61/2015/സാനീവ. പ്രകാരം ട്രാൻസ്ജെന്റർ നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്നലിംഗ നയം സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) ഭിന്നലിംഗക്കാർക്ക് സമൂഹത്തിൽനിന്ന് നേരിടുന്ന അവഗണന പരിഹരിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനുമായി ആദ്യപടിയെന്ന നിലയിൽ ഭിന്നലിംഗക്കാരായ കുട്ടികളെ കണ്ടെത്തി അവരുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിലെയും ഹെൽപ്പ് ഡെസ്ക് ടീച്ചർമാർക്ക് ഒരു ബോധവൽക്കരണ പരിപാടി നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**കുട്ടികൾക്കെതിരായ അതിക്രമങ്ങൾ**

237 (4337) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനായി സ്കൂളുകളിലും പഞ്ചായത്ത് അടിസ്ഥാനത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുവാൻ നടപടി എടുക്കുമോ?

ഉത്തരം

സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി ജാഗ്രതാ സമിതികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിച്ചുവരുന്നു. കുട്ടികൾക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുട്ടികൾക്കുവേണ്ടി മാത്രമായി ജാഗ്രതാ സമിതി രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സ്ത്രീകൾക്കുവേണ്ടി ഒരു പ്രത്യേക വകുപ്പ്**

238 (4338) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്ത്രീകൾക്കുവേണ്ടി ഒരു പ്രത്യേക വകുപ്പ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു പുതിയ വകുപ്പ് രൂപീകരിക്കുന്ന വിഷയത്തിൽ പഠനം നടത്തി ആറുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് 17-9-2016-ലെ സ.ഉ. (സാധാ) നമ്പർ 436/2016/സാനീവ. പ്രകാരം സാമൂഹികനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭിന്നശേഷിക്കാർക്ക് ഐഡന്റിറ്റി കാർഡ്**

239 (4339) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സംഘത്തിന്റെ പരിശോധനയ്ക്ക് ഹാജരായ ഭിന്നശേഷിക്കാർക്ക് ഐഡന്റിറ്റി കാർഡ് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഐ. ഡി. കാർഡ് വിതരണത്തിനുവേണ്ടി സി.ഡിറ്റുമായി ഒപ്പു വച്ച കരാർ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ കരാർ പുതുക്കാൻ ആലോചിക്കുന്നുണ്ടോയെന്ന്

വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഭിന്നശേഷിക്കാർക്കുള്ള തിരിച്ചറിയൽ കാർഡ് രണ്ട് രീതിയിലാണ് നൽകുന്നത്.

1. ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പുകൾ മുഖേന- ജില്ലാതലത്തിൽ പ്രാദേശികമായി സംഘടിപ്പിക്കുന്ന വൈകല്യ നിർണ്ണയ ക്യാമ്പുകൾ വഴി 90 ശതമാനം പേർക്കും തിരിച്ചറിയൽ കാർഡ് തത്സമയം വിതരണം ചെയ്തുവരുന്നു എന്നതിനാൽ കാലതാമസം ഉണ്ടാകുന്നില്ല.
2. കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ 100-ന്റെ ഗുണിതങ്ങളായി സി-ഡിറ്റിന് തിരിച്ചറിയൽ കാർഡ് പ്രിന്റ് ചെയ്യുന്നതിനായി അയച്ചുകൊടുക്കുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുമ്പോൾ ഒരു മാസത്തോളം കാത്തിരിക്കേണ്ട സ്ഥിതിയുണ്ട്.

(ബി & സി) നിലവിലുണ്ട്. പുതുക്കിയ കരാറിന്റെ കാലാവധി 4-8-2016 മുതൽ 31-3-2017 വരെയാണ്.

**വിവിധ തരം റേഷൻ കാർഡുകൾ**

240 (4340) <u>ശ്രീ. വി. പി. സജീന്ദ്രൻ:</u>

<u>ശ്രീ. എ. പി. അനിൽ കുമാർ:</u>

<u>ശ്രീ. അനിൽ അക്കര:</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എന്തെല്ലാം തരം റേഷൻ കാർഡുകളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(ബി) വിതരണം ചെയ്യാനുദ്ദേശിക്കുന്ന പുതിയ റേഷൻ കാർഡുപ്രകാരം കാർഡുടമകൾക്ക് ലഭിക്കുന്ന ഉല്പന്നങ്ങളുടെ വിലയിലും അളവിലും എന്തെല്ലാം വ്യത്യാസങ്ങളാണ് വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) എ.എ.വൈ, ബി.പി.എൽ, എ.പി.എൽ എന്നിങ്ങനെ മൂന്നുതരം റേഷൻ കാർഡുകളാണ് നിലവിലുള്ളത്.

(ബി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ നിയമപ്രകാരം എ.എ.വൈ. കാർഡിന് 35 കിലോഗ്രാം ഭക്ഷ്യധാന്യവും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന ഓരോ അംഗങ്ങൾക്കും 5 കിലോഗ്രാം ഭക്ഷ്യധാന്യവും (അരി/ഗോതമ്പ്) ലഭ്യമാകുന്നതാണ്. മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വിലയും അളവും പുനഃനിർണ്ണയിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.

**ദേശീയ ഭക്ഷ്യസുരക്ഷാ നിയമം**

241 (4341) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ബി) ഈ നിയമം സംസ്ഥാന സർക്കാർ നടപ്പിലാക്കാത്തതുകൊണ്ട് സംസ്ഥാനത്തിനുള്ള അരി, മണ്ണെണ്ണ വിഹിതങ്ങൾ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. 2017 മാർച്ച് മാസത്തോടുകൂടി സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിയുന്ന വിധത്തിൽ നടപടികൾ പുരോഗമിക്കുന്നു.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച നോർമൽ വിഹിതം അതേ അളവിൽ ഈ സാമ്പത്തിക വർഷത്തിലും കേന്ദ്രത്തിൽനിന്ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിരുന്ന അധിക വിഹിതം 2016 ഏപ്രിൽ മുതൽ 2016 ജൂൺ വരെയുള്ള മൂന്ന് മാസങ്ങളിലേയ്ക്ക് മാത്രമാണ് ഇതുവരെ അനുവദിച്ചത്. എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള അധിക ഭക്ഷ്യധാന്യം 2016 ജൂണിനുശേഷം അനുവദിച്ചു നൽകിയിട്ടില്ല.

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ ഷെഡ്യൂൾ 4 പ്രകാരം 14.25 മെ.ടൺ ഭക്ഷ്യ ധാന്യങ്ങളാണ് പ്രതിവർഷം സംസ്ഥാനത്തിന് അലോട്ട്മെന്റായി ലഭ്യമാകുന്നത്. കേന്ദ്ര സർക്കാരിന്റെ 20-3-2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ പ്രകാരം 15480040 പേരാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇവർക്ക് മാത്രമായി 10.17 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ പ്രതിവർഷം വേണ്ടി

വരും. അവശേഷിക്കുന്നവർക്ക് 4.08 ലക്ഷം മെ.ടൺ മാത്രമാണ് ലഭിക്കുന്നത്. ഭക്ഷ്യ സുരക്ഷാ നിയമത്തിൽ അദ്ധ്യായം 2-ൽ സെക്ഷൻ 3(1)-ൽ അവസാന മൂന്ന് വർഷത്തിൽ നോർമൽ വിഹിതമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ഭക്ഷ്യ ധാന്യ വിഹിതത്തിന്റെ ശരാശരി വിഹിതം സംരക്ഷിക്കപ്പെടുമെന്നാണ് ഉറപ്പ് നൽകുന്നത്. എന്നാൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന നോർമൽ വിഹിതവും അധിക വിഹിതവും (അഡ്ഹോക്ക്) ഉൾപ്പെടെയുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിക്കുന്ന സംസ്ഥാനം എന്ന നിലയിൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്ത ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ്ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് പൊതുവിതരണ രംഗത്ത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുവാനിടയുണ്ടെന്നും ആയതിനാൽ അഡ്ഹോക്ക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്ക് അനുസൃതമായി ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതിനുശേഷവും സംസ്ഥാനത്തിന് ലഭിക്കുന്നതിന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഗ്രാമങ്ങളിലെ വൈദ്യുതികരണവും എൽ.പി.ജി. കണക്ഷനിലുണ്ടായ വർദ്ധനവുംമൂലം മണ്ണെണ്ണയുടെ ആവശ്യകതയിൽ കുറവ് വന്നിട്ടുള്ളതിനാനുപാതികമായി അലോട്ട്മെന്റിലും ക്രമാനുഗതമായ കുറവ് വന്നിട്ടുണ്ട്.

## ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ

242 (4342) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ ആക്ട് പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ മിഷന് രൂപം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് ലഭ്യമായികൊണ്ടിരിക്കുന്ന റേഷൻ വിഹിതത്തിൽ എന്തെങ്കിലും കുറവ് സംഭവിക്കുമോ; വിശദീകരിക്കാമോ;

(സി) പദ്ധതി നടപ്പാക്കുമ്പോൾ കേരളത്തിൽ നിലവിലുള്ള എല്ലാ ബി. പി. എൽ. കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്ത്

സംസ്ഥാന പരിഹാര കമ്മീഷനും ജില്ലാ തല പരിഹാര കമ്മീഷനും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 13-10-2016-ലെ സ.ഉ. (കൈ)16/2016/ഭ.സി.സ.വ നമ്പർ ഉത്തരവ് പ്രകാരം ജില്ലാതല പരാതി പരിഹാര ഓഫീസറുടെ ചുമതല എ.ഡി.എം./ഡെപ്യൂട്ടി കളക്ടർ (ജനറൽ)-നും നൽകി ഉത്തരവായിട്ടുണ്ട്.

ദേശീയ ഭക്ഷ്യ നിയമപ്രകാരമുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പ്രവർത്തനം തുടങ്ങുന്നതുവരെ ചുമതല സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനായിരിക്കും എന്നും മേൽ ഉത്തരവ് പ്രകാരം അറിയിച്ചിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്തിന് 15.91 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യമാണ് 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു നൽകിയിട്ടുള്ളത്. എന്നാൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം 14.25 ലക്ഷം മെ.ടൺ ആണ് വാർഷിക അലോട്ട്മെന്റായി സംസ്ഥാനത്തിന് ലഭിക്കുന്നത്. ആയതിൽ 10.25 ലക്ഷം മെ. ടൺ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന 1,54,80,040 (ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) കോടി ജനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകുന്നതിനായി നാല് ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യം പ്രതിവർഷം ലഭിക്കുന്നതാണ്.

(സി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുമ്പോൾ നിലവിൽ ബി.പി.എൽ ലിസ്റ്റിലുള്ള അനർഹരായ ആളുകൾ ഒഴിവാകുകയും അർഹതയുള്ളവർ മാത്രം മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടുവരികയും ചെയ്യുന്നതാണ്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നവർക്ക് 5 കിലോഗ്രാം ഭക്ഷ്യധാന്യം ആളൊന്നിനും 35 കിലോഗ്രാം ഭക്ഷ്യധാന്യം എ.എ.വൈ. കാർഡിനും നൽകുന്നതാണ്.

**പുതിയ മാവേലി സ്റ്റോറുകൾ**

243 (4343) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കാൻ പദ്ധതിയുണ്ടോയെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 32 ഗ്രാമപഞ്ചായത്തുകളിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കോതമംഗലം മണ്ഡലത്തിൽ പൈമറ്റം, നെല്ലിമറ്റം എന്നീ സ്ഥലങ്ങളിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ആയത് സാധ്യതാ പഠന റിപ്പോർട്ടിനായി എറണാകുളം മേഖലാ മാനേജർക്ക് നൽകിയിട്ടുണ്ട്. സാധ്യതാ പഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## നെല്ല് സംഭരണം

244 (T*4344) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഏതൊക്കെ ഏജൻസികളെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) നെല്ല് സംഭരിച്ച ഇനത്തിൽ മുൻസർക്കാരിൻെറ കാലത്ത് എന്തു തുകയാണ് കർഷകർക്ക് കുടിശ്ശികയായി നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ല് സംഭരണത്തിന് എന്തു തുക അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2016-17 സീസണിലെ നെല്ല് സംഭരണത്തിനായി 2016 ആഗസ്റ്റ് 1-ാം തീയതി മുതൽ ഓൺലൈൻ കർഷക രജിസ്ട്രേഷൻ ആരംഭിക്കുകയും, 2016 സെപ്റ്റംബർ 21-ാം തീയതി മുതൽ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തു. നാളിതുവരെ 66642 കർഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന 11 മില്ലുകളും എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന 31 മില്ലുകളും നെല്ല് സംഭരണത്തിനായി സപ്ലൈകോയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) നെല്ല് സംഭരണത്തിനായി സപ്ലൈകോയെ ആണ് നിർവ്വഹണ

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) 2015-16 രണ്ടാം സീസണിൽ നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് നിലവിൽ കുടിശ്ശികയൊന്നും തന്നെയില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ല് സംഭരണത്തിനായി 600 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ 169.97 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**റേഷൻ കടകളുടെ നവീകരണം**

245 (4345) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ നവീകരിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(സി) നിലവിലുള്ള സംവിധാനത്തിൽ എന്ത് പരിഷ്കാരം വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. റേഷൻ കടകൾ നവീകരിക്കുന്നതിനും മറ്റ് പലചരക്കുകൾ കൂടി ന്യായവിലയ്ക്ക് വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രീ-പൈലറ്റ് പദ്ധതി, മോഡൽ പൈലറ്റ് പദ്ധതി എന്നിവയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 22 റേഷൻ കടകളിൽ (14 എണ്ണം തിരുവനന്തപുരം ജില്ലയിലും 8 എണ്ണം എറണാകുളം ജില്ലയിലും) ഒരേ നിറത്തിലും മാതൃകയിലുമുള്ള പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, തറ ടൈൽ പാകൽ, നെയിംബോർഡ് സ്ഥാപിക്കൽ, സ്റ്റോക്ക് ബോർഡ് സ്ഥാപിക്കൽ എന്നീ ജോലികൾ ചെയ്ത് നവീകരിച്ചിരുന്നു.

(ബി) റേഷൻ സാധനങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ. ഗോഡൗണുകളിലാണ്. ആയത് വിട്ടെടുക്കുന്നതിന് മുൻപായി ജില്ലാ സപ്ലൈ ഓഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ. ഗോഡൗണുകളിൽ ഗുണനിലവാരമുള്ള അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽനിന്ന് എ.ഡബ്ല്യു.ഡി.-കൾ വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.-യിൽനിന്നും വിട്ടെടുക്കുന്നതിന്റെ സാമ്പിളുകളുടെ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത്

സൂക്ഷിക്കുന്നു. കൂടാതെ എ.ഡബ്ല്യൂ.ഡി.-കളിൽനിന്നും റേഷൻ ഡിപ്പോകൾക്ക് വിതരണം ചെയ്യുമ്പോൾ സീൽ ചെയ്ത സാമ്പിൾ പാക്കറ്റുകൾ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നൽകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എ.ആർ.ഡി.-കളിൽ വിതരണ സമയത്ത് സാമ്പിൾ പാക്കറ്റ് പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധനാവേളയിൽ ഉറപ്പ് വരുത്തുന്നുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ചുള്ള പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നുണ്ട്.

(സി) റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

**റേഷൻ കാർഡ് പുതുക്കൽ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി**

246 (4346) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കാർഡ് പുതുക്കി നൽകുന്നതിനുള്ള നടപടി അനന്തമായി നീണ്ടുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാർഡ് പുതുക്കൽ അടിയന്തരമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാൻ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് സംസ്ഥാന തല റാങ്കിംഗ് നടത്തി കരട് പട്ടിക വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് ആധാർ ഉപയോഗിച്ച് ഡീ-ഡ്യൂപ്ലിക്കേഷൻ നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കി 2017 മാർച്ച് മാസത്തിൽ റേഷൻ കാർഡ് വിതരണം പൂർത്തിയാക്കാൻ തക്ക

വിധത്തിലാണ് നടപടികൾ പുരോഗമിക്കുന്നത്.

## റേഷൻ കാർഡ് ഉടമകൾക്ക് കുത്തരി വിതരണം

247 (4347) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിൽ റേഷൻ കാർഡ് ഉടമകൾക്ക് കുത്തരി വിതരണം ചെയ്തുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്ന് ശേഖരിക്കുന്ന നെല്ല് പ്രോസസ് ചെയ്യുന്നതിന് കോർപ്പറേഷന് സ്വന്തമായി സംവിധാനമുണ്ടോ; ഈ പ്രവർത്തനത്തിന് സ്വകാര്യ മില്ലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥാപനങ്ങളുടെ പേര് ലഭ്യമാക്കാമോ;

(സി) കാർഡുടമകൾക്ക് റേഷൻകട വഴി കുത്തരി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ റേഷൻ കാർഡ് ഉടമകൾക്ക് കുത്തരി വിതരണം ചെയ്തുവരുന്നു.

(ബി) സപ്ലൈകോ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് പ്രോസസ് ചെയ്യുന്നതിന് കോർപ്പറേഷന് സ്വന്തമായി സംവിധാനമില്ല.

കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് പ്രോസസ്സ് ചെയ്യുന്നതിന് സ്വകാര്യ മില്ലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മില്ലുകളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കാർഡുടമകൾക്ക് റേഷൻകട വഴി 10 ജില്ലകളിൽ ഇപ്പോൾത്തന്നെ കുത്തരി വിതരണം ചെയ്യുന്നുണ്ട്. ശേഷിക്കുന്ന ജില്ലകളിലെ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## റേഷൻ കടകളിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ അമിതവില

248 (4348) ശ്രീ. വി. ടി. ബൽറാം:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റേഷൻ കടകളിൽ വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയേക്കാൾ കൂടുതൽ ഈടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

അപൂർവ്വം ചില അവസരങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റേഷൻ കടകളിൽ റേഷൻ സാധനങ്ങളുടെ വിതരണത്തോത്, വിലവിവരപ്പട്ടിക, സ്റ്റോക്കിന്റെ നില എന്നിവ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണമെന്ന് നിയമംമൂലം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, റേഷൻ സാധനങ്ങൾ നൽകുമ്പോൾ കാർഡുടമകൾക്ക് ബിൽ നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി നിയമം കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധനാ സമയത്ത് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ, നിയമലംഘനം നടത്തുന്ന റേഷൻ കട ലൈസൻസിക്ക് എതിരെ കർശന നിയമ നടപടി സ്വീകരിച്ച് പിഴ, സസ്പെൻഷൻ തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സപ്ലൈകോ ഉല്പന്നങ്ങളുടെ വില കുറയ്ക്കാൻ നടപടി**

249 (4349) ശ്രീ. സി. കൃഷ്ണൻ:

ശ്രീ. എം. സ്വരാജ്:

ശ്രീ. പി. വി. അൻവർ:

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നിന്നും വ്യത്യസ്തമായി ഈ ഓണക്കാലത്ത് പലവ്യഞ്ജനങ്ങളുടെ വില ഫലപ്രദമായി നിയന്ത്രിച്ചുനിർത്താൻ സാധിച്ചതിന് പിന്നിൽ സർക്കാരിന്റെ ഏത് തരത്തിലുള്ള ഇടപെടലുണ്ടായിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് സപ്ലൈകോ വിൽപ്പനകേന്ദ്രങ്ങൾ വഴി സബ്സിഡിയോടെ നൽകിയിരുന്ന പലവ്യഞ്ജനങ്ങളുടെ വിലയിൽ എത്ര കണ്ട് വർദ്ധനവ് വരുത്തിയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; സബ്സിഡിയോടെ നൽകുന്ന പലവ്യഞ്ജനങ്ങളുടെ വില വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് അറിയിക്കുമോ;

(സി) സർക്കാരിന്റെ വിപണിയിലെ ഇടപെടലിന്റെ ഭാഗമായി പല അവശ്യ വ്യഞ്ജനങ്ങളുടെയും വില പൊതു മാർക്കറ്റിൽ സപ്ലൈകോ വിലയുടെ തുല്യമായ സ്ഥിതിക്ക് സപ്ലൈകോ വഴി നൽകുന്ന ഉല്പന്നങ്ങളുടെ വില കുറയ്ക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 2016-ലെ ഓണം- ബക്രീദ് ഉത്സവകാലത്ത് 14 ജില്ലാഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി മാവേലി സ്റ്റോറുകളില്ലാത്ത 32 പഞ്ചായത്തുകളിലെ 25 പഞ്ചായത്തുകളിലും ഓണച്ചന്തകൾ സംഘടിപ്പിച്ച് മാവേലി സ്റ്റോറുകളില്ലാത്ത മറ്റു ഏഴ് പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു. പൊതുവിപണിയിൽ 530 രൂപ വിലവരുന്ന അവശ്യസാധനങ്ങളും ശബരി ഉൽപ്പന്നങ്ങളും അടങ്ങിയ കിറ്റ് 460 രൂപയ്ക്ക് വിതരണം ചെയ്തിരുന്നു.

ഇത്തരത്തിൽ വിൽപ്പനശാലകൾ വഴിയും ഓണം പ്രത്യേക ചന്തകൾ വഴിയും വിപണിയിടപെടൽ നടത്തിയതുവഴി കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റം എന്നിവയ്ക്കുള്ള സാധ്യത ഇല്ലാതാക്കാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

കൂടാതെ ഈ ഓണക്കാലത്ത് 16.06 ലക്ഷം BPL കുടുംബങ്ങൾക്ക് 2 കിലോ മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവയടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം സപ്ലൈകോ വില്പനശാലകളിലൂടെ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഓരോ റേഷൻകാർഡിനും ഒരു കിലോ സ്പെഷ്യൽ പഞ്ചസാര വിതരണത്തിനുള്ള പഞ്ചസാര റേഷൻകടകളിൽ ലഭ്യമാക്കി. ഇവ കൂടാതെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റിനുള്ള സാധനങ്ങൾ സമയബന്ധിതമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കുള്ള അഞ്ച് കിലോ അരിയുടെ വിതരണവും കാര്യക്ഷമമായി പൂർത്തിയാക്കി.

(ബി) വില വ്യത്യാസത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

നിലവിലെ സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, കുറവ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അരി, മട്ട അരി, ജയ അരി, വെളിച്ചെണ്ണ തുടങ്ങിയ 13 ഇനം അവശ്യ ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കില്ല എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ചെറുപയറിന്റെ പൊതുവിപണിവില കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നിലവിലെ സബ്സിഡി വിലയായ 74 രൂപയിൽ നിന്ന് 8 രൂപ കുറച്ച് 66 രൂപയ്ക്കാണ് വിൽപ്പന നടത്തുന്നത്. മറ്റ് അവശ്യഭക്ഷ്യ വസ്തുക്കൾ പൊതുവിപണിവിലയിൽനിന്നും 50% വരെ വിലകുറച്ചാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്.

**സിവിൽ സപ്ലൈസിന്റെ വില്പനശാലകളിൽ വില സ്ഥിരത**

250 (4350) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി എത്ര വർഷത്തേക്കാണ് വില വർദ്ധനയില്ലാതെ ഉത്പന്നങ്ങൾ വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വില വർദ്ധനയില്ലാതെ ഉല്പന്നങ്ങൾ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ തന്നെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന 13 ഇനം അവശ്യ ഭക്ഷ്യവസ്തുക്കളുടെ വില ഈ സർക്കാരിന്റെ കാലാവധി കഴിയുന്നതുവരെ വർദ്ധിപ്പിക്കില്ല എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) അവശ്യവസ്തുക്കൾ പൊതുവിപണിയിൽനിന്ന് വാങ്ങുന്നതിന് സുതാര്യമായ ഇ-ടെൻഡർ സംവിധാനം നിലവിലുണ്ട്. ഈ സംവിധാനത്തിലൂടെ കാര്യക്ഷമമായി വാങ്ങുകയും സർക്കാർ നിശ്ചയിക്കുന്ന വിലയിൽ വിതരണം ചെയ്യുന്നുമുണ്ട്. മാർക്കറ്റിടപെടൽ പദ്ധതി വഴി സബ്സിഡി സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. ഈ സർക്കാർ

അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച ഏറ്റവും കൂടുതൽ ബഡ്ജറ്റ് വിഹിതമാണ്. 2016 സെപ്റ്റംബർ മാസം വരെ 131.42 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്.

**സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

251 (4351) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ, താരതമ്യേന കുറഞ്ഞ സാമ്പത്തിക ബാധ്യതമാത്രം ഉണ്ടായേക്കാവുന്ന, കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള 2014 കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണംമൂലം എത്ര തുക അധിക ബാധ്യത വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) താൽക്കാലിക ജീവനക്കാർക്കും, പാക്കിങ് തൊഴിലാളികൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും തരത്തിലുള്ള വേതന വർദ്ധനവ് നടപ്പാക്കിയിട്ടുണ്ടോ; ഇവർക്ക് സംസ്ഥാന സർക്കാർ അംഗീകരിച്ച മിനിമം വേതനം നൽകുന്നുണ്ടോ;

(ഡി) പ്രതിദിനം പത്ത് മണിക്കൂറിലധികം ജോലിചെയ്യുന്ന താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള സപ്ലൈകോയിലെ ജീവനക്കാർക്ക് അധിക വേതനമോ മറ്റേതെങ്കിലും ആനുകൂല്യങ്ങളോ നൽകിവരുന്നുണ്ടോ;

(ഇ) സപ്ലൈകോയിൽ കോമൺ സർവീസ് റൂൾ നിർമ്മിക്കാനും വർക്ക് സ്റ്റഡി പൂർത്തീകരിച്ച് സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുവാനും ജീവനക്കാരുടെ സംഘടനകളുമായി ധാരണയുണ്ടാക്കിയിരുന്നുവോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സപ്ലൈകോ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച

നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രതിമാസം ഏകദേശം 46.63 ലക്ഷം രൂപ അധിക ബാധ്യത വരുമെന്ന് കണക്കാക്കുന്നു.

(സി) വേതന വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ദിവസവേതനക്കാരുടെ വേതനം 250 രൂപയിൽ നിന്ന് 350 രൂപയായും പാക്കിംഗ് തൊഴിലാളികളുടെ വേതനം പായ്ക്കറ്റ് ഒന്നിന് 50 പൈസയിൽ നിന്ന് 75 പൈസയായും 7-9-2016 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതും സംസ്ഥാന സർക്കാർ അംഗീകരിച്ച മിനിമം വേതന പരിധിയിൽ ഉൾപ്പെടുന്നതുമാണ്.

(ഡി) സപ്ലൈകോ ജീവനക്കാർക്ക് 1/2 ഡി.എ., 1/4 ഡി.എ., അവധി വേതനം എന്നിവ നൽകിവരുന്നു.

(ഇ) ഉണ്ട്. സപ്ലൈകോ ജീവനക്കാർക്കുവേണ്ടിയുള്ള കോമൺ സർവ്വീസ് റൂൾ 30-12-2015-ൽ സപ്ലൈകോ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട്, ജീവനക്കാർക്ക് പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് 31-3-2016 വരെ സമയം നൽകുകയും ടി കാലയളവിനുള്ളിൽ ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മേൽ പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മാനേജർ (ഫിനാൻസ്) കൺവീനറായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സപ്ലൈകോ ജീവനക്കാർക്കായി NPS (നാഷണൽ പെൻഷൻ സിസ്റ്റം) നടപ്പിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വരുത്തുന്നതുമൂലം സപ്ലൈകോയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല എന്ന വിവരം 25-5-2015-ൽ അറിയിച്ചിട്ടുണ്ട്. 21-7-2016-ൽ

തിരുവനന്തപുരത്തുവച്ച് ഡിപ്പാർട്ടുമെന്റും PFRDA-യും സംയുക്തമായി സംഘടിപ്പിച്ച 'NPS' awareness programme-നെ തുടർന്ന് KSR part III ബാധകമല്ലാത്ത സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും NPS-ന്റെ കീഴിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മണ്ണെണ്ണ കൂടുതലായി അനുവദിക്കുന്നതിന് നടപടി**

252 (4352) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിൽ മരം വീഴ്ച പോലുള്ള കാരണങ്ങളാൽ വൈദ്യുതി ആഴ്ചകളോളം ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടാകുന്നതിനാൽ ആദിവാസി തോട്ടം മേഖലകളിലെ താമസക്കാർക്ക് മണ്ണെണ്ണ കൂടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി പതിവായി ലഭ്യമാകാത്ത ഇത്തരം കോളനികളിൽ നേരത്തെ ലഭിച്ചിരുന്ന മണ്ണെണ്ണ തുടർന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്രത്തിൽനിന്നും ലഭ്യമാകുന്ന മണ്ണെണ്ണ ഉപയോഗിച്ച് സംസ്ഥാനത്തിലെ 80 ലക്ഷത്തോളം വരുന്ന റേഷൻ കാർഡുകളിലെ വൈദ്യുതീകരിക്കാത്ത കാർഡുകൾക്ക് 4 ലിറ്ററും വൈദ്യുതീകരിച്ച കാർഡുകൾക്ക് 1/2 ലിറ്ററും വീതം മണ്ണെണ്ണ നല്കിയശേഷം ബാക്കിവരുന്ന മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്കും കാർഷിക മേഖലയ്ക്കും നല്കിവരുന്നു. കേന്ദ്രത്തിൽനിന്നും ലഭ്യമാകുന്ന മണ്ണെണ്ണയുടെ അളവിൽ ഓരോ വർഷവും ഗണ്യമായ കുറവുണ്ടാകുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മേൽ പറഞ്ഞ അളവിൽ തന്നെ മണ്ണെണ്ണ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആദിവാസികൾക്ക് ലഭ്യമാക്കുന്ന മണ്ണെണ്ണ അനുവദിച്ച അളവിൽ തന്നെ വിതരണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന മണ്ണെണ്ണയുടെ അളവിൽ വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ ആദിവാസികൾക്ക് കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. മരം വീഴ്ച പോലുള്ള

കാരണങ്ങളാൽ ആഴ്ചകളോളം വൈദ്യുതി ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട ജില്ലയിലെ നീക്കിയിരിപ്പും ലഭ്യതയും അനുസരിച്ച് ആദിവാസികൾക്ക് കൂടുതൽ മണ്ണെണ്ണ നല്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നല്കുന്നതാണ്.

**മലപ്പുറം മണ്ഡലത്തിൽ സപ്ലൈകോയുടെ സ്റ്റോറുകളും മാർക്കറ്റുകളും**

253 (4353) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ഇപ്പോൾ എവിടെയെല്ലാം മാവേലി സ്റ്റോറുകളും സപ്ലൈകോയുടെ നന്മ സ്റ്റോറുകളും ലാഭം മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) മൊറയൂർ വാലഞ്ചേരിയിലും, ആനക്കയം പാപ്പിനിപ്പാറയിലും പുതുതായി അനുവദിച്ച മാവേലി സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ;

(സി) പുതുതായി മാവേലിസ്റ്റോറുകളും നന്മ സ്റ്റോറുകളും ലാഭം മാർക്കറ്റുകളും ആരംഭിക്കാൻ പദ്ധതിയുണ്ടോ?

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളുടെയും സൂപ്പർ മാർക്കറ്റുകളുടേയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മൊറയൂർ പഞ്ചായത്തിലെ വാലഞ്ചേരിയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പാലക്കാട് റീജിയണൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സർക്കാർ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും അനുകൂല തീരുമാനം ലഭ്യമാകാത്തതിനാൽ വാലഞ്ചേരിയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആനക്കയം പഞ്ചായത്തിലെ പാപ്പിനിപ്പാറയിൽ പുതുതായി മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അനുമതി 12-02-2016-ന് നൽകിയിട്ടുണ്ട്. എന്നാൽ നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ചുള്ള അനുയോജ്യമായ വാടകരഹിത കെട്ടിടവും തുകയും നൽകുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് പിന്നീട് തയ്യാറാകാത്തതിനാൽ മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) ഉണ്ട്. സംസ്ഥാനത്ത് സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 32 ഗ്രാമ പഞ്ചായത്തുകളിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിനായി സഹകരണ സംഘങ്ങൾ

254 (4354) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിനായി സഹകരണ സംഘങ്ങളെ ഏല്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ നെല്ല് സംഭരണത്തിൽ കച്ചവടക്കാരുടെ ഏജന്റുമാരായ നിരവധി പേർ കടന്നുകൂടുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരക്കാരെ മാറ്റി നിർത്താൻ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(സി) നെല്ല് സംഭരണത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരും ഫീൽഡ് ഇൻസ്പെക്ഷൻ, വെരിഫിക്കേഷൻ എന്നീ കാര്യങ്ങളിൽ ഒന്നുചേർന്നു പ്രവർത്തിക്കുന്നില്ല എന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വീഴ്ചയില്ലാതാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നെല്ലിന്റെ വില കർഷകർക്ക് ലഭ്യമാക്കുന്നതിനായി ആന്ധ്രാപ്രദേശിൽ വിജയകരമായി നടപ്പിലാക്കിയതുപോലെ കമ്പ്യൂട്ടർ-മൊബൈൽ അധിഷ്ഠിത

സംവിധാനം വികസിപ്പിച്ച് നടപ്പിലാക്കാൻ എന്തെങ്കിലും നീക്കം സർക്കാർ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിൽ ഇതുവരെ കൊടുത്ത തുകയെത്രയാണ്; ഇനി ബാക്കി എത്ര തുക കൊടുത്തുതീർക്കാനുണ്ട്; ഇതിന്റെ ബ്ലോക്ക് അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സഹകരണ മേഖലയിലുള്ള പാഡികോ എന്ന സ്ഥാപനം പാലക്കാട് ജില്ലയിലെ നെല്ല സംഭരണ പ്രക്രിയയിൽ പങ്കാളിയാണ്.

(ബി) നെല്ല് സംഭരണ പ്രക്രിയയിൽ പാടശേഖരങ്ങളിൽനിന്നും നെല്ല് ഏറ്റെടുത്ത് സംഭരണ കേന്ദ്രത്തിലേയ്ക്ക് അഥവാ മില്ലിലേയ്ക്ക് കടത്തി സുരക്ഷിതമായി മൂന്നുമാസത്തോളം സൂക്ഷിച്ചുവച്ച് അത് കുത്തി അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിനായി സ്വകാര്യ മില്ലുടമകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. പ്രസ്തുത മില്ലുകാരാണ് കർഷകരിൽ നിന്നും സപ്ലൈകോയ്ക്ക് വേണ്ടി നെല്ല് ഏറ്റെടുക്കുന്നത്. ഇതിൽ കച്ചവടക്കാരുടെ ഏജന്റുമാർ ഉള്ളതായി അറിവില്ല.

(സി) നെല്ല് സംഭരണത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാരും ഫീൽഡ് ഇൻസ്പെക്ഷൻ, വെരിഫിക്കേഷൻ എന്നീ കാര്യങ്ങളിൽ ഒന്നുചേർന്നു തന്നെയാണ് പ്രവർത്തിക്കുന്നത്. കർഷകർ രജിസ്റ്റർ ചെയ്യുന്ന അപേക്ഷകൾ അതാതു പഞ്ചായത്തിലെ കൃഷിഭവനിലാണ് സമർപ്പിക്കുന്നത്. പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ വിശിഷ്യാ കൃഷി ചെയ്ത നെല്ലിന്റെ ഇനം, വിസ്തൃതി എന്നിവ കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റുമാർ പരിശോധിച്ച് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് സപ്ലൈകോ കർഷകരിൽ നിന്ന് നെല്ല് ഏറ്റെടുക്കുന്നത്. നെല്ല് ഏറ്റെടുക്കുമ്പോൾ അവ പരിശോധിക്കുന്നതിനായി കൃഷി വകുപ്പിൽനിന്ന് ഈ സീസണിൽ 45 കൃഷി അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) നെല്ല് സംഭരണ സംസ്കരണ വിപണന പദ്ധതി കേന്ദ്ര സർക്കാർ

നിഷ്കർഷിച്ചിട്ടുള്ള online procurement monitoring system-ന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു. കമ്പ്യൂട്ടർ - മൊബൈൽ അധിഷ്ഠിത സംവിധാനം വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുന്നപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) 2016-17 സീസണിൽ പാലക്കാട് ജില്ലയിൽനിന്ന് 18-10-2016 വരെ 36153 കി.ഗ്രാം നെല്ല് സംഭരിച്ച വകയിൽ 7,77,290 രൂപ നല്കുവാനുണ്ട്. കണക്കുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സൂക്ഷിക്കുന്നില്ല.

**സൗജന്യമായി ഭക്ഷ്യ ധാന്യവിതരണം**

255 (4355) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗത്തിനുള്ള പട്ടിക തയ്യാറാക്കുമ്പോൾ ഭക്ഷ്യധാന്യ കമ്മി സംസ്ഥാനങ്ങൾക്ക് കൂടുതൽ ഇളവുകൾ അനുവദിക്കണമെന്നും കേരളത്തിലെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം (പ്രതിവർഷം 16.25 ലക്ഷം ടൺ എന്ന തോതിൽ) അനുവദിക്കണമെന്നുമുള്ള ആവശ്യം കഴിഞ്ഞ സർക്കാർ ഉന്നയിച്ചതുപോലെ ഇപ്രാവശ്യവും ഉന്നയിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) 2016 ഏപ്രിൽ മുതൽ കേരളം സൗജന്യമായി ഭക്ഷ്യധാന്യ വിതരണം നടത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേരള സംസ്ഥാനം രൂപീകൃതമായതുമുതൽ നിരന്തര പരിശ്രമത്തിലൂടെ വളർത്തിയെടുത്ത പൊതുവിതരണ സമ്പ്രദായം തകർത്തു കളയുന്ന തരത്തിൽ ഭക്ഷ്യ വകുപ്പ് എടുത്തിട്ടുള്ള തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര പാർലമെന്റ് പാസ്സാക്കിയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സമയബന്ധിതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത നിയമം നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗത്തിൽ

ഉൾപ്പെടാത്ത കാർഡിലെ അംഗങ്ങൾക്കും ഭക്ഷ്യധാന്യം ഉൾപ്പെടുത്തുന്നതിന് പദ്ധതിയുണ്ട്. ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി നിരന്തരം ആശയവിനിമയം നടത്തിവരുന്നു.

(ബി) സൗജന്യ ഭക്ഷ്യ ധാന്യ വിതരണം എ.എ.വൈ. വിഭാഗക്കാർക്ക് മാത്രമാണ് നടത്തിവരുന്നത്.

(സി) അങ്ങനെ ഒരു തീരുമാനം ഭക്ഷ്യവകുപ്പ് എടുത്തിട്ടില്ല. പൊതുവിതരണ സംവിധാനത്തെ കൂടുതൽ സുതാര്യവും കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്ന ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് പ്രാബല്യത്തിലാകുന്നതോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തവും ജനപ്രിയമാവുകയുമാണ് ചെയ്യുന്നത്.

## നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം

256 (4356) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളും സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകളും വഴി വിൽക്കുന്ന ഭൂരിപക്ഷം നിത്യോപയോഗ സാധനങ്ങൾക്കും ഗുണനിലവാരമില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പിളുകൾക്ക് പകരം സാധനങ്ങളുടെ ഫോട്ടോ കണ്ട് പർച്ചേസ് ഓർഡർ നൽകുന്ന രീതി സപ്ലൈകോ അവലംബിക്കുന്നുണ്ടോ;

(സി) പർച്ചേയ്സ് ഓർഡർ നൽകുന്നതിന് മുമ്പ് സാമ്പിളുകൾ ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തണമെന്ന് വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ ഗുണ നിലവാരമുള്ള സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇല്ല.

(ഡി) സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിനായി സപ്ലൈകോയുടെ ക്വാളിറ്റി

മാനുവലിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ഡിപ്പോകളിൽ എത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. കൂടാതെ വിവിധ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ യഥാസമയങ്ങളിൽ കോന്നിയിലുള്ള CFRD ലാബിലും, റീജിയണൽ അനലിറ്റിക്കൽ ലാബിലും റാൻഡമായി സാമ്പിളുകൾ പരിശോധന നടത്തുന്നുണ്ട്. പാക്കറ്റ് ഭക്ഷ്യവസ്തുക്കൾക്ക് HACCP, ISO 22000, അഗ്മാർക്ക് എന്നീ ഗുണമേന്മ നിർബന്ധമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗവും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്.

**ഭക്ഷ്യധാന്യ വിതരണത്തിന് പുതിയ സംവിധാനം**

257 (4357) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. വിൻസെന്റ്::
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യ വിതരണത്തിൽ ഉപഭോക്താവ് വഞ്ചിക്കപ്പെടാതിരിക്കാൻ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ബി) റേഷൻ കടകളിൽനിന്നും കിട്ടേണ്ട ഉൽപന്നങ്ങളും അളവും പ്രതിമാസ റേഷൻ സംബന്ധിച്ച വിവരങ്ങളും ഉപഭോക്താവിനെ അറിയിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പുതിയ സംവിധാനത്തിൽ ഉള്ളത്; വിവരിക്കുമോ;

(സി) എന്നുമുതലാണ് ഇത്തരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന

ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ് / ബാർ കോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) റേഷൻകടകളിൽനിന്നും കിട്ടേണ്ട ഉത്പന്നങ്ങളും അളവും സംബന്ധിച്ച് പ്രതിമാസ റേഷൻ വിഹിത വിവരങ്ങൾ ഓരോ ഉപഭോക്താവിനും എസ്.എം.എസ്. മുഖേന അറിയിക്കുക, സ്റ്റോക്ക് എത്തിച്ചേരുന്ന വിവരം കാർഡുടമയെ എസ്.എം.എസ്. സന്ദേശം വഴി അറിയിക്കുക, കൂടാതെ ട്രാൻസ്പാരൻസി പോർട്ടൽ മുഖേന ഓരോ ട്രാൻസാക്ഷനും തത്സമയം തന്നെ എല്ലാവർക്കും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക തുടങ്ങിയവ പുതിയ സംവിധാനത്തിൽ വിഭാവന ചെയ്യുന്നുണ്ട്.

(സി) 31-3-2017-നകം പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### റേഷൻ കടകളെ കമ്പ്യൂട്ടർവഴി ബന്ധിപ്പിക്കുന്ന എൻഡ് ടു എൻഡ് പദ്ധതി

258 (4358) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളെ കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കുന്ന "എൻഡ് ടു എൻഡ്" പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകാതിരിക്കാനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഗുണഭോക്താക്കളുടെ വിവരങ്ങളുടെ സമ്പൂർണ്ണ ഡിജിറ്റൽ വൽക്കരണം, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, എ.ആർ.ഡി. ഓട്ടോമേഷൻ (റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് വിതരണം), സുതാര്യമായ പരാതിപരിഹാര സംവിധാനം സ്ഥാപിക്കുകയും സുതാര്യതാപോർട്ടൽ (Transparency Portal) സ്ഥാപിക്കുകയും ചെയ്യുക തുടങ്ങിയ സങ്കീർണ്ണ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി. 2017 മാർച്ച് മാസത്തോടുകൂടി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനം ത്വരിതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.

**തലസ്ഥാനത്തെ തിയേറ്ററുകളിലെ ഭക്ഷണശാലകളിൽ അമിത ചാർജ്**

259 (4359) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ വിവിധ തിയേറ്ററുകളിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകളിൽ അമിത ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭക്ഷണശാലകളിൽകൂടി വിതരണം നടത്തുന്ന എല്ലാവിധ ഭക്ഷണ പാനീയങ്ങളുടെയും വിലവിവരം പ്രദർശിപ്പിക്കുന്നതിനും എം.ആർ.പി.-യിൽ അധികം ഈടാക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം ഭക്ഷണശാലകളിലെ അമിത വിലയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സിനിമ തിയേറ്ററുകളിലെ ഭക്ഷണശാലകളിൽ ഭക്ഷണ പാനീയങ്ങളുടെ

എം.ആർ.പി.-യിലും അധികം വില ഈടാക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ സ്വീകരിക്കുന്നതാണ്. ടി ഭക്ഷണശാലകളിൽ ഭക്ഷണപാനീയങ്ങളുടെ വിലവിവരം പ്രദർശിപ്പിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇല്ല, ബാധകമല്ല.

**ശബരിമലയിൽ തീർത്ഥാടകർക്ക് ന്യായവിലയിൽ ഭക്ഷണം നൽകുന്നതിന് നടപടി**

260 (4360) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന മണ്ഡലകാലത്ത് ശബരിമലയിൽ തീർത്ഥാടകർക്ക് ന്യായവിലയിൽ ഭക്ഷണം നൽകുന്നതിന് സപ്ലൈകോ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) തീർത്ഥാടകർക്ക് മായമില്ലാത്ത ഭക്ഷണം നൽകാനും അമിതവില ഈടാക്കാതിരിക്കാനും എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ആയതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ സപ്ലൈകോ ഭക്ഷണശാലകളുടെ പ്രവർത്തനം നടത്തുന്നില്ല. ഈ സാഹചര്യത്തിൽ വരുന്ന മണ്ഡലകാലത്ത് ശബരിമലയിൽ തീർത്ഥാടകർക്ക് ന്യായവിലയിൽ ഭക്ഷണം നൽകുന്നതിന് സപ്ലൈകോ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വരുന്ന മണ്ഡല കാലത്ത് ജില്ലാ ഭരണകൂടമോ, ഗവൺമെന്റ് ഇതര ഏജൻസികളോ ന്യായവില ഹോട്ടലുകൾ പ്രവർത്തിപ്പിക്കുകയാണെങ്കിൽ അവയ്ക്ക് സപ്ലൈകോ ബൾക്ക് നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഹോട്ടലുകളിൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക

രീതിയിൽ പ്രദർശിപ്പിക്കണമെന്ന നിയമം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് നിരന്തര പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിക്കുന്ന വിലയേക്കാൾ അധിക തുക ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്.

ശബരിമല മണ്ഡല മകരവിളക്ക് ഉത്സവകാലയളവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സ്പെഷ്യൽ സ്ക്വാഡുകൾ സന്നിധാനം, പമ്പ, നിലയ്ക്കൽ, എരുമേലി തുടങ്ങിയ ശബരിമലയുമായി ബന്ധപ്പെട്ട മേഖലകളിലുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മറ്റ് ഭക്ഷണ വിതരണ കേന്ദ്രങ്ങൾ എന്നിവടങ്ങളിൽനിന്നും സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുന്നതാണ്. ഇതുകൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം മൊബൈൽ വിജിലൻസ് സ്ക്വാഡ്, എറണാകുളം വിജിലൻസ് സ്ക്വാഡ് എന്നിവരും നിരന്തര പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഭക്ഷണ വിതരണ ശാലകൾക്ക് രജിസ്ട്രേഷനും, പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാൻ ടോൾ ഫ്രീ നമ്പർ (1800 425 1125) സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഹോട്ടലുകളിൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിക്കണമെന്ന് നിയമംമൂലം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കർശനമായി പാലിക്കുന്നുണ്ടോ എന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ ലീഗൽ മെട്രോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്തമായും നിരന്തര പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (display of prices by catering establishment) Order, 1977-ലെയും 1980-ലെയും Kerala Essential Commodities Maintenance of account and display of price and stock Order എന്നിവയും പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെയും മൊബൈൽ വിജിലൻസ് സ്ക്വാഡിന്റെയും പ്രവർത്തനവും ലഭ്യമാക്കുന്നതാണ്.

**സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് നൽകുന്ന അരിയുടെ ഗുണനിലവാരം**

261 (4361) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് നൽകുന്ന അരിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ;

(ബി) ഇത്തരത്തിൽ വിതരണം ചെയ്യുന്നതിന് മെച്ചപ്പെട്ട അരി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന് കുത്തരി ലഭ്യമാക്കുന്നതിന് പദ്ധതികളുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) എഫ്.സി.ഐ-യിൽ നിന്നും 'ഗ്രേഡ് എ' അരിയാണ് സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി നൽകുന്നത്. ഒരോ ജില്ലകളിലുമുള്ള ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ, അതാത് ജില്ലകളിലെ എഫ്.സി.ഐ.-യിൽ ലഭ്യമായ ഗുണനിലവാരമുള്ള ഏറ്റവും നല്ല അരി മാർക്ക് ചെയ്ത് അതാത് ഡിപ്പോകളിലേയ്ക്ക് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്.

(സി) സ്കൂളുകളിലേയ്ക്ക് കുത്തരി നൽകുന്നതിന് ഇപ്പോൾ പദ്ധതികളില്ല.

## തിരുവനന്തപുരം ജില്ലയിലെ മാവേലി സ്റ്റോറുകൾ

262 (4362) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ 95 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

**പഴയകുന്നുമ്മേൽ 5-ാം വാർഡിൽ പുതിയ റേഷൻകട**

263 (4363) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ പുതിയ റേഷൻകട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സിവിൽ സപ്ലൈസ് ഡയറക്ടർ തിരുവനന്തപുരം ജില്ലാ സപ്ലൈ ഓഫീസർക്ക് സി.എസ്.എ 4-19657/16 എന്ന ഫയൽ നമ്പർ പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ എവിടെയാണെന്നും ഫയലിന്മേൽ എത്രയുംവേഗം നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്തുത ഫയൽ സിവിൽ സപ്ലൈസ് ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുണ്ട്. തിരുവനന്തപുരം ജില്ലാ സപ്ലൈ ആഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ദേശീയ ഉപഭോക്തൃ സംരക്ഷണ ഭേദഗതി നിയമം**

264 (4364) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഉപഭോക്തൃ സംരക്ഷണ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഉപഭോക്തൃ സംരക്ഷണ ഭേദഗതി നിയമത്തിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്, ഉപഭോക്തൃ സംരക്ഷണ ഭേദഗതി നിയമത്തിന്റെ പരിധിയിൽ

വരുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമായി പ്രസ്തുത ബില്ലിൽ പ്രതിപാദിക്കണമെന്നും, ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേയും ഫോറങ്ങളിലേയും പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ നിയമനം സംബന്ധിച്ച് നിലവിലെ നിയമന രീതി തുടരണമെന്നും ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ഫോറങ്ങളും ട്രിബ്യൂണൽ എന്ന് പുനർനാമകരണം ചെയ്യണമെന്നും പ്രസ്തുത ഫോറങ്ങളിൽ നോട്ടീസ് നൽകുന്നതിന് പ്രോസസ്സ് സർവ്വർമാരെ നിയമിക്കണമെന്നും നോട്ടീസുകൾ ഇ-മെയിലായി അയയ്ക്കുന്നതിന് സംവിധാനം ഉണ്ടാക്കണമെന്നുമുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തീർപ്പാക്കാനുള്ള കേസ്സുകൾ അധികമുള്ള ഫോറങ്ങളിൽ നിന്നും കേസ്സുകൾ കുറവുള്ള ഫോറങ്ങളിലേയ്ക്ക് മാറ്റി നൽകുന്നതിന് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് അധികാരം നൽകണമെന്നും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ മെമ്പറായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതാ മാനദണ്ഡം നിയമ ബിരുദവും അഞ്ചു വർഷത്തെ കോടതി പ്രാക്ടീസുമാക്കി നിശ്ചയിക്കണമെന്നും കോടതിക്കു പുറത്ത് മീഡിയേഷൻ വഴി കേസ്സുകൾ തീർപ്പു കൽപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ച് ആക്ടിൽ വ്യവസ്ഥ ചെയ്യണമെന്നുമുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(നക്ഷത്രചിഹ്നമിടാത്ത 4113, 4132, 4177, 4178, 4181, 4251, 4297 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II അടിയന്തരപ്രമേയം

മി. സ്പീക്കർ: റൂൾ 50 പ്രകാരം രണ്ട് നോട്ടീസുകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. ഒ. രാജഗോപാൽ ഒപ്പിട്ട ഒരു നോട്ടീസും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനൾപ്പെടെ ഒപ്പിട്ട മറ്റൊരു നോട്ടീസുമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. എം. ഷാജി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നൽകിയ നോട്ടീസാണ് ചെയർ പരിഗണിക്കുന്നത്.

### ഫോൺ ചോർത്തൽ

മി. സ്പീക്കർ: വിജിലൻസ് ഡി.ജി.പി.-യുടെ ഫോൺ ചോർത്തുകയും ഇ-മെയിൽ ഹാക്ക് ചെയ്യുകയും ചെയ്തതായി വിജിലൻസ് മേധാവി തന്നെ പോലീസിനെതിരെ ആക്ഷേപം ഉന്നയിച്ചിരിക്കുന്നതായി എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഉന്നതരായ പോലീസ് ഉദ്യോഗസ്ഥരെ സർക്കാരിന് വിശ്വാസമില്ലെന്നതിന്റെ സൂചനയാണിത്. ഉന്നത ഉദ്യോഗസ്ഥരുടെ ഇടയിലെ ശീതസമരവും കുടിപ്പകയും സർക്കാരിന്റെയും പോലീസിന്റെയും വിശ്വാസ്യതയ്ക്ക് മങ്ങലേൽപ്പിച്ചിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. എം. ഷാജി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിക്കപ്പെട്ട തരത്തിലുള്ള ഒരാരോപണവും വിജിലൻസ് ഡയറക്ടർ ഉന്നയിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഫോണും ഇ-മെയിൽ സന്ദേശങ്ങളും ചോർത്തുന്നതായി വന്ന ഒരു പത്രവാർത്ത ശ്രദ്ധയിൽപ്പെടുത്തുകയും അതിലുള്ള ആശങ്ക സർക്കാരിനെ അറിയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. പത്ര റിപ്പോർട്ടിൽ പറയുന്ന കാര്യം സത്യമാണെങ്കിൽ നടപടിയുണ്ടാകണമെന്ന് മാത്രമേ അദ്ദേഹം പറഞ്ഞിട്ടുള്ളൂ. പത്രവാർത്ത വന്നാൽ സാധാരണ ഏതൊരാൾക്കുമുണ്ടാകാവുന്ന ആശങ്ക മാത്രമേ അദ്ദേഹവും പ്രകടിപ്പിച്ചിട്ടുള്ളൂ. അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിക്കപ്പെട്ട കത്ത് വിജിലൻസ് ഡി.ജി.പി.-യിൽനിന്ന് കിട്ടിയിട്ടുണ്ട്. എന്നാൽ കത്തിൽ പറയുന്ന വിധത്തിലുള്ള യാതൊരു നിരീക്ഷണത്തിനും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് ആരെങ്കിലും അനുമതി

ചോദിക്കുകയോ അവർ അനുമതി നൽകുകയോ ഉണ്ടായിട്ടില്ല. മറിച്ചുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണ്. രാഷ്ട്രീയ നേതാക്കളുടെയോ ഉദ്യോഗസ്ഥരുടെയോ ഫോൺ, ഇ-മെയിൽ തുടങ്ങിയവ ചോർത്തൽ സർക്കാരിന്റെ നയമല്ല. ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് വകുപ്പ് 5(2) പ്രകാരം രാഷ്ട്രത്തിന്റെ സുരക്ഷാ ആവശ്യത്തിനോ രാജ്യത്തിന്റെ അഖണ്ഡതയ്ക്കോ അത്യാവശ്യഘട്ടങ്ങളിൽ കുറ്റകൃത്യം തടയുന്നതിനോ സർക്കാരിന്റെ അനുവാദത്തോടുകൂടി മാത്രം ടെലിഫോൺ വഴി നടക്കുന്ന സംഭാഷണങ്ങളും സന്ദേശങ്ങളും നിരീക്ഷിക്കാവുന്നതാണ്. ഇന്ത്യൻ ടെലിഗ്രാഫ് അമെന്റ്മെന്റ് റൂൾ 2007 പ്രകാരം സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ സെക്രട്ടറിമാർക്കാണ് ഇതിന് അംഗീകാരം നൽകാനുള്ള അധികാരമുള്ളത്. എന്നാൽ മുകളിൽ സൂചിപ്പിച്ചപ്രകാരമുള്ള സാഹചര്യങ്ങളിൽ സംസ്ഥാനത്ത് ഐ.ജി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് ഇത് നിരീക്ഷിക്കാവുന്നതും മൂന്നുദിവസത്തിനകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും ഏഴു ദിവസത്തിനകം ഇതിന്റെ ഉത്തരവ് സംസ്ഥാന ആഭ്യന്തര വകുപ്പുസെക്രട്ടറിയിൽ നിന്നും വാങ്ങേണ്ടതുമാണ്. ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് സെക്ഷൻ 7 അനുസരിച്ച് നിയമപരമായല്ലാതെ നടത്തുന്ന ടെലിഫോൺ നിരീക്ഷണങ്ങൾ കുറ്റകൃത്യമായാണ് കണക്കാക്കുന്നത്. ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2008-ലെ 69, 69(A), 69(B) എന്നീ വകുപ്പുകൾ പ്രകാരം സർക്കാരിനോ അധികാരപ്പെടുത്തിയ സർക്കാർ ഉദ്യോഗസ്ഥർക്കോ രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടി കമ്പ്യൂട്ടർവഴി ലഭ്യമാകുന്ന ഏതു വിവരവും നിരീക്ഷിക്കാനുള്ള അധികാരമുണ്ട്. ഈ നിയമവ്യവസ്ഥകളനുസരിച്ച്, വിജിലൻസ് ഡി.ജി.പി.-യെ സംബന്ധിച്ച് ഒരു അപേക്ഷ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ലഭിക്കുകയോ അനുമതി നൽകുകയോ ഉണ്ടായിട്ടില്ല. സർക്കാരിന്റെ നിലപാടിനും നിയമവ്യവസ്ഥയ്ക്കും വിരുദ്ധമായി ആരെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. എന്നിരുന്നാലും വിജിലൻസ് ഡി.ജി.പി.-യുടെ കത്ത് മുൻനിർത്തി ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിന് ഡി.ജി.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഴിമതിക്കെതിരായി കർക്കശമായി നീങ്ങുന്നതിന് വിജിലൻസിനുള്ള സ്വാതന്ത്ര്യത്തെ ബാധിക്കുന്ന യാതൊരു നടപടിയും അനുവദിക്കുകയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിവിടെ പറഞ്ഞിരിക്കുന്നത് അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ല, മാധ്യമങ്ങളിൽ കണ്ടതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡി.ജി.പി. ശ്രീ. ജേക്കബ് തോമസ് കൊടുത്ത ഒരു

പെറ്റീഷനാണെന്നാണ്. തന്റെ ഫോണും ഇ-മെയിലും ചോർത്തുന്നുവെന്ന് ആരോപിച്ച് വിജിലൻസ് ഡയറക്ടർ ശ്രീ. ജേക്കബ് തോമസ് പോലീസ് മേധാവിക്ക് നൽകിയ കത്തിൽ ഉന്നതതല അന്വേഷണം നടത്തുമെന്ന് ഡി.ജി.പി. ശ്രീ. ലോക്നാഥ് ബെഹ്റ തന്നെ പറഞ്ഞിരിക്കുകയാണ്. ഇത് മലയാള മനോരമ പത്രത്തിൽ വന്നതാണ്. അന്വേഷിച്ച് നടപടിയെടുക്കുമെന്ന് അടുത്ത ദിവസം തന്നെ ഡി.ജി.പി. പറഞ്ഞിരിക്കുകയാണ്. ഡി.ജി.പി.-ക്ക് ഇത് അന്വേഷിക്കാനുള്ള അധികാരമുണ്ടോ ഇല്ലയോ എന്നുള്ളത് രണ്ടാമത്തെ പ്രശ്നമാണ്. പക്ഷേ ഇങ്ങനെയൊരു പരാതി മാധ്യമങ്ങളിൽ കണ്ടതിന്റെ അടിസ്ഥാനത്തിൽ ഒരു പെറ്റീഷൻ കൊടുത്തുവെന്നാണ് പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഏത് മാധ്യമമെന്ന് അദ്ദേഹം പറയണം. അദ്ദേഹം അത് പറയാത്തിടത്തോളംകാലം മാധ്യമവാർത്ത എന്നുള്ള നിഗമനത്തിലെത്താൻ നമുക്ക് കഴിയില്ല. അദ്ദേഹത്തിന്റെ ടെലിഫോൺ ചോർത്തുന്നുവെന്ന പെറ്റീഷൻ ഡി.ജി.പി.-ക്ക് കൊടുക്കുകയും ഡി.ജി.പി. അതിന്മേൽ അന്വേഷണം ആരംഭിച്ചുവെന്ന് പരസ്യമായി പ്രസ്താവിച്ചിട്ടുമുണ്ട്. ഈ നിമിഷം വരെ ഡി.ജി.പി. അത് നിഷേധിച്ചിട്ടില്ല. അതീവഗൗരവതരമായ ഒരു സാഹചര്യത്തിലൂടെ, കറുത്ത ദിനങ്ങളിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. 54000 പോലീസുണ്ടെങ്കിൽ അവർ പല തരത്തിലുള്ള നിലപാടുകളാണെടുക്കുന്നത്. പോലീസിന്റെ തലപ്പത്ത് അന്യോന്യം പാരവയ്പ്പും പരസ്പര വിശ്വാസമില്ലായ്മയും നടക്കുകയാണ്. കേരള സർവ്വീസിൽ വിജിലൻസ് ഡി.ജി.പി., റാങ്കിംഗിൽ രണ്ടാമത്തെയാളാണ്. മൂന്നാമത്തെയാളാണ് ഇപ്പോൾ ലാ ആന്റ് ഓർഡറിന്റെ ചാർജ്ജുള്ള ശ്രീ. ലോക്നാഥ് ബെഹ്റ. രണ്ടാമൻ കൊടുത്തിരിക്കുന്ന പെറ്റീഷനെക്കുറിച്ച് മൂന്നാമൻ അന്വേഷിക്കുന്നുവെന്നാണ് ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഇന്ത്യൻ ടെലികോം ആക്ടിന്റെ അടിസ്ഥാനത്തിലുള്ള നിയമ നടപടികളാണുണ്ടാകേണ്ടത്. ഒരു ഫോൺ ചോർത്തണമെങ്കിൽ അതിന് ചില നടപടികളുണ്ട്. ഐ.ജി. റാങ്കിൽ താഴെയല്ലാത്ത ഒരു പോലീസുദ്യോഗസ്ഥന് ഇന്റലിജൻസ് എ.ഡി.ജി.പി. മുഖേന ഡി.ജി.പി. അല്ലെങ്കിൽ ആഭ്യന്തര വകുപ്പുസെക്രട്ടറിക്ക് അപേക്ഷ കൊടുത്ത് ആഭ്യന്തര വകുപ്പ് സെക്രട്ടറി ഇറക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇന്റർസെപ്റ്റ് ചെയ്യാനോ നിരീക്ഷിക്കാനോ സാധ്യമാകുകയുള്ളൂ. അതല്ലാതെ ചെയ്യുന്നതൊക്കെ നിയമവിരുദ്ധമാണ്. അങ്ങിവിടെ സൂചിപ്പിച്ചതനുസരിച്ച് ശ്രീ. ജേക്കബ് തോമസിന്റെ ഫോൺ ചോർത്താൻ അങ്ങനെയൊരു പെറ്റീഷൻ കൊടുത്തിട്ടില്ല, അതിനുവേണ്ടിയുള്ള അനുമതിയും കൊടുത്തിട്ടില്ല. അനുമതി കൊടുക്കാതെ ഫോൺ ചോർത്തിയിരിക്കുന്നത് വളരെ ഗുരുതരമാണെന്നുള്ളത് പറയാതിരിക്കാൻ കഴിയില്ല. ഇതിലൊരു ഗൂഢാലോചന നടന്നിട്ടുണ്ടാകണം. അദ്ദേഹത്തിന്റെ ടെലിഫോൺ

ചോർത്തണമെന്നുള്ള നിർബന്ധ ബുദ്ധിയോടുകൂടി ഗൂഢാലോചന നടത്തിയതാരാണ്? ശ്രീ. ജേക്കബ് തോമസ് പ്രതിക്കൂട്ടിൽ നിർത്തിയിരിക്കുന്നത് സർക്കാരിനെയും ആഭ്യന്തര വകുപ്പിനെയുമാണ്. അല്ലെങ്കിൽ സത്യം പുറത്തുവരണം. ശ്രീ. ജേക്കബ് തോമസിന്റെ കൈവശമുള്ളത് ബി.എസ്.എൻ.എൽ. ഫോണാണ്. ബി.എസ്.എൻ.എൽ.-ന്റെ ഒരു ഫോൺ ഇന്റർസെപ്റ്റ് ചെയ്യുന്നുണ്ടോ എന്നറിയണമെങ്കിൽ സർവ്വീസ് പ്രൊവൈഡറെ ചോദ്യം ചെയ്യേണ്ടിവരും. ആ സർവ്വീസ് പ്രൊവൈഡർ ഇന്റർസെപ്റ്റ് ചെയ്ത മാർഗ്ഗം നോക്കണം, അവരുടെ സെർവ്വർ പരിശോധിക്കണം. ബി.എസ്.എൻ.എൽ.-ന്റെ സെർവ്വർ പരിശോധിക്കാനുള്ള അധികാരം ഇന്ത്യാ ഗവൺമെന്റിന്റെ ഐ.ബി.-ക്ക് മാത്രമേയുള്ളൂ. ഡി.ജി.പി. നടത്തുന്നുവെന്ന് പറയുന്ന പരിശോധന യഥാർത്ഥത്തിൽ കണ്ണിൽ പൊടിയിടുന്നതിന് മാത്രമാണ്. ഈ അന്വേഷണം മുകളിലേയ്ക്ക് പോകണം. ആരൊക്കെയാണ് ഇതിന്റെ ഉത്തരവാദികളെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. ഇവിടെ പോലീസിനുപോലും രക്ഷയില്ലാത്ത സ്ഥിതിയാണ്. തീക്കട്ടയിൽ ഉറുമ്പരിച്ചാൽ ഈ നാട്ടിൽ ആർക്കാണ് ജീവിക്കാൻ കഴിയുക? ഇതാണോ ഈ സംസ്ഥാനത്തെ മൂന്നരക്കോടി ജനങ്ങൾക്ക് സംരക്ഷണം കൊടുക്കുന്ന ഒരു സർക്കാർ ചെയ്യേണ്ടത്. ഏറ്റവും ഗൗരവതരമായ രൂപത്തിൽ ഈ വിഷയം എത്തിയിരിക്കുകയാണ്. പോലീസ് വകുപ്പിൽ അന്യോന്യമുള്ള ഐക്യം തകർന്ന്, പരസ്പര വിശ്വാസമില്ലായ്മയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അതീവ ഗുരുതരമായ ഒരു സാഹചര്യത്തിലേയ്ക്ക് സംസ്ഥാനം നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഈ സംസ്ഥാനത്തിന്റെ ലാ ആന്റ് ഓർഡർ സംവിധാനം ഏത് രൂപത്തിൽ പോകുന്നുവെന്ന് ഞാൻ പറയുന്നില്ല. എന്റെ കയ്യിൽ ഒരു കത്തുണ്ട്. അത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ജീവനെ ഭീഷണിപ്പെടുത്തി കൊണ്ടുള്ളതാണ്. അതിലുള്ള ഒരു വാചകം ഞാൻ വായിക്കാം. “ Don't rubbish about Mohammad Nisham or I will kill you or one of your family member-” Don Ravi Poojari. പ്രതിപക്ഷ നേതാവ് നിയമസഭയിൽ നടത്തിയ പ്രസംഗത്തിന് അദ്ദേഹത്തെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി കത്ത് അയച്ചിരിക്കുകയാണ്. ഇവിടെ ആർക്കും ഒന്നും പറയാൻ കഴിയില്ലേ; ആർക്കും അഭിപ്രായം രേഖപ്പെടുത്താൻ കഴിയില്ലേ; ഇത് ഏത് നാടാണ്; വെള്ളരിക്കാപ്പട്ടണമാണോ? ജനങ്ങൾക്ക് ജീവിക്കാനുള്ള സാഹചര്യം നിഷേധിക്കുകയല്ലേ? അതീവ ഗൗരവതരമായ അവസ്ഥയിലേയ്ക്ക് സംസ്ഥാനം വന്നെത്തിയിരിക്കുകയാണ്. ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാടെന്താണെന്നറിയണം. മൂന്ന് ഓപ്ഷൻ ഇക്കാര്യത്തിലുണ്ട്. ശ്രീ. ജേക്കബ് തോമസിനെതിരെ ഗൂഢാലോചന നടത്തിയിട്ടുണ്ടെങ്കിൽ ഉന്നത

തലങ്ങളിലായിരിക്കാം നടന്നിട്ടുള്ളത്. അല്ലെങ്കിൽ ശ്രീ. ജേക്കബ് തോമസിനെതിരായി പോലീസിൽ നിന്നുള്ള ആളുകൾതന്നെ ഗൂഢാലോചന നടത്തിയിട്ടുണ്ടാകാം. ഏതായാലും ഇത് ഗൂഢാലോചന തന്നെയാണ്. അതിന്റെ ഉത്തരവാദികളെ കണ്ടെത്തണം; അല്ലെങ്കിൽ ശ്രീ. ജേക്കബ് തോമസ് പബ്ലിസിറ്റിക്കുവേണ്ടി ശ്രമിക്കുകയായിരിക്കാം. ഈ മൂന്ന് ഓപ്ഷനല്ലാതെ മറ്റെന്തെങ്കിലുമുണ്ടോ? കേരളത്തിന്റെ ചരിത്രത്തിലാദ്യമായി സീനിയറായ ഡി.ജി.പി., അദ്ദേഹത്തിന്റെ ടെലിഫോൺ സുരക്ഷിതമല്ലെന്നും അദ്ദേഹത്തിനെതിരായി ഗൂഢാലോചന നടത്തുന്നുവെന്നും സുരക്ഷിതമായി ജോലി ചെയ്യാൻ സാധിക്കുന്നില്ലെന്നുമുള്ള ആവലാതിയുമായി വന്ന സാഹചര്യത്തിൽ സർക്കാർ ഇതുസംബന്ധിച്ച അന്വേഷണച്ചുമതല ആർക്കാണ് നൽകേണ്ടത്? സംസ്ഥാനത്ത് അന്വേഷണം നടത്തിയാൽ പോരാ. ഇതിന്റെ സെർവ്വർ പരിശോധിക്കുന്നതിനുള്ള നടപടിയിലേയ്ക്ക് പോകണം. അതിന് സർക്കാർ മുന്നോട്ട് വരണമെന്ന് ആവശ്യപ്പെടുകയാണ്. ജനങ്ങൾക്ക് കാര്യങ്ങൾ അറിയുന്നതിനുള്ള അവകാശമുണ്ട്. ജനങ്ങളുടെ ജീവനെ ബാധിക്കുന്ന പ്രശ്നമാണ്.

മി. സ്പീക്കർ: അങ്ങയുടെ നോട്ടീസ് അങ്ങ് വിശദീകരിച്ചുകഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്ക് തൃപ്തിയായാൽ ഞാൻ നിർത്തിയേക്കാം.

മി. സ്പീക്കർ: തൃപ്തിയായി. വളരെ വ്യക്തമായി അങ്ങ് വിശദീകരിച്ചുകഴിഞ്ഞു. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അടിയന്തരപ്രമേയം ഉന്നയിക്കുമ്പോൾ അസമയത്ത് അങ്ങയുടെ കമന്റ് എന്തിനാണ്? സഹിഷ്ണുത കാണിക്കണം. അതാണ് പ്രധാനപ്പെട്ട പ്രശ്നം.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണമെന്ന് സൂചന നൽകിയതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ സമയം അങ്ങ് തീരുമാനിച്ചാൽ എനിക്ക് സന്തോഷം. ഇത് കേൾക്കുന്നതിന് എന്തിനാണ് അസഹിഷ്ണുത. ഇവിടെയല്ലാതെ എവിടെയാണ് ഈ കാര്യങ്ങളൊക്കെ പറയാൻ കഴിയുന്നത്.

മി. സ്പീക്കർ: അങ്ങ് അടിയന്തരപ്രമേയ നോട്ടീസിനെ സംബന്ധിച്ച് പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ നോട്ടീസിനെക്കുറിച്ച് പറഞ്ഞപ്പോൾ അങ്ങാണ് interfere ചെയ്തത്. അങ്ങ് interfere ചെയ്തതുകൊണ്ട് അങ്ങേയ്ക്ക് സംതൃപ്തിയായോ എന്ന് ചോദിച്ചു. എങ്കിൽപ്പിന്നെ ഗവൺമെന്റിനുംകൂടി

തൃപ്തിപ്പെട്ടാൽ മതി, എന്റെ പ്രശ്നം തീർന്നു. അങ്ങ് എന്നോട് വാദപ്രതിവാദത്തിന് വരുന്നത് എന്തിനാണ്? സ്വതന്ത്രമായി പ്രതിപക്ഷ മെമ്പർമാർക്ക് പ്രവർത്തിക്കുന്നതിനുള്ള അവകാശം അങ്ങ് ദയവായി പ്രൊട്ടക്ട് ചെയ്യണം.

മി. സ്പീക്കർ: ചെയർ സംസാരിക്കുന്നത് എല്ലാ അംഗങ്ങൾക്കും വേണ്ടിയാണെന്നുള്ളത് ദയവായി അങ്ങ് മനസ്സിലാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എല്ലാ അംഗങ്ങൾക്കുംവേണ്ടിയാണ് അങ്ങ് പറയുന്നതെങ്കിൽ എന്റെ കാര്യംകൂടി അങ്ങ് നോക്കണ്ടേ. എന്നാലല്ലേ എല്ലാ അംഗങ്ങളുമാകൂ.

മി. സ്പീക്കർ: സമയനിഷ്ഠ എല്ലാ അംഗങ്ങളുംകൂടി തീരുമാനിച്ചതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒൻപത് മിനിട്ടുപോലും ആയിട്ടില്ല. ഞാൻ അങ്ങയോട് തർക്കിക്കാനില്ല. ഞാൻ പ്രസംഗിക്കാൻ എഴുന്നേൽക്കുമ്പോൾ എന്നും അങ്ങൊരു തർക്കം കൊണ്ടുവരുന്നുണ്ട്. ദയവായി ആ നിലപാട് വേണ്ട. ഒരു മെമ്പറുടെ അവകാശം അടിയറവ് വയ്ക്കുന്ന പ്രശ്നമേയില്ല. അക്കാര്യത്തിൽ യാതൊരു തെറ്റിദ്ധാരണയും വേണ്ട.

ഫോൺ ചോർത്തൽ സംഭവം ഇന്നത്തെ എല്ലാ മാധ്യമങ്ങളിലെയും പ്രധാനപ്പെട്ട വാർത്തയാണ്. കേരളത്തിലെ ജനങ്ങൾ ഭയവിഹ്വലരാണ്. ജനങ്ങൾക്ക് ഫോൺപോലും ഉപയോഗിക്കാൻ കഴിയില്ലെന്നുള്ള സ്ഥിതി വന്നിരിക്കുകയാണ്. വളരെ ഗൗരവമായ ഒരു സ്ഥിതി സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ നയം പറയണം, ജനങ്ങളുടെ സംശയം ദൂരീകരിക്കുന്നതിനുവേണ്ടി നിഷ്പക്ഷമായ അന്വേഷണം വേണം. ഇതിന് അധികാരമുള്ള ആളുകളെ അന്വേഷണത്തിന് ചുമതലപ്പെടുത്തണം. ഐ.ബി.-യെ കൊണ്ട് അന്വേഷിപ്പിച്ച് ഇതിന്റെ നിജസ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ തയ്യാറാകണം. സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം സ്വതവേ കാര്യങ്ങൾ ഭംഗിയായി അവതരിപ്പിക്കുന്ന ഒരാളാണെന്ന് എല്ലാവർക്കുമറിയാം. വിഷയത്തിന്റെ പ്രത്യേകത കൊണ്ടായിരിക്കണം, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ തന്നെ ഇതവതരിപ്പിച്ചത്. അദ്ദേഹം നേരത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണല്ലോ? അദ്ദേഹം എത്ര വാദിച്ചിട്ടും കാര്യങ്ങൾ ശരിയായി അവതരിപ്പിക്കാൻ കഴിയാത്ത നിലയാണുണ്ടായത്. അതുകൊണ്ടാണ് അങ്ങൊരു ചെറിയ കമന്റ് പറഞ്ഞപ്പോൾ അദ്ദേഹം ആ വിഷയത്തിൽ ഇടപെട്ടത്.

ഈ വിഷയത്തിൽ പരാതിയില്ലെന്നല്ല ഞാൻ പറഞ്ഞത്. ശ്രീ. ജേക്കബ് തോമസിന്റെ ഫോണും ഇ-മെയിൽ സന്ദേശങ്ങളും ചോർത്തുന്നുവെന്നുള്ള പത്രവാർത്ത ആദ്യം വന്നു. ആ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾ ആശങ്ക അറിയിക്കുന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. അല്ലാതെ ഒരു പരാതിയും അദ്ദേഹത്തിന് ഇല്ലെന്നല്ല പറഞ്ഞത്. ഇവിടെ രണ്ടാമൻ കൊടുത്ത പെറ്റീഷൻ എങ്ങനെയാണ് മൂന്നാമൻ അന്വേഷിക്കുകയെന്ന വിചിത്രമായ വാദം ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിക്കുകയുണ്ടായി. കേരള സംസ്ഥാനത്തിന്റെ പോലീസ് ചീഫായി ഒരാൾ മാത്രമേയുള്ളൂ. ഡി.ജി.പി. റാങ്കിലുള്ളവർ പലരുമുണ്ട്. അത് അങ്ങേയ്ക്കും ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന പ്രതിപക്ഷ നേതാവിനുമറിയാം. അതുകൊണ്ടാണ് അദ്ദേഹത്തിന് പരാതി കൊടുത്തത്. പരാതി സംബന്ധിച്ച് പത്രക്കാർ ഡി.ജി.പി.-യോട് ചോദിച്ചപ്പോൾ ഞാൻ സ്ഥലത്തില്ലായിരുന്നു, പരാതി ഞാൻ കണ്ടില്ല, പരാതിയുണ്ടെങ്കിൽ നിശ്ചയമായും അന്വേഷിക്കുമെന്നാണ് അദ്ദേഹം പറഞ്ഞ മറുപടി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞത് അങ്ങ് തെറ്റിദ്ധരിച്ചുവെന്നാണ് എനിക്ക് തോന്നുന്നത്. ലാ ആന്റ് ഓർഡറിന്റെ ചാർജ്ജുള്ള പോലീസ് ചീഫ് കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ഇത് വരില്ല. ഇക്കാര്യം നന്നായി അറിയാവുന്ന ആളാണ് അങ്ങ്. അദ്ദേഹം ലാ ആന്റ് ഓർഡറിന്റെയും ക്രൈം ബ്രാഞ്ചിന്റെയും ഹെഡ്ഡാണ്. ഇക്കാര്യത്തിൽ അദ്ദേഹത്തിന് അന്വേഷണം നടത്താൻ സാധ്യമല്ല. കാരണം, ഇത് അദ്ദേഹം നേരിട്ട് കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ഉൾപ്പെട്ടതല്ല. അങ്ങനെ പരാതിയുണ്ടെങ്കിൽ മുഖ്യമന്ത്രിക്ക് നൽകണം. ആഭ്യന്തരവകുപ്പ് സെക്രട്ടറിയാണ് ഉത്തരവിട്ടിരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, അതൊക്കെ പോലീസും വിജിലൻസും തമ്മിലുള്ള വേർതിരിവിനെക്കുറിച്ച് പറയുന്ന കാര്യങ്ങളാണ്. ഇവിടെ വിജിലൻസ് വകുപ്പിനകത്തുനിന്ന് ടെലിഫോൺ ചോർത്തിയെന്നല്ലല്ലോ പറയുന്നത്. പോലീസ് ചെയ്തുവെന്നാണ് പറയുന്നത്. അതുസംബന്ധിച്ചുള്ള അന്വേഷണം സ്വാഭാവികമായും ഡി.ജി.പി. തന്നെയാണല്ലോ നടത്തുന്നത്. അതുകൊണ്ടാണ് പരാതി ഡി.ജി.പി.-ക്ക് കൊടുക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസ് ചെയ്തുവെന്ന് പറഞ്ഞാൽ ഈ കേസിലെ ഒന്നാം പ്രതി പോലീസായി. ഞാൻ പറഞ്ഞ വാദം ശരിയായി.

ശ്രീ. പിണറായി വിജയൻ: സർ, ഡി.ജി.പി.-ക്കാണ് പരാതി കൊടുത്തത്. സാധാരണ ഇത്തരം ചോർത്തൽ പോലീസാണ് നടത്തുന്നത്. പോലീസ് അല്ലാതെ മറ്റാരെങ്കിലുമാണ് ചോർത്തൽ നടത്തിയതെങ്കിൽ ആരാണ് അന്വേഷിക്കുക? അതും

പോലീസ് തന്നെയാണ് അന്വേഷിക്കുന്നത്. സാധാരണനിലയിൽ ഫോൺ ചോർത്തലിന് അനുമതി കൊടുക്കുന്നതെങ്ങനെയാണെന്ന കാര്യം നേരത്തെ ഇവിടെ പറഞ്ഞു. അത്തരമൊരു നിലപാട് മാത്രമേ സ്വീകരിക്കാൻ സാധിക്കൂ. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി എന്തെങ്കിലും ചോർത്തലുണ്ടായിട്ടുണ്ടോ എന്ന് പോലീസല്ലേ അന്വേഷിക്കേണ്ടത്. അതുകൊണ്ടാണ് ഡി.ജി.പി.-ക്ക് പരാതി കൊടുത്തത്. സ്വാഭാവികമായും അദ്ദേഹം അത് അന്വേഷിക്കും.

മാധ്യമവാർത്തയുടെ അടിസ്ഥാനത്തിലാണ് ഈ പരാതിയെന്ന് പറഞ്ഞത് ശരിയല്ലെന്നാണ് അങ്ങയുടെ വാദം. അത് അങ്ങയുടെ തെറ്റിദ്ധാരണയാണ്. അദ്ദേഹം പരാതി ഉന്നയിച്ചത് മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ തന്നെയാണ്. പോലീസ് സേനയിൽ വല്ലാത്തൊരു സാഹചര്യം ഉണ്ടായിരിക്കുന്നു എന്നാണ് അങ്ങ് പറഞ്ഞ മറ്റൊരു കാര്യം. അത് പണ്ടുമുണ്ടായിരുന്നു. ആ സ്ഥിതി ഇപ്പോൾ മാറി. നേരത്തെ പോലീസ് സേനയിൽ വലിയ തോതിലുള്ള ഭിന്നതയും പോരും സാധാരണഗതിയിലുണ്ടാകാൻ പാടില്ലാത്ത പ്രവണതകളുമുണ്ടായിരുന്നു. പോലീസിൽ നിന്നുള്ള ഫലപ്രദമായ ഇടപെടലിന്റെ ഫലമായി അവയെല്ലാം മാറി. പോലീസിന്റെ കൂട്ടായ്മ ഇപ്പോൾ ശക്തിപ്പെട്ട് വന്നിട്ടുണ്ട്. അതിൽ വിഷമമുള്ളവരുമുണ്ട്. നേരത്തെ ഇതിന്റെയെല്ലാം സ്വാദ് അനുഭവിച്ചിരുന്ന കുറച്ചാളുകളുണ്ട്. കാര്യങ്ങൾ മോശമാക്കണമെന്ന് നിർബന്ധമുള്ളവരാണ് അവർ. പക്ഷേ അതൊന്നും പോലീസിനെ ബാധിച്ചിട്ടില്ല. അതിൽനിന്നെല്ലാം മാറി നിൽക്കാനാണ് പോലീസ് ശ്രദ്ധിക്കുന്നത്. അങ്ങ് ആശങ്കപ്പെടുന്നതുപോലെയുള്ള ഗുരുതരമായ സാഹചര്യമൊന്നും ഇവിടെയുണ്ടായിട്ടില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് പറയുന്നതെല്ലാം ശരിയാണ്. മാധ്യമ പ്രവർത്തകരോട് ആവശ്യമില്ലാത്ത ഒരു കാര്യവും അങ്ങ് പറയില്ല; ആവശ്യമുള്ള കാര്യങ്ങൾ മാത്രമേ പറയുകയുള്ളൂ. അതിനോട് ഞാൻ യോജിക്കുന്നു. വിജിലൻസ് ഡി.ജി.പി. പ്രധാനപ്പെട്ട ഒരാരോപണം പരാതിയായി ഡി.ജി.പി.-ക്കോ അല്ലെങ്കിൽ ഹോം സെക്രട്ടറിക്കോ കൊടുക്കുന്നു. രണ്ടുപേരും പ്രധാനപ്പെട്ട ആളുകളാണ്. ഇതെങ്ങനെ പത്രത്തിൽ വന്നു എന്നത് അങ്ങ് പറയണ്ടേ? വിജിലൻസ് ഡി.ജി.പി., ഡി.ജി.പി.-ക്കോ ഹോം സെക്രട്ടറിക്കോ കൊടുത്ത സ്വകാര്യവും ഗൗരവത്തോടുകൂടി അന്വേഷിക്കേണ്ടതുമായ ഒരു പരാതി ആരാണ് പത്രത്തിൽ കൊടുത്തതെന്ന് അങ്ങ് അന്വേഷിക്കണ്ടേ? ഇത് പോലീസ് തലപ്പത്ത് കുഴപ്പം നടക്കുന്നുവെന്ന് ജനങ്ങളെക്കൊണ്ട് പറയിപ്പിക്കാനല്ലേ? ജനങ്ങൾ എങ്ങനെ പറയാതിരിക്കും? പത്രത്തിൽ വാർത്ത വരികയാണ്. രണ്ട് പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർ പരസ്പരം കൊടുക്കുന്ന കത്തിനെ സംബന്ധിച്ച് പത്രത്തിൽ എങ്ങനെ വാർത്ത വന്നു എന്നതുകൂടി അങ്ങ് അന്വേഷിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പത്രവാർത്ത വരുന്നതിന്റെ പിന്നാലെ അന്വേഷണത്തിന് പോയാൽ, അത് പരിശോധിക്കണമെന്നുണ്ടെങ്കിൽ പരിശോധിക്കേണ്ടിവരും. കാരണം, പത്രവാർത്ത പല തരത്തിലാണ് സൃഷ്ടിക്കപ്പെടുന്നത്. പരാതി കൊടുത്താൽ അതെത്തുന്നത് പല തലങ്ങളിലായിരിക്കും. അതിന്റെ ഭാഗമായി കാര്യങ്ങൾ പുറത്തുപോയെന്നുവരും. എവിടെയെങ്കിലും ഒരു പരാതി കൊടുത്താൽ അത് അവിടെ മാത്രം നിൽക്കില്ലല്ലോ.

ശ്രീ. വി. ഡി. സതീശൻ: സർ, പരാതി കിട്ടുന്നതിനുമുമ്പേ പത്രത്തിൽ വാർത്ത വന്നു.

ശ്രീ. പിണറായി വിജയൻ: സർ, സാധാരണനിലയിൽ ഇത്തരം കാര്യങ്ങൾ വാർത്തയായി വരാതിരിക്കുക എന്നുള്ളതാണ് അഭികാമ്യം. അത് ശ്രദ്ധിക്കേണ്ടത് തന്നെയാണ്. ഗുരുതരമായൊരു പ്രശ്നമെന്ന നിലയിൽ അന്വേഷണത്തിനുശേഷമാണ് വാർത്ത വരേണ്ടത്. പക്ഷേ നടപടികൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ വാർത്ത വന്നു എന്നുള്ളതാണ് വസ്തുത. ഏതായാലും ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങളിലേയ്ക്കുതന്നെ മടങ്ങിപ്പോകാം. ശ്രീ. ജേക്കബ് തോമസിനെ വളഞ്ഞിടുന്നു എന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അതൊക്കെ നമ്മളിപ്പോൾ ഇവിടെ ചർച്ച ചെയ്യണോ? ഒരുദ്യോഗസ്ഥനെ വളഞ്ഞിടാനുള്ള ശ്രമം എങ്ങനെയൊക്കെ നടക്കുന്നുവെന്നുള്ളത് നിയമസഭയിൽ ചർച്ച ചെയ്യേണ്ട ഒരു വിഷയമല്ല. അതുകൊണ്ട് ആ ഭാഗത്തേയ്ക്ക് ഞാൻ കടക്കുന്നില്ല. ശ്രീ. ജേക്കബ് തോമസ് വിജിലൻസ് മേധാവിയായിരിക്കുന്നതിന്റെ ഭാഗമായി അദ്ദേഹത്തിനെതിരെ ഒട്ടേറെ നീക്കങ്ങളുണ്ടാകുന്നുവെന്നത് പൊതുവിൽ സമൂഹം കാണുന്നുണ്ട്. എന്നാൽ കാര്യങ്ങൾ കൃത്യമായി നിർവ്വഹിച്ച് പോകാനാണ് അദ്ദേഹം താല്പര്യപ്പെട്ടിട്ടുള്ളത്. അത്തരമൊരു ഉദ്യോഗസ്ഥൻ കൃത്യനിർവ്വഹണത്തിൽ ദുർബ്ബലനാകാൻ പാടില്ലെന്ന നിലപാട് തന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കൃത്യനിർവ്വഹണം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകണം. അതിന് എല്ലാ പിന്തുണയും നൽകുമെന്നതാണ് സർക്കാരിന്റെ നിലപാട്. അതുകൊണ്ട് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും പ്രയാസങ്ങൾ അദ്ദേഹത്തിനുണ്ടായിയെന്ന് പറയാൻ കഴിയില്ല. എന്നാൽ അന്വേഷണത്തിന് വിധേയരാകുന്ന ആളുകൾ സ്വാഭാവികമായും ചില പ്രയാസങ്ങൾ അതിന്റെ ഭാഗമായി സൃഷ്ടിക്കാൻ നോക്കും. അത് വ്യക്തിപരമായ പ്രയാസങ്ങളിലേയ്ക്കും എത്തിക്കാൻ ശ്രമിക്കുന്നുണ്ടാകും. അന്വേഷണം നേരിടുന്നവർ പല തരക്കാരല്ലേ? എല്ലാവരും ഒരുപോലെയാകണമെന്നില്ല. എന്റെ അനുഭവം വച്ചാണ് അങ്ങനെ പറയുന്നത്. മറ്റാരെയും ഉദ്ദേശിച്ചല്ല. ഞാൻ പല അന്വേഷണവും നേരിട്ട ആളാണല്ലോ. ഞാനതൊന്നും

സാരമാക്കിയിട്ടില്ല. വരുന്നിടത്തുവച്ച് കാണാമെന്ന നിലപാടാണ് ഞാനെടുക്കുന്നത്. അങ്ങനെയൊരു നിലപാടെടുക്കാൻ പലർക്കും കഴിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അന്വേഷണ വിധേയരായവരിൽ ചില ആളുകൾ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന സൂചന നൽകുന്ന രൂപത്തിലാണ് അങ്ങിവിടെ സംസാരിച്ചത്. ആ ആളുകളിൽ ആർക്കെങ്കിലും ഒരു ഡി.ജി.പി.- യുടെ ടെലിഫോൺ ടാപ് ചെയ്യാനുള്ള അധികാരമുണ്ടോ? ശ്രീ. ജേക്കബ് തോമസിന്റെ ഉന്നം അദ്ദേഹത്തിന് മുകളിലിരിക്കുന്ന ആളുകൾക്കെതിരെയാണ്. അന്വേഷണത്തിന് വിധേയരാകുന്നവർ ആരായാലും അവർക്കാർക്കെങ്കിലും ഡി.ജി.പി.യുടെ ടെലിഫോൺ ടാപ് ചെയ്യാനുള്ള അധികാരമുണ്ടോ? അങ്ങനെയൊരു അധികാരം ഉപയോഗിച്ചു എന്നുള്ളതാണ് ഡി.ജി.പി.-യുടെ പരാതി. ആ അധികാരം ഉപയോഗിച്ച പോലീസിലുള്ള ആളുകൾ ആരാണ്? അവിടെയാണ് ഈ പ്രശ്നത്തിന് കൂടുതൽ ഗൗരവമുണ്ടാകുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ അങ്ങ് ഉദ്ദേശിക്കുന്ന തരത്തിലുള്ള യാതൊരു ഗൗരവവുമില്ല. കാരണം, വിജിലൻസ് ഡയറക്ടർക്ക് കാര്യങ്ങൾ നിർവ്വഹിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഈ സർക്കാർ നൽകിയിട്ടുണ്ട്. അതിൽ നേരിയ തോതിലെങ്കിലും ഇടപെടുന്ന സമീപനം സർക്കാരിനില്ല. നിയമം നിയമത്തിന്റെ വഴിക്ക് പോകുകയെന്ന മാർഗ്ഗം മാത്രമേ സർക്കാർ സ്വീകരിച്ചിട്ടുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സ്ഥാനം ഒഴിയണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് വിജിലൻസ് ഡയറക്ടർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും തീരുമാനം അങ്ങ് എടുത്തിട്ടുണ്ടോ?

10.00 AM]

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ സ്ഥാനമൊഴിയുന്നു എന്നുപറഞ്ഞ് അദ്ദേഹം കത്ത് നൽകിയിട്ടില്ല. അദ്ദേഹം ചില ആഗ്രഹങ്ങൾ പ്രകടിപ്പിച്ചിട്ടുള്ളത് വാർത്തയായിട്ടുണ്ട്. അതിനോട് സർക്കാർ യോജിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത. കാര്യക്ഷമതയോടെ കാര്യങ്ങൾ നിർവ്വഹിക്കുന്ന ഒരുദ്യോഗസ്ഥൻ തലപ്പത്തുണ്ടാകണമെന്ന ധാരണയുടെ ഭാഗമായിട്ടാണ് സർക്കാർ അതിനോട് യോജിക്കാതിരുന്നത്. ഉന്നത കേന്ദ്രങ്ങൾ ശ്രീ. ജേക്കബ് തോമസിനെതിരെ ഏതെങ്കിലും തരത്തിൽ ഗൂഢാലോചന നടത്തുന്ന സ്ഥിതിയില്ല. ഈ പറഞ്ഞ തരത്തിലുള്ള അന്വേഷണം നേരിടുന്നവരുണ്ട്. അവർ എന്തൊക്കെയാണ് ചെയ്യുന്നതെന്ന് എനിക്ക് പറയാൻ കഴിയില്ല. അതിന്റേതായ പ്രയാസങ്ങൾ സ്വാഭാവികമായും ഉണ്ടായെന്നു വരാം. ബഹുമാന്യനായ അംഗത്തിന്

ഇക്കാര്യത്തിൽ ഒരാശങ്കയും ഉണ്ടാകേണ്ടതില്ല. പോലീസ് സേനയിൽ നടക്കാൻ പാടില്ലാത്തതെന്തോ നടക്കുന്നു; തീക്കട്ടയിൽ ഉറുമ്പരിക്കുന്നു എന്നൊക്കെ അങ്ങ് പറഞ്ഞു. തീക്കട്ട തീക്കട്ടയായിട്ടുതന്നെ നില്ക്കുകയാണ്. അതിനൊരു പ്രശ്നവും വരുന്നില്ല. നല്ല കൂട്ടായ്മ പോലീസ് സേനയിൽ രൂപപ്പെട്ടുവന്നിട്ടുണ്ട്. പോലീസ് സേനയിൽ കൂട്ടായ്മയും കാര്യക്ഷമതയും മനുഷ്യസ്നേഹവും വളർത്തിക്കൊണ്ടുവരാനാണ് സർക്കാർ ശ്രദ്ധിക്കുന്നത്. പ്രതിപക്ഷനേതാവിനെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി ആരോ കത്തയച്ച കാര്യം അങ്ങ് ഇവിടെ ഉദ്ധരിക്കുകയുണ്ടായി. അക്കാര്യം അതീവ ഗൗരവമായി പരിഗണിക്കും.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, കഴിഞ്ഞ രണ്ടു ദിവസമായി കേരളത്തിലും വിദേശത്തും നിന്ന് ഇന്റർനെറ്റ് ഫോൺ വഴിയാണ് ഈ മെസ്സേജ് വരുന്നത്. 'നിഷാമിനെതിരായി അങ്ങ് ആവശ്യമില്ലാത്ത പരാമർശങ്ങൾ നടത്തുന്നു', ' ഡോൺ ഡെവി പൂജാരി' എന്ന പേരിലാണ് മെസ്സേജ് വരുന്നത്. ഞാൻ ഈ വിഷയം ഗൗരവത്തിൽ കാണുന്നില്ലെങ്കിലും അങ്ങനെയൊരു മെസ്സേജ് വന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ഒരു കത്ത് ഡി.ജി.പി.-ക്ക് കൊടുക്കാമെന്ന് കരുതുകയാണ്. അവസാനം വന്ന മെസ്സേജാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ വായിച്ചത്. രണ്ടുദിവസമായി ഇന്റർനെറ്റിലൂടെ വിദേശരാജ്യങ്ങളിൽ നിന്നാണ് ഈ മെസ്സേജ് വന്നുകൊണ്ടിരിക്കുന്നത്. ഇന്ന് രാവിലെ വീണ്ടും ഒരു മെസ്സേജും ഫോണും വന്നു. ആ ഫോൺ നമ്പരിൽ നിന്നാണ് മെസ്സേജ് വരുന്നത്. ഇതുസംബന്ധിച്ച് ഒരു കത്ത് ഞാൻ അങ്ങേയ്ക്കും ഡി.ജി.പി.-ക്കും തരുന്നുണ്ട്. ഞാൻ ഇന്നലെവരെ അത് ഗൗരവമായിട്ടെടുത്തിട്ടില്ല. ഇന്ന് ഫോണിൽ മെസ്സേജ് വന്നപ്പോഴാണ് ഒരു കത്ത് നൽകാമെന്ന് തീരുമാനിച്ചത്.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, പ്രതിപക്ഷനേതാവിനെതിരെ വന്ന വധഭീഷണിപോലുള്ള കാര്യങ്ങൾ ഗൗരവത്തോടെ അന്വേഷിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കും. അക്കാര്യങ്ങൾ പ്രതിപക്ഷ നേതാവിനുതന്നെ അറിയാം. പോലീസിൽ സൈബർ സെല്ലും മറ്റുമുണ്ട്. അതുവച്ച് എവിടെനിന്നാണ് ഈ കോളുകൾ വന്നിട്ടുള്ളതെന്ന് മനസ്സിലാക്കാനുള്ള ശ്രമം നടത്താം. മറ്റുതരത്തിലുള്ള അന്വേഷണങ്ങളും നടത്താൻ കഴിയും. ഇക്കാര്യം അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും. അതിൽ ഒരുതരത്തിലുള്ള അലംഭാവവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. നിഷാമിന്റെ കാര്യത്തിൽ അങ്ങേയ്ക്കെതിരായി ഇത്തരത്തിലൊരു ആക്ഷേപം എങ്ങനെ വന്നു എന്നുള്ള വിഷയത്തിലാണ് എനിക്കൊരു ആശയക്കുഴപ്പമുണ്ടാകുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, 'അയാൾക്കെതിരായി സംസാരിച്ചുകൂടാ'

എന്നാണ് വാചകം.

ശ്രീ. പിണറായി വിജയൻ: സർ, ഏതായാലും ഞാൻ അക്കാര്യം വിടുകയാണ്. സംശയം ഇപ്പോഴും നിലനില്ക്കുന്നുണ്ട്. വേറെ കാരണത്താൽ പറഞ്ഞതായിരിക്കും. അല്ലെങ്കിൽ മറ്റെന്തെങ്കിലുമായിരിക്കും അവരുടെ ഉദ്ദേശ്യം എന്നുതോന്നുന്നു. ഏതായാലും അന്വേഷിച്ച് കണ്ടുപിടിക്കാം. പോലീസ് അന്വേഷിക്കുന്നതായിരിക്കും നല്ലത്. അതുകൊണ്ടുതന്നെ ശ്രീ. ജേക്കബ് തോമസിനെതിരായി പോലീസിലെ ഉന്നതതലത്തിലുള്ള ഗൂഢാലോചന യാണെന്നത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. എന്നാൽ ഇത്തരമൊരു വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന പരാതി ഗൗരവമായി കണ്ടുകൊണ്ട് അന്വേഷിക്കാനാവശ്യമായ നടപടി സ്വീകരിക്കും. സാധാരണ നിലയിൽ ഇത്തരം കാര്യങ്ങൾ അന്വേഷിക്കുന്നത് ക്രൈംബ്രാഞ്ചാണ്. ആ വിഷയവും ക്രൈംബ്രാഞ്ചിനെ ഏല്പിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിക്കും. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു അടിയന്തര സാഹചര്യവും ഈ പ്രശ്നത്തിലില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം ഒട്ടും തൃപ്തികരമല്ല. സംസ്ഥാനത്തെ ഡി.ജി.പി. റാങ്കിലുള്ള രണ്ടാമത്തെ ഉദ്യോഗസ്ഥനാണ് ശ്രീ. ജേക്കബ് തോമസ്. അങ്ങ് ഇവിടെ പറഞ്ഞതും നമുക്കെല്ലാവർക്കും അറിയാവുന്നതുമായ ഇൻഡ്യൻ ടെലഗ്രാഫ് ആക്ടിന്റെ സെക്ഷൻ 5 (2) പ്രകാരം ചില നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിലാണ് ഫോൺ ഇന്റർസെപ്റ്റ് ചെയ്യുന്നത്. എ.ഡി.ജി.പി. ഇന്റലിജൻസിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഹോം സെക്രട്ടറിയുടെ അനുമതിയോടെ രാജ്യസുരക്ഷ, ഭീകരപ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെയുള്ള ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ ഫോൺ ഇന്റർസെപ്റ്റ് ചെയ്യാൻ കഴിയുകയുള്ളൂ. രണ്ടാമത്, ഫോൺ ഇന്റർസെപ്റ്റ് ചെയ്യാൻ കഴിയുന്നത് Off the air monitoring device കൊണ്ടാണ്. കേരളത്തിലെന്നല്ല ഇൻഡ്യയിലെ ഒരു സംസ്ഥാനത്തും Off the air monitoring device ഇല്ല; അത് RAW-യുടെ കൈവശം മാത്രമാണുള്ളത്. അതിർത്തികളിൽ ഭീകരപ്രവർത്തനങ്ങൾ തടയാനും രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കാനും വേണ്ടിയുള്ളതാണ് Off the air monitoring device. ഇത് എയറിലൂടെ തന്നെ മോണിറ്റർ ചെയ്യാൻ

കഴിയുന്ന ഒരു സിസ്റ്റമാണ്. ഈ രണ്ട് സിസ്റ്റമാണ് ഇൻഡ്യയിൽ ഇന്ന് നിലവിലുള്ളത്. ഡി.ജി.പി. റാങ്കിലുള്ള ശ്രീ. ജേക്കബ് തോമസിന് ഈ കാര്യങ്ങളൊന്നും അറിയില്ലെന്നാണോ അങ്ങ് പറയുന്നത്? ഏതെങ്കിലുമൊരു പത്രത്തിൽ വാർത്ത വന്നതിന്റെ പേരിൽ ഒരു ഡി.ജി.പി. പരിഭ്രമിക്കേണ്ട ആവശ്യമുണ്ടോ? ഏത് മാധ്യമത്തിലാണ് വന്നത്? ഞങ്ങളൊക്കെ എല്ലാ മാധ്യമങ്ങളും വായിക്കുന്നവരാണ്. കേരളത്തിലെ ഒരു മാധ്യമത്തിലും ശ്രീ. ജേക്കബ് തോമസിന്റെ ഫോണോ, ഇന്റർനെറ്റോ, ഇ-മെയിലോ വെബ്സൈറ്റോ ഹാക്ക് ചെയ്യുന്നതായ ഒരു വാർത്തയും ഞങ്ങളാരും കണ്ടില്ല. മേൽപ്പറഞ്ഞ രണ്ട് രീതിയിലാണ് ഫോൺ ടാപ്പ് ചെയ്യാൻ കഴിയുന്നതെന്ന് ഒരു പോലീസുകാരനുപോലും അറിയാം. ഡി.ജി.പി. റാങ്കിലുള്ള ശ്രീ. ജേക്കബ് തോമസിന് ഇതറിയില്ലേ? ഒന്നുകിൽ അദ്ദേഹത്തിന് ഇതറിയില്ല; അല്ലെങ്കിൽ ആ വിവരം മറച്ചുവച്ചുകൊണ്ട് ബോധപൂർവ്വം ഇങ്ങനെ ചെയ്യുകയാണ്. രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാത്രമാണ് പലപ്പോഴും കേരളത്തിൽ ഫോൺ ഇന്റർസെപ്റ്റ് ചെയ്യുന്നത്. അതിനുള്ള നടപടിക്രമങ്ങളുമുണ്ട്. ആ നടപടിക്രമങ്ങൾ അറിയാത്ത ഒരാളാണോ ശ്രീ. ജേക്കബ് തോമസ്; ഇന്റലിജൻസ് എ.ഡി.ജി.പി. അറിയാതെ ഫോൺ ഇന്റർസെപ്റ്റ് ചെയ്യാൻ കഴിയുമോ? ഇന്റർസെപ്റ്റ് ചെയ്യുന്ന ഉപകരണം എ.ഡി.ജി.പി. ഇന്റലിജൻസിന്റെ ഓഫീസിലാണുള്ളത്. അപ്പോൾ അതിന്റെ മുന നീളുന്നത് ഈ സർക്കാരിലേയ്ക്കാണ്.

ശ്രീ. പിണറായി വിജയൻ: സർ, 19-10-2016-ലെ വാർത്തയെക്കുറിച്ചാണ് ഉദ്ദേശിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾ അങ്ങനെയൊരു വാർത്ത വായിച്ചതായി കാണുന്നില്ല. അങ്ങനെയൊരു വാർത്ത വന്നു എന്നിരിക്കട്ടെ. മുഖ്യമന്ത്രിയുടെ അഭിപ്രായത്തെ ഞാൻ സ്വീകരിക്കുന്നു. അങ്ങനെയൊരു വാർത്ത മാധ്യമത്തിൽ വന്നാൽ വിശ്വസിക്കാൻ ഡി.ജിപി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന് എങ്ങനെ കഴിയും? ഇന്റർസെപ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അദ്ദേഹത്തിനറിയാം. ഏതായാലും കേരളത്തിൽ Off the air monitoring device ഇല്ല. RAW-യിൽ മാത്രമുള്ള സംവിധാനമാണത്. ഇതെല്ലാം അദ്ദേഹത്തിന്റെ തോന്നലാണ്. ഇവിടത്തെ പ്രശ്നം എന്താണ്? ഇവിടെ മുഖ്യമന്ത്രിക്കും ഡി.ജി.പി-ക്കും ശ്രീ. ജേക്കബ് തോമസിനുമുള്ള തോന്നലുകളാണ് വലിയ പ്രശ്നമായി മാറിയിരിക്കുന്നത്. കേരളത്തിലെ വിജിലൻസ് ഡി.ജി.പി. ആയിരിക്കുന്ന ഒരാളിന്റെ ഫോൺ ചോർത്തുന്നുവെന്ന വിവാദം വന്നത് എപ്പോഴാണ്? ശ്രീ. ഇ. പി. ജയരാജന്റെ കേസ് അന്വേഷിക്കുന്ന സന്ദർഭത്തിലാണ് ഈ ഫോൺ ചോർത്തൽ

ആരോപണം വന്നിരിക്കുന്നത്. ശ്രീ. ജേക്കബ് തോമസിന്റെ ആരോപണം മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുസെക്രട്ടറിക്കും എ.ഡി.ജി.പി. (ഇന്റലിജൻസ്)-നും എതിരായിട്ടാണ്. അവരാരെങ്കിലും അറിയാതെ ഫോൺ ചോർത്താൻ കഴിയില്ല. പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഒരു കത്ത് കിട്ടിയെന്ന് പറയുമ്പോൾ ഡി.ജി.പി. ആയിരിക്കുന്ന ഒരു വ്യക്തിയുടെ അറിവില്ലായ്മയെപ്പറ്റി പരിതപിക്കേണ്ടി വരും; അല്ലെങ്കിൽ സർക്കാർ ബോധപൂർവ്വം അദ്ദേഹത്തിന്റെ ഫോൺ ടാപ്പ് ചെയ്യുന്നതായി കാണേണ്ടിവരും. വാട്ടർ ഗേറ്റ് വിവാദത്തെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്. വാട്ടർ ഗേറ്റിനെത്തുടർന്നാണ് അമേരിക്കൻ പ്രസിഡന്റായിരുന്ന നിക്സൺ രാജിവയ്ക്കേണ്ടിവന്നത്. ഫോൺ വിവാദങ്ങൾ എന്നും ലോകത്തെമ്പാടും വിവാദങ്ങളുണ്ടാക്കിയിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, ഞങ്ങളാരും അങ്ങനെ ഫോൺ ഇന്റർസെപ്റ്റ് ചെയ്യുന്നില്ല എന്ന്. അങ്ങനെയാണെങ്കിൽ മുഖ്യമന്ത്രിക്ക് ഡി.ജി.പി.-യെ എന്തുകൊണ്ട് ബോധ്യപ്പെടുത്താൻ കഴിയുന്നില്ല? ഇവിടെ ഒരന്വേഷണത്തിന്റെ ആവശ്യമില്ല.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, അദ്ദേഹം കൊടുത്ത പരാതിയിലെ ആദ്യത്തെ വാചകമാണ് ഞാൻ വായിക്കുന്നത്. 'I am enclosing herewith a news report appearing in a leading Malayalam daily'...... ഇങ്ങനെയാണ് പരാതി തുടങ്ങുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, അതാണ് ഞാൻ പറഞ്ഞത്, ഒന്നുകിൽ അദ്ദേഹത്തിന് ഇതറിയില്ല; അറിയില്ലെന്ന് വിശ്വസിക്കാൻ കഴിയില്ല. ഡി.ജി.പി. റാങ്കിലുള്ള ഒരാളുടെ ഫോൺ ഇന്റർസെപ്റ്റ് ചെയ്യാൻ കഴിയില്ലെന്ന് അങ്ങേയ്ക്കും ബോധ്യമുള്ള കാര്യമാണ്. അങ്ങ് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുകയാണല്ലോ? ഫോൺ സംഭാഷണം ആർക്കും ടാപ്പ് ചെയ്യാൻ കഴിയില്ല. അതിന് നിയമങ്ങളുണ്ട്. ഡി.ജി.പി. റാങ്കിലുള്ള ഒരുദ്യോഗസ്ഥൻ ഏതെങ്കിലുമൊരു ദിനപത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇത്തരമൊരു കത്ത് കൊടുക്കുന്നുവെന്ന് പറയുന്നതിന്റെ സാംഗത്യം എന്താണെന്ന് പരിശോധിക്കേണ്ടതാണ്. അദ്ദേഹത്തിന് ഒരു ഫിയർ സൈക്കോസിസ് ഉണ്ടായിരിക്കുന്നുവെന്നതാണ് സത്യം. ആരെയാണ് അദ്ദേഹത്തിന് സംശയം? ഈ സർക്കാരിനെയോ, മുഖ്യമന്ത്രിയെയോ, ആഭ്യന്തര വകുപ്പ് സെക്രട്ടറിയെയോ, പോലീസിലെ ഉന്നതന്മാരെയോ ആരെയോ അദ്ദേഹത്തിന് സംശയമുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയോ ആഭ്യന്തര വകുപ്പിനെയോ വിശ്വാസമില്ലാത്ത രീതിയിലാണ് ഇപ്പോൾ ഡി.ജി.പി. പെരുമാറിക്കൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ ഫോൺ ചോർത്തുന്നുവെന്ന വാദം അദ്ദേഹം ഉന്നയിക്കുന്നത് എന്തിന്

വേണ്ടിയാണ്? ശ്രീ. ബാലസുബ്രഹ്മണ്യം ഡി.ജി.പി. ആയിരുന്നപ്പോൾ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കാൾ ഡീറ്റെയിൽസ് മറ്റൊരു പോലീസ് ഉദ്യോഗസ്ഥൻ എടുക്കാൻ പാടില്ലെന്ന വ്യക്തമായ നിർദ്ദേശം ഒരു സർക്കുലറായി ഇറക്കിയിട്ടുണ്ട്. ഒരു പോലീസുദ്യോഗസ്ഥന് മറ്റൊരു പോലീസുദ്യോഗസ്ഥന്റെ സി.ഡി.ആർ. എടുക്കാനോ ഇന്റർസെപ്റ്റ് ചെയ്യാനോ കഴിയില്ല. ഒന്നുകിൽ ഗവൺമെന്റും എ.ഡി.ജി.പി. ഇന്റലിജൻസും ഹോം സെക്രട്ടറിയും അറിഞ്ഞുകൊണ്ട് ശ്രീ. ജേക്കബ് തോമസിന്റെ ഫോൺ ഇന്റർസെപ്റ്റ് ചെയ്യുന്നു, അല്ലെങ്കിൽ ശ്രീ. ജേക്കബ് തോമസിന് സ്ഥലജലവിഭ്രാന്തി ഉണ്ടായിരിക്കുന്നുവെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജന്റെ കേസന്വേഷണം മുതലാണ് ഈ ഇന്റർസെപ്ഷന്റെ പ്രശ്നം ഇവിടെ ഉയർന്നു വരുന്നതെന്നാണ് നമ്മൾ അറിയേണ്ട ഒരു കാര്യം. അതുകൊണ്ടാണ് അദ്ദേഹത്തിന് സംശയമുണ്ടാകുന്നത്. സർക്കാരിൽ രണ്ടാമതായിരുന്ന ശ്രീ. ഇ. പി. ജയരാജൻ കുടുങ്ങും. ശ്രീ. ഇ. പി. ജയരാജനെതിരെ പ്രതിപക്ഷം ശക്തമായ തെളിവുകളോടുകൂടി ആരോപണമുന്നയിച്ച് കേസ് അന്വേഷിക്കുമ്പോൾ അദ്ദേഹത്തെ രക്ഷപ്പെടുത്താനുള്ള തന്ത്രമായി നമുക്ക് ഇക്കാര്യങ്ങൾ പറയേണ്ടി വരും. പോലീസ് വകുപ്പിൽ ഒരു കുഴപ്പവുമില്ലെന്ന് അങ്ങ് പറഞ്ഞല്ലോ; നേരത്തെ ഡി. ജി. പി. ആയിരുന്ന ശ്രീ. ടി. പി. സെൻകുമാർ അവധിയെടുത്ത് പോയി. എസ്.സി.ആർ.ബി. ഡയറക്ടർ ശ്രീ. ശങ്കർ റെഡ്ഡിക്കെതിരെ വിജിലൻസ് ഡയറക്ടർ അഫിഡവിറ്റ് കൊടുക്കുന്നു. ഇപ്പോൾ വിജിലൻസ് ഡയറക്ടർ തന്നെ ഫോൺ ചോർത്തുന്നുവെന്ന് പറയുന്നു. പോലീസിന്റെ തലപ്പത്തുണ്ടാകുന്ന അധികാര തർക്കങ്ങളും പടലപ്പിണക്കങ്ങളുമാണ് ഇതിൽ കാണുന്നത്. പോലീസിന്റെ നിയന്ത്രണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്നെ നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ് കാണാൻ കഴിയുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പോലീസ് വകുപ്പിനെ ശക്തമായി നിയന്ത്രിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞിരുന്നു. ഉന്നത പോലീസുദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ, പോലീസിന്റെ തലപ്പത്തുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ ഇന്ന് പോലീസിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ക്രമസമാധാനനില വഷളാകുന്നതും പോലീസ് തന്നിഷ്ടംപോലെ പ്രവർത്തിക്കുന്നതും പോലീസിന്റെ ഉന്നതതലത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ കാരണമാണ്. ഇത് ഗൗരവമല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞതിൽ എനിക്ക് അത്ഭുതം തോന്നുന്നു. കേരളത്തിൽ ഡി.ജി.പി., വിജിലൻസ് ഡയറക്ടർ എന്നീ രണ്ട് കേഡർ പോസ്റ്റുകളേയുള്ളൂ. ഈ രണ്ട് കേഡർ പോസ്റ്റുകളിൽ ഒന്നിലുള്ള ഒരാൾ തന്റെ ഫോൺ ചോർത്തുന്നുവെന്ന് പറഞ്ഞാൽ അതിന്റെ ഗൗരവസ്വഭാവം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മനസ്സിലാകാത്തതിൽ എനിക്ക് ദു:ഖമുണ്ട്. അദ്ദേഹം ഒരിക്കലും

അങ്ങനെ പറയാൻ പാടില്ല. ഒന്നുകിൽ ആ ഉദ്യോഗസ്ഥൻ മാധ്യമങ്ങളിൽ വാർത്ത വരാൻവേണ്ടി പറയുന്നു, അല്ലെങ്കിൽ സർക്കാർ ഫോൺ ചോർത്തുന്നു. ഈ രണ്ട് കാര്യങ്ങളല്ലാതെ മറ്റൊന്നുമില്ല. സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിൽ നടമാടി കൊണ്ടിരിക്കുന്ന ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, അങ്ങേയറ്റം ഗൗരവമേറിയ ഒരു വിഷയമാണിതെന്ന് ഡി.ജി.പി. തന്നെ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് രണ്ടു സാധ്യതകളാണുള്ളത്. ഒന്നുകിൽ ശ്രീ. ജേക്കബ് തോമസ് പറഞ്ഞിട്ടുള്ളത് വസ്തുതയാണ്. വസ്തുതയാണെങ്കിൽ അത് താഴെത്തട്ടിൽ നിന്നല്ല സംഭവിച്ചിരിക്കുന്നത്. മുകൾത്തട്ടിലുള്ളവരുടെ സമ്മതമില്ലാതെ ഒരിക്കലും ഫോൺ ചോർത്താൻ സാധിക്കുകയില്ലെന്ന് ഇവിടെ എല്ലാവരും വിശദീകരിച്ചു. ആഭ്യന്തര വകുപ്പ് സെക്രട്ടറി അതറിയണം. ആഭ്യന്തര വകുപ്പ് സെക്രട്ടറി ഫോൺ ചോർത്തണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയണം. കാരണം, അത് തലപ്പത്തുനിന്നുതന്നെ തുടങ്ങുന്നതാണ്. അങ്ങനെ സംഭവിച്ചിട്ടില്ലെന്നുള്ളതാണ് രണ്ടാമത്തെ സാധ്യത. അങ്ങനെ സംഭവിച്ചിട്ടില്ലെങ്കിൽ, ഒരു വിജിലൻസ് ഡയറക്ടർ മന്ത്രിസഭയെയും കേരളത്തിലെ മുഴുവൻ ജനങ്ങളെയും മുൾമുനയിൽ നിർത്തിക്കൊണ്ട് ഇങ്ങനെയൊരു ചർച്ചയ്ക്ക് വഴിയൊരുക്കുന്നത് ശരിയാണോ? 19-ാം തീയതിയിലെ പത്രത്തിൽ വന്ന വാർത്ത പത്രത്തിന്റെ ഭാവനാ വിലാസമാണോ? അങ്ങനെ സംശയിക്കാനുള്ള സാഹചര്യമില്ല. കാരണം, ഡി.ജി.പി.-യുടെ പ്രസ്താവനയിൽ പരാതി ഗൗരവമേറിയതാണെന്ന് പറഞ്ഞ കൂട്ടത്തിൽ വിജിലൻസ് ഡയറക്ടറുടെ പരാതി ഞാൻ കണ്ടിട്ടില്ലെന്നും പറഞ്ഞിട്ടുണ്ട്. ഞാൻ കണ്ടിട്ടില്ല, കണ്ട ശേഷമേ എനിക്ക് അതിനെക്കുറിച്ച് പറയാൻ സാധിക്കൂവെന്ന് പറയുന്ന അതേ പത്രത്തിൽത്തന്നെ മുകളിൽ എഴുതിയിരിക്കുന്നത് ശ്രീ. ജേക്കബ് തോമസിന്റെ പരാതിയാണ്. Highly confidential എന്നെഴുതിയാണ് ഈ പരാതി കൊടുത്തിരിക്കുന്നത്. Highly confidential എന്നെഴുതി ഡി.ജി.പി.-യുടെ മേശപ്പുറത്ത് തുറക്കാതെ വച്ചിരിക്കുന്ന, ഡി.ജി.പി. പോലും കാണാത്ത കത്തിന്റെ ഉള്ളടക്കം പത്രത്തിൽ വന്നുവെന്നുള്ളതല്ലേ ഗൗരവമായി കാണേണ്ട വിഷയം. അപ്പോൾ എവിടെയാണ് കള്ളനുള്ളതെന്ന് പരിശോധിക്കണം. അത് പോലീസിൽ തന്നെയായിരിക്കണം. ഡി.ജി.പി.-യുടെ മേശപ്പുറത്ത് തുറക്കാതെ വച്ചിരിക്കുന്ന കത്തിലെ ഉള്ളടക്കം പുറത്തു

വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞത് പരാതി കൊടുത്തിട്ടുണ്ടെന്നാണ്. അപ്പോൾ പരാതി കൊടുത്തുവെന്ന് പറയുന്ന പത്രവാർത്ത ശരിയാണ്. ഇത് ഭാവനാവിലാസമല്ലെങ്കിൽ 19-ാം തീയതി വന്നിട്ടുള്ള വാർത്തയും ഭാവനാവിലാസമല്ല. അതും ഇതുപോലെ എവിടെനിന്നോ പോയിട്ടുള്ളതാണ്. പോലീസ് വകുപ്പിൽ ഐക്യമുണ്ടാക്കാൻ ശ്രമിക്കുന്നുവെന്ന് പറയുമ്പോഴും പോലീസ് വകുപ്പ് ആകെ കുഴപ്പത്തിലാണ്. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അദ്ദേഹം കൊടുത്ത പരാതിയിൽ പറഞ്ഞിരിക്കുന്നത്, ഞാനും മന്ത്രിമാരും ഞാനും മുഖ്യമന്ത്രിയും സംസാരിക്കുന്നതുവരെ ചോർത്തിയിരിക്കുന്നു എന്നാണ്. ഒന്നുകിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമ്മതത്തോടെ ചോർത്തുന്നു; അല്ലെങ്കിൽ പോലീസിനകത്ത് ആർക്കോ മുഖ്യമന്ത്രിയുമായുള്ള സംസാരം ചോർത്തണമെന്നുള്ള ആഗ്രഹമുണ്ടാകുന്നു. ഇത് കേരളത്തിലെ ജനങ്ങൾക്ക് നിസ്സാരമായി കാണാൻ കഴിയില്ല. ഈ പ്രശ്നം എല്ലാവരുടെയും സുരക്ഷിതത്വത്തെ ബാധിക്കുന്നൊരു വിഷയമായി മാറാൻ പോകുകയാണ്. പോലീസിലെ ഇത്തരത്തിലുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉണ്ടാക്കാൻ പോകുന്ന ഭവിഷ്യത്ത് പരിശോധിക്കണം. മന്ത്രിസഭയിൽനിന്നും രാജിവച്ച ഒരാളെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് ഈ വിഷയത്തെ കൂട്ടിക്കാണേണ്ട അവസ്ഥയുണ്ടായിട്ടുള്ളത് ഇത്തരത്തിലുള്ള സംശയങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ്. എങ്ങനെയാണ് വാർത്തകൾ പുറത്തുവരുന്നത്? പോലീസിനകത്തുള്ള ഈ വിഷയം സംബന്ധിച്ച് ആഭ്യന്തര വകുപ്പുസെക്രട്ടറിക്ക് കത്ത് കിട്ടിയിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ ഐ.ടി. ആക്ടിലെ ഏഴാം വകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ കഠിനമായ ശിക്ഷ ആർക്കാണ് കൊടുക്കേണ്ടത് എന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. നമുക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്ന രീതിയിലുള്ള മറുപടിയല്ല മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. തീർച്ചയായും ഈ വിഷയത്തിൻമേൽ ഗൗരവമായ ചർച്ച അനുവദിക്കേണ്ടതായിരുന്നു. ചർച്ച അനുവദിക്കാത്ത സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പോലീസ് തലപ്പത്ത് മുതിർന്ന ഉദ്യോഗസ്ഥർ തമ്മിലുള്ള വിശ്വാസമില്ലായ്മ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന അന്നുമുതൽ ഇത്തരത്തിലുള്ള ധാരാളം വിഷയങ്ങൾ വരുന്നുണ്ട്. ഏറ്റവും ഒടുവിലത്തേതാണ് വിജിലൻസ് ഡി.ജി.പി-യുടെ പരാതി. അദ്ദേഹത്തിന്റെ ഫോൺ ചോർത്തിയെന്ന് അദ്ദേഹംതന്നെ പറയുമ്പോൾ,

കാര്യങ്ങൾ മനസ്സിലാക്കാതെയാണ് അദ്ദേഹം സംസാരിച്ചതെന്ന് കണക്കാക്കാൻ കഴിയുകയില്ല. ഇത് ഗൗരവമേറിയ ഒരു വിഷയമാണ്. ഇത് പോലീസ് സേനയ്ക്കുതന്നെ നാണക്കേടാണ്. ഉയർന്ന ഉദ്യോഗസ്ഥർ തമ്മിലുള്ള ഐക്യമില്ലായ്മ പോലീസ് സേനയുടെ പ്രവർത്തനങ്ങളെ എത്രത്തോളം ഗുരുതരമായി ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തേണ്ടതുണ്ട്. ഈ കത്തിൽ യാഥാർത്ഥ്യമുണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകണം. ഈ വിഷയത്തെ സംബന്ധിച്ച് ഒരന്വേഷണം നടത്തേണ്ടത് അനിവാര്യമാണ്. ശ്രീ. ജേക്കബ് തോമസ്, വിജിലൻസ് ഡയറക്ടറായി പ്രവർത്തിക്കുന്നു. അദ്ദേഹത്തിന് വലിയ സ്വീകാര്യത ഗവൺമെന്റിൽ നിന്നും പൊതുസമൂഹത്തിൽ നിന്നുമുണ്ടാകുന്നു. അങ്ങനെയുള്ളൊരു ഉദ്യോഗസ്ഥൻ ഇത്തരമൊരു വിഷയം ആവർത്തിക്കുമ്പോൾ അത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് സർക്കാർ തയ്യാറാകേണ്ടതാണ്. ഇത്തരം വിഷയങ്ങളിൽ സർക്കാർ വേണ്ട രീതിയിൽ ഇടപെട്ടില്ലെങ്കിൽ ഇവ ആവർത്തിക്കപ്പെടും. ഈ പ്രശ്നം ചർച്ച ചെയ്യേണ്ടത് അനിവാര്യമായിരുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്ക് ചേരുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ഗൗരവമുള്ള ഒരു വിഷയമാണ് ഇന്ന് ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഒരു ചർച്ച അനുവദിക്കുമെന്നാണ് ഞാൻ കരുതിയത്. 'അഴിമതിക്കെതിരായ ശക്തമായ നീക്കം' എന്നാണ് എൽ.ഡി.എഫ്.-ന്റെ പ്രഖ്യാപിത മുദ്രാവാക്യം. അഴിമതിയുടെ കാര്യത്തിൽ നിഷ്പക്ഷമായ നിലപാട് സർക്കാർ എടുക്കുന്നുവെന്ന തോന്നൽ വരണമെങ്കിൽ ഇങ്ങനെയൊരു ചർച്ച നല്ലതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷണത്തിന് വിധേയരായ ആളുകളെക്കുറിച്ച് പറഞ്ഞു. ഈ സർക്കാർ അധികാരമേറ്റിട്ട് അഞ്ചുമാസം കഴിഞ്ഞു. ഇതുവരെ അന്വേഷണം ആർക്കെല്ലാം എതിരായി നടന്നു? വേണ്ടെന്നുവച്ച അന്വേഷണം വീണ്ടും എടുക്കുന്നു; സാക്ഷിവിസ്താരം മുഴുവൻ പൂർത്തിയാക്കി നൂറിൽപ്പരം സാക്ഷികളെ വിസ്തരിച്ചിട്ടും തെളിയാത്ത കേസ്സുകൾ വീണ്ടും പൊക്കിയെടുക്കുന്നു; അതൊക്കെ ചെയ്തോട്ടെ, ആരും അതിൽ ഇടപെട്ടില്ലല്ലോ? ഇപ്പോൾ അന്വേഷണത്തിന് വിധേയരാകുന്ന ആളുകളുടെ പട്ടിക ഭരണപക്ഷ സീറ്റുകളിലേയ്ക്ക് കടന്നപ്പോൾ, എന്റെ ഫോൺ സംഭാഷണവും ഇ-മെയിലുകളും ചോർത്തുന്നുവെന്ന് ശ്രീ. ജേക്കബ് തോമസ് പറയുന്നു. ആ പോയിന്റാണ് ഇതിൽ പ്രധാനപ്പെട്ടത്. ഇന്നലെകളിലൊന്നും ഇത്

പറഞ്ഞില്ല. നാല് മാസം കഴിഞ്ഞു, യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായിരുന്ന മന്ത്രിമാരെക്കുറിച്ച് അന്വേഷിക്കുമെന്നല്ലേ പറയുന്നത്. അതൊക്കെ നടക്കട്ടെ, ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു, ഞങ്ങൾക്കൊരു ഭയവുമില്ല, അന്വേഷിച്ചോളൂ, എന്തുവേണമെങ്കിലും അന്വേഷിച്ചോളൂ. അഴിമതിക്കെതിരായി അതിശക്തമായ നിലപാടെടുക്കാൻ ഞങ്ങളെല്ലാവരും സർക്കാരിനൊപ്പം കാണും. 1964-ൽ കേരള കോൺഗ്രസ്സ് പാർട്ടിയുണ്ടായത് അഴിമതിക്കെതിരായ പ്രഖ്യാപനവുമായിട്ടാണ്. പത്രങ്ങൾ വാർത്ത ചോർത്തുന്നുവെന്ന് ഇവിടെ പറഞ്ഞല്ലോ? സാക്ഷികൾ കൊടുക്കുന്ന മൊഴിവരെ വിജിലൻസിൽനിന്നും അപ്പപ്പോൾ പത്രങ്ങളിൽ കൊടുക്കുമായിരുന്നു. ഇത് നിർഭാഗ്യകരമാണെന്ന് ഞങ്ങൾ മുഖ്യമന്ത്രിയോട് പറഞ്ഞിട്ടും അതന്വേഷിച്ചില്ല. ഇപ്പോൾ ശ്രീ. ജേക്കബ് തോമസ് പരാതി കൊടുത്തപ്പോൾ പത്രത്തിലും വന്നു. ഈ പത്രവാർത്ത ഉണ്ടായതെങ്ങനെയാണ്; ആരാണ് ഇത് കൊടുത്തത്; ഇതിനുമുമ്പും കൊടുത്തത് ആരൊക്കെയാണ്; ഇത്തരം കാര്യങ്ങളെല്ലാം അന്വേഷിക്കണം. ശ്രീ. ജേക്കബ് തോമസ് ഡി.ജി.പി. റാങ്കിലുള്ള രണ്ടാമത്തെ ഉദ്യോഗസ്ഥനാണ്. അതൊരു ചെറിയ കാര്യമാണോ? അദ്ദേഹം ഈ സംസ്ഥാനത്തെ ജനങ്ങളുടെ ശ്രദ്ധാകേന്ദ്രമായി ധാരാളം കാര്യങ്ങൾ ചെയ്യുന്നു. രാജ്യത്തിന്റെ സുരക്ഷ, അഖണ്ഡത, അത്തരം വലിയ കുറ്റകൃത്യങ്ങൾ വ്യാപിക്കുന്നതിനെതിരെയുള്ള നീക്കത്തിന്റെ ഭാഗമായി മാത്രമേ ഫോണുകളും ഇ-മെയിലുകളും ചോർത്താവൂ, അത് രാജ്യത്തിന്റെ സുരക്ഷയ്ക്കുവേണ്ടിയാണെന്നെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അതൊക്കെ ശ്രീ. ജേക്കബ് തോമസിന് അറിയാൻ പാടില്ലേ; അദ്ദേഹത്തിന് നമ്മളെക്കാളും കാര്യങ്ങൾ അറിയാം. അങ്ങനെയുള്ള ഒരുദ്യോഗസ്ഥന് പരാതിയുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചു. എങ്ങനെ ഈ പരാതി വന്നു; അത് ഇപ്പോൾ വന്നതിന് കാരണമെന്താണ്; അത്തരത്തിലുള്ള ന്യായമായ സംശയങ്ങൾ ഉയരുന്നുണ്ട്. ആ സംശയം മാറ്റണമെന്നുള്ളത് ഭരണകക്ഷിയുടെ ആവശ്യമാണ്. എൽ.ഡി.എഫ്.-ന് അഴിമതിക്കെതിരായ ശക്തമായ നിലപാടുണ്ടെങ്കിൽ ഈ വിഷയം തുറന്ന സമീപനത്തോടുകൂടി ചർച്ച ചെയ്യാം. ആരെ വേണമെങ്കിലും പിടിക്കുകയോ ആരെ വേണമെങ്കിലും ശിക്ഷിക്കുകയോ ചെയ്തോളൂ, എന്നാൽ മറ്റൊരിടത്തേയ്ക്ക് അന്വേഷണം മാറുമ്പോൾ, ഇതുവരെ തത്ത ഒരു വശത്തേയ്ക്ക് മാത്രമാണ് പറന്നുകൊണ്ടിരുന്നത്. അത് എതിർവശത്തേയ്ക്ക് പറക്കാൻ തുടങ്ങിയപ്പോൾ നേരിട്ടാണെങ്കിലും അല്ലാതെയാണെങ്കിലും അതിനെ തടയരുത്. ആ തത്ത സ്വതന്ത്രമായി പറക്കട്ടെ, ഏത് മരക്കൊമ്പിലും ചെന്നിരിക്കട്ടെ. പക്ഷേ അപ്പുറത്തേയ്ക്ക് വന്നടുക്കുന്നുവെന്ന് കണ്ടപ്പോൾ, എൽ.ഡി.എഫ്.-ലേയ്ക്ക് വന്നിരിക്കരുതേ എന്നൊരു സൂചന

കൊടുക്കുന്നത് ഈ സർക്കാർ പ്രഖ്യാപിച്ച മുഖമുദ്രയ്ക്ക് എതിരായിരിക്കും. അതുകൊണ്ട് ഈ വിഷയത്തിൽ ചർച്ച നടത്തുന്നത് നിങ്ങളുടെ സൽപ്പേരിന് നല്ലതാണ്. ചർച്ചയ്ക്ക് തയ്യാറാകാത്ത സർക്കാരിന്റെ സമീപനത്തിൽ പ്രതിഷേധിച്ച് ഞങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) വിദ്യാഭ്യാസ വായ്പ

ശ്രീ. ജെയിംസ് മാത്യു: സർ, നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ ആയിരക്കണക്കിന് മിടുക്കരായ കുട്ടികൾക്ക് തുടർവിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുകയാണ്. 2001 ഏപ്രിൽ മാസം 28-ാം തീയതി കേന്ദ്ര സർക്കാർ വിദ്യാഭ്യാസ വായ്പ നൽകുന്നതിനായി ദേശസാൽകൃതവും അല്ലാത്തതുമായ ബാങ്കുകളോട് നിഷ്കർഷിക്കുകയുണ്ടായി. അതനുസരിച്ച് റിസർവ് ബാങ്കും തുടർന്ന് ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷനും വിദ്യാർത്ഥികൾക്ക് വായ്പ നൽകുന്നതിന് കൃത്യമായ ഒരു വ്യവസ്ഥയുണ്ടാക്കിയിരുന്നു. ഇതുപ്രകാരം 4 ലക്ഷം രൂപ വരെ പലിശയില്ലാതെയും തുടർന്നുള്ള തുകയ്ക്ക് 5 ശതമാനം പലിശ നിരക്കിലുമാണ് വായ്പ കൊടുത്തുവന്നത്. 4 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് ഗ്യാരണ്ടി ആവശ്യമുണ്ടായിരുന്നില്ല. തുടർന്നുള്ള വായ്പയ്ക്ക് രക്ഷകർത്താക്കളുടെ ജാമ്യമോ കൊളാറ്ററൽ സെക്യൂരിറ്റിയോ നിർബന്ധമാക്കിയിരുന്നു. ഇന്ത്യയ്ക്കകത്ത് പഠിക്കാൻ 10 ലക്ഷം രൂപ വരെയും വിദേശപഠനത്തിന് 20 ലക്ഷം രൂപ വരെയും നിലവിൽ വായ്പയായി ലഭ്യമായിരുന്നു. ഈ സൗകര്യം ഉപയോഗപ്പെടുത്തി പതിനായിരക്കണക്കിന് കുട്ടികൾ പഠിക്കുകയും ജോലി നേടുകയും ചെയ്തിട്ടുണ്ട്. സഭയിൽ ഇന്ന് രാവിലെ ബഹുമാന്യനായ മുഖ്യമന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി വ്യക്തമാക്കിയത്, സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 40 ശതമാനത്തോളം വിദേശ മലയാളികളുടെ സമ്പാദ്യമാണെന്നാണ്. ഒരു സാധാരണ മലയാളി വിദേശത്തേയ്ക്ക് പോകണമെങ്കിൽ അഭ്യസ്തവിദ്യരായിരിക്കണം. അതിനുള്ള അവസരം നിഷേധിക്കുന്ന വിധത്തിൽ ഇന്ന് ബാങ്കുകൾ ലോൺ നിരസിക്കുകയാണ്.

ദേശസാൽകൃത ബാങ്കുകളിലോ കൊമേഴ്സ്യൽ ബാങ്കുകളിലോ ഒരു കുട്ടിയോ രക്ഷിതാവോ പോയാൽ അപേക്ഷ സ്വീകരിക്കുന്നില്ലെന്ന മറുപടിയാണ് അവർക്ക് ആദ്യം കിട്ടുന്നത്. നിരന്തരം ഈ ആവശ്യവുമായി പോയാലും തുടർച്ചയായി നിഷേധിക്കുകയാണ്. റീജിയണൽ ഓഫീസിൽ അയച്ചിട്ടുണ്ട്, പ്രോസസ്സ് ചെയ്യുന്നുണ്ട് എന്നൊക്കെയാണ് പറയുന്നത്. ചുരുക്കിപ്പറഞ്ഞാൽ ആ കുട്ടിക്ക് അഡ്മിഷൻ നടത്തേണ്ട സമയമായാലും പ്രോസസ്സിംഗ് തീരില്ല, വായ്പയും ലഭിക്കില്ല. അവസാനം ഉപരിപഠനത്തിനുള്ള ആഗ്രഹം ഉപേക്ഷിക്കുകയോ അല്ലെങ്കിൽ കൊള്ളപ്പലിശയ്ക്ക് എവിടെ നിന്നെങ്കിലും വായ്പയെടുത്ത് പഠിക്കേണ്ടി വരികയോ ചെയ്യുന്ന അവസ്ഥാവിശേഷമാണുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഈ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്താൻ സാധിക്കണം. ഇത്തരത്തിലുള്ള പരാതികൾ പരിശോധിക്കുന്നതിന് ജില്ലാതലത്തിലും നിയോജക മണ്ഡലാടിസ്ഥാനത്തിലും സംവിധാന ങ്ങളുണ്ടാക്കണം. നിയമസഭാംഗങ്ങളുടെ മുമ്പിലും ഇത്തരം നിരവധി പരാതികളുണ്ട്. ഞങ്ങൾ ഇക്കാര്യം ലീഡ് ബാങ്ക് ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തിയാലും അവയൊന്നും പരിഗണിക്കുന്നില്ല. ഈ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തിക്കൊണ്ട് അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഇന്ത്യയ്ക്കകത്തും വിദേശത്തും തുടർപഠനത്തിനാവശ്യമായ വായ്പ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രയാസം, ജോലി കിട്ടുന്നതിനുള്ള കാലതാമസം, കിട്ടിയ ജോലിക്ക് മതിയായ ശമ്പളമില്ലാത്ത സ്ഥിതി എന്നിവയെല്ലാം പരിഗണിച്ചുകൊണ്ട്, വായ്പ തിരിച്ചടവിനായി നൂറുകോടി രൂപ നീക്കിവച്ച് കുട്ടികളെ സഹായിക്കുന്ന സമീപനം ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വായ്പ തിരിച്ചുകിട്ടാതായിപ്പോകുമെന്ന ബാങ്കുകളുടെ ആശങ്കപോലും അസ്ഥാനത്താക്കുന്ന തീരുമാനമാണ്. ഈ സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് കൃത്യമായും കുട്ടികൾക്ക് വായ്പ കൊടുക്കുന്നതിനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാനത്ത് റിസർവ് ബാങ്കിന്റെ നയങ്ങളും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ടാണ് വിദ്യാഭ്യാസ വായ്പ നൽകുന്നത്. ഇന്ന് ഏതാണ്ട് 3.6 ലക്ഷം പേർക്ക് വിദ്യാഭ്യാസ വായ്പ നൽകിയിട്ടുണ്ട്. മൊത്തം അടങ്കൽ 9816 കോടി രൂപ വരും. ഇതിൽ അമ്പതിനായിരത്തിൽപ്പരം ലോണുകൾ എൻ.പി.എ. ആണ്. അത് മൊത്തം 1224 കോടി രൂപ വരും. അർഹതയുണ്ടെങ്കിലും വായ്പ പലപ്പോഴും നിഷേധിക്കപ്പെടുന്നുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. 4 ലക്ഷം രൂപ വരെ

പ്രത്യേകിച്ച് ഈടില്ലാതെ വായ്പ നൽകുന്നതിന് ബാങ്കുകൾ ബാദ്ധ്യസ്ഥരാണെങ്കിലും അവരത് നടപ്പാക്കുന്നില്ല. ഇക്കാര്യം SLBC-യിൽ ഉന്നയിച്ചപ്പോൾ അവർ പറഞ്ഞത് ഇത്തരം പരാതി ലഭിക്കുകയാണെങ്കിൽ അതിന്മേൽ ആവശ്യമായ അന്വേഷണം നടത്തി അർഹരാണെന്ന് കണ്ടെത്തുന്നപക്ഷം വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാമെന്നാണ്. സംസ്ഥാനതലത്തിലുള്ള പരിഹാരസംവിധാനം പോരാ, മണ്ഡലാടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ ഇത്തരത്തിലുള്ള പരാതി സമർപ്പിക്കാനുള്ള ഒരു സംവിധാനം വേണമെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഇക്കാര്യം SLBC-യിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, വിദ്യാർത്ഥികൾ പഠിച്ച് പാസ്സായശേഷം വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവരുടെ രക്ഷകർത്താക്കളെപ്പോലും ജയിലിലടയ്ക്കുന്ന അനുഭവം കഴിഞ്ഞ കാലത്തുണ്ടായിട്ടുണ്ട്. അതിൽ മാറ്റം വരുത്തുന്നതിനുവേണ്ടി ഇപ്പോൾ നടത്തിയിട്ടുള്ള ശ്രമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, തീർച്ചയായും അത്തരത്തിലുള്ള ഇടപെടലുണ്ടാകും. ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന സ്കീമനുസരിച്ച് വിദ്യാഭ്യാസ വായ്പകൾക്ക് മോറട്ടോറിയം നൽകും. വായ്പയെടുത്ത് അഞ്ചുവർഷം തികയാത്തവർക്കും ജോലി ലഭിക്കാത്തവർക്കുമായിരിക്കും മോറട്ടോറിയത്തിന് അർഹതയുണ്ടാവുക. ജോലി കിട്ടിയാലും വരുമാനത്തിന്റെ നാലിലൊന്ന് മാത്രമേ വസൂലാക്കാൻ പാടുള്ളൂ. അതുപോലെതന്നെ പ്രിൻസിപ്പൽ തുകയുടെ തുല്യമായ പലിശ ഒടുക്കിയിട്ടുണ്ടെങ്കിൽ, പെനാൽറ്റി ഒഴിവാക്കുകയാണെങ്കിൽ സർക്കാർകൂടി സഹായിച്ച് അത് ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഇങ്ങനെയുള്ള നിർദ്ദേശങ്ങളാണ് ഈ സ്കീമിലുള്ളത്. ഇക്കാര്യങ്ങൾ SLBC-യുമായി ചർച്ച ചെയ്ത് തീരുമാനത്തിലെത്തും.

### (2) വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും പ്രശ്നങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വളരെ ഗൗരവമേറിയ വിഷയമാണ് ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ എന്റെ ആത്മവീര്യം ചോർന്നുപോകുന്ന വിധത്തിൽ ഇടപെടരുതെന്ന് അഭ്യർത്ഥിക്കുകയാണ്. വളരെ വികാരഭരിതനായിട്ടാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്.

കേരള സമൂഹത്തിൽ അവഗണനയും അനാഥത്വവും അനുഭവിക്കുന്ന വിഭാഗങ്ങളാണ് വിധവകളും വിവാഹബന്ധം വേർപെടുത്തിയവരും അവിവാഹിതരായ അമ്മമാരും. അർദ്ധ ജീവിതങ്ങളുടെ അരക്ഷിതാവസ്ഥയിലേയ്ക്ക്

ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. പൊതു സമൂഹത്തിന്റെ അവജ്ഞയ്ക്കും നിന്ദയ്ക്കും അവഗണനയ്ക്കും പാത്രമാകുന്നവരാണ് മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ടവർ. പാർശ്വവൽക്കരിക്കപ്പെട്ട നിസ്സഹായരും നിരാലംബരും സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് ഒറ്റപ്പെട്ട് കഴിയുന്നവരുമായ ഇത്തരക്കാരുടെ നീറുന്ന പ്രശ്നങ്ങൾക്ക് സഭ അടിയന്തര പരിഹാരം കാണേണ്ടിയിരിക്കുന്നു. പല കാരണങ്ങളാൽ സമൂഹത്തിൽനിന്ന് ഒറ്റപ്പെട്ട് വരികയാണിവർ. സാമ്പത്തികമായും സാമൂഹികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഇവർ അനുഭവിക്കുന്ന പ്രയാസങ്ങൾ വിവരണാതീതമാണ്. ഉത്തരവാദിത്വപ്പെട്ടവരുടെ പരിഗണനയും പരിലാളനയും ലഭിക്കാതെ ഒറ്റപ്പെടലിന്റെ ധർമ്മസങ്കടങ്ങളും ആകുലതകളും വ്യാകുലതകളുമായി തകർന്ന മനസ്സുകളോടെ ഇവർ ജീവിതം തള്ളിനീക്കുകയാണ്. ഇവരുടെ ശിഥിലമായ കുടുംബജീവിതം, വഴിതെറ്റിപ്പോകുന്ന കുട്ടികൾ, ആ കുട്ടികളിൽ വളർന്നുവരുന്ന കുറ്റവാസനകൾ എന്നിവയെല്ലാം നാം കണ്ടില്ലെന്ന് നടിക്കുകയാണ്. ഇവർക്കായി നാം കണ്ണും കാതും തുറക്കേണ്ടിയിരിക്കുന്നു. ഇവർക്കുവേണ്ടി സമഗ്രമായൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. കേരളപ്പിറവിയുടെ 60-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ വേളയിൽ സമൂഹം പുറന്തള്ളിയ ഈ ജീവിതങ്ങളെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നാം ഏറ്റെടുത്തേ മതിയാകൂ. സാമൂഹിക പ്രതിബദ്ധതയോടെ കാര്യങ്ങൾ നോക്കിക്കാണുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാനുഷിക പരിഗണനയോടെ ഈ പ്രശ്നത്തിൽ ഗൗരവപൂർവ്വമായ നടപടി സ്വീകരിക്കുമെന്ന പ്രതീക്ഷയാണുള്ളത്. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിധവകളുടെയും അവിവാഹിതരായ സ്ത്രീകളുടെയും സംരക്ഷണം, പുനരധിവാസം എന്നിവയ്ക്ക് വേണ്ട പദ്ധതികൾ നിലവിലില്ല. കൊല ചെയ്യപ്പെടുന്നവരുടെ വിധവകളുടെ വിതുമ്പലുകൾ നാം ശ്രദ്ധിക്കുന്നില്ല. അപൂർവ്വമായി നിലനിൽക്കുന്ന പുനരധിവാസ പദ്ധതികൾ ഉടച്ചുവാർക്കുകയും സാമൂഹിക പുനരധിവാസത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുകയും വേണം. ഒരു വഴിയുമില്ലാതെ ആരാന്റെ കടത്തിണ്ണയിൽ അന്തിയുറങ്ങാൻ വിധിക്കപ്പെട്ട സ്ത്രീകൾ ലൈംഗിക പീഡനങ്ങൾക്ക് വിധേയരാകുകയാണ്. ഇത്തരം ഇരകളുടെ സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തണം. അതുപോലെ നിലവിലുള്ള പദ്ധതി നിർവ്വഹണവും ആവശ്യകതയും തമ്മിലുള്ള വിടവ് ശാസ്ത്രീയമായി പരിശോധിച്ച് സമഗ്രമായൊരു നയത്തിന് രൂപം നൽകണം. താൽക്കാലിക സമാശ്വാസം എന്ന നിലയിൽ സാമ്പത്തികമായും അടിയന്തരവുമായ പുനരധിവാസ പദ്ധതികൾ ആരംഭിക്കണം. ജില്ലാതലത്തിൽ സംയോജിത പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാനും വിധവകൾക്കുവേണ്ടി പഞ്ചായത്തുകളിൽ പ്രത്യേകം ഗ്രാമസഭകൾ വിളിച്ചുചേർക്കാനും നടപടി സ്വീകരിക്കണം. ഇപ്പോൾ പഞ്ചായത്ത് ഫണ്ടിൽ 5

ശതമാനം തുക സ്ത്രീകൾക്ക് നീക്കിവച്ചിട്ടുണ്ട്. ഈ രീതിയിൽ ഗ്രാമസഭകൾ ചേർന്നാൽ 5 ശതമാനത്തിൽ നല്ലൊരു തുക വിധവകളടക്കം പാർശ്വവൽക്കരിക്കപ്പെട്ട സഹോദരിമാർക്കുവേണ്ടി വിനിയോഗിക്കാൻ നമുക്ക് സാധിക്കും. കഴിഞ്ഞതവണ ഇത്തരത്തിലുള്ള ഗ്രാമസഭകൾ ചേർന്നിരുന്നു. അതുപോലെ നിയമനങ്ങളിലും ഇവർക്ക് സംവരണം ഏർപ്പെടുത്തണം. കൂടാതെ പലിശരഹിത വായ്പകൾ നൽകി സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കണം. ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് പാർശ്വവൽക്കരിക്കപ്പെട്ട ഈ വിഭാഗത്തെ സംരക്ഷിക്കാൻ ബഹുമാനപ്പെട്ട സർക്കാരും മുഖ്യമന്ത്രിയും മുന്നോട്ടുവരണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ആത്മവീര്യത്തിന് കുറവില്ലാതെ തന്നെ കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചുപോയവർ, വിവാഹമോചിതരായ വനിതകൾ, അവിവാഹിതരായ അമ്മമാർ, മാരകരോഗത്താലും പക്ഷാഘാതംമൂലവും നട്ടെല്ലിന് ക്ഷതമേറ്റ് കുടുംബം പുലർത്താൻ കഴിയാത്തവിധം കിടപ്പിലായവരുടെ ഭാര്യമാർ, എച്ച്.ഐ.വി./എയ്ഡ്സ് ബാധിതർ തുടങ്ങിയവരുടെ മക്കൾക്ക് അർഹമായ വിദ്യാഭ്യാസം നൽകി സ്വയംപര്യാപ്തത കൈവരിക്കുന്നതിനുതകുന്ന തരത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ചൂഷണത്തിന് വിധേയരാകുന്ന അവിവാഹിതരായ അമ്മമാരെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന 'സ്നേഹസ്പർശം' പദ്ധതി പ്രകാരം പ്രതിമാസം 1,000 രൂപ ധനസഹായം നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിധവകൾക്കും വിവാഹമോചിതരായ വനിതകൾക്കും 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കും 1,000 രൂപ പെൻഷൻ നൽകുന്നുണ്ട്. ഈ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണുന്നതിന് കൂടുതൽ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരം വിഭാഗക്കാർക്കുവേണ്ടി നടപ്പിലാക്കിവരുന്ന നിരവധി പദ്ധതികളെക്കുറിച്ച് ഇവിടെ പ്രതിപാദിച്ചു. അതിൽ സന്തോഷമുണ്ട്. നമ്മൾ ഏത് പദ്ധതികൾ നടപ്പിലാക്കിയാലും ഒരു വിഭാഗത്തിന് അപകർഷതാബോധമുണ്ടെങ്കിൽ അതിന്റെ ഫലം ഒരിക്കലും അനുഭവവേദ്യമാകുകയില്ല. അപകർഷതാബോധം മാറ്റി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ സർക്കാർ സർവ്വീസിൽ 10 വർഷത്തിലധികമായി ജോലി ചെയ്യുന്ന വിധവകളെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അപകർഷതാബോധമുള്ളവരെ അടക്കം മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള സ്ത്രീശാക്തീകരണ പദ്ധതികൾ അതീവ ഗൗരവമായി സർക്കാർ നടപ്പാക്കി വരികയാണ്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുന്നതിനുള്ള ഇടപെടലുണ്ടാകും.

## IV സബ്മിഷൻ

### (1) വനിതാ മാധ്യമ പ്രവർത്തകർക്കെതിരെയുള്ള കേസ്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ മാസം 15-ന് എറണാകുളത്ത് നടന്ന കേരള പത്രപ്രവർത്തക യൂണിയന്റെ സംസ്ഥാന സമ്മേളനത്തിൽ വച്ച് ബഹുമാന്യനായ മുഖ്യമന്ത്രി ആവേശകരമായൊരു പ്രസംഗം നടത്തുകയുണ്ടായി. പത്രപ്രവർത്തകർ കോടതി നടപടികൾ റിപ്പോർട്ട് ചെയ്യുന്നത് തടയുന്ന ഒരു സംഘം അഭിഭാഷകരുടെ നടപടിക്കെതിരായി അദ്ദേഹം ശക്തമായി പ്രസംഗിച്ചു. ആ സമ്മേളനത്തിൽ മുഖ്യ അതിഥിയായി ഞാനും പങ്കെടുത്തതാണ്. അഭിഭാഷകർ കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാൻ അനുവദിക്കാതിരിക്കുന്നത് പത്ര സ്വാതന്ത്ര്യത്തിന്റെ ലംഘനം മാത്രമല്ല അറിയാനുള്ള സാധാരണക്കാരുടെ അവകാശം നിഷേധിക്കലാണെന്നും കോടതി അഭിഭാഷകരുടെ സ്വകാര്യ സ്വത്തല്ലെന്നും ആര് കയറണം, ആര് കയറേണ്ടെന്ന് തീരുമാനിക്കേണ്ടത് അഭിഭാഷകരല്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. നിയമം ലംഘിക്കുകയാണ് അഭിഭാഷകർ ചെയ്യുന്നതെങ്കിൽ, നിയമ ലംഘനമുണ്ടായാൽ അത് തടയുന്നത് സർക്കാരിന്റെ ചുമതലയാണെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. തികച്ചും ഉചിതമായ പ്രസംഗമായിരുന്നു മുഖ്യമന്ത്രിയുടേത്. അതുകൊണ്ടുതന്നെ പത്ര സ്വാതന്ത്ര്യം ഉറപ്പാക്കാൻ സർക്കാർ സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണ ആ യോഗത്തിൽവച്ച് ഞാൻ വാഗ്ദാനം ചെയ്തു. പക്ഷെ പിന്നീട് എന്താണ് സംഭവിച്ചത്; മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കഴിഞ്ഞ് ഇന്ന് പത്താം ദിവസമാണ്. ഇപ്പോഴും പത്ര പ്രവർത്തകർക്ക് കോടതികളിലെത്തി കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാൻ കഴിയുന്നില്ലെന്ന് മാത്രമല്ല ഇപ്പോഴത്തെ അവസ്ഥ മുമ്പത്തേക്കാൾ കൂടുതൽ വഷളായിരിക്കുകയുമാണ്. തിരുവനന്തപുരം വിജിലൻസ് കോടതിയിൽ വനിതകളടക്കമുള്ള വാർത്താ ലേഖകരെ ഭീഷണിപ്പെടുത്തുകയും കയ്യേറ്റം ചെയ്യുകയും ചെയ്ത സംഭവത്തിൽ ഇരകളായ മാധ്യമപ്രവർത്തകർക്കെതിരെ പോലീസ് കേസെടുത്തിരിക്കുകയാണ്. ഇതാണോ മുഖ്യമന്ത്രി പറഞ്ഞ കോടതി മുറികളിലെ നിയമലംഘനം തടയൽ? മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ മൂന്നാം ദിവസമാണ് ഇത് സംഭവിച്ചിരിക്കുന്നത്. മുഖ്യമന്ത്രിയുടെ വാക്കിന് എന്ത് വിലയാണുള്ളത്? കോടതിയിൽ പത്രപ്രവർത്തകർ പോയത് അഭിഭാഷകരെ ആക്രമിക്കാനോ മർദ്ദിക്കാനോ അല്ല. ശ്രീ. ഇ. പി.

ജയരാജനെതിരെയുള്ള കേസ് കോടതിയിൽ വന്നപ്പോൾ അത് റിപ്പോർട്ട് ചെയ്യാനാണ് അവർ പോയത്. ശ്രീ. ഇ. പി. ജയരാജന്റെ കേസ് വിളിച്ചപ്പോഴാണ് ഒരു വിഭാഗം അഭിഭാഷകർ കോടതിയിലെത്തിയ മാധ്യമപ്രവർത്തകരെ ഭീഷണിപ്പെടുത്തി പുറത്താക്കിയത്. ജഡ്ജിയുടെ സാന്നിദ്ധ്യത്തിലായിരുന്നു ഈ അക്രമം. പോലീസ് സംരക്ഷണത്തിലാണ് പത്രക്കാർ കോടതിക്ക് പുറത്തേയ്ക്ക് വന്നത്. അപ്പോൾ അവർക്കുനേരെ കോടതി വളപ്പിൽ നിന്നും കല്ലേറുണ്ടായി. ഭാഗ്യത്തിനാണ് കല്ലേറിൽ നിന്ന് വാർത്താ ലേഖകർ രക്ഷപെട്ടത്. കല്ല് വാർത്താ ലേഖകരുടെ വാഹനങ്ങളിലും ഒ.ബി. വാനിലും പതിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി സംസാരിച്ച് പ്രശ്നങ്ങളെല്ലാം അവസാനിപ്പിച്ചതിനുശേഷമാണ് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ അഭിഭാഷകർ വാർത്താ ലേഖകരെ ആക്രമിച്ചത്. അതിനുമുമ്പ് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് പത്രപ്രവർത്തകരുമായും അഭിഭാഷകരുമായും ചർച്ചകൾ നടത്തി പ്രശ്നം അവസാനിപ്പിച്ചിരുന്നു. ഇതൊന്നും തങ്ങൾക്ക് ബാധകമല്ലെന്നുള്ള നിലയിലാണ് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഏതാനും ചില അഭിഭാഷകർ പ്രവർത്തിച്ചത്. എല്ലാ അഭിഭാഷകരും അത്തരക്കാരാണെന്ന് ഞാൻ ഒരിക്കലും കരുതുന്നില്ല. ബഹുമാനപ്പെട്ട രാഷ്ട്രപതിയും ഗവർണറും ഇക്കാര്യത്തിൽ ഉത്കണ്ഠ രേഖപ്പെടുത്തി. ബഹുമാന്യനായ നിയമസഭാ സ്പീക്കർ തന്നെ ചീഫ് ജസ്റ്റിസിന് കത്തെഴുതി. ഇത്തരത്തിൽ എല്ലാവരും ഇടപെട്ടിട്ടും പരിഹാരമുണ്ടാകാത്തത് ദൗർഭാഗ്യകരമാണ്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞതുപോലെ, ഇത് കേരളത്തിന് അപമാനകരമാണ്. ഭരണകൂടത്തിന്റെ ബലഹീനതയാണ് ഇത് കാണിക്കുന്നത്. തുടക്കത്തിൽത്തന്നെ ലാഘവത്തിൽ പരിഹരിക്കാൻ കഴിയുന്ന ഒരു കാര്യമായിരുന്നു ഇത്. ഭരണകൂടം ശക്തമായ നടപടിയെടുത്തില്ലെന്ന് ഞാൻ കരുതുകയാണ്. സൂചികൊണ്ട് എടുക്കാൻ കഴിയുന്നത് തൂമ്പകൊണ്ടും എടുക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഇപ്പോൾ കാര്യങ്ങൾ എത്തിനിൽക്കുന്നത്. മാധ്യമ ഗുണ്ടകളെന്ന് പറഞ്ഞ് വനിതകളുൾപ്പെ ടെയുള്ള വാർത്താലേഖകരുടെ ഫോട്ടോ വച്ചുള്ള ഫ്ലക്സുകൾ റോഡരികിൽ പലയിടത്തും വച്ചിരിക്കുകയാണ്. ഇത് തീർത്തും അപമാനകരമാണ്. നിക്ഷിപ്ത താൽപ്പര്യക്കാരടങ്ങുന്ന കുറച്ച് അഭിഭാഷകർ മാത്രമാണ് ഇതിന് പിന്നിലുള്ളത്. ചില വാർത്തകൾ കോടതിയിൽ നിന്ന് പുറത്തുവരരുതെന്ന് ആഗ്രഹിക്കുന്ന അഭിഭാഷകരാണ് ഇതിന്റെ പിന്നിലുള്ളത്. അഭിഭാഷകരുടെ അതിക്രമത്തിന് ഇരയായ പത്രപ്രവർത്തകരുടെ പേരിൽ കേസ്സെടുത്തത് ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയുന്നതല്ല. ബഹുമാന്യനായ മുഖ്യമന്ത്രി നൽകിയ ഉറപ്പിന് വിരുദ്ധമാണിത്. അഭിഭാഷകരെ കൂടുതൽ തെറ്റ് ചെയ്യാൻ ഈ നടപടി പ്രേരിപ്പിക്കും. വനിതാ മാധ്യമപ്രവർത്തകർക്കെതിരെ എടുത്തിരിക്കുന്ന കേസ്

അടിയന്തരമായി പിൻവലിക്കണമെന്ന് ഞാൻ ആഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച പത്രപ്രവർത്തകരുടെ സമ്മേളനത്തിൽ നടത്തിയ പ്രസ്താവനയിൽത്തന്നെയാണ് സർക്കാർ ഇപ്പോഴും ഉറച്ചുനിൽക്കുന്നത്. മാധ്യമ പ്രവർത്തകരും അഭിഭാഷകരും തമ്മിലുണ്ടായ പ്രശ്നങ്ങൾ തുടരുന്നതിൽ യാതൊരു ന്യായീകരണവുമില്ല. നേരത്തെ ഒരു സംഭവമുണ്ടായി, അതിന് വികാരപരമായ ഇടപെടലുമുണ്ടായി. ആ സംഭവത്തിന്റെ പോസ്റ്റുമോർട്ടത്തിലേയ്ക്ക് ഇപ്പോൾ കടക്കേണ്ടതില്ല. നമ്മുടെ നാട്ടിൽ എല്ലാവരും ഈ പ്രശ്നത്തിൽ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ഉന്നത സ്ഥാനത്തുള്ളവർ മാത്രമല്ല, കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും ജനങ്ങളുമായി ബന്ധപ്പെടുന്ന എല്ലാവരും ഈ പ്രശ്നം അവസാനിപ്പിക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ മാധ്യമപ്രവർത്തകർക്ക് കോടതിക്കകത്തുപോയി റിപ്പോർട്ട് ചെയ്യാൻ കഴിയാത്തൊരു സാഹചര്യം തുടരുന്നുവെന്നത് അത്യന്തം ഖേദകരമാണ്. ഇവിടെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ഏതാനും അഭിഭാഷകരാണ് ഈ തരത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകുന്നത്. നേരത്തെതന്നെ കർക്കശമായ നടപടി എടുക്കേണ്ടതാ യിരുന്നുവെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. ഹൈക്കോടതിയിലാണെന്നുള്ളതാണ് പ്രധാന പ്രശ്നം. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് ആവശ്യപ്പെട്ടാൽ മാത്രമേ ഹൈക്കോടതിക്കകത്ത് കടക്കാൻ പറ്റൂ. അതാണ് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് തീരുമാനമെടുക്കണമെന്ന നിലപാട് ആദ്യഘട്ടത്തിൽ സ്വീകരിക്കാനിടയായത്. അത് തീർത്തും ന്യായമാണ്. ചീഫ് ജസ്റ്റിസ് അതിൽ ഇടപെട്ടതിന്റെ ഭാഗമായി നല്ല നിലയിൽ പ്രശ്നപരിഹാരത്തിനുള്ള സാധ്യത വന്നു. മുഖ്യമന്ത്രിയെന്ന നിലയ്ക്ക് ഇടപെട്ടതിന്റെ ഭാഗമായി അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിലുള്ള ഉഭയകക്ഷി കമ്മിറ്റി വന്നു. ഇതൊന്നും ഒരു കൂട്ടം ആളുകൾക്ക് ബാധകമല്ലെന്ന അവസ്ഥയാണ് വരുന്നത്. അങ്ങനെയൊരു സാഹചര്യം അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് കർക്കശമായ നടപടികൾ സ്വീകരിക്കേണ്ടി വരുമെന്ന് ആ സമ്മേളനത്തിൽ എനിക്ക് പ്രസ്താവിക്കേണ്ടി വന്നത്. എവിടെയായാലും നിയമപാലനം നടക്കണ്ടേ; ആളുകൾക്ക് ജോലി ചെയ്യാനുള്ള അവകാശം സ്ഥാപിച്ചുകൊടുക്കണ്ടേ; അഭിഭാഷകർക്കും മാധ്യമപ്രവർത്തകർക്കും ജോലി ചെയ്യാനുള്ള അവകാശം വേണം. ഇതിൽ ഏതെങ്കിലും ഒരുകൂട്ടർ മാത്രം ജോലി ചെയ്താൽ പോരാ; മാധ്യമപ്രവർത്തകരുടെ ജോലിയുടെ ഭാഗമായാണല്ലോ അവർ അങ്ങോട്ട് പോകുന്നത്. അത് അനുവദിക്കില്ലെന്ന നിലപാട് ഒരുകൂട്ടം ആളുകൾ സ്വീകരിച്ചാൽ അതെങ്ങനെ സമ്മതിക്കാൻ കഴിയും? അത് സമ്മതിച്ചുകൊടുക്കാൻ കഴിയില്ലെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതുകൊണ്ട് ഇത്തരം രീതി തുടരാനാണ് ഭാവമെങ്കിൽ കൂടുതൽ കർക്കശമായ നടപടികളിലേയ്ക്ക് നീങ്ങേണ്ടിവരും.

ശ്രീ. വി. ഡി. സതീശൻ: സർ, പെൺകുട്ടികൾ ഉൾപ്പെടെയുള്ള മാധ്യമ പ്രവർത്തകർക്കെതിരെ കേസെടുത്തിരിക്കുകയാണ്. അവരാണോ പ്രശ്നമുണ്ടാക്കിയത്?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്.

14-10-2016-ന് രാവിലെ 11 മണിയോടെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകർ പുറത്തുപോകണമെന്ന് ചില അഭിഭാഷകർ ആവശ്യപ്പെട്ടു. അതിനെത്തുടർന്ന് അവിടെയുണ്ടായിരുന്ന മാധ്യമ പ്രവർത്തകരായ പ്രഭാത് നായർ, സി. പി. അജിത, ജസ്റ്റിന തോമസ്, രാമകൃഷ്ണൻ തുടങ്ങിയവരെ കോടതി മുറിയിൽനിന്നും അഭിഭാഷകരായ ആനയറ ഷാജി, രതിൻ, സുഭാഷ്, അരുൺ വി. നായർ, രാഹുൽ എന്നിവർ അസഭ്യം പറഞ്ഞ് നിർബന്ധിച്ച് പുറത്താക്കിയ സംഭവവുമായി ബന്ധപ്പെട്ട് 3 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ന്യൂ ഇൻഡ്യൻ എക്സ്പ്രസിലെ പ്രഭാത് നായരെ ഷർട്ടിൽ പിടിച്ച് തടഞ്ഞുനിർത്തി ബലം പ്രയോഗിച്ച് വലിച്ചിഴച്ച് കോടതി മുറിയിൽനിന്നും പുറത്താക്കി ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിൽ അദ്ദേഹം ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 1383/16 ആയി 5 അഭിഭാഷകർക്കും കണ്ടാലറിയാവുന്ന മറ്റ് 5 അഭിഭാഷകർക്കുമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത 5 പ്രതികളും വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ സ്വമേധയാ ഹാജരായതനുസരിച്ച് അവരുടെ അറസ്റ്റ് രേഖപ്പെടുത്തി ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട് ഏഷ്യാനെറ്റ് ന്യൂസ് ചാനലിലെ സി. പി. അജിത, മനോരമ ന്യൂസ് ചാനലിലെ ജസ്റ്റീന തോമസ് എന്നിവർ ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതികളുടെ അടിസ്ഥാനത്തിൽ കണ്ടാലറിയാവുന്ന ഒരു സംഘം അഭിഭാഷകർക്കെതിരായി വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 1390/16, 1391/16 എന്നിങ്ങനെ മറ്റ് രണ്ട് കേസുകൾകൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 14-10-2016-ന് രാവിലെ 11.30-ന് കോടതി വളപ്പിൽവച്ച് മാധ്യമ പ്രവർത്തകരായ പ്രഭാത് നായർ, രാമകൃഷ്ണൻ, സി.പി. അജിത, ജസ്റ്റീന തോമസ് എന്നിവർ അഡ്വക്കേറ്റ് ആനയറ ഷാജിയെ അസഭ്യം പറഞ്ഞും ഭീഷണിപ്പെടുത്തിയും ദേഹോപദ്രവം ഏൽപ്പിച്ചതായി കാണിച്ച് 17-10-2016-ന് വഞ്ചിയൂർ എസ്.എച്ച്.ഒ.യ്ക്ക് നൽകിയ പരാതിപ്രകാരം മേൽപ്പറഞ്ഞ നാല് മാധ്യമ പ്രവർത്തകരേയും പ്രതികളാക്കി വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 294, 323, 506, 34 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 1401/16 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നുണ്ട്. വനിതാ

മാധ്യമപ്രവർത്തകർ തങ്ങളെ മോശമായി ചിത്രീകരിച്ച് പോസ്റ്റർ പതിച്ചിട്ടുണ്ടെന്ന കാര്യം ഉൾപ്പെടെ രേഖപ്പെടുത്തിക്കൊണ്ട് 21-10-2016-ന് എനിക്ക് നൽകിയ പരാതി അന്വേഷിക്കുന്നതിനായി ഡി.ജി.പി.-ക്ക് കൈമാറിയിട്ടുണ്ട്. ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ അന്വേഷണം നടന്നുവരികയാണ്. കേസിന്റെ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചത് അടക്കമുള്ള പ്രശ്നങ്ങൾ ഉൾപ്പെടുത്തി യുക്തമായ തീരുമാനമെടുക്കുന്നതാണ്.

### (2) കനോലി കനാൽ

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോട് നഗര ഹൃദയത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ 1848-ലാണ് സ്ഥാപിച്ചത്. കല്ലായിപ്പുഴയേയും കോരപ്പുഴയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കനാലിന് ഏതാണ്ട് 11.50 കിലോമീറ്റർ നീളമുണ്ട്. ദേശീയ ജലപാതയുടെ ഭാഗമായാണ് കനാലിനെ കരുതുന്നത്. പണ്ടുകാലത്ത് ചരക്ക് ഗതാഗതത്തിനുവേണ്ടി ആശ്രയിച്ചിരുന്ന കനാലാണിത്. കോഴിക്കോട് നഗരത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് വെള്ളപ്പൊക്കമില്ലാതെ നഗരത്തെ നിലനിർത്തുന്നതിൽ ഈ കനാൽ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഇപ്പോൾ കല്ലായിപ്പുഴയിലെ അഴിമുഖത്തെല്ലാം ചെളി നിറഞ്ഞും അവിടത്തെ കയ്യേറ്റം കാരണവും ഒഴുക്ക് നിലച്ച് മലിന ജലാശയമായി കനാൽ മാറിയിരിക്കുകയാണ്. ഇത് നഗര ജീവിതത്തിൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഒഴുക്ക് നിലച്ചതിനാൽ മഴ പെയ്താൽ നഗരത്തിന്റെ പല ഭാഗത്തും വെള്ളപ്പൊക്കമുണ്ടാകുന്നു. ഈ കനാലിലേയ്ക്ക് വരുന്ന 74-ഓളം ഡ്രെയിനേജുകളിൽ പലതിലും മലിനജലമാണ്. ഇതിന്റെ ഇരു കരകളിലുമുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് മലിനജലം കനാലിലേയ്ക്ക് ഒഴുക്കിവിടുന്ന സാഹചര്യവുമുണ്ട്. കനോലി കനാലിന്റെ നവീകരണമെന്ന പേരിൽ ഓരോ വർഷവും കോടിക്കണക്കിന് രൂപ യാതൊരുവിധ ആസൂത്രണവുമില്ലാതെ ചെലവാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യവുമുണ്ട്. അതുകൊണ്ട് ഈ കനാലിന്റെ സംരക്ഷണത്തിനായി സമഗ്രമായൊരു നവീകരണ പദ്ധതി രൂപീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. അത്യാവശ്യമുള്ളിടത്തുമാത്രം വീതി കൂട്ടിക്കൊണ്ട് പുഴയുടെ അഴിമുഖം ഡ്രഡ്ജ് ചെയ്ത് കനാലിന്റെ ഒഴുക്ക് സുഗമമാക്കണം. ഇതിന്റെ ഇരു കരകളിലുമുള്ള സ്ഥാപനങ്ങളിൽനിന്നും ഡ്രെയിനേജുകളിൽനിന്നും വരുന്ന മലിനജലം ട്രീറ്റ് ചെയ്തതിനുശേഷം മാത്രമേ കനാലിലേയ്ക്ക് ഒഴുക്കാൻ പാടുള്ളൂ. മാലിന്യം നിക്ഷേപിക്കാൻ ആർക്കും തോന്നാത്തവിധം മികച്ച വാസ്തുശിൽപ്പികളുടെ സഹായത്തോടെ സൗന്ദര്യ വൽക്കരിച്ച് നഗരജീവിതത്തിന് അഴകായും അനുഭൂതിയായും ഈ കനാലിനെ മാറ്റാനുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് നഗരത്തിൽ കോരപ്പുഴയേയും കല്ലായിപ്പുഴയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കനോലി കനാലിന് 11.20 കിലോമീറ്റർ നീളമാണുള്ളത്. കനാലിന്റെ ചിലയിടങ്ങളിൽ സംരക്ഷണ ഭിത്തിയുണ്ടെങ്കിലും മിക്കതും തകർന്ന നിലയിലാണ്. മഴക്കാലങ്ങളിൽ കോഴിക്കോട് നഗരത്തിന്റെ പല ഭാഗങ്ങളിൽനിന്നും ഒഴുകിയെത്തുന്ന വെള്ളം കനാലിലാണ് ചേരുന്നത്. എന്നാൽ സിറ്റിയുടെ ഹൃദയഭാഗത്തുക്കൂടി ഒഴുകുന്ന കനാലിന്റെ ഇരുവശങ്ങളും ജനസാന്ദ്രതയേറിയ പ്രദേശമായതിനാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് പതിവായിരിക്കുകയാണ്. ഇക്കാരണങ്ങളാൽ മഴക്കാലങ്ങളിൽ കോഴിക്കോട് നഗരത്തിൽ വെള്ളക്കെട്ടുണ്ടാകുന്നത് പതിവാണ്. കനാലിലെ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്ത് ഒഴുക്ക് വർദ്ധിപ്പിച്ച് ജലഗതാഗതത്തിന് സാധ്യമാക്കുന്ന തരത്തിൽ സൗന്ദര്യവൽക്കരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമാവശ്യമായ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനായി 1,100 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ ഈ വഴി, വിവിധ തുറമുഖങ്ങളുമായും വിനോദസഞ്ചാര കേന്ദ്രങ്ങളുമായും ബന്ധിപ്പിക്കാൻ കഴിയും. കോഴിക്കോടിന്റെ ടൂറിസം വികസനത്തിൽ ഈ പ്രോജക്ടിന് നല്ലൊരു പങ്ക് വഹിക്കാൻ സാധിക്കും. പ്രോജക്ട് ഉദ്ദേശിക്കുന്ന തരത്തിൽ പൂർത്തിയാക്കിയാൽ ഏറ്റവും ആകർഷകമായ ഒരു കനാലായി ഇതിനെ മാറ്റാൻ സാധിക്കും. കോഴിക്കോടിന്റെ ബാഹ്യസൗന്ദര്യം വർദ്ധിപ്പിക്കുന്നതുകൂടാതെ വല്ലാർപാടം കണ്ടെയ്നർ വഴിയുള്ള ചരക്കു ഗതാഗതവും ഈ കനാൽ വഴി നടപ്പിലാക്കാൻ സാധിക്കും. കനാലിന് കുറുകേ നടപ്പാലങ്ങളും പാതകളുമുണ്ട്. അതിനാൽ നഗരഭാഗത്ത് സിംഗിൾ ലൈൻ ട്രാഫിക്കായി കനാലിനെ പുനരുദ്ധരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

## (3) പോലീസ് സ്റ്റേഷനിലെ അക്രമം

ശ്രീ. അടൂർ പ്രകാശ്: സർ, വധശ്രമക്കേസിൽ വാറണ്ട് പ്രതിയായ പ്രമാടം സ്വദേശി അനീഷ് കുമാറിനെ 16-10-2016-ന് രാത്രി 10 മണിക്ക് പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. കാത്തലിക് കോളേജ് വിദ്യാർത്ഥി സംഘട്ടനത്തിൽ പരിക്കേറ്റ് ജനറൽ ആശുപത്രിയിൽ കഴിഞ്ഞിരുന്ന കുട്ടികളെ ഇരുമ്പുവടികൊണ്ട് തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച കേസിൽ രണ്ടാം പ്രതിയാണ് അനീഷ് കുമാർ. ഇദ്ദേഹത്തെ അറസ്റ്റ് ചെയ്ത് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയ ദിവസം രാത്രി 10.30-ന് പത്തനംതിട്ട നഗരസഭാ കൗൺസിലറും ഡി.വൈ.എഫ്.ഐ. ബ്ലോക്ക് കമ്മിറ്റിയംഗവുമായ വി. ആർ. ജോൺസൺ,

എസ്.എഫ്.ഐ. സംസ്ഥാന കമ്മിറ്റിയംഗം അൻസിൽ അഹമ്മദ്, കണ്ടാലറിയാവുന്ന മറ്റ് രണ്ട് പേരുമുൾപ്പെടെ പോലീസ് സ്റ്റേഷനിൽ കടന്നു കയറുകയുണ്ടായി. കേസിൽ പ്രതികളായവർ പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ കടന്ന് പ്രതികളെ മോചിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയത്. ഈ സമയം എസ്.ഐ.-യും ഒരു വനിതാ പോലീസ് ഓഫീസറും നാല് പോലീസുകാരുമാണ് അവിടെയുണ്ടായിരുന്നത്. ആക്രോശിച്ചുകൊണ്ട് എത്തിയ ജോൺസൺ കയ്യിൽ കരുതിയിരുന്ന മുളവടി ഉപയോഗിച്ച് സ്റ്റേഷന്റെ ഭിത്തിയിൽ തറച്ചിരുന്ന കണ്ണാടി അടിച്ചുതകർക്കുകയും മുറിയിൽനിന്നും പുറത്തുവന്ന എസ്.ഐ.-യെ ആക്രമിക്കുകയും ചെയ്തു. ജോൺസന്റെ കൈവശമുണ്ടായിരുന്ന മുളവടി എസ്.ഐ. പിടിച്ചുവാങ്ങുകയും പോലീസ് സ്റ്റേഷനിലുണ്ടായിരുന്ന ക്യാമറയിൽ അവിടെയുണ്ടായ സംഭവം പകർത്തുവാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തു. എന്നാൽ പോലീസുകാരന്റെ കൈവശമുണ്ടായിരുന്ന ക്യാമറ ജോൺസൺ പിടിച്ചുവാങ്ങി എറിഞ്ഞ് പൊട്ടിച്ചു. തുടർന്ന് എസ്.ഐ. തന്റെ മൊബൈൽ ഫോൺ വനിതാ പൊലീസിന്റെ കയ്യിൽ കൊടുത്ത് സംഭവം പകർത്തുവാൻ ആവശ്യപ്പെട്ടു. ഈ സമയം അവിടെയുണ്ടായിരുന്ന കസേരയെടുത്ത് വനിതാ പോലീസിന്റെ കയ്യിലുണ്ടായിരുന്ന മൊബൈൽ ഫോൺ അടിച്ചു തകർത്തശേഷം പ്രതിയായ അനീഷ് കുമാറിനെ ബലമായി പിടിച്ച് പുറത്തേയ്ക്ക് കൊണ്ടുപോയി. പത്തനംതിട്ട പോലീസ് സ്റ്റേഷനിൽനിന്നും വയർലെസ് മെസേജിലൂടെ അറിയിപ്പ് കൊടുത്തതനുസരിച്ച് എ.ആർ. ക്യാമ്പിൽനിന്നും കൂടുതൽ പോലീസുകാർ അവിടെ എത്തുകയുണ്ടായി. അനീഷിനെ വിട്ടതിനുശേഷം ഇവർ ഓടി രക്ഷപ്പെടുകയാണ് ചെയ്തത്. അക്രമത്തിൽ ഹാൻഡ് ക്യാമറയും എസ്.ഐ.-യുടെ മൊബൈൽ ഫോണും രണ്ട് കസേരകളും സ്റ്റൂളുകളുമെല്ലാം അടിച്ചുതകർത്തു. കൈയ്ക്ക് പരിക്കേറ്റ എസ്.ഐ. പുഷ്പകുമാറും സി.പി.ഒ. സുരേഷും വനിതാ പോലീസ് സി.പി.ഒ. ആനി തോമസും ചികിത്സ തേടിയിരിക്കുകയാണ്. ഇത്തരത്തിൽ പോലീസ് സ്റ്റേഷനിൽ കടന്നുകയറി അക്രമം നടത്തുന്നത് ശരിയാണോയെന്ന് അങ്ങ് ആലോചിക്കണം. അങ്ങയുടെ പാർട്ടി പ്രവർത്തകരാണ് ഇതിന് നേതൃത്വം കൊടുത്തത്. ഇന്ന് ഏറ്റവും വലിയ വാർത്തയായി ഈ വിഷയം വന്നിരിക്കുകയാണ്. ഞാൻ ഈ സംഭവമുണ്ടായ അടുത്ത ദിവസംതന്നെ സഭയിൽ സബ്മിഷൻ കൊടുത്തിരുന്നുവെങ്കിലും അങ്ങ് സഭയിൽ ഇല്ലാതിരുന്നതു കൊണ്ടാണ് ഇന്നത്തേയ്ക്ക് മാറ്റിവച്ചത്. ഇത്തരം അക്രമങ്ങൾ ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല. ഈ പ്രതികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് അവരെ അറസ്റ്റ് ചെയ്യാനുള്ള നടപടിയുണ്ടാകണം.

11.00 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ക്രൈം 207/16-ാം നമ്പർ കേസ്സിലെ പ്രതിയായ പ്രമാടം അനീഷിനെ ബഹുമാനപ്പെട്ട പത്തനംതിട്ട കോടതിയുടെ വാറന്റ് പ്രകാരം എസ്. ഐ.-യും പാർട്ടിയും രാത്രി വീട്ടിൽ നിന്ന് അറസ്റ്റ ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവന്നു. രാത്രി 10.40-ഓടെ സ്റ്റേഷനിൽ എത്തിയ ചിലർ അനീഷിനെ വിട്ടുകിട്ടണമെന്ന് ആവശ്യപ്പെടുകയും അതിന്റെ പേരിൽ വാക്കേറ്റവും ബഹളവുമുണ്ടാക്കുകയും ചെയ്തു. എന്നാൽ അനീഷിനെ കൂട്ടിക്കൊണ്ടുപോകാൻ അവർക്ക് കഴിഞ്ഞില്ല. അവിടെ ചില പ്രശ്നങ്ങളുണ്ടായി എന്നത് ശരിയായിരിക്കാം. അനീഷിനെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. സ്റ്റേഷനിൽ നടന്ന സംഭവത്തിന്റെ പേരിൽ ക്രൈം 3639/16 ആയി പോലീസ് പ്രത്യേക കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഒന്നും രണ്ടും പ്രതികൾ പത്തനംതിട്ട സി.ജെ.എം. കോടതിയിൽ സറണ്ടർ ചെയ്തതിനാൽ അവരെയും റിമാന്റ് ചെയ്തിട്ടുണ്ട്. മറ്റുപ്രതികളെപ്പറ്റി പോലീസ് അന്വേഷിച്ചുവരികയാണ്. ഒരാളെ അറസ്റ്റ് ചെയ്താൽ രാത്രി പോലീസ് സ്റ്റേഷനിൽ ചെന്ന് അയാളെ വിട്ടുകിട്ടുന്നതിനുവേണ്ടി ബലം പ്രയോഗിക്കുന്ന രീതി ആരായാലും അംഗീകരിക്കാൻ കഴിയില്ല. അത്തരത്തിലുള്ള ശ്രമങ്ങളുണ്ടായാൽ കർക്കശമായ നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

## (4) പട്ടയം നൽകൽ

ശ്രീ. ഹൈബി ഈഡൻ: സർ, കേരളത്തിലെമ്പാടും പതിനായിരക്കണക്കിന് ആളുകൾ പുഴ, തോട്, കായൽ പുറമ്പോക്കുകളിൽ അധിവസിക്കുകയാണ്. 40-50 വർഷങ്ങളായി അധിവസിക്കുന്ന ഇവർക്ക് ഇന്നും പട്ടയം ലഭ്യമായിട്ടില്ല. ഈ ജലാശയങ്ങളെല്ലാം തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്. 1-10-2015-ൽ മുൻ സർക്കാർ ഇറക്കിയ പ്രത്യേക ഓർഡറിന്റെ അടിസ്ഥാനത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ തേവര മേയ്ദിന നഗർ കോളനിയിലെ 60 പേർക്കും ചിലവന്നൂർ പുഴയുടെ തീരത്ത് അധിവസിക്കുന്ന 48 പേർക്കും പട്ടയം വിതരണം ചെയ്തു. സുപ്രീംകോടതിയുടെ ജസ്പാൽ സിംഗ് Vs സ്റ്റേറ്റ് ഓഫ് പഞ്ചാബ് കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ പലപ്പോഴും ഇത് തടഞ്ഞുവയ്ക്കുന്ന സ്ഥിതിവിശേഷമുണ്ട്. എന്നാൽ എ.ജി.-യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അധികാരമുപയോഗിച്ച് ഇത് മറികടന്ന് പട്ടയം കൊടുക്കാനുള്ള സാഹചര്യം നിലവിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ വടുതല, ഷൺമുഖപുരം, ചേരാനല്ലൂർ, കോന്തുരുത്തി, എ.കെ.ജി റോഡ്, സൂര്യ നഗർ,

മാനവ നഗർ, അലക്സ് റോഡ്, ചൈതന്യപുരം, കസീബാ തിയേറ്ററിന്റെ സമീപം എന്നിവിടങ്ങളിൽ ആയിരക്കണക്കിനാളുകൾ പുഴ, കായൽ, തോട് പുറമ്പോക്കുകളിൽ താമസിക്കുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളായ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവയുടെ എൻ.ഒ.സി. ഉപയോഗിച്ചുകൊണ്ട് എൽ.എസ്.ജി. ഡിപ്പാർട്ടുമെന്റിന് റവന്യൂവിലേക്ക് ഡീവെസ്റ്റ് ചെയ്തതിനുശേഷം സർക്കാരിന് പട്ടയം കൊടുക്കാൻ കഴിയും. ഇവരെല്ലാം പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്ന സാധാരണക്കാരാണ്. അതുപോലെതന്നെ ഇവർക്ക് സ്വന്തമായി ഭൂമിയോ മറ്റ് സ്വത്തുക്കളോ ഇല്ലാത്തവരാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ഇവർക്ക് പട്ടയം നൽകാൻ വേണ്ട നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, നിലവിലുള്ള ഭൂമി പതിവ് നിയമങ്ങളും ചട്ടങ്ങളുംപ്രകാരം പുഴ പുറമ്പോക്ക് ഭൂമി പതിച്ചു നൽകാൻ ചില തടസ്സങ്ങളുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 218/1 വകുപ്പുപ്രകാരം പുഴ പുറമ്പോക്ക് ബന്ധപ്പെട്ട പഞ്ചായത്തിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിൽ നിക്ഷിപ്തമായ തോട്, കുളം, പുഴ പുറമ്പോക്കുകളുടെ ഭരണം പഞ്ചായത്ത് രാജ് ആക്ട് 218/3 വകുപ്പുപ്രകാരം സർക്കാരിന് ഏറ്റെടുക്കാനുള്ള വ്യവസ്ഥയുണ്ട്. പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിന് പഞ്ചായത്തിന്റെ അല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുവാദം ആവശ്യമാണ്. കായൽ, തോട്, കുളം എന്നിവയിൽപ്പെട്ട പുറമ്പോക്ക് പതിച്ചുനൽകുന്നതിന് ചില കോടതിവിധികളും പ്രതിബന്ധമായി നിൽക്കുന്നുണ്ട്. ബഹുമാന്യനായ ഹൈബി ഈഡൻ കഴിഞ്ഞ ദിവസം ഒരു കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം കോന്തുരുത്തി മാനവ നഗറിൽ പുഴ പുറമ്പോക്കിൽ ഉൾപ്പെടെ താമസിച്ചു വരുന്നവരുടെ പട്ടയപ്രശ്നവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷ പരിഗണിക്കുന്നതിനും ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതിനുമായി ബഹുമാനപ്പെട്ട അംഗത്തിനേയും തദ്ദേശസ്വയംഭരണ, റവന്യൂ വകുപ്പു സെക്രട്ടറിമാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മീറ്റിംഗ് 3-11-2016-ന് കൂടുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന വിവരവും അറിയിക്കുകയാണ്.

## (5) സ്വർണ്ണവ്യാപാര മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിലെ സ്വർണ്ണ വ്യാപാര മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി സഭയുടെയും സർക്കാരിന്റേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. മലയാളിക്ക് സ്വർണ്ണം വെറുമൊരു നിക്ഷേപമോ ആർഭാടമോ അല്ല. തലമുറകൾ കൈമാറുന്ന

സമ്പത്താണ്. വിവാഹം ഉൾപ്പെടെയുള്ള ആഘോഷങ്ങളിലെ അനിവാര്യതയായി സ്വർണ്ണം ഇന്ന് മാറിയിരിക്കുകയാണ്. അത്യാവശ്യം വന്നാൽ പണയപ്പെടുത്തി പണം കണ്ടെത്താനുള്ള കരുതലാണ് സ്വർണ്ണാഭരണം. സ്വർണ്ണത്തോടുള്ള പ്രതിപത്തിക്ക് ധനികരെന്നോ, ഇടത്തരക്കാരെന്നോ വേർതിരിവില്ല. അതുകൊണ്ടുതന്നെ സ്വർണ്ണ വ്യാപാര മേഖലയിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും മലയാളികളെ പൊതുവായി ബാധിക്കുന്നതാണ്. സ്വർണ്ണ വ്യാപാര മേഖലയുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് കുടുംബങ്ങൾ ഉപജീവനം നടത്തുന്നുണ്ട്. ഒരു സ്വയം തൊഴിൽ സംരംഭമെന്ന നിലയിൽ ബാങ്കുകളിൽനിന്ന് വൻ പലിശയ്ക്ക് വായ്പയെടുത്ത് സ്വർണ്ണാഭരണ വ്യാപാര രംഗത്തേക്ക് കടന്നുവന്ന സാധാരണക്കാരായിട്ടുള്ള ചെറുകിട വ്യാപാരികളടക്കമുള്ളവർ പിടിച്ചുനിൽക്കാൻ സാധിക്കാത്ത സ്ഥിതിയിലേയ്ക്ക് നീങ്ങുകയാണ്. സ്വർണ്ണവ്യാപാര രംഗത്ത് നിന്നുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1994-ൽ ആരംഭിച്ച കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ നികുതി അടച്ചുവരുന്ന വ്യാപാരികൾ പഴയ സ്വർണ്ണാഭരണങ്ങൾക്ക് 2013-14 വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ 5 ശതമാനം പർച്ചേസ് ടാക്സ് അടയ്ക്കണമെന്ന് ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥർ നോട്ടീസ് നൽകിക്കൊണ്ടിരിക്കുകയാണ്. 2014-ലെ ധനകാര്യ നിയമപ്രകാരം, വാറ്റ് നിയമത്തിലെ വകുപ്പ് 8 (എഫ്) (1)- ൽ കോമ്പൗണ്ടിംഗ് നികുതിയിൽ ഭേദഗതി വരുത്തിയപ്പോൾ ഒരു പദപ്രയോഗത്തിൽ വന്ന പിശകിനെത്തുടർന്നാണ് പഴയ സ്വർണ്ണാഭരണങ്ങൾക്ക് ഇതുവരെയുമില്ലാത്ത പർച്ചേസ് ടാക്സ് ചുമത്തിയിരിക്കുന്നതെന്നാണ് അറിയാൻ കഴിഞ്ഞത്. 2013-14 മുതൽ ഇതുവരെ അടച്ച നികുതിയുടെ ഏകദേശം 5 ഇരട്ടിയോളം വരുന്ന തുകയാണ് ഇങ്ങനെ പർച്ചേസ് ടാക്സായി അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. "സ്വർണ്ണ വ്യാപാര രംഗത്തെ വലയ്ക്കുന്ന നികുതിക്കുരുക്ക്" എന്ന വാർത്ത പത്രങ്ങളിൽ വന്നു കൊണ്ടിരിക്കുകയാണ്. ഇത്ര ഭീമമായ സംഖ്യ മുൻകാല പ്രാബല്യത്തോടെ അടച്ച് സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയാതെ ഇടത്തരം വ്യാപാരികൾ കടകൾ പൂട്ടി ഈ രംഗത്തുനിന്ന് പിൻമാറിക്കൊണ്ടിരിക്കുകയാണ്. സൗകര്യമുള്ളവർ സംസ്ഥാനത്തിന് പുറത്തും വിദേശരാജ്യങ്ങളിലും പോയി ഷോറൂമുകൾ തുറക്കുകയാണ്. ഇതിന്റെ ഫലമായി സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനത്തിൽ വലിയ ഇടിവ് സംഭവിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം സ്വർണ്ണാഭരണ നിർമ്മാണത്തിൽ പരിശീലനം ലഭിച്ച യുവാക്കളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുകയാണ്. ഈ സാഹചര്യത്തിൽ ഇടത്തരക്കാരും സാധാരണക്കാരുമായ സ്വർണ്ണ വ്യാപാരികളെ കേരളത്തിൽത്തന്നെ പിടിച്ചു നിർത്തുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇത്

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായകരമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സാങ്കേതിക പിഴവിന്റെ പേരിൽ സ്വർണ്ണ വ്യാപാരികളിൽനിന്ന് ഈടാക്കുന്ന വാങ്ങൽ നികുതി മുൻകാല പ്രാബല്യത്തോടെ പിരിച്ചെടുക്കാനുള്ള വാണിജ്യനികുതി വകുപ്പിന്റെ നടപടി ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. തികച്ചും അന്യായമായ ഈ നികുതി നിയമവിരുദ്ധമാണെന്ന് ഹൈക്കോടതിയും അഭിപ്രായപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സ്വർണ്ണ വ്യാപാരമേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിനായി നിയമ ഭേദഗതിയിൽ വന്ന പിശക് തിരുത്താൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2014-ലെ ധനകാര്യ നിയമത്തിൽ വരുത്തിയ ഭേദഗതികളുടെ ഫലമായിട്ടാണ് ഈ പ്രശ്നമുണ്ടായിട്ടുള്ളത്. അന്ന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ വ്യാപാരികളുടെ ആവശ്യം കണക്കിലെടുത്തുകൊണ്ട്, സബ്ജക്ട് കമ്മിറ്റി ഇത് വിശദമായി ചർച്ച ചെയ്താണ് ചില ഇളവുകൾ അനുവദിച്ചത്. പക്ഷേ 8 (എഫ്)- ലെ ചില ക്ലാസ്സുകളെടുക്കുമ്പോൾ കോമ്പൗണ്ടിംഗ് വിൽപ്പനയുടെ മേൽ മാത്രമായി ചുരുങ്ങും, പർച്ചേസ് സമയത്തെ നികുതി ഇതിൽപ്പെടില്ല; അത് കൊടുക്കണമെന്നുള്ള വ്യാഖ്യാനമാണ് എ.ജി. എടുത്തിരിക്കുന്നത്. എ.ജി. എടുത്ത ആ നിലപാടിനുശേഷം ചില സർക്കുലറുകൾ വഴി അത് സ്റ്റേ ചെയ്തിരിക്കുകയായിരുന്നു. എന്നാൽ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ലെന്ന് എ.ജി. കർശനമായി ചോദിച്ചിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിലാണ് നോട്ടീസുകൾ പോയിട്ടുള്ളത്. പ്രതിപക്ഷം അടക്കമുള്ളവർ നിയമസഭയിൽ ഒരു നിലപാട് സ്വീകരിക്കുകയാണെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാൻ സാധിക്കും, ഫിനാൻസ് ആക്ടിന്റെ ചർച്ചാവേളയിൽ അത്തരത്തിലുള്ളൊരു സമീപനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## (6) അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. ബി. സത്യൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട രണ്ട് ഗ്രാമപഞ്ചായത്തുകളിൽ മൂന്ന് ഭാഗവും കായലാൽ ചുറ്റപ്പെട്ടു കിടക്കുന്ന വളരെ പ്രകൃതിരമണീയമായ പ്രദേശമാണ് വക്കം ചെറുന്നിയൂർ ഭാഗം. വർക്കല ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്കും ശിവഗിരിയിലേയ്ക്കും പോകുന്ന പ്രധാന റോഡുകൾ ഈ മേഖലയിലൂടെയാണ് കടന്നുപോകുന്നത്. വക്കവും ചെറുന്നിയൂരും തമ്മിൽ ബന്ധിപ്പിക്കുന്ന പണയിൽക്കടവ് പാലം 2005-ൽ പൂർത്തീകരിച്ചു.

അതിനോടുചേർന്ന് ഏകദേശം ഒരു കിലോമീറ്റർ വരുന്ന റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാത്തതുകാരണം പാലം ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. പാലത്തിനോടുചേർന്നുള്ള റോഡ് നിർമ്മാണം പൂർത്തിയാക്കണമെന്നത് നാട്ടുകാരുടെ ആഗ്രഹമാണ്. ഇതിനായി നിരവധി പ്രക്ഷോഭ സമരങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച തർക്കവും നാല് പേർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന പ്രശ്നവുമുണ്ടായിരുന്നു. കഴിഞ്ഞ നാല് വർഷക്കാലം ഞാൻ തുടർച്ചയായി നടത്തിയ ശ്രമത്തിന്റെ ഭാഗമായി പി.ഡബ്ല്യൂ.ഡി., റവന്യൂ, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ എന്നിവ ചേർന്ന് നാലാളുകൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ തീരുമാനമാവുകയും അവരുടെ ഭൂമി റോഡ് നിർമ്മാണത്തിനായി വിട്ടുതരാൻ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ഈ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് നിർമ്മാണം നടത്തുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പണയിൽക്കടവ് പാലം അപ്രോച്ച് റോഡിന്റെ പണികൾക്കായി സ്ഥലമേറ്റെടുക്കാൻ സർക്കാർ 29-01-2016-ൽ 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. നാല് പേരുടെ കൈവശമുണ്ടായിരുന്ന ഭൂമിയാണ് ഏറ്റെടുത്ത് കൈമാറേണ്ടത്. ഈ നാല് പേരും അവരുടെ പ്രമാണങ്ങൾ കൈമാറിയിട്ടുണ്ട്. ഓരോരുത്തരിൽ നിന്നും എത്ര ഭൂമി ഏറ്റെടുക്കണമെന്ന് അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി ഈയാഴ്ച തന്നെ ആരംഭിക്കുന്നതാണ്. അത് കഴിഞ്ഞാൽ ഉടമസ്ഥർക്ക് തുക കൈമാറി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിയുണ്ടാകും. പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) ബൈപ്പാസ് നിർമ്മാണം

ശ്രീ. ഷാഫി പറമ്പിൽ: സർ, 1980-കളിൽ നാറ്റ്പാക് പഠനത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാടിന്റെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരമായി നിർദ്ദേശിക്കപ്പെട്ട അഞ്ചാറ് ബൈപ്പാസുകളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതിൽ ഒന്നുരണ്ടെണ്ണം പൂർത്തിയാക്കാനും ഒരെണ്ണം തുടങ്ങാനും സാധിച്ചു. സ്ഥലം സറണ്ടർ ചെയ്യുന്ന കാര്യത്തിൽ, എൺപത് മുതൽ തൊണ്ണൂറ് ശതമാനം വരെ ഫ്രീ സറണ്ടർ ലഭിക്കുന്നതാണ്. കേവലം അഞ്ചോ ആറോ ആളുകൾ മാത്രമാണ് സ്ഥലം വിട്ടുനൽകുന്നതിന് പണം ആവശ്യപ്പെട്ടിട്ടുള്ളത്. ഇത് ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ്

ഇൻഫ്രാസ്ട്രക്ചർ പ്രോഗ്രാമിന്റെ ഭാഗമായി ഉൾപ്പെടുത്താൻ ശ്രമിച്ചിരുന്നു. തത്വത്തിൽ ഇത് എ.എസ്. ലഭിച്ചവയുടെ പട്ടികയിൽ ഉൾപ്പെട്ടതാണ്. അതിന്റെ തുടർനടപടികളിൽ സഹായിക്കാൻ ഈ സർക്കാരിന് കഴിയുമോ? കിഫ്ബിയുടെ പ്രോജക്ടുകളൊന്നും വരാത്ത നിയോജകമണ്ഡലമെന്ന നിലയ്ക്ക് സർക്കാരിന്റെ സ്ഥലം സൗജന്യമായി ലഭ്യമാകാനുള്ള സാഹചര്യംകൂടി ഉപയോഗപ്പെടുന്ന തരത്തിൽ ഈ ബൈപ്പാസ് നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ജില്ലാതല പതാക നൗക പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ലിങ്ക് ബൈപ്പാസ് അടക്കമുള്ള 21 പദ്ധതികൾ പ്രഖ്യാപിച്ചത്. 3771 കോടി രൂപയാണ് മതിപ്പ് ചെലവായി അതിൽ പറഞ്ഞിരുന്നത്. പെട്രോളിനും ഡീസലിനും ഒരു രൂപ ക്രമത്തിൽ അധിക വിൽപ്പന നികുതി ഈടാക്കി അതിന്റെ അൻപത് ശതമാനം വിഹിതം, ഏകദേശം 200 കോടി രൂപ ഇതിന്റെ നിർമ്മാണത്തിനായി റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിക്കുമെന്നായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള റോഡ് ഫണ്ട് ബോർഡിന് തുകയൊന്നും ലഭ്യമാക്കിയിട്ടില്ല. തുക വകയിരുത്താതെയാണ് 3771 കോടി രൂപയുടെ പദ്ധതി നിയമസഭയിൽ ധനകാര്യമന്ത്രി പ്രഖ്യാപിച്ചതും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതും. പാലക്കാട് ലിങ്ക് ബൈപ്പാസ് റോഡിന്റെ വിശദമായ പദ്ധതി രൂപരേഖ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി. റോഡ്, കൽമണ്ഡപം ബസ് സ്റ്റാന്റ്, കൽപ്പാക്കുളം റോഡ്, ജില്ലാ ആശുപത്രി, ഐ.എം.എ. ബൈപ്പാസ് റോഡ് എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. 5,61,00,000 രൂപ ഭൂമി ഏറ്റെടുക്കുന്നതിനടക്കം 14,10,00,000 രൂപയാണ് മതിപ്പ് ചെലവ്. 05-02-2016-ൽ ഇതെല്ലാം സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു. എന്നാൽ ആദ്യം പ്രഖ്യാപിച്ച 21 പദ്ധതികൾ മാറ്റി കഴിഞ്ഞ സർക്കാരിന്റെ അവസാന സമയത്ത് പത്ത് പദ്ധതികളായി ചുരുക്കി. അതിന് 1620.3 കോടി രൂപയുടെ മതിപ്പ് ചെലവും പ്രഖ്യാപിച്ചു. പക്ഷേ ഇതിനുവേണ്ടി തുകയൊന്നും റോഡ് ഫണ്ട് ബോർഡിന് നൽകിയില്ല. പിന്നീടത് അഞ്ച് പദ്ധതികളാക്കി മാറ്റി ഊരാലുങ്കൽ ലേബർ സർവ്വീസ് സൊസൈറ്റിയെ ഏൽപ്പിക്കുകയും ചെയ്തു. അതിൽ ഈ ബൈപ്പാസ് പദ്ധതിയില്ല. ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗത്തിലെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശമനുസരിച്ച് മറ്റ് നടപടിക്രമങ്ങൾ പാലിക്കാവുന്നതാണ്.

## (8) റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ

<u>ശ്രീ. പി. ടി. എ. റഹിം</u>: സർ, കേരളത്തിലെ പൊതുവിതരണ രംഗത്ത് സർക്കാരിന്റെ യാതൊരാനുകൂല്യങ്ങളും ലഭിക്കാതെ സേവനം ചെയ്യുന്ന റേഷൻ വ്യാപാരികൾ ഇന്ന് സെക്രട്ടേറിയറ്റിലേയ്ക്ക് സമരം നയിക്കുകയാണ്. പരമാവധി 100 ക്വിന്റൽ ഭക്ഷ്യധാന്യം വിൽക്കുന്ന ഒരു റേഷൻ വ്യാപാരിക്ക് ഇന്നത്തെ അവസ്ഥയിൽ ലഭിക്കുന്ന കമ്മീഷൻ വെറും പതിനായിരം രൂപയിൽ താഴെയാണ്. യു.ഡി.എഫ്. സർക്കാർ നൂറ് രൂപ കമ്മീഷൻ കൊടുക്കാമെന്ന് വാഗ്ദാനം നൽകിയിരുന്നുവെങ്കിലും 89 മുതൽ 92 രൂപ വരെയാണ് ഇപ്പോൾ കമ്മീഷനായി ലഭിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ നേരിട്ട് നടത്തുന്ന മാവേലി സ്റ്റോറുകൾക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റെല്ലാ വിഭാഗങ്ങൾക്കും എല്ലാവിധ ആനുകൂല്യങ്ങളും നൽകുമ്പോൾ റേഷൻ വ്യാപാരികൾക്ക് മാത്രം ആനുകൂല്യങ്ങൾ നൽകുന്നില്ല. ഇപ്പോൾ കേന്ദ്ര സർക്കാർ എ.പി.എൽ. കാർഡുകൾക്കുള്ള റേഷൻ വിഹിതവും മണ്ണെണ്ണയുടെ അളവും വെട്ടിക്കുറച്ചിരിക്കുകയാണ്. ഇത് കേരളത്തിന്റെ പൊതുവിതരണ സംവിധാനത്തെ തകർക്കും. ഭക്ഷ്യ ഭദ്രതാനിയമം കേരളത്തിൽ നടപ്പിലാക്കി കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ സാധനങ്ങൾ കടയിലെത്തിക്കുകയും റേഷൻ വ്യാപാരികൾക്ക് കൃത്യമായ വേതനം നൽകുകയും വേണം. കരിഞ്ചന്തക്കാരനെന്ന വിളിപ്പേര് അവസാനിപ്പിക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളണമെന്നാവശ്യപ്പെട്ടാണ് റേഷൻ വ്യാപാരികൾ ഇന്ന് സമരം നടത്തുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ സത്വരമായ ശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. തിലോത്തമൻ):</u> സർ, 1-1-2015-ലെ സർക്കാർ ഉത്തരവ് നം.1/2015/ഭ.പൊ.വ. പ്രകാരം 2015 ജനുവരി ഒന്നുമുതൽ ക്വിന്റലിന് 100 രൂപ നിരക്കിൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. അന്ത്യോദയ അന്നയോജന പദ്ധതിയുടെ കമ്മീഷൻ 2016 ഫെബ്രുവരി വരെയും അന്ത്യോദയ അന്നയോജന പദ്ധതിയൊഴികെയുള്ള സ്കീമുകളുടെ കമ്മീഷൻ 2016 മെയ് വരെയും നൽകിയിട്ടുണ്ട്. കുടിശ്ശിക തുക നൽകുന്ന കാര്യം പരിഗണനയിലാണ്. റേഷൻ വ്യാപാരികൾക്കും സഹായികൾക്കും

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ജീവപര്യാപ്ത വേതനം നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. ഭക്ഷ്യ ഭദ്രതാ നിയമത്തിൽ എ.പി.എൽ., ബി.പി.എൽ. വിഭാഗത്തിനുപകരം മുൻഗണന, മുൻഗണനേതര വിഭാഗങ്ങളെയാണ് വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ

വിഭാഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് ആധാർ ഉപയോഗിച്ച് ഡ്യൂപ്ലിക്കേഷൻ നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കി 2016-മാർച്ച് മാസത്തിൽ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. റേഷൻ കടകൾ നവീകരിക്കുന്നതിന്റെ ഭാഗമായി മറ്റ് പലചരക്ക് സാധനങ്ങൾകൂടി ന്യായവിലയ്ക്ക് നൽകുന്ന കടകളാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നിയമവിരുദ്ധമായി പ്രവർത്തിച്ചതിന് സസ്പെൻഡ് ചെയ്യപ്പെട്ട 921 റേഷൻ കടകൾക്കെതിരെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിൽനിന്നും മുൻഗണനാ വിഭാഗങ്ങൾക്ക് നൽകിയശേഷം ബാക്കി വരുന്നവ നിയമത്തിന്റെ പരിധിയിൽ വരാത്തവർക്ക് നൽകാൻ കഴിയും. കേരളത്തിലെ റേഷൻ വ്യാപാരി ക്ഷേമനിധി അംഗങ്ങളുടെ പെൻഷൻ 26-2-2015-ലെ സർക്കാർ ഉത്തരവ് നം. 7/2016/ഭ.പൊ.വ പ്രകാരം 500 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ റേഷൻ വ്യാപാരികൾക്കും കുടുംബത്തിനുമുള്ള ഇൻഷ്വറൻസ് പരിരക്ഷ വർദ്ധിപ്പിക്കുക, പെൻഷൻ പ്രായം 60 വയസ്സാക്കുക എന്നീ ആവശ്യങ്ങളിന്മേൽ കേരള റേഷൻ ഡീലേഴ്സ് വെൽഫയർ ഫണ്ട് ബോർഡുമായി ആലോചിച്ച് നടപടി സ്വീകരിക്കേണ്ടതുണ്ട്.

## (9) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. കെ. വി. വിജയദാസ്: സർ, കോങ്ങാട് നിയോജകമണ്ഡലത്തിലെ കരിമ്പ പഞ്ചായത്ത് പശ്ചിമഘട്ട മലനിരകളോട് സാദൃശ്യമുള്ള ഒരു മലയോര പ്രദേശമാണ്. 1996-ൽ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ, വൈദ്യുതി ഉല്പാദിപ്പിച്ച് ഇലക്ട്രിസിറ്റി ബോർഡിന് കൈമാറുന്ന മീൻവല്ലം മിനിഹൈഡൽ പ്രോജക്ട് നിലനിൽക്കുന്ന പഞ്ചായത്ത് കൂടിയാണ് കരിമ്പ പഞ്ചായത്ത്. അവിടെയുള്ളവർ നിലവിൽ ഏഴെട്ട് കിലോമീറ്റർ സഞ്ചരിച്ച് തച്ചൻപാറയിൽ പോയാണ് വൈദ്യുതി ബിൽ അടയ്ക്കുന്നത്. മാത്രമല്ല, ലൈൻ പൊട്ടിവീഴുക, പോസ്റ്റ്, മരം തുടങ്ങിയവ മറിഞ്ഞ് വീഴുക എന്നിവ നിത്യ സംഭവമാണ്. ഏറ്റവും കൂടുതൽ മഴപെയ്യുന്ന പ്രദേശമാണ് കരിമ്പ-കല്ലടിക്കോട് പ്രദേശം. കേരളത്തിലെ ചിറാപുഞ്ചി എന്നറിയപ്പെടുന്ന ഈ മേഖലയിൽ മരം വീഴലും പോസ്റ്റ്/ലൈൻ എന്നിവ പൊട്ടി വീഴലുമൊക്കെ നിത്യസംഭവമായതിനാൽ അവിടെ ഉദ്യോഗസ്ഥർ റിപ്പയറിംഗിനായി വരേണ്ടത് അത്യാവശ്യമാണ്. വളരെ ദൂരെനിന്ന് ഇവിടേയ്ക്ക് വരാൻ വളരെയധികം പ്രയാസം നേരിടുന്നു. റിപ്പയറിംഗിന് സെക്ഷൻ ഓഫീസില്ലാത്തതിന്റെ പ്രയാസവും ജനങ്ങൾ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് കരിമ്പ പഞ്ചായത്തിൽ കല്ലടിക്കോട് കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പാലക്കാട് ജില്ലയിൽ കോങ്ങാട് മണ്ഡലത്തിലെ കാരാക്കുറിശ്ശി, കരിമ്പ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ.എസ്.ഇ.ബി. പരിശോധിച്ചിരുന്നു. ഈ പ്രദേശങ്ങൾ അടുത്തടുത്ത് വരുന്നതാകയാൽ മിക്കവാറും ഒരേ പ്രദേശങ്ങളിലെ ഉപഭോക്താക്കളായിരിക്കും പുതുതായി രൂപം കൊള്ളുന്ന സെക്ഷൻ ഓഫീസുകളിൽ വരുന്നത്. അതിനാൽ ഒരേ സമയം രണ്ട് സെക്ഷൻ ഓഫീസുകൾ ആവശ്യമായി വരുന്നില്ല. കരിമ്പ എന്നത് കോഴിക്കോട്-പാലക്കാട് ഹൈവേയുടെ സമീപമുള്ള പ്രദേശമായതിനാലും ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിക്ക് സമീപമായതിനാലും കരിമ്പ കേന്ദ്രീകരിച്ച് ഒരു പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതായിരിക്കും കൂടുതൽ ജനോപകാരപ്രദമെന്ന കണക്കുകൂട്ടലിൽ, പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിൽ വരുന്ന കോങ്ങാട്, മുണ്ടൂർ എന്നീ രണ്ട് ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്ന് യഥാക്രമം രണ്ടായിരവും നാലായിരവും ഉപഭോക്താക്കളേയും ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിന് കീഴിൽ വരുന്ന തച്ചൻപാറ ഇലക്ട്രിക്കൽ സെക്ഷനിൽനിന്ന് അയ്യായിരം ഉപഭോക്താക്കളേയും ഉൾപ്പെടുത്തി കരിമ്പ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് എന്ന പ്രൊപ്പോസലിനാണ് ബോർഡ് ഊന്നൽ നൽകിയത്. നൂറിൽപ്പരം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള മുണ്ടൂർ-കോങ്ങാട് ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ യഥാക്രമം 13905-ഉം 14669-ഉം ഉപഭോക്താക്കളും ഉദ്ദേശം എൺപത് ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള തച്ചൻപാറ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ 17480 ഉപഭോക്താക്കളുമാണ് ഇപ്പോഴുള്ളത്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും ഉപഭോക്താക്കൾ 25000-ത്തിൽ അധികമാകുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും ഉപഭോക്താക്കൾ 20000-ത്തിൽ അധികമാകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയൊരു സെക്ഷൻ ഓഫീസ് കെ.എസ്.ഇ.ബി. അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ മേൽപ്പറഞ്ഞ സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടുന്നില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും ഇപ്പോൾ പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്.

### (10) ജപ്തി നടപടികളിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്

ശ്രീമതി സി. കെ. ആശ: സർ, വൈക്കം താലൂക്കിലെ വിവിധ വില്ലേജുകളിലും മീനച്ചിൽ താലൂക്കിലെ ഏതാനും വില്ലേജുകളിലും ഉൾപ്പെട്ട നാന്നൂറോളം എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുടുംബക്കാർ ജെ.എൽ.ജി. ഗ്രൂപ്പ് ആവിഷ്കരിച്ച പദ്ധതിപ്രകാരം വൈക്കം താലൂക്കിലെ തലയോലപ്പറമ്പ് കാനറാ ബാങ്ക് ശാഖയിൽനിന്ന് 25,000 രൂപ വായ്പയെടുത്ത് മുയൽ കൃഷി നടത്തിയിരുന്നു. ഇവർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തലയോലപ്പറമ്പ്

ശാഖയിൽ നിന്ന് മുയൽ വളർത്തലിൽ പരിശീലനവും നേഷൻ പ്ലസ് നേച്ചർ ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ ഭൂലക്ഷ്മി യോജന പ്രോജക്ടിന്റെ പരിപാലന സഹായവും ലഭിച്ചിരുന്നു. മുയൽ കൃഷി വിജയകരമായി തീരുകയും കർഷകർ കൃത്യമായി വായ്പ തിരിച്ചടയ്ക്കുകയും ചെയ്തിരുന്നു. 2011-12-ലെ രൂക്ഷമായ വെള്ളപ്പൊക്കത്തിൽ മുയലുകൾ ചത്തുപോകുകയും വായ്പ തിരിച്ചടവ് മുടങ്ങുകയും ചെയ്തു. അംഗങ്ങളുടെ ശ്രമഫലമായി മുയൽ കൃഷി പുനരാരംഭിച്ച് മുയലുകളുടെ വില്പന നല്ല രീതിയിൽ തുടങ്ങിയപ്പോഴാണ് 2014 ആഗസ്റ്റ് 11-ന് മുയലിറച്ചിയുടെ ഉപയോഗവും വില്പനയും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ നിരോധിച്ചത്. ഇതുമൂലം മുയൽ കർഷകരുടെ വിപണി നഷ്ടപ്പെടുകയും മുയൽ വളർത്തൽ നിന്നുപോകുകയും ചെയ്തു. എന്നാൽ 2016 ഏപ്രിൽ 2-ന് കേന്ദ്ര സർക്കാർ മേൽപ്പറഞ്ഞ നിരോധനം പിൻവലിച്ചു. തദവസരത്തിൽ തലയോലപ്പറമ്പ് കാനറാ ബാങ്ക് ശാഖയിൽ നിന്ന് 2016 മാർച്ച് മുതൽ 25,000 രൂപ വായ്പയെടുത്ത ഓരോ കർഷകനും രണ്ട് ലക്ഷം മുതൽ നാല് ലക്ഷം രൂപവരെയുള്ള തുകയ്ക്ക് ആർ. ആർ. നടപടികൾ സ്വീകരിച്ചുവരികയാണ്. കാലവർഷക്കെടുതിയും കേന്ദ്ര സർക്കാരിന്റെ തെറ്റായ നയവുംമൂലമുണ്ടായ ആർ.ആർ. നടപടികൾ ഇവർക്ക് താങ്ങാവുന്നതിലപ്പുറമാണ്. ഈ സാഹചര്യത്തിൽ ഇവർക്കെതിരെയുള്ള ആർ.ആർ. നടപടികൾ അടിയന്തരമായി റദ്ദാക്കി ബാങ്ക് വായ്പ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വൈക്കം-മീനച്ചിൽ താലൂക്കുകളിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കായി 2011-12 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പ് മുയൽ വളർത്തൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ 2011-12 സാമ്പത്തിക വർഷം ഒരു ചാരിറ്റബിൾ സൊസൈറ്റിയുടെ ഭൂലക്ഷ്മി യോജന പദ്ധതിപ്രകാരം വിവിധ കുടുംബങ്ങൾക്ക് തലയോലപ്പറമ്പ് കാനറാ ബാങ്കിൽനിന്ന് മുയൽ വളർത്തലിനായി ലോൺ അനുവദിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ കുടുംബങ്ങൾക്ക് തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽനിന്നും മുയൽ വളർത്തലിനായി സൗജന്യ പരിശീലനവും നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി മൃഗസംരക്ഷണ വകുപ്പിൽനിന്ന് ധനസഹായമോ മറ്റ് സേവനങ്ങളോ നൽകിയിട്ടില്ല. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ കശാപ്പ് ചെയ്യുന്ന മൃഗങ്ങളുടെ പട്ടികയിൽ മുയലിനെ ഉൾപ്പെടുത്താത്തതുകാരണം മുയലുകളുടെ വില്പന നടക്കാതാകുകയും ഗണ്യമായ നഷ്ടവും വിപണന പ്രതിസന്ധിയും ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 23-5-2016-ൽ പുറപ്പെടുവിച്ച നിയമ ഭേദഗതിയുടെ കരടിൽ മുയലിനെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 2011-12-ൽ വായ്പയെടുത്ത കർഷകർക്ക് മുയൽ വില്പന അസാധ്യമായ കാലയളവിലെ വായ്പയും പിഴപ്പലിശയുമുൾപ്പെടെ വൻതുക അടയ്ക്കേണ്ടി വരുന്ന സാഹചര്യത്തിൽ അവരുടെ കടം എഴുതിത്തള്ളുന്നതിനോ റവന്യൂ റിക്കവറി നിർത്തിവയ്ക്കുന്നതിനോ നടപടി സ്വീകരിക്കുന്ന കാര്യം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി ആലോചിച്ച് പരിഗണിക്കാവുന്നതാണ്.

## (11) ചികിത്സാപ്പിഴവുമൂലം ഗർഭിണി മരിക്കാനിടയായ സംഭവം

ശ്രീ. സി. ദിവാകരൻ: സർ, എന്റെ നിയോജകമണ്ഡലമായ നെടുമങ്ങാട് അത്യന്തം ദാരുണമായ ഒരു സംഭവം കഴിഞ്ഞ ദിവസമുണ്ടായി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സുരേഷ് എന്നയാളിന്റെ ഭാര്യ 24 വയസ്സുള്ള നീതുവിനെ കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രസവത്തിനുവേണ്ടി അഡ്മിറ്റ് ചെയ്തു. 27-ാം തീയതി പ്രസവിക്കുമെന്നാണ് ഡോക്ടർമാർ പറഞ്ഞിരുന്നത്. എന്നാൽ ഗർഭിണിയെ ശുശ്രൂഷിക്കാൻ ബന്ധപ്പെട്ട ഡോക്ടർമാർ അവിടെയില്ലായിരുന്നു. രാത്രി പാരാമെഡിക്കൽ സ്റ്റാഫ് ചികിത്സ തുടങ്ങിയെങ്കിലും നീതു ബോധംകെട്ടു വീണതിനെത്തുടർന്ന് എസ്.എ.ടി. ആശുപത്രിയിലേയ്ക്ക് മാറ്റി. എസ്.എ.ടി. ആശുപത്രിയിൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്, അവിടെ രോഗി വന്നിട്ടില്ല, ഒരു ഡെഡ്ബോഡിയാണ് വന്നത്, അത് മോർച്ചറിയിലേയ്ക്ക് മാറ്റി എന്നാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ് മോർച്ചറിയിൽ ഇന്നലെ ഞാൻ പോയിരുന്നു. കേസ് ഷീറ്റ് ഡി.എം.ഒ.-യുടെ ഓഫീസിലായിരുന്നതിനാൽ യഥാസമയം പോസ്റ്റ്മോർട്ടം ചെയ്തില്ല. ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടപ്പോൾ പറഞ്ഞത്, ഞായറാഴ്ചയായതിനാൽ ഓഫീസ് തുറക്കില്ലെന്നും കേസ് ഷീറ്റ് എടുക്കാൻ കഴിയില്ലെന്നുമാണ്. പോസ്റ്റ്മോർട്ടം നടത്തുന്ന ഡോക്ടർ പറയുന്നത് കേസ് ഷീറ്റില്ലാതെ പോസ്റ്റ്മോർട്ടം നടത്താൻ കഴിയില്ലെന്നാണ്. മോർച്ചറിയുടേയും ആശുപത്രിയുടെയും ചുറ്റും ആളുകൾ തടിച്ചുകൂടി ബഹളം വയ്ക്കുകയാണ്. സ്ഥലത്ത് ഇതുവരെ പോലീസ് വന്നിട്ടില്ല. അതുപോലെ പോസ്റ്റ്മോർട്ടം നിയമമനുസരിച്ച് ഫോട്ടോഗ്രാഫറും വീഡിയോഗ്രാഫറും വേണം. ഞാൻ പോലീസ് സ്റ്റേഷനിൽ വിളിച്ചപ്പോൾ അതിനുള്ള ആളുകളെ അയച്ചു എന്നറിയാൻ കഴിഞ്ഞു. ഡോക്ടർ പറയുന്നത് ഞായറാഴ്ചയായതിനാൽ 12 മണി കഴിഞ്ഞ് പോസ്റ്റ്മോർട്ടം നടത്താൻ കഴിയില്ലെന്നാണ്. വളരെ ദയനീയമായ ഒരവസ്ഥയാണുള്ളത്. ഇന്നലെ രാത്രി ഞാൻ ശ്രീ. എ. കെ. ബാലനെ ഇക്കാര്യം അറിയിച്ചു. നിയമസഭ നടന്നുകൊണ്ടിരിക്കുമ്പോൾ നെടുമങ്ങാട് മണ്ഡലത്തിലെ കന്യാകുളങ്ങര എം.സി. റോഡിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു പാവപ്പെട്ട എസ്.സി./എസ്.ടി. സ്ത്രീക്കും അവരുടെ കുടുംബത്തിനുമുണ്ടായ ദാരുണമായ സംഭവമാണിത്. ഞാൻ ഇന്നലെ ഉറങ്ങിയിട്ടില്ല, പോസ്റ്റ്മോർട്ടം ചെയ്യാൻ ടേബിളിൽ കിടത്തിയിരിക്കുന്ന ബോഡി എന്നെ കാണിച്ചു. പൂർണ്ണ ഗർഭിണിയാണ്. ആ സ്ത്രീയും കുട്ടിയും മരിച്ചു. ഡോക്ടർ വീട്ടിലിരുന്നാണ് നിർദ്ദേശം കൊടുത്തത്. പോലീസ് യഥാസമയം ഒന്നും ചെയ്തിട്ടില്ല. വെഞ്ഞാറമൂട്ടിൽ പ്രതിഷേധം നടത്തിയ ആളുകളെ പോലീസ് അറസ്റ്റ് ചെയ്ത് മർദ്ദിച്ചു. അതിലും ഞാൻ ഇടപെട്ടു. ഇക്കാര്യത്തിൽ മനഃപൂർവ്വമായ ഗൂഢാലോചന ആരോ നടത്തുകയാണ്. ഒരു കുടുംബം തകർന്നു. കേരളത്തിൽ ചികിത്സാ പിഴവുകൊണ്ട് ഗർഭിണി ആശുപത്രിയിൽ മരിക്കുന്ന സംഭവം അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ല. ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെയോ സർക്കാരിന്റെയോ സാമ്പത്തിക സഹായം ആ കുടുംബത്തിന് നൽകണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ചെമ്പൂര് സുമ ഭവനിൽ നീതു എന്ന 24 വയസ്സുള്ള പൂർണ്ണ ഗർഭിണിയെ 21-10-2016-ന് ഉച്ചയ്ക്ക് 1.30-ന് പ്രസവത്തിനായി തിരുവനന്തപുരം ജില്ലയിലെ കന്യാകുളങ്ങര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ടു. പ്രസവം പ്രതീക്ഷിക്കുന്ന തീയതി 22-10-2016 ആയതിനാൽ സാധാരണ പ്രസവത്തിനാണ് അഡ്മിറ്റ് ചെയ്തത്. പരിശോധനയിൽ ഗർഭസ്ഥ ശിശുവിന്റെ കിടപ്പും ഹൃദയമിടിപ്പും നീതുവിന്റെ പൾസ്, ബി.പി. എന്നീ ശാരീരിക അവസ്ഥകളും സാധാരണഗതിയിലായിരുന്നെങ്കിലും പ്രസവത്തിനായുള്ള തുടക്കങ്ങളൊന്നുംതന്നെ പരിശോധനാ വേളയിലുണ്ടായിരുന്നില്ല. അതിനാൽ 22-10-2016-ന് രാവിലെ വരെ നിരീക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ സിസേറിയൻ നടത്തുന്നതിനും തീരുമാനിച്ചു. പിറ്റേദിവസം (22.10.2016) രാവിലെ 6 മണിക്ക് പരിശോധന നടത്തുകയും സാധാരണ പ്രസവത്തിനുള്ള ലക്ഷണങ്ങളൊന്നും കാണാത്തതിനാൽ 6.30-ന് സിസേറിയൻ നടത്തുന്നതിന്റെ ഭാഗമായി എനിമ നൽകുകയും ചെയ്തു. ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ ഗർഭിണിക്ക് അപസ്മാരമുണ്ടാകുകയും അതിനുള്ള അടിയന്തര ചികിത്സ നൽകിയതിനുശേഷം 108 ആംബുലൻസിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലേക്ക് അയയ്ക്കുകയുമാണുണ്ടായത്. എസ്.എ.ടി. ആശുപത്രിയിൽ എത്തിയപ്പോഴേയ്ക്കും ഗർഭിണി മരണപ്പെട്ടിരുന്നു. 23-10-2016-ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് പോസ്റ്റുമോർട്ടം നടത്തി. അവയവങ്ങളുടെ രാസപരിശോധനാ റിപ്പോർട്ടുകൂടി ലഭിച്ചാൽ മാത്രമേ യഥാർത്ഥ മരണകാരണം വ്യക്തമാകുകയുള്ളൂ. 22-10-2016-നുതന്നെ തിരുവനന്തപുരം ഡി.എം.ഒ.-യുടെ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡോക്ടറെ ഡ്യൂട്ടിയിൽ നിന്ന് മാറ്റി നിർത്തിയിട്ടുണ്ട്. ഈ സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

### ലിസ്റ്റ് 1 പ്രകാരം

### ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1910, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1602 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VI റിപ്പോർട്ട് സമർപ്പണം

1. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2016 മാർച്ച് വരെയുള്ള ആനുകാലിക റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി IX-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി X-ന്റെ 2015 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

3. ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XII-ന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII ക്രമപ്രശ്നം

19-10-2016-ന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും വകുപ്പുമന്ത്രി സഭയിൽ നടത്തിയ പരാമർശം സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ് : സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, ബഹുമാനപ്പെട്ട

മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീന്റെ ചോദ്യത്തിന് സഭയിൽ നൽകിയ മറുപടി അത്യന്തം പ്രതിഷേധാർഹവും ലജ്ജാകരവും കേരള സമൂഹത്തിനാകെ അപമാനകരവുമായ നടപടിയാണ്. അപ്പോൾത്തന്നെ ശക്തമായി ഞങ്ങൾ അക്കാര്യത്തിൽ ഇടപെട്ടിരുന്നു. എന്നാൽ ചോദ്യം ചോദിച്ച ആളിന് പരാതി ഇല്ലല്ലോ എന്ന രീതിയിലുള്ള കമന്റ് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നുമുണ്ടായി. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, 'നാലെണ്ണം മരണപ്പെട്ടിട്ടുണ്ട്. അത് പോഷകഹാരക്കുറവ് കൊണ്ടായിരുന്നില്ല, ഒന്ന് അബോർഷനാണ്, അബോർഷനെന്ന് പറഞ്ഞാൽ നിങ്ങളുടെ കാലത്ത് ഗർഭിണിയായതാണ്,' എന്നാണ്, അദ്ദേഹത്തിന് എ.കെ.ജി. സെന്ററിൽനിന്ന് സ്റ്റഡി ക്ലാസുണ്ടോയെന്ന് സംശയമുണ്ട്. യു.ഡി.എഫ്.-ന്റെ പോരായ്മയാണ് എല്ലാമെന്ന് ഭരണകക്ഷി മെമ്പർമാർ നിരന്തരമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : അങ്ങ് പറയാനുള്ളത് പറയൂ.

ശ്രീ. പി. ടി. തോമസ് : സർ, 'ഇപ്പോഴാണ് ഡെലിവറിയായത്, ഞാൻ അതിന് ഉത്തരവാദിയല്ല.' എന്നാണ് പറഞ്ഞത്. അങ്ങ് ഉത്തരവാദിയാണെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടോ? അടുത്തതാണ് പ്രധാനം. നാലെണ്ണം കഴിഞ്ഞിട്ട് 'മറ്റൊന്നിന് വാൽവിന്റെ തകരാറ്, അത് ഗർഭിണിയായതും നിങ്ങളുടെ കാലത്താണ്. ഇപ്പോഴാണ് പ്രസവിച്ചത്. അതിനും ഞാൻ ഉത്തരവാദിയല്ല.' ഇതിനേക്കാൾ ഗുരുതരമായൊരു കാര്യം ഉണ്ടോ, മാധ്യമങ്ങളിലൊക്കെ വാർത്തകൾ വന്നപ്പോൾ അദ്ദേഹം ഫെയ്സ്ബുക്കിൽ ഒരു കുറിപ്പിട്ടു. അതും ഞാൻ വായിക്കാം.

മി. സ്പീക്കർ : ചട്ടം 307, സഭയിൽ ഉന്നയിച്ചതുമായി ബന്ധപ്പെട്ട് നീക്കം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചുള്ള പരാതിയാണ്.

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട മന്ത്രി പറയുകയാണ്. 'ഈ വസ്തുതകൾ മറുപടിയായി പറയുമ്പോൾ ഞാൻ എണ്ണത്തിന്റെ കണക്ക് പറഞ്ഞു. അത് ശരിയായിരുന്നു. എണ്ണത്തിൽ മാത്രമേ അത് പറയാനും കഴിയൂ.' നാലെണ്ണം എന്നാണോ നാല് കുട്ടികൾ എന്നാണോ പറയേണ്ടത്?

മി. സ്പീക്കർ : അങ്ങ് പോയിന്റ് ഓഫ് ഓർഡർ പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. പി. ടി. തോമസ് : സർ, അതിനേക്കാൾ ഗുരുതരമായ കാര്യം ബഹുമാനപ്പെട്ട മന്ത്രി സാംസ്കാരിക വകുപ്പിന്റെ ചുമതല വഹിക്കുന്നു എന്നതാണ്.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറിൽ ഇതൊക്കെയാണോ പറയുന്നത്. അങ്ങ് പോയിന്റിലേക്ക് വരൂ. അങ്ങ് പോയിന്റ് ഉന്നയിക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ലോകമെമ്പാടുമുള്ള മലയാളികൾ അപമാനംകൊണ്ട് തലതാഴ്ത്തിയിരിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ്, അങ്ങ് എപ്പോഴും ഇങ്ങനെയാണ്.

ശ്രീ. പി. ടി. തോമസ് : സർ, പിണറായി ഗവൺമെന്റിലെ ഒരു മന്ത്രിയുടെ മറുപടിയാണ്.

മി. സ്പീക്കർ : അങ്ങ് എന്താണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. ടി. തോമസ് : സർ, ഈ കാര്യത്തിൽ അങ്ങേയ്ക്ക് ഒരു ഉത്തരവാദിത്വമുണ്ടായിരുന്നു. ചട്ടം 307-ൽ പറയുന്നത്, 'അപകീർത്തികരമോ, അസഭ്യമോ, സഭ്യേതരമോ അന്തസ്സില്ലാത്തതോ ആയ വാക്കോ, വാക്കുകളോ, ചർച്ചാവേളയിൽ ഉപയോഗിച്ചിട്ടുണ്ടെന്ന് സ്പീക്കർക്ക് അഭിപ്രായമുണ്ടെങ്കിൽ, അദ്ദേഹത്തിന് തന്റെ വിവേചനാധികാരം പ്രയോഗിച്ച് അങ്ങനെയുള്ള വാക്കോ വാക്കുകളോ സഭാനടപടികളിൽ നിന്ന് നീക്കം ചെയ്യാൻ ഉത്തരവ് നൽകാവുന്നതാണ്,' എന്നാണ്. അങ്ങേയ്ക്ക് അഭിപ്രായമില്ലേ? ഈ കാര്യത്തിൽ അടിയന്തരമായ റൂളിംഗ് നൽകണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.*

മി. സ്പീക്കർ : അങ്ങ് ചട്ടം 307 പ്രകാരം ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ചെയർ പരിശോധിച്ച് നിലപാട് സ്വീകരിക്കുന്നതാണ്. അനാവശ്യമായി ചെയറിനെ ഈ വിഷയത്തിലേയ്ക്ക് വലിച്ചിഴയ്ക്കേണ്ട കാര്യമില്ല. ചെയറിന്റെ ഭാഗത്തുനിന്ന് കമന്റുണ്ടായിയെന്ന് അങ്ങ് പറയുകയുണ്ടായി. ചെയറിന്റെ ഭാഗത്തുനിന്ന് ഒരു കമന്റും ഉണ്ടായിട്ടില്ല. ഇല്ലാത്ത കാര്യം അങ്ങ് സഭയിൽ ഉന്നയിക്കാൻ പാടില്ല. ഒരു കമന്റും ഉണ്ടായിട്ടില്ല.

ശ്രീ. രാജു എബ്രഹാം : സർ, പോയിന്റ് ഓഫ് ഓർഡർ...

മി. സ്പീക്കർ : യെസ്.....(ബഹളം)

ശ്രീ. രാജു എബ്രഹാം : സർ, എ.കെ.ജി. സെന്റർ സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി പ്രവർത്തിക്കുന്ന സ്ഥലമാണ്. വളരെ അനവസരത്തിൽ ശ്രീ. പി. ടി. തോമസ് എ.കെ.ജി. സെന്ററിനെ മോശപ്പെട്ട രൂപത്തിൽ ചിത്രീകരിക്കാൻ ശ്രമം നടത്തി. ......(ബഹളം).... അത് സഭാരേഖയിൽനിന്നും നീക്കം ചെയ്യണം. ആ വാക്ക് നീക്കം ചെയ്യണം. അതിന് അങ്ങ് റൂളിംഗ് നൽകണം. .....(ബഹളം)...*

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 4826/ഇ.ബി/2016/നി.സെ,) രേഖയിൽ നിലനിർത്തി.

മി. സ്പീക്കർ: ഇത് വളരെ നിർഭാഗ്യകരമാണ്. ഒരു ഭാഗത്ത് പ്രസംഗിക്കുമ്പോൾ മറുഭാഗത്ത് ബഹളമുണ്ടാക്കുന്ന രീതി ശരിയല്ല. ബഹളം രണ്ടുഭാഗത്തുനിന്നുമുണ്ടാകുന്നു എന്നുള്ളത് ഞാൻ വീണ്ടും പറയുകയാണ്. ധാർമ്മികരോഷം നിങ്ങൾ എപ്പോഴും പ്രകടിപ്പിക്കാറുണ്ട്. പ്ലീസ്....പ്ലീസ്..... ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകും.

## VIII വ്യക്തിപരമായ വിശദീകരണം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

ഈ വിഷയം ക്രമപ്രശ്നമായാണ് ഇവിടെ കൊണ്ടുവന്നത്. അതിൽ വ്യക്തിപരമായ ആക്ഷേപങ്ങളുണ്ടായതിനാൽ സ്വാഭാവികമായും അതിന് മറുപടി പറയാൻ ഞാൻ ബാധ്യസ്ഥനാണ്. 19-10-2016-ൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുവന്ന നക്ഷത്രചിഹ്നമിട്ട 362-ാം നമ്പർ ചോദ്യത്തിലെ ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ ഉപചോദ്യത്തിനായിരുന്നു ഞാൻ മറുപടി പറഞ്ഞത്. പ്രത്യേകമായി എന്തെങ്കിലും രൂപത്തിലുള്ള പ്രതിഷേധം അന്ന് സഭയിലുണ്ടായിരുന്നില്ല.......... (ബഹളം)...............

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ. നിങ്ങൾ ഇരിക്കൂ...... അദ്ദേഹം വിശദീകരണം പൂർത്തീകരിച്ചില്ല .........(ബഹളം)........... മറ്റുള്ളവർ സംസാരിക്കുമ്പോൾ നിശ്ശബ്ദരായിരിക്കണമെന്ന് എപ്പോഴും വാദിക്കുന്നവരും ധാർമികരോഷം കൊള്ളുന്നവരുമാണ് നിങ്ങൾ. ഇത് നിങ്ങൾക്ക് ബാധകമല്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, ഉപചോദ്യത്തിന്റെ ഭാഗമായി ചില പരാമർശങ്ങൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ആ സമയത്തുണ്ടായി എന്നുള്ളത് സത്യമാണ്. ഞാൻ അതിന് മറുപടി നൽകിയതോടുകൂടി ആ പ്രശ്നം അവസാനിക്കുകയും ചെയ്തു. 20-ാം തീയതി സഭ ചേർന്നപ്പോൾ ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല. ഇതുസംബന്ധിച്ച് 21-ാം തീയതിയിലെ പത്രത്തിൽ വാർത്തയുണ്ടായിരുന്നില്ല, 22-ാം തീയതിയിലെ പത്രത്തിലാണ് ഈ പ്രശ്നം വാർത്തയായി വരുന്നത്. ........(ബഹളം).........

മി. സ്പീക്കർ: ...........പ്ലീസ്........... നിങ്ങൾക്ക് എന്തും ആകാമെന്നാണോ? ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായ വിശദീകരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് കേൾക്കാനുള്ള സഹിഷ്ണുത നിങ്ങൾക്കില്ലേ? ........ (ബഹളം)........ മന്ത്രി വ്യക്തിപരമായ വിശദീകരണം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ പോയിന്റ് ഓഫ് ഓർഡർ ഇല്ല. മന്ത്രി പറഞ്ഞതിനുശേഷം അനുവദിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, 19-ാം തീയതി നടന്ന ഒരു സംഭവവുമായി ബന്ധപ്പെട്ട് ഇന്നാണ് ക്രമപ്രശ്നം വരുന്നത്. സ്വാഭാവികമായും ഞാനതിന് മറുപടി പറയാൻ ബാധ്യസ്ഥനാണ്. എനിക്ക് പറയാനുള്ള മറുപടി ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ കേൾക്കണം. ഉപചോദ്യവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിഭാഗത്തെ അപമാനിക്കുന്ന രൂപത്തിൽ എന്തെങ്കിലും പരാമർശം എന്റെ ഭാഗത്തുനിന്ന് വന്നിട്ടുണ്ടോ എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം. എന്റെ മറുപടി ഇവിടെ കേട്ടിട്ടുണ്ടാകും, അതിന്റെ സി.ഡി.-യും ഉണ്ടാകും. അത് കാണുകയും കേൾക്കുകയും ചെയ്തശേഷം ബഹുമാനപ്പെട്ട സ്പീക്കർക്ക് പരിശോധിച്ച് തീരുമാനിക്കാം. .......(ബഹളം)..........

മി. സ്പീക്കർ: മന്ത്രിയുടെ മറുപടി പൂർത്തീകരിക്കാൻ നിങ്ങൾ അനുവദിക്കു........(ബഹളം) .............. ദയവായി സീറ്റിലിരിക്കു.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ സംസാരിച്ചുകഴിഞ്ഞ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാവുന്നതാണ്. ഉപചോദ്യവുമായി ബന്ധപ്പെട്ട് തെറ്റായ രൂപത്തിലുള്ള ഏതെങ്കിലും പരാമർശമുണ്ടോ എന്നുള്ളത് പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ സ്പീക്കർക്ക് പരിശോധിക്കാവുന്നതാണ്. അതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു. തെറ്റുണ്ടോ എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം. ഉപചോദ്യവുമായി ബന്ധപ്പെട്ട് എണ്ണത്തിന്റെയും പ്രസവത്തിന്റെയും പ്രശ്നങ്ങൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ആക്ഷേപമുണ്ടായത്. ഇന്ത്യാ രാജ്യത്ത്, കേരളത്തിലെ ആരോഗ്യരംഗം മുൻപന്തിയിൽ നിൽക്കുകയാണെന്ന് ഇതിന്റെ ഭാഗമായി ഞാൻ പറയുകയുണ്ടായി. ഇന്ത്യാ രാജ്യത്ത് ആയിരം പ്രസവത്തിൽ 44 എണ്ണമാണ് മരണപ്പെടുന്നത്, അതാണ് ഞാൻ എണ്ണം പറഞ്ഞത്, അത് നമ്പരാണ്. കേരളത്തിലാണെങ്കിൽ അത് 12 എണ്ണമാണ്. അത് ഏതെങ്കിലും ഗവൺമെന്റിന്റെ നേട്ടമല്ല. അപ്പുറത്തും ഇപ്പുറത്തും അതിനുള്ള അവകാശമുണ്ട്, അഭിമാനിക്കാൻ വകയുണ്ട്. എന്നാൽ അട്ടപ്പാടി മേഖലയിൽ 13 മുതൽ 31 വരെയുള്ള എണ്ണമായിരുന്നു മരിച്ചത്. ഞാൻ എണ്ണം എന്നുതന്നെയാണ് അന്ന് പറഞ്ഞത്. മരണ നിരക്ക് സ്റ്റേറ്റ് ആവറേജിനേക്കാൾ കൂടുതലാണ്, സ്റ്റേറ്റ് ആവറേജ് 12 ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗർഭിണികൾക്ക് പോഷകാഹാരം ഉറപ്പുവരുത്തുകയും മരണനിരക്ക് കുറയുകയും ചെയ്തു. നാലുപേർ എന്നുതന്നെയാണ് പറഞ്ഞത്; ഇല്ലെന്ന് ഞാൻ പറയുന്നില്ല. നാലെണ്ണമാണ് മരണപ്പെട്ടത്. യഥാർത്ഥത്തിൽ മരണനിരക്ക് സംസ്ഥാന ആവറേജിനെക്കാൾ കുറവാണ്. സംസ്ഥാന ആവറേജിനെക്കാൾ കുറവെന്നുപറയുമ്പോൾ ശതമാനത്തിന്റെ കണക്കല്ല. ........(ബഹളം).........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പൂർത്തിയാക്കാൻ അനുവദിക്കു. ........(ബഹളം).........

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇങ്ങനെ സഭ നടത്തിക്കൊണ്ട് പോകാൻ സാധിക്കുമോ; ഒരു പക്ഷത്തിന് എന്തും ആകാമെന്നാണോ? പ്രതിപക്ഷം പ്രശ്നം ഉന്നയിച്ചു, ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായ വിശദീകരണം നൽകുന്നു. ആ വിശദീകരണത്തിന് ഓരോ ഘട്ടത്തിലും ഇടപെട്ട് ബഹളം വയ്ക്കുക എന്നുള്ളതാണോ സാധാരണ രീതി?

മി. സ്പീക്കർ: അത് ശരിയല്ല.

ശ്രീ. പിണറായി വിജയൻ: സർ, സഭയ്ക്ക് നിരക്കുന്ന കാര്യമാണോ; എന്താണ് ഈ കാണുന്നത്?

മി. സ്പീക്കർ: ദയവായി വ്യക്തിപരമായ വിശദീകരണം കേൾക്കാനുള്ള മര്യാദ നിങ്ങൾ കാണിക്കണം. ബഹുമാനപ്പെട്ട മന്ത്രി എന്താണ് പറയുന്നതെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ കേൾക്കു. അദ്ദേഹം എന്ത് പറയണമെന്ന് നിങ്ങൾ തീരുമാനിച്ചിട്ടുണ്ടോ? അദ്ദേഹം പറയട്ടെ.

ശ്രീ. എ. കെ. ബാലൻ: സർ, ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിൽ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സംഭാവന ചെയ്തിട്ടുണ്ടെന്ന എന്റെ വാചകം ഞാൻ മൂന്നുപ്രാവശ്യം പറഞ്ഞതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശിശുമരണ നിരക്ക് പെട്ടെന്ന് കുറച്ചുവെന്നല്ല ഞാൻ പറഞ്ഞത്. കേരളത്തിന് അഭിമാനിക്കാൻ പറ്റുന്ന ഒരു സ്ഥിതി ഇപ്പോഴുണ്ടായി. പ്രത്യേകിച്ച് ആദിവാസി മേഖലയിൽ, സംസ്ഥാന ആവറേജിനെക്കാളും മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു .......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്...... ബോധപൂർവ്വം സഭയിൽ തടസ്സമുണ്ടാക്കാനുള്ള ശ്രമമാണ്. പ്ലീസ്......പ്ലീസ്........ ശ്രീ. കെ. രാജൻ ഇരിക്കു. ..........(ബഹളം)..... ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. സി. കെ. നാണു: സർ, മന്ത്രിക്ക് പറയാനുള്ള അവസരം കൊടുക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഗവൺമെന്റുകൾ മാറിമാറിവന്ന സമയത്താണ് അട്ടപ്പാടി മേഖലയിൽ ആദിവാസി കുട്ടികളുടെ മരണനിരക്ക് സംസ്ഥാന ആവറേജിനെക്കാൾ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്. ആ സമയത്ത് ഞാൻ എണ്ണം എന്നുതന്നെയാണ് പറഞ്ഞത്. കാരണം, ഇത് ശതമാനമല്ല, ആയിരത്തിലാണ് നമ്പർ എന്നാണ് പറയുന്നത്. അതുകൊണ്ടാണ് ഞാൻ എണ്ണം എന്നുപറഞ്ഞത്.

അത് ആരേയും അപമാനിക്കാനല്ല, അത് അങ്ങനെയേ പറയാൻ പറ്റുകയുള്ളൂ. അതുകൊണ്ടാണ് ഞാൻ ഫെയ്സ് ബുക്കിൽ അത്തരത്തിലൊരു പോസ്റ്റ് ഇട്ടത്. അട്ടപ്പാടി മേഖലയിൽ നാല് മരണമുണ്ടായി എന്നത് ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അറിയാവുന്നതാണ്. ഞാൻ ആ മരണവീടുകൾ സന്ദർശിച്ചു. ഈ കഴിഞ്ഞ ഓണത്തിന് ഞാനും എന്റെ കുടുംബവും ആദിവാസി മേഖലയിലെ ഏറ്റവും റിമോട്ടായിട്ടുള്ള ഒരു ആദിവാസി ഊരിൽപോയാണ് ഭക്ഷണം കഴിച്ചത്. അന്ന് എന്റെകൂടെ ബഹുമാനപ്പെട്ട എം.എൽ.എ.-യും ഉണ്ടായിരുന്നു. ഏതെങ്കിലും രൂപത്തിലുള്ള പ്രശ്നങ്ങൾ ആദിവാസി മേഖലയിലുണ്ടെങ്കിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാൻ സ്ഥലം എം.എൽ.എ.-യോട് പറയുകയുണ്ടായി. അവിടെ ഒരു പ്രശ്നവുമില്ല, നല്ല രൂപത്തിലാണ് കാര്യങ്ങൾ ഇപ്പോൾ പോകുന്നതെന്ന് അദ്ദേഹം പറയുകയും ചെയ്തു. മരണമടഞ്ഞവരുടെ വീടുകളിൽ ഞാൻ സന്ദർശനം നടത്തണോ എന്ന് ചോദിച്ചപ്പോൾ, സന്ദർശനം നടത്തേണ്ട, പോഷകാഹാരക്കുറവിന്റെ ഭാഗമായൊന്നും അല്ലല്ലോ എന്നാണ് അദ്ദേഹം പറഞ്ഞത്. മന്ത്രി ഇവിടെ വന്നല്ലോ, ഇനി അവിടെ പോകേണ്ട കാര്യമില്ലെന്ന് പറഞ്ഞു. എന്നിട്ടും ഞാൻ അവിടെ സന്ദർശനം നടത്തി. പതിമൂന്ന് വയസ്സുള്ള ഒരു കുട്ടിയാണ് മരണപ്പെട്ടത്. പനിയും ശ്വാസംമുട്ടലും വയറുവേദനയും ഇൻഫെക്ഷനും ബാധിച്ചാണ് ആ കുട്ടി മരിച്ചത്. ആ കുട്ടിയുടെ വീട്ടിൽ ഓണത്തിന് ഞാൻ പോയിരുന്നു. ആ കുട്ടിയുടെ മരണം പോഷകാഹാരക്കുറവ് കൊണ്ടായിരുന്നില്ല. അവിടെ നടന്ന ഒരു മരണം അബോർഷന്റെ ഭാഗമായും മറ്റൊന്ന് വാൽവ് തകരാർമൂലവും ഒരെണ്ണം premature death-ഉം ആയിരുന്നു. അത് ഈ സർക്കാരിന്റെ കുറവല്ലേ എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. സപ്ലിമെന്ററി ചോദ്യം ചോദിച്ചപ്പോഴാണ് ഞാൻ പറഞ്ഞത്, അവർ ഗർഭം ധരിച്ചത് എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിലല്ല, യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിലാണെന്ന്. കാരണം, അതൊരു യാഥാർത്ഥ്യമാണ്. .......(ബഹളം)........ അതല്ലാതെ വേറൊന്നും പറയാൻ കഴിയില്ല, വസ്തുതയാണ് പറഞ്ഞത്. ഏഴ് മാസം മുമ്പ് പ്രഗ്നന്റായതാണ്. അതാണ് ഞാൻ പറഞ്ഞത്. .......(ബഹളം).......

<u>മി. സ്പീക്കർ:</u> പ്ലീസ്... പ്ലീസ് .... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അധഃസ്ഥിത വിഭാഗത്തിലെ ഒരു കുടുംബത്തിൽനിന്ന് വരുന്ന അംഗമെന്ന നിലയിൽ ഞാൻ അവരുടെ ഭാഗത്തേ നിന്നിട്ടുള്ളൂ. അങ്ങേയ്ക്കറിയാമല്ലോ, ഞാൻ മന്ത്രിയായിരുന്ന സമയത്ത് ഞാൻ പോയിട്ടുള്ള ഊരുകളിലൊന്നും ഇവരാരും പോയിട്ടില്ല. ഞാൻ അവരുടെ കൂടെ ഭക്ഷണം കഴിച്ചു, അവർ തന്ന പായിൽ കിടന്നു. 25000 ആദിവാസി

കുടുംബങ്ങൾക്ക് കേന്ദ്ര വനാവകാശ നിയമപ്രകാരം 31000 ഏക്കർ ഭൂമി കൊടുത്തത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിലായിരുന്നു. .....(ബഹളം)..... ജോഗിയെ വെടിവച്ചുകൊന്നിട്ട് ആ വീട്ടിൽ ഇവരാരും പോയിരുന്നില്ല. ജോഗിയുടെ കുടുംബത്തിന് ജോലി കൊടുത്തതും സാമ്പത്തിക സഹായം നൽകിയതും എൽ.ഡി.എഫ്.-ന്റെ കാലത്തായിരുന്നു. എന്റെ ജീവിതത്തിൽ അവരെ മറക്കില്ലെന്ന് ആ പാവങ്ങൾക്കറിയാം. അത് എന്നോടൊപ്പം ആദിവാസി മേഖലയിൽ വന്നാൽ ഇവർക്ക് മനസ്സിലാകും. തെറ്റിദ്ധരിപ്പിക്കരുത്, കരളെടുത്ത് കാട്ടിയാലും അത് ചെമ്പരത്തിപ്പൂവാണെന്ന് പറയരുത്. ഇത് ഫെയ്സ്ബുക്കിൽ ചില മാധ്യമങ്ങൾ പോസ്റ്റ് ചെയ്തതിനുപിന്നിൽ അവർക്ക് ചില ഉദ്ദേശ്യങ്ങളുണ്ട്. അത് പിന്നീട് ബോദ്ധ്യപ്പെടും. അത് ഞാൻ ഇപ്പോൾ പറയുന്നില്ല. കേരളത്തിലെ മുഖ്യധാരാ പത്രങ്ങളിലോ ദൃശ്യമാധ്യമങ്ങളിലോ ഇങ്ങനെയൊരു വാർത്ത വന്നില്ല. ഒന്നുരണ്ട് സ്ഥലത്തുനിന്ന് ഇത്തരത്തിലുള്ള പരാമർശം വന്നു, പിന്നീടത് ഏറ്റുപിടിച്ചു. ഇതിന്റെ ഭാഗമായി ഞാൻ ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം. ഞാൻ ആരെയും അപമാനിച്ചിട്ടില്ല, ഞാൻ അത്തരം സ്വഭാവക്കാരനുമല്ല. ഇത് തെറ്റായ രൂപത്തിൽ വ്യാഖാനിക്കുകയാണ്. അങ്ങനെ വ്യാഖ്യാനിച്ച് ഈ സർക്കാരിന്റെയും വകുപ്പിന്റെയും ഇമേജ് ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. ആര് വിചാരിച്ചാലും അട്ടപ്പാടി ആദിവാസി മേഖലയിലുള്ള സർക്കാരിന്റെയും എന്റെയും ഇടപെടൽ ഇല്ലാതാക്കാൻ കഴിയില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ........

<u>മി. സ്പീക്കർ:</u> ചട്ടം 258 അനുസരിച്ചുള്ള പ്രസ്താവനയ്ക്ക് ചർച്ചയില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇത് വളരെ ഗൗരവമായ കാര്യമാണ്. സഭയിൽ സാംസ്കാരിക വകുപ്പിന്റെകൂടി ചുമതലയുള്ള മന്ത്രി ശ്രീ. എ. കെ. ബാലൻ തന്റെ നാവ് പിഴവിന് മാപ്പ് ചോദിക്കുകയാണ് വേണ്ടത്. ആദിവാസി സമൂഹത്തോട് അദ്ദേഹത്തിന് സ്നേഹമുണ്ടോ ഇല്ലയോ എന്നത് വേറെ കാര്യമാണ്. അദ്ദേഹം പോയതുപോലെ ആദിവാസി ഊരുകളിൽ പോയി താമസിച്ചിട്ടുള്ള ആളാണ് ഞാനും. അട്ടപ്പാടി ആദിവാസി മേഖലയിൽ മൂന്നുനാല് തവണ ഞാൻ പോയി താമസിക്കുകയും അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ആദിവാസി സമൂഹത്തെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടിയായി അദ്ദേഹം ഇവിടെ പറഞ്ഞ കാര്യത്തെപ്പറ്റിയാണ് പ്രശ്നമുള്ളത്. അല്ലാതെ ഈ സർക്കാർ ചെയ്യുന്ന നടപടികളോടല്ല. ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും ആദിവാസികൾക്കുവേണ്ടി സർക്കാർ പരിപാടികൾ പ്രഖ്യാപിക്കുകയും

നടപ്പാക്കുകയും ചെയ്യും. അവരുടെ ജീവിത നിലവാരം മെച്ചപ്പെട്ടിട്ടുമുണ്ട്. അത് എല്ലാ സർക്കാരുകളും ചെയ്യുന്ന കാര്യമാണ്. പക്ഷേ ഇവിടെ സാംസ്കാരിക വകുപ്പിന്റെകൂടി ചുമതല വഹിക്കുന്ന മന്ത്രി നടത്തിയ രണ്ട് പരാമർശങ്ങളും ദൗർഭാഗ്യകരമാണ്. അത് പിൻവലിക്കാൻ മന്ത്രി തയ്യാറാവുകയാണ് വേണ്ടത്. അദ്ദേഹം അതിന് മാപ്പ് ചോദിക്കുകയാണ് വേണ്ടത്. ..... (ബഹളം)......

മി. സ്പീക്കർ: പ്ലീസ് .... പ്ലീസ് ..... ബഹുമാനപ്പെട്ട മന്ത്രിക്ക് യാതൊരു തരത്തിലുമുള്ള ദുരുദ്ദേശ്യവുമില്ലെന്നും ഒരു സമൂഹത്തെയും ആക്ഷേപിക്കാൻ അദ്ദേഹം ലക്ഷ്യം വച്ചിട്ടില്ലെന്നും പറഞ്ഞ സ്ഥിതിക്ക് അത് മനസ്സിലാക്കി ഈ വിഷയം അവസാനിപ്പിക്കണം. ..... (ബഹളം)...... എന്താണ്? ................ നിങ്ങൾ സീറ്റുകളിൽ ഇരുന്നാൽ മാത്രമേ അദ്ദേഹത്തിന് മൈക്ക് ലഭിക്കുകയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ മന്ത്രിയുടെയോ ഗവൺമെന്റിന്റെയോ ആദിവാസി മേഖലയിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചല്ല ഞങ്ങൾ പറഞ്ഞത്. അദ്ദേഹം തെറ്റിദ്ധരിപ്പിക്കുകയാണ്. ഏത് സർക്കാർ ഭരിച്ചാലും ആദിവാസി മേഖലയിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തുമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ശ്രീ. എ. കെ. ബാലൻ കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നത് സന്തോഷമുള്ള കാര്യമാണ്. പക്ഷേ ഈ നിയമസഭയിൽ അദ്ദേഹം നടത്തിയ രണ്ട് പരാമർശങ്ങളുണ്ട്. ഒന്ന്, എണ്ണത്തെപ്പറ്റിയും രണ്ട്, ഗർഭത്തെപ്പറ്റിയുമാണ്. ഈ രണ്ട് പരാമർശങ്ങൾ ഒരു സാംസ്കാരിക വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകാൻ പാടില്ലാത്തതാണ്. അതുകൊണ്ട് അദ്ദേഹം ആ പ്രസ്താവന പിൻവലിക്കണം. നാവ് പിഴവ് വന്നത് ഞാൻ പിൻവലിച്ചു എന്ന് പറയുന്നതിൽ എന്താണ് തെറ്റ്. ഇക്കാര്യത്തിൽ പ്രതിഷേധം ഉയർന്നുവന്നിട്ടുള്ളത് ആദിവാസി മേഖലയിൽ നിന്നുതന്നെയാണ്. ഞങ്ങളന്ന് ഇവിടെ പ്രതിഷേധിച്ചില്ലെന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. എല്ലാ മുഖ്യധാരാ മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലുമെല്ലാം ഇത് വലിയ ചർച്ചാവിഷയമായിട്ടുണ്ട്. ശ്രീ. എ. കെ. ബാലന് അദ്ദേഹത്തിന്റെ പരാമർശത്തിൽ തെറ്റുണ്ടെങ്കിൽ അത് പിൻവലിക്കുന്നതിൽ ദുരഭിമാനം എന്തിനാണ്?

മി. സ്പീക്കർ: ചട്ടം 307 പ്രകാരം ശ്രീ. പി. ടി. തോമസ് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യേണ്ടതുമായി ബന്ധപ്പെട്ട ഒരു കാര്യം സഭയിൽ ഉന്നയിച്ചു. അത് പരിശോധിച്ച് നിലപാട് സ്വീകരിക്കാമെന്ന് ചെയർ അറിയിച്ചു. ചട്ടം 288 പ്രകാരം ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായ വിശദീകരണം നൽകി. വ്യക്തിപരമായ വിശദീകരണത്തിന് ചർച്ചയില്ല. പിന്നെ എന്തിനാണ് സഭ ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്ന രീതിയിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. സഭാ നടത്തിപ്പിലെ നടപടിക്രമത്തെ സംബന്ധിച്ച് അങ്ങേയ്ക്ക് ധാരണയില്ലേ? മന്ത്രി

എന്ത് പറയണമെന്ന് ചെയറിന് റൂൾ ചെയ്യാൻ സാധിക്കുമോ? ചട്ടം 307, സഭാനടപടികളിൽനിന്ന് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട ആവശ്യമാണ്. അതദ്ദേഹം ഉന്നയിച്ചു. പരിശോധിച്ച് പറയാമെന്ന് പറയുകയും ചെയ്തു. പിന്നെ ഇത് നീട്ടിക്കൊണ്ടു പോകുന്നതിൽ എന്ത് അർത്ഥമാണുള്ളത്? മാത്രമല്ല അദ്ദേഹത്തിന് യാതൊരു ദുരുദ്ദേശ്യവും ഉണ്ടായിരുന്നില്ല. ഒരു സമൂഹത്തെയും ആക്ഷേപിക്കാൻ ലക്ഷ്യം വച്ചിട്ടില്ലെന്ന് അദ്ദേഹം സഭയിൽ വ്യക്തമായി പറയുകയും ചെയ്തു. ദയവായി അത് മനസ്സിലാക്കുകയല്ലേ വേണ്ടത്.

(മന്ത്രിയുടെ പരാമർശം പിൻവലിച്ച് മാപ്പു പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽവന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ സീറ്റുകളിലേക്ക് മടങ്ങിപ്പോകുകയും ചെയ്തു.)......

മി. സ്പീക്കർ: നിങ്ങൾ ബഹളം വയ്ക്കാൻ തീരുമാനിച്ചുവന്നതാണെങ്കിൽ അത് നടക്കും. ........(ബഹളം)...... ആദിവാസി സമൂഹത്തോടുള്ള കൺസേൺ ആണെങ്കിൽ വളരെ വ്യക്തമായി അദ്ദേഹത്തിന്റെ ലക്ഷ്യം ഇവിടെ പറഞ്ഞുകഴിഞ്ഞു. അത് മനസ്സിലാക്കുകയാണ് വേണ്ടത്. ............(ബഹളം)......

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മന്ത്രി നടത്തിയ പരാമർശം പിൻവലിച്ച് മാപ്പു പറയാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഒ. രാജഗോപാൽ ഒഴികെ സഭയിലുണ്ടായിരുന്ന പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോയി.)

12.00 PM]

## IX ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ

സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:

## ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-7-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്നധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| VIII | എക്സൈസ് | 87,32,82,000 | ... | 65,49,62,000 | ... | 1091,16,04,000 | ... | 109,16,04000 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 288,26,37,000 | 47,99,3,4000 | 216,19,80,000 | 35,99,50,000 | 360,33,03,000 | 59,99,16,000 | 420,32,19,000 |
| XXX | ഭക്ഷ്യം | 316,52,19,000 | 23,82,12,000 | 413,64,15,000 | 17,86,59,000 | 924,40,26,000 | 29,77,66,000 | 954,17,92,000 |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ നൽകിയിരുന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഹാജരായി)

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങളെ നിരാകരിക്കുന്നതിനും ആക്ഷേപിക്കുന്നതിനുമുള്ള പരിശ്രമമാണ് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങളിലെ നല്ല പ്രവർത്തനങ്ങളിലൂടെ ജനമനസ്സുകളിൽ ഈ സർക്കാരിനും മുന്നണിക്കും ഏറെ സ്ഥാനം ലഭിച്ചിരിക്കുന്ന ജനവിധിയാണ് ഉപതെരഞ്ഞെടുപ്പുകളിലുണ്ടായിട്ടുള്ളത്. കേരളത്തിൽ 14 മണ്ഡലങ്ങളിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ 10 സീറ്റിലും ഇടതുപക്ഷ ജനാധിപത്യമുന്നണി തകർപ്പൻ വിജയം കൈവരിച്ചിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ ഒരു ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ മൂന്ന് മണ്ഡലങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ കഴിഞ്ഞ തവണ യു.ഡി.എഫ്. വിജയിച്ച സീറ്റുകൾ പിടിച്ചെടുത്ത് എൽ.ഡി.എഫ്. വൻ നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. സർക്കാർ വിവിധ മേഖലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകുന്ന അംഗീകാരത്തിന്റെ തെളിവാണത്. പരമ്പരാഗത വ്യവസായ മേഖലകളിൽ ചിലത് വൻ തകർച്ച നേരിടുകയാണ്. അതിൽ പ്രധാനപ്പെട്ടതാണ് ബീഡി മേഖല. സാമൂഹ്യ, രാഷ്ട്രീയ മേഖലകളിൽ നല്ല പ്രവർത്തനം കാഴ്ച വച്ചിട്ടുള്ളവരാണ് ബീഡിത്തൊഴിലാളികൾ. കമ്മ്യൂണിസ്റ്റുകാരെ കളിയാക്കാനായി പറയുന്ന 'ബീഡിയുണ്ടോ സഖാവെ ഒരു തീപ്പെട്ടിയെടുക്കാൻ' എന്ന സിനിമാ ഡയലോഗ് ഓർമ്മവരികയാണ്. ഇന്ന് ബീഡിയുമില്ല, ബീഡിക്കമ്പനിയുമില്ല, എല്ലാം അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. പുകവലി നല്ലതാണെന്ന അഭിപ്രായമില്ലെങ്കിലും പരമ്പരാഗത വ്യവസായ മേഖലയെന്ന നിലയിൽ അവിടെ

പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളുടെ ജീവിതം നമ്മൾ കാണേണ്ടതുണ്ട്. ബീഡി വ്യവസായത്തെ തകർക്കുന്ന നിലയിൽ കഴിഞ്ഞ സർക്കാർ ഏർപ്പെടുത്തിയ 14.5 ശതമാനം നികുതി പിൻവലിക്കുമെന്ന് എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളത് പ്രാവർത്തികമാക്കാനുള്ള ഇച്ഛാശക്തി സർക്കാർ കാണിക്കണം. ദിനേശ് ബീഡിയുമായി ബന്ധപ്പെട്ട് ആറായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്; മറ്റ് മേഖലകളിലും ബീഡിത്തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. 14.5 ശതമാനം നികുതി ഈടാക്കുന്നതും തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതുമായ സംസ്ഥാനമാണ് കേരളം. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ഇതൊന്നുമില്ല. കർണ്ണാടക, മാംഗ്ലൂർ, തിരുനെൽവേലി എന്നിവിടങ്ങളിൽ നിന്നെല്ലാം സംസ്ഥാനത്തേയ്ക്ക് ബീഡി കൊണ്ടുവരികയാണ്. ഇവിടെ ബീഡി വിൽപ്പന നടത്തുകയും തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുകയും ചെയ്യുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ ഇതൊന്നുമില്ലാത്ത സാഹചര്യം ഈ മേഖലയെ ബാധിച്ചിട്ടുണ്ട്. പുകവലി കുറഞ്ഞതുകൊണ്ട് സംസ്ഥാനത്തെ പ്രശ്നങ്ങൾ മുഴുവനും ഇല്ലാതായെന്ന് പറയാൻ കഴിയില്ല. കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വൻതോതിലുണ്ടായിട്ടുണ്ട്. തൃശ്ശൂർ കയ്പമംഗലം തീരദേശത്ത് സ്കൂൾ വിദ്യാർത്ഥി മയക്കുമരുന്ന് കഴിച്ച് മരിച്ച സംഭവം അപായ സൂചനയാണ് നൽകുന്നത്. സ്കൂൾ, കോളേജ് പരിസരങ്ങളിൽ മയക്കുമരുന്ന് വിൽപ്പന നടത്തുന്ന ഗൂഢസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പല മാധ്യമങ്ങളും ഇതുമായി ബന്ധപ്പെട്ട പരമ്പരകളും ഇതിന്റെ ആപത്തുകൾ തുറന്നുകാണിക്കുന്ന നിരവധി മുഖപ്രസംഗങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. പഴയ തരത്തിലുള്ള കഞ്ചാവും ഹാഷിഷും മാത്രമല്ല, Lysergic acid diethylamide (LSD), നൈട്രോസോൺ ഗുളികകൾ, Cano Gran Ampule-കൾ, Marihuana, ഹെറോയിൻ, കൊക്കെയിൻ തുടങ്ങിയ മയക്കുമരുന്നുകളും വരുന്നുണ്ട്. ഇത് യുവാക്കളെ മാത്രമല്ല, ചെറിയ കുട്ടികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും അവരെ അഡിക്റ്റാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുകയാണ്. പല ഹോസ്പിറ്റലുകളിലും മാനസികനില തെറ്റിയ നിലയിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യാറുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ കർശന നടപടികളുണ്ടാകണം. കഞ്ചാവും മയക്കുമരുന്നും പിടിച്ചെടുത്താൽ കുറ്റവാളികൾക്ക് പെട്ടെന്ന് ജാമ്യം ലഭിക്കുന്ന തരത്തിലുള്ള പഴുതുകളടച്ച് കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യമേഖലയിലെ പ്രശ്നങ്ങൾ ഇന്ന് രാവിലെ ചർച്ച ചെയ്തു. വലിയ പോരാട്ടങ്ങളിലൂടെയാണ് കേരളം സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നേടിയെടുത്തത്. സഖാവ് എ.കെ. ഗോപാലന്റെ നേതൃത്വത്തിൽ കേരളത്തിലെ

ജനാധിപത്യ പ്രസ്ഥാനങ്ങളുടെയെല്ലാം പിന്തുണയോടുകൂടി നടന്ന വലിയ സമരത്തിന്റെ ഫലമായിട്ടാണ് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ തമ്മിൽ കരാറുണ്ടാക്കിയത്. അന്നത്തെ കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി സി. സുബ്രഹ്മണ്യം ആയിരുന്നുവെന്നാണ് എന്റെ ഓർമ്മ. അദ്ദേഹത്തിന്റെ നേതൃത്വത്തിലുണ്ടാക്കിയ കരാറനുസരിച്ച്, കേരളത്തിൽ കുരുമുളക്, ഏലം, നാളികേരം ഉൾപ്പെടെയുള്ള നാണ്യവിള കൃഷി പ്രോത്സാഹിപ്പിക്കണമെന്നും കേരളത്തിനാവശ്യമായ അരി കേന്ദ്രം നൽകാമെന്നുമായിരുന്നു. ഇപ്പോൾ ഈ സർക്കാരിനെതിരെ പ്രചരണം നടത്തുന്ന കോൺഗ്രസ്സുകാർ മറുപടി പറയേണ്ട കര്യമാണിത്. കരാറനുസരിച്ച് കേരളത്തിനുള്ള റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയത് കേന്ദ്രത്തിലെ കോൺഗ്രസ് സർക്കാരായിരുന്നു. കോൺഗ്രസ് സർക്കാരാണ് എ.പി.എൽ./ ബി.പി.എൽ. വേർതിരിവ് കൊണ്ടുവന്നത്. ആ വേർതിരിവ് റേഷനിംഗ് സംവിധാനത്തെ തകർക്കാൻ വേണ്ടിയാണെന്ന് ഞങ്ങളന്ന് പറഞ്ഞിരുന്നു. ഇപ്പോൾ പുതിയ ഭക്ഷ്യനയം കൊണ്ടുവന്നത് കേന്ദ്രത്തിലെ കോൺഗ്രസ് സർക്കാരാണ്. ആ നയം ഈ നാട്ടിലെ റേഷനിംഗ് സംവിധാനത്തെ തകർക്കുന്നതായിരുന്നുവെന്ന് ഇപ്പോൾ ബോധ്യമായി. ബി.ജെ.പി. സർക്കാർ ശക്തമായി ഈ നയം നടപ്പിലാക്കാൻ ശ്രമിക്കുന്നത് കേരളത്തിന്റെ എല്ലാ മേഖലയിലുമുള്ള മുന്നേറ്റത്തെ തകർക്കുമെന്നുള്ളതാണ് സത്യം.

ബഹുമാനപ്പെട്ട ഒ. രാജഗോപാൽ മംഗളം പത്രത്തിന് നൽകിയ ഒരഭിമുഖത്തിൽ റേഷൻ സമ്പ്രദായത്തെ എതിർക്കുകയാണ്. അദ്ദേഹം പറയുന്നത്, 'യുദ്ധകാലത്തെ പട്ടിണി മാറ്റാനായി നടപ്പിലാക്കിയ റേഷൻ സമ്പ്രദായം നിർത്തലാക്കേണ്ട കാലം കഴിഞ്ഞു. മറ്റ് സംസ്ഥാനങ്ങളിലൊന്നും ഈ സമ്പ്രദായമില്ല. റേഷൻ നിർത്തലാക്കി പകരം സാധാരണ കർഷകർക്ക് സബ്സിഡി നൽകുകയാണ് വേണ്ടത് എന്നാണ്. ഇതാണ് കേന്ദ്രം നടപ്പിലാക്കുന്നത്. റേഷനിംഗ് സംവിധാനത്തെ തകർക്കുന്ന ഈ നിലപാടാണ് കേന്ദ്രം ഇപ്പോൾ അടിച്ചേൽപ്പിക്കുന്നത്. ഇതിന്റെ ഫലമായി നമ്മൾ അനുഭവിക്കുന്ന ഗുരുതരമായ പ്രതിസന്ധി മറികടക്കുക എന്നത് വലിയ വെല്ലുവിളിയാണ്. സംസ്ഥാനം അതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് എനിക്കുറപ്പുണ്ട്.

പ്രവാസിക്ഷേമവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയാനുണ്ട്. വിദേശത്ത് ജോലിക്കുപോയി തിരിച്ചുവരുന്ന ആളുകൾക്കായി ഒരു ക്ഷേമപദ്ധതി

ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും നടപ്പിലാക്കിയിട്ടില്ല. അത് മാതൃകാപരമായി ആരംഭിച്ചത് ഇടതുപക്ഷ സർക്കാരുകളുടെ നേതൃത്വത്തിലാണ്. സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ആദ്യമായി ഇങ്ങനെയൊരു വകുപ്പ് രൂപീകരിക്കുന്നത്. പിന്നീട് സഖാവ് വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് പ്രവാസികൾക്കായി ഒരു ക്ഷേമപദ്ധതി കൊണ്ടുവന്നത്. ആ നിയമത്തിൽ ചില മാറ്റങ്ങൾ അനിവാര്യമാണ്. പ്രവാസി ക്ഷേമനിധി ബോർഡ് പ്രവാസികൾക്ക് ഗുണകരമായ വിധത്തിൽ കാലോചിതമായി പരിഷ്കരിക്കണമെന്ന ആവശ്യം ഈ സർക്കാർ പരിഗണിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇവരുടെ പെൻഷൻ തുക മിനിമം 500 രൂപയും അതിനുമുകളിലുമാണ്. മറ്റെല്ലാ ക്ഷേമപെൻഷനുകളും 1000 രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ തുക അപര്യാപ്തമാണെന്ന് പ്രത്യേകം പറയേണ്ടതില്ല. അതുകൊണ്ട് പ്രവാസി ക്ഷേമനിധി നിയമം നിയമസഭയിൽ കൊണ്ടുവന്ന് പരിഷ്കരിക്കണം. പ്രവാസികൾക്ക് നൽകുന്ന മറ്റാനുകൂല്യങ്ങൾ ഫലപ്രദമായി നൽകുന്നതിന് നടപടിയുണ്ടാകണം. ഈ ക്ഷേമനിധിക്ക് ഉടമ വിഹിതം ലഭിക്കാത്തതുകൊണ്ട് ക്ഷേമനിധിയിലെ ഫണ്ട് വളരെ കുറവാണ്. കേന്ദ്ര സർക്കാർ പ്രവാസി ക്ഷേമത്തിനുവേണ്ടി ഒരു രൂപപോലും നൽകുന്നില്ല. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസി പണം വരുന്ന രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് ഇൻഡ്യയാണ്. ഇൻഡ്യാ ഗവൺമെന്റാകട്ടെ തിരിച്ചുവരുന്ന പ്രവാസികൾക്കായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രവാസി ക്ഷേമനിധി പദ്ധതിക്ക് കേന്ദ്ര സഹായം നേടിയെടുക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, പ്രവാസികളുടെ മരണാനന്തര സഹായം ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> സർ, പ്രവാസി ആനുകൂല്യങ്ങൾ വളരെ അപര്യാപ്തമാണ്. മരണാനന്തരം ഒരു ലക്ഷം രൂപ കൊടുക്കുന്നത് വളരെ കുറഞ്ഞ സംഖ്യയാണ്. അതുപോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, പ്രവാസികൾ തിരിച്ചുവന്ന് 10 വർഷം കഴിഞ്ഞാൽ മാത്രമെ എന്തെങ്കിലും ആനുകൂല്യത്തിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. 10 വർഷം കഴിഞ്ഞില്ലെങ്കിൽ പ്രവാസി സ്റ്റാറ്റസ് കിട്ടുകയില്ലെന്നത് അനീതിയാണ്. അത് തിരുത്താനാവശ്യമായ നടപടി

സ്വീകരിക്കണം. അതോടൊപ്പം, ക്ഷേമനിധിയിൽ അംഗങ്ങളാകാനുള്ള പ്രായപരിധി വർദ്ധിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 'സാന്ത്വനം' പോലുള്ള പുനരധിവാസ പദ്ധതികളിൽ നൽകുന്ന സംഖ്യ വളരെ കുറവാണ്. അത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ സംഖ്യ ഇതിനായി നൽകിയിട്ടുണ്ട്. അത് വിപുലീകരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന എല്ലാ നല്ല കാര്യങ്ങൾക്കും പിന്തുണ അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാനം വമ്പിച്ച വിലക്കയറ്റത്തെ അഭിമുഖീ കരിക്കുകയാണ്. ആശങ്കാജനകമായ ഒരു സാഹചര്യമാണ് ഇപ്പോൾ ഉടലെടുത്തിരിക്കുന്നത്. 18-10-2016-ൽ, അതായത് കഴിഞ്ഞയാഴ്ച ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് അവശ്യ സാധനങ്ങളുടെ വിലയെക്കുറിച്ചുള്ള സൂചിക പുറത്തുവിട്ടിരിക്കുകയാണ്. അതനുസരിച്ച് സാധാരണ ജനങ്ങൾ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്ന മട്ട അരിയുടെ വില, 2015 ഒക്ടോബർ മാസവും 2016 ഒക്ടോബർ മാസവുമായി താരതമ്യം ചെയ്യുമ്പോൾ 5.5 ശതമാനത്തിന്റെ വർദ്ധനവാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. അതുപോലെ പാലക്കാടൻ ജയ അരിയുടെ വിലയിൽ 7 ശതമാനത്തോളം വർദ്ധനവും പഞ്ചസാരയുടെ വിലയിൽ 32 ശതമാനം വർദ്ധനവും മുളകിന്റെ വിലയിൽ 8 ശതമാനത്തോളം വർദ്ധനവും ഉരുളക്കിഴങ്ങിന്റെ വിലയിൽ 16.89 ശതമാനം വർദ്ധനവുമുണ്ടായിരിക്കുന്നു. നിരവധി നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കഴിഞ്ഞ വർഷത്തേതിൽനിന്നും ഈ വർഷം ഉണ്ടായ വർദ്ധനവാണ് ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കഴിഞ്ഞയാഴ്ച പുറത്തുവിട്ട രേഖകൾ സൂചിപ്പിക്കുന്നത്. വമ്പിച്ച വിലക്കയറ്റമാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നത്. വിലക്കയറ്റം പിടിച്ചുനിർത്താൻ പൊതുവിതരണ സമ്പ്രദായം കൂടുതൽ ഫലപ്രദമാക്കി, റേഷൻ കടകൾ ആധുനികവൽക്കരിച്ച് പ്രൊഫഷണലൈസ് ചെയ്യേണ്ടത് ആവശ്യമാണ്. ഇന്ന് 13 അവശ്യ സാധനങ്ങളാണ് വിതരണം ചെയ്യുന്നത്. ഇവയാണ് ഇന്ന് സംസ്ഥാനത്ത് വില നിർണ്ണയിക്കുന്നതിലെ പ്രധാന ഘടകമായിരിക്കുന്നത്. ഈ 13 അവശ്യ സാധനങ്ങളിൽ നല്ലൊരു ശതമാനവും സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്നവയാണ്. ഇവ ക്രോപ് സീസണിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവാങ്ങി ഇവിടെ വൻതോതിൽ സംഭരിച്ച്, വില കൂടുന്ന അവസരത്തിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. അങ്ങനെ വികസിപ്പിച്ചെടുത്താൽ മാത്രമേ വില

പിടിച്ചുനിർത്താൻ സാധിക്കുകയുള്ളൂ. ബിർള, റിലയൻസ് പോലുള്ള വൻകിട കമ്പനികൾ സപ്ലൈസ് ആന്റ് മാനേജ്മെന്റ് പ്രിൻസിപ്പിൾ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കൃഷിക്കാർക്ക് അഡ്വാൻസ് കൊടുത്ത് സാധനങ്ങൾ കുറഞ്ഞ വിലയിൽ വാങ്ങി മാർക്കറ്റിലേയ്ക്ക് കൊണ്ടുവരികയാണ്. നമ്മുടെ പൊതുവിതരണ സമ്പ്രദായത്തിന്റെ കീഴിൽ പതിനാലായിരത്തിൽപ്പരം റേഷൻ കടകളും 1800-ൽപ്പരം സൂപ്പർ സ്റ്റോറുകളും മാവേലി സ്റ്റോറുകളുമൊക്കെയുണ്ട്. വലിയൊരു സപ്ലൈ ചെയിൻ നെറ്റ്വർക്കുണ്ട്. അത് ഫലപ്രദമായി വിനിയോഗിച്ചു കൊണ്ട് അവശ്യസാധനങ്ങൾ ക്രോപ് സീസണിൽ സംഭരിച്ച് കൃത്യമായി വിതരണം ചെയ്യാൻ സാധിച്ചാൽ അവശ്യ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ സാധിക്കുമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, പ്ലാന്റേഷൻ മേഖല വലിയ പ്രതിസന്ധിയാണ് അഭിമുഖീകരിക്കുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന അങ്കമാലി നിയോജക മണ്ഡലത്തിൽ പ്ലാന്റേഷൻ മേഖലയിൽ നൂറുകണക്കിന് തൊഴിലാളികൾ ജോലിയെടുക്കുന്നുണ്ട്. ഈ പ്രതിസന്ധിയുടെ ഭാഗമായി തൊഴിലാളികളാണ് പാപഭാരം ഏറ്റെടുക്കേണ്ടി വരുന്നത്. ദീർഘകാല കരാറുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനിൽ തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകളെ സംബന്ധിച്ച് യൂണിയനുകളുടെ ആക്ഷേപംപോലും പരിഗണിക്കപ്പെട്ടിട്ടില്ല. റബ്ബർ മേഖലയിൽ മരങ്ങളുടെ എണ്ണവും തൊഴിലാളികളുടെ ജോലി ഭാരവും വർദ്ധിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്ലാന്റേഷൻ സെക്ടറിൽ തൊഴിലാളികൾക്ക് വീടുനിർമ്മിക്കുന്നതിനായി 20 കോടി രൂപ അനുവദിക്കുകയുണ്ടായി. സ്ഥലം ലഭ്യമാകാത്തതിനാൽ അത് നടപ്പിലായിട്ടില്ല. പ്ലാന്റേഷൻ മേഖലയിൽ സ്ഥലം ലഭ്യമല്ലെങ്കിൽ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചുനൽകാനുള്ള പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകേണ്ടതുണ്ട്. അതുപോലെതന്നെ ബാംബൂ കോർപ്പറേഷന്റെ കീഴിൽ സ്ത്രീകളുൾപ്പടെയുള്ളവർ വളരെ ദുഷ്കരമായ സാഹചര്യങ്ങളിലാണ് ജോലിയെടുക്കുന്നത്. അവർക്ക് 18 മാസത്തെ ഡി.എ. കുടിശ്ശികയുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 5 കോടി രൂപ അനുവദിച്ചുവെങ്കിലും തെരഞ്ഞെടുപ്പ് വന്നതുകൊണ്ട് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. പക്ഷെ ഈ സർക്കാർ അധികാരത്തിലേറി അഞ്ചുമാസം പൂർത്തിയായെങ്കിലും ആ തുക വിതരണം ചെയ്യുന്നതിനുള്ള യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല എന്നുള്ളത് ദുഃഖകരമാണ്. ഈ തൊഴിലാളികൾക്ക് അടിയന്തരമായി ഡി.എ. കുടിശ്ശിക വിതരണം ചെയ്ത് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്

എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഈ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവുമധികം ആശങ്ക ജനിപ്പിക്കുന്നത് എക്സൈസ് വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. സർക്കാരിന്റെ മദ്യനയം എന്താണെന്ന് വ്യക്തമാക്കണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുമെന്നും മദ്യത്തിനെതിരെ ബോധവൽക്കരണം ഫലപ്രദമായി നടത്തുമെന്നുമാണ് തെരഞ്ഞെടുപ്പ് സമയത്ത് പറഞ്ഞിരുന്നതെങ്കിലും അതൊന്നും നടന്നിട്ടില്ല. അതുപോലെതന്നെ യു.ഡി.എഫ്.-ന്റെ മദ്യനയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുകയും അതിന്റെ തുടർ നടപടികളുണ്ടാകുമെന്നുമാണ് പറഞ്ഞത്. എന്ത് പഠനമാണ് നിങ്ങൾ നടത്തിയിരിക്കുന്നത്? മദ്യംമൂലമുണ്ടാകുന്ന രോഗങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും എണ്ണത്തെക്കുറിച്ചുള്ള പഠനം നടന്നിട്ടുണ്ടോ? അതുമൂലമുണ്ടാകുന്ന വിവാഹ മോചനം, റോഡപകടങ്ങൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയ പഠനമോ വിശകലനമോ നടത്താതെ, വ്യക്തമായ മദ്യനയമില്ലാതെയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ ഇന്ന് കേരളത്തിൽ വ്യാജമദ്യം ഒഴുകിക്കൊണ്ടിരിക്കുകയാണ്. പുതിയ എക്സൈസ് കമ്മീഷണർ ചാർജ്ജെടുത്തതിനുശേഷം ചില സ്ഥലങ്ങളിൽ റെയ്ഡ് നടത്തുകയുണ്ടായി. വളരെ ആശാവഹമായിട്ടാണ് നമ്മൾ അതിനെ കണ്ടത്. പക്ഷെ ഇപ്പോൾ അത്തരത്തിലുള്ള റെയ്ഡുകളെക്കുറിച്ചൊന്നും കേൾക്കുന്നില്ല. എറണാകുളത്തുൾപ്പെടെ ഇതര സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന മേഖലകളിൽനിന്ന് ക്വിന്റൽ കണക്കിന് മയക്കുമരുന്നാണ് തുടക്കത്തിൽ പിടിച്ചെടുത്തിരുന്നത്. പക്ഷെ പിന്നീട് അക്കാര്യത്തെക്കുറിച്ച് യാതൊരു വിവരവുമില്ല. പിടിച്ചെടുത്ത മയക്കുമരുന്നിന്റെ അളവ് നോക്കുമ്പോൾ, that was just a tip of an iceberg എന്ന് മനസ്സിലാക്കാൻ സാധിക്കും. കേരളത്തെ 'God's own Country' എന്നുപറയുമ്പോൾത്തന്നെ, ഒരു 'Narcotic's own Country' ആയി മാറുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഫലപ്രദമായ ഇടപെടലുകളുണ്ടാകുന്നില്ല. വ്യാജ മദ്യത്തിന്റെ കുത്തൊഴുക്ക് നിയന്ത്രിക്കാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരളത്തിൽ ഭയാനകമായ ഒരു മദ്യദുരന്തം മുന്നിൽ വരുന്നത് കാണാതെയാണ് ഈ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ 5 വർഷത്തെ യു.ഡി.എഫ്. ഭരണകാലത്ത് ഒരു മദ്യദുരന്തംപോലും കേരളത്തിലുണ്ടായിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതിനുമുമ്പുള്ള എൽ.ഡി.എഫ്. ഭരണകാലത്തൊക്കെ കേരളത്തിൽ എത്ര മദ്യദുരന്തങ്ങളുണ്ടായിട്ടുണ്ടെന്ന് നമുക്കറിയാം. അതിനാൽ സർക്കാർ ബാറുകൾ തുറക്കുമോ ഇല്ലയോ എന്ന കാര്യം വ്യക്തമാക്കണം. ബിവറേജസ് കോർപ്പറേഷന്റെ 10 ശതമാനം ഔട്ട്ലെറ്റുകൾ

പൂട്ടുന്ന നടപടിയുമായിട്ടാണ് യു.ഡി.എഫ്. സർക്കാർ മുന്നോട്ടുപോയത്. ഈ സർക്കാർ അതിനെ അട്ടിമറിച്ചു. എന്താണ് ഈ സർക്കാരിന്റെ മദ്യനയം; സർക്കാർ ബാറുകൾ പൂട്ടാൻ തയ്യാറാകുമോ? കേരളത്തിലേയ്ക്കുള്ള മദ്യത്തിന്റെയും വ്യാജ മദ്യത്തിന്റെയും കുത്തൊഴുക്ക് തടയുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. ഈ സർക്കാരിന്റെ മദ്യനയം എന്താണെന്ന് വ്യക്തമാക്കണമെന്നും മദ്യത്തിന്റെ കുത്തൊഴുക്ക് തടയാനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ഉമ്മർ)

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ഇപ്പോൾ തൊഴിൽ മേഖല ശാന്തമാണ്. അതേസമയം ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലാളി പ്രസ്ഥാനം ഗുരുതരമായ വെല്ലുവിളികൾ നേരിടുകയാണ്. ഒന്ന്, സ്ഥിരം തൊഴിലവസരങ്ങൾ ഇല്ലാതാകുന്നു. രണ്ട്, സ്ഥിരം തൊഴിലവസരങ്ങളിൽ താല്ക്കാലിക തൊഴിലാളികളെ കൊണ്ടുവന്ന് ഗണ്യമായ തോതിൽ ആ രംഗം കൊള്ളയടിക്കുകയാണ്. അതിനനുരോധമായ കേന്ദ്ര തൊഴിൽ നിയമവും പരിഷ്കാരങ്ങളുമാണ് വരുന്നത്. കേന്ദ്രത്തിൽ ബി.ജെ.പി. നടത്തുന്ന ഭരണം ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തിന്റെ ശവമഞ്ചമൊരുക്കുകയാണ്. അതിനെതിരായിട്ടാണ് ഐക്യവേദി എന്നൊരു പുതിയ ട്രേഡ് യൂണിയൻ ഇന്ത്യയിൽ ഉയർന്നുവന്നിട്ടുള്ളത്. ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തിന്റെ മുമ്പിൽ കേരളത്തിലെ തൊഴിൽ നയങ്ങളും തൊഴിൽ നിയമങ്ങളും ഉയർന്നുവരേണ്ടതാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി കേരള സർക്കാർ ക്ഷേമ പദ്ധതികൾ സമൂലമായി പരിഷ്കരിച്ച് ആകർഷകമാക്കുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. ആ നടപടികൾ അടിയന്തരമായി നടപ്പാക്കണം. കേന്ദ്ര-സംസ്ഥാന നിയമങ്ങളുടെ ചട്ടക്കൂടിനെ അടിസ്ഥാനമാക്കി ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച ഒരു സമഗ്ര നിയമനിർമ്മാണം കൊണ്ടുവരുമെന്നും പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ചുള്ള നടപടികളൊന്നും കൈക്കൊണ്ടതായി കാണുന്നില്ല. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ന്യായമായ നിരക്കിൽ വൃത്തിയും വെടിപ്പുമുള്ള പാർപ്പിടം വേണം. പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ അങ്ങ് വ്യക്തിപരമായി മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതോടൊപ്പം പരമ്പരാഗത വ്യവസായമേഖല മണ്ണടിയുകയാണ്. കേരളത്തിൽ അവശേഷിക്കുന്ന ഏതാനും ചില വ്യവസായങ്ങളുണ്ട്. അഞ്ഞൂറ്

കോടിയോ ആയിരം കോടി രൂപയോ മാറ്റിവച്ചുകൊണ്ട് കേരളത്തിന്റെ തനതായ പരമ്പരാഗത വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കാൻ സമഗ്രമായൊരു പദ്ധതി ആവിഷ്കരിക്കണം. കഴിഞ്ഞ 5 വർഷമായി കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ ഗ്രാറ്റുവിറ്റി, പ്രസവാനുകൂല്യം, വിവാഹ സഹായം, റിട്ടയർമെന്റ് ആനുകൂല്യം, മരണാനന്തര സഹായം എന്നിവയിൽ 260 കോടി രൂപയും മാച്ചിംഗ് ഗ്രാന്റിൽ 34 കോടി രൂപയും കുടിശ്ശികയുള്ളത് പരിശോധിക്കണം. ക്ഷേമനിധി ബോർഡുകൾ പ്രവർത്തന രഹിതമാകുന്നത് സർക്കാരിന് ഭൂഷണമല്ല. തൊഴിലാളി വർഗ്ഗത്തിന് മുൻകയ്യുള്ള കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് തൊഴിലാളികളുടെ പ്രശ്നങ്ങൾ അവഗണിക്കുന്നുവെന്ന് വരാൻ പാടില്ല. അക്കാര്യം പ്രത്യേകമായി പരിഗണിക്കണം.

സിവിൽ സപ്ലൈസ് വകുപ്പിനെക്കുറിച്ച് ഇന്ന് രാവിലെ ധാരാളം ചോദ്യോത്തരങ്ങൾ വന്നിരുന്നു. കേന്ദ്ര സർക്കാരിന്റെ ഒരു നയമാണ് ഇപ്പോൾ വന്നിരിക്കുന്നത്. കേന്ദ്രത്തിൽ കോൺഗ്രസ് പോയി ബി.ജെ.പി. അധികാരത്തിൽ വന്നു. രാവണൻ വാണാലും രാമൻ വാണാലും കേരളത്തിൽ റേഷൻ കിട്ടില്ല എന്നതാണ് അവസ്ഥ. ഇതൊരു ബില്ലിന്റെയോ നിയമത്തിന്റെയോ പ്രശ്നമല്ല, ഒരു നയത്തിന്റെ പ്രശ്നമാണ്. കേന്ദ്ര സർക്കാർ ഇപ്പോൾ രണ്ട് കമ്മീഷനെ നിയമിച്ചിട്ടുണ്ട്. അതിലൊന്ന്, അമേരിക്കയിലെ കുത്തക കമ്പനിയായ മെർക്കിൻസാണ്. എഫ്.സി.ഐ. കാര്യക്ഷമമാക്കാൻ പഠന റിപ്പോർട്ട് ലഭ്യമാക്കണമെന്നാണ് അവരോട് ആവശ്യപ്പെട്ടിരിക്കുന്നത്. എഫ്.സി.ഐ. ഇന്നുള്ളതിൽനിന്നും മൂന്നിലൊന്നാക്കാൻ തീരുമാനിച്ചു. അതിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നു. എഫ്.സി.ഐ.-യുടെ അടിത്തറ തകരുന്നതോടുകൂടി ഭക്ഷ്യധാന്യ സംഭരണവും വിതരണവും അവതാളത്തിലാകും. ദീർഘവീക്ഷണത്തോടെയാണ് കേന്ദ്ര സർക്കാർ അത് ചെയ്യുന്നത്. നമുക്ക് 16.01 ലക്ഷം മെട്രിക് ടൺ അരി കിട്ടിക്കൊണ്ടിരുന്നത് മെല്ലെ 14.25 ലക്ഷം മെട്രിക് ടണ്ണാക്കി. കേന്ദ്ര ക്വാട്ട വെട്ടിക്കുറയ്ക്കുകയാണ്. അതിന്റെ ഫലമായി ഷോർട്ടേജുണ്ടാകും. ഭക്ഷ്യധാന്യങ്ങളുടെ ഷോർട്ടേജുണ്ടായാൽ ഹോൾ സെയിൽ കമ്പനികൾക്ക് ലാഭമാണ്. കാരണം, കേരളത്തിലെ ആളുകൾ അരി ആഹാരം കഴിക്കണമെന്ന കാര്യത്തിൽ നിർബന്ധമുള്ളവരാണ്. അതുകൊണ്ട് അരിവില ക്രമാതീതമായി വർദ്ധിക്കുകയാണ്. ആ വർദ്ധനവിന് പ്രധാനപ്പെട്ട കാരണം കേന്ദ്രം സ്വീകരിച്ചിട്ടുള്ള ഇത്തരം നയമാണ്. കേന്ദ്രത്തിന്റെ ഇത്തരം നയത്തിൽ അപ്പുറത്തുള്ള സുഹൃത്തുക്കളെല്ലാം രോഷാകുലരാണ്. കോൺഗ്രസ് സർക്കാരിന്റെ കാലത്ത് നിങ്ങൾ കൊട്ടിഘോഷിച്ചുകൊണ്ടുവന്നതാണ് ഭക്ഷ്യ ഭദ്രതാ നിയമം. 2011-ൽ കരട് ബിൽ പ്രസിദ്ധീകരിച്ചപ്പോൾത്തന്നെ ഭക്ഷ്യമന്ത്രിമാരുടെ

അഖിലേന്ത്യാ കോൺഫറൻസ് വിളിച്ചുകൂട്ടി കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ നിയമം നടപ്പിലാക്കാൻ പ്രയാസമാണെന്ന് പറയണമായിരുന്നു. പല കേന്ദ്രാവിഷ്കൃത പദ്ധതികളും ഹരിയാനയേയും പഞ്ചാബിനേയും യു.പി.-യെയും പോലെയാണ് നടപ്പാക്കുന്നത്. അതിന്റെ ഫലമായി നിരന്തരമായി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേരളത്തിന് കിട്ടേണ്ട ഒരാനുകൂല്യവും വ്യവസായം, റെയിൽവേ കാർഷികം എന്നീ മേഖലകളിൽ കിട്ടുന്നില്ല. അവരുടെ നോംസ് കേരളത്തിൽ നടപ്പിലാക്കാൻ പ്രയാസമാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നേരത്തെ 90:10 ആയിരുന്നത് 60:40 ആയി ചുരുക്കിയതറിയാമോ?

ശ്രീ. സി. ദിവാകരൻ: സർ, കേന്ദ്ര സർക്കാർ കേരളത്തോട് ശത്രുത പ്രഖ്യാപിച്ചിരിക്കുകയാണ്. ഏത് ഗവൺമെന്റായാലും കേരളീയരുടെ അനുഭവം അതാണ്. കഴിഞ്ഞ 50 കൊല്ലത്തെ കേരളത്തിന്റെ അനുഭവം പരിശോധിച്ചാൽ കേന്ദ്രത്തിൽനിന്ന് അർഹമായ ആളോഹരി വരുമാനം കിട്ടില്ലെന്നത് ഉറച്ച തീരുമാനമാണ്. അവരുടെ കയ്യിൽ വടികൊണ്ട് കൊടുത്തത് നമ്മുടെ പ്രിയപ്പെട്ട പ്രൊഫ. കെ. വി. തോമസ് മാഷാണ്. ഈ നിയമം ഇവിടെ നടപ്പിലാക്കാൻ പ്രയാസമാണ്, സൂക്ഷിക്കണമെന്ന് അദ്ദേഹത്തോട് അന്ന് ഞാൻ പറഞ്ഞതാണ്. ഇപ്പോൾ എന്തായി? ഹരിയാനയിലും പഞ്ചാബിലും യു.പി.-യിലും ആന്ധ്രാപ്രദേശിലും നടപ്പിലാക്കുന്ന അതേ മാനദണ്ഡങ്ങൾ വച്ച് ഭക്ഷ്യ ഭദ്രതാ നിയമം 48 മണിക്കൂറിനകം നടപ്പിലാക്കിയില്ലെങ്കിൽ നിങ്ങൾക്കുള്ള ക്വാട്ട തരില്ലെന്ന് പറയുകയാണ്. എന്ത് ഭരണമാണിത്? ബി.ജെ.പി.-യുടെ സ്വരമാണത്. നിങ്ങൾ ഞങ്ങളെയല്ല എതിർക്കേണ്ടത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. സി. ജോസഫും അടക്കം നിങ്ങളെല്ലാവരും എതിർക്കേണ്ടത് കേന്ദ്രം കേരളത്തോട് കാണിക്കുന്ന, പട്ടിണി പാവങ്ങളോട് കാണിക്കുന്ന, പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന ധിക്കാരപരമായ സ്വേച്ഛാധിപത്യ നിലപാടിനെയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ നിലപാടിനോട് പ്രതിഷേധം രേഖപ്പെടുത്തി കേരളത്തിന്റെ താല്പര്യങ്ങൾ അംഗീകരിച്ചേ മതിയാകൂ എന്നുപറയുന്ന അങ്ങയോടൊപ്പം നിൽക്കാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങൾ മുമ്പിൽ നടന്നാൽ മതി, ഞങ്ങളും കൂടാം.

ശ്രീ. സി. ദിവാകരൻ: സർ, നമുക്ക് മുമ്പിലോ പിമ്പിലോ നടക്കാം. സമയം നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ, നിങ്ങളുടെ കയ്യിൽ നിൽക്കാൻ പോകുന്നില്ല. നിങ്ങൾക്കിനി ഒരു തിരിച്ചുവരവില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ ശൗര്യം കാണിക്കേണ്ടത് ഇവിടെയല്ല, നിങ്ങളുടെ ആളുകൾ ഡൽഹിയിലുണ്ടല്ലോ, അവിടെ കാണിക്കണം. ഇവിടെ തെരഞ്ഞെടുക്കപ്പെട്ട ഒരു മന്ത്രിസഭ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ ആറ് മാസത്തെ കാലാവധി ചോദിച്ചിട്ട് തരില്ലെന്ന്

പറയുമ്പോൾ നിങ്ങൾ ചോദിക്കണ്ടേ? നിങ്ങൾക്ക് ചോദിക്കാൻ കുറച്ചുകൂടി ശക്തിയുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിയമസഭയിൽ ഞങ്ങളിനി വരില്ലെന്ന് പറഞ്ഞ് ഞങ്ങളെ ശപിക്കുകയാണോ; പകരം ആരെ വരുത്താനാണ് അങ്ങ് ശ്രമിക്കുന്നത്, ഇപ്പോൾ ഇരിക്കുന്നവർ തുടർന്നാൽ മതിയോ? അവിടെയാണ് വിയോജിപ്പ്.

ശ്രീ. സി. ദിവാകരൻ: സർ, ഗുരുതരമായൊരു പ്രശ്നമാണിത്. അങ്ങോട്ടുമിങ്ങോട്ടും വെറുതെ വാഗ്വാദം നടത്തിയിട്ട് കാര്യമില്ല. കേരളത്തിന് അരി കിട്ടില്ലെന്നത് ദീർഘവീക്ഷണത്തോടെ കണ്ടാണ് പൊതുവിതരണത്തെക്കുറിച്ച് ഞങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നത്. കേരളത്തിന്റെ ബി.പി.എൽ. പരിധിയിൽ നിന്ന് ഗണ്യമായ ഒരു വിഭാഗം പാവപ്പെട്ടവരെ പുറത്താക്കുന്ന സ്ഥിതിയാണുണ്ടായിരിക്കുന്നത്. എ.എ.വൈ.-ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി അരി വിതരണം ചെയ്യുകയും വിവിധ അസംഘടിത മേഖലയിലെ തൊഴിലാളികളെയും മറ്റു വിഭാഗങ്ങളിലെ തൊഴിലാളികളെയും തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെയും ബി.പി.എൽ. ആയി പരിഗണിച്ച് അവർക്കുകൂടി സൗജന്യ റേഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് കേരള സർക്കാർ രൂപം നൽകും. ഇക്കാര്യത്തിൽ അപ്പുറത്തിരിക്കുന്ന ആളുകൾക്ക് ഉത്കണ്ഠയൊന്നും വേണ്ട. എന്തുവില കൊടുത്തും കേരളത്തിലെ മഹാഭൂരിപക്ഷം ആളുകൾക്കും റേഷൻ സംവിധാനം ലഭ്യമാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. അക്കാര്യത്തിൽ നിങ്ങൾ കുറവുകളും കുറ്റങ്ങളും കണ്ടെത്താൻ ശ്രമിക്കേണ്ടതില്ല. ബി.ജെ.പി. നടപ്പിലാക്കുന്ന ഈ ബിൽ ആർക്കുവേണ്ടിയാണ്? കേരളത്തിലെ ജനങ്ങൾക്കുവേണ്ട. പ്രതിപക്ഷത്തിനും വേണ്ട. ഞങ്ങൾക്കും വേണ്ട. അത് ശ്രീ. നരേന്ദ്ര മോദിയോട് ചോദിക്കണ്ടേ? ആർക്കും വേണ്ടാത്ത ഈ നിയമം കേരളത്തിൽ അടിച്ചേല്പിക്കലാണോ? ഫെഡറൽ സമ്പ്രദായത്തിൽ ഒരു കേന്ദ്ര സർക്കാർ തീരുമാനമെടുക്കേണ്ടത് ഇങ്ങനെയാണോ? ഈ നിയമസഭയിലെ എല്ലാ ദേശീയ രാഷ്ട്രീയ പാർട്ടികളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഈ നയം തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

കേരളത്തിനർഹമായ പഞ്ചസാര, മണ്ണെണ്ണ, അരി, ഗോതമ്പ് എന്നിവ നിഷേധിക്കുന്നത് ഭരണഘടനാ ലംഘനമാണ്. ഭക്ഷ്യധാന്യ വിതരണത്തെ സംബന്ധിച്ച് ഇന്ത്യൻ ഭരണഘടനയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെപ്പോലും കാറ്റിൽപ്പറത്തുകയാണ്; ഇന്ത്യൻഭരണഘടനയും മതേതരത്വവും ജനാധിപത്യവും വെല്ലുവിളിക്കപ്പെടുന്നു; ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളെ വേട്ടയാടുന്നു. സ്വന്തം

ഭാര്യയുടെ ശവശരീരം തോളിലേറ്റി 16 കി.മീറ്റർ നടക്കുന്ന ഇന്ത്യാ മേക്കിംഗാണോ ഇവിടെ നടക്കുന്നത്? ഇത് വെറും അരി കൊടുക്കുന്നതിന്റെയും വാങ്ങുന്നതിന്റെയും കാര്യമല്ല. പട്ടാളത്തെക്കൊണ്ട് പാകിസ്ഥാൻ പ്രശ്നം പരിഹരിച്ചുകളയാമെന്നുള്ളത് നല്ല കാര്യം. അതിനെ ഞങ്ങൾ പിന്തുണയ്ക്കുന്നു. പക്ഷേ ആ പട്ടാളക്കാരുടെ കുടുംബങ്ങൾ നമ്മുടെ നാട്ടിൽ റേഷനുവേണ്ടി നിൽക്കുകയാണ്. ഒരു രാജ്യത്തിന്റെ സുരക്ഷ എന്നുപറയുന്നത് അവിടത്തെ സാധാരണ ജനങ്ങളാണ്. അവർ ഇവിടെ വേട്ടയാടപ്പെടുകയാണ്, ചവിട്ടി മെതിക്കപ്പെടുകയാണ്. കേരളത്തിലുണ്ടായിരുന്ന എല്ലാ റേഷൻ ആനുകൂല്യങ്ങളും ഒന്നൊന്നായി മണ്ണടിയാൻ പോകുകയാണ്. ആ പ്രശ്നമാണ് സഭയിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ ശക്തമായ ഇടപെടലുണ്ടാകുമെന്നുള്ള വിശ്വാസത്തോടെ നിർത്തുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരമേറ്റിട്ട് നാളെ അഞ്ചുമാസം പൂർത്തിയാകുകയാണ്. അഞ്ചുവർഷത്തേയ്ക്ക് തെരഞ്ഞെടുത്ത സർക്കാരിനെ വിലയിരുത്താൻ അഞ്ചുമാസം മതിയായ സമയമല്ല എന്നത് ശരിയാണ്. എന്നാൽ ഈ കാലയളവിലെ ജനകീയ പ്രശ്നങ്ങളോടുള്ള സർക്കാരിന്റെ സമീപനം, നയപരിപാടികൾ, ക്രമസമാധാനം, ഭരണരംഗം എന്നിവയെല്ലാം വിലയിരുത്തുമ്പോൾ അടുത്ത നാലര വർഷക്കാലത്തെ ഭരണം എങ്ങനെയായിരിക്കുമെന്ന് മനസ്സിലാക്കാൻ സാധിക്കും. ആ നിലയ്ക്ക് ഈ സർക്കാരിന്റെ പ്രവർത്തനം നിരാശാജനകവും ജനവിരുദ്ധവുമാണെന്ന് കാണാൻ കഴിയും. മദ്യനയത്തോടുള്ള സർക്കാരിന്റെ സമീപനം പരിശോധിച്ചാൽ, മുൻ യു.ഡി.എഫ്. സർക്കാർ കുറ്റമറ്റ രീതിയിൽ കൊണ്ടുവന്ന മദ്യനയം മാറ്റിയെഴുതാനുള്ള സർക്കാർ നടപടിക്ക് കേരള ജനത മാപ്പുനൽകുകയില്ല. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പ് സമയത്ത് മദ്യമുതലാളിമാർക്ക് ഇടതുമുന്നണി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് 10 ശതമാനം ഔട്ട്ലെറ്റുകൾ പൂട്ടേണ്ടതില്ലെന്ന സർക്കാരിന്റെ പുതിയ തീരുമാനം വന്നത്. മദ്യനിരോധനമല്ല, മദ്യവർജ്ജനമാണ് തങ്ങളുടെ നിലപാടെന്ന് ആവർത്തിക്കുന്ന ഇടതുപക്ഷം സ്വന്തം മദ്യനയം രൂപപ്പെടുത്തുന്നതിനുമുമ്പ് നിലവിലെ നയം തിരുത്തിയെഴുതാൻ തീരുമാനിച്ചത് ആർക്കുവേണ്ടിയാണെന്ന് വ്യക്തമാക്കണം. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന മദ്യനയപ്രകാരം ഒക്ടോബർ 2-ന് 10 ശതമാനം വിദേശമദ്യ ഷോപ്പുകൾ അടച്ചുപൂട്ടേണ്ടതാണ്. എന്നാൽ അവ പൂട്ടേണ്ടതില്ലെന്ന് സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്. മദ്യനയം ഘട്ടംഘട്ടമായി അട്ടിമറിക്കുന്നതിനുള്ള ഇടതുസർക്കാരിന്റെ ഗൂഢനീക്കമാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. 2014 ഒക്ടോബർ 2-നും 2015 ഒക്ടോബർ 2-നുമായി ബിവറേജസ് കോർപ്പറേഷന്റെ 68-ഉം കൺസ്യൂമർ ഫെഡിന്റെ 10-ഉം ഔട്ട്ലെറ്റുകൾ യു.ഡി.എഫ്. സർക്കാർ

അടച്ചുപൂട്ടിയിരുന്നു. കൂടാതെ, നിലവാരമില്ലെന്ന് ചൂണ്ടിക്കാട്ടിയ 732 ബാറുകൾ ഒറ്റയടിക്ക് അടച്ചുപൂട്ടാൻ ആർജ്ജവം കാണിച്ചവരാണ് യു.ഡി.എഫ്. സർക്കാർ. സമ്പൂർണ്ണ മദ്യവർജ്ജനത്തിനുവേണ്ടി ശക്തമായ ബോധവത്കരണം നടത്തുമെന്ന് പ്രഖ്യാപിച്ച ഇടതുസർക്കാരിന്റെ പ്രഥമ ബഡ്ജറ്റിൽ ഒരു പൈസപോലും ബോധവത്കരണ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചിട്ടില്ല. ഇക്കാര്യത്തിൽ സർക്കാരിനുള്ള ഇരട്ടത്താപ്പാണ് ഇത് വ്യക്തമാക്കുന്നത്. മാത്രമല്ല, ടൂറിസം രംഗത്തെ തളർച്ചയ്ക്കും മദ്യനയം കാരണമായിട്ടുണ്ടെന്നാണ് എന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി തന്ന മറുപടി. ടൂറിസം രംഗത്തെ വളർച്ചാനിരക്കിലുള്ള കുറവ് സംബന്ധിച്ച് പല തവണ ഈ സഭ ചർച്ച ചെയ്തതാണ്. ബന്ദും ഹർത്താലും ട്രാഫിക് പ്രശ്നവും വൃത്തിഹീനമായ കടൽത്തീരങ്ങളുമൊക്കെ അതിന്റെ കാരണങ്ങളാണ്, അല്ലാതെ മദ്യലഭ്യതയുടെ കുറവല്ല. ഒരു വർഷം ശരാശരി 10,000 കോടി രൂപയുടെ വിറ്റുവരവാണ് ബിവറേജസ് കോർപ്പറേഷനുണ്ടായിരുന്നത്. ഇതിൽനിന്നും ശരാശരി 7,500 കോടിയിൽപ്പരം രൂപ വില്പന നികുതിയായി സർക്കാരിന് ലഭിക്കും. പൊന്മുട്ടയിടുന്ന ഈ താറാവിനെ കൊന്നുകളയാൻ സർക്കാർ ഒരുക്കമല്ല. അതുകൊണ്ടാണ് ജനക്ഷേമമല്ല, ജനവിരുദ്ധതയാണ് നിങ്ങളുടെ മുഖമുദ്രയെന്ന് ഞാൻ ആമുഖമായി പറഞ്ഞത്. പാവപ്പെട്ട ജനങ്ങൾക്ക് ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്ന നന്മ സ്റ്റോറുകൾ അടച്ചുപൂട്ടി മനുഷ്യനെ പിശാചാക്കി മാറ്റുന്ന മദ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുകയാണ് ഈ സർക്കാർ ചെയ്യുന്നത്.

സംസ്ഥാനത്തിന്റെ ഭക്ഷ്യമേഖല ആകെ തകർന്നിരിക്കുകയാണ്. കേന്ദ്ര സർക്കാർ 2013 സെപ്റ്റംബറിൽ പാസ്സാക്കിയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കാത്ത രണ്ടു സംസ്ഥാനങ്ങളാണ് കേരളവും തമിഴ്നാടും. ഈ നിയമം പാസ്സാക്കാത്തതിന്റെ പേരിൽ യു.ഡി.എഫ്. സർക്കാരിനെതിരെ നിരന്തരം പ്രക്ഷോഭം നടത്തിയ ഇടതുപക്ഷം അധികാരത്തിലെത്തിയശേഷം നിയമം നടപ്പാക്കുന്നതിനുപകരം സമയം നീട്ടിക്കിട്ടുന്നതിനുവേണ്ടി നിരന്തരം കേന്ദ്ര സർക്കാരിലേയ്ക്ക് കത്തെഴുതാനാണ് സമയം കണ്ടെത്തുന്നത്.

ഇപ്പോൾ നവംബർ-1 മുതൽ നിയമം നടപ്പാക്കാമെന്ന് സർക്കാർ സമ്മതിച്ചപ്പോൾ കേരളത്തിനുള്ള ഭക്ഷ്യധാന്യം കേന്ദ്രം വെട്ടിക്കുറയ്ക്കുകയും സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായും നിലയ്ക്കുകയും ചെയ്തു. കിലോഗ്രാമിന് 8 രൂപ 90 പൈസ കൊടുത്ത് അരി വാങ്ങിയിരുന്ന എ.പി.എൽ. കാർഡുടമകളായ 60 ലക്ഷം കുടുംബങ്ങൾക്ക് റേഷൻ നിരക്കിൽ ഇനി അരി ലഭിക്കില്ല. ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ എ.പി.എൽ. കുടുംബങ്ങൾക്ക് ഒരു കിലോ അരിക്ക് 22 രൂപ 64 പൈസ നൽകേണ്ടി വരും.

ഗോതമ്പിന്റെ വിലയും ഗണ്യമായി ഉയരും. ഭക്ഷ്യ വകുപ്പിന്റെ നിരുത്തരവാദപരമായ നിലപാടുകൊണ്ട് ഓണക്കാലത്ത് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അരി വിതരണം മുടങ്ങി. അതിനിപ്പോൾ വിദ്യാഭ്യാസ വകുപ്പും ഭക്ഷ്യവകുപ്പും പരസ്പരം പഴിചാരുകയാണ്. അതിന്റെ ഉത്തരവാദിത്വം സപ്ലൈകോ എം.ഡി.-യുടെ തലയിൽ കെട്ടിവച്ച് വകുപ്പ് കയ്യൊഴിയുന്നതായ വാർത്ത മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയാണ്.

വിലക്കയറ്റം തടയുന്നതിൽ ഈ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും കൂത്തരങ്ങായി. ഔട്ട്‌ലെറ്റുകളിൽ വിൽക്കുന്ന സാധനങ്ങൾ ഗുണനിലവാരമില്ലാത്തതാണെന്നും ഉൽപ്പന്നങ്ങളുടെ സാമ്പിൾ കണ്ട് ഓർഡർ ചെയ്യുന്നതിനുപകരം അവയുടെ ഫോട്ടോ കണ്ടാണ് കോർപ്പറേഷൻ ഓർഡർ നൽകുന്നതെന്നുമുള്ള ലജ്ജാകരമായ വാർത്ത മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയാണ്. അതുകൊണ്ട് റേഷൻ സംവിധാനം പുനഃസ്ഥാപിച്ച് പൂട്ടിയ നന്മ സ്റ്റോറുകൾ തുറന്ന് പ്രവർത്തിപ്പിച്ച് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

പ്രവാസിക്ഷേമത്തിന്റെ കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് ആശാസ്യമല്ലെന്നുള്ളത് ഏറെ ഖേദകരമാണ്. രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത കാത്തുസൂക്ഷിക്കുന്നവരാണ് പ്രവാസികൾ. ഗൾഫിൽ ജോലി ചെയ്യുന്ന 35 ലക്ഷത്തോളം വരുന്ന മലയാളികൾ വർഷാവർഷം നാട്ടിലേയ്ക്ക് അയയ്ക്കുന്നത് ഭീമമായ തുകയാണ്. 2014-ൽ അത് 71,142 കോടി രൂപയായിരുന്നുവെങ്കിൽ 2015-ൽ 99,382 കോടി രൂപയായി വർദ്ധിച്ചു. അവരുടെ കാര്യത്തിൽ സർക്കാരിന് വേണ്ടത്ര ജാഗ്രതയില്ല. അവരുടെ എണ്ണത്തിന്റെ കാര്യത്തിൽപ്പോലും വ്യക്തമായ കണക്കില്ല. പ്രവാസി ഭാരതീയ ബില്ലിന് 2015 ജനുവരിയിലാണ് നിയമസഭ അംഗീകാരം നൽകിയത്. കമ്മീഷൻ രൂപീകരിച്ച് ചെയർപേഴ്സണും അംഗങ്ങളും ചുമതലയേറ്റെങ്കിലും തുടർനടപടികളൊന്നുമുണ്ടായിട്ടില്ല. വിപുലമായ അധികാരമുള്ള കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചാൽ പ്രവാസികളുടെ സ്വത്തുക്കളുടെ സംരക്ഷണം, നിക്ഷേപങ്ങളുടെ ഭദ്രത എന്നിവയടക്കം ഒട്ടേറെ കാര്യങ്ങളിൽ കമ്മീഷന് ഇടപെടാനാകും. കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ സർക്കാർ അടിയന്തരമായി ഒരുക്കിക്കൊടുക്കണമെന്ന് അപേക്ഷിക്കുന്നു.

വിമാന കമ്പനികളെക്കുറിച്ചുള്ള പരാതികൾ കാലാകാലങ്ങളായുള്ളതാണ്. സർക്കാർ യാതൊരു പരിഗണനയും അതിന് നൽകുന്നില്ല. 7000-വും 8000-വും

രൂപ കൊടുത്ത് ദുബായ്, ഒമാൻ എന്നിവിടങ്ങളിലേയ്ക്ക് യാത്ര ചെയ്യാൻ കഴിയുന്ന സെക്ടറിൽ ഇക്കഴിഞ്ഞ ഓണം-ബക്രീദ് നാളുകളിൽ 70,000 രൂപ വരെ വാങ്ങുന്ന സ്ഥിതിയുണ്ടായി. തീവെട്ടിക്കൊള്ള നടത്തിയിട്ടും അതിനെതിരെ ശബ്ദിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. അതുപോലെ 35 ലക്ഷം പ്രവാസി മലയാളികൾ വിദേശ രാജ്യങ്ങളിലുണ്ട്. എന്നാൽ ക്ഷേമനിധിയിൽ 137000 ആളുകളാണ് ചേർന്നിട്ടുള്ളത്. പ്രവാസികളെ അവഹേളിക്കുന്ന രൂപത്തിലുള്ള ക്ഷേമനിധിയാണത്. മാസം 100 രൂപ വച്ച് 60 വയസ്സ് വരെ അടച്ചാൽ അറുപത് വയസ്സിനുശേഷം 500 രൂപ പെൻഷൻ കിട്ടും. എല്ലാ ക്ഷേമപെൻഷനുകളും ആയിരം രൂപയാക്കി മാറ്റിയപ്പോൾ ഇവർക്ക് 500 രൂപ വീതം പെൻഷൻ കൊടുക്കുമെന്ന് പറയുന്നത് പ്രവാസികളെ അപമാനിക്കാനാണ്. അതുകൊണ്ട് പ്രവാസി പെൻഷൻ 5000 രൂപയായെങ്കിലും വർദ്ധിപ്പിക്കണം.

മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, വളരെ ഗുരുതരമായ പ്രതിസന്ധിയാണ് വടകര താലൂക്കിലുള്ളത്. സി.പി.ഐ.(എം)-ഉം പോലീസും ഒത്തുചേർന്ന് സ്ഫോടനാത്മകമായ അന്തരീക്ഷം അവിടെ സൃഷ്ടിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പ്രവാസി കോൺഗ്രസ്സ് നേതാവായ ശ്രീ. പ്രമോദ് കോട്ടപ്പള്ളി ഒരു ദിവസം രാത്രി വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ സി.പി.ഐ.(എം) പ്രവർത്തകർ കാർ തടഞ്ഞുനിർത്തി അടിച്ച് പരിക്കേൽപ്പിച്ചതിനെത്തുടർന്ന് 15 ദിവസത്തോളം കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അയാൾ ഇപ്പോൾ ഏതാണ്ട് ഒരു മാസത്തിലേറെയായി വീട്ടിൽ വിശ്രമിക്കുകയാണ്. അദ്ദേഹത്തിന് പുറത്തിറങ്ങാനോ എഴുന്നേറ്റ് ദിനചര്യകൾ ചെയ്യാൻപോലും പറ്റാത്ത സാഹചര്യമാണുള്ളത്. പോലീസ് ഇന്നുവരെ കേസ്സെടുത്തിട്ടില്ല. ഈ സംഭവത്തിന്റെ പിറ്റേ ദിവസം അവിടത്തെ യൂത്ത് ലീഗ് സെക്രട്ടറിയും പഞ്ചായത്ത് മെമ്പറുമായ സാലിയുടെ തലയടിച്ച് പൊട്ടിച്ചു; അദ്ദേഹത്തിന് ഒൻപത് സ്റ്റിച്ചുണ്ട്. പോലീസ് പ്രതികളെ പിടിക്കാനോ കേസ്സെടുക്കാനോ തയ്യാറാകുന്നില്ല. പിറ്റേ ദിവസം വീണ്ടും രണ്ട് യൂത്ത് കോൺഗ്രസ്സുകാരെ ബൈക്കിൽ തടഞ്ഞുനിർത്തി ജി.ഐ. പൈപ്പുകൊണ്ട് അടിച്ച് കയ്യും കാലും പൊട്ടിച്ചിരിക്കുകയാണ്. ഇതുകൂടാതെ നാദാപുരത്തും ധാരാളം പ്രശ്നങ്ങളുണ്ട്. പോലീസ് നിഷ്ക്രിയരായി നോക്കി നിൽക്കുകയാണ്. പോലീസ് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. നാദാപുരത്ത് പേര് ചോദിച്ചശേഷം ലീഗുകാർ അടിച്ചുവെന്നാണ് പറയുന്നത്. പേര് ചോദിച്ച് ലീഗുകാർ മാത്രമല്ല അപ്പുറത്തുനിന്ന് സി.പി.ഐ.(എം)-കാരും അടിക്കുന്നുണ്ട്. അവിടെ ഗുരുതരമായ പ്രശ്നങ്ങൾ, വിഭാഗീയ പ്രവർത്തനങ്ങൾ നടക്കുകയാണ്. നാദാപുരം ഗ്രാമപഞ്ചായത്ത് മെമ്പറുടെ മകൻ ശ്രീ. മുഹമ്മദ് നിഹാൽ തങ്ങൾ ബൈക്കിൽ

പോകുമ്പോൾ അദ്ദേഹത്തെ തടഞ്ഞുനിർത്തി സ്ക്രൂഡ്രൈവറിന് മുകളിൽ ഗ്രീസ് പുരട്ടി വയറ്റിൽ കുത്തിയിറക്കിയതിന്റെ ഫലമായി സീരിയസ്സായി കോഴിക്കോട് ആശുപത്രിയിൽ രണ്ടാഴ്ച കിടന്നു. ഇത്രയും മാരകമായി പരിക്കേൽപ്പിച്ചിട്ടും ഒരു പ്രതിയെപ്പോലും ഈ നിമിഷം വരെ പിടിച്ചിട്ടില്ല. അതുപോലെതന്നെ ചിയ്യൂരുള്ള ഷമീർ കളരിക്കണ്ടിയിലിനെ കുത്തുകയും പതിനാല് തവണ വെട്ടുകയും ചെയ്തു. ആ കേസ്സിലും ഒരു പ്രതിയെപ്പോലും പോലീസ് പിടിച്ചിട്ടില്ല. സർ.സി.പി.-യുടെ കാലത്തെ പോലീസിന്റെ സമീപനമാണ് ഇവിടെ നിലനിൽക്കുന്നത്. ഒരു പ്രത്യേക വിഭാഗത്തോട് വളരെ ക്രൂരമായ നിലപാട് സ്വീകരിക്കുകയാണ്. അതുകൊണ്ട് പോലീസിനെതിരെ അതിശക്തമായ നിലപാടുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ആത്മാർത്ഥ സുഹൃത്തുക്കളായ രണ്ട് കുട്ടികൾ പരസ്പരം കണ്ടുമുട്ടി. അതിലൊരാൾക്ക് രണ്ട് ആപ്പിൾ കിട്ടി. അതിലൊന്ന്, കിട്ടിയ ആൾ തന്നെ കടിച്ചപ്പോൾ മറ്റേ ആപ്പിൾ തനിക്ക് കിട്ടുമെന്ന് മറ്റേയാൾ കരുതി. പക്ഷേ അവൻ വീണ്ടും രണ്ടാമത്തെ ആപ്പിൾ കടിക്കുകയാണ് ചെയ്തത്. അപ്പോൾ രണ്ടാമൻ വിചാരിച്ചു തനിക്കത് തരാൻ പോകുന്നില്ലായെന്ന്. പക്ഷെ, രണ്ട് ആപ്പിളും കടിച്ചവൻ, സുഹൃത്തിന് ഒരു ആപ്പിൾ കൊടുത്തിട്ട് പറഞ്ഞു, ഇതാണ് ഏറ്റവും മധുരമുള്ള ആപ്പിൾ, അത് നിനക്ക് ഇരിക്കട്ടേയെന്ന്. അതാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചെയ്യുന്നത്. പാവപ്പെട്ട ജനങ്ങൾക്ക് നന്മ ചെയ്യുന്ന ക്ഷേമ പ്രവർത്തനങ്ങളാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

'കാണം വിറ്റും ഓണം ഉണ്ണണം' എന്നാണ് ചൊല്ല്. ഈ വർഷം കാണം വിൽക്കാതെ എല്ലാവർക്കും ഓണം ഉണ്ണാനാവശ്യമായ നടപടിയുണ്ടായി. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്‌ലെറ്റുകൾ വഴി ന്യായവിലയ്ക്ക് പലവ്യഞ്ജനങ്ങളും ഹോർട്ടികോർപ്പ്, കൃഷി വകുപ്പ് എന്നിവ വഴി കുറഞ്ഞ വിലയ്ക്ക് ജൈവപച്ചക്കറിയും വിഷരഹിത പച്ചക്കറികളും ഓണക്കാലത്ത് വിതരണം ചെയ്തു. പക്ഷേ മാർക്കറ്റിൽ ഇതെല്ലാമുണ്ടെങ്കിലും ജനങ്ങൾക്ക് അവ വാങ്ങാനുള്ള ശേഷിയില്ല. കഴിഞ്ഞ അഞ്ചുവർഷമായി കേരള ജനതയുടെ ക്രയശേഷി തകർത്തെറിഞ്ഞുകൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുത്ത സർക്കാർ മുന്നോട്ടുപോയിരുന്നത്. മാർക്കറ്റിൽ സാധനങ്ങളുണ്ടെങ്കിലും വാങ്ങാൻ പണമില്ല. അവന്റെ മടിശ്ശീല കാലിയായിരുന്നു. പക്ഷേ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സാധനങ്ങൾ വാങ്ങാനുള്ള കാശ് കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ്

ചെയ്തത്. മാസങ്ങളായി മുടങ്ങിക്കിടന്നിരുന്ന എല്ലാ ക്ഷേമപെൻഷനുകളും ആയിരം രൂപയായി വർദ്ധിപ്പിക്കുകയും ആ പണം അവന്റെ മടിശ്ശീലയിലേയ്ക്ക് എത്തിച്ചുകൊടുത്ത് കാണം വിൽക്കാതെ തന്നെ ഓണം സമൃദ്ധമായി ഉണ്ണാനാവശ്യമായ സൗകര്യം ഒരുക്കിക്കൊടുത്തവരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. പതിനായിരവും ഇരുപതിനായിരവും മുപ്പതിനായിരവും രൂപയാണ് ഓരോ വീടുകളിലേയ്ക്കും ക്ഷേമപെൻഷൻ ഇനത്തിൽ വന്നുകൊണ്ടിരുന്നത്. ആ പണം കൊണ്ട് പലവ്യഞ്ജനങ്ങളും പച്ചക്കറികളുമെല്ലാം വാങ്ങിയിട്ടും മടിശ്ശീലയിൽ പണം ബാക്കികിടക്കുന്നതായിരുന്നു ഇത്തവണത്തെ ഓണം. വിലക്കയറ്റത്തിൽനിന്ന് കേരള ജനതയെ രക്ഷിക്കാനുള്ള ക്രിയാത്മകമായ നടപടികളാണ് ഇടതുപക്ഷ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിനെ അട്ടിമറിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്.

ഭക്ഷ്യസുരക്ഷാ നിയമവുമായി ബന്ധപ്പെട്ട് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അനങ്ങാപ്പാറ നയം സ്വീകരിച്ചതിന്റെ ഫലമായി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പതിനായിരക്കണക്കിനാളുകൾ ആ നിയമത്തിന്റെ പരിധിയിൽ നിന്ന് പുറത്തുപോകുന്ന വളരെ ലജ്ജാകരമായ അവസ്ഥയാണ് കാണാൻ കഴിഞ്ഞത്. കേരളത്തിലെ ഔപചാരിക റേഷൻ സമ്പ്രദായം കേന്ദ്ര സർക്കാരിന്റെ ഔദാര്യം കൊണ്ട് നേടിയതല്ല, അത് നമ്മൾ പിടിച്ചുവാങ്ങിയതാണ്. 1965-ൽ പാവങ്ങളുടെ പടത്തലവനായ സഖാവ് എ.കെ.ജി.-യുടെ നേതൃത്വത്തിൽ പാർലമെന്റിനകത്തും പുറത്തും നടന്ന ഐതിഹാസിക സമരങ്ങളുടെ ഭാഗമായാണ് കേന്ദ്ര ഖജനാവിലേയ്ക്ക് കോടിക്കണക്കിന് വിദേശനാണ്യം നേടിക്കൊടുക്കുന്ന, നാണ്യവിളകൾ ഉത്പാദിപ്പിക്കുന്ന കേരളത്തിലെ ജനങ്ങൾ പട്ടിണിമൂലം മരിക്കാതിരിക്കാനുള്ള റേഷൻ സംവിധാനം കേരളത്തിൽ നടപ്പിലാക്കിയത്. അതിനെ അട്ടിമറിക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ ഇപ്പോൾ സ്വീകരിക്കുന്നത്. ഈ സാഹചര്യത്തിൽ വിലക്കയറ്റം പിടിച്ചു നിർത്താനാവശ്യമായ പരിശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

റോമിലെ കലിഗുള ചക്രവർത്തിയുടെ ഭരണം പോലെയായിരുന്നു യു.ഡി.എഫ്.-ന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണം. ആഡംബര ജീവിതമാണ് ആ ചക്രവർത്തി നയിച്ചിരുന്നത്. അന്നും സരിതമാരുണ്ടായിരുന്നോ എന്നെനിക്ക് പറയാൻ കഴിയില്ല. അത്തരം സർപ്പ സുന്ദരികൾ അന്നും ഉണ്ടാകാനുള്ള സാദ്ധ്യതകളൊക്കെയുണ്ടെന്നാണ് ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. അവിടത്തെ ജീവിതം ദുരിതപൂർണ്ണമായപ്പോൾ പ്രജകൾ ചക്രവർത്തിയെ കണ്ട് നിവേദനം സമർപ്പിക്കാൻ പോയി. പ്രജകളുടെ നിവേദനം കേൾക്കാൻ അദ്ദേഹം തന്റെ കുതിരകളെയാണ് ഏർപ്പാട് ചെയ്തത്. കുതിരയ്ക്ക്

കൊടുക്കുന്ന നിവേദനത്തിന്റെ ഗതിയെന്താണെന്ന് പറയേണ്ട ആവശ്യമില്ല. യു.ഡി.എഫ്.-ന്റെ കഴിഞ്ഞ അഞ്ച് വർഷവും കലിഗുളയുടെ കുതിരയുടെ അവസ്ഥയിലായിരുന്നു ഭരണം. ഇവിടെ കുതിരയ്ക്കുപകരം മുഖ്യമന്ത്രിയുടെ പാദസേവ ചെയ്യുന്നവർക്കായിരുന്നു ക്ഷേമം. അതാണ് കഴിഞ്ഞ അഞ്ച് വർഷം കേരളത്തിലുണ്ടായിരുന്ന ജനസമ്പർക്കം. പാവപ്പെട്ട, സാധാരണക്കാരായ മനുഷ്യരെയും കയ്യും കാലുമില്ലാത്തവരെയും കണ്ണ് കാണാത്തവരെയും ശരീരം തളർന്നവരെയുമെല്ലാം തൃശ്ശൂരിലെ തേക്കിൻകാട് മൈതാനിയിൽ കാലത്തുമുതൽ വൈകുന്നേരം വരെ വെയിലത്ത് സ്റ്റുക്ചറുകളിൽ കൊണ്ടുനിർത്തിയിട്ട് അവർക്കൊരു ആനുകൂല്യവും കൊടുത്തില്ല. അന്ന് കൊടുത്ത രസീതുകളുമായി ഇപ്പോൾ അവർ പരാതിപ്പെടുകയാണ്. ആനുകൂല്യ പ്രഖ്യാപനങ്ങളല്ലാതെ പാവപ്പെട്ട ആളുകൾക്ക് യാതൊന്നും ചെയ്യാതെ അവരെ ജില്ലാ കേന്ദ്രങ്ങളിൽ വെയിലത്തിട്ട് വറുക്കുന്ന നടപടിയാണ് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ചെയ്തത്. തന്റെ പാദം തൊട്ട് വന്ദിക്കുന്നവർ ആരോ അവർക്കൊക്കെ ഗുണം കിട്ടിയിട്ടുള്ളത് നമ്മൾ കണ്ടതാണ്. ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത ഭൂരിപക്ഷം ആളുകൾക്കും നീതി കിട്ടുന്ന സ്ഥിതിയുണ്ടായിരുന്നില്ല. എന്നാൽ സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഈ സർക്കാർ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതം ഭദ്രമാക്കാനാവശ്യമായ നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്.

കഴിഞ്ഞ ഭരണ കാലഘട്ടത്തിലെ അഴിമതിയെക്കുറിച്ച് നമുക്കറിയാം. മുൻ മുഖ്യമന്ത്രി എപ്പോഴും ക്ഷീണിതനാണ്. ചെമ്മീനിലെ പരീക്കുട്ടിയെപ്പോലെ മുടിപോലും ചീകിവയ്ക്കാൻ കഴിയാത്ത തരത്തിൽ വിഷമകരമായ അവസ്ഥയിലായിരുന്നു അന്ന് അദ്ദേഹത്തെ കണ്ടിരുന്നത്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയാണെങ്കിൽ ഉറക്കച്ചടവൊന്നുമില്ലാതെ വളരെ ഉന്മേഷവാനായിട്ടാണ് കണ്ടിരുന്നത്. ആ ഭരണത്തിൽ യു.ഡി.എഫ്. കട്ടുംവെട്ടാണ് നടത്തിയിരുന്നത്. വികസനവും കരുതലുമെന്നത് തന്റെയും തന്റെ പിന്തുടർച്ചക്കാരായ കുടുംബക്കാരുടെയും ജീവിതം ഭദ്രമാക്കാനാവശ്യമായ കരുതലാക്കി മാറ്റിക്കൊണ്ട് കോടികൾ സമ്പാദിച്ചുവയ്ക്കുന്ന അവസ്ഥയാണുണ്ടായത്. അങ്ങനെ പണം കിട്ടുമ്പോൾ നോട്ടെണ്ണാൻ യന്ത്രം വേണ്ടിവരും. പക്ഷേ മുഖ്യമന്ത്രിയുടെ വീട്ടിൽ അതില്ലാത്തതുകൊണ്ട് വെളുക്കുന്നതുവരെ എണ്ണി തിട്ടപ്പെടുത്തുകയായിരുന്നു. ശ്രീ. കെ. എം. മാണിയുടെ വീട്ടിൽ യന്ത്രം വച്ച് എണ്ണുന്നതായതുകൊണ്ട് അദ്ദേഹത്തിന് യാതൊരു ഉറക്കച്ചടവും ഉണ്ടായിട്ടില്ല. ഇത്തരമൊരു ആരോപണം വന്നപ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി മാനനഷ്ടകേസ് കൊടുക്കുന്ന സ്ഥിതിയുണ്ടായി. പത്ത് കോടി രൂപയ്ക്കാണ് മാനനഷ്ടകേസ് കൊടുത്തത്. പിന്നീടത് 20 ലക്ഷം രൂപയായി ചുരുങ്ങുന്ന

കാഴ്ചയാണ് കണ്ടത്. നിരവധി ബഡ്ജറ്റുകൾ അവതരിപ്പിച്ച ശ്രീ. കെ. എം. മാണിയുടെ മാനത്തിന്റെ വില ഇങ്ങനെ ഇല്ലാതാക്കേണ്ട ആവശ്യമുണ്ടോയെന്ന് ഞാൻ സംശയിച്ച് പോകുകയാണ്.

യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിന്റെ അവസ്ഥ വളരെ അപകടകരമായ നിലയിലായിരുന്നു. ഞങ്ങളുടെ നാട്ടിലെ പള്ളിപ്പെരുന്നാളിന് ബാൻഡ് വായനക്കാരുടെ കയ്യിലെ ക്ലാർനെറ്റിന്റെ ഓട്ട അടയ്ക്കുകയും തുറക്കുകയും ചെയ്യും. അപ്പോൾ ഒരു കാരണവർ ബാൻഡ് വായനക്കാരോട് ചോദിച്ചു, ഇങ്ങനെ ചെയ്യാനാണെങ്കിൽ പിന്നെ എന്തിനാണ് ഇത് തുളച്ചതെന്ന്. അതുപോലെയാണ് ഇവിടെയും സംഭവിച്ചത്. പാർലമെന്റ് തെരഞ്ഞെടുപ്പിന് മുന്നോടിയായി ബാർ പൂട്ടിയത് ബാർ തുറക്കാനാണ്. ബാർ തുറപ്പുമായി ബന്ധപ്പെട്ട കോലാഹലങ്ങളാണ് ഇപ്പോൾ കണ്ടത്. ഇപ്പോൾ വിജിലൻസ് അന്വേഷണമാണ്. പോലീസ് മൂന്നര മണിക്കൂർ ചോദ്യം ചെയ്തു. ചോദ്യങ്ങൾക്കുമുമ്പിൽ ഉത്തരം മുട്ടിനിൽക്കുന്ന മുൻമന്ത്രി ശ്രീ. കെ. ബാബുവിനെയാണ് നമ്മൾ കാണുന്നതെന്നാണ് പത്രമാധ്യമങ്ങൾ പറയുന്നത്. തെളിവുകൾ കണ്ടപ്പോൾ തൊണ്ട വരണ്ട് എട്ട് തവണ വെള്ളം കുടിച്ചു എന്നാണ് സൂചിപ്പിക്കുന്നത്. എക്സൈസ് വകുപ്പും അഴിമതിയുടെ കൂത്തരങ്ങായി മാറുന്ന സ്ഥിതിവിശേഷമാണ് ആ കാലഘട്ടത്തിലുണ്ടായത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. എക്സൈസ് വകുപ്പിന്റെ മികവുറ്റ പ്രവർത്തനങ്ങൾക്ക് പൊതു സമൂഹത്തിൽനിന്ന് നല്ല മാന്യത കിട്ടുന്നുണ്ട്. ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിൽ നാളിതുവരെ ലഭിക്കാത്ത അംഗീകാരവും പ്രശംസയുമാണ് എക്സൈസ് വകുപ്പിന് കിട്ടിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തി. വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയാനും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കാനുമുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. അങ്ങനെ സമസ്ത മേഖലകളിലും ഗുണകരമായ നിലപാടുകളുമായി സർക്കാർ മുന്നോട്ടുപോകുന്ന സ്ഥിതിവിശേഷമാണ് കാണാൻ കഴിയുന്നത്.

തൊഴിൽ മേഖലയിൽ ലേബർ കമ്മീഷന്റെ ഓട്ടോമേഷൻ സിസ്റ്റം വഴി രജിസ്ട്രേഷൻ, ലൈസൻസ് നൽകൽ/പുതുക്കൽ തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖാന്തിരം ലഭ്യമാക്കാനാവശ്യമായ നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വിവര ശേഖരണം നടത്തുന്നതിനും രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ

ഉറപ്പാക്കുന്നതിനുമായി ഇൻഷ്വറൻസ് പദ്ധതി (ആവാസ്) നടപ്പാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ശരണ്യ, നിയുക്തി എന്നീ പദ്ധതികളും സ്വാഗതാർഹമാണ്.

കിഫ്ബിയുടെ സഹായത്തോടെ 50 കോടി രൂപ ചെലവിൽ സംസ്ഥാനത്തെ പത്ത് ഐ.ടി.ഐ.-കളെ ലോകോത്തര നിലവാരത്തിൽ ഉയർത്താനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇത് വളരെ ശ്രദ്ധയർഹിക്കുന്ന പ്രവർത്തനമാണെന്ന് കാണാൻ കഴിയും. എൽ.ഡി.എഫ്. സർക്കാർ സമസ്ത മേഖലകളിലും ജനക്ഷേമം ലക്ഷ്യം വച്ചുകൊണ്ട് മുന്നേറുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ 14 വാർഡുകളിൽ എൽ.ഡി.എഫ്. 10 സീറ്റ് നേടുകയും നാല് വാർഡുകൾ എൽ.ഡി.എഫ്. പിടിച്ചെടുക്കുന്ന കാഴ്ചയും കാണാൻ കഴിഞ്ഞു. കേരളത്തിലെ സാധാരണ ജനങ്ങളുടെ താല്പര്യങ്ങൾ പരിരക്ഷിച്ചുകൊണ്ടും പ്രമാണിമാരുടെയും മാഫിയകളുടെയും ഉറക്കം കെടുത്തിക്കൊണ്ടും എൽ.ഡി.എഫ്. സർക്കാർ ജൈത്രയാത്ര തുടരുകയാണ്. യു.ഡി.എഫ്. ഇപ്പോൾ അങ്കലാപ്പിലാണ്. യു.ഡി.എഫ്.-ൽ നിന്നും ശ്രീ. കെ. എം. മാണി പുറത്തുപോയി. ഉപ്പ് വച്ച കലം പോലെയാണ് ഇപ്പോഴത്തെ കോൺഗ്രസ്സിന്റെ അവസ്ഥ.

എല്ലാ മേഖലകളിലും ജനങ്ങൾക്ക് ഗുണകരമായ നടപടികളെടുത്തുകൊണ്ടും ജനങ്ങളുടെ പിന്തുണയും പിൻബലവും നേടിക്കൊണ്ടും സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാരിന്റെ ജൈത്രയാത്ര തുടരുമ്പോൾ ആ ഉദിച്ചുയരുന്ന സൂര്യ തേജസിനെ പഴമുറം കൊണ്ട് തടുക്കാമെന്ന് ആരെങ്കിലും വിചാരിച്ചാൽ അതിന് സാധിക്കില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഭക്ഷ്യ സുരക്ഷാ നിയമവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങളാണ്. കഴിഞ്ഞ സർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് കേരളത്തിലെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടിയ ഒരു കാലഘട്ടമുണ്ടായിരുന്നു. ചോദ്യോത്തരവേളയിൽ ജയിൽ, ആശുപത്രി തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇവിടെ സ്കൂൾ കുട്ടികളുടെ ഉച്ചക്കഞ്ഞി മുടങ്ങുമോ എന്നുള്ള ആശങ്ക നിലനിൽക്കുകയാണ്. സ്കൂൾ കുട്ടികളുടെ ഉച്ചക്കഞ്ഞിയിലടക്കം പാറ്റ വീഴുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. മുൻ യു.ഡി.എഫ്. സർക്കാർ കേന്ദ്രത്തിന് സഹായകരമായ നിലപാടെടുത്തതുകൊണ്ടാണ് ഇത്തരമൊരു സാഹചര്യമുണ്ടായതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രധാനപ്പെട്ട വിഷയങ്ങളിന്മേലുള്ള ധനാഭ്യർത്ഥനകളാണ് ഇവിടെ നടക്കുന്നത്. ഈ സർക്കാർ അധികാരമേറ്റിട്ട് ആറ് മാസം ആകുന്നതേയുള്ളൂ. അഴിമതിയെക്കുറിച്ചും സ്വജനപക്ഷ പാതത്തെക്കുറിച്ചും പറയുമ്പോൾ ആറ് മാസമായ ഒരു സർക്കാരിന്റെ സ്ഥിതികൂടി വിലയിരുത്തേണ്ടതാണ്. ശ്രീ. കെ. എം. മാണി എന്നാവർത്തിച്ച് പറഞ്ഞ് രാഷ്ട്രീയപ്രേരിതമായ നിലപാടുകൾ സ്വീകരിക്കുന്നതിനുവേണ്ടി സമയം ചെലവഴിക്കുന്നത് ശരിയല്ല. ഇവിടെ ചില കേസുകളെ സംബന്ധിച്ച് അന്വേഷണം നടന്നു. വിജിലൻസ് നടത്തിയ അന്വേഷണവും അതിന്മേലുള്ള നടപടികളെക്കുറിച്ചുമൊക്കെ നാളിതുവരെ ഒരു തെളിവും കണ്ടെത്താനായില്ല. വീണ്ടും അന്വേഷണം നടക്കുകയാണ്. അതെല്ലാം ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അത്തരത്തിലുള്ള അന്വേഷണങ്ങൾ നടത്തുകയോ കണ്ടെത്തുകയോ ചെയ്യാനുള്ള ധാർമ്മിക ചുമതലയുള്ള സർക്കാർ ആ നടപടികളെല്ലാം പൂർത്തിയാക്കട്ടെ. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല.

1.00 PM]

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റതിനുശേഷം നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങളിൽ പലതും ആവേശം ജനിപ്പിക്കുന്നതായിരുന്നു. എന്നാൽ അതിൽ പലതും പ്രഖ്യാപനങ്ങളായി മാത്രം നിലകൊള്ളുന്നതിൽ സങ്കടമുണ്ട്. മുഖ്യമന്ത്രിയുടെ അധികാരപരിധിയിൽ വരുന്നതാണ് നോർക്ക. എന്നാൽ പ്രവാസികളോടുള്ള ഈ സർക്കാരിന്റെ സമീപനമെന്താണ്? വിദേശരാജ്യങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്തേയ്ക്ക് മടങ്ങിയെത്തുന്നവർക്കുവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയതാണ് Norka Department Project for Returned Emigrants എന്ന പദ്ധതി. പ്രവാസികളുടെ പുനരധിവാസത്തെക്കുറിച്ചും ക്ഷേമപ്രവർത്തന ങ്ങളെക്കുറിച്ചും ധനകാര്യവകുപ്പുമന്ത്രി വാചാലനാകുന്നതുകൊണ്ട് ചോദിക്കുകയാണ്, യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഈ പദ്ധതിയെ ശക്തിപ്പെടുത്തുന്നതിനു തകുന്ന എന്ത് സാമ്പത്തിക പിന്തുണയാണ് ഈ ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുള്ളത്? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാങ്കുകൾക്ക് back end subsidy മുൻകൂറായി അടച്ചില്ലെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത് മുൻകൂറായി അടയ്ക്കാൻ കഴിഞ്ഞോയെന്ന് വ്യക്തമാക്കേണ്ടതല്ലേ? ഗൾഫിൽനിന്ന് തിരികെ വരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് 12 കോടി രൂപയാണ് മുൻ ബഡ്ജറ്റിൽ

വകയിരുത്തിയിരുന്നത്. പുതുക്കിയ ബഡ്ജറ്റിൽ അത് 24 കോടി രൂപയായി ഉയർത്തുന്നുവെന്ന് ധനകാര്യമന്ത്രി പറഞ്ഞപ്പോൾ സന്തോഷത്തോടുകൂടിയാണ് ആ പ്രഖ്യാപനത്തെ സ്വീകരിച്ചത്. എന്നാൽ നക്ഷത്രചിഹ്നമിടാത്ത 1302-ാം നമ്പർ ചോദ്യത്തിന് മുഖ്യമന്ത്രി നല്കിയ മറുപടിയിൽ, ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ച 24 കോടി രൂപയിൽ 12 കോടി രൂപയെക്കുറിച്ച് പറയുന്നില്ല. നടപ്പു സാമ്പത്തികവർഷം പദ്ധതി നടത്തിപ്പിനായി 12 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നാണ് പറഞ്ഞിട്ടുള്ളത്. ബഡ്ജറ്റ് പ്രഖ്യാപനത്തിൽ വരുന്ന കാര്യങ്ങളുടെ ഉത്തരവാദിത്തം സർക്കാരിനില്ലേ? 12 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതിനുള്ള നിർദ്ദേശം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചതായാണ് മുഖ്യമന്ത്രിയുടെ മറുപടിയിൽ പറയുന്നത്. ഇക്കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാകേണ്ടതല്ലേ? പ്രവാസികളുടെ ക്ഷേമകാര്യത്തിൽ സർക്കാരിന് ഗൗരവതരമായ സമീപനമുണ്ടാകണം. പ്രധാന ഗൾഫ് രാജ്യങ്ങളിലുള്ള കേരളീയരുടെ കണക്ക് Department of Economics & Social Affairs-ഉം Centre for Development Studies-ഉം പുറത്തുവിടുകയുണ്ടായി. അതുപ്രകാരം ഏറ്റവും കൂടുതൽ കേരളീയർ ജോലി ചെയ്യുന്നത് UAE-യിലാണ്. കേരളത്തിന്റെ പൊതുഖജനാവിനെ താങ്ങിനിർത്താൻ വിദേശമലയാളികൾ വഹിച്ച പങ്ക് വിസ്മരിക്കരുത്. നമ്മൾ വിഭാവന ചെയ്യുന്ന പദ്ധതികൾ ഗൾഫ് മലയാളികളുടെ പ്രതിസന്ധികളെ മറികടക്കാൻ സാധിക്കുന്ന തരത്തിലായിരിക്കണം. പുനരധിവാസം ആവശ്യമില്ലാത്തവർക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ പാർക്കുകളുടെയും മറ്റു നിക്ഷേപ സൗകര്യങ്ങളുടെയും സാദ്ധ്യത പ്രയോജനപ്പെടുത്താമെന്നും വരും വർഷങ്ങളിൽ ഈ നയം ബലപ്പെടുത്തുമെന്നുമാണ് ബഡ്ജറ്റിൽ പറഞ്ഞത്. അത് പ്രത്യാശയോടുകൂടി നടപ്പിലാക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

മറ്റൊന്ന്, കഴിഞ്ഞ സർക്കാരിന്റെ മദ്യനയത്തിന് വിരുദ്ധമായ നിലപാടല്ലേ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്? നിലവിലുള്ള മദ്യനയത്തിൽനിന്ന് പിന്നോക്കം പോകുന്നത് ജനങ്ങൾ ആശങ്കയോടെയാണ് കാണുന്നത്. മദ്യവർജ്ജന ബോധവൽക്കരണത്തിന് ഊന്നൽ കൊടുക്കുമെന്ന് പറഞ്ഞ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിനുവേണ്ടി എന്തു ചെയ്യാൻ കഴിഞ്ഞു? ബോധവൽക്കരണം വെറും പ്രഹസനമായി മാറരുത്. കഴിഞ്ഞ സർക്കാർ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുമെന്നു പറഞ്ഞ് ബോധവൽക്കരണവുമായി മുന്നോട്ടുവന്നു. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനാവശ്യമായ യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. ഇന്ന് ഔട്ട്ലെറ്റുകൾ തുറക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ ഒരു സമീപനമുണ്ടാകണം.

കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരിലുണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിച്ചില്ലെങ്കിൽ വലിയ പ്രക്ഷോഭങ്ങൾ നേരിടേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് സഭയിൽ ഒരു ചോദ്യത്തിന് മറുപടിയായി ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു; അക്കാര്യത്തിൽ മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. അത്തരം സെന്ററുകൾ നല്ല നിലയിൽ നടത്താൻ സാധിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇന്ന് ലഹരി മരുന്നുകൾക്ക് അടിമകളാകുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടിവരികയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്ന ആശങ്കാജനകമായ സാഹചര്യം ഇപ്പോൾ ഉയർന്നു വന്നിരിക്കുകയാണ്. മയക്കുമരുന്ന് വിൽക്കുന്നവരെ പിടിച്ചാൽ വളരെ പെട്ടെന്നുതന്നെ അവർ രക്ഷപ്പെടുകയാണ്. കാരണം, ഇക്കാര്യത്തിൽ വളരെ ദുർബലമായ ഒരു നിയമമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. മയക്കുമരുന്ന് വിൽക്കുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കാൻ കഴിയുന്ന വിധത്തിലുള്ള നിയമ ഭേദഗതിക്ക് സർക്കാർ തയ്യാറാകേണ്ടതല്ലേ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ആവശ്യമായ ഒരു കാര്യമാണിത്. ഇന്ന് പുതുതലമുറയെ വഴിതെറ്റിക്കുന്ന മയക്കുമരുന്ന് മാഫിയയുടെ പ്രവർത്തനം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതിനാൽ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കേണ്ടത് അത്യാവശ്യമാണ്. എക്സൈസ് വകുപ്പിൽ 60 വർഷം മുമ്പുള്ള സ്റ്റാഫ് പാറ്റേണാണുള്ളത്. പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്നത്ര മുന്നോട്ടുപോകാൻ ശ്രമിക്കുമ്പോഴും ഇത്തരം നിയമം മാറ്റേണ്ട കാലം കഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്താകെയുള്ള എക്സൈസ് ജീവനക്കാരുടെ എണ്ണം 4800 ആണ്. ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ റേഞ്ച് ഓഫീസുകൾ പുതിയതായി തുടങ്ങേണ്ടതുണ്ട്. രാജാക്കാടും ഉടുമ്പന്നൂരും പുതിയ റേഞ്ച് ഓഫീസുകൾക്കുള്ള പ്രൊപ്പോസലുകളുണ്ടെങ്കിലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ആയുധധാരികളായ മാഫിയകളോട് പോരാടാൻ പര്യാപ്തമായ ആയുധങ്ങൾ സേനയ്ക്ക് നൽകുകയും കാലപ്പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ ലഭ്യമാക്കുകയും ചെയ്തുകൊണ്ട് എക്സൈസ് വകുപ്പിനെ നവീകരിക്കേണ്ടതുണ്ട്.

എ.പി.എൽ/ബി.പി.എൽ. ലിസ്റ്റിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് പറഞ്ഞു. ഒക്ടോബർ 31 വരെയാണ് അപേക്ഷ സ്വീകരിക്കുന്നത്. അതിനുശേഷം പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി 15 ദിവസത്തിനകം പോരായ്മകൾ പരിഹരിച്ചു നൽകണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. ഇത്രയും പരിമിതമായ

ദിവസത്തിനുള്ളിൽ പോരായ്മകൾ പരിഹരിച്ചുകൊടുക്കാനുള്ള സാദ്ധ്യത വിരളമായതുകൊണ്ട് അന്തിമ ലിസ്റ്റിൽ അർഹതപ്പെട്ടവരെ പൂർണ്ണമായും ഉൾപ്പെടുത്തിയെന്ന് ഉറപ്പുവരുത്താൻ സാധിക്കണം. ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തെ സംബന്ധിച്ച് ഞാൻ പരാമർശിക്കുന്നില്ല. ആരുടെ കാലഘട്ടത്തിലുണ്ടായി എന്നുള്ളതല്ല പ്രശ്നം. അതുമായി ബന്ധപ്പെട്ടുള്ള അപാകതയ്ക്ക് എല്ലാ കക്ഷികൾക്കും ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് സർക്കാരിന്റെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷി നിവേദകസംഘം ഇത്തരം അപാകതകൾ കേന്ദ്ര സർക്കാരിനെ അറിയിച്ച്, കേരളത്തിന്റെ ബുദ്ധിമുട്ടുകൾ ബോധ്യപ്പെടുത്തി ഈ വിഷയത്തിൽ വേണ്ട ഇടപെടലുകൾ നടത്തണം.

റേഷൻ കടകൾ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇന്ന് റേഷൻ കടകളുടെ സ്ഥിതിയെന്താണ്? മണ്ണെണ്ണയുടെ അളവ് വെട്ടിക്കുറച്ചിരിക്കുന്നു. ഇന്ന് All Kerala Ration Dealers' Association-ന്റെ സമരം നടക്കുകയാണ്. ഭക്ഷ്യസുരക്ഷാ നിയമം വരുമ്പോൾ നിലവിലുള്ള പൊതുവിതരണ ശൃംഖലയിലുള്ള ജോലിക്കാർക്കും മറ്റ് ജീവനക്കാർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന ആവശ്യം അവർ ഉന്നയിച്ചിട്ടുണ്ട്. അതുപോലെ എ.പി.എൽ. വിഭാഗങ്ങൾക്കുള്ള അരിവിഹിതം വെട്ടിക്കുറച്ചതിനോടൊപ്പം ബി.പി.എൽ. വിഭാഗത്തിന് സൗജന്യമായി കിട്ടിക്കൊണ്ടിരുന്ന അരിയുടെ അളവിൽ വ്യത്യാസം വന്നിരിക്കുന്നതും പരിഹരിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കാനും അരി വിലയിലുണ്ടായിരിക്കുന്ന വർദ്ധനവ് പരിഹരിക്കാനും സാധിക്കത്തക്കവിധത്തിലുള്ള അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണം. കേരളത്തിന്റെ പൊതുതാല്പര്യമനുസരിച്ച് പ്രസ്തുത വകുപ്പുകളിന്മേൽ അനുയോജ്യമായ തീരുമാനം കൈക്കൊള്ളാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. അദ്ധ്വാനത്തിന്റെ ഉടമകളായ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുകയെന്ന വർഗ്ഗപരമായ കാഴ്ചപ്പാടിലൂടെയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. കഴിഞ്ഞ നാലുമാസക്കാലമായി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ നേതൃത്വത്തിൽ കൊണ്ടുവന്ന തൊഴിൽനയത്തിന്റെ ഫലമായി സമാധാനവും ശാന്തിയും തൊഴിൽ മേഖലയിലുണ്ടായിരിക്കുകയാണ്. ഇതിൽനിന്ന് വ്യത്യസ്തമായ ഒരു നയമാണ് കേന്ദ്ര സർക്കാരിനുള്ളത്. തൊഴിലാളികളുടെ താല്പര്യങ്ങൾക്കെതിരായി നിരവധി പോരാട്ടങ്ങളിലൂടെ നേടിയെടുത്ത എല്ലാ നിയമങ്ങളെയും കാറ്റിൽപ്പറത്തി അവ ഭേദഗതി ചെയ്തുകൊണ്ട് ബഹുരാഷ്ട്ര കുത്തകകൾക്ക് അടിയറവച്ച നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. വ്യവസായവൽകൃത നിയമവും ട്രേഡ് യൂണിയൻ നിയമവും ഫാക്ടറീസ് ആക്ടുമെല്ലാം ഭേദഗതി ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരികയാണ്.

രാജ്യസഭയിൽ ഭൂരിപക്ഷമില്ലാത്തതുകൊണ്ടാണ് ആ നിയമം അവർക്ക് നടപ്പാക്കാൻ സാധിക്കാത്തത്. അതിൽനിന്നും വ്യത്യസ്തമായി തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽരംഗത്ത് സമാധാനം കൈവരിക്കുന്നതിനുംവേണ്ടി ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനൊരു പ്രത്യക്ഷ ഉദാഹരണമാണ് ഇക്കഴിഞ്ഞ ഓണക്കാലത്ത് ബോണസിനായി സമരങ്ങളും പ്രക്ഷോഭങ്ങളും കൂലിത്തർക്കങ്ങളും ഉണ്ടായില്ലെന്നുള്ളത്. ബോണസിനും കൂലി വർദ്ധനവിനുംവേണ്ടി സമരങ്ങൾ നടന്നപ്പോൾ അതെല്ലാം ചർച്ചകളിലൂടെ പരിഹരിച്ച് തൊഴിലാളികൾക്കാവശ്യമായ വേതനവും ബോണസും നൽകുന്നതിനുള്ള ശ്ലാഘനീയമായ പ്രവർത്തനമാണ് ഈ സർക്കാർ നടത്തിയത്. അതുപോലെ 600 രൂപയായിരുന്ന ബോണസ് 1,000 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിക്കുന്നതിനും അത് വീടുകളിൽ എത്തിച്ചുകൊടുത്ത് ജനങ്ങൾക്ക് ആശ്വാസവും സമാധാനവും പകരുന്ന ഒരു ഓണം പ്രദാനം ചെയ്യുന്നതിനും സർക്കാരിന് കഴിഞ്ഞു. വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ആവാസ് സമഗ്ര ഇൻഷ്വറൻസ് പദ്ധതി, ജില്ലാ കേന്ദ്രങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ, ശരണ്യ പദ്ധതി പ്രകാരം 10 കോടി രൂപയുടെ വിതരണം, ജോബ് ക്ലബ്ബുകൾക്ക് 45 ലക്ഷം രൂപയും ചെറുകിട സംരംഭങ്ങൾക്കായി 44 ലക്ഷം രൂപയുമടക്കം ധാരാളം പ്രവർത്തനങ്ങൾ ഈ നാലര മാസത്തിനകം കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഐ.ടി.ഐ.-കളുടെ സമഗ്ര വികസനത്തിനായി 10 കോടി രൂപ അനുവദിച്ച് ചെങ്ങന്നൂർ അടക്കമുള്ള ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര തൊഴിൽപഠന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ച ഈ സർക്കാരിനെ അഭിനന്ദിക്കുകയാണ്. തൊഴിൽ വകുപ്പിന്റെ നിലവിലുള്ള വെബ് പോർട്ടൽ ഡിജിറ്റൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചായി പരിവർത്തനം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ കില, കെയ്സ് (KASE-Kerala Academy for Skills Excellence) എന്നിവയുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനും അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി കവറേജ് 100 ശതമാനമാക്കി മാറ്റാനും ആവശ്യമായ നടപടി സ്വീകരിക്കണം. അത്തരം നടപടികളിലൂടെ തൊഴിൽ മേഖലയെ സുരക്ഷിതമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. കഴിഞ്ഞ സർക്കാരിന്റെ എക്സൈസ് നയം കേരളത്തിന് അനുയോജ്യമായിരുന്നുവെന്ന ധാരണ വരുത്താൻ പ്രതിപക്ഷാംഗങ്ങൾ പരിശ്രമിച്ചുകൊണ്ടിരുന്നു. കേരളത്തിൽ ഇതുസംബന്ധിച്ച് നിരവധി ചർച്ചകൾ നടന്നു. എ. പി. ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് പ്രതിപക്ഷാംഗങ്ങൾ വായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മദ്യനിരോധനമല്ല, മദ്യവർജ്ജനമാണ് കേരളത്തിനാവശ്യമെന്നാണ് പ്രമുഖ ഗാന്ധിയനായ അദ്ദേഹം പറഞ്ഞത്. പരമ്പരാഗത കള്ളുചെത്ത് വ്യവസായത്തെയും

കേരളത്തിന്റെ പരമ്പരാഗത പാനീയമായ കള്ളിനെയും സംരക്ഷിച്ചുകൊണ്ട് മദ്യമേഖലയിൽ സ്വീകരിക്കേണ്ട നയങ്ങളെ സംബന്ധിച്ച് അദ്ദേഹം പറയുന്നുണ്ട്. ഗാന്ധിയനായ അദ്ദേഹം കള്ളു കുടിക്കുന്നയാളാണ്; മദ്യത്തെ പ്രോൽസാഹിപ്പിക്കുന്നയാളാണെന്ന് പ്രതിപക്ഷത്തിന് പറയാൻ കഴിയുമോ? മദ്യനയത്തെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം അദ്ദേഹം കേരളത്തിന് നൽകുകയുണ്ടായി. വീര്യം കൂടിയ മദ്യത്തിനു പകരം വീര്യം കുറഞ്ഞ മദ്യം ഉപയോഗിക്കുന്നതിന് ആളുകളെ പ്രോൽസാഹിപ്പിക്കുന്ന ഒരു നയമാണ് സ്വീകരിക്കേണ്ടതെന്നാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ സർക്കാർ ചെയ്തതെന്താണ്? കുഞ്ചൻ നമ്പ്യാർ പറഞ്ഞതുപോലെ 'ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം' എന്നതായിരുന്നു കഴിഞ്ഞ സർക്കാരിന്റെ സമീപനം. കേരളത്തിലെ മദ്യ ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞ അഞ്ചുവർഷക്കാലം കൊണ്ട് കഴിഞ്ഞോ? മദ്യത്തിനേക്കാൾ മാരകമായ മയക്കുമരുന്ന് ഉപയോഗമാണ് വർദ്ധിച്ചത്. വൈറ്റ്നർ, നെയിൽ പോളിഷ്, ആന്റിബയോട്ടിക്കുകൾ, സിറപ്പുകൾ തുടങ്ങി ജീവന് ഭീഷണിയാകുന്ന നിരവധി ഉൽപ്പന്നങ്ങൾ മദ്യത്തിന് പകരമായി ഉപയോഗിക്കുന്ന പ്രവണത ഇന്ന് കേരളത്തിൽ വർദ്ധിച്ചു വരികയാണ്. ഇതെല്ലാം വികലമായ മദ്യനയത്തിന്റെ ഫലമായിട്ടുണ്ടായതാണ്. അതുകൊണ്ടാണ് കേരളത്തിൽ മദ്യനിരോധനമല്ല, മദ്യ വർജ്ജനമാണ് പ്രോൽസാഹിപ്പിക്കേണ്ടതെന്ന് പറയുന്നത്. ചങ്ങമ്പുഴ എഴുതിയ ഒരു കവിത ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്.

"വെള്ളം ചേർക്കാതെടുത്തോ-

രമൃതിനു സമമാം നല്ലിളം കള്ള്

ചില്ലിൻ വെള്ള ഗ്ലാസിൽ പകർന്നിട്ടതി

മൃദുതരമാം മത്സ്യമാംസാദി കൂട്ടി

ചെല്ലം തോതിൽ ചെലുത്തി

ചിരികളിതമാശകളൊത്തു മേളിപ്പതെക്കാൾ

സ്വർലോകത്തില്ലതില്ലപരി ഒരു സുഖം

പോക വേദാന്തമേ നീ"

എന്ന് അദ്ദേഹം പറയുകയുണ്ടായി. വീര്യം കൂടിയ മദ്യത്തിന് അടിമപ്പെട്ടാണ് ജോൺ കീറ്റ്സ്, ചങ്ങമ്പുഴ എന്നീ കവികളടക്കമുള്ളവർ ദുരന്തത്തിനിടയായതെന്നത് ഓർമ്മിക്കാതിരിക്കാൻ പറ്റില്ല. വികലമായ മദ്യ നിരോധനത്തിന്റെ ഫലമായി കേരളത്തിലുണ്ടാകുന്ന ദുരന്തത്തെ കണ്ടുകൊണ്ട്

ജനകീയ രീതിയിൽ, ജനങ്ങൾക്ക് ഉപകാരപ്രദവും ശാസ്ത്രീയവുമായ മദ്യനയം സ്വീകരിക്കുമെന്നാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പറഞ്ഞത്. മദ്യവർജ്ജനമാണ് ഈ സർക്കാർ പ്രോൽസാഹിപ്പിക്കുന്നത്. സ്കൂളുകളിൽ മദ്യവർജ്ജനം പാഠ്യവിഷയമാക്കുകയും അതിൽ സ്ത്രീകൾ, കുട്ടികൾ, രക്ഷിതാക്കൾ, യുവതീയുവാക്കൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം. സ്കൂൾ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. കുട്ടികളിലുണ്ടാകുന്ന സ്വഭാവ വ്യതിയാനം, ഹാജർ കുറവ്, അലസത എന്നിവ ശാസ്ത്രീയമായി വിലയിരുത്തണം. സ്കൂളുകളുമായുള്ള ബന്ധം ശക്തമാക്കി, എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകണം. അത്തരത്തിൽ ജനകീയമായ മദ്യനയം കൊണ്ടുവന്നെങ്കിൽ മാത്രമേ മദ്യത്തിന്റെ ഉപഭോഗം കേരളത്തിൽ കുറയ്ക്കാൻ സാധിക്കുകയുള്ളൂ.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച നേരത്തെ നടത്തുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യനയം എന്തായാലും കേരളത്തിൽ 1964 മുതൽ നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം, ബി.പി.എൽ./എ.പി.എൽ. വിഭാഗത്തിലെ അശാസ്ത്രീയത മാറ്റി കേരളത്തിലെ ജനങ്ങൾക്ക് റേഷൻ നിലനിർത്തുന്നതിനുള്ള ധീരമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകണം. കേന്ദ്ര സർക്കാരിന്റെ നയം ബഹുരാഷ്ട്ര കുത്തകകൾക്ക് അനുകൂലമാണ്. പാവപ്പെട്ടവർക്ക് സബ്സിഡി നൽകുക, അവരെ സംരക്ഷിക്കുന്നതിനുള്ള നയങ്ങൾ സ്വീകരിക്കുക എന്നിവയൊന്നും ബഹുരാഷ്ട്ര കുത്തകകൾ അംഗീകരിക്കുന്ന കാര്യങ്ങളല്ല. അത്തരം സമീപനങ്ങളെ പരാജയപ്പെടുത്താൻ റേഷൻ സംവിധാനം നിലനിർത്തുന്നതിനുള്ള ധീരമായ നടപടികൾ സ്വീകരിക്കണം.

പ്രവാസി ക്ഷേമം സംബന്ധിച്ച് പറയുകയാണെങ്കിൽ, കേരളത്തിലേയ്ക്ക് 1,41,000 കോടിയോളം രൂപ അയയ്ക്കുന്ന വിദേശ മലയാളികളുടെ സംരക്ഷണത്തിനാവശ്യമായ പദ്ധതികളൊന്നും ആവിഷ്ക്കരിക്കാൻ ഇതുവരെ നമുക്ക് സാധിച്ചിട്ടില്ല. അതുകൊണ്ട് പ്രവാസി ക്ഷേമത്തിനാവശ്യമായ നടപടികൾ ഈ സർക്കാർ സ്വീകരിക്കുമെന്നാണ് ജനങ്ങൾ വിശ്വസിക്കുന്നത്. പ്രവാസികളുടെ പുനരധിവാസം, ഓഹരി നിക്ഷേപം, കേരള വികസന നിധി, ഇൻകെൽ മാതൃകയിൽ വ്യവസായ സംരംഭങ്ങൾ, പ്രവാസി സഹകരണ സംഘങ്ങൾ പ്രോൽസാഹിപ്പിക്കൽ, വിദേശ രാജ്യങ്ങളിൽ കേരള പ്രവാസികാര്യ ചേംബറുകൾ,

ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കൽ, നിർജ്ജീവമായ പലിശരഹിത സ്ഥാപനത്തിന്റെ പുനരുദ്ധാരണം, വിദേശ രാജ്യങ്ങളിൽ ജയിലിൽ കഴിയുന്നവർക്ക് നിയമ സഹായം, നോർക്കയുമായി നേരിട്ട് സംവദിക്കുന്നതിന് ഓൺലൈൻ സംവിധാനം എന്നിവ ആസൂത്രണം ചെയ്യാനും ചില കാര്യങ്ങൾക്ക് തുടക്കം കുറിക്കാനും ഈ ചെറിയ കാലയളവിനുള്ളിൽ കഴിഞ്ഞുവെന്നത് അഭിമാനകരമായ കാര്യമാണ്. അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും ദുരന്തകാലം അവസാനിച്ചിരിക്കുകയാണ്. പ്രതീക്ഷയുടെയും നന്മയുടെയും സമൃദ്ധിയുടെയും നല്ലകാലം വരവായി. ബഹുമാന്യനായ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ സർക്കാർ കേരള വികസന ചരിത്രത്തിൽ പുതിയ അദ്ധ്യായം എഴുതിച്ചേർക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. പുതിയ അംഗമെന്ന നിലയിൽ ഞാൻ പ്രതിപക്ഷത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കുകയാണ്. ഈ സർക്കാരിന്റെ നയങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ഉന്നയിക്കാൻ പ്രതിപക്ഷാംഗങ്ങൾക്ക് കഴിയുന്നില്ല. അധികാരത്തിലേറി നാലുമാസത്തിനുള്ളിൽ ഈ സർക്കാർ എന്തെല്ലാം ജനോപകാരപ്രദമായ നടപടികളാണ് സ്വീകരിച്ചത്. ഈ സർക്കാരിന് പിന്തുണ നൽകുകയും നല്ല പ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്താൽ കേരളത്തിൽ വലിയ മാറ്റമുണ്ടാക്കാം. അതിന് പ്രതിപക്ഷത്തിന്റെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ കുറേ വർഷങ്ങളായി, പോലീസുകാരൻ ശവത്തിന് കാവലിരിക്കുന്നതുപോലെ, കുട്ടനാട്ടിൽ നെല്ല് കായലിറമ്പിൽ കൂട്ടിയിട്ടിട്ട് കർഷകർ കാവലിരിക്കുമായിരുന്നു. നെല്ല് എടുത്തുകൊണ്ടുപോയാൽപ്പോലും ഞാൻ സബ്മിഷൻ അവതരിപ്പിച്ചാൽ മാത്രമേ അതിന് വില കിട്ടിയിരുന്നുള്ളൂ. ശ്രീ. പി. തിലോത്തമന്റെ കാലത്ത് അങ്ങനെ സംഭവിക്കില്ലെന്ന് എനിക്ക് വിശ്വാസമുണ്ട്. കുട്ടനാട്ടിലെ കർഷകർ അവരുടെ ഭാര്യമാരുടെ സ്വർണ്ണാഭരണങ്ങൾ വിവിധ ബാങ്കുകളിൽ പണയം വച്ചിട്ടാണ് കൃഷിയിറക്കുന്നത്. അതുകൊണ്ട് നെല്ല് എടുത്തുകൊണ്ടുപോയാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിന്റെ തുക ലഭ്യമാക്കുന്ന സംവിധാനം ഈ സർക്കാരിൽ നിന്നും പ്രതീക്ഷിക്കുകയാണ്.

കേരളത്തിന് രണ്ട് വരുമാന മാർഗ്ഗങ്ങളാണുള്ളത്. ഒന്ന്, വിദേശമലയാളികൾ അയയ്ക്കുന്ന പണം, രണ്ട്, ടൂറിസത്തിൽ നിന്നുള്ള വരുമാനം. ഇവ രണ്ടിലുമാണ് കേരളത്തിന്റെ പ്രതീക്ഷ. വിദേശമലയാളികൾ ഇപ്പോൾ കോടിക്കണക്കിന് രൂപ

അയയ്ക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. ഗൾഫ് രാജ്യങ്ങളിലെ ഇന്നത്തെ അവസ്ഥ എല്ലാവർക്കുമറിയാം. സൗദി അറേബ്യയിലും യമനിലും സിറിയയിലുമൊക്കെ നടക്കുന്ന പ്രശ്നങ്ങളുടെ after effects വരുംകാലങ്ങളിലുണ്ടാകുമെന്ന് വിചാരിച്ചുവേണം നാം മുന്നോട്ടുപോകേണ്ടത്.

ടൂറിസം മേഖലയിൽ വരമാനം കുറയുന്നുവെന്ന് ടൂറിസം വകുപ്പുമന്ത്രി പറയുന്നതിനെ വെല്ലുവിളിച്ചുകൊണ്ട് മറ്റ്കണക്കുകളുണ്ടാക്കി ടെലിവിഷനിലൊക്കെ പറയുന്നതുകേൾക്കുമ്പോൾ ഹൃദയം വേദനിച്ചിട്ടുണ്ട്. കാരണം, ഞാൻ നൂറുകണക്കിന് ഹോട്ടലുകളുള്ള ക്ലാസിഫൈഡ് ഹോട്ടൽ ഓണേഴ്സ് അസോസിയേഷന്റെ രക്ഷാധികാരിയാണ്. കൃത്യമായ കണക്കുകൾ ഞങ്ങളുടെ കൈവശമുണ്ട്. കഴിഞ്ഞ സർക്കാർ മദ്യനയം കൊണ്ടുവന്നതിനുശേഷം എട്ടുമാസമായി ഞാൻ വിദേശത്തുനിന്നും പണം സമാഹരിച്ചാണ് തൊഴിലാളികൾക്ക് ശമ്പളം കൊടുക്കുന്നത്. എനിക്ക് അതിനുള്ള സാമ്പത്തികശേഷിയുണ്ട്. പക്ഷേ പണമില്ലാത്തവർ എന്തുചെയ്യും? ഇവിടെ മദ്യമില്ലാത്തതിനാൽ വിദേശത്തുനിന്നും വടക്കേ ഇന്ത്യയിൽ നിന്നും ആരും വരുന്നില്ലെന്ന് പറയുന്നു. അതൊക്കെ വെറുതെയാണ്. ഇവിടെ മദ്യം ഇഷ്ടംപോലെയുണ്ട്. നിങ്ങൾ കാറിൽ യാത്ര ചെയ്യുമ്പോൾ ധാരാളം ആളുകൾ മദ്യം വാങ്ങാനായി ക്യൂവിൽ നിൽക്കുന്നത് കാണാമല്ലോ. അവർ വാങ്ങിക്കുന്ന സാധനം മദ്യമല്ലേ? കഴിഞ്ഞ സർക്കാരിന്റെ വികലമായ മദ്യനയമാണ് പ്രശ്നമായിരിക്കുന്നത്. ഹോട്ടലുകളിൽ കോൺഫറൻസിനൊക്കെ വരുന്നവരും വിദേശികളും ഡിന്നർ കഴിക്കാൻ വരുന്ന സമയത്താണ് കൂടുതലായി മദ്യം ആവശ്യപ്പെടുന്നത്. ആ സംവിധാനം നിർത്തിയെന്നല്ലാതെ ഇവിടെ മദ്യമില്ലെന്ന് ആരുപറഞ്ഞു? മദ്യം വാങ്ങി മുറിയിൽക്കൊണ്ടുപോയി കുടിക്കുന്നില്ലേ? ഹോട്ടൽ മുറികളിലിരുന്ന് കുടിക്കാമെന്ന് തന്നെയാണ് നിയമം. ഹോട്ടലിൽ മുറിയെടുത്താൽ ഹോട്ടലുടമകൾക്ക് പരിശോധിക്കാൻ സാധിക്കില്ല. അവർ മുറിയിലിരുന്ന് മദ്യപിക്കുന്നുണ്ട്, അതിന് നിയമമുണ്ട്, അതിനെ ആർക്കും നിരോധിക്കാൻ സാധിക്കില്ല. മുറിയിലിരുന്ന് മദ്യപിച്ചതിനുശേഷം വന്ന് ഭക്ഷണം കഴിക്കേണ്ട അവസ്ഥയാണ്. ഹോട്ടലുകളിൽ കോൺഫറൻസ് നടക്കുമ്പോൾ ബന്ധപ്പെട്ട ആളുകൾ ഞങ്ങളോട് ചോദിക്കും, ഡിന്നറിന് മദ്യം സെർവ് ചെയ്യുമോ എന്ന്. അത് സാധിക്കില്ലെന്ന് പറയുമ്പോൾ അതെന്താ എന്നാണ് അവരുടെ ചോദ്യം. ഞങ്ങൾ മദ്യം വാങ്ങിത്തരാം, അത് കുടിച്ചിട്ട് സാറും ഭാര്യയും കൂടി ഭക്ഷണം കഴിക്കാൻ ഇങ്ങോട്ട് വരണമെന്ന് പറയേണ്ട ഗതികേടിലേയ്ക്ക് ആയിരക്കണക്കിന് ഹോട്ടലുടമകളെ തള്ളിവിട്ടതല്ലാതെ എന്ത് വിപ്ലവമാണ് യു.ഡി.എഫ്. സർക്കാർ ഇവിടെ നടത്തിയതെന്ന് മനസ്സിലാകുന്നില്ല. ഞാൻ 41 വർഷമായി വിമാന യാത്ര

ചെയ്യുന്ന ആളാണ്. ഇന്നലെ ഗോവയിൽ സെക്യൂരിറ്റി ചെക്കപ്പിന് ഒരു മണിക്കൂർ ക്യൂ നിൽക്കേണ്ടിവന്നു. അവിടെ വലിയ തിരക്കാണ്. അവർ കള്ളുകുടിക്കാനല്ല അവിടെ വരുന്നത്. അതുപോലെ ടൂറിസത്തിന്റെ കുതിച്ചുചാട്ടം നടക്കേണ്ട ഒരു സ്ഥലമാണ് കേരളം. അതിനെയാണ് തടയിട്ട് പുറകോട്ടടിക്കുന്നത്. ടൂറിസ്റ്റുകളുടെ വർദ്ധനവ് 12 ശതമാനമുണ്ടായിരുന്നത് 6 ശതമാനമായി കുറഞ്ഞു. ദീപാവലിക്ക് കുറച്ചുപേർ വന്നിട്ട് തിരിച്ചുപോകും, അത് ടൂറിസം വളർച്ചയല്ല. ദീപാവലിക്ക് എന്റെ റിസോർട്ടും ഫുൾ ബുക്ക്ഡ്ഡാണ്. നൂറ് മുറിയുള്ളപ്പോൾ പത്ത് മുറിയിൽ മാത്രം ആളുകളുള്ള അവസ്ഥയുമുണ്ടായിട്ടുണ്ട്. കോൺഫറൻസുകൾ നടന്നാൽ മാത്രമേ ഹോട്ടലുടമകൾ രക്ഷപ്പെടുകയുള്ളൂ. ഞാൻ അനുഭവസ്ഥനാണ്. ഇവിടെ ഇഷ്ടംപോലെ മദ്യമുണ്ട്. ഇരുന്നൂറ് പേർ ക്യൂ നിൽക്കുന്നത് എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ഇവിടെ മൂന്ന് കോടി ജനങ്ങൾക്ക് മുന്നൂറ്-നാനൂറ് ഔട്ട്ലെറ്റേയുള്ളൂവെന്ന് ശ്രീ റ്റി. പി. രാമകൃഷ്ണൻ പറഞ്ഞു, ആറ് കോടി ജനങ്ങളുള്ള തമിഴ്നാട്ടിൽ ആറായിരം ഔട്ട്ലെറ്റുകളുണ്ട്. ജനസംഖ്യാനുപാതികമായി ധാരാളം ഔട്ട്ലെറ്റുകളുള്ളതുകൊണ്ട് അവിടെ ക്യൂവില്ല. അതിനാൽ ഇതുസംബന്ധിച്ച് ബുദ്ധിപൂർവ്വം ആലോചിക്കണം. സായിപ്പും മദാമ്മയും ക്യൂ നിന്ന് മദ്യം വാങ്ങുമോ? ആട്ടോറിക്ഷക്കാരന് 500 രൂപ കൂടുതൽ കൊടുത്താൽ അവൻ മദ്യം വാങ്ങി മുറിയിൽ കൊണ്ടുകൊടുക്കും. മദ്യം പൂർണ്ണമായി നിരോധിക്കാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ? ഡോക്ടർമാരുടെയും ബാങ്ക് ജീവനക്കാരുടെയുമൊക്കെ കോൺഫറൻസുകൾ ഹോട്ടലുടമകൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അടച്ച ബാറുകൾ തുറക്കുമോയെന്ന് ശ്രീ. പിണറായി വിജയൻ പറയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവിടെ പണ്ട് ശ്രീ. രാഹുൽ ഗാന്ധിയെക്കൊണ്ട് പ്രസംഗിപ്പിച്ചില്ലേ? ഞാൻ മിനിഞ്ഞാന്ന് ബാംഗ്ലൂരിൽ പോയപ്പോൾ കർണ്ണാടകത്തിൽ ബാറുകൾ അടഞ്ഞുകിടക്കുകയല്ലായിരുന്നു; ശ്രീ. രാഹുൽഗാന്ധി ഭരിക്കുന്ന സംസ്ഥാനത്ത് നിന്നല്ലേ ഏറ്റവും കൂടുതൽ മദ്യം ഉല്പാദിപ്പിച്ച് ഇങ്ങോട്ട് അയയ്ക്കുന്നത്. അവിടത്തെ ബാറുകൾ എന്തുകൊണ്ടാണ് അടയ്ക്കാത്തത്; ഇതിനെക്കുറിച്ച് അവിടെ ആലോചിക്കാത്തതെന്താണ്? ഇവരൊന്നും പറയുന്നതുകേട്ട് ഭയക്കാതെ അങ്ങ് ഇക്കാര്യത്തിൽ ആവശ്യമായ നടപടികളെടുക്കണം.

ഇപ്പോൾ ടൂറിസം മേഖലയിൽ ഒരു കുതിച്ചുചാട്ടമാണ് നടക്കുന്നത്. ഇക്കാര്യങ്ങളൊക്കെ ശ്രദ്ധിച്ചാൽ ടൂറിസം മേഖലയിൽ വരുമാനം വർദ്ധിക്കും. ഞാൻ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചു, റഷ്യൻ പ്രസിഡന്റും ചൈനീസ് പ്രധാനമന്ത്രിയും ഇന്ത്യൻ പ്രധാനമന്ത്രിയും മറ്റ് നേതാക്കളും പങ്കെടുത്ത സമ്മിറ്റ് ഗോവയിൽ വച്ച് നടന്നു.

അവിടെ വരുന്ന ടൂറിസ്റ്റുകളിൽ പലർക്കും കേരളത്തിൽ വരാൻ ആഗ്രഹമുണ്ട്. പക്ഷേ ഗോവയിൽ നിന്നും ഒരു എ.റ്റി.ആർ ഫ്ലൈറ്റിൽ കയറി, ബാംഗ്ലൂരിലിറങ്ങി, അവിടെ രണ്ടര മണിക്കൂർ കാത്തിരുന്ന് വീണ്ടും അടുത്ത ഫ്ലൈറ്റിൽ കയറിയാൽ മാത്രമേ കേരളത്തിൽ എത്തുകയുള്ളൂ. അതുകൊണ്ട് ടൂറിസം വികസനത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. എം. മണി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സംസ്ഥാന സർക്കാർ അടിയന്തരമായി ശ്രദ്ധ പതിപ്പിക്കേണ്ട ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് വിദേശമലയാളികൾ കേരളത്തിലേയ്ക്ക് അയയ്ക്കുന്ന പണമെന്ന കാര്യം ആർക്കും നിഷേധിക്കാനാവില്ല. എന്നാൽ ഇന്ത്യൻ എയർലൈൻസ് പോലുള്ള വിമാനക്കമ്പനികൾ അവരെ കൊള്ളയടിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ തൊഴിൽ സാദ്ധ്യതകളില്ലാതാകുകയും ധാരാളം പ്രവാസി മലയാളികളെ തിരിച്ചയയ്ക്കുകയും ചെയ്യുന്ന സ്ഥിതി നിലവിലുണ്ട്. രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്ക് ധാരാളം സംഭാവനകൾ നൽകുന്ന പ്രവാസി മലയാളികൾക്ക് പ്രത്യേക സംരക്ഷണം നൽകുന്നതിന് ഇന്നുള്ള നിയമം അപര്യാപ്തമാണ്. അക്കാര്യത്തിൽ ഫലപ്രദമായ നയവും തീരുമാനവും വേണം. നമ്മുടെ സമ്പദ്ഘടനയെ സഹായിക്കുന്ന പ്രവാസികളെ നിലനിർത്തേണ്ട ബാദ്ധ്യത നിറവേറ്റാൻ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നിയമ ഭേദഗതികൾ കൊണ്ടുവരണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ആ മേഖലയിൽ കുറച്ച് മാറ്റങ്ങൾ കൊണ്ടുവന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. മുൻ സർക്കാർ തൊഴിൽരംഗം നാശമാക്കിയിരുന്നുവെന്ന കാര്യം വിസ്മരിക്കാനാവില്ല. കയർ, കശുവണ്ടി, കൈത്തറി തൊഴിലാളികളുൾപ്പെടെ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ വലിയ പ്രതിസന്ധി നേരിടുകയാണ്. ഈ മേഖലയിലെ തൊഴിലാളികൾക്ക് സഹായകരമായ ചില നിലപാടുകൾ സർക്കാർ സ്വീകരിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്നാൽ ഇതുകൊണ്ടുമാത്രം തൃപ്തിയാകില്ല. തൊഴിൽരംഗത്ത് പുതിയ ചലനമുണ്ടാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രകടന പത്രികയിൽ പറയുന്ന കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കിക്കൊണ്ട് ദശലക്ഷക്കണക്കിന് വരുന്ന തൊഴിലാളി വർഗ്ഗത്തെയും പരമ്പരാഗത വ്യവസായത്തെയും സഹായിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ തൊഴിൽരംഗം നാശമാക്കിയെന്ന വസ്തുത യു.ഡി.എഫ്.-ലെ എന്റെ

മാന്യസുഹൃത്തുക്കൾപോലും നിഷേധിക്കുമെന്ന് തോന്നുന്നില്ല. മൂന്നര ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം മേഖലയും പ്രതിസന്ധിയിലാണ്. ഇടുക്കി ജില്ലയിലെ മഹാഭൂരിപക്ഷം ജനങ്ങളും തോട്ടം തൊഴിലാളികളാണ്. 17 ദിവസത്തെ സമരം നടത്തിയിട്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശമ്പളവർദ്ധനവുമായി ബന്ധപ്പെട്ട് ഒരു കരാറുണ്ടാക്കിയത്. ആ കരാർ ഉണ്ടാക്കിയെന്നല്ലാതെ യഥാർത്ഥത്തിൽ ശമ്പള വർദ്ധനവൊന്നുമുണ്ടായില്ല. കഴിഞ്ഞ സർക്കാർ അമിതാദ്ധ്വാനം തൊഴിലാളികളുടെമേൽ കെട്ടിവയ്ക്കുകയാണ് ചെയ്തത്. പുതിയ കരാറുണ്ടാക്കിയപ്പോൾ അന്ന് 9 മാസത്തെ മുൻകാല പ്രാബല്യം ലഭിക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞ സർക്കാർ നോട്ടിഫിക്കേഷൻ നടത്തി അതെല്ലാം ഇല്ലായ്മ ചെയ്തതിലൂടെ ഓരോ തൊഴിലാളിക്കും പതിനായിരക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായത്. ആ തുക ലഭ്യമാക്കാനാവശ്യമായ നടപടികൾക്കായി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിക്ക് തോട്ടം തൊഴിലാളികളുടെ സംഘടന നിവേദനം നൽകിയിട്ടുണ്ട്. അക്കാര്യത്തിൽ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കണം. അതുപോലെ മുപ്പതോളം വരുന്ന ക്ഷേമബോർഡുകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കണം.

കേന്ദ്രസർക്കാർ കൊണ്ടുവന്ന ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാതെ തത്വത്തിൽ അംഗീകരിച്ച് കേരളത്തിന്റെ ഭാവിക്ക് ദോഷകരമായ നിലപാടാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. ഇപ്പോൾ നാം വലിയ പ്രതിസന്ധിയിലാണ്. പരമ്പരാഗതമായി നമ്മൾ പൊരുതിനേടിയ നേട്ടം ഇല്ലായ്മ ചെയ്യുന്ന നടപടിയാണ് മുൻ സർക്കാർ സ്വീകരിച്ചത്. അതിന്റെ ദുരന്തം നാം അനുഭവിക്കാൻ പോകുകയാണ്. ലക്ഷക്കണക്കിനാളുകൾക്ക് റേഷൻ നിഷേധിക്കുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങളെത്തുന്നത്. അതുകൊണ്ട് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി അനുകൂലമായ നടപടി സ്വീകരിക്കാനുള്ള പരിശ്രമം നടത്തണം. ആയിരക്കണക്കിന് പാവപ്പെട്ടവർക്ക് നഷ്ടപ്പെടുന്ന റേഷൻ നൽകുന്നതിനുള്ള ഒരു സ്കീമിനെക്കുറിച്ച് ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സ്റ്റാറ്റ്യൂട്ടറി റേഷൻ നമ്മൾ പോരാടി നേടിയെടുത്തെങ്കിലും യു.പി.എ. ഗവൺമെന്റാണ് അതിന്റെ കടയ്ക്കൽ കത്തിവച്ചത്. ഓരോ ഘട്ടത്തിലും നമുക്ക് അർഹമായത് തരാതെ കേരളീയരെ ദ്രോഹിക്കുന്ന നിലപാടാണ് കോൺഗ്രസ് സർക്കാർ സ്വീകരിച്ചതെങ്കിൽ ഇപ്പോൾ കേന്ദ്ര സർക്കാർ ഈ പ്രശ്നത്തിൽ അപമാനകരമായ നിലപാടാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് കേരളീയർ ഒറ്റക്കെട്ടായിനിന്ന് കേന്ദ്രസർക്കാരിൽ ആവശ്യമായ സമ്മർദ്ദം

ചെലുത്തണം.

മദ്യംകൊണ്ട് ഇവിടെ ആറാട്ടാണെന്ന് യു.ഡി.എഫ്. സുഹൃത്തുക്കൾ പറഞ്ഞു. മദ്യം കൊണ്ട് ആറാട്ടായത് യു.ഡി.എഫ്. സർക്കാരിന്റെ നയവൈകല്യങ്ങൾ കൊണ്ടാണ്. ഇപ്പോൾ സ്കൂൾ കുട്ടികളും ചെറുപ്പക്കാരും മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന നിലയിലേയ്ക്ക് പോയിരിക്കുന്നു. കേരളത്തെ കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും കേളീരംഗമാക്കി മാറ്റിയതിന്റെ പാപഭാരം ചുമക്കേണ്ടത് യഥാർത്ഥത്തിൽ യു.ഡി.എഫ്.-ഉം അതിന്റെ രാഷ്ട്രീയ നേതൃത്വവുമാണ്. ഓരോ മദ്യഷാപ്പിന്റെയും മുമ്പിൽ അഞ്ഞൂറോളം ആളുകളാണ് ക്യൂ നിൽക്കുന്നത്. ഈ സ്ഥിതിയിൽ മദ്യം നിരോധിച്ച് ചിലയാളുകളെ പ്രീണിപ്പിച്ച് വോട്ട് നേടാമെന്ന് ചിന്തിക്കുന്നുവെങ്കിൽ അത് വിഡ്ഢിത്തമാണ്. ബാർ നിരോധിച്ചതിന്റെ ഗുണമെന്താണെന്ന് പരിശോധിക്കുന്നതിനായി ഒരു കമ്മീഷനെ നിയോഗിച്ച് മദ്യത്തിന്റെ ഉപയോഗം കുറഞ്ഞോ, കൂടിയോ, ബാർ നിർത്തലാക്കിയതിന്റെ ഗുണം കേരള സമൂഹത്തിന് ലഭിച്ചോ എന്ന് പരിശോധിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

യു.ഡി.എഫ്.-ലെ ചില സുഹൃത്തുക്കൾ ഇവിടെ ക്രമസമാധാനനിലയെപ്പറ്റി പ്രസംഗിക്കുന്നത് കേട്ടു. അധികാരത്തിൽ വന്ന് അഞ്ച് മാസത്തിനിടയ്ക്ക് മഹാത്ഭുതം നടന്നില്ലെന്ന് ബഹുമാന്യരായ പ്രതിപക്ഷ മെമ്പർമാർ വിമർശിക്കുന്നത് തികച്ചും അപ്രായോഗികവും അടിസ്ഥാനമില്ലാത്തതുമായ കാര്യങ്ങളാണ്. കേരള സമൂഹത്തിൽ കാര്യമായ മാറ്റം എല്ലാ രംഗത്തും വന്നിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെപ്പറ്റി പ്രതിപക്ഷ മെമ്പർമാർ പ്രസംഗിക്കുന്നത് കേട്ടു. പൊതുവിതരണ സമ്പ്രദായം താറുമാറാക്കിക്കൊണ്ട് ഊഹക്കച്ചവടക്കാർക്ക് കൂട്ടുനിന്നവരാണ് യു.ഡി.എഫ്. സർക്കാരെന്ന കാര്യം ആർക്കും നിഷേധിക്കാൻ കഴിയില്ല. കഴിഞ്ഞ നാലഞ്ച് മാസംകൊണ്ട് ഈ സർക്കാർ ഒരു പുതിയ ചലനമുണ്ടാക്കിയിരിക്കുകയാണ്. ഒരു കിലോഗ്രാം പഞ്ചസാരയ്ക്ക് കമ്പോളത്തിൽ 42 രൂപ വിലയുള്ളപ്പോൾ 20 രൂപയ്ക്ക് പൊതുവിതരണ സമ്പ്രദായം മുഖേന കൊടുത്തു. കമ്പോളത്തിൽ 36 രൂപ വിലയുള്ള ഒരു കിലോഗ്രാം അരി 25 രൂപയ്ക്ക് മാവേലി സ്റ്റോർ വഴി കൊടുത്തു. ഈ സാഹചര്യത്തിലാണ് അധികാരമേറ്റ് നാല് മാസം മാത്രം കഴിഞ്ഞപ്പോൾ വിലക്കയറ്റത്തെപ്പറ്റി പ്രസംഗിക്കുന്നത്. ആടിനെ പട്ടിയാക്കുന്ന സ്വഭാവമാണ് പ്രതിപക്ഷത്തിന്റെ ഈ വിമർശനമെന്നാണ് എനിക്ക് ആക്ഷേപിക്കാനുള്ളത്. ഈ സർക്കാർ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കാതെ പോകുന്ന പ്രശ്നമില്ലെന്ന കാര്യം ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനിടയ്ക്ക് ശകുനം മുടക്കുന്ന പണി ചെയ്യാതിരിക്കുകയാണ്

നല്ലത്.

തന്റെ ഫോൺ ചോർത്തുന്നുവെന്ന് ഇവിടെ ഏതോ ഒരു ഐ.ജി. പറഞ്ഞു. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇക്കാര്യം പറയുന്നത് കേട്ടപ്പോൾ എനിക്ക് അത്ഭുതമാണ് തോന്നിയത്. മുൻമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പ്രസംഗിക്കുന്നത് കേട്ടു, നിങ്ങൾ പോലീസ് വകുപ്പ് കൈകാര്യം ചെയ്ത രീതി പറഞ്ഞ് ഈ ഗവൺമെന്റിനെ പേടിപ്പിക്കാൻ നോക്കണ്ട. ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പൂർണ്ണമായും നടപ്പിലാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക് ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീനാരായണ ഗുരുവിന്റെ സൂക്തങ്ങൾ ഉരുവിടുകയുണ്ടായി. അദ്ദേഹം ഉരുവിട്ടത് ശ്രീനാരായണ ഗുരുവിന്റെ 'അന്നവസ്ത്രാദി മുട്ടാതെ തന്നുരക്ഷിച്ച ഞങ്ങളെ' എന്ന പ്രാർത്ഥനയായിരുന്നു. ഈ സർക്കാർ അധികാരമേറ്റ് നാല് മാസം കഴിഞ്ഞപ്പോൾ എന്തായി കാര്യങ്ങൾ? ഒരു ചെറിയ കാര്യം മാത്രം ഞാൻ പറയാം. കഴിഞ്ഞ ശനിയാഴ്ച എറണാകുളം ജില്ലാ വികസന സമിതിയിൽ പി.കെ.വി.-യുടെ നാടായ പുല്ലുവഴിയിൽ പ്രവർത്തിക്കുന്ന സ്നേഹജ്യോതി ശിശുഭവനിലെ സിസ്റ്റർ ജിഷാമ്മ ഒരു അപേക്ഷ നൽകി. 130-ഓളം അന്തേവാസികളുള്ള ആ സ്ഥാപനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരി ലഭിക്കുന്നില്ലെന്നുള്ളതാണ് പരാതി. ഈ സർക്കാർ അധികാരമേറ്റതോടുകൂടി എല്ലാ രംഗത്തും ശകുനം മുടക്കികളാണെന്നാണ് ജനങ്ങൾ പറയുന്നത്. ടി.എസ്.ഒ. പറഞ്ഞത് റേഷൻ കാർഡ് ഉടമസ്ഥവരെ അരി നൽകാൻ കഴിയുന്നില്ല, ഒരു മണി അരി പോലും ലഭ്യമല്ലെന്നാണ്. കേന്ദ്ര സർക്കാരിന്റെ മാനസപുത്രനായ ശ്രീ. പിണറായി വിജയൻ കേന്ദ്രത്തിൽ പോയി വരുന്നതല്ലാതെ ഒരു നേട്ടവും ഉണ്ടാകുന്നില്ലെന്നും ശ്രീ. നരേന്ദ്ര മോദിയെ സ്തുതിക്കുക മാത്രമെ ചെയ്യുന്നുള്ളൂവെന്നുമാണ് മനസ്സിലാക്കാൻ കഴിയുന്നത്. വെൽഫെയർ സ്കീമിൽ അരി വരുന്നില്ലെന്നും അഡ്ഹോക്ക് അരി കിട്ടിയില്ലെന്ന് പറയുന്നതും നിങ്ങൾ അറിയുന്നില്ലേ? പാവപ്പെട്ടവന്റെയും ആരോരുമില്ലാത്തവന്റെയും അവസ്ഥ ഇതാണെങ്കിൽ കേരളത്തിന്റെ ഭാവി എന്താകും?

ഈ സർക്കാർ വിദ്യാഭ്യാസ മേഖലയെ മാനേജ്മെന്റുകൾക്ക് അടിയറ വച്ചു. പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ സാർവ്വത്രികമാണ്. മൂവാറ്റുപുഴയിൽ പാവപ്പെട്ട

തയ്യൽത്തൊഴിലാളിയെ കള്ളനെന്ന് ആക്ഷേപിച്ച് അദ്ദേഹത്തിന്റെ ജനനേന്ദ്രിയത്തിൽ മുളകുപൊടി തേച്ച് കാൽ തല്ലിയൊടിച്ചതും വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിച്ച് ലാത്തിച്ചാർജ്ജ് ചെയ്തതും നിങ്ങളറിഞ്ഞില്ലേ? രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം വർദ്ധിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ നയം വികസനവും കരുതലുമായിരുന്നെങ്കിൽ പാടത്ത് ജോലിയും വരമ്പത്ത് കൂലിയുമാണ് ഈ സർക്കാരിന്റെ നയം. മറ്റൊന്ന് പറയാനുള്ളത്, ബഹുമാനപ്പെട്ട മന്ത്രിയുടെ തിലോത്തമൻ എന്ന പേര് എനിക്ക് ഇഷ്ടമാണ്. തീ + ലോ + ഉത്തമൻ, തീ കുറവുള്ള ഉത്തമൻ എന്ന് പറയാമെങ്കിലും അരി വേകണമെങ്കിൽ തീ അൽപം കൂടുതൽ വേണമെന്നുള്ളത് ശ്രദ്ധിക്കണം. എ.പി.എൽ. വിഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അരി, പുതിയ റേഷൻ കാർഡ് വിതരണം, ബി.പി.എൽ. വിഭാഗത്തിന് ഒരു രൂപ നിരക്കിൽ 25 കിലോഗ്രാം അരി, രണ്ട് രൂപ നിരക്കിൽ 8 കിലോഗ്രാം ഗോതമ്പ്, പഞ്ചായത്തുകളിൽ വിജിലൻസ് കമ്മിറ്റി, പുതിയ മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ് തുടങ്ങി അനവധി കാര്യങ്ങൾ യു.ഡി.എഫ്. സർക്കാർ ചെയ്തു. എന്നാൽ ഈ സർക്കാർ നന്മ സ്റ്റോറുകൾ അടച്ചുപൂട്ടി. ഇടതുപക്ഷത്തിന്റെ നയമായ തിന്മ സ്റ്റോറുകൾ തുറന്നുപ്രവർത്തിക്കുന്ന കാഴ്ചയാണ് കേരളത്തിലെ ജനങ്ങൾ ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.

നമുക്ക് മദ്യവിൽപ്പന കുറച്ചുകൊണ്ടുവരാനുള്ള നടപടികളാണ് വേണ്ടത്. ചില ഇടതുപക്ഷ സഖാക്കൾ മദ്യത്തിനുവേണ്ടി മുറവിളി കൂട്ടുന്നത് കാണുമ്പോൾ അത്ഭുതം തോന്നുകയാണ്. ബിവറേജസ് കോർപ്പറേഷനുകളിൽ മദ്യ വിൽപ്പന 12 ശതമാനം വർദ്ധിച്ചുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് 300 ഹെൽപ്പർ/സെയിൽസ്മാൻ തസ്തികകളിലാണ് ആളുകളെ നിയമിച്ചത്. ശ്രീ. ആർ. രാജേഷിന്റെ ഒരു ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ മറുപടി, 2013-14-ൽ 240.67 ലക്ഷം കെയ്സായും 2014-ൽ 220 ലക്ഷം കെയ്സായും 2015-16-ൽ 201 ലക്ഷം കെയ്സായും മദ്യ വിൽപ്പന കുറഞ്ഞുവെന്നാണ്. പക്ഷെ വിൽപ്പനയുടെ മൂല്യം കൂടിയെന്നുള്ളത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഔട്ട്ലെറ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് എന്തടിസ്ഥാനത്തിലാണ്? മദ്യം മനുഷ്യനെ മയക്കുന്ന കമ്മ്യൂണിസമാണ്. അത് കൊല ചെയ്യും, ഗൂഢാലോചന നടത്തും, പാടത്ത് പണി ചെയ്താൽ വരമ്പത്ത് കൂലി കൊടുക്കും, അത് പാർട്ടിഗ്രാമം തീർക്കും, പാർട്ടി ഓഫീസിൽ ബോംബ് നിർമ്മിക്കും, ഫോൺ ചോർത്തും. മദ്യം പിശാചാണ്. ഈ മഹാവിപത്തിനെ തടയുന്നതിനുവേണ്ടി നമുക്കൊരുമിച്ച് പ്രവർത്തിക്കണം. ശ്രീനാരായണഗുരു പറഞ്ഞ ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞില്ല. മദ്യം ഉത്പാദിപ്പിക്കുകയും വിൽക്കുകയും ചെയ്യരുതെന്നാണ് ശ്രീനാരായണഗുരു പറഞ്ഞത്. പ്രശസ്ത

അമേരിക്കൻ റൈറ്റർ Francis Schott Fitzgerald പറഞ്ഞത്, First you take a drink. Then the drink takes a drink. Then the drinks take you എന്നാണ്. നമുക്ക് സമ്പൂർണ്ണ മദ്യ നിരോധനത്തിലേയ്ക്ക് പോകണം. മദ്യമില്ലാത്ത സംസ്ഥാനത്തെ സ്വപ്നം കാണാൻ കഴിയണം. മദ്യക്കുപ്പിയിൽ മദ്യപാനം ആരോഗ്യത്തിന് ഹാനികരമെന്ന് എഴുതിവച്ചിട്ടുണ്ട്. സിഗരറ്റ് ഉത്പന്നങ്ങളുടെ കവറിന് പുറത്ത് 'Cigarette smoking is injurious to health' എന്ന് എഴുതിവച്ചിട്ടുണ്ട്. ഇതൊക്കെ ആരോഗ്യത്തിന് ഹാനികരമാണെങ്കിൽ എന്തുകൊണ്ട് നിരോധിച്ചുകൂടാ? ഏദൻതോട്ടത്തിന്റെ നടുക്ക് നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം കഴിക്കരുതെന്ന് ദൈവം പറഞ്ഞുവെന്ന് നമുക്കറിയാം. മനുഷ്യനെ പാപികളാക്കാൻവേണ്ടി ദൈവം ഒരുക്കിയ ഒരു തന്ത്രമാണോ അതെന്ന് എനിക്ക് സംശയമുണ്ട്. ആ തന്ത്രംതന്നെയല്ലേ ഇവിടെയും ഒരുക്കുന്നത്. മദ്യവും സിഗരറ്റ് ഉത്പന്നങ്ങളും ആരോഗ്യത്തിന് ഹാനികരമാണെങ്കിൽ അത് വിൽക്കേണ്ട കാര്യമുണ്ടോ എന്ന ചിന്ത നമുക്കുണ്ടാകണം. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിജിയുടെ അഭിപ്രായത്തിൽ ലോകത്തിലെ ഏറ്റവും വലിയ സാമൂഹ്യ തിന്മ മദ്യമാണ്. അത് ഇല്ലാതായെങ്കിൽ നന്നായിരുന്നു. സമ്പൂർണ്ണ മദ്യനിരോധനമെന്ന യു.ഡി.എഫ്.-ന്റെ നയം അട്ടിമറിക്കാനുള്ള ശ്രമവുമായി ഈ സർക്കാർ മുന്നോട്ടുപോയാൽ അതിനെതിരെ ശക്തമായ നടപടികളുണ്ടാകും. ഈ സർക്കാരിന്റെ തെറ്റായ നയങ്ങൾ പിൻവലിച്ച് മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

ഭക്ഷ്യരംഗത്ത് മാതൃക സൃഷ്ടിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ റേഷൻ സമ്പ്രദായം ഏതു തരത്തിലാണ് നടപ്പിലാക്കുന്നതെന്ന് പഠിക്കുന്നതിനാണ് മറ്റ് സംസ്ഥാനങ്ങളിലെ എം.എൽ.എ.-മാർ താൽപര്യം കാണിക്കുന്നത്. ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃക സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം. രാജ്യത്തിനുതന്നെ മാതൃകയായിരുന്ന പൊതുവിതരണ സംവിധാനത്തെ ആകെ താറുമാറാക്കിക്കൊണ്ടാണ് ഭക്ഷ്യ സുരക്ഷാ നിയമം 2013-ൽ വന്നത്. ഇനി നമുക്കതിൽനിന്ന് മാറി നിൽക്കാൻ കഴിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിൽ വൈകിയ രണ്ട് സംസ്ഥാനങ്ങൾ കേരളവും തമിഴ്നാടുമാണ്. വൈകിപ്പോയതിന്റെ നഷ്ടങ്ങൾ നമുക്കുണ്ടാവുകയും ചെയ്തു. ഭക്ഷ്യ വകുപ്പിൽ വകയിരുത്തുന്ന തുകയുടെ ബഹുഭൂരിപക്ഷവും കേന്ദ്ര ഫണ്ടിൽനിന്ന് വകയിരുത്തപ്പെടുന്നതാണെന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാം. ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കാതെ

മുന്നോട്ടുപോകാൻ തീരുമാനിച്ചാൽ കേരളം പോലുള്ള ഒരു കൊച്ചു സംസ്ഥാനത്തിന് ആ രംഗത്ത് ഒരിക്കലും പിടിച്ചുനിൽക്കാൻ സാധിക്കില്ല. ഭക്ഷ്യകാര്യങ്ങളിൽ പൂർണ്ണമായും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതുകൊണ്ടുതന്നെ ഈ നിയമം നമുക്ക് നടപ്പിലാക്കേണ്ടതുണ്ട്; പരമാവധി ആളുകളെ ഇതിന്റെ പരിധിക്കുള്ളിൽ സംരക്ഷിച്ച് നിർത്താൻ സാധിക്കുമോയെന്ന് ആലോചിക്കേണ്ടതുമുണ്ട്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കിയപ്പോൾ എ.പി.എൽ., ബി.പി.എൽ. വ്യത്യാസമുണ്ടാണ്ടായിരുന്നില്ല. പ്രായത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ യൂണിറ്റിന് ഇത്ര രൂപ എന്ന കണക്കിലാണ് റേഷൻ കൊടുത്തിരുന്നത്. അതിന് വിവിധ പരിണാമങ്ങളുണ്ടായി. എ.പി.എൽ., ബി.പി.എൽ., എ.എ.വൈ., അന്നപൂർണ്ണ എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ ആളുകളെ തരംതിരിക്കുന്ന രീതിയിൽ റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കമ്പോള വില നിയന്ത്രിക്കുക, ജനങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കുക തുടങ്ങിയ കാര്യങ്ങളാണ് സർക്കാരുകൾ ടാർജറ്റ് ചെയ്തിരുന്നത്. ഭക്ഷ്യ സുരക്ഷാനിയമം നടപ്പാക്കുമ്പോൾ 62 ലക്ഷത്തോളം ആളുകൾ പിന്നിൽ പോകുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് ഏറ്റവും കുറച്ചാളുകൾ ഇതിന്റെ പരിധിയിൽനിന്ന് പുറത്തുപോകുന്ന സാഹചര്യമാണ് സൃഷ്ടിക്കേണ്ടത്. കേരളത്തിന്റെ പ്രശ്നങ്ങൾ പരമാവധി കേന്ദ്രത്തിന് മുൻപിൽ അവതരിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ വേണ്ട ശ്രമം നടക്കുന്നുണ്ട്. ഈ ഉത്സവകാലത്ത് ഭക്ഷ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് മാതൃകാപരമായി നേതൃത്വം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും അഭിനന്ദനം പിടിച്ചുപറ്റാനും അദ്ദേഹത്തിന് കഴിഞ്ഞു. ഡി.എസ്.ഒ.-മാരെയും ടി.എസ്.ഒ.-മാരെയും നിയമിക്കുന്നതിലും സ്ഥലംമാറ്റത്തിലും യാതൊരുവിധ വിവാദങ്ങളും ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടില്ല. അനവധി റെയ്ഡുകൾ നടത്തുകയും പൂഴ്ത്തിവയ്പ്പുകാരെ കയ്യാമം വയ്ക്കുകയും ചെയ്തു. സർക്കാരിനെതിരെയും മന്ത്രിക്കെതിരെയും ആരോപണങ്ങളുമായി വന്ന ആളുകൾ അവരുടെ ആയുധങ്ങളുമായി മടങ്ങിപ്പോകുന്ന സാഹചര്യവുമുണ്ടായി. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് മാതൃകാപരമായി നേതൃത്വം കൊടുക്കാൻ ബഹുമാന്യനായ മന്ത്രിക്ക് കഴിയുന്നുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിൽ കാണിക്കേണ്ട ജാഗ്രത തീർച്ചയായിട്ടും അങ്ങ് കാണിക്കും; കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നേടിയെടുക്കാനുള്ള നടപടി സ്വീകരിക്കണം.

ഇലക്ട്രിഫൈഡും നോൺ ഇലക്ട്രിഫൈഡുമായി ബന്ധപ്പെട്ട് മണ്ണെണ്ണ വിഹിതത്തിൽ വെട്ടിക്കുറവുണ്ടായിട്ടുണ്ട്. വളരെ ഗൗരവമായി ഈ വിഷയങ്ങളെ

കാണുന്നതിനുള്ള ജാഗ്രതയുണ്ടായില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട മണ്ണെണ്ണ ലഭിക്കുകയില്ല. കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനുള്ള ശ്രമങ്ങൾ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ഇപ്പോൾത്തന്നെ രണ്ടുമൂന്നു ജില്ലകളെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. നോൺ ഇലക്ട്രിഫൈഡായിട്ടുള്ളവർക്കാണ് മണ്ണെണ്ണ നൽകുന്നതെങ്കിലും ഇലക്ട്രി ഫൈഡായിട്ടുള്ളവർക്ക് ചെറിയ അളവിലുള്ള മണ്ണെണ്ണ കൊടുക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിനർഹതപ്പെട്ട മണ്ണെണ്ണ വിഹിതം പൂർണ്ണമായും നഷ്ടപ്പെട്ടു പോകുന്ന സാഹചര്യമുണ്ടാകും. ഈ വിഷയങ്ങളെല്ലാം ഗൗരവതരമായി ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണനയിലുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സംസ്ഥാനത്ത് മൂന്ന് ലക്ഷത്തിലധികമാളുകൾ ജോലി ചെയ്യുന്ന മേഖലയാണ് തോട്ടം മേഖല. എന്നാൽ എല്ലാ ബഡ്ജറ്റുകളിലും ഏറ്റവും കുറവ് പണം വകയിരുത്തുന്നത് തോട്ടം മേഖലയ്ക്കാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം മേഖലയെ സംരക്ഷിക്കാൻ പലപ്പോഴും മാറിമാറി വരുന്ന സർക്കാരുകൾ ജാഗ്രത കാണിക്കാറില്ല. എന്നാൽ, തികച്ചും വ്യത്യസ്തമായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിലും തോട്ടങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിലുമൊക്കെ ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രിയുടെ ഇടപെടലുണ്ടായിട്ടുണ്ട്. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്, ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ഒരു തോട്ടം പാക്കേജ് പ്രഖ്യാപിക്കുകയും അതിന്റെ രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതുമായി മുന്നോട്ടുപോകാൻ സാധിക്കണം; അല്ലെങ്കിൽ മൂന്ന് ലക്ഷത്തിലധികം വരുന്ന തൊഴിലാളികൾ കടുത്ത പ്രതിസന്ധിയിലാകും. ഇവിടെ ചില അംഗങ്ങൾ ചർച്ചയുടെ തുടക്കത്തിൽ തെറ്റിദ്ധാരണാജനകമായിട്ടുള്ള പ്രസ്താവനകൾ നടത്തി. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് തോട്ടം മേഖലയിലെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട എഗ്രിമെന്റുകളുണ്ടായത്. തെരഞ്ഞെടുപ്പ് ഫലം വരുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് നോട്ടിഫിക്കേഷൻ ഇറക്കിയതുമൂലം ഗൗരവതരമായ ധാരാളം അനോമലീസ് നിലനിൽക്കുകയാണ്. ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ചില ട്രേഡ് യൂണിയനുകൾ കോടതിയെ സമീപിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണം. കോട്ടമല, ബോണാമി, പീരുമേട് ടീ കമ്പനി തുടങ്ങിയ തോട്ടങ്ങൾ പൂട്ടിക്കിടക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 27 തോട്ടങ്ങൾ പൂട്ടിക്കിടന്നതിൽ പീരുമേട് ടീ കമ്പനിയൊഴികെ ബാക്കി തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ സഖാവ് വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ പാക്കേജ് പ്രയോജന

പ്പെട്ടുത്തിക്കൊണ്ട് പൂട്ടിയ തോട്ടങ്ങൾ തുറക്കുന്നതിനും തോട്ടങ്ങളുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനും സർക്കാരിന്റെ ഇടപെടലും സഹായവുമുണ്ടാകണം.

ഭവന പദ്ധതിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഭവന പദ്ധതിയടക്കമുള്ള വിഷയങ്ങളിൽ തീർച്ചയായും അങ്ങയുടെ ശ്രദ്ധയുണ്ടാകണം. തോട്ടം പാക്കേജ് എന്നത് ഒരു സ്വപ്നത്തിനപ്പുറം യാഥാർത്ഥ്യമാകുമ്പോൾ തോട്ടം മേഖലയിൽ പുതിയ മുഖച്ഛായ സൃഷ്ടിക്കാൻ കഴിയും. തോട്ടം മേഖല അടക്കമുള്ള തൊഴിൽ മേഖലയെ ഗൗരവതരമായി കാണണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

2.00 PM]

പ്രൊഫ. കെ. യു. അരുണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. പോലീസ് സ്റ്റേഷനുകളിൽ മുഖ്യമന്ത്രി മൂന്നാം മുറ നടത്തുന്നു എന്നാണ് ഇവിടെ വന്ന ഒരു പരാമർശം. അടിയന്തരാവസ്ഥക്കാലത്ത് ശ്രീ. പിണറായി വിജയന് പോലീസുകാർ നല്ല രൂപത്തിൽ സദ്യ ഒരുക്കിക്കൊടുത്തു. അതിനുശേഷം അദ്ദേഹം അസംബ്ലിയിൽ ആ പ്രശ്നം അവതരിപ്പിച്ചു. അന്ന് ഭരണപക്ഷത്തുണ്ടായിരുന്ന യു.ഡി.എഫ്.-കാരടക്കം സഖാവ് പിണറായി വിജയന്റെ വിവരണം കേട്ട് കരഞ്ഞവരാണ്. പക്ഷേ അന്നും ചില പത്രങ്ങൾ എഴുതി "സഖാവ് പി. കൃഷ്ണപിള്ളയെ കടിച്ച പാമ്പ് ഏത്, പിണറായി വിജയനെ തല്ലിയ പോലീസ് ഏത്?" രണ്ടിന്റേയും അർത്ഥ തലങ്ങളിലേയ്ക്കും അർത്ഥ ഭേദങ്ങളിലേയ്ക്കും അർത്ഥ രുചിയിലേയ്ക്കും കയറിപ്പോകാനുള്ള ഹൃദയവിശാലത ശ്രോതാക്കൾ പ്രകടിപ്പിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് ആ ഭാഗം ഞാൻ നിർത്തുകയാണ്.

ഈ വർഷത്തെ ഓണക്കാലം സമൃദ്ധമായിരുന്നു. ജനപ്രതിനിധികളെന്ന നിലയിൽ നമ്മൾ എല്ലാ സ്ഥലത്തും പോകുന്നവരാണ്. അതുകൊണ്ട് നമുക്ക് കാര്യങ്ങളറിയാം. മലയാളത്തിലെ വളരെ പ്രസിദ്ധമായ ഒരു നാടകം ആരംഭിക്കുന്നത് ഇപ്രകാരമാണ്. ഒരു ദിവസത്തെ ജോലി കഴിഞ്ഞ് വന്നതിനുശേഷം ഭർത്താവും ഭാര്യയും അന്നത്തെ വിശേഷങ്ങൾ പറയും, അതിനുശേഷം ഭക്ഷണം കഴിക്കാമെന്ന് പറഞ്ഞ് ചോറെടുക്കുമ്പോഴാണ് ഭാര്യ എനിക്ക് വിശക്കുന്നു എന്ന് പറയുന്നത്. ആ സമയം ഒരാൾക്കുള്ള ഭക്ഷണം മാത്രമേയുള്ളൂ. ഞാൻ ഉദ്ദേശിക്കുന്നത്, മറ്റുള്ളവർക്ക് വിശക്കുമ്പോൾ, മറ്റുള്ളവർക്ക് ദാഹിക്കുമ്പോൾ, മറ്റുള്ളവർ പ്രശ്ന സങ്കീർണ്ണതകളിൽപ്പെട്ട് ഉഴലുമ്പോൾ, മറ്റുള്ളവർ ലൗകീകജീവിതത്തിന്റെ പാരാവാരങ്ങളിൽ കിടന്ന് നട്ടം തിരിയുമ്പോൾ,

നിദ്രാവിഹീനങ്ങളായ, ഉറക്കമില്ലാത്ത രാത്രികൾ ചെലവഴിക്കാൻ വിധിക്കപ്പെട്ടവരാണ് നമ്മളെപ്പോലുള്ളവർ. ഞാൻ സൂചിപ്പിച്ചുവരുന്നത് ഇപ്രാവശ്യത്തെ ഓണക്കാലം കണ്ടപ്പോൾ വലിയ സന്തോഷമായി. ഇപ്പോൾ എല്ലാവരുടെ കയ്യിലും കാശാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാവരുടെയും വീട്ടിൽ പെൻഷൻ കൊണ്ടുകൊടുക്കുന്നതിനാൽ എല്ലാവരും സാധനങ്ങൾ വാങ്ങിക്കുകയും ജനങ്ങളുടെ വിശപ്പും ദാഹവും തീരുകയും നല്ല ഉറക്കം കിട്ടുന്ന സ്ഥിതിയുണ്ടാകുകയും ചെയ്യുന്നു. ഏദൻ തോട്ടത്തെപ്പറ്റി പരാമർശിച്ചയാൾ ഇപ്പോൾ ഇവിടെയില്ല. ഏദൻ തോട്ടത്തിലെ ആ കനി തിന്നാൽ എന്താണ് കുഴപ്പം; അങ്ങനെയല്ലേ മനുഷ്യൻ ചിന്തിക്കുകയുള്ളൂ? അതിൽ ചില മാർക്സിസവും ലെനിനിസവുമൊക്കെയുണ്ട്. അതാണല്ലോ പുരോഗമനം, അതാണല്ലോ മുന്നോട്ടുള്ള പഥം, അതാണല്ലോ നമ്മുടെ മാർഗ്ഗം, അതാണല്ലോ വഴി. പക്ഷേ ഏദൻ തോട്ടത്തിൽനിന്ന് ആദവും ഹവ്വയും താഴെവന്നത് നേരത്തെ പറഞ്ഞ രൂപത്തിലല്ല. എം. ഗോവിന്ദൻ എന്ന വളരെ പ്രസിദ്ധനായ മലയാളത്തിലെ ആദ്യകാല നിരൂപകൻ പറഞ്ഞിട്ടുള്ളത്, അങ്ങനെ മനുഷ്യൻ ഭൂമിയിൽ വന്നു; മണ്ണിലും ഹവ്വയുടെ ഗർഭപാത്രത്തിലും വിത്തു പാകി എന്നാണ്.

എക്സൈസ് വകുപ്പിനെ സംബന്ധിച്ച് പറയാം. നല്ലൊരു ശതമാനം കുട്ടികളും കഞ്ചാവ്, ചരസ്സ്, പാൻമസാല, പാൻപരാഗ് തുടങ്ങിയവ ഉപയോഗിക്കുന്നുണ്ട്. ആരും അതിനുനേരെ കണ്ണടച്ചിട്ട് കാര്യമില്ല. കാരണം അന്വേഷിച്ചാലറിയാം. നമ്മൾ കണ്ണടച്ചാലും കേരളത്തിലെ പ്രൊഫഷണൽ ആന്റ് അമച്വർ തിയേറ്ററും മറ്റും ഈ വിഷയം സജീവമായിട്ടെടുത്തിട്ടുണ്ട്. മിക്കവാറും നാടകങ്ങളിലെ വിഷയം ഇതു തന്നെയായിരുന്നു. കുട്ടികൾ മയക്കുമരുന്നിന് വിധേയരാകുന്നതും അമ്മയും അച്ഛനും തിരിച്ചറിയാതിരിക്കുന്നതും ജനാധിപത്യ ബോധത്തിന്റെ നാശവുമൊക്കെ ഈ നാടകങ്ങളിൽ വരുന്നുണ്ട്. എക്സൈസ് എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാനുള്ള നടപടി സ്വീകരിക്കണം. വിദ്യാർത്ഥികൾ മയക്കുമരുന്നിന് അടിമപ്പെടുന്നത് തടയാനും ഈ വിഷയത്തിൽ ബോധവൽക്കരണം നടത്താനും ആവശ്യമായ നടപടി സ്വീകരിക്കണം. അതിന് ഈ സർക്കാർ പ്രാധാന്യം കൊടുക്കുന്നുണ്ടെന്നുകൂടി ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്.

തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നിശ്ചിത ദിവസങ്ങളിൽ തൊഴിൽ കിട്ടുന്നില്ല, ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയവയില്ല; പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. അസംഘടിത മേഖലയിലെ, പ്രത്യേകിച്ചും സ്ത്രീകളെ, ബാധിക്കുന്ന പ്രശ്നങ്ങളിൽ കൂടുതൽ ഊന്നൽ കൊടുക്കേണ്ടതുണ്ട്. തൊഴിലില്ലാതെ ചെറുപ്പക്കാർ

തെരുവാധാരമായി തുടരുന്ന ഒരു നാടാണ് കേരളം. മലയാളത്തിലെ പ്രശസ്തനും പ്രഗത്ഭനുമായ നാടകകൃത്ത് എസ്.എൽ. പുരം സദാനന്ദന്റെ കഥയാണ് 'സിംഹം ഉറങ്ങുന്ന കാട് '. ആ കഥയിൽ, സഹോദരന്മാർ പരസ്പരം ചർച്ച ചെയ്യുന്ന ഒരു ഭാഗമുണ്ട്. അച്ഛൻ നാളെ റിട്ടയർ ചെയ്യും, വീണ്ടും പറയുകയാണ് അച്ഛൻ നാളെ റിട്ടയർ ചെയ്യും. അതിനെന്താണ്? നമുക്കറിയാമല്ലോ അച്ഛൻ നാളെ റിട്ടയർ ചെയ്യുമെന്ന്. അതിൽ ചേട്ടൻ പറയുകയാണ് നാളെയല്ലേ റിട്ടയർ ചെയ്യുകയുള്ളൂ, നമുക്ക് അച്ഛനെ തട്ടാം. അച്ഛനെ തട്ടിയാൽ, ഡൈയിംഗ്-ഇൻ-ഹാർനസ്സിൽ ജോലി ആർക്കെങ്കിലും ഒരാൾക്ക് കിട്ടും. തൊഴിലില്ലായ്മ അത്രത്തോളം രൂക്ഷമായിരിക്കുന്നു എന്നുള്ളതാണ് അത് സൂചിപ്പിക്കുന്നത്. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെ ആകാശത്തോളം ഉയർത്തിപ്പിടിക്കാനുള്ള വെമ്പലിന്റെ ഭാഗമായി കോഴിക്കോട് യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിലും സിൻഡിക്കേറ്റും മുന്നോട്ടുവരികയാണ്. ഞാനും അതിൽ ഭാഗഭാക്കാണ്. 1970-കളുടെ ആരംഭത്തിൽ, ബാച്ചിലർ ഓഫ് തിയേറ്റർ ആർട്ട്സിൽ ഒരു ഫസ്റ്റ് റാങ്കുകാരനുണ്ടായിരുന്നു. പേര് ഞാൻ പറയുന്നില്ല. പാഞ്ഞാലിലെ പയ്യനാണ്, അയാൾക്ക് ജോലിയൊന്നുമില്ല. വിശന്നപ്പോൾ ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചിട്ട് കാശുകൊടുക്കാനില്ലാതെ പതുക്കെ സ്ഥലം വിടാൻ നോക്കിയപ്പോൾ ഹോട്ടലുകാർ പിടികൂടി മർദ്ദിച്ചു. നാടകാഭിനയം അയാളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരുന്നതുകൊണ്ട് ആ സമയത്ത് അത്യാവശ്യം പൊട്ടൻ വേഷം കെട്ടാൻ അദ്ദേഹത്തിന് സാധിച്ചു. പക്ഷെ പോലീസുകാർ പിടിച്ച് ഭ്രാന്താശുപത്രി യിലെത്തിച്ചു. പക്ഷേ അയാൾ ഒരു ദിവസം ആശുപത്രിയുടെ മതിൽ ചാടിക്കടന്നെത്തിയത് അയാൾ പഠിച്ചിരുന്ന, ബാച്ചിലർ ഓഫ് തിയേറ്റർ ആർട്ട്സിൽ റാങ്ക് കിട്ടിയ സരസ്വതീ ക്ഷേത്രത്തിന്റെ നടയിലാണ്. തുടർന്ന് അവിടെയുള്ളവർ കൊടുത്ത വെള്ള വസ്ത്രമൊക്കെ ധരിച്ച് വീട്ടിൽ ചെന്ന് ഭക്ഷണം കൊണ്ടുവരാൻ കഴിഞ്ഞില്ല, ക്ഷമിക്കണമെന്ന് അച്ഛനോടും അമ്മയോടും പറഞ്ഞു. അതിനുശേഷം ആ ബി.റ്റി.എ. ഫസ്റ്റ് റാങ്കുകാരൻ ഒറ്റപ്പാലത്തിനും ഷൊർണ്ണൂരിനുമിടയ്ക്ക് പാഞ്ഞുവരുന്ന തീവണ്ടിയുടെ മുമ്പിൽ കൈകൂപ്പി നിന്നുകൊണ്ട് ഇഹലോകവാസം വെടിഞ്ഞു. അടിസ്ഥാന വർഗ്ഗങ്ങളുടെ മാനസികാവസ്ഥയിലേയ്ക്ക് തിരിഞ്ഞുനോക്കാനുള്ള ഒരു പ്രവണത, ആത്മധൈര്യം, ഹൃദയവിശാലത ഇതൊക്കെ പ്രകടിപ്പിക്കുമ്പോഴാണ് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതെന്നുള്ള കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുൻ സർക്കാരിന്റെ കാലത്ത് 2012, 2014, 2015 എന്നീ വർഷങ്ങളിൽ ധനാഭ്യർത്ഥനകൾ ചർച്ചയില്ലാതെയാണ് പാസ്സാക്കിയത്. ആ കാലഘട്ടത്തിൽ

ഫലപ്രദമായ പ്രതിപക്ഷ ഇടപെടൽ ഇല്ലാതെ പോയിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഇന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാൻ കഴിയട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

1988 മുതലാണ് ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങൾ പ്രവർത്തനമാരംഭിച്ചത്. ഒരു കോടതി നടപടിക്രമമല്ല അതിന്റെ ആക്ടിൽ പറയുന്നത്. സാധാരണക്കാരായ ഉപഭോക്താക്കൾ നേരിട്ടൊരു പരാതി കൊടുത്താൽ അത് മൂന്ന് മാസത്തിനുള്ളിൽ പരിഹരിക്കപ്പെടുമെന്ന് കരുതിയാണ് അവരെ സമീപിക്കുന്നത്. ഇപ്പോൾ ഒരു സാധാരണ കോടതിയുടെ പ്രവർത്തനം പോലെയാണ് നടക്കുന്നത്. നാലും അഞ്ചും വർഷങ്ങളായിട്ടും കേസ്സുകൾ തീർപ്പാകാതെ ഒരു സിവിൽ കോടതിയുടെ തലത്തിലേയ്ക്ക് അതിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. ഉപഭോക്താവിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. മറ്റൊരു വിഷയം ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ മൂന്ന് അംഗങ്ങളിൽ പ്രസിഡന്റും രണ്ട് അംഗങ്ങളും തമ്മിലുള്ള ശീതസമരം കാരണം പല കേസ്സുകളുടേയും വിധി പുറപ്പെടുവിക്കാൻ കാലതാമസം നേരിടുകയാണ്. ഫലത്തിൽ അതിന്റെ ലക്ഷ്യത്തിലെത്താൻ താമസം നേരിടുന്നുണ്ട്. എല്ലാ സർക്കാരുകളും ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിലെ അംഗങ്ങൾക്ക് നല്ല വേതനവും അത്യാവശ്യം വേണ്ട സൗകര്യങ്ങളും ജീവനക്കാരെയുമൊക്കെ നിയമിച്ചിട്ടുണ്ടെങ്കിലും ഒരു ഉപഭോക്താവ് അഞ്ഞൂറോ ആയിരമോ രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ട് അതിലെന്തെങ്കിലും തർക്കവുമായി പോയാൽ വലിയ കാലവിളംബം നേരിടുന്നുവെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുപോലെ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് വളരെയേറെ സൂക്ഷ്മതയും ജാഗ്രതയും പുലർത്തേണ്ടതാണ്. ബി.പി.എൽ. പട്ടികയിൽ അനർഹരായ ധാരാളം ആളുകൾ കടന്നുകൂടിയിട്ടുണ്ടാകും. അക്കാര്യങ്ങൾ കൃത്യസമയത്ത് പരിശോധിച്ച് പരമാവധി ആക്ഷേപങ്ങൾ കുറച്ചുകൊണ്ട് അർഹതപ്പെട്ട ഒരാളും പുറത്തുപോകാത്ത വിധത്തിൽ പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട എം. എം. മണി പറഞ്ഞ കാര്യം അങ്ങയെ ബോധ്യപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര സർക്കാർ ഇത്ര പേർക്കേ ആനുകൂല്യം നൽകുവെന്ന് പറഞ്ഞാൽ അതിനപ്പുറവും അർഹതപ്പെട്ട ആളുകളുണ്ടെങ്കിൽ അവർക്കും ഇതുപോലെയുള്ള സൗകര്യങ്ങൾ നൽകുന്നതിനു വേണ്ടി, സംസ്ഥാന സർക്കാർ കുറച്ച് സാമ്പത്തിക ബാധ്യത ഏറ്റെടുത്തിട്ടാണെങ്കിലും അർഹതപ്പെട്ട ആളുകൾ ലിസ്റ്റിൽ നിന്നും പുറത്ത് പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

മദ്യനിരോധനമാണ് ഇവിടെ പല കുഴപ്പങ്ങളുമുണ്ടാക്കിയതെന്ന രീതിയിലാണ് പല അംഗങ്ങളും സംസാരിച്ചത്. മദ്യനിരോധനം കാരണമാണ് ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞതെന്നും പറയുകയുണ്ടായി. ഇക്കാര്യങ്ങളിലെല്ലാം

നിഷ്പക്ഷമായ വിലയിരുത്തൽ ആവശ്യമാണ്. കേരളം മാത്രമല്ല ബീഹാർ അടക്കമുള്ള പല സംസ്ഥാനങ്ങളും സമ്പൂർണ്ണ മദ്യനിരോധനത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. മദ്യ നിരോധനത്തിന്റെ നേട്ടവും കോട്ടവും നാം വിലയിരുത്തണം. "വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം" എന്ന് പറഞ്ഞതുപോലെ മദ്യനിരോധനം ദു:ഖമുള്ള കാര്യം തന്നെയാണ്. ആക്ഷേപങ്ങളെല്ലാം താൽക്കാലികം മാത്രമാണ്. ആരോപണങ്ങളിൽ പേടിച്ച് മദ്യം സാർവ്വത്രികമാക്കാനുള്ള നടപടിയിൽനിന്നും സർക്കാർ പിന്തിരിയണ മെന്നാണ് പറയാനുള്ളത്. കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവുണ്ടായെന്ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിതന്നെ ഒരിക്കൽ പറയുകയുണ്ടായി. മദ്യനിരോധനം ടൂറിസം മേഖലയെ ബാധിച്ചിട്ടുണ്ട്. അതിനേക്കാൾ ടൂറിസം മേഖലയെ ബാധിച്ച മറ്റൊരു പ്രശ്നമാണ് തെരുവു നായ്ക്കളുടെ ആക്രമണം. തെരുവുനായ്ക്കളുടെ ആക്രമണം ഇംഗ്ലീഷ് മാധ്യമങ്ങളുൾപ്പെടെ ദേശീയ മാധ്യമങ്ങളിൽ വലിയ പ്രാധാന്യമുള്ള വാർത്തകളായിട്ടാണ് റിപ്പോർട്ട് ചെയ്യുന്നത്. കേരളത്തിൽ മാത്രം തെരുവുനായ പ്രശ്നം രൂക്ഷമാകാൻ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വരെ ചോദിക്കുകയുണ്ടായി. കോടതിപോലും അങ്ങനെ പറയുമ്പോൾ അക്കാര്യം നമ്മൾ പരിശോധിക്കേണ്ടതല്ലേ? കേരളത്തിൽ ഒന്നുരണ്ട് പാവപ്പെട്ട സ്ത്രീകളെ നായ കടിച്ചുകൊന്ന സ്ഥാനത്ത് ഏതെങ്കിലും വിദേശ ടൂറിസ്റ്റിനെയാണ് തെരുവുനായ കടിച്ചുകൊന്നതെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? കോവളം പോലുള്ള ടൂറിസം മേഖലകളിൽ നേരിടുന്ന ഗുരുതരമായ വിഷയമാണ് നായകളുടെ പ്രശ്നം. അങ്ങനെയുള്ള വിഷയങ്ങൾകൂടി നിയന്ത്രിക്കാൻ നമുക്ക് കഴിയണം. കഴിഞ്ഞതവണ ഞാൻ ഈ വിഷയം സൂചിപ്പിച്ചപ്പോൾ പറഞ്ഞത് സ്വന്തം റിസ്കിൽ വേണമെങ്കിൽ പട്ടികളെ കൊല്ലാമെന്നാണ്. എനിക്ക് റിസ്കെടുക്കാൻ കഴിയുമോ? ഉത്തരവാദപ്പെട്ട സർക്കാരാണ് അത് നിയന്ത്രിക്കേണ്ടത്. ഏത് മേഖലയിലായാലും സുരക്ഷിതമായ ജീവിതം ഉറപ്പാക്കാനുള്ള ബാധ്യത നമുക്കില്ലേ?

അതുപോലെ മാറിമാറി അധികാരത്തിൽവന്ന സർക്കാരുകൾക്ക് പ്രവാസികളോട് വേണ്ടത്ര നീതി പുലർത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്. യഥാർത്ഥത്തിൽ അവരെ വേണ്ടത്ര സപ്പോർട്ട് ചെയ്യാൻ നമുക്ക് കഴിയുന്നില്ല. അവരുടെ പ്രശ്നങ്ങൾ എന്താണെന്ന് നാം തിരിച്ചറിയേണ്ടി യിരിക്കുന്നു. കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിച്ച് ഗൾഫിലും മറ്റ് വിദേശ നാടുകളിലും പണിയെടുക്കുന്ന മലയാളികളുടെ കണക്കെടുക്കുമെന്ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലിന്റെ മറുപടി പ്രസംഗത്തിൽ പറയുകയുണ്ടായി. കുടുംബശ്രീക്ക് ഒരു പണി കൊടുക്കാമെന്നല്ലാതെ അതൊന്നും യാഥാർത്ഥ്യമാകില്ല. അത്തരത്തിലൊരു കണക്കെടുക്കണമെങ്കിൽ അവിടെയുള്ള

ഇന്ത്യൻ എംബസിയെ സമീപിച്ച്, കെ.എം.സി.സി, പ്രവാസി കോൺഗ്രസ്, ഒ.ഐ.സി.സി. പോലുള്ള സംഘടനകളെ ഉത്തമ വിശ്വാസത്തിലെടുത്ത് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. കഴിഞ്ഞതവണ സൗദി അറേബ്യയിൽ 'നിതാഖാത് നിയമവുമായി ബന്ധപ്പെട്ട് പ്രവാസി മലയാളികളെല്ലാം വഴിയാധാരമാകാൻ പോകുന്നുവെന്ന് പറഞ്ഞ് വലിയ പ്രശ്നങ്ങളുണ്ടായി. അത് കേട്ടപ്പോൾ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പത്രമാധ്യമങ്ങളിലൂടെ പറഞ്ഞത്, "ഞാനിതാ പുറപ്പെടാൻ പോകുകയാണെന്നാണ്." അപ്പോൾ കേരളത്തിലെ ആളുകൾ മാത്രമല്ല വിദേശത്തുള്ളവരും വളരെ പ്രതീക്ഷയോടുകൂടിയാണ് കാത്തിരുന്നത്. അദ്ദേഹം അവിടെ എത്തുമെന്നാണ് വിചാരിച്ചത്. മാത്രമല്ല, സഹായമില്ലെങ്കിലും കേരളത്തിൽനിന്നും ഒരു മന്ത്രി ഞങ്ങളുടെ കാര്യങ്ങൾ ചോദിക്കാനും പറയാനും വരുന്നുണ്ടെന്ന് കേട്ടപ്പോൾ പ്രത്യേകിച്ച് മലയാളികളെ സംബന്ധിച്ച് ഒരാശ്വാസമായിരുന്നു. പക്ഷേ അദ്ദേഹം അവിടേയ്ക്ക് പോകുമെന്ന് പറഞ്ഞിട്ട് അവസാനമെന്താണുണ്ടായത്? ഓരോ ചാനലുകളും ലൈവായി അദ്ദേഹത്തോട് ഇപ്പോൾ എവിടെയാണ് എന്നന്വേഷിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞത്, ഞാനിപ്പോൾ എന്റെ ഓഫീസിലാണെന്നാണ്. അങ്ങ് എവിടേയ്ക്ക് പോകുന്നുവെന്ന് ചോദിച്ചപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ പോകുന്നുവെന്നും പറഞ്ഞു, മുഖ്യമന്ത്രിയെ കാണാൻ പോയി. ഇപ്പോൾ അങ്ങ് എന്ത് ചെയ്യാൻ പോകുന്നുവെന്ന് ചോദിച്ചപ്പോൾ പറഞ്ഞത്, എനിക്ക് പാസ്പോർട്ട് കിട്ടിയിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. അദ്ദേഹത്തിന് പാസ്പോർട്ട് വാങ്ങിക്കൊടുക്കുകയെന്നത് സാധാരണക്കാരായ പ്രവാസികളുടെ കടമയാണോ? ഡിപ്ലോമാറ്റിക് പാസ്പോർട്ടാണെങ്കിലും സാധാരണ പാസ്പോർട്ടാണെങ്കിലും അദ്ദേഹം അതിനുവേണ്ടി റിസ്ക്കെടുക്കണ്ടേ? അതുപോലും ചെയ്തില്ലെന്ന് മാത്രമല്ല അദ്ദേഹം നേരെ പുറപ്പെട്ടത് വളാഞ്ചേരിയിലേയ്ക്കായിരുന്നു. വിമാനത്താവളത്തിൽ സ്വീകരിക്കാൻ കാത്തിരുന്ന പ്രവാസി മലയാളികൾക്ക് അദ്ദേഹം വളാഞ്ചേരിയിൽ എത്തിയെന്ന വാർത്തയായിരുന്നു കിട്ടിയത്. ഇത് നാണക്കേടല്ലേ? ഒരു പാസ്പോർട്ട് കിട്ടിയില്ലെങ്കിൽ അത് വാങ്ങാനുള്ള മിടുക്ക് കാണിക്കണമായിരുന്നു. പ്രവാസികളുടെ കാര്യം ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെങ്കിലും ഈ നാടകീയതയെങ്കിലും ഒഴിവാക്കേണ്ടതായിരുന്നു.

അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് വലിയ വിജയമാണുണ്ടായതെന്ന് കുറച്ചുമുമ്പ് ശ്രീ. മുരളി പെരുനെല്ലി പറഞ്ഞു, നിങ്ങൾ വിജയ കാലഘട്ടത്തിലാണെന്നതിൽ സംശയമില്ല. അത് സ്വാഭാവികമായ വിജയമാണ്. രണ്ടോ മൂന്നോ സീറ്റ് നിലനിർത്തിയെന്ന് പറയുന്നുണ്ട്. ശ്രീ. വി. കെ. സി. മമ്മത് കോയ ഈ അസംബ്ലിയിലേയ്ക്ക് വന്നപ്പോൾ കോഴിക്കോട് നഗരസഭാ മേയറായിരുന്നു.

അദ്ദേഹം കഴിഞ്ഞതവണ നല്ല ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. പക്ഷേ ഈയിടെ വന്ന റിസൽട്ടിൽ 422 വോട്ടിന് ശ്രീ. വി. കെ. സി. മമ്മത് കോയ മൽസരിച്ച സിറ്റിംഗ് സീറ്റ് നഷ്ടപ്പെട്ടുവെന്നതാണ്. Your days are being counted എന്ന രീതിയിൽ ഒരു തിരിഞ്ഞുനോട്ടത്തിന് സമയമായിരിക്കുന്നു. ശ്രീ. വി. കെ. സി. മമ്മത് കോയയുടെ തകരാറ് കൊണ്ട് സംഭവിച്ചതല്ല. അദ്ദേഹം മാന്യനായ ഒരു മെമ്പറാണ്. പക്ഷേ അങ്ങനെയുള്ള ഒരു മെമ്പർക്ക് അക്കോമഡേഷൻ കൊടുക്കാത്തതുകൊണ്ടാണോ, അവിടെ പ്രവർത്തിക്കേണ്ട അദ്ദേഹത്തെ സ്ഥലം മാറ്റി കൊണ്ടുവന്നതിനാണോ എന്നറിയില്ല, അവിടെയുള്ള ജനങ്ങൾ ക്ഷോഭത്തിലാണ്. ഞങ്ങൾ കഴിഞ്ഞ തവണ തോറ്റയിടത്ത് 422 വോട്ടിന് ജയിച്ചു എന്നുപറയുന്നത് ഒരു ചെറിയ കാര്യമാണോ? അതുകൊണ്ട് ഇങ്ങനെയുള്ള തെറ്റുകൾ തിരുത്താൻ നിങ്ങൾ നോക്കണം.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവാസി സമൂഹം ബുദ്ധിമുട്ടനുഭവിച്ചപ്പോൾ ലിബിയയിലും മറ്റ് വിദേശ രാജ്യങ്ങളിലുമൊക്കെ അന്വേഷിച്ച് കാര്യങ്ങൾ മോണിറ്റർ ചെയ്ത്, എംബസിയുമായും കേന്ദ്ര പ്രവാസികാര്യ മന്ത്രി ശ്രീമതി സുഷമാ സ്വരാജുമായും ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിച്ചു. ഞങ്ങൾക്കുള്ള അധികാര പരിമിതികൾ മനസ്സിലാക്കി മാത്രമേ അന്നത്തെ പ്രവാസികാര്യ മന്ത്രി പ്രതികരിച്ചുള്ളൂ. പ്രവാസികൾക്ക് വേണ്ടത് രോദനമല്ല, അവരെ സഹായിക്കുന്ന നടപടികളും നിയമനിർമ്മാണങ്ങളുമാണ്.

മറ്റൊന്ന്, വിമാന യാത്രാക്കൂലിയെപ്പറ്റി ഇവിടെ പറഞ്ഞു. സീസൺ സമയത്ത് അമേരിക്കയിലേയ്ക്കും ബ്രിട്ടനിലേയ്ക്കുമുള്ള യാത്രാനിരക്ക് കൂട്ടുന്നില്ല. പാവപ്പെട്ട മലയാളികൾ പണിയെടുക്കുന്ന ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള യാത്രാനിരക്ക് ഓണമായാലും ക്രിസ്തുമസ്സായാലും പെരുനാളായാലും ഇരട്ടിയായി വർദ്ധിപ്പിക്കുകയാണ്. എന്തായാലും മലയാളികൾ നാട്ടിൽ വരുമെന്നറിയാം. ഇത്തരം കൊള്ളയ്ക്കെതിരായി അതിശക്തമായ പോരാട്ടം നടത്തിയ മന്ത്രിമാരൊക്കെ ഇവിടെയുള്ളതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്യണം. മാത്രമല്ല, മുമ്പ് കേന്ദ്ര സർക്കാരിനെതിരെ വലിയ സമരങ്ങളാണ് നിങ്ങൾ നടത്തിയിരുന്നത്. ഇപ്പോൾ സമരങ്ങളൊന്നും കാണുന്നില്ല. ഭക്ഷ്യകമ്മി വന്നാലും മറ്റ് പ്രശ്നങ്ങളുണ്ടായാലും കേന്ദ്ര സർക്കാരിനെതിരെ യാതൊരു സമരപരിപാടികളും കാണുന്നില്ല. കേന്ദ്രത്തിനെതിരായുള്ള സമരങ്ങൾക്ക് എത്രകാലമാണ് നിങ്ങൾ മൊറട്ടോറിയം പ്രഖ്യാപിച്ചതെന്ന കാര്യം കൂടി പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഭക്ഷ്യ ഭദ്രതാ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിർഭാഗ്യകരമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന് ന്യായമായി ലഭ്യമാക്കേണ്ട ഭക്ഷ്യധാന്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന സാഹചര്യമാണ് ഇന്ന് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കാൻ വൈകുന്നതുകൊണ്ടാണ് ഭക്ഷ്യധാന്യങ്ങൾ കുറയ്ക്കുന്നതെന്നാണ് അതിന് ന്യായം പറയുന്നത്. എ.പി.എൽ. വിഭാഗങ്ങൾക്ക് എം.എസ്.പി. റേറ്റിലേ നൽകുകയുള്ളു; അഡീഷണൽ അലോട്ട്മെന്റ് നൽകില്ല എന്നീ വാദഗതികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുകയാണ്. എൻ.എഫ്.എസ്.എ. നടപ്പിലാക്കിയിട്ടുള്ള എല്ലാ സംസ്ഥാനങ്ങളും അഡീഷണൽ അലോട്ട്മെന്റും എ.പി.എൽ. അലോട്ട്മെന്റും നൽകുന്നത് എം.എസ്.പി. റേറ്റിലാണ്. എ.പി.എൽ. റേറ്റിൽ ഒരു സംസ്ഥാനത്തും നൽകുന്നില്ലെന്നുള്ളത് വസ്തുതയാണ്. ഈ നിയമം നടപ്പിലാക്കിക്കഴിയുമ്പോൾ നമുക്ക് ലഭ്യമാകുന്ന ഭക്ഷ്യധാന്യം 14.25 ലക്ഷം ടണ്ണാണ്. ഞാൻ നിയമസഭയിൽ ഉന്നയിച്ച ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയത് "ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ ഭക്ഷ്യധാന്യത്തിൽ കുറവുണ്ടാകും" എന്നാണ്. 2015-16 കാലയളവിൽ നമുക്ക് ലഭിച്ചത് ഏകദേശം 16 ലക്ഷം ടൺ ഭക്ഷ്യധാന്യമാണ്. ഈ നിയമം നടപ്പിലാക്കിക്കഴിയുമ്പോൾ അത് 14.25 ലക്ഷം ടണ്ണായി കുറയാൻ പോകുകയാണ്. നിയമം നടപ്പിലാക്കിക്കഴിയുമ്പോഴുണ്ടാകുന്ന കുറവ് എങ്ങനെ പരിഹരിക്കാനാണ് സർക്കാർ ആലോചിക്കുന്നത്? സംസ്ഥാനത്തിന്റെ ക്ലെയിമായ 16.5 ലക്ഷം ടൺ എന്നതിൽ യു.ഡി.എഫ്. സർക്കാർ ശക്തമായി നിന്നിട്ടുണ്ട്. ആ ക്ലെയിം തുടർന്നും മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. ഇന്ന് രാവിലെ നൽകിയ മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, നിയമം സമയത്ത് നടപ്പിലാക്കിയിരുന്നുവെങ്കിൽ ആ ക്ലെയിം നമുക്ക് ചോദിക്കാമായിരുന്നു, ഇനി എങ്ങനെ ചോദിക്കും എന്നാണ്. ഇങ്ങനെ പറയുമ്പോൾ നമുക്ക് കിട്ടേണ്ട കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാകുകയാണ്. അത്തരമൊരു നിലയിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു. സർക്കാർ എന്നത് ഒരു തുടർച്ചയാണ്. പാർട്ടികൾ മാറിമാറി വരും, നമ്മുടെ ക്ലെയിം ശക്തമായി നിൽക്കുകയാണ്. മന്ത്രി പറയുന്നത്, നിയമം സമയത്ത് നടപ്പിലാക്കിയിരുന്നുവെങ്കിൽ ആ ക്ലെയിമിൽ നമുക്ക് ഉറച്ച് നിൽക്കാമായിരുന്നു എന്നാണ്. അതിൽ നിന്ന് പിന്നോട്ടുപോകുന്ന സാഹചര്യം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകരുതെന്ന് ഈയവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. നിയമം താല്ക്കാലികമായി നടപ്പിലാക്കി പോകാൻ കഴിയില്ല. കേന്ദ്ര സർക്കാരുമായി നടത്തിയ വിവിധ ചർച്ചകളിലും കത്തിടപാടുകളിലുമൊക്കെ ഞങ്ങൾ മുമ്പോട്ടുവച്ചിരുന്ന വിഷയവും അത് തന്നെയായിരുന്നു. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും ഈ നിയമം നടപ്പിലാക്കിയിട്ടുള്ളത് ഭാഗികമായിട്ടോ

അല്ലെങ്കിൽ നിലവിലുള്ള അവരുടെ ബി.പി.എൽ. ലിസ്റ്റ് പ്രയോറിറ്റിയാക്കിയോ ആണ്. അങ്ങനെ നിയമം നടപ്പിലാക്കാമായിരുന്നുവെങ്കിൽ 2014-ൽത്തന്നെ ഈ നിയമം നടപ്പിലാക്കാൻ നമുക്ക് കഴിയുമായിരുന്നു. എല്ലാ നിയമസഭാ സാമാജികർക്കും അറിവുള്ളതുപോലെ, നമ്മുടെ ബി.പി.എൽ. ലിസ്റ്റിൽ അപാകതകളുണ്ട്. ആ ലിസ്റ്റ് മുൻഗണനാ പട്ടികയാക്കി വയ്ക്കുമ്പോൾ ഇത്രയും നാൾ തുടർന്നുവന്ന തെറ്റ് വീണ്ടും ആവർത്തിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് ബി.പി.എൽ. ലിസ്റ്റിൽ അപാകതകളുള്ളതിനാൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്ന് നടപ്പാക്കണമെന്നാണ് സർക്കാർ ആഗ്രഹിച്ചത്. അതിനനുസൃതമായിട്ടായിരുന്നു കഴിഞ്ഞ സർക്കാർ നടപടികളുമായി മുന്നോട്ടുപോയത്. സ്വാഭാവികമായും അതിന് സമയമെടുക്കും. യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് ഒന്നും ചെയ്തില്ലെന്ന പരാമർശം തികച്ചും ദൗർഭാഗ്യകരമാണ്. നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്തുവെന്ന് ഞാൻ ചോദിച്ചതിന് ഈ സർക്കാർ നൽകിയ മറുപടിയുണ്ട്. ഞങ്ങൾ ചെയ്ത കാര്യങ്ങൾ ഇവിടെ ആവർത്തിക്കുന്നില്ല. സജീവമായി ഈ നിയമം നടപ്പിലാക്കാനുള്ള നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിരുന്നു. അത് കൃത്യതയോടെ കൊണ്ടുവരണം. പരാതി പരിഹാര സംവിധാനങ്ങൾ കൊണ്ടുവരണം. ഗ്രിവൻസ് റിഡ്രസ്സൽ മെക്കാനിസത്തിൽ 17 തസ്തികകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ചു, കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് ഞാൻ ചോദിച്ചിരുന്നു. നമുക്ക് ലഭ്യമായിരിക്കുന്ന ഭക്ഷ്യധാന്യം നിലനിർത്തി മുന്നോട്ടുപോകാനുള്ള സാഹചര്യങ്ങളുണ്ടാകണം. ഈ നിയമം നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യമായി അരി കൊടുക്കണം. ചോദ്യോത്തരവേളയിൽ അതുസംബന്ധിച്ച് പരിശോധിക്കുമെന്നാണ് മന്ത്രി പറഞ്ഞത്. യു.ഡി.എഫ്. സർക്കാർ ബി.പി.എൽ. വിഭാഗങ്ങൾക്ക് സൗജന്യമായി അരി നൽകിയിരുന്ന പദ്ധതി തുടരണം. മുൻഗണനാ വിഭാഗമായി വരുമ്പോൾ അവർക്ക് സൗജന്യമായി അരി നൽകാനുള്ള സാഹചര്യം ഇവിടെയുണ്ടാകണം.

അതുപോലെ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ വൈകുന്നതെന്തുകൊണ്ടാണ്? ഇപ്പോൾ നെല്ലിന്റെ താങ്ങുവില 14.70 രൂപയായി കേന്ദ്ര സർക്കാർ നിജപ്പെടുത്തി. കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചപ്പോഴെല്ലാം എന്തുകൊണ്ടാണ് വില വർദ്ധിപ്പിക്കാത്തതെന്ന് പല പ്രാവശ്യവും ഞങ്ങളോട് ചോദിക്കുമായിരുന്നു. കേന്ദ്ര സർക്കാർ എപ്പോഴൊക്കെ വില വർദ്ധിപ്പിച്ചാലും ഞങ്ങളും അതിനനുസരിച്ച് വർദ്ധിപ്പിച്ചിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാനുള്ള നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിക്കണം.

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒരു മണി അരിപോലും കേരളത്തിൽ കുറവുണ്ടായിട്ടില്ല. ഇപ്പോൾ മണ്ണെണ്ണ കുറഞ്ഞു. ഭക്ഷ്യ ഭദ്രതാ നിയമവുമായി

മണ്ണെണ്ണയ്ക്ക് ഒരു ബന്ധവുമില്ല. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കാൻ വൈകുന്നുവെന്നുള്ളതുകൊണ്ടാണ് ഇവിടത്തെ റേഷൻ സംവിധാനത്തിൽ പ്രശ്നങ്ങൾ വരുന്നതെന്ന് പറയുമ്പോൾ എന്തുകൊണ്ട് മണ്ണെണ്ണയുടെ അളവ് കുറഞ്ഞു? എന്തുകൊണ്ടാണ് ഈ സർക്കാരിന് സ്കൂൾ കുട്ടികൾക്ക് 5 കിലോ അരി സൗജന്യമായി കഴിഞ്ഞ ഓണക്കാലത്ത് കൊടുക്കാൻ കഴിയാതിരുന്നത്? അതൊക്കെ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കാൻ വൈകുന്നത് കൊണ്ടാണോ? എവിടെയൊക്കെയോ പാളിച്ചകൾ സംഭവിക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. 34000 കിലോ ലിറ്റർ മണ്ണെണ്ണ എൻ.ഡി.എ. സർക്കാർ നിർത്തലാക്കി. കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തി അത് പുന:സ്ഥാപിച്ചെടുക്കാൻ മുൻ സർക്കാരിന് കഴിഞ്ഞു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അരിയുടെയോ മണ്ണെണ്ണയുടെയോ വിഹിതത്തിൽ ഒരു കുറവും വരാൻ അനുവദിച്ചിരുന്നില്ല. ആവശ്യമായ സമയങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്തി ഞങ്ങൾ മുന്നോട്ടുപോയിരുന്നുവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത്തരത്തിലുള്ള പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മുന്നോട്ടുപോകാൻ സർക്കാരിന് കഴിയണം.

ഇപ്പോൾ റേഷൻ കാർഡുകളുടെ പരാതി സ്വീകരിക്കുന്ന സമയമാണ്. എന്തായാലും പഴയ ബി.പി.എൽ. കാർഡ് മുൻഗണനാ കാർഡാക്കി അടുത്ത മാസം 1-ാം തീയതി മുതൽ നിയമം കൊണ്ടുവരാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അങ്ങനെയാണെങ്കിൽ റേഷൻ കാർഡുകളിന്മേലുള്ള പരാതികൾക്കുള്ള സമയം ദീർഘിപ്പിച്ചുകൊടുക്കാൻ സർക്കാർ തയ്യാറാകണം. ഈ മാസം 30-ാം തീയതി വരെയേ സമയമുള്ളൂ. പഴയ കാർഡ് നിയമം വച്ച് നടപ്പിലാക്കുന്നതിനാൽ ഇപ്പോഴുള്ള റേഷൻ കാർഡുകളിൽ വരുന്ന പരാതികൾ കേൾക്കാനും പരിഹരിക്കാനുമായി ആവശ്യമായ സമയം കൊടുക്കണം. കേന്ദ്രത്തിൽ നിന്ന് ഇവ നേടിയെടുക്കാൻ സർക്കാർ സ്വീകരിക്കുന്ന ഏത് തീരുമാനങ്ങൾക്കും ശക്തമായ പിന്തുണ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുണ്ടാകും. ഭരണ-പ്രതിപക്ഷ ആരോപണ പ്രത്യാരോപണമല്ല വേണ്ടത്. കൂട്ടായ പ്രവർത്തനത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ നേടാനും നിലനിർത്താനും നമുക്ക് സാധിക്കണം. ഇത്തരം കാര്യങ്ങളിൽ സർക്കാർ ശ്രദ്ധ ചെലുത്തണം.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശ്രീ. എം. ഉമ്മർ സാഹിബ്, പതിനാലിൽ പത്ത് സീറ്റിലും എൽ.ഡി.എഫ്. ജയിച്ചത് കാണാതെ കോഴിക്കോട് ഒരു സീറ്റിൽ പരാജയപ്പെട്ടതാണ് വലിയ കാര്യമായി ഇവിടെ അവതരിപ്പിച്ചത്. യോദ്ധ എന്ന സിനിമയിൽ എല്ലാ പരാജയങ്ങളും ഏറ്റുവാങ്ങുമ്പോഴും ജഗതി ശ്രീകുമാർ "അടുത്ത പാട്ടുമത്സരത്തിന് കാണാം" എന്ന് പറയുന്നതുപോലെയാണ് അദ്ദേഹത്തിന്റെ

വാക്കുകൾ കേട്ടപ്പോൾ എനിക്ക് തോന്നിയത്. കഴിഞ്ഞ 5 വർഷത്തെ മദ്യനയത്തെ പുകഴ്ത്തി ശ്രീ. റോജി എം. ജോണും ശ്രീ. എൽദോസ് കുന്നപ്പിള്ളിയുമൊക്കെ ഊറ്റം കൊണ്ട് പ്രസംഗിക്കുന്നത് കേട്ടു. ഖജനാവിലേയ്ക്ക് എത്തേണ്ട കോടിക്കണക്കിന് രൂപ സ്വന്തം സമ്പാദ്യത്തിലേയ്ക്ക് മാറ്റാനാകുമെന്ന് തെളിയിച്ച മുൻ എക്സൈസ് വകുപ്പുമന്ത്രി ധാരാളം വെള്ളം കുടിക്കുന്ന അവസ്ഥയാണ് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന് സ്വാതന്ത്ര്യസമര സേനാനിക്ക് നൽകുന്ന പരിരക്ഷയാണ് കോൺഗ്രസ്സുകാർ നൽകിക്കൊണ്ടിരിക്കുന്നത്. ഓരോ തവണ വിജിലൻസ് ചോദ്യം ചെയ്യുമ്പോഴും രാഷ്ട്രത്തിനായി അദ്ദേഹം ചെയ്ത സേവനങ്ങളെക്കുറിച്ചാണ് അവർ ഊറ്റം കൊള്ളുന്നത്. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ ഈ പ്രശ്നത്തിൽ ആദ്യം മുതലേ മൗനം പാലിക്കുകയായിരുന്നു. അദ്ദേഹത്തെക്കൊണ്ട് പേരിനെങ്കിലും ഒരു പ്രതിരോധ പ്രസ്താവനയിറക്കാൻ കഴിഞ്ഞത് കൂട്ട പീഡിപ്പിക്കലിന് വിധേയമാക്കിയതിന് ശേഷമാണെന്നുള്ളത് വ്യക്തമാണ്. ഇപ്പോൾ ശ്രീ. കെ. ബാബുവിനെ പിന്തുണച്ചില്ലെങ്കിൽ, മുൻമന്ത്രിമാരെ വച്ച് കെ.പി.സി.സി. യോഗം കൂടണമെങ്കിൽ സെൻട്രൽ ജയിലിൽ പോകണമെന്ന് ഭീഷണി മുഴക്കിയായിരിക്കണം അദ്ദേഹത്തക്കൊണ്ട് ഇത് പറയിപ്പിച്ചതെന്നാണ് എന്റെ വിശ്വാസം. ശ്രീ. കെ. ബാബുവിനെ തുടക്കം മുതൽ പിന്തുണയ്ക്കാൻ ശ്രീ. ഉമ്മൻ ചാണ്ടി കാണിച്ചിരുന്ന ആത്മാർത്ഥത പറയാതിരിക്കാൻ സാധിക്കില്ല. മുഖത്ത് മാത്രമല്ല ശരീരം മുഴുവൻ കണ്ണും കാതുമുള്ള ശ്രീ. ഉമ്മൻ ചാണ്ടി ശ്രീ. കെ. ബാബുവിന്റെ ഒരിടപാടും അറിഞ്ഞില്ലെന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? ശ്രീ. കെ. ബാബു നൽകിയ രാജിക്കത്ത് പോക്കറ്റിലിട്ട് അദ്ദേഹത്തെ രക്ഷിക്കാൻ ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയ നാടകങ്ങൾ കണ്ട് രാഷ്ട്രീയ കേരളം ലജ്ജിച്ച് തലതാഴ്ത്തിയതാണ്. ശ്രീ. കെ. ബാബുവിനെ രക്ഷിക്കാൻ ആരും വന്നില്ലെങ്കിലും ശ്രീ. എം. ഉമ്മർ കഴിഞ്ഞ ദിവസം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വാദിക്കുന്നത് കേട്ടു....(ബഹളം)..എക്സൈസ് വകുപ്പിന്റെ ചർച്ചയാണ്...കഴിഞ്ഞ നയത്തെക്കുറിച്ച് പറയുമ്പോൾ.....അന്നത്തെ മന്ത്രി.. (ബഹളം)..ശ്രീ. കെ. ബാബു എന്ന് പറയുന്നില്ല....കഴിഞ്ഞ എക്സൈസ് വകുപ്പുമന്ത്രിയെന്ന് പറഞ്ഞേക്കാം....പേര് പറയുന്നില്ല......എത്രയോ പേര് പറഞ്ഞു.........ഇത് സാധാരണ പറയുന്നതല്ലേ?

മി. സ്പീക്കർ: എന്താണ്..............യെസ്...........പ്ലീസ്...അങ്ങ് സംസാരിക്കൂ....

ശ്രീ. എ. എം. ആരിഫ്: കഴിഞ്ഞ ദിവസം ഇതേ ചർച്ചയിൽ ശ്രീ. ഉമ്മർ സാഹിബ് ശ്രീ. ബാബുവിന് വേണ്ടി വാദിച്ചല്ലോ.......ഇവരാരും വാദിച്ചില്ലെങ്കിലും അദ്ദേഹം വാദിച്ചു.

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.....

ശ്രീ. എ. എം. ആരിഫ്: സർ, അദ്ദേഹം വാദിച്ചു. കോൺഗ്രസ്സിലെ ഒരാളുപോലും അദ്ദേഹത്തിനുവേണ്ടി വാദിച്ചില്ലെങ്കിലും ശ്രീ. എം. ഉമ്മർ സാഹിബ് വാദിച്ചു. അദ്ദേഹം ചോദിച്ചതെന്താണ്? ശ്രീ. കെ. ബാബുവിന്റെ ഭാര്യയുടെ ലോക്കർ ഒഴിപ്പിക്കലൊക്കെ അന്വേഷിക്കാൻ പോകേണ്ട വല്ല കാര്യവുമുണ്ടോ, വീട്ടിലെ മറ്റംഗങ്ങളുടെ പിന്നാലെ പോലീസ് പോകുന്നത് ശരിയാണോ എന്നൊക്കെ ചോദിച്ചാണ് അദ്ദേഹം ശ്രീ. കെ. ബാബുവിനുവേണ്ടി വാദിച്ചത്. അദ്ദേഹം ഒരു വക്കീലാണ്. നിയമമറിയാവുന്ന ആളാണെന്നാണ് ഞാൻ കരുതിയിരുന്നത്. പക്ഷെ ഇങ്ങനെ വാദിക്കുമെന്ന് ഞാൻ വിചാരിച്ചില്ല. രണ്ട് വർഷം കൂടുമ്പോൾ നമ്മളൊക്കെ ഭാര്യ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളുടെ സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഗവർണർക്ക് കൊടുക്കുന്നുണ്ട്. അങ്ങനെ കൊടുക്കണമെന്ന വ്യവസ്ഥ അറിയാമെന്നിരിക്കെ അവിടെ ലോക്കർ ഒഴിപ്പിക്കാൻ പോയ ദൃശ്യങ്ങളെല്ലാം മാധ്യമങ്ങളിൽ കാണിക്കുമ്പോൾ അതെല്ലാം അന്വേഷിക്കുന്നത് ന്യായമാണോ എന്ന മട്ടിൽ അദ്ദേഹം പരാമർശിച്ചത് ശരിയായില്ല. അദ്ദേഹമെന്തിനാണ് ഇങ്ങനെ വ്യാകുലചിത്തനാകുന്നത്?

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. കെ. സി. ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ....ഒരന്വേഷണം നടക്കുന്ന കേസ്സിനെക്കുറിച്ച് ഈ സഭയിൽ പരാമർശിക്കുന്നത് ശരിയാണോ? വിജിലൻസ് കോടതിയിൽ പരാതി കൊടുത്ത് അന്വേഷണം നടക്കുന്ന ഒരു കേസ്സിന്റെ മെറിറ്റിനെപ്പറ്റി പറയുന്നത് ശരിയാണോ?

മി. സ്പീക്കർ: അങ്ങ് ഏത് ചട്ടപ്രകാരമാണ് ക്രമപ്രശ്നം ഉന്നയിക്കുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, ചട്ടം 307 പ്രകാരമാണ് ഉന്നയിക്കുന്നത്. ഇവിടെ വിജിലൻസ് കോടതിയുടെ നിർദ്ദേശ പ്രകാരം അന്വേഷിക്കുന്ന കേസ്സിന്റെ മെറിറ്റിനെക്കുറിച്ചുള്ള പരാമർശം രേഖയിൽനിന്നും നീക്കം ചെയ്യണം.*

മി. സ്പീക്കർ: രേഖ പരിശോധിച്ച് നീക്കം ചെയ്യാം.

ശ്രീ. എ. എം. ആരിഫ്: സർ, ഇവിടെ യു.ഡി.എഫ്. മെമ്പർമാർ പ്രസംഗിച്ചപ്പോൾ പ്രകീർത്തിച്ച മദ്യനയം യഥാർത്ഥത്തിൽ എന്താണ്? ടൂ സ്റ്റാർ ലൈസൻസ് പുതുക്കേണ്ട സമയത്ത് പുതുക്കാതെ വില പേശി നീട്ടിക്കൊണ്ടുപോയി. ആ സമയത്ത് ടൂ സ്റ്റാറിനുമാത്രമല്ല ത്രീ സ്റ്റാറിന്റെയും ലൈസൻസ് പുതുക്കാൻ

* സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം(ഫ.നം.4827/ഇ.ബി/2016/നി.സെ) രേഖയിൽ നിലനിർത്തി

പാടില്ലെന്ന് പറഞ്ഞ് കെ.പി.സി.സി. പ്രസിഡന്റ് രംഗത്തുവന്നു. പാർട്ടി പാർട്ടിയുടെ നയം പറയും, ഞങ്ങൾക്ക് സർക്കാരിന്റേതായ വഴികളും നയങ്ങളുമുണ്ട്; അതുമായി മുന്നോട്ടുപോകേണ്ടിവരുമെന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് നിങ്ങളാരും മറന്നുപോകരുത്. അതായത് ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് വേറെ നയമുണ്ട്, അതുമായി സർക്കാർ മുന്നോട്ടുപോകുമെന്നാണ് അദ്ദേഹം ആദ്യം പ്രസ്താവിച്ചത്. പിന്നീട് അദ്ദേഹം അതിൽ നിന്നും പിൻമാറിയത് എന്തുകൊണ്ടാണ്? ഇത് ടൂ സ്റ്റാറിന്റെയും ത്രീ സ്റ്റാറിന്റെയും പ്രശ്നമല്ല. ഇത് മുഖ്യമന്ത്രിക്കസേരയിലേയ്ക്കുള്ള പുതിയ സ്റ്റാർ, അതായത് ആറാം സ്റ്റാറിലേക്കുള്ള ലക്ഷ്യമാണെന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മനസ്സിലാക്കിയപ്പോൾ, എന്നാൽ ഫോർ സ്റ്റാറും കൂടി അടയ്ക്കട്ടെ എന്നു പറഞ്ഞുകൊണ്ട് അന്നത്തെ കെ.പി.സി.സി. പ്രസിഡന്റിനെ സീറോ സ്റ്റാറാക്കാൻ വേണ്ടി നടത്തിയ നയത്തിൽ നിന്നും രൂപപ്പെട്ടതാണ് അന്നത്തെ മദ്യനയം. ഞാൻ വെറുതെ പറയുന്നതല്ല. ഇതിനെക്കുറിച്ച് നിങ്ങൾ നടത്തിയ പ്രസ്താവന ഇവിടെയുണ്ട്. സ്റ്റാർ പദവിക്കുവേണ്ടി രണ്ടു നേതാക്കന്മാർ തമ്മിലുള്ള തർക്കത്തിൽ നിന്ന് രൂപപ്പെട്ടതാണ് നിങ്ങളുടെ നയം. ഇതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കേരള കൗമുദിയിൽ ആഗസ്റ്റ് 17-ന് വന്ന വാർത്ത ഇങ്ങനെയാണ്, 'കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയത്തെ തള്ളിയുള്ള പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ പരാമർശത്തോടെ മദ്യനയം വീണ്ടും ചർച്ചയും വിവാദവുമായി. മദ്യനയത്തിൽ പ്രതിപക്ഷത്തിന്റെ വ്യത്യസ്ത അഭിപ്രായം ചൂണ്ടിക്കാട്ടി മദ്യനയം തിരുത്തേണ്ട ആവശ്യത്തിന് ഭരണപക്ഷവും അടിവരയിട്ടു'. യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയം തെരഞ്ഞെടുപ്പിൽ പൂർണ്ണമായും ഗുണം ചെയ്തില്ലെന്നായിരുന്നു ഒരു വാരികയ്ക്ക് നൽകിയ അഭിമുഖത്തിൽ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. അദ്ദേഹം ആഗസ്റ്റ് 21 -ലെ കലാകൗമുദി വാരികയ്ക്ക് നൽകിയ അഭിമുഖം എന്റെ കൈവശമുണ്ട്. അതിൽ, എന്തുകൊണ്ട് ജനം മദ്യനയത്തിന് അനുകൂലമായി വോട്ട് ചെയ്തില്ലെന്ന ചോദ്യത്തിന്, "മദ്യനയം വേണ്ടവിധം ഏറ്റില്ല എന്നത് യാഥാർത്ഥ്യമാണ്" എന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. "അങ്ങനെയെങ്കിൽ മദ്യനയത്തിൽ തിരുത്തലോ പുനരാലോചനയോ കോൺഗ്രസ് നടത്തേണ്ടതല്ലെ" എന്ന ചോദ്യത്തിന്, "അതൊക്കെ പാർട്ടി ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്, ഞാൻ ഒറ്റയ്ക്ക് പറയേണ്ട കാര്യമല്ല" എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. "മദ്യനയം പാർട്ടി തിരുത്തണമെന്ന് സ്വയം തോന്നുന്നില്ലേ" എന്ന ചോദ്യത്തിന് "മദ്യനയത്തിന്റെ പ്രയോജനം പൂർണ്ണമായും ലഭിച്ചില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്" എന്നാണദ്ദേഹം പറഞ്ഞത്. ഇതിനെക്കുറിച്ച് ശ്രീ. കെ. സുധാകരനും ശ്രീ. എം. എം. ഹസ്സനുമൊക്കെ പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ

പോകുന്നില്ല. മദ്യനയത്തെ സംബന്ധിച്ച് ഇവരുടെ നയം എങ്ങനെ രൂപപ്പെട്ടതാണെന്നും അതുസംബന്ധിച്ചുള്ള ഇവരുടെ അഭിപ്രായം എന്താണെന്നും ഇവരുടെ നേതാക്കന്മാർ പറഞ്ഞതിൽ നിന്നുതന്നെ നമുക്ക് കാണാൻ കഴിയും. മദ്യത്തിന്റെ ഉപഭോഗത്തിൽ ചെറിയ കുറവാണ് വന്നിട്ടുള്ളത്. ഒരു ശതമാനം കുറവാണ് മുൻവർഷത്തെ അപേക്ഷിച്ച് മദ്യത്തിന്റെ വില്പനയിലുണ്ടായിട്ടുള്ളത്. മയക്കുമരുന്നിലേയ്ക്ക് എത്തിയപ്പോൾ കേരളത്തിന്റെ സ്ഥിതി എന്താണ്? 2013-14-ൽ 860, 2014-15- ൽ 1021, 2015-16 എത്തിയപ്പോൾ 1704 എന്നിങ്ങനെയാണ് എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കേസ്സുകൾ. മദ്യത്തിൽ നിന്നും മയക്കുമരുന്നിലേയ്ക്കാണ് കേരളം പോകുന്നത്. 1968-ൽ മലബാർ മേഖലയിലുണ്ടായിരുന്ന മദ്യനിരോധനം പിൻവലിച്ചതും 1982-ൽ ബിവറേജസ് കോർപ്പറേഷൻ രൂപീകരിച്ചതും ലീഗിനുകൂടി പങ്കാളിത്തമുള്ള ഒരു സർക്കാരാണെന്ന കാര്യം മറക്കരുത്. മയക്കുമരുന്നിന്റെ ഉപയോഗം വളരെ അപകടകരമായ നിലയിലേയ്ക്കാണ് പോകുന്നത്. വിദേശത്തുനിന്നും കൊറിയറിൽ വരുന്ന സ്റ്റാമ്പിന്റെ അടിയിൽ പശയുടെ രൂപത്തിൽ ഒട്ടിച്ച മയക്കുമരുന്നാണ് അടുത്ത ദിവസം പിടിച്ചെടുത്തത്. അത് നാക്കിനടിയിലിട്ട് ലഹരിയുണ്ടാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഇങ്ങനെ പല രൂപത്തിലുള്ള മയക്കുമരുന്നുകളുണ്ട്, വൈറ്റ്നർ, കുട്ടികളുടെ വായിലേയ്ക്കടിക്കുന്ന സ്പ്രേ, ആപ്പിൾ, കഞ്ചാവ് ഇങ്ങനെ പല രൂപത്തിലാണ് മയക്കുമരുന്ന് വരുന്നത്. ഇതിന്റെ ഉപഭോഗത്തെ സംബന്ധിച്ച് വലിയ തോതിലുള്ള ആശങ്കയാണുണ്ടായിരിക്കുന്നത്. മദ്യത്തെ സംബന്ധിച്ചുള്ള ദുരഭിമാനം വെടിഞ്ഞ് പ്രായോഗികമായ നിലയിലേക്ക് ചർച്ച ചെയ്യപ്പെടണം. മദ്യത്തിന്റെ ലഭ്യത കൂട്ടണമെന്നല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കണം. പക്ഷേ, അതെങ്ങനെ, ഏതു തരത്തിലാകണമെന്നുള്ളത് സംബന്ധിച്ച ഒരു സമവായ ചർച്ചയ്ക്ക് ദുരഭിമാനം വെടിഞ്ഞ് നമ്മൾ തയ്യാറാകണം. അതിന് തയ്യാറായില്ലെങ്കിൽ കേരളം പരിതാപകരമായ നിലയിലേയ്ക്ക് പോകും. ശ്രീ. എ. കെ. ആന്റണി ചാരായം നിരോധിച്ചു; അതിനുശേഷം ഇവിടെ എല്ലാം ഭദ്രമായി എന്നു പറഞ്ഞു. എന്നാൽ അതിനുശേഷം മദ്യത്തിന്റെ ഉപഭോഗം വൻതോതിൽ വർദ്ധിക്കുന്നതാണ് നാം കണ്ടത്. അതുകൊണ്ട് എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കണം. സാക്ഷരതാ പ്രസ്ഥാനം, ജൈവപച്ചക്കറി കൃഷി, ഒ.ഡി.എഫ്. എന്നിവപോലെ മദ്യവർജ്ജനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള "ലഹരി വിമുക്തി" പദ്ധതി വളരെ വിപുലമായ ജനകീയ പ്രസ്ഥാനമാക്കി മാറ്റിയെടുക്കാൻ തയ്യാറാകേണ്ടതായിട്ടുണ്ട്. അതിന് രാഷ്ട്രീയ നേതൃത്വങ്ങൾ കൂടിയാലോചിക്കണം.

ബഹുമാനപ്പെട്ട കെ. വി. തോമസ് മാഷിന്റെ ഇലക്ഷൻ പ്രചരണവുമായി

ബന്ധപ്പെട്ട് ഒരു വാർത്ത എഫ്.എം. റേഡിയോയിൽ കേൾക്കാനിടയായി. അതിൽ പറയുന്നത്, ഒരു കുട്ടി കടയിൽനിന്ന് ബ്രഡ് മോഷ്ടിച്ചുകൊണ്ടുപോകുകയും ആ കുട്ടിയെ ആളുകൾ പിന്തുടർന്ന് അടിക്കുകയും ആ കുട്ടി കരയുകയും ചെയ്യുപ്പോൾ, പ്രൊഫ. കെ. വി. തോമസ് രംഗപ്രവേശം ചെയ്യുകയും 'ഇനി ഒരിക്കലും ഇന്ത്യയിൽ ഒരു കുട്ടിപോലും ഭക്ഷണത്തിന്റെ പേരിൽ തല്ല് കൊള്ളില്ല, മോഷ്ടിക്കേണ്ടി വരില്ല' എന്ന് ആളുകളോട് പറയുകയും ചെയ്യുന്നു. അവരെയെല്ലാം രക്ഷിക്കുന്ന ഭക്ഷ്യസുരക്ഷാനിയമം പ്രൊഫ. കെ. വി. തോമസ് സോണിയാഗാന്ധിയുടെ അംഗീകാരത്തോടുകൂടി നടപ്പിലാക്കിയിരിക്കുകയാണ്, അതിനാൽ അദ്ദേഹത്തെ വിജയിപ്പിക്കണമെന്നുള്ള പ്രചരണമാണ്. ഭക്ഷ്യസുരക്ഷാ നിയമവും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇന്ത്യയിലൊട്ടാകെ ചെയ്യാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞ് വോട്ട് ചോദിച്ചതിന്റെ ഉദ്ദേശ്യം എന്താണെന്ന് ബഹുമാനപ്പെട്ട മുൻ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് ഇന്ന് സഭയിൽ പറഞ്ഞപ്പോഴാണ് എനിക്ക് കാര്യങ്ങൾ പിടികിട്ടിയത്. അതുപ്രകാരം പത്ത് ലക്ഷം ടൺ അരിയാണ് കേരളത്തിന് അലോട്ട്മെന്റായി ലഭിക്കുന്നത്. എന്നാൽ കേരളത്തിന്റെ ആവശ്യം 14 ലക്ഷം ടൺ അരിയാണ്. അന്നുമുതൽ സർക്കാർ ആ ആവശ്യം മുൻനിർത്തി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ നിയമമാണ് നമ്മുടെ കടയ്ക്കൽ കത്തിവച്ചത്. ആ നിയമത്തിന്റെ രീതിയിലാണ് കേരളത്തിലെ ജനങ്ങളുടെ അവകാശത്തെ കൊള്ളയടിച്ചതെന്ന് വ്യക്തമാക്കപ്പെടുകയാണ്. ഇത്തരത്തിൽ അങ്ങേയറ്റം അപമാനിക്കുന്ന തരത്തിലുള്ള സമീപനത്തിലേയ്ക്ക് കേരളത്തെ എത്തിച്ചതിനുപിന്നിൽ പ്രവർത്തിച്ചത് കഴിഞ്ഞ സർക്കാരാണ്. ആ നയങ്ങൾ ബി.ജെ.പി. ഗവൺമെന്റ് പിന്തുടരുകയാണ്. നമ്മളൊരുമിച്ച് അവകാശങ്ങൾ നേടിയെടുക്കാനുള്ള പോരാട്ടത്തിൽ ഭാഗമാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. 'എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും' എന്ന കടുത്ത ഇടതുപക്ഷ വിശ്വാസികളുടെ ആത്മവിശ്വാസം പാടേ കെടുത്തിയിരിക്കുന്ന സാഹചര്യത്തിലാണ് നൂറ് ദിനം പൂർത്തീകരിച്ച ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ഒന്നും ശരിയാകുന്നില്ലെന്ന് മാത്രമല്ല, പ്രതീക്ഷിച്ചതിന് കടകവിരുദ്ധമായി കാര്യങ്ങൾ സംഭവിക്കുന്നത് കാണുമ്പോഴുള്ള നിരാശ സാധാരണ പ്രവർത്തകരിലുടനീളം നിറഞ്ഞുനിൽക്കുന്നുണ്ട്. ഒൻപത് രാഷ്ട്രീയ കൊലപാതകങ്ങളിലൂടെ നിരവധി കുടുംബങ്ങളുടെ അത്താണി നഷ്ടപ്പെട്ടത് ഈ കാലയളവിലാണ്. നൂറ് ദിനം കൊണ്ട് നൂറ് കൊലപാതകങ്ങളിൽ എത്തുമോ എന്ന് മത്സരം നടന്നിരുന്നതുപോലെയാണ് കാര്യങ്ങൾ മുന്നോട്ടുപോയത്.

സ്വജനപക്ഷപാതത്തിന്റെ ആരോപണങ്ങളും അഴിമതിയാരോപണങ്ങളും നൂറ് ദിവസം കൊണ്ട് ഈ സർക്കാരിന് ഏൽക്കേണ്ടിവന്നു. മുഖ്യമന്ത്രിയുടെ തൊട്ടടുത്ത കസേരയിൽ ഇരിക്കുന്ന രണ്ടാമനായ മന്ത്രിക്ക് കുറ്റ സമ്മതത്തിന്റെ പേരിൽ സ്ഥാനമൊഴിയേണ്ടിവന്നു. എന്റെ നിയോജകമണ്ഡലമായ പാലക്കാട് ജില്ലയിൽനിന്നുള്ള ഏക മന്ത്രിയാണ് പ്രിയപ്പെട്ട ബാലേട്ടൻ. അദ്ദേഹമാണ് ഇപ്പോൾ രണ്ടാമത്തെ കസേരയിൽ ഇരിക്കുന്നത്. ആ കസേരയ്ക്ക് എന്തെങ്കിലും കുഴപ്പമുണ്ടോ എന്ന് ആളുകൾ സംശയം പറഞ്ഞാൽ അവരെ കുറ്റംപറയാത്ത തരത്തിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. അതുകൊണ്ട് അദ്ദേഹം ശ്രദ്ധിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

പാഠപുസ്തകത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പാഠപുസ്തക ലഭ്യതയെ സംബന്ധിച്ച് കഴിഞ്ഞ കാലങ്ങളിൽ സമരം നടത്തിയവരുടെ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അത് ഉറപ്പുവരുത്തുന്ന കാര്യത്തിൽ അവർ പരാജയപ്പെടുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യിലും പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്കും ശമ്പളം മുടങ്ങിയതായുള്ള വാർത്തകൾ പുറത്തുവരികയും രാഷ്ട്രീയപ്രേരിതമായ നിരവധി സ്ഥലംമാറ്റ പീഡനങ്ങൾ മാധ്യമങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. മാധ്യമപ്രവർത്തകരുടെ അവകാശങ്ങൾ സംരക്ഷിക്കുമെന്ന് ഇന്നും മുഖ്യമന്ത്രി പ്രസ്താവന നടത്തിയിട്ടുണ്ട്. അവർ കോടതിയിൽ പോകുമ്പോൾ പോലീസുകാർക്ക് കൊടുക്കുന്നതുപോലെ ഒരു ചൂരൽ കവചംകൂടി കൊടുക്കുന്നത് നന്നായിരിക്കും. മാധ്യമങ്ങളെ ഗുണ്ടകളാക്കി ചിത്രീകരിക്കുന്ന രീതിയാണ് ഇപ്പോൾ നടക്കുന്നത്. നൂറ് ദിവസം കൊണ്ട് ലക്ഷക്കണക്കിനാളുകൾക്ക് ഒരു രൂപയ്ക്ക് അരി കൊടുത്ത നേട്ടമായിരുന്നു കഴിഞ്ഞ സർക്കാർ അവകാശപ്പെട്ടിരുന്നതെങ്കിൽ ഇപ്പോൾ അതും മുടങ്ങുന്ന തരത്തിലാണ് കാര്യങ്ങൾ പോകുന്നത്. കേന്ദ്രസർക്കാർ അരി നൽകുന്നില്ലെന്നാണ് അതിന് കാരണമായി പറയുന്നത്. അരി മാത്രമല്ല വൈദ്യുതിവിഹിതം, കാർഷിക രംഗത്തെ വിഹിതം എന്നിവ വെട്ടിക്കുറയ്ക്കുമ്പോഴും 62 കേന്ദ്രാവിഷ്കൃത പദ്ധതികൾ 32 ആയി ചുരുക്കുമ്പോഴും കുടുംബശ്രീ ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾക്ക് നൽകേണ്ട പണം കുറയ്ക്കുമ്പോഴും ശ്രീ. നരേന്ദ്രമോദി ഈ സർക്കാരിന് എല്ലാപിന്തുണയും നൽകുന്നുണ്ടെന്ന് മുഖ്യമന്ത്രി പ്രസ്താവനയിറക്കിയത് എന്തിനായിരുന്നു? കേരളത്തിന് ആവശ്യമുള്ള അരി നൽകാത്ത ഒരു സർക്കാരിന് നേതൃത്വം നൽകുന്ന പ്രധാനമന്ത്രിയെ സ്തുതിക്കേണ്ട, മോദി സ്തുതി നടത്തേണ്ട അവസ്ഥയിലേയ്ക്ക് കേരളത്തിലെ മുഖ്യമന്ത്രി മാറേണ്ടിയിരുന്നില്ല. കേന്ദ്ര സർക്കാർമൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കെതിരെ ഒരുമിച്ച് നിന്ന് പോരാടേണ്ട സ്ഥാനത്ത് കേന്ദ്ര സർക്കാരിനെ സ്തുതിക്കുകയും യാഥാർത്ഥ്യങ്ങൾക്കുനേരെ വിരൽ ചൂണ്ടുന്ന പ്രതിപക്ഷത്തോട് വേറെപണി

നോക്കാൻ പറയുന്നതുമാണോ ഈ സർക്കാരിന്റെ നയമെന്നുള്ള ഒരു ആത്മപരിശോധനാ ഘട്ടംകൂടിയാണിത്.

ഞങ്ങൾ മദ്യനയം മാറ്റാൻ പോകുന്നു, ബാറുകൾ തുറക്കാൻ പോകുന്നുവെന്ന് വാർത്ത വരുന്നതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ ഒരു സ്വകാര്യ ചാനലിന്റെ ഉദ്ഘാടന സമയത്ത് പറഞ്ഞു. ഞങ്ങൾ അങ്ങനെ ബാറുകൾ തുറക്കാൻ തീരുമാനിച്ചിട്ടില്ല; ഞങ്ങൾ യു.ഡി.എഫ്. സർക്കാരിന്റെ നയം തുടരാൻ തീരുമാനിച്ചിട്ടില്ല; എന്നുവച്ച് ഞങ്ങൾ ബാറുകൾ തുറക്കാതിരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. ഇത് ആദ്യം കേൾക്കുമ്പോൾ ആർക്കും ആശയക്കുഴപ്പം തോന്നും. അതുപോലെയാണ് ഇവിടത്തെ മദ്യനയവും. മദ്യനയത്തിൽ ഇതുവരെ ഒരു മാറ്റവും വരുത്തിയിട്ടില്ലെന്ന് പറയുമ്പോൾ 10 ശതമാനം സർക്കാർ ഔട്ട്ലെറ്റുകൾ/ ബിവറേജസുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം സർക്കാർ ഇത്തവണ വേണ്ടെന്ന് വയ്ക്കുകയാണ്. ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ നിങ്ങളെ തെരഞ്ഞെടുത്ത ജനങ്ങളോടാണോ തെരഞ്ഞെടുപ്പ് സമയത്ത് നിങ്ങളെ സഹായിച്ച ബാർ മുതലാളിമാരോടാണോ കൂടുതൽ ഉത്തരവാദിത്വം എന്നുള്ളത് നിങ്ങൾ വ്യക്തമാക്കണം.

സ്പിരിറ്റ് ഒളിച്ച് കടത്തുന്നതിനെ സംബന്ധിച്ച് കേട്ടിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ മദ്യനയം ഒളിച്ചുകടത്താനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് ഓരോ ദിവസവും പ്രസ്താവനകൾ വന്നുകൊണ്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ രാജി സംബന്ധിച്ച് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. കരിങ്കുരുധം പ്രഖ്യാപിച്ചപ്പോൾ ക്വിക്ക് വെരിഫിക്കേഷൻ ഓർഡർ ഇടുകയുണ്ടായി. കുറ്റം നടന്നുവെന്ന് കണ്ടെത്താനുള്ളതാണ് ക്വിക്ക് വെരിഫിക്കേഷൻ. അങ്ങനെയൊരു കുറ്റം നടന്നിട്ടുണ്ടെന്നാണ് പാർട്ടി സെക്രട്ടറി പത്രമ്മേളനം നടത്തി പറഞ്ഞത്. ഗുരുതരമായ സാഹചര്യമാണെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അങ്ങനെയൊരു കുറ്റം നടന്നിട്ടുണ്ടെന്ന് പാർട്ടി സെക്രട്ടറി പറയുമ്പോൾ വിജിലൻസിന് ക്വിക്ക് വെരിഫിക്കേഷൻ എടുക്കേണ്ട കാര്യമില്ല. ഒരു എക്സ്ട്രാ ജുഡീഷ്യൽ കൺഫെഷനായി പാർട്ടി സെക്രട്ടറിയുടെ പ്രഖ്യാപനത്തെ കണ്ട്, അദ്ദേഹത്തെ സാക്ഷിയാക്കി, അതിനെതിരെ കേസ്സെടുത്ത് എഫ്.ഐ.ആർ. ഇട്ട് വിജിലൻസിന് മുന്നോട്ടുപോകാവുന്നതേയുള്ളു. അവിടെയാണ് ചില നേതാക്കന്മാർ നേരത്തെ സൂചിപ്പിച്ചതുപോലെ, ആ തത്ത പലയിടങ്ങളിലും പറക്കാതിരുന്നത്. അദ്ദേഹം ചില ആഗ്രഹങ്ങൾ പ്രകടിപ്പിച്ചുവെന്നാണ് പറയുന്നത്. അദ്ദേഹം ആഗ്രഹങ്ങൾ പ്രകടിപ്പിക്കാൻ കാത്തുനിൽക്കേണ്ട, ധനകാര്യ വകുപ്പിന്റെ റിപ്പോർട്ട് സർക്കാർ ഗൗരവമായി എടുക്കുന്നുണ്ടെങ്കിൽ, സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ, ആരുടെയും ആഗ്രഹത്തിന് കാത്തുനിൽക്കാതെ അദ്ദേഹത്തെ പുറത്താക്കാനുള്ള ആർജ്ജവം മുഖ്യമന്ത്രി കാണിക്കണമെന്നാണ് എന്റെ അഭിപ്രായം. ചുവപ്പ് കാർഡും മഞ്ഞ കാർഡും ഇനി പുറമേ ഒരാളെ കാണിക്കാൻ അദ്ദേഹത്തിന് മോറൽ റൈറ്റില്ല. സ്വന്തം വീട്ടിലെ കണ്ണാടിക്ക്

മുന്നിൽനിന്ന് ആ കാർഡ് അവനവനെ കാണിക്കുന്നതായിരിക്കും ആ ഉദ്യോഗസ്ഥന് ഇനി നല്ലതെന്ന് കേരളത്തിലെ ജനങ്ങൾ പറഞ്ഞുതുടങ്ങിയിട്ടുണ്ട്.

ഈ സർക്കാർ അഴിമതിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചതാണ്. അന്വേഷണം നടത്തേണ്ട ഉദ്യോഗസ്ഥനെതിരെ സർക്കാർ ഒരു റിപ്പോർട്ടുമായി വരുമ്പോൾ, പിന്നീട് ആ സ്ഥാനം ഒഴിയണമെന്നുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചുവെന്നാണ് പറയുന്നത്. അങ്ങനെ ഒരാളുടെ ആഗ്രഹത്തിന് കാത്തുനിൽക്കേണ്ട കാര്യമില്ല. അങ്ങനെയൊരു റിപ്പോർട്ടുണ്ടെങ്കിൽ അദ്ദേഹത്തിനെതിരെ ആദ്യം നടപടി സ്വീകരിക്കണം. അഴിമതി വച്ചുപൊറുപ്പി ക്കില്ലെന്ന് മുഖ്യമന്ത്രി പറയുന്നുണ്ട്. ഒരു മന്ത്രി രാജിവച്ചതിനുപുറകിൽ മുഖ്യമന്ത്രിയുടെ മഹത്വമാണെന്ന് ചില സ്തുതിപാഠകർ പറയുന്നത് കേട്ട് അങ്ങ് അതുവഴി സഞ്ചരിച്ചാൽ അത് അപകടമാകും. അളവെടുക്കാനറിയാത്ത ആളുകൾ കൽപ്പിച്ചുനൽകിയ 56 ഇഞ്ചിന്റെ നെഞ്ചളവുകൊണ്ട് രാജ്യം ഒരാൾ ഭരിക്കുന്നതിന്റെ ഖേദവും ദുരിതവും രാജ്യം അനുഭവിക്കുന്നുണ്ടെങ്കിൽ എണ്ണമെടുക്കാൻ അറിയാത്ത ആളുകൾ കൽപ്പിച്ചുനൽകുന്ന ചങ്കിന്റെ എണ്ണക്കൂടുതൽ കൊണ്ട് ഈ സംസ്ഥാനം ഭരിക്കുന്നതും കേരളത്തിന് അപകടം ചെയ്യുന്നമെന്നുള്ള കാര്യത്തിൽ സംശയമില്ല. മുഖ്യമന്ത്രിക്ക് വേണ്ടത് ഞങ്ങളെക്കൂടി ഉൾക്കൊള്ളാനുള്ള ഹൃദയവിശാലത തന്നെയാണെന്നുള്ള കാര്യത്തിൽ ഒരു സംശയവും നിങ്ങൾക്ക് വേണ്ട. ഖലീൽ ജിബ്രാന്റെ ഒരു ക്വാട്ട് ഉണ്ട്, "Wisdom stands at the turn in the road and calls upon us publicly, but we consider it false and despise its adherents" എന്നാണത്. യാഥാർത്ഥ്യങ്ങൾ ചിലപ്പോൾ പ്രതിപക്ഷത്തുനിന്നുൾപ്പെടെ മുന്നോട്ടുവരുമ്പോൾ അതിനെ തെറ്റാണെന്ന് പറഞ്ഞ് അവഗണിച്ച് ആ യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടച്ച് മുന്നോട്ടുപോകുന്ന, നൂറ് ദിവസം കൊണ്ട് എല്ലാ മേഖലകളിലും പരാജയങ്ങളുടെ ലക്ഷണം കാണിച്ചു തുടങ്ങിയിരിക്കുന്ന സർക്കാരിനെ ഘടകകക്ഷിയിലെ പാർട്ടികൾ മീറ്റിംഗ് കൂടി മുഖ്യമന്ത്രിയെയും പാർട്ടി സെക്രട്ടറിയെയും വീഴ്ചകൾ തുറന്നുകാണിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ശക്തിയുക്തം എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

## X റൂളിംഗ്

### നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയിൽ ഇതിനകം നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചതുമായി ബന്ധപ്പെട്ട് 12 പരാതികൾ ചെയറിന് ലഭിക്കുകയുണ്ടായി. ഈ പരാതികളുമായി ബന്ധപ്പെട്ട റൂളിംഗാണ്.

സംസ്ഥാനത്തെ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ

നടത്തുന്ന വിവിധ പൊതുപരിപാടികളിൽ ജനപ്രതിനിധികൾക്ക്, പ്രത്യേകിച്ച് നിയമസഭാംഗങ്ങൾക്ക് നൽകേണ്ട പ്രാധാന്യത്തെയും അംഗീകാരത്തെയും സംബന്ധിച്ച് സുവ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം നിയമസഭാംഗങ്ങൾക്ക് ലഭിക്കേണ്ട പ്രത്യേക പരിഗണന സംബന്ധിച്ച് വിശദമായ റൂളിംഗുകൾ എന്റെ മുൻഗാമികളായ സ്പീക്കർമാരിൽനിന്നും ഉണ്ടായിട്ടുമുണ്ട്. അതുപോലെ സംസ്ഥാന-ജില്ലാ-പ്രാദേശിക തലങ്ങളിലായി ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ അംഗങ്ങളായിട്ടുള്ള നിരവധി സ്റ്റാറ്റ്യൂട്ടറി സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ ആനുകാലിക യോഗങ്ങൾ ചേരാൻ തീരുമാനിക്കുന്നതിനുമുമ്പായി പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ട നിയമസഭാംഗങ്ങൾക്ക് ആ ദിനങ്ങളിൽ സഭാ സമ്മേളനങ്ങളിൽ പങ്കെടുക്കേണ്ടതു സംബന്ധിച്ചോ മറ്റ് ഔദ്യോഗിക ആവശ്യങ്ങൾ സംബന്ധിച്ചോ ഉള്ള അസൗകര്യങ്ങൾ ഉണ്ടോയെന്ന് ആരായേണ്ടതാണെന്ന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, അപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിലോ റൂളിംഗുകളിലോ അടങ്ങിയിരിക്കുന്ന അടിസ്ഥാന തത്വങ്ങൾപോലും പാലിക്കുന്ന കാര്യത്തിൽ പല വകുപ്പുകളും കുറ്റകരമായ അനാസ്ഥയാണ് പുലർത്തുന്നതെന്നാണ് ചെയറിന് ഇതുസംബന്ധിച്ച് ലഭിച്ച പരാതികളിൽനിന്നും മനസ്സിലാകുന്നത്. പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം നാളിതുവരെ ആകെ വ്യത്യസ്തങ്ങളായ പന്ത്രണ്ട് പരാതികളാണ് മേൽവിഷയങ്ങളിന്മേൽ ചെയറിന് ലഭ്യമായിട്ടുള്ളത്.

സാധാരണഗതിയിൽ ചെയറിനു ലഭിക്കുന്ന ഇത്തരം പരാതികളിൽ ആവശ്യമായ അന്വേഷണം നടത്തി, യുക്തമായ മേൽനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാർക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ലഭിക്കുന്ന അപ്രകാരമുള്ള പരാതികളിന്മേൽ യഥാസമയം അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നതിനുപകരം തികച്ചും നിരുത്തരവാദപരമായി അവ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന ഒരു പ്രവണതയാണ് നിർഭാഗ്യവശാൽ കണ്ടുവരുന്നത്. ഇത്തരം പ്രവണതകൾ ഇനിയും ആവർത്തിക്കപ്പെടുന്നതിനോട് ചെയർ യോജിക്കുന്നില്ല. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 164(2)-ൽ മന്ത്രിസഭയ്ക്ക് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റിയെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രത്യക്ഷത്തിൽ പ്രസ്തുത അക്കൗണ്ടബിലിറ്റി മന്ത്രിസഭയ്ക്ക് മാത്രം ബാധകമായ ഒരു ഉത്തരവാദിത്വമെന്ന് കരുതാമെങ്കിലും അതിന്റെ കാര്യക്ഷമമായ പരിപാലന ചുമതല ബൃഹത്തായ ഉദ്യോഗസ്ഥ സമൂഹത്തിന് തന്നെയാണെന്നാണ് ഭരണഘടന വിവക്ഷിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ നിയമസഭയുടെയോ അതിലെ അംഗങ്ങളുടെയോ പ്രത്യേക അവകാശം ലംഘിക്കപ്പെട്ടത് സംബന്ധിച്ച ഏതെങ്കിലും തരത്തിലുള്ള പരാതി ഉയർന്നുവരുന്ന സാഹചര്യങ്ങളിൽ അത്തരം

പരാതികളിന്മേൽ നിയമസഭ ആവശ്യപ്പെടുന്ന വിശദീകരണം യഥാസമയം ലഭ്യമാക്കുകയെന്ന കർത്തവ്യം ഉദ്യോഗസ്ഥ സമൂഹം ഏറ്റെടുക്കേണ്ടതുണ്ട്. അക്കാര്യത്തിൽ ബോധപൂർവമോ അല്ലാതെയോ വരുന്ന ഏതെങ്കിലും തരത്തിലുള്ള കാലതാമസമോ വീഴ്ചയോ ഭരണഘടനാവിരുദ്ധമാണെന്ന കാര്യത്തിൽ തർക്കമില്ല. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്ക് ഭരണഘടനാ നടപടിച്ചട്ടങ്ങൾ, കീഴ്‌വഴക്കങ്ങൾ, കാലാകാലങ്ങളിൽ സർക്കാരും സഭയ്ക്കുവേണ്ടി സ്പീക്കറും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവപ്രകാരം ലഭ്യമാകേണ്ട അവകാശങ്ങളും അംഗീകാരങ്ങളും ഉറപ്പാക്കുക എന്നത് ചെയറിൽ നിക്ഷിപ്തമായ കർത്തവ്യമാണെന്ന് ചെയർ ഉറച്ചുവിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിൽ വിട്ടുവീഴ്ച ചെയ്യാൻ ചെയർ ഉദ്ദേശിക്കുന്നില്ല. ഈ സാഹചര്യത്തിൽ പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം ഈ സഭയിലെ അംഗങ്ങൾ ചെയറിന് എഴുതി നൽകിയിട്ടുള്ള പരാതികളിന്മേൽ സർക്കാർ വിശദീകരണം പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ ലഭ്യമാക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന ഏതൊരു വീഴ്ചയും ഈ സഭയോടുള്ള അനാദരവായി കണക്കാക്കി യുക്തമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു. ഇക്കാര്യം ഉന്നയിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ പ്രകടിപ്പിച്ച വികാരം പൂർണ്ണ അർത്ഥത്തിൽ ചെയർ ഉൾക്കൊള്ളുന്നു. നിലവിൽ ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള പരാതികളിൻമേൽ സർക്കാരിൽനിന്ന് ലഭിക്കുന്ന വിശദീകരണം, ആയതിന്മേലുള്ള ചെയറിന്റെ തീരുമാനം എന്നിവ ബന്ധപ്പെട്ട അംഗങ്ങളെ നിയമസഭാ സെക്രട്ടേറിയറ്റിൽനിന്ന് രേഖാമൂലം അറിയിക്കുന്നതാണെന്നുകൂടി ഇത്തരുണത്തിൽ ചെയർ അറിയിക്കുന്നു. ഇനിമുതൽ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളുടെ അർഹമായ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ആരുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നും അപ്രകാരമുള്ള എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അത് അതീവ ഗൗരവപൂർവം വീക്ഷിക്കുന്നതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

## ധനകാര്യം (തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലോകത്തിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യയെന്ന് പ്രവാസികാര്യ മന്ത്രാലയം തന്നെ വ്യക്തമാക്കിയിട്ടുണ്ട്. വിദേശത്ത് നിന്നുള്ള വരുമാനത്തിൽ വിദേശ മലയാളികൾ വഹിക്കുന്ന പങ്ക് വിവിധ ഏജൻസികൾ നടത്തിയ പഠനത്തിൽ വ്യക്തമായതാണ്. കേരളത്തിലെ ആകെ ആഭ്യന്തര ഉത്പാദനത്തിന്റെ നാൽപ്പത് ശതമാനം പ്രവാസി മലയാളികളുടെ സംഭാവനയാണ്. ഇവരനുഭവിക്കുന്ന വലിയൊരു പ്രശ്നം ഉത്സവകാലത്ത് വിമാനക്കമ്പനികൾ യാത്രാക്കൂലി

ക്രമാതീതമായി വർദ്ധിപ്പിക്കുന്ന എന്നതാണ്. ഇത് അവരെ സംബന്ധിച്ചിടത്തോളം വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനം നേരത്തെതന്നെ ഈ പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്; വീണ്ടും ആ നടപടികൾ തുടരുകതന്നെ ചെയ്യും. പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങുന്നവരുടെ പുനരധിവാസമാണ് ഏറ്റവും ഗൗരവമായ മറ്റൊരു പ്രശ്നം. പ്രവാസജീവിതം നയിക്കുന്ന കാലത്തുള്ള വരുമാനംകൊണ്ട് അവർ നല്ല രീതിയിൽ ജീവിക്കുന്നു. യഥാർത്ഥത്തിൽ അവർ നാട്ടിലേയ്ക്ക് വരുമ്പോൾ വായ്പ എടുത്താണ് വരുന്നത്. തിരിച്ചെത്തിയശേഷമുള്ള ആറുമാസം ആ വായ്പ തിരിച്ചടയ്ക്കാൻ അവർ ചെലവഴിക്കുന്നു. ഇവരെ വീട്ടുകാരും നാട്ടുകാരും കാണുന്നത് നല്ല സാമ്പത്തികശേഷിയുള്ളവരായിട്ടാണ്. പക്ഷേ ജോലിയില്ലാതാകുന്നതോടെ ജീവിക്കാൻ വകയില്ലാത്തവരാണ് ഇവരിൽ മഹാഭൂരിപക്ഷവും. വിദേശ മലയാളികളിൽ അപൂർവ്വം ചിലരാണ് സമ്പന്നർ. അവരുടെ യൗവ്വനകാലം മുഴുവൻ മറ്റൊരു രാജ്യത്തിനുവേണ്ടി ചെലവഴിക്കുന്നവരാണ്. പക്ഷേ അവിടെനിന്ന് തിരിച്ചെത്തിയാൽ അവർക്ക് ഗതിയില്ലാതാകുന്നതോടെ അവരുടെ കുടുംബത്തിന് സംരക്ഷണമില്ലാതാകുകയും ജീവിതം പ്രയാസമുള്ളതാവുകയും ചെയ്യുന്നു. അവർക്കുവേണ്ടി ഇന്നുള്ള ക്ഷേമപദ്ധതികൾ പോരാ എന്നതിൽ യാതൊരു തർക്കവുമില്ല. അവർക്കായുള്ള ക്ഷേമപദ്ധതികൾ സമഗ്രമാക്കേണ്ടിയിരിക്കുന്നു. അതുസംബന്ധിച്ചുള്ള തീരുമാനം സർക്കാർ വൈകാതെ എടുക്കും. പുനരധിവാസ പദ്ധതി സമഗ്രമാക്കാനുള്ള നടപടികൾ സ്വീകരിക്കും. അതോടൊപ്പം പ്രവാസികളുടെ നിക്ഷേപം ഇവിടെ ഉപയോഗിക്കുന്നത് ഗൗരവമായ പ്രശ്നമാണ്. കണക്കുകൾ പറയുന്നത് 1.20 ലക്ഷം കോടി രൂപ പ്രവാസികൾ സംസ്ഥാനത്തിന് നൽകുന്നുണ്ടെന്നാണ്. ആ തുക ബാങ്കുകളിലുണ്ട്. പ്രവാസികളുടെ നിക്ഷേപം ശരിയായ രീതിയിൽ നമുക്കുപയോഗിക്കാൻ കഴിയുന്നില്ല. താഴ്ന്ന വരുമാനക്കാരായ ആളുകളുടെ നിക്ഷേപമടക്കം സ്വീകരിക്കത്തക്ക ഒരു പദ്ധതിക്ക് രൂപം നൽകേണ്ടതായിട്ടുണ്ട്. അതിനായി അവരെയും ബോധവൽക്കരിക്കേണ്ടതുണ്ട്. അങ്ങനെയായാൽ ആ നിക്ഷേപം ഇവിടെ ചെലവഴിക്കുമ്പോൾ പ്രവാസികൾക്കും അതിൽനിന്നുള്ള വരുമാനം ഉറപ്പുവരുത്താൻ കഴിയും.

3.00 PM]

അത്തരത്തിൽ നടപ്പിലാക്കിയ ഒരു പരിപാടിയായിരുന്നു 'ഇൻകെൽ'. ചെറുകിടക്കാർക്കുവേണ്ടിയായിരുന്നു ആ പദ്ധതി നടപ്പിലാക്കിയത്. പക്ഷേ, 'ഇൻകെൽ'-ന്റെ ഭാഗമായി ചെറുകിടക്കാർ അധികം വന്നില്ല. അന്നത്തെ വ്യവസായ വകുപ്പുമന്ത്രി പല ഘട്ടങ്ങളിൽ പ്രവാസികളോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആവശ്യമായ ഫണ്ട് അന്ന് ലഭിച്ചില്ല. പ്രധാനികളായ പ്രവാസികളെ സമീപിച്ചാൽ വളരെവേഗം ഫണ്ട് കിട്ടും. അവസാനം ഒരു ഗതിയുമില്ലാത്ത സാഹചര്യത്തിലാണ് സമ്പന്നരുടെ ഫണ്ട് സ്വീകരിച്ചുകൊണ്ട് ഇൻകെൽ പ്രാവർത്തികമാക്കുന്നത്.

അത്തരമൊരനുഭവം നമ്മുടെ മുമ്പിലുണ്ട്. അവരെ ബോധവൽക്കരിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. ചെറുകിടക്കാരുടെ ഫണ്ട് ശരിയായ രീതിയിൽ ഉപയോഗിച്ചാൽ നല്ല രീതിയിൽ വരുമാനമുണ്ടാക്കാനും അവർക്ക് നിശ്ചിത വരുമാനം ഉറപ്പാക്കാനും കഴിയുമായിരുന്നു. അത്തരത്തിലുള്ള പുതിയ പദ്ധതികൾ കൊണ്ടുവരാൻ തയ്യാറാകേണ്ടതുണ്ട്. അതുപോലെ ഇവിടെ ഉന്നയിച്ച മറ്റൊരു പ്രശ്നം, വിദേശത്തെ ജയിലുകളിൽ കഴിയുന്നവരെക്കുറിച്ചായിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടിട്ടുണ്ട്. വിദേശത്ത് ജയിലുകളിൽ കഴിയുന്നവർക്ക് നിയമസഹായം ലഭ്യമാക്കേണ്ടതാണ് പ്രധാനം. ഇപ്പോൾ ആദ്യഘട്ടത്തിൽ ചില സഹായങ്ങൾ കൊടുത്തുവെന്നുവരാം. പക്ഷേ അതുമാത്രം പോരാ; കേസ്സിന്റെ എല്ലാ ഘട്ടത്തിലുമുള്ള സഹായവും അവർക്ക് വേണം. ചിലർക്ക് മാത്രമാണ് ആദ്യഘട്ടത്തിലെങ്കിലും സഹായം ലഭിച്ചിട്ടുള്ളത്. കേസ്സിന്റെ എല്ലാ ഘട്ടത്തിലും സഹായം ലഭിക്കത്തക്ക രീതിയിലുള്ള സംവിധാനമൊരുക്കണം. കേന്ദ്ര സർക്കാരാണ് ഇക്കാര്യങ്ങൾ ചെയ്യേണ്ടതെങ്കിലും പൂർണ്ണതോതിലാകുന്നില്ല. ഓരോ സ്ഥലത്തും അവിടത്തെ കോടതികളിൽ ഹാജരാകാൻ കഴിയുന്ന വക്കീലന്മാരുണ്ട്. അവരുടെ പാനൽ തയ്യാറാക്കിയാൽ മലയാളികളെ സഹായിക്കാൻ അവർക്ക് കഴിയും. അത്തരമൊരു സംവിധാനത്തെക്കുറിച്ച് ആലോചിച്ച് നടപ്പിലാക്കാൻ സർക്കാർ തയ്യാറാണ്.

ഇവിടെ സമഗ്രമായ കുടിയേറ്റ നിയമത്തെക്കുറിച്ച് പറഞ്ഞു. യഥാർത്ഥത്തിൽ അത് അപമാനമല്ലേ? ഇൻഡ്യ വലിയൊരു രാജ്യമല്ലേ; ഈ രാജ്യം പൗരന്മാരോടുള്ള ബാദ്ധ്യത നിറവേറ്റുന്നില്ലെന്നുള്ളതാണ് വസ്തുത. ചെറിയ രാഷ്ട്രങ്ങൾപോലും അവിടെയുള്ള ഒരാൾക്ക് എന്തെങ്കിലും സംഭവിച്ചാൽ നേരിട്ട് ഇടപെടും. കൊലയാളികളെ രക്ഷിക്കുന്ന വിദേശ രാഷ്ട്രങ്ങളെ നമ്മൾ കണ്ടതല്ലേ; കൊലപ്പെടുത്തിയ ആളുകളെ രക്ഷിക്കാനല്ലേ അവർ ശ്രമിച്ചത്? ഇതാണ് ഓരോ രാഷ്ട്രവും സ്വീകരിക്കുന്നത്. അവരവരുടെ പൗരന്മാരെ സമ്പത്തായാണ് കാണുന്നത്. ഇവിടെ നമ്മുടെ നേരെ എന്തുചെയ്താലും കുഴപ്പമില്ലെന്ന സ്ഥിതിയാണ്. ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഫിലിപ്പൈൻസായാലും ശ്രീലങ്കയായാലും നമ്മളെക്കാളും മെച്ചപ്പെട്ട നിലയിൽ അവരവരുടെ പൗരന്മാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നുവെന്നുള്ളതാണ് വസ്തുത. ഇക്കാര്യത്തിൽ നമുക്ക് ഒറ്റയ്ക്ക് യാതൊന്നും ചെയ്യാൻ കഴിയില്ല. ആകെ ചെയ്യാൻ കഴിയുന്ന കാര്യം, കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയെന്നുള്ളതാണ്. അക്കാര്യത്തിൽ സർക്കാർ ഇനിയും ആവശ്യമായ നടപടികൾ തുടർന്നുകൊണ്ടിരിക്കും.

പ്രവാസികൾ മരണപ്പെട്ടാൽ നൽകുന്ന സഹായം വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ഇവിടെ ഉന്നയിക്കുകയുണ്ടായി. കാലാനുസൃതമായി എല്ലാ

കാര്യങ്ങളിലും വർദ്ധനവ് വരേണ്ടതുണ്ട്. ക്ഷേമപദ്ധതിയുടെ ഭാഗമായുള്ള സഹായങ്ങളിലും മരണാനന്തര പദ്ധതികളിലുമെല്ലാം മാറ്റം വരേണ്ടതുണ്ട്. അതിന്റേതായ മാറ്റങ്ങൾ കൊണ്ടുവരികതന്നെ ചെയ്യും. 12 കോടി രൂപയുടെ കാര്യം ഉന്നയിക്കുകയുണ്ടായി. ഉന്നയിച്ചതിൽ തെറ്റില്ല. കാരണം, ഒരു ചോദ്യത്തിനുത്തരമായി 12 കോടി രൂപയെന്ന് പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ 12 കോടി രൂപയും കൂടി നൽകി 24 കോടി രൂപയായി ഉയർത്തുകയുണ്ടായി. അതിൽ 12 കോടി രൂപയുടെ ഭരണാനുമതി വർക്കിംഗ് ഗ്രൂപ്പ് ഇപ്പോൾത്തന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇനി ബാക്കിയുള്ള കാര്യങ്ങൾ എങ്ങനെയെന്ന് വർക്കിംഗ് ഗ്രൂപ്പ് തീരുമാനിച്ച് ഭരണാനുമതി നൽകുന്നതാണ്. അതുസംബന്ധിച്ച് യാതൊരു തരത്തിലുള്ള അവ്യക്തതയും നിലനിൽക്കുന്നതല്ല. ഇവിടെപ്പറഞ്ഞ മറ്റ് കാര്യങ്ങൾക്ക് മറുപടി പറയാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. വകുപ്പുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട കാര്യങ്ങൾ മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ക്ഷേമനിധി നിയമത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ പെൻഷൻ വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ ആവശ്യമായ ഭേദഗതി കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യങ്ങളെല്ലാം അതിലടങ്ങിയിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, പതിനേഴ് അംഗങ്ങളാണ് ഈ ചർച്ചയിൽ പങ്കെടുത്തത്. അവർ പ്രകടിപ്പിച്ച അഭിപ്രായങ്ങളും സമർപ്പിച്ച നിർദ്ദേശങ്ങളും ഗൗരവമായി ഉൾക്കൊണ്ടുകൊണ്ട് വകുപ്പ് മുന്നോട്ടുപോകുമെന്ന് ആദ്യംതന്നെ പറയുകയാണ്. തകഴിയുടെ വിശ്വപ്രസിദ്ധമായ 'രണ്ടിടങ്ങഴി' യിലെ ചില ഭാഗങ്ങൾ ഞാൻ ഉദ്ധരിക്കുകയാണ്. "വിളവെടുപ്പ് ഊർജ്ജിത ഘട്ടത്തിൽ എത്തിക്കഴിഞ്ഞു, പകൽ മുഴുവൻ കൊയ്ത്ത്, രാത്രിയിൽ മെതി, കുട്ടനാട്ടിൽ രാവും പകലുമില്ല, മനുഷ്യർക്ക് ഉറക്കവുമില്ല. എവിടെയും നെല്ലും കറ്റയും കച്ചിയും കതിരും. മനുഷ്യന്റെ മനസ്സും ശരീരവും ഹൃദയവും ഒരുമിച്ച് യന്ത്രത്തെപ്പോലെ വിരാമമില്ലാതെ ജോലി ചെയ്യുന്നു. കണ്ണെത്താത്ത ദൂരത്തോളം വ്യാപിച്ചുകിടക്കുന്ന പാടങ്ങളിലെ കതിരുകൾ ഓരോന്നും അരിവാൾ വായ്ത്തല കൊണ്ട് മുറിച്ചെടുത്ത് കറ്റകൾ കെട്ടണം. മനുഷ്യന്റെ കൈകളാണ് എല്ലാം ചെയ്യുന്നത്. ആ കെട്ടുകൾ മനുഷ്യൻ തലയിൽത്താങ്ങി കളത്തിൽ കൊണ്ടുപോകണം. അവിടെ മലപോലെ കൂട്ടിയിട്ടിരിക്കുന്ന കോടിക്കണക്കിന് പറ നെല്ല് മുഴുവൻ മനുഷ്യന്റെ ചവിട്ടടികളാൽ ചവിട്ടിയുതിർക്കണം. മനുഷ്യസ്പർശം ഏൽക്കാത്ത ഒരു നെന്മണിപോലും

അതിലില്ല" എന്നാണ്. ഞാൻ ഇന്നലെ വളരെ ഹൃദയഭേദകമായ ഒരു കാഴ്ചകണ്ടു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ മണ്ഡലമായ അമ്പലപ്പുഴയിലെ തോട്ടപ്പള്ളി കരിനിലം പ്രദേശത്ത് 1200-ലധികം ഏക്കറിൽ കൃഷി ചെയ്തിരിക്കുകയാണ്. പക്ഷേ, വിളവിൽ ബഹുഭൂരിപക്ഷവും പതിരാണ്. ഇവിടെ പല സന്ദർഭങ്ങളിലായി പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ പറഞ്ഞ കാര്യമാണിത്. ഞാൻ ഇന്നലെ അവിടെ നേരിട്ടുപോയി കണ്ടതാണ്. പാടംമുഴുവൻ കൃഷിക്കാരുടെ കണ്ണുനീരാണ്. എത്ര ദുഃഖകരവും ഹൃദയഭേദകവുമായ കാഴ്ചയെന്ന് അവിടെപ്പോയി കാണുമ്പോഴാണ് മനസ്സിലാകുന്നത്. കുട്ടനാട്ടിലെയും പാലക്കാട്ടെയും കൃഷിക്കാർ അവരുടെ ചോര നീരാക്കി ഉൽപ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ വളരെ കൃത്യതയോടെ സംഭരിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, വിലയും കൃത്യസമയത്തുതന്നെ കൊടുക്കും. തകഴിയുടെ രണ്ടിടങ്ങഴിയാണ് സംസ്ഥാനത്തെ ആദ്യത്തെ റേഷനായി നിലവിൽ വന്നത്. 1960-ലെ കേരള ഫുഡ് സ്റ്റഫ് (ഡിസ്ട്രിബ്യൂഷൻ കൺട്രോൾ) ഓർഡർ പ്രകാരം ഒരു കാർഡിന് രണ്ടിടങ്ങഴി (2.54 കിലോഗ്രാം) അരി പാവപ്പെട്ടവർക്ക് നൽകാൻ വ്യവസ്ഥ ചെയ്തു. ആ സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ചു. പിന്നീടത് പാവപ്പെട്ടവന്റെ അവകാശമായി മാറി, കേരളത്തിൽ സാർവ്വത്രികമായ റേഷൻ സമ്പ്രദായത്തിന് തുടക്കം കുറിച്ചു. ചരിത്രം പരിശോധിച്ചാൽ, 1964-65 വർഷം ഭയങ്കരമായ വിശപ്പിനെ നേരിട്ട കാലഘട്ടമായിരുന്നു. അന്നാണ് സഖാവ് എ.കെ.ജി. ഉൾപ്പെടെയുള്ളവർ പാർലമെന്റിൽ വളരെ ഉജ്ജ്വലമായി പൊരുതുകയും തുടർന്ന് സംസ്ഥാനത്തെ ബഹുജനങ്ങൾ ആ സമരം ഏറ്റെടുക്കുകയും ഒടുവിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലവിൽ വരികയും ചെയ്തത്.

കേരളം നാണ്യവിളകളുടെ നാടാണ്. സുഗന്ധദ്രവ്യങ്ങളുടെ ഉൽപ്പാദനത്തിന്റെ കേന്ദ്രമാണ്. അതുകൊണ്ടാണ് 'അരിയിലല്ല ആ ഉൽപ്പന്നങ്ങളിൽ കേന്ദ്രീകരിക്കു, നിങ്ങൾക്കാവശ്യമായ അരി ഞങ്ങൾ തരും' എന്ന് പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള നേതൃത്വം സംസ്ഥാനത്തോട് പറഞ്ഞത്. അങ്ങനെയാണ് സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലവിൽവന്നത്. ആ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം സാർവ്വത്രികമായ റേഷനായിരുന്നു. 700 ഗ്രാം ഒരു യൂണിറ്റ് എന്ന രീതിയിൽ കണക്കാക്കി മുതിർന്നവർക്ക് ആഴ്ചയിൽ രണ്ട് യൂണിറ്റും കുട്ടികൾക്ക് ഒരു യൂണിറ്റും അരിയാണ് നൽകിയത്. ആ യൂണിവേഴ്സൽ രൂപത്തിലുള്ള ഭക്ഷ്യ പൊതുവിതരണ സമ്പ്രദായം 1996 വരെ തുടർന്നു. അരിയെ സംബന്ധിച്ചിടത്തോളം നമുക്ക് പ്രയാസങ്ങളില്ലാതെ കടന്നുപോയ കാലങ്ങളാണത്. അരിയാണ് മലയാളികളുടെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷണം. അവൻ രാവിലെ കഞ്ഞി കുടിക്കും, ഉച്ചയ്ക്കും രാത്രിയിലും ചോറ് കഴിക്കും. രാവിലെ കഞ്ഞിയല്ലെങ്കിൽ

കഴിക്കുന്ന പലഹാരം അരിയുടെതന്നെയാണ്. അരിയിൽ വരുന്ന നേരിയ ചലനംപോലും നമ്മുടെ നാടിനെ ബാധിക്കും. അതുകൊണ്ട് സാർവ്വത്രികമായ റേഷൻ നമുക്ക് വലിയ അനുഗ്രഹമായിരുന്നു. എന്നാൽ ഈ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം മാറ്റുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ വ്യാപകമായി വന്നു. 1990 മുതലാണ് ടാർജറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം സംസ്ഥാനത്ത് കടന്നുവരുന്നത്. 1996 ആയപ്പോൾ കേന്ദ്ര സർക്കാർ സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടി റേഷൻ കാർഡുകൾ എ.പി.എൽ./ബി.പി.എൽ. എന്നിങ്ങനെ രണ്ടുതരത്തിലാക്കണമെന്ന് പറഞ്ഞു. രണ്ടുതരത്തിലുള്ള റേഷൻ കാർഡ് അന്നുമുതലാണ് നിലവിൽ വരുന്നത്. ബി.പി.എൽ. കാർഡുടമകൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുക എന്ന സമ്പ്രദായത്തിലേയ്ക്ക് നാം പ്രവേശിക്കുന്നത് അങ്ങനെയാണ്. എന്നാൽ രണ്ടായിരമാണ്ടോടുകൂടി ബി.പി.എൽ.-കാരായ 65.2 ദശലക്ഷം ദരിദ്രരിൽനിന്നും 10 ദശലക്ഷം വരുന്ന ദരിദ്രരിലെ ദരിദ്രരെ അന്ത്യോദയ അന്നയോജന പദ്ധതിക്കാരായി നിർണ്ണയിച്ചുകൊണ്ട് ടാർജറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലേയ്ക്കാണ് പിന്നീട് പോയത്. അന്നുമുതൽ ധാരാളം പ്രയാസം നമുക്ക് അനുഭവിക്കേണ്ടിവന്നു. എ.പി.എൽ./ബി.പി.എൽ. തരംതിരിവുണ്ടായപ്പോൾ അനർഹർ ബി.പി.എൽ. ലിസ്റ്റിലും അർഹർ എ.പി.എൽ. ലിസ്റ്റിലും കടന്നുവന്നു. അന്നുമുതൽ റേഷൻ സമ്പ്രദായത്തിന്റെ താളംതെറ്റുകയും റേഷൻ കടകൾ ആദായകരമല്ലാതായി മാറുകയും അവിടെ ക്രമക്കേടുകൾ ആരംഭിക്കുകയും ചെയ്തു. ഇന്ന് റേഷൻ കടകളിലും ഹോൾസെയിൽ ഉടമകളുടെ കാര്യത്തിലും ഈ രംഗം നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥരിലുമൊക്കെ അഴിമതി സർവ്വവ്യാപിയായി പടർന്ന് പന്തലിച്ച് കൊടികുത്തി വാഴുന്നു എന്നുള്ളത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് നമ്മൾ മുന്നോട്ടുപോകുന്നത്. അതുകൊണ്ട് വളരെ സൂക്ഷ്മതയോടും ഗൗരവത്തോടുംകൂടി വേണം ഈ സമ്പ്രദായത്തിൽ വരുന്ന ഓരോ മാറ്റവും കാണേണ്ടത്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അരിക്കും മണ്ണെണ്ണയ്ക്കും ഒരു കുറവുമുണ്ടായിട്ടില്ലെന്ന് ശ്രീ. അനൂപ് ജേക്കബ് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞങ്ങൾ കേന്ദ്രത്തെ ബോധ്യപ്പെടുത്തിയതുകൊണ്ട് അരിയും മണ്ണെണ്ണയും കൃത്യമായി ലഭിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. വളരെ വർഷങ്ങൾക്കുമുമ്പ് ഭക്ഷ്യ ഭദ്രതാ നിയമത്തെക്കുറിച്ചുള്ള ചർച്ചകൾ നടന്നുവെങ്കിലും ആക്ട് പാർലമെന്റിൽ വരുന്നത് 2013-ലാണ്. 2013-ന് മുമ്പുള്ള മൂന്നുവർഷത്തെ ശരാശരി ഉപഭോഗം എടുത്തു കൊണ്ടാണ് ഓരോ സംസ്ഥാനത്തിനും അർഹതപ്പെട്ട ഭക്ഷ്യധാന്യം എത്രയാണെന്ന തീരുമാനമെടുത്തത്. അങ്ങനെയാണ് 14.25 ലക്ഷം മെട്രിക് ടണ്ണാണ് കേരളത്തിന്റെ അർഹതപ്പെട്ട വിഹിതമെന്ന് കേന്ദ്രം ഈ ആക്ടിൽ ചേർത്തുവച്ചത്. അന്ന് സംസ്ഥാന സർക്കാർ അതിൽ എതിർപ്പ് പ്രകടിപ്പിച്ചോ; അതല്ല, ഞങ്ങൾക്ക്

16 ലക്ഷം മെട്രിക് ടൺ അരി ലഭിക്കാൻ അർഹതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചോ? അങ്ങനെയൊരു നിർദ്ദേശമടങ്ങുന്ന ഒരു ഫയലും കാണാനില്ല. മൂന്നുവർഷക്കാലത്തെ നമ്മുടെ ശരാശരി ഉപഭോഗം എടുത്തുകൊണ്ടാണ് 14.25 ലക്ഷം മെട്രിക് ടൺ എന്ന് അനുമാനിച്ച് ഈ ആക്ടിന്റെ ഭാഗമായി ചേർത്തുവച്ചത്. ഓരോ സംസ്ഥാനത്തിന്റെയും കേരളത്തിന്റെയും അർഹതയെ സംബന്ധിച്ച് അതിനനുബന്ധമായ വിശദാംശങ്ങളിൽ വിവരിക്കുന്നുണ്ട്.

ശ്രീ. അനൂപ് ജേക്കബ് : സർ, നോർമൽ വിഹിതവുമായി ബന്ധപ്പെട്ടാണ് 14.25 ലക്ഷം മെട്രിക് ടൺ എന്നുപറയുന്നത്. നമ്മുടെ അഡീഷണൽ അലോട്ട്മെന്റും നോർമൽ അലോട്ട്മെന്റും കണക്കാക്കി അതിന്റെ ശരാശരി ലഭ്യമാകണമെന്നാണ് നമ്മുടെ ആവശ്യം. അങ്ങേയ്ക്കും അറിയാവുന്നതുപോലെ 100 ശതമാനം ഓഫ്ടേക്കുണ്ട്. 14.25 ലക്ഷം മെട്രിക് ടൺ എന്നുള്ളത് നോർമൽ വിഹിതത്തിന്റെ ശരാശരിയെയാണ് സൂചിപ്പിക്കുന്നത്.

ശ്രീ. പി. തിലോത്തമൻ: സർ, 12.65 ലക്ഷം മെട്രിക് ടണ്ണാണ് നമ്മുടെ നോർമൽ വിഹിതം. അതിൽ 1.6 എന്ന മാർജിൻകൂടി ചേർത്താണ് 14.25 ലക്ഷം മെട്രിക് ടൺ കേന്ദ്ര സർക്കാർ നമുക്ക് അനുവദിച്ചിരിക്കുന്നത്. അതിന്മേൽ നിങ്ങളൊരു ഒബ്ജക്ഷനും കൊടുത്തില്ല. അതിനേക്കാൾ അർഹതയുണ്ടെന്ന് നിങ്ങൾ വാദിച്ചില്ല. നിങ്ങൾ കൊടുത്തുവെന്ന് ഇപ്പോൾ പറഞ്ഞിട്ട് കാര്യമില്ല; കൊടുക്കേണ്ട സമയത്ത് കൊടുക്കണമായിരുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് അക്കാര്യം പരിശോധിക്കാവുന്നതാണ്. "ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് വരരുത് എന്നാവശ്യപ്പെട്ട് കഴിഞ്ഞ സർക്കാർ കേന്ദ്ര ഗവൺമെന്റിന് എത്ര കത്തുകളയച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം തീയതികളിലാണെന്നും വിശദമാക്കാമോ" എന്ന 3-10-2016-ലെ എന്റെ ചോദ്യത്തിന് മറുപടിയായി, 7 കത്തുകൾ ഭക്ഷ്യധാന്യ വിഹിതം നിലനിർത്തുന്നതുമായി ബന്ധപ്പെട്ട് യു.ഡി.എഫ് സർക്കാർ അയച്ചിട്ടുണ്ടെന്ന് എനിക്ക് മറുപടി തന്നിട്ടുണ്ട്. ഇവിടെ ഭരണ-പ്രതിപക്ഷ വാഗ്വാദമല്ല നടത്തേണ്ടത്; പകരം ഈ അലോട്ട്മെന്റ് നിലനിർത്താൻ ഒറ്റക്കെട്ടായ പരിശ്രമമാണ് വേണ്ടത്.

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം സംബന്ധിച്ച് ഈ ആക്ട് പാർലമെന്റിൽ ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ഉന്നയിക്കേണ്ടിയിരുന്നു. നമ്മുടെ എം.പി.-മാർ മുഖേന നമ്മളത് ഉന്നയിക്കണം, അതുപോലെതന്നെ സംസ്ഥാനം കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയെ ആ വിവരം അറിയിക്കണം, അങ്ങനെ ധരിപ്പിച്ചതായി ഒരു സന്ദർഭത്തിലും ബോധ്യപ്പെട്ടിട്ടില്ല.

ഇപ്പോൾ അതിന്റേതായ പരിമിതികളുണ്ടെന്നാണ് ഞാൻ ചോദ്യോത്തരവേളയിൽ പറഞ്ഞത്. അല്ലാതെ നമ്മുടെ അവകാശം നിഷേധിച്ചുകൊണ്ടോ എന്തെങ്കിലും ദോഷമുണ്ടാകുന്ന തരത്തിലോ ഞാനൊന്നും പറഞ്ഞില്ല. കാര്യങ്ങൾ ചെയ്യേണ്ട സന്ദർഭത്തിൽ അത് ചെയ്യില്ല എന്നേ പറഞ്ഞുള്ളൂ. നമുക്ക് 16 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം ലഭിക്കണം. ഏകദേശം 40 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾ ഇവിടെ ജോലിയെടുത്ത് ഈ മാർക്കറ്റിനെ ആശ്രയിച്ച് ജീവിക്കുന്നുണ്ട്. അതിന്റെ സമ്മർദ്ദവും നമ്മുടെ മാർക്കറ്റിലുണ്ട്. അതുകൊണ്ട് ആ കാര്യംകൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിക്ക് നിവേദനം കൊടുത്തതിന്റെ കോപ്പി എല്ലാ എം.പി.-മാർക്കും കൊടുത്തിട്ടുണ്ട്. മന്ത്രിയെ കാണുന്നതിനുമുമ്പ് ആദ്യം കണ്ടത് ശ്രീ. എ. കെ. ആന്റണിയെയാണ്. പിന്നീട് ശ്രീ. കെ. സി. വേണുഗോപാൽ, പ്രൊഫ. കെ. വി. തോമസ് എന്നിവരെയും കണ്ടിട്ടാണ് മന്ത്രിയെ കാണാൻ പോയത്. അവിടെ ഇല്ലാതിരുന്ന മുഴുവൻ എം.പി.-മാർക്കും ആ നിവേദനത്തിന്റെ കോപ്പി കൊടുത്തിട്ടുണ്ട്. ആ ശ്രമങ്ങൾ നമ്മൾ തുടരണം. അതിന് യാതൊരു തർക്കവും ആർക്കുമില്ല.

ഈ രംഗത്ത് ധാരാളം തിരിമറികൾ വളരെ വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ ബി.പി.എൽ. ലിസ്റ്റിൽ അനർഹർ ധാരാളം കടന്നുകൂടിയിട്ടുണ്ട്. എ.പി.എൽ. ലിസ്റ്റിൽ തോട് പുറമ്പോക്കിലും കായൽ പുറമ്പോക്കിലും താമസിക്കുന്ന ധാരാളം ആളുകളുണ്ട്. അത്തരം ആളുകളുടെ പരാതി ധാരാളം വരാറുണ്ട്. അതിനെല്ലാം പരിഹാരം കാണാനുള്ള നല്ലൊരു മാർഗ്ഗമായി നമ്മൾ ഈ സന്ദർഭത്തെ മാറ്റണമെന്നാണ് എന്റെ അഭിപ്രായം. "അരി വാങ്ങുവാൻ ക്യൂവിൽ നിൽക്കുന്ന ഗാന്ധി, അരികെ കൂറ്റൻ കാറിലേറി നീങ്ങുന്ന ഗോഡ്സെ" എന്ന് എഴുതിയത് പണ്ഡിതശ്രേഷ്ഠനായ കവി എൻ. വി. കൃഷ്ണവാര്യരാണ്. വളരെ പച്ചയായ ഒരു യാഥാർത്ഥ്യമാണിത്. ധാരാളം അനർഹർ അരി വാങ്ങി കൊണ്ടുപോകുകയും അർഹർ അപ്പുറത്ത് എ.പി.എൽ. വിഭാഗത്തിൽ നിൽക്കുകയുമാണ്. ആ സ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ, ഈ സന്ദർഭം ഭംഗിയായി വിനിയോഗിക്കാൻ കഴിയണമെന്നതാണ് ഇന്ന് രാവിലെ ഇവിടെ നടന്ന ചർച്ചയുടെ സ്പിരിറ്റ്. നമ്മുടെ പ്രയോറിറ്റി ലിസ്റ്റിൽ വരേണ്ടത് 1,54,80,040 ആളുകളാണ്. ഇതിനുമുമ്പ് ബി.പി.എൽ./എ.എ.വൈ. ലിസ്റ്റിൽ 97 ലക്ഷം ആളുകളാണുണ്ടായിരുന്നത്. ഒരു കോടിയിലധികം വരുന്ന എ.പി.എൽ.എസ്.എസ്. വിഭാഗങ്ങളിൽ രണ്ട് രൂപയ്ക്ക് അരി കൊടുത്തിരുന്നവരിൽ പകുതിയിലധികം പേരെക്കൂടി ഈ വിഭാഗത്തിൽ കൊണ്ടുവരാൻ കഴിയും. വളരെ ശരിയായ അനാലിസിസ് നടത്തി അത്രയും ആളുകളെക്കൂടി പ്രയോറിറ്റി ലിസ്റ്റിൽ കൊണ്ടുവരണം. ബാക്കിവരുന്ന ഒരു കോടി എൺപത് ലക്ഷം ആളുകളുണ്ട്.

അവർക്ക് നാല് ലക്ഷം മെട്രിക് ടൺ അരി ഏതളവിൽ എങ്ങനെ കൊടുക്കണമെന്നതിനെ സംബന്ധിച്ചാണ് സർക്കാർ പരിശോധിക്കാൻ പോകുന്നത്. വിശദാംശങ്ങൾ അതിനുശേഷമേ പറയാൻ കഴിയൂ. അതുകൊണ്ട് ആ പ്രോസസ്സ് വളരെ വിജയകരമായി നടത്തേണ്ടതുണ്ട്. ഒക്ടോബർ 30-നുള്ളിൽ ഇതുസംബന്ധിച്ചുള്ള ആക്ഷേപം എങ്ങനെ തീർക്കുമെന്ന പ്രശ്നം വന്നു. പരാതികൾ പഞ്ചായത്ത് ഓഫീസിലും വില്ലേജ് ഓഫീസിലും കൊടുക്കാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. അത്തരം പരാതികളിന്മേലുള്ള തീരുമാനം വെരിഫിക്കേഷൻ കമ്മിറ്റിക്ക് നടത്താൻ കഴിയണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഒക്ടോബർ 30-നകം പരാതികളെല്ലാം നൽകണമെന്ന് പറയുന്നത് പ്രായോഗികമാണെന്ന് തോന്നുന്നില്ല. അക്കാര്യം മന്ത്രി പരിശോധിക്കണം. കുറച്ചു സമയംകൂടി നൽകണം. പ്രസിദ്ധീകരിച്ച ലിസ്റ്റിനെക്കുറിച്ച് എല്ലാ സ്ഥലത്തും വ്യാപകമായ പരാതികളുണ്ട്. ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ അതെല്ലാം പരിഹരിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. ആവശ്യാനുസരണം സമയം കൊടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. പി. തിലോത്തമൻ : സർ, അതിനുള്ള സമയമില്ല. നവംബർ ഒന്ന് മുതൽ ഈ കരട് പട്ടികവച്ച് അരി കൊടുക്കണമെന്നാണ് കേന്ദ്രം ആവശ്യപ്പെടുന്നത്. അതിനൊരു മാറ്റവുമില്ല. അങ്ങനെ കൊടുത്തില്ലെങ്കിൽ, എ.പി.എൽ. വിഭാഗത്തിനുള്ള അരിയുടെ വിലയിൽ വ്യത്യാസം വരും എന്നുള്ളത് ഗൗരവമായ വിഷയമാണ്. അത് ബാധകമാകാതിരിക്കണമെങ്കിൽ നവംബർ ഒന്നുമുതൽ എൻ.എഫ്.എസ്. ആക്ട് പ്രകാരമുള്ള കരട് പട്ടിക വച്ച് അരി കൊടുത്തുതുടങ്ങണം.

ശ്രീ. അനൂപ് ജേക്കബ് : സർ, നിലവിലുള്ള ബി.പി.എൽ. കാർഡുകൾ മുൻഗണനാ കാർഡുകളാക്കികൊണ്ടാണ് നവംബർ ഒന്നുമുതൽ ഈ നിയമം താൽക്കാലികാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ പോകുന്നത്. നമ്മളിപ്പോൾ കേന്ദ്രത്തിന്റെ സമ്മർദ്ദത്തിലാണ്. നിലവിലുള്ള ബി.പി.എൽ. കാർഡുകൾ മുൻഗണനാ കാർഡുകളാക്കി മാറ്റുകയാണ്, ബാക്കി ഒറിജിനൽ മുൻഗണനക്കാരെ കണ്ടെത്താനുള്ള പരാതികളാണ് ഇപ്പോൾ സ്വീകരിക്കാൻ പോകുന്നത്. അതുകൊണ്ടുതന്നെ നിയമം നടപ്പിലാക്കാൻ പോകുമ്പോൾ കാർഡ് പുതുക്കാനാവശ്യമായ സമയം കൊടുക്കുന്നതിൽ എന്തെങ്കിലും തരത്തിൽ ബുദ്ധിമുട്ടുണ്ടാകുമോ?

ശ്രീ. പി. തിലോത്തമൻ : സർ, പ്രയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതാണ് അടിസ്ഥാനമായി കേന്ദ്ര സർക്കാർ എടുക്കുന്നത്. അതുവച്ചുകൊണ്ടുമാത്രമേ എൻ.എഫ്.എസ്.എ. പ്രകാരം അരി കൊടുക്കാൻ അവർ സമ്മതിക്കുകയുള്ളൂ. ഈ

പട്ടികയിലുള്ള കുടുംബങ്ങളുടെ കാർഡിൽ എൻ.എഫ്.എസ്.എ. എന്ന് സീൽ ചെയ്ത് കൊടുക്കണമെന്നാണ് പറയുന്നത്. അതിനുമുമ്പ് നാം കുറ്റമറ്റ ഒരു ലിസ്റ്റ് തയ്യാറാക്കിയാൽ അത്രത്തോളം നല്ലത്. അത് മാത്രമേ നമുക്കിപ്പോൾ ചെയ്യാൻ കഴിയൂ. അങ്ങനെ കൊടുത്തുകൊണ്ട് നിങ്ങൾ ആ റെക്റ്റിഫിക്കേഷൻ പ്രോസസ്സ് കണ്ടിന്യൂ ചെയ്യുക, മാർച്ച് 31 -ഓടുകൂടി നിങ്ങൾ റേഷൻ കാർഡ് വിതരണം പൂർത്തിയാക്കുക, ഏപ്രിൽ 01-ന് എൻ.എഫ്.എസ്.എ. പൂർണ്ണമായി നടപ്പാക്കുന്ന ഒരു സംസ്ഥാനം എന്ന അടിസ്ഥാനത്തിലാകണം എന്നാണ് കേന്ദ്രം പറയുന്നത്. ബി.പി.എൽ. കാർഡുകാരെ പ്രയോറിറ്റി ലിസ്റ്റിലെടുക്കുകയല്ല ചെയ്യുന്നത്. കഴിഞ്ഞ സർക്കാർ മുന്നോട്ടുവച്ചതാണ് ഫാറം പൂരിപ്പിച്ച് തയ്യാറാക്കൽ. ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, ആയിരം സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവർ, നാല് വീലുള്ള വാഹനമുള്ളവർ, വരുമാന നികുതി കൊടുക്കുന്നവർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർക്കാർ ജീവനക്കാർ തുടങ്ങിയവരൊന്നും ഈ പട്ടികയിൽ വരാൻ പാടില്ല എന്നതാണ് അടിസ്ഥാനമായിട്ടുള്ളത്. എല്ലാ റേഷൻ കാർഡുകളെയും ആ അടിസ്ഥാനത്തിൽ പ്രോസസ്സ് ചെയ്തുകൊണ്ടാണ് അതിനുതാഴെയുള്ള ആളുകളെ പ്രയോറിറ്റി ലിസ്റ്റിൽ കൊണ്ടുവരുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, ഇപ്പോൾ ബി.പി.എൽ. കാർഡുടമകൾക്ക് സൗജന്യമായാണ് അരി കൊടുത്തുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സുരക്ഷാ നിയമമനുസരിച്ച് അതിന്റെ പണം കൊടുക്കണ്ടേ; ഇതിന്റെ ബാധ്യത ആരാണ് ഏറ്റെടുക്കുന്നത്?

ശ്രീ. പി. തിലോത്തമൻ : സർ, നമുക്കിപ്പോൾ കേന്ദ്രം തരുന്ന 10.25 ലക്ഷം മെട്രിക് ടണ്ണിൽ, അരി കിലോയ്ക്ക് 3 രൂപ വച്ചും ഗോതമ്പ് കിലോയ്ക്ക് രണ്ട് രൂപ വച്ചുമാണ്. ബാക്കിവരുന്നതിന് വേറെ റേറ്റാണ്.

ശ്രീ. എ. എൻ. ഷംസീർ : സർ, എ.പി.എൽ./ബി.പി.എൽ. ലിസ്റ്റ് ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണല്ലോ; അതുമായി ബന്ധപ്പെട്ട് കാർഡുടമകൾക്ക് താലൂക്കാസ്ഥാനങ്ങളിൽ പോയി നിൽക്കേണ്ട സാഹചര്യമുണ്ട്. അത് ലഘൂകരിക്കാൻ എന്തെങ്കിലും നടപടി സർക്കാരിന് സ്വീകരിക്കാൻ സാധിക്കുമോ? ഇത് റേഷൻ കടകളിൽത്തന്നെ ആക്കിക്കഴിഞ്ഞാൽ ആളുകൾക്ക് കുറച്ചുകൂടി സൗകര്യപ്രദമാകും. റേഷൻ കാർഡുടമകൾ പ്രായം ചെന്നവരായതുകൊണ്ട് അവർക്ക് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ പോകുമ്പോഴുണ്ടാകുന്ന പ്രയാസം പരിഹരിക്കാൻ എന്തെങ്കിലും നടപടിയുണ്ടാകുമോ?

ശ്രീ. പി. തിലോത്തമൻ : സർ, ഇപ്പോൾ റേഷൻ കാർഡ് ഉടമ ആ കുടുംബത്തിലെ മുതിർന്ന സ്ത്രീയാണ്. സ്ത്രീ ഇല്ലാത്ത കുടുംബത്തിൽ പ്രായമുള്ള പുരുഷനാണ് കാർഡുടമ. അതാണ് സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി പുതുതായി

റേഷൻ സംവിധാനം കൊണ്ടുവരുന്നതിൽ കേന്ദ്ര സർക്കാർ കൈക്കൊണ്ട തീരുമാനം. ആക്ഷേപങ്ങളും പരാതികളും കൊടുക്കാൻ താലൂക്ക് സപ്ലൈ ഓഫീസ് വരെ പോകണ്ട. പഞ്ചായത്ത് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കും. റേഷൻകട ഒരു സർക്കാർ ഓഫീസല്ല. അതുകൊണ്ടാണ് അവിടെ നിശ്ചയിക്കാതിരുന്നത്. ഈ രണ്ടുകേന്ദ്രങ്ങളിലും പരാതികൾ കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ഈ പ്രയാസം കുറയുമെന്ന കാര്യം ഉറപ്പാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിന്റെ ദാരിദ്ര്യമില്ലാതാക്കിയത് പാവപ്പെട്ടവർക്ക് സൗജന്യമായി അരി കൊടുക്കുന്ന സമ്പ്രദായമായിരുന്നു. ഒരു രൂപയ്ക്ക് ഒരു കിലോ അരി എന്നത് മാറി സൗജന്യമാക്കി. നവംബർ ഒന്നാം തീയതി മുതൽ ഇവിടെ ഒരു പരിഷ്കാരം വരാൻ പോകുകയാണ്. കേരളത്തിൽ ഇപ്പോഴുള്ള സൗജന്യ അരി വിതരണം നിലനിൽക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പുതരാൻ കഴിയുമോ?

ശ്രീ. പി. തിലോത്തമൻ: സർ, കേന്ദ്രം അരി തരുന്നത് സൗജന്യമായിട്ടല്ല. 10.25 ലക്ഷം മെട്രിക് ടൺ അരി കിലോയ്ക്ക് മൂന്ന് രൂപ പ്രകാരവും ഗോതമ്പ് കിലോയ്ക്ക് രണ്ട് രൂപ പ്രകാരവുമാണ് തരുന്നത്. 14.25 ലക്ഷം മെട്രിക് ടൺ അരിയിൽ നാലുലക്ഷം മെട്രിക് ടൺ തരുന്നത് വേറെ റേറ്റിനാണ്. അതെല്ലാം വച്ചുകൊണ്ട് ഇവിടത്തെ റേറ്റ് എത്രയായിരിക്കണമെന്നും അളവ് എത്രയായിരിക്കണമെന്നും സംസ്ഥാന സർക്കാർ തീരുമാനിക്കും. ഏതായാലും എ.എ.വൈ.-ക്കാർക്ക് 35 കിലോ അരി മാറ്റമില്ലാതെ കൊടുക്കും. ബാക്കി പ്രയോറിറ്റി ലിസ്റ്റിൽ വരുന്ന കുടുംബത്തിന് 5 കിലോ ഭക്ഷ്യധാന്യമാണ് കൊടുക്കുന്നത്. അത് എൻ.എഫ്.എസ്.എ.-യിൽ വ്യക്തമായി പറയുന്നതാണ്. അതിലൊന്നും മാറ്റമില്ല. ബാക്കി വരുന്നത് ഏത് അളവിൽ കൊടുക്കണം, ഏത് റേറ്റിൽ കൊടുക്കണം, പൊതുവിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ചോദിക്കുന്നത് ഇപ്പോൾ കേരളത്തിലെ പാവങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം ഒന്നാം തീയതി മുതൽ മാറാൻ പോകുകയാണ്. അത് അങ്ങയുടെ കുറ്റമായി ഞാൻ പറയുന്നില്ല. പക്ഷെ ഒന്നാം തീയതി മുതൽ പാവപ്പെട്ടവർക്ക് സൗജന്യ അരി കിട്ടുമോ; ഇനി ഏതെങ്കിലും സാഹചര്യത്തിൽ കേന്ദ്ര സർക്കാർ അതിനൊരു തടസ്സമുണ്ടാക്കിയാൽ സംസ്ഥാന സർക്കാർ ഇടപെട്ട് സൗജന്യമായി അരി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ : സർ, നമ്മുടെ രാജ്യത്തിനാകെ ബാധകമായ ഒരു യൂണിവേഴ്സൽ നിയമമാണ് പ്രൊഫ. കെ. വി. തോമസ് കൊണ്ടുവന്നത്.

അതിനോടുള്ള അഭിപ്രായ വ്യത്യാസമാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. താങ്കൾ അദ്ദേഹത്തോടുതന്നെ പറഞ്ഞിരുന്നെങ്കിൽ വളരെ എളുപ്പമാകുമായിരുന്നു. രാജ്യത്ത് പൊതുവിൽ വരുന്ന ആക്ടിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് അരിയുടെ വില എത്രയാവണമെന്ന് സർക്കാർ ആലോചിച്ച് പ്രഖ്യാപിക്കും. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും നൽകേണ്ടത് ഒക്ടോബർ 30 വരെയാണ്. ആ ആക്ഷേപങ്ങളും പരാതികളും സംബന്ധിച്ച് പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിലുള്ള വെരിഫിക്കേഷൻ കമ്മിറ്റി തീരുമാനമെടുക്കും. അതിനുപരിയായി വരുന്ന ആക്ഷേപങ്ങളോ തർക്കങ്ങളോ ഉണ്ടെങ്കിൽ അതെല്ലാം കേൾക്കാനുള്ള സമിതി ജില്ലാ അടിസ്ഥാനത്തിലുള്ള അപ്പീൽ ബോഡിയാണ്. ആ സമിതി അന്തിമമായ തീരുമാനമെടുക്കും. ജനുവരി 1-ന് പട്ടിക പ്രസിദ്ധീകരിക്കാൻ കഴിയണം. റേഷൻ കാർഡ് പ്രിന്റ് ചെയ്ത് ഫെബ്രുവരി 1 മുതൽ വിതരണം ചെയ്യാൻ കഴിയണം. മാർച്ച് 31-ഓടുകൂടി റേഷൻ കടകളുൾപ്പെടെ കമ്പ്യൂട്ടറൈസേഷൻ നടത്തുകയും Door to door delivery-യുള്ള സംവിധാനങ്ങളൊരുക്കുകയും വേണം. അങ്ങനെ എല്ലാ കാര്യങ്ങളും പൂർത്തിയാക്കിക്കൊണ്ട് ഇന്ത്യയ്ക്കാകെ മാതൃകയായി ഈ നിയമം നടപ്പാക്കണം. സുതാര്യമായ ഒരു പൊതുവിതരണ സംവിധാനമാണ് വരാൻ പോകുന്നത്. അഴിമതി അവസാനിപ്പിക്കാൻ കഴിയുന്ന ഒരവസരമായി ഇതിനെ കാണുകയാണ്. ഇവിടെ ഇടനിലക്കാരുണ്ടാവില്ല. എഫ്.സി.ഐ.-ൽ നിന്ന് അരിയെടുത്ത് സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ നേരെ റേഷൻ കടകളിലെത്തിക്കുന്ന സമ്പ്രദായമാണ് വരാൻ പോകുന്നത്. ഇപ്പോൾ 333 ഹോൾസെയിൽ ഉടമകളുണ്ട്. അതെല്ലാം അവസാനിപ്പിച്ച് അഴിമതിയോട് വിടപറഞ്ഞ് വളരെ സുതാര്യമായ ഒരു പൊതുവിതരണ സംവിധാനത്തിലേയ്ക്കാണ് നാം പോകുന്നത്. ഈ സന്ദർഭത്തിൽ റേഷൻ കടകൾ കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്. റേഷൻ കടകളിൽക്കൂടി അവശ്യസാധനങ്ങൾ വിതരണം ചെയ്തുകൊണ്ട് ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായി റേഷൻ കടകളെ മാറ്റാൻ കഴിയുമോ എന്നുകൂടി ഈ സന്ദർഭത്തിൽ ആലോചിക്കുന്നുണ്ട്.

മറ്റൊരു കാര്യം പറയാനുള്ളത്, വെൽഫെയർ സ്കീമിനെ സംബന്ധിച്ചാണ്. 1761 അംഗീകൃത വെൽഫെയർ സ്ഥാപനങ്ങളിലായി 60708 അംഗങ്ങളുണ്ട്. അവർക്ക് കൊടുക്കുന്നത് രണ്ട് കിലോ പച്ചരിയും രണ്ട് കിലോ ഗോതമ്പും ഉൾപ്പെടെ അഞ്ച് കിലോ ധാന്യങ്ങളാണ്. ഇതിനായി ഒരുമാസം ആവശ്യമായി വരുന്നത് 333.54 മെട്രിക് ടൺ അരിയും 121.41 മെട്രിക് ടൺ ഗോതമ്പുമാണ്. 2015-16-ന്റെ ആദ്യ പകുതിയിൽ ആറ് മാസത്തേയ്ക്ക് കേന്ദ്രം തന്നത് 891.3 മെട്രിക് ടൺ അരിയും 382.2 മെട്രിക് ടൺ ഗോതമ്പുമാണ്. രണ്ടാം പകുതിക്ക് ആകെ അനുവദിച്ചത് 454.24 മെട്രിക് ടണ്ണാണ്. മുഴുവൻ വിഹിതവും ലഭ്യമാക്കാൻവേണ്ടി

കേന്ദ്ര സർക്കാരുമായി ഞങ്ങൾ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെ വാങ്ങിയാലേ വെൽഫെയർ സ്കീം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കൂ. ധാരാളം ചർച്ചകൾ ഇതുമായി ബന്ധപ്പെട്ട് നടന്നതുകൊണ്ട് ദീർഘമായ വിശദീകരണത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരമേറ്റതിനുശേഷം കേരളത്തിൽ ആരോഗ്യകരമായ, മെച്ചപ്പെട്ട തൊഴിൽ ബന്ധം കൊണ്ടുവരുന്നതിനും തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി നടപ്പിലാക്കാനുമാണ് ശ്രമിക്കുന്നത്. തൊഴിലിടങ്ങളിൽ നടത്തിവരുന്ന കർശനമായ പരിശോധനയുടെ ഭാഗമായി 2015 പ്രോസിക്യൂഷനുകളും 242 ക്ലെയിം കേസുകളുമെടുത്തിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ വിപുലമാക്കാൻ ലേബർ കമ്മീഷണറേറ്റിൽ കോൾ സെന്ററുകൾ കാര്യക്ഷമമാക്കുകയും ഓൺലൈൻ രജിസ്ട്രേഷൻ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ട്രേഡ് യൂണിയനുകൾ രജിസ്ട്രേഷൻ ആവശ്യപ്പെടുമ്പോൾ കാലപരിധിയില്ലാതെ നീണ്ടുപോകുന്ന അവസ്ഥയ്ക്ക് അവസാനം കുറിക്കുകയാണ്. യൂണിയനുകൾ രജിസ്ട്രേഷനുവേണ്ടി ആവശ്യപ്പെട്ടാൽ 40 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ ലഭ്യമാക്കുമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ ജീവിതസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും അവരുടെ താമസസ്ഥലത്തെ സംബന്ധിച്ചുള്ള വിവരശേഖരണം നടത്തുകയുമുണ്ടായി. കേരളത്തിലെ വിവിധ തോട്ടങ്ങളിലെ ലയങ്ങളിൽ 31473 കുടുംബങ്ങളാണ് താമസിക്കുന്നത്. അതിൽ സ്വന്തമായി വീടുള്ളവർ 586-ഉം സ്വന്തമായി ഭൂമിയുള്ളവർ 8208 കുടുംബങ്ങളുമാണ്. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവർ 22679 ആണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ, കേരളത്തിൽ വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീടുവച്ച് നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്; അതിനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ഈ പദ്ധതിയുമായി ബന്ധപ്പെടുത്തി കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും വീട് നൽകും. ഈ വർഷംതന്നെ വീട് നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഈ പ്രവർത്തനത്തിന് തുടക്കം കുറിക്കാൻ ഉദ്ദേശിക്കുന്നത് ഇടുക്കി ജില്ലയിലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതര സംസ്ഥാനങ്ങളിൽനിന്ന് വന്ന് ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംരക്ഷണത്തെ മുൻനിർത്തി അവർക്ക് താമസസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടാണ് അതിനുള്ള തുടക്കം കുറിച്ചത്. ഏകദേശം

700-ലധികം തൊഴിലാളികളെ താമസിപ്പിക്കാൻ കഴിയുന്ന പാർപ്പിട സൗകര്യം പൂർത്തിയായിവരികയാണ്. ഏതാനും മാസങ്ങൾക്കുള്ളിൽ അവിടെ തൊഴിലാളികളെ താമസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതോടൊപ്പം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

അതുപോലെ വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം കൂലി ബാധകമാക്കേണ്ടതുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ പാചകത്തൊഴിലാളികൾ, ആനപാപ്പാന്മാർ, ഹോസ്റ്റൽ, ഐസ് ഫാക്ടറി, ഈറ്റ, ചൂരൽ, പ്രൈവറ്റ് ബസ്, സ്വർണ്ണം, വെള്ളി, ആയുർവ്വേദ-അലോപ്പതി മരുന്ന് നിർമ്മാണം, സെയിൽസ് പ്രൊമോഷൻ എന്നീ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കേരളത്തിൽ കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ക്ഷേമനിധി ബോർഡുകളുടെ കീഴിലുള്ള മിനിമം പെൻഷൻ 1,000 രൂപയാക്കി.

നൈപുണ്യ വികസനത്തിന് മുഖ്യ പരിഗണന നൽകുകയും അതുവഴി തൊഴിൽ റിക്രൂട്ട്മെന്റ് ശക്തിപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ മേഖലയിൽ വിദേശ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കുന്ന നിലയിൽ ഒഡേപെക്-ന്റെ പ്രവർത്തനമേഖല വിപുലമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്ന എല്ലാ സേവനങ്ങളും ഓൺലൈനായി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. 'ശരണ്യ' എന്ന ആലംബഹീനരായ സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിക്ക് ഈ സാമ്പത്തിക വർഷം 16 കോടി രൂപ അനുവദിച്ചു. ഭിന്നശേഷിക്കാർക്കുവേണ്ടി നടപ്പിലാക്കിവരുന്ന 'കൈവല്യ' പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോൾ നടത്തിവരുന്നുണ്ട്. സ്വയം തൊഴിൽ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നതോടൊപ്പം ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്ന നടപടികളും തുടരുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായി ബന്ധപ്പെടുത്തി പുതിയതായി കരിയർ ഗൈഡൻസ് സെന്ററുകൾ സ്ഥാപിക്കുന്നുണ്ട്; അതിന് തുടക്കം കുറിക്കുന്നത് കോഴിക്കോട്, പാലക്കാട് ജില്ലകളിലാണ്. മെഡിക്കൽ ഇൻഷ്വറൻസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ ആരംഭിക്കാനുള്ള അനുമതി നൽകുകയും പ്രസ്തുത ആശുപത്രികൾ നവീകരിക്കുന്നതിനുള്ള ശ്രമം നടത്തിവരികയും ചെയ്യുന്നുണ്ട്. 18 ഡിസ്പെൻസറികൾ പുതുതായി തുടങ്ങാനുള്ള നടപടികളെടുത്തിട്ടുണ്ട്. താലൂക്ക്

അടിസ്ഥാനത്തിലാണ് ഇപ്പോൾ ഇ.എസ്.ഐ. ബാധകമാക്കുന്നത്. ഇത് ജില്ലാതലത്തിലും കേരളമാകെ ഇ.എസ്.ഐ. പരിധിക്കകത്ത് കൊണ്ടുവരാനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് 12 ഐ.ടി.ഐ.-കൾ ഉന്നതനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും അതിനാവശ്യമായ പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട്, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലായി പുതുതായി 4 ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽജന്യ രോഗങ്ങൾക്ക് കാരണമാകുന്ന സാഹചര്യം പരിശോധിച്ച് പരിഹാരം കാണുന്നതിനായി 2016 ആഗസ്റ്റ് 23 മുതൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിൽ ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറിയുടെ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. തൊഴിൽ മേഖലയിലെ വിവിധ പ്രശ്നങ്ങളുന്നയിച്ച് കേന്ദ്രമന്ത്രിമാർക്കും കേരളത്തിന്റെ തൊഴിൽ മേഖലയിലെയും എക്സൈസ് വകുപ്പിലെയും പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ച് പ്രധാനമന്ത്രിക്കും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ധനമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്ലി, നൈപുണ്യ വികസന വകുപ്പുമന്ത്രി ശ്രീ. രാജീവ് പ്രതാപ് റൂഡി, ലേബർ ആന്റ് എംപ്ലോയ്മെന്റ് വകുപ്പുമന്ത്രി ശ്രീ. ബണ്ഡാരു ദത്താത്രേയ, ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ജഗദ്പ്രകാശ് നദ്ദ എന്നിവരെ നേരിൽക്കണ്ട് കേരളത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കേരളത്തിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

നൈപുണ്യ വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള 290 കോടി രൂപയുടെ സാമ്പത്തിക സഹായം കേന്ദ്രത്തിൽ നിന്ന് ലഭിക്കത്തക്ക നിലയിലുള്ള പദ്ധതികൾ കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽപ്പെട്ട സ്ഥാപനങ്ങളിലും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് നിയമം ബാധകമാകുന്ന സ്ഥാപനങ്ങളിലും ഗ്രേഡിംഗ് സംവിധാനമൊരുക്കുന്നതിനുള്ള നടപടികൾ സർക്കാർ പ്രഖ്യാപിക്കുകയാണ്. തൊഴിലാളികൾക്ക് നൽകുന്ന സാമ്പത്തിക-അവധി ആനുകൂല്യങ്ങൾ, ജോലി സമയം, മിനിമം വേതനത്തേക്കാളും കൂടിയതും കുറഞ്ഞതുമായ ശമ്പളം, തൊഴിലാളികളുടെ ശമ്പളത്തിലുള്ള അന്തരം, ആരോഗ്യ സംരക്ഷണത്തിന് നൽകുന്ന പരിഗണന, ശുചിത്വ പരിപാലനം, സ്ത്രീ സൗഹൃദ അന്തരീക്ഷം, വിശ്രമ മുറികൾ, യാത്രാ സൗകര്യം, ഹോസ്റ്റൽ, ക്രഷ് സൗകര്യങ്ങൾ, സമീപ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങളിലുള്ള ശ്രദ്ധയും പങ്കാളിത്തവും, ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന സേവനത്തിന്റെ ഗുണനിലവാരം, സംഘടനാ സ്വാതന്ത്ര്യം, തൊഴിലാളി-തൊഴിലുടമ ബന്ധം, തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട സന്നദ്ധ പ്രവർത്തനങ്ങളിലെ സഹകരണം എന്നിങ്ങനെ 12 വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്താനും ഓരോ സ്ഥാപനത്തിന്റെയും നില

മനസ്സിലാക്കി അവാർഡുകൾ പ്രഖ്യാപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനിക്കുകയും ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ ഏകാംഗ കമ്മീഷനായി മുൻ സർക്കാർ നിശ്ചയിക്കുകയും ചെയ്തു. ജസ്റ്റിസ് എൻ. കൃഷ്ണൻനായർ കമ്മീഷന്റെ റിപ്പോർട്ട് ഈ സർക്കാരിനാണ് ലഭിച്ചത്. തോട്ടം മേഖലയിലെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിനുള്ള ചുമതല തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽ വകുപ്പുസെക്രട്ടറിയെ ഏൽപ്പിച്ചിട്ടുണ്ട്. കേരളത്തിൽ തൊഴിൽ നയവുമായി ബന്ധപ്പെട്ട് സമഗ്രമായ നിർദ്ദേശങ്ങൾ പ്രഖ്യാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആരോഗ്യകരമായ തൊഴിൽ ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ, ക്ഷേമനിധി ബോർഡുകൾ വഴിയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ, ജോലിക്കിടെ മരണപ്പെടുന്ന മരംകയറ്റ തൊഴിലാളികളുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ, അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതി കാര്യക്ഷമമായി നടപ്പാക്കൽ, എല്ലാ തൊഴിലാളികൾക്കും അടിസ്ഥാന വേതനം ഉറപ്പുവരുത്താൻ കേവല വേതന അവകാശ നിയമം, തൊഴിൽ നിയമം നടപ്പിലാക്കുന്നതിന് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തൽ, ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കൽ, മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ, വ്യവസായ സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിന് വ്യവസായബന്ധ സമിതി ബോർഡ് പുനഃസംഘടന, സ്കിൽ ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനം തൊഴിലാളികളുടെ തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കത്തക്ക നിലയിലും പുതിയ തൊഴിലാളികൾക്ക് പരിശീലനം നൽകുന്ന നിലയിലും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നുണ്ട്. ഇത്രയും കാര്യങ്ങളാണ് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെന്ന നിലയിൽ വ്യക്തമാക്കാനുള്ളത്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അങ്ങയുടെ നിലപാട് സ്വാഗതാർഹമാണ്. രാവിലെ നടന്ന ചർച്ചയിൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഒരു പ്രശ്നം ഉന്നയിച്ചിരുന്നു. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള ആളുകൾക്ക് കഴിഞ്ഞ അഞ്ചുവർഷമായി സൂപ്പറാന്വേഷൻ, വിവാഹ ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങളൊന്നും കൊടുത്തിട്ടില്ല. അതിന് ഏകദേശം 260 കോടി രൂപയോളം വേണ്ടിവരും. പ്രസ്തുത വിഷയം സംബന്ധിച്ച് വ്യക്തമാക്കണം.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ ചർച്ചയിൽ ഉന്നയിച്ച പ്രശ്നങ്ങൾക്ക് അവസാനം മറുപടി പറയാനാണ് ഉദ്ദേശിക്കുന്നത്. ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾ ക്ലാരിഫൈ ചെയ്യേണ്ടതുണ്ട്. ഇന്നത്തെ ചർച്ചയിൽ കേരളത്തിന്റെ മദ്യ മേഖലയെ സംബന്ധിച്ചുള്ള ധാരാളം പരാമർശങ്ങൾ വന്നിട്ടുണ്ട്. മദ്യ നയത്തിൽ നിന്ന് പിന്തിരിയുന്നു എന്ന രീതിയിലുള്ള പരാമർശങ്ങളും വന്നു. വസ്തുതകൾ മനസ്സിലാക്കാതെ ദുർവ്യാഖ്യാനം ചെയ്ത് അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട ചില അംഗങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഒരു നയം വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നാൽ മദ്യ നിരോധനമല്ല, മദ്യ വർജ്ജനമാണ് ഈ സർക്കാരിന്റെ നയമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജനങ്ങൾ വോട്ട് ചെയ്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അധികാരത്തിലെത്തിച്ചത് ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ച നയം നടപ്പിലാക്കാനാണ്.

വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചില രാഷ്ട്രീയ നിലപാടുകൾ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ആ കാര്യങ്ങൾ സത്യസന്ധമായി സർക്കാരിന്റെ നയത്തിന്റെ അടിസ്ഥാനത്തിൽ പറയാനാണ് ഞാൻ ശ്രമിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത മദ്യത്തിനും നിയമവിരുദ്ധ മയക്കമരുന്നിനുമെതിരായി എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള (ജൂൺ മുതൽ സെപ്റ്റംബർ 30 വരെയുള്ള) എൻഫോഴ്സ്മെന്റിന്റെ നില പരിശോധിച്ചാൽ നാല് മാസക്കാലത്തിനിടയിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത അബ്കാരി കേസ്സുകളുടെ എണ്ണം 9959 ആണ്. 2015 ജൂൺ മുതൽ സെപ്റ്റംബർ 30 വരെ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം 5699 ആണ്. എൽ.ഡി.എഫ്.-ന്റെ കാലത്ത് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം 1114 കേസ്സുകളും യു.ഡി.എഫ്.-ന്റെ കാലത്ത് 507 കേസ്സുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പുകയിലയുമായി ബന്ധപ്പെട്ട് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2444 കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ 20841 കേസ്സുകളാണ് എൽ.ഡി.എഫ്.-ന്റെ നാല് മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട് വേണ്ടത്ര ജാഗ്രത പുലർത്തിയിരുന്നില്ല. നേരത്തെയുണ്ടായിരുന്ന അതേ ഉദ്യോഗസ്ഥരെ തന്നെയാണ് ഇപ്പോഴും ഈ പ്രവർത്തനത്തിനായി നിയോഗിച്ചിരിക്കുന്നത്. എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തി എക്സൈസ് ഡിപ്പാർട്ടുമെന്റിന് ഒരു പുതിയ മുഖം നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ കമ്മീഷണർ മുതലുള്ള ഉദ്യോഗസ്ഥർ നല്ല നിലയിൽ സർക്കാരുമായി സഹകരിക്കുന്നുണ്ട്. എക്സൈസ് കമ്മീഷണർ

ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നത് സർക്കാർ നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്; സർക്കാർ ആവിഷ്കരിക്കുന്ന നയം നടപ്പിലാക്കാനാണ് എക്സൈസ് കമ്മീഷണർ ശ്രമിക്കുന്നത്. സർക്കാരിന്റെ നിർദ്ദേശം നല്ല നിലയിൽ പ്രാവർത്തികമാക്കാൻ അദ്ദേഹം ശ്രമിക്കുന്നുണ്ട്. ഇതിനകം കേരളത്തിലെ 13 ജില്ലകളിലും അദ്ദേഹം നേരിട്ട് ഇടപെട്ടിട്ടുമുണ്ട്.

ആദിവാസി മേഖലകളിലും സാമൂഹികമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലും ദിനംപ്രതി വർദ്ധിച്ചുവരുന്ന മദ്യ-മയക്കുമരുന്നിന്റെ വ്യാപനം അവസാനിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. അനധികൃത ലഹരി പദാർത്ഥങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് സർക്കാർ പ്രധാന പരിഗണന നൽകുന്നതെന്നുള്ളതും ഈ സന്ദർഭത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഈ മേഖലയിലുള്ള സ്ഥാപനങ്ങളെല്ലാം നിയമം പാലിക്കണം. ലൈസൻസുള്ള സ്ഥാപനങ്ങളിൽ യാതൊരു രീതിയിലുമുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളും നടക്കാൻ അനുവദിക്കുകയില്ല. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള കർശന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. നിരവധി ഹോട്ടലുകളിൽ പരിശോധന നടത്തുകയും തിരുവനന്തപുരത്തുള്ള ഒരു ബാർ ഹോട്ടലിൽ ബിയറും വൈനും വിൽക്കുന്നുവെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ആ ഹോട്ടൽ അടപ്പിക്കുകയും ചെയ്തു. ആ ഹോട്ടൽ ഇനി തുറക്കുന്ന പ്രശ്നമില്ല. ഇക്കാര്യങ്ങളിൽ നിരന്തരമായി ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തി അതിനനുസൃതമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കള്ളുഷാപ്പുകളിലും നിയമവിധേയമായിട്ടുള്ള കള്ള് മാത്രമേ വിൽക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കർശനമായ പരിശോധനയുടെ ഭാഗമായി കള്ളിന്റെ സാമ്പിളെടുത്ത് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ കാര്യത്തിലൊന്നും സർക്കാർ യാതൊരു വിട്ടുവീഴ്ചയും ചെയ്യുകയില്ല.

സ്കൂളുകളുടേയും കോളേജുകളുടെയും പരിസരത്തുള്ള ലഹരി പദാർത്ഥങ്ങളുടെ വില്പനയെ സംബന്ധിച്ച് സഭയിലെ പല അംഗങ്ങളുടെയും ഉത്കണ്ഠ ശരിയാണ്. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ലഹരിക്ക് അടിമപ്പെട്ടവരെ അതിൽനിന്നും വിമുക്തമാക്കാനുള്ള ബോധവൽക്കരണം ആവശ്യമാണ്. ബോധവൽക്കരണത്തിനായി 85 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക മാത്രം ആശ്രയിച്ച് ബോധവൽക്കരണം നടത്താനല്ല ശ്രമിക്കുന്നത്. ഒരു തുടർനടപടിയെന്ന നിലയിൽ അതിവിപുലമായ ബോധവൽക്കരണമാണ്

നടത്താനുദ്ദേശിക്കുന്നത്. ഏതെങ്കിലും ഒരു പിരീഡിൽ മാത്രം ബോധവൽക്കരണം നടത്തി അവസാനിപ്പിക്കുന്ന നിലപാടല്ല സർക്കാർ സ്വീകരിക്കുന്നത്; ഇക്കാര്യത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കുന്നതിനാണ് ശ്രമിക്കുന്നത്. സ്കൂളുകളിലും കോളേജുകളിലുമുള്ള ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സജീവമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെക്ക്പോസ്റ്റുകളിൽ പരിശോധന ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും പോലീസും എക്സൈസും സംയുക്തമായി പരിശോധന നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി 19 പുതിയ ജീപ്പുകൾ വാങ്ങിയിട്ടുണ്ട്. 15 സർവ്വീസുകൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കിയിട്ടുണ്ട്. അടുത്ത മാസത്തോടുകൂടി ശേഷിക്കുന്ന 9 സർവ്വീസുകളുംകൂടി ഓൺലൈൻ സർവ്വീസായി മാറ്റുന്നതാണ്. സമൂഹത്തെ ബോധവൽക്കരിക്കുന്നതിനായി ലഹരിവിരുദ്ധ സി.ഡി. പ്രദർശനം, ഷോർട്ട് ഫിലിം, ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, ചിത്രപ്രദർശനം തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾ സജീവമാക്കുന്നതിനായി 850 പരാതിപ്പെട്ടികൾ അവിടെ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഐഡിയ മൊബൈൽ കമ്പനിയുമായി സഹകരിച്ച് പൊതുജനങ്ങൾക്ക് സാമൂഹ്യ മാധ്യമങ്ങളിലൂടെ ബന്ധപ്പെടുന്നതിന് 'ലഹരി മുക്തി' പദ്ധതിപ്രകാരം ഒരു പ്രത്യേക വാട്ട്സ്ആപ്പ് നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടികളും എക്സൈസ് കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്. പരാതികൾ സ്വീകരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക സംവിധാനം എക്സൈസ് വകുപ്പിന്റെ സംസ്ഥാന കേന്ദ്രത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ ദിനാചരണങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരായിട്ടുള്ള വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. കേരളത്തിൽ സമഗ്രമായ ലഹരി വർജ്ജന പ്രവർത്തനത്തെ മുൻനിർത്തി ലഹരി വർജ്ജന മിഷൻ 'വിമുക്തി' എന്ന പേരിൽ ഒരു പുതിയ പ്രസ്ഥാനം രൂപീകരിച്ചിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ്, സ്കൗട്ട്, ഗൈഡ്, എൻ.എസ്.എസ്., എൻ.സി.സി., ലഹരി വിരുദ്ധ ക്ലബ്ബുകൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന മഹിളാ പ്രസ്ഥാനങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ അതിവിപുലമായ ലഹരിവിരുദ്ധ പ്രസ്ഥാനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നവംബർ മാസം അവസാനം അതിന്റെ സംസ്ഥാനതല ഉദ്ഘാടനം

നിർവ്വഹിക്കുന്നതാണ്; തുടർന്ന് എല്ലാ ജില്ലകളിലും പ്രാദേശിക തലങ്ങളിലും ഗ്രാമപഞ്ചായത്തുകളിൽ വാർഡുതലത്തിലും ഗ്രാസ് റൂട്ട് ലെവലിൽ ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. മാസത്തിൽ ഒരു തവണയും മൂന്ന് മാസത്തിലൊരു തവണയും വിവിധ തലങ്ങളിൽ ഓരോ പ്രവർത്തനങ്ങളും പരിശോധിച്ച് കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

ആദിവാസി മേഖലയിൽ ലഹരി വിരുദ്ധ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്രവർത്തന പരിപാടി ആവിഷ്കരിച്ചതിനെത്തുടർന്ന് അട്ടപ്പാടിയിലും മാനന്തവാടിയിലുമായി രണ്ട് ജനമൈത്രി എക്സൈസ് പ്രവർത്തിക്കുന്നുണ്ട്. എല്ലാ ട്രൈബൽ കേന്ദ്രങ്ങളിലും ജനമൈത്രി എക്സൈസ് വഴി അവിടെയുള്ള വീടുകളിലെത്തി സ്നേഹത്തോടെയുള്ള പെരുമാറ്റത്തിലൂടെ അവരെ ലഹരി ഉപയോഗത്തിൽനിന്ന് പിന്തിരിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനമാണ് നടത്തേണ്ടത്. എക്സൈസ് വകുപ്പിൽ ഇതിനാവശ്യമായ അംഗബലം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സന്നദ്ധ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിതരണം പൂർണ്ണമായും അവസാനിപ്പിക്കും. പരിശോധനയിൽ ഏതെങ്കിലും സ്ഥാപനത്തിൽ നിന്ന് ലഹരി പദാർത്ഥങ്ങൾ കണ്ടുകിട്ടിയാൽ ആ സ്ഥാപനം അടച്ചുപൂട്ടുന്ന സമീപനമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്. ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളുൾപ്പെടെ മറ്റ് നിരവധി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങൾ സർക്കാർ നൽകുന്നതാണ്. ഇതോടൊപ്പം കേരളത്തിലെ പ്രധാനപ്പെട്ട ഒരു കേന്ദ്രത്തിൽ എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു ഡി-അഡിക്ഷൻ സെന്റർ പ്രത്യേകമായി സ്ഥാപിക്കുന്നതിനും സർക്കാർ ആലോചിച്ചിട്ടുണ്ട്. അതിനുള്ള സഹായം കേന്ദ്ര സർക്കാർ നൽകുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽനിന്ന് സാദ്ധ്യമായ സഹായങ്ങൾ വാങ്ങുന്നതിനും പ്രസ്തുത ഡി-അഡിക്ഷൻ സെന്റർ മാതൃകാപരമായി പ്രവർത്തിപ്പിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതിനനുസൃതമായി എക്സൈസ് സേനയെ കാര്യക്ഷമമാക്കാനും റെയ്ഞ്ച് സർക്കിൾ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാനും നടപടി സ്വീകരിക്കുന്നതാണ്. കള്ളുവ്യവസായ സംരക്ഷണത്തിനാവശ്യമായ പുതിയ നടപടികൾ സ്വീകരിക്കുന്നതാണ്.

മദ്യവർജ്ജനം ലക്ഷ്യംവച്ച് മദ്യവ്യവസായം പൂർണ്ണമായും നിയമവിധേയമാക്കത്തക്ക നിലയിൽ സമഗ്ര മദ്യനയം പ്രഖ്യാപിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്ന ചില പദ്ധതികളും ക്യാമ്പയിനുകളുമുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തിക്കൊണ്ടിരുന്ന ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, മമ്മൂട്ടി ഉൾപ്പെടെയുള്ള സിനിമാതാരങ്ങളെ അണിനിരത്തിക്കൊണ്ട് നടത്തിയിരുന്ന അഡിക്റ്റഡ് ടു ലൈഫ് എന്ന അവയർനെസ് ക്യാമ്പയിൻ, നോ റ്റു ഡ്രഗ്സ്, നോ ടു ഡ്രിങ്ക്സ് തുടങ്ങിയ ക്യാമ്പയിനുകൾ തുടർന്നുകൊണ്ടുപോകാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, മദ്യവർജ്ജനത്തിനും ലഹരിവർജ്ജനത്തിനും സഹായകരമായ എല്ലാ പദ്ധതികളും സർക്കാർ സ്വീകരിക്കും. എല്ലാ പ്രവർത്തനങ്ങളും തുടർന്ന് നടത്തുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കും. ഏതെല്ലാം കേന്ദ്രത്തിന്റെ സഹകരണം ലഭിക്കുമോ അതെല്ലാം ഉപയോഗിച്ച് പ്രവർത്തിക്കുക എന്നുള്ളതാണ് സർക്കാർ നിലപാട്. പ്രഖ്യാപനമല്ല, പ്രാവർത്തികമാക്കുന്നതിനുള്ള നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്.

4.00 PM]

തൊഴിൽ വകുപ്പുമായും എക്സൈസ് വകുപ്പുമായും ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയിൽ ഉന്നയിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് ബീഡിത്തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ബീഡിത്തൊഴിലാളികൾക്ക് നികുതിയിളവ് അനുവദിക്കുന്ന കാര്യത്തിലും ഒരു പ്രത്യേക ക്ഷേമപദ്ധതിയിലൂടെ സംരക്ഷണം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നേരത്തെ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പറഞ്ഞു. കേരളത്തിൽ 8 എസ്റ്റേറ്റുകൾ ഇപ്പോഴും അടഞ്ഞുകിടക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ വിവിധ ഘട്ടങ്ങളിലായി ആവശ്യമായ നിലപാട് സ്വീകരിക്കുന്നതാണ്. 8 സ്ഥാപനങ്ങളിലുംകൂടി 2190 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം തുറന്നു പ്രവർത്തിപ്പിക്കാൻ സാധ്യമാണോയെന്ന് പരിശോധിക്കുകയാണ്. ഈ മാസം 11-ാം തീയതി ബോണക്കാട് എസ്റ്റേറ്റിന്റെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ചർച്ച വച്ചിട്ടുണ്ട്. എല്ലാ

തോട്ടങ്ങളുടെയും പൊതുസ്ഥിതി എന്താണെന്ന് പരിശോധിച്ച് അവ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുക. തോട്ടം ഉടമകളുടെ സമീപനവുംകൂടി പരിശോധിച്ചുകൊണ്ടുള്ള കാര്യങ്ങളാണ് നടത്തേണ്ടത്. തോട്ടം മേഖലയുമായി ബന്ധപ്പെട്ട പറയുമ്പോൾ, എല്ലാ ആക്രമണങ്ങളും തോട്ടങ്ങൾക്കെതിരായിട്ടാണ് വരുന്നത്. അത്തരം നടപടി അവസാനിപ്പിക്കണം. റീ-പ്ലാന്റിംഗ് നടത്തേണ്ട സന്ദർഭത്തിൽ അത് നടത്തണം. ഒരു തോട്ടത്തിലും റീ-പ്ലാന്റിംഗ് നിർത്തിവയ്ക്കുന്നതോ തടസ്സപ്പെടുത്തുന്നതോ ശരിയല്ല. എല്ലാ വശങ്ങളും പരിശോധിച്ച് തോട്ടം മേഖലയ്ക്ക് പ്രത്യേക പരിഗണന സർക്കാർ നല്കിയിട്ടുണ്ട്. ഭൂപരിഷ്കരണനിയമം കൊണ്ടുവരുന്ന ഘട്ടത്തിൽത്തന്നെ തോട്ടം മേഖലയ്ക്ക് പ്രത്യേക പരിഗണനയാണ് നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖല നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമാവശ്യമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഈറ്റ, കാട്ടുവള്ളി തൊഴിലാളി മേഖലയിലെ ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവരുടെ ഡി.എ. കുടിശ്ശിക, മറ്റ് പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

തൊഴിലവസരങ്ങൾ ഇല്ലാതാകുന്നത് സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പുതിയ തൊഴിലവസര ങ്ങളുണ്ടാക്കണം. തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലന നടപടികളും ആരംഭിക്കേണ്ടതുണ്ട്. പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകണം. കർഷകത്തൊഴിലാളി ക്ഷേമനിധിയോട് കടുത്ത ശത്രുതാപരമായ നിലപാടാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. ആ ക്ഷേമപദ്ധതിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് ഒരു രൂപയുടെ സഹായംപോലും മുൻ സർക്കാർ നൽകിയിട്ടില്ല. നിയമസഭാ സമ്മേളനം കഴിഞ്ഞാലുടനെ കർഷകത്തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുന്നതാണ്. കർഷക ത്തൊഴിലാളി ക്ഷേമ പദ്ധതി കൂടുതൽ ശക്തമായി പ്രാവർത്തികമാക്കാനും മണ്ണിന്റെ മക്കൾക്ക് മതിയായ അംഗീകാരം നൽകുന്നതിനുംവേണ്ടിയുള്ള നിലപാടാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ല ചില രാഷ്ട്രീയ പ്രശ്നങ്ങൾകൂടി പറയുകയുണ്ടായി. അദ്ദേഹം ഒരു പാർട്ടിയുടെ സമീപനമായിരിക്കും ഇവിടെ വ്യക്തമാക്കിയതെന്നാണ് ഞാൻ കണക്കാക്കുന്നത്. ആ സമീപനമാണ് തുടരുന്നതെങ്കിൽ, പ്രത്യേകിച്ച് നാദാപുരം പോലെയുള്ള മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന വസ്തുതകൾ എന്താണെന്ന് മനസ്സിലാക്കാതെ പ്രതികരിക്കുന്നത് ശരിയല്ല. വസ്തുതാപരമായി പരിശോധിച്ച് വേണ്ട കാര്യങ്ങൾ

ചെയ്യാം. അവിടെയുള്ള എല്ലാ പാർട്ടികളും എല്ലാ തലങ്ങളിലുമുള്ള സമാധാനത്തിനും മറ്റു കാര്യങ്ങൾക്കുംവേണ്ടി സഹകരിച്ച് പ്രവർത്തിച്ചവരാണ്. ഒരു ഘട്ടത്തിൽ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് തന്നെ നാദാപുരം മേഖലയിൽ എടുത്ത നിലപാടിനെ സംബന്ധിച്ച് ഈ സഭയിൽ വിശദീകരിച്ചിട്ടുണ്ട്. ആ യാഥാർത്ഥ്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ടുള്ള ഒരു നിലപാട് ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ല സ്വീകരിക്കാൻ പാടില്ലാത്തതാണ്. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ അദ്ദേഹം എന്തിനാണ് ഇക്കാര്യം കൂട്ടിച്ചേർത്തത്. ഞാൻ ഇന്നലെയും നാദാപുരത്ത് പോയിരുന്നു. അവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കുന്നുണ്ട്. അതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള പരാമർശങ്ങൾ നടത്തി കൂടുതൽ അകൽച്ചയ്ക്ക് വഴിയൊരുക്കാനല്ല ശ്രമിക്കേണ്ടത്. അവിടെ യോജിപ്പിന്റെ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്. ഇവിടെ ഒരു വെല്ലുവിളിയുടെ സ്വരം ഉയർത്തുകയല്ല വേണ്ടത്.

<u>ശ്രീ. കെ. എം. ഷാജി:</u> സർ, ശ്രീ. പാറക്കൽ അബ്ദുല്ലയുടെ പ്രസംഗം മുഴുവൻ ഞാൻ കേട്ടതാണ്. ഈ അടുത്തകാലത്ത് അവിടെയുണ്ടായ പ്രശ്നത്തിൽ, വെട്ടിപ്പരിക്കേൽപ്പിച്ച സംഭവത്തിലെ പ്രതികളെ പിടിച്ചിട്ടില്ലെന്നും അവർക്കെതിരെ ഒരു കേസുപോലും എടുത്തിട്ടില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> സർ, കേസ്സുകളെടുക്കുകയും പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇവിടെ ശ്രീ. പാറക്കൽ അബ്ദുല്ല സംസാരിച്ചത് ഞാനും കേട്ടു. ഞാനും അദ്ദേഹവുമായുള്ള സൗഹൃദത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായി അക്കാര്യം ശ്രദ്ധിക്കുകയും ചെയ്തു. അവിടത്തെ പ്രശ്നങ്ങളിൽ അദ്ദേഹവുമായി ആശയവിനിമയം നടത്തുന്നുണ്ട്. ഇപ്പോഴും അവിടെ ചില പ്രശ്നങ്ങളുണ്ട്. അതെല്ലാം വച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. വേറൊരു രീതിയിൽ ചർച്ച നടത്തി അകലാനല്ല. യോജിപ്പിന്റെ സമീപനമാണ് സ്വീകരിക്കേണ്ടത്. അതിന് സഹായകരമായില്ലെന്നതുകൊണ്ടാണ് ഇക്കാര്യം പരാമർശിക്കേണ്ടിവന്നത്.

ഇവിടെ നടന്ന ചർച്ചയിൽ മദ്യവ്യവസായവുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിലെ യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഒരു റിപ്പോർട്ടിന്റെ കോപ്പി എന്റെ കൈവശമുണ്ട്. അതിൽ പറയുന്നത് വിവാഹം, MICE (MICE എന്നുപറയുന്നത് ഒരു ടൂറിസം വിഭാഗമാണ്)- മീറ്റിംഗ്, ഇൻസെന്റീവ്സ്, കോൺഫറൻസുകൾ, എക്സിബിഷൻ എന്നിവയുടെയെല്ലാം വലിയൊരു ഭാഗം കേരളത്തിൽനിന്ന് നഷ്ടപ്പെട്ടു പോയിട്ടുണ്ടെന്നാണ്. കഴിഞ്ഞ മദ്യനയത്തിന്റെ ഭാഗമായി ടൂറിസം മേഖല പിറകോട്ടുപോയിട്ടുണ്ട്. ആരും പ്രത്യക്ഷത്തിൽ കാണാത്ത നിലയിലുള്ള ചില തിരിച്ചടികൾ വന്നിട്ടുണ്ട്. അത്

സൂക്ഷ്മതലത്തിൽ പരിശോധിക്കണം. ടൂറിസം വകുപ്പുതന്നെ ചില നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമായി ചർച്ച നടത്തി കാര്യങ്ങൾക്ക് വ്യക്തത വരുത്തി എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് തീരുമാനിക്കുന്നതാണ്. ഈ ഫെബ്രുവരി മാസമാകുമ്പോഴേയ്ക്കും പുതിയ മദ്യനയം കൊണ്ടുവരണം. മദ്യനയം ആവിഷ്കരിക്കുമ്പോൾ ഈ പ്രശ്നങ്ങളെല്ലാം സൂക്ഷ്മതലത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ജനങ്ങളുടെ പ്രതികരണം എന്താണെന്ന് മനസ്സിലായിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിന്റെ അടിസ്ഥാനത്തിൽ മദ്യനയത്തിൽ ഒരു മാറ്റം വരുത്താൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടോ; പുതിയ ബാറുകൾ തുറക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം പറയുന്നതിനേക്കാളുപരി അങ്ങയുടെ അഭിപ്രായം കേൾക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് വളരെ വ്യക്തമാണ്. ഞങ്ങളുടെ നയം ഇപ്പോൾ നിലനിൽക്കുകയാണ്. ആ നയത്തിൽ ഒരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. ആ നയം നിലനിർത്തണമെന്ന് തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. സർക്കാർ എന്താണ് ഉദ്ദേശിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഞാനത് നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. ഇത് 2016 ആഗസ്റ്റ് 21-ലെ അങ്ങയുടെ മനോഹരമായ ചിത്രത്തോടുകൂടിയുള്ള അഭിമുഖമാണ് (ഒരു മാഗസിൻ ഉയർത്തിക്കാട്ടി). നേരത്തെ ഇവിടെ ശ്രീ. എ. എം. ആരിഫ് പറഞ്ഞ കാര്യം തന്നെയാണ്. "മദ്യനയം ഗുണം ചെയ്തില്ല; തിരുത്തൽ ആലോചിക്കേണ്ടത് പാർട്ടിയാണ്". ഇത് അങ്ങയുടെ അഭിപ്രായമാണ്. അതിൽ അങ്ങ് ഉറച്ചുനില്ക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. അങ്ങ് ഇതിൽ ഉറച്ചു നിൽക്കുന്നില്ലെന്നാണല്ലോ ഇപ്പോൾ പറഞ്ഞിരിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, തെരഞ്ഞെടുപ്പിൽ ഗുണം ചെയ്തോ ഇല്ലയോ എന്നുള്ളതാണ് ചോദ്യം? നയം മാറ്റുന്നോ ഇല്ലയോ എന്നുള്ളതല്ല. നയം മാറ്റുന്നത് എന്റെ പാർട്ടി ചർച്ച ചെയ്യേണ്ട വിഷയമാണ്. ഞാൻ ചോദിച്ചത് അതല്ല; ഗവൺമെന്റ് നയം എന്താണെന്നാണ് ചോദിച്ചത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായങ്ങൾ മാനിക്കുന്ന ഒരാളാണ് ഞാൻ.

മി. സ്പീക്കർ: അങ്ങ് സർക്കാരിന്റെ നയം പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ

അഭിപ്രായങ്ങൾ മാനിക്കുന്ന ഒരാളാണ് ഞാൻ. സ്വീകരിക്കേണ്ട അഭിപ്രായങ്ങൾ വന്നാൽ മാനിക്കും. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരു വ്യക്തത വേണം. ശ്രീ. എ. എം. ആരിഫ് പറഞ്ഞത് ഒന്നുകൂടി വായിക്കുകയാണ്. അങ്ങയുടെ പ്രതികരണം വന്നതുകൊണ്ട് എനിക്കിത് പറയാതിരിക്കാൻ കഴിയില്ല. "എന്തുകൊണ്ട് ജനങ്ങൾ മദ്യനയത്തിന് അനുകൂലമായി വോട്ട് ചെയ്തില്ല? "മദ്യനയം വേണ്ട രീതിയിൽ ഏറ്റില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്". അങ്ങയുടെ അഭിപ്രായമാണ്. "മദ്യനയത്തെപ്പറ്റി പുനരാലോചന നടത്തണ്ടേ? "പാർട്ടി ആലോചിക്കേണ്ട കാര്യമാണത്, മദ്യനയത്തെപ്പറ്റി പാർട്ടി ചർച്ച ചെയ്യുമ്പോൾ എന്റെ നിലപാട് വ്യക്തമാക്കും." എന്തായാലും മദ്യനയം തുടരണമെന്ന് പറയില്ലല്ലോ? "പാർട്ടി ഫോറത്തിൽ നിലപാട് വ്യക്തമാക്കും" എന്നാണ് പറഞ്ഞത്. അതിൽ നിന്ന് അങ്ങ് മാറിയോയെന്ന് എനിക്കറിഞ്ഞുകൂടാ. അങ്ങ് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഇടപെടലാണ് നടത്തിയിട്ടുള്ളതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ രമേശ് ചെന്നിത്തല: സർ, ഓരോ വർഷവും മദ്യനയത്തിൽ മാറ്റം വരുത്തുമല്ലോ? എല്ലാ വർഷവും മദ്യനയത്തിൽ മാറ്റമുണ്ടാകും. ഓരോ സാഹചര്യത്തിനനുസരിച്ചാണ് മദ്യനയം രൂപവൽക്കരിക്കപ്പെടുന്നത്. യു.ഡി.എഫ്-ന്റെ മദ്യനയം സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുള്ളവരും അനുകൂലിക്കുന്നവരുമുണ്ടാകും. ഞങ്ങൾ ഇപ്പോഴും ആ നയത്തിൽ ഉറച്ചുനിൽക്കുകയാണ്. അങ്ങ് എക്സൈസ് വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ഈ മദ്യനയത്തിൽ മാറ്റം വരുത്തുന്നുണ്ടോ; ബാറുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്നുള്ളത് എന്റെ വ്യക്തമായ ചോദ്യമാണ്.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഞാൻ ഈ ചോദ്യത്തിനുള്ള മറുപടി നേരത്തെ തന്നെ പറഞ്ഞിട്ടുണ്ട്. ഇവിടെ ഒരൊറ്റ ഷാപ്പും തുറന്നിട്ടില്ലല്ലോ? പൂട്ടിയിട്ടുമില്ല. ഒരെണ്ണം പൂട്ടിയതിന്റെ അനുഭവം ഞാൻ പറഞ്ഞു. എന്താ ഇത്ര ധൃതി? നമുക്ക് ഈ വിഷയം ചർച്ച ചെയ്യാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും കെ.പി.സി.സി. പ്രസിഡന്റിന്റെയും അഭിപ്രായമുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയാൻ പോകുന്നതെന്താണെന്നുള്ളത് എനിക്ക് ഊഹിക്കാവുന്നതേയുള്ളൂ. എന്തിനാണ് ഇങ്ങനെ ധൃതിപിടിക്കുന്നത്? ശ്രീ. അനിൽ അക്കരയൊക്കെ ഇങ്ങനെയൊരു ആവേശം കാണിക്കുന്നതെന്തിനാണ്? ഞാൻ നിങ്ങൾക്കെതിരായി ഒന്നും പറയുന്നില്ലല്ലോ, നിങ്ങളുടെ നിലപാടിനെ എതിർക്കുകയല്ലല്ലോ ചെയ്യുന്നത്. ഒരു കാര്യത്തിൽ നമ്മൾ തമ്മിൽ യോജിപ്പുണ്ട്. മദ്യാസക്തിയിൽ നിന്നും ലഹരി ഉപയോഗത്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കണമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. നിരോധനം വേണോ

വർജ്ജനം വേണോ എന്നുള്ള കാര്യത്തിലേ അഭിപ്രായവ്യത്യാസമുള്ളൂ. നിങ്ങൾ നിരോധനത്തിനുവേണ്ടി നിൽക്കുന്നു. ഞങ്ങൾ വർജ്ജനത്തിനുവേണ്ടി നിൽക്കുന്നു. അതാണ് പ്രായോഗികമെന്നുള്ളതുകൊണ്ടും കഴിഞ്ഞ കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലുമാണ് ഞങ്ങൾ ഈ നിലപാട് കൊണ്ടുവരുന്നത്. സമയമനുവദിക്കുകയാണെങ്കിൽ ഇതിന്റെ നാനാതരത്തിലുള്ള കണക്കുകൾ ഞാൻ പറയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ഒരുപാട് കാര്യങ്ങൾ സംസാരിച്ച് ലൈൻ തെറ്റി പോകേണ്ട. വളരെ വ്യക്തമായിട്ടുള്ള ഒരു ചോദ്യമാണ്. ഫെബ്രുവരി മാസത്തിൽ നയം വരും, ഏപ്രിൽ മാസത്തിൽ അത് നടപ്പാക്കും. സംസ്ഥാനത്ത് പൂട്ടിയ ബാറുകൾ തുറക്കുമോ; ഫെബ്രുവരി മാസത്തിൽ നയം വരുമ്പോൾ അത് തുറക്കുന്നതിനുവേണ്ടിയുള്ള നയമായിരിക്കുമോ? അങ്ങ് ചില കാര്യങ്ങളിൽ No എന്നുപറഞ്ഞാൽ No എന്നുതന്നെയാണ്. ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. അതേസമയം ഈ കാര്യത്തിൽ അതേ ക്ലാരിറ്റിയിൽ അങ്ങേയ്ക്ക് ഈ സഭയ്ക്ക് ഒരുറപ്പ് നൽകാൻ സാധിക്കുമോ എന്നാണ് ചോദ്യം.

മി. സ്പീക്കർ: അതാണ് പ്രതിപക്ഷനേതാവ് ചോദിച്ചത്.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, എന്റെ നിലപാടിന് ഒരു വ്യക്തതയില്ലാത്ത പ്രശ്നമില്ല. വ്യക്തമായ ധാരണയോടുകൂടി തന്നെയാണ് പറയുന്നത്. എന്റെ നിലപാട് റ്റി. പി. രാമകൃഷ്ണന്റെ നിലപാടല്ല; ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ നിലപാടാണ്. ഓരോ ഘട്ടത്തിലും തീരുമാനിക്കുന്ന കാര്യങ്ങളാണ് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യം ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ മദ്യവർജ്ജനത്തെ ലക്ഷ്യം വച്ച് തികച്ചും പ്രായോഗികമായ ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഏതെല്ലാം ഷാപ്പുകൾ നിലനിൽക്കണം, എന്തെല്ലാം നടപടികൾ തുടർന്ന് മുന്നോട്ടുകൊണ്ടുപോകണം എന്നതെല്ലാം അതിന്റെ ഭാഗമായി തീരുമാനിക്കും. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചർച്ച ചെയ്യാനിരിക്കുകയാണ്. ചർച്ച ചെയ്തുകഴിഞ്ഞാൽ ഒരാശങ്കയ്ക്കും ഇടയില്ലാത്ത നിലയിൽ ജനങ്ങൾക്കുമുമ്പിൽ വ്യക്തമാക്കുകതന്നെ ചെയ്യും. ജനങ്ങൾക്ക് ഞങ്ങളിൽ അത്രയ്ക്ക് വിശ്വാസമാണ്. ഞങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ഉത്കണ്ഠയോ സങ്കോചമോ ഈ പ്രശ്നത്തിന്റെ ഭാഗമായി ഇല്ലെന്ന കാര്യം യു.ഡി.എഫ്.-ലുള്ള എല്ലാവരും മനസ്സിലാക്കണം.

ശ്രീ. പി. ടി. എ. റഹീം: സർ, സർക്കാരിന്റെ മദ്യനയത്തിൽ ബിയറും വൈനും മദ്യമാണോ അല്ലയോ? ഇവിടെ എല്ലാ ബാറുകളും പൂട്ടി അവ ബിയർ, വൈൻ പാർലറുകളാക്കി മാറ്റിയിരിക്കുകയാണ്. അവ തമ്മിലുള്ള വ്യത്യാസമെന്താണ്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ലഹരി പദാർത്ഥങ്ങൾ പലതരത്തിലാണ് വരുന്നത്. ഞാനത് ഉപയോഗിക്കുന്ന ആളല്ല. എനിക്ക് ഇതിന്റെ ടേസ്റ്റൊന്നും അറിയില്ല. എന്നാലും ഇതിനെക്കുറിച്ച് മനസ്സിലാക്കണമല്ലോ? ബിയറിൽ 6 ശതമാനവും വൈനിൽ 16 ശതമാനവും ആൽക്കഹോൾ കണ്ടന്റുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ എന്നെക്കാൾ പരിചയമുള്ള ധാരാളം ആളുകൾ അപ്പുറത്തിരിക്കുന്നുണ്ട്. ഇത് ശരിയല്ലെങ്കിൽ അവർക്ക് പറയാം. തീരെ ലഹരിയില്ലാത്ത പാനീയമല്ല അത്. ലഹരിയുള്ള പാനീയം തന്നെയാണ്. ഇവിടെ ബിയറും വൈനും വിൽക്കാൻ അനുമതി നൽകിയിട്ട് വിദേശമദ്യം ഒഴിവാക്കിയിരിക്കുകയാണ്. വിദേശമദ്യം കൂടി വിൽക്കുന്ന സ്ഥാപനമാണ് ബാർ എന്ന നിലയിൽ പരിഗണിക്കുന്നത്.

<u>മി. സ്പീക്കർ</u>: ബിയറിലും വൈനിലും എത്ര ശതമാനം ആൽക്കഹോളുണ്ടെന്നുള്ളത് മനസ്സിലാക്കിയാൽ മതി. അതിനപ്പുറം അതിൽ ഗവേഷണം നടത്തേണ്ട കാര്യമില്ല. അങ്ങ് അവസാനിപ്പിക്കൂ.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇക്കാര്യത്തിൽ സഭയുടെ വികാരവും ജനങ്ങളുടെ അഭിപ്രായവും പരിഗണിച്ചുള്ള ഒരു വ്യക്തമായ നിലപാട് ആവിഷ്കരിച്ച് നടപ്പിലാക്കും. വിമുക്തി എന്ന പ്രചരണപരിപാടിക്ക് എല്ലാവരുടേയും സഹകരണമുണ്ടാകണം. ഈ മാസം മുതൽ അതിന്റെ സംഘടനാ തലത്തിലുള്ള പ്രവർത്തനങ്ങളിലേയ്ക്ക് പോകുകയാണ്. ജനങ്ങളെ വൻതോതിൽ അണിനിരത്തി ഇതിന്റെ ഭാഗമാക്കാനാണ് ശ്രമിക്കുന്നത്. എല്ലാവരുടേയും സഹകരണം ഈ പ്രസ്ഥാനത്തിനുണ്ടാകണം. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ, ധനവിനിയോഗ ചർച്ചയുടെ മറുപടിയിൽ രണ്ട് പ്രധാന വിഷയങ്ങളെക്കുറിച്ച് ഞാൻ വിശദീകരണം നൽകിയില്ല. നമ്മളെ അലട്ടുന്ന പ്രധാന വിഷയമായ വിലക്കയറ്റത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വളരെ ഫലപ്രദമായി മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് 1464 ഓണച്ചന്തകൾ, എല്ലാ ജില്ലാകേന്ദ്രങ്ങളിലും മെഗാ ഫെയറുകൾ, എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഫെയറുകൾ, എല്ലാ പഞ്ചായത്ത്-മുനിസിപ്പാലിറ്റി പ്രദേശങ്ങളിലും ഓണച്ചന്തകൾ, മാവേലി സ്റ്റോറുകൾ, സപ്ലൈകോ ഔട്ട്ലെറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ ഓണച്ചന്ത എന്നിവയൊക്കെ നടത്തി. ഓണക്കാലത്ത് വില വർദ്ധിക്കുന്ന സ്ഥിതിയാണ് ഇതുവരെയുള്ള അനുഭവമെങ്കിൽ ഓണക്കാലത്ത് വിലകുറയുന്ന സ്ഥിതി വിശേഷമാണ് ഇത്തവണയുണ്ടായത്. വിലകൂടാൻ ഒരു

കാരണവശാലും അനുവദിക്കുകയില്ല. അഡീഷണൽ അലോട്ട്മെന്റുണ്ടായപ്പോൾ പൊതുമാർക്കറ്റിൽ അരിയുടെ വിലയിൽ നേരിയ വ്യത്യാസമുണ്ടായിട്ടുണ്ട്. സപ്ലൈകോ വിതരണം ചെയ്യുന്ന 13 ഉല്പന്നങ്ങൾക്കും ഒരു രൂപപോലും വില വർദ്ധിപ്പിച്ചിട്ടില്ല. മറ്റ് ഉല്പന്നങ്ങൾക്കും ഇനിയുള്ള അഞ്ച് വർഷക്കാലം വർദ്ധിപ്പിക്കില്ലെന്നുള്ളതാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞ കൺസ്യൂമർ ഫോറത്തിന്റെ കാര്യം സംബന്ധിച്ച് ഞങ്ങൾ റിവ്യൂ ചെയ്യും. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. കൺസ്യൂമർ ഫോറത്തിന്റെ പ്രവർത്തനം ഫലപ്രദമായി കൊണ്ടു പോകാനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

മി. സ്പീക്കർ: എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു

10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി

34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. സി. കെ. ശശീന്ദ്രൻ

59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. എ. എൻ. ഷംസീർ

61. ശ്രീ. ജി. സുധാകരൻ

62. ശ്രീ. വി. എസ്. സുനിൽ കുമാർ

63. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

65. ശ്രീ. പി. തിലോത്തമൻ

66. ശ്രീ. തോമസ് ചാണ്ടി

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. പി. ഉണ്ണി

69. ശ്രീമതി വീണാ ജോർജ്ജ്

70. ശ്രീ. കെ. വി. വിജയദാസ്

71. ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. പിണറായി വിജയൻ

73. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. അടൂർ പ്രകാശ്

5. ശ്രീ. ടി. എ. അഹമ്മദ് കബീർ

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ

32. ശ്രീ. ഷാഫി പറമ്പിൽ

33. ശ്രീ. കെ. എം. ഷാജി

34. ശ്രീ. വി. എസ്. ശിവകുമാർ

35. ശ്രീ. സണ്ണി ജോസഫ്

36. ശ്രീ. സി. എഫ്. തോമസ്

37. ശ്രീ. പി. ടി. തോമസ്

38. ശ്രീ. പി. ഉബൈദുള്ള

39. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 39

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

1. <u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ

24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. വി. എസ്. സുനിൽ കുമാർ
63. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്

5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. കെ. എസ്. ശബരീനാഥൻ

29. ശ്രീ. വി. പി. സജീന്ദ്രൻ

30. ശ്രീ. എൻ. ഷംസുദ്ദീൻ

31. ശ്രീ. വി. ഡി. സതീശൻ

32. ശ്രീ. ഷാഫി പറമ്പിൽ

33. ശ്രീ. കെ. എം. ഷാജി

34. ശ്രീ. വി. എസ്. ശിവകുമാർ

35. ശ്രീ. സണ്ണി ജോസഫ്

36. ശ്രീ. സി. എഫ്. തോമസ്

37. ശ്രീ. പി. ടി. തോമസ്

38. ശ്രീ. പി. ഉബൈദുള്ള

39. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 39

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. വി. എസ്. സുനിൽ കുമാർ
63. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല

26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. ഷാഫി പറമ്പിൽ
33. ശ്രീ. കെ. എം. ഷാജി
34. ശ്രീ. വി. എസ്. ശിവകുമാർ
35. ശ്രീ. സണ്ണി ജോസഫ്
36. ശ്രീ. സി. എഫ്. തോമസ്
37. ശ്രീ. പി. ടി. തോമസ്
38. ശ്രീ. പി. ഉബൈദുള്ള
39. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 39

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......ഓർഡർ......സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.22-ന് പിരിഞ്ഞു.)

***********